57

276

T.S
276

LABEL FOR LIBRARY BOOKS

1 Name of School

2. General Stock No

3 Division or classified No.

4. Section.

5 When added.

6. Price (Nett.)

C. P. P. 440. Edn. 2. 58,000. 12-5-116.

ശ്രീചിത്രോദയം.

കാവ്യം

225

57

ഗ്രന്ഥകർത്താ,

കുമ്മനം കെ. ഗോവിന്ദപ്പിള്ള.

ഏററുമാനൂർ

ഒന്നാംപതിപ്പ് കോപ്പി 1000.

SRI RAMA VILAS PRESS,

QUILON.

വില ഉറു 1

1111

മുഖവുര.

വഞ്ചീന്ദ്രവംശമെവിടെ?
കിഞ്ചിജ്ഞൻ ഗ്രന്ഥകാരനഹമെവിടെ?
വഞ്ചിവഴിക്ക മഹോദധി
സഞ്ചരണത്തിന്നു ഞാൻ പുറപ്പെട്ടേൻ.

എൻെറ ഈ സാഹസപ്രവൃത്തിയെക്കുറിച്ച സഹൃദയന്മാർ സദയം ക്ഷമിക്കേണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

തിരുവിതാംകൂർ മഹാരാജവംശം എത്രയും പുരാതനവും ഉൽകൃഷ്ടവുമാണ്. ത്രേതായുഗത്തിൽ ശ്രീപരശുരാമൻ ശ്രീവർദ്ധനപുരത്തു (പത്മനാഭപുരത്തു) വച്ചു കേരളചക്രവത്തിയായി അഭിഷേകം ചെയ്ത ഭാനുവിക്രമപ്പെരുമാൾ സോമകുലക്ഷത്രിയരാജാവാണെന്നു പുരാണങ്ങൾകൊണ്ടു കാണുന്നു. ആ പെരുമാളിൻെറ അനുജനായ ഉദയവമ്മരാജാവിനെ ഗോകൎണ്ണത്തുവച്ച് ആ തപോനിധിതന്നെ കോലത്തുനാടുൾപ്പെട്ട ഉത്തരദേശങ്ങളുടെ അധിപനായിവാഴിച്ചിരുന്നു ഭാനുവിക്രമപ്പെരുമാളിൻെറഒന്നിച്ച ശ്രീവർദ്ധനപുരത്തു താമസിച്ചിരുന്ന ശേഷക്കാരെ "ശ്രീപാദസ്വരൂപ"മെന്നും ഉദയവമ്മരാജാവുമൊന്നിച്ച കോലത്തുനാട്ടുതാമസിച്ച ശേഷക്കാരെ "കോലസ്വരൂപ"മെന്നും പിന്നീടു വിളിച്ചുവന്നു. എങ്കിലും രണ്ടും ഒരു കുടുംബമാണെന്നു പ്രത്യേകം പറയേണ്ടതില്ല.

ശ്രീപാദത്തു സന്താനലോപമുണ്ടായ അവസരങ്ങളിലെല്ലാം കോലസ്വരൂപത്തിൽനിന്നും മാത്രമേ ദത്തെടുക്കുകയുണ്ടായിട്ടുള്ളു.

ഭാനുവിക്രമൻെറ കാലശേഷം അദ്ദേഹത്തിൻെറ ഭാഗിനേയൻ ആദിത്യവമ്മരാജാവിനെക്കൂടി ഭാൎഗ്ഗവരാമൻതന്നെ കേരളചക്രവത്തിയായി അഭിഷേകംചെയ്തിട്ടുണ്ടു.

ദ്വാപരയുഗത്തിൽ പാണ്ഡവപക്ഷത്തു ചേൎന്നു ഈ വംശത്തിലെ ഒരു ചക്രവത്തി കുരുക്ഷേത്രത്തിൽനടന്ന ഭാരതയുദ്ധത്തിൽ സഹായം ചെയ്തിരുന്നു.

കേരളരാജ്യം ബ്രാഹ്മണൎക്കായി പരശുരാമൻ ദാനം ചെയ്തുവെന്നും സ്വതന്ത്രമായ ബ്രാഹ്മണാധിപത്യം സ്ഥാപിച്ചുവെന്നും "കേരളോല്പത്തി"യെന്ന ഗ്രന്ഥത്തിൽ പറയുന്നു. എന്നാൽ അതു ആ

ഗ്രന്ഥത്തിൽ പറയുന്ന ന്യൂ ഗ്രാമങ്ങളെ മാത്രമേ സംബന്ധിക്കു ന്നുള്ളൂ. ബ്രാഹ്മണരുടെ ജനാധിപത്യം നീണ്ടുനിന്നില്ല. ആ ജനാധിപത്യത്തോടു യോജിക്കാത്ത ഈ നാട്ടിലെ പ്രഭുക്കന്മാരുടെയും വിദേശികളുടെയും ഉപദ്രവംനിമിത്തം അപ്രകാരം സംഭവിച്ചതായിരിക്കാം.

ഏതായാലും ബ്രാഹ്മണർ ബലവാന്മാരായ ക്ഷത്രിയന്മാരെ പരദേശത്തുനിന്നും വരുത്തി അവരുടെ രക്ഷാപുരുഷന്മാരായി നിയമിച്ചു. ഒരു വ്യാഴവട്ടം ഒരു പെരുമാൾ രാജ്യംഭരിച്ചശേഷം സ്ഥാനമൊഴിയേണമെന്നായിരുന്നു അവരുടെ വ്യവസ്ഥ. ഒരു പെരുമാൾ സ്ഥാനമൊഴിഞ്ഞു മറെറാരു പെരുമാളിനെ തെരഞ്ഞെടുത്തു വാഴിക്കുന്നതു് ഒരു മഹാമഖ (മാമാങ്ക) ത്തോടുകൂടിയായിരുന്നു. ഇപ്രകാരം വാഴിക്കപ്പെട്ട പെരുമാക്കന്മാരുടെ ഭരണവും ഏതാനും സംവത്സരക്കാലത്തേക്കേ ഉണ്ടായിരുന്നുള്ളൂ. അന്നും കേരളചക്രവർത്തികളുടെ ഭരണം നിലനിന്നിരുന്നു. എന്തെന്നാൽ, മാമാങ്കത്തിൽതന്നേയും പ്രധാന സിംഹാസനം കേരളചക്രവർത്തിക്കും രണ്ടാമത്തെ സ്ഥാനം കോലത്തുനാട്ടു രാജാവിനും നിശ്ചയിക്കപ്പെട്ടിരുന്നതായിക്കാണുന്നു. യഹൂദന്മാർക്കും സൂറിയാനിക്കാർക്കും പെരുമാക്കന്മാർ കൊടുത്തതായി പറയപ്പെടുന്ന ചെപ്പേടുകൾ, കുലശേഖരപ്പെരുമാളുടെ അറിവോടും അനുമതിയോടും കൂടിയായിരുന്നുവെന്നു ആ പ്രമാണങ്ങൾകൊണ്ടുതന്നെ തെളിവാകുന്നതാണു്.

ഏതായാലും ഉത്തരകേരളത്തിൽ കുലശേഖരപ്പെരുമാളുടെ ഭരണാധികാരം നാമമാത്രമായിത്തീർന്നുവെന്നും നേരിട്ടുള്ള ഭരണത്തിൻ കീഴിലിരുന്ന രാജ്യത്തിൻെറ വിസ്താരം ക്രമേണ കുറഞ്ഞുവന്നിരുന്നെന്നും സ്പഷ്ടമാകുന്നു. ഇതിനു കാരണം കുലശേഖരപ്പെരുമാക്കന്മാരുടെ ദൃഷ്ടി മിക്കവാറും കിഴക്കൻപ്രദേശത്തേയ്ക്കു പതിച്ചതാകുന്നു. പാണ്ഡ്യന്മാരോടും ചോഴന്മാരോടും കൂടെക്കൂടെ യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ടു്.

"കൂപക" സ്വരൂപത്തിലേ (ശ്രീപാദസ്വരൂപത്തിൻെറ പര്യായമാകുന്നു) അതായതു് ആററിങ്ങലേ ഉമാദേവിയെന്ന രാജ്ഞിയെ, യയാതിയുടെ പുത്രന്മാരിൽ യദുവിൻെറ വംശപരമ്പരയിൽ പെട്ട ജയസിംഹദേവൻ വിവാഹം ചെയ്തുവെന്നും ഒരു നല്ല യോദ്ധാവായിരുന്ന അദ്ദേഹം കേരളത്തെ മുഴുവൻ കീഴടക്കി ഉമാദേവിയുടെ ഭരണാധികാരത്തിലാക്കിയെന്നും കാഞ്ചീപുരത്തുള്ള ഒരു ശിലാരേഖയിൽനിന്നും പ്രൊഫെസ്സർ കീൽഹോൺ തെളിയിക്കുന്നു. ഇതു ക്രിസ്തുവർഷത്തിലെ 13-ാംശതകത്തിലാണെന്നാണു കാണു

ന്നയു്. കൊല്ലമായിരുന്നു അന്നത്തെ തലസ്ഥാനം. ജയസിംഹ ദേവനോടുള്ള ബഹുമാനസൂചകമായി ആ ദിക്കിനു ജയസിംഹനാടെന്നു പേരു നാംകുകയുണ്ടായി ഉമാദേവിയുടെ പുത്രനായ മഹാൻ രവിവമ്മകുലശേഖരപ്പെരുമാൾ പാണ്ഡ്യരാജ്യവും ചോഴരാജ്യവും കീഴടക്കി ക്രി: വ: 1312-ാമാണ്ടിടയ്ക്കു കാഞ്ചീപുരത്തു വേഗവതി നദീതീരത്തുവച്ചു വിജയമംഗലകലശം ആടി ആ രാജ്യങ്ങളുടെ കിരീടപതിയായി മകുടം ചൂടിയിട്ടുണ്ടു്. അദ്ദേഹം വിജയലക്ഷ്മിയേയും പാണ്ഡ്യരാജാവിൻെറ പുത്രിയേയും ഒന്നിച്ചുതന്നെ വരിച്ചിരുന്നു. വേണാടുവാണിരുന്ന ശ്രീവീരഉദയമാത്താണ്ഡവമ്മ തിരുവടികൾ, വീണ്ടും ശണ്ഠയ്ക്കുനേരിട്ട വീരപാണ്ഡ്യരാജാവിനെ ക്രി:വ: 1316-ൽ യുദ്ധത്തിൽ തോല്പിച്ചു കൊങ്കണദേശത്തുള്ള വനങ്ങളിലേക്കു ഓടിച്ചുകളഞ്ഞു.

തിരുനൽവേലിമുതലായ പ്രദേശങ്ങൾ വളരെക്കാലം തിരുവിതാംകൂർരാജാക്കന്മാരുടെ ഭരണത്തിലാണു് ഇരുന്നിട്ടുള്ളതു്. പുരാതനകാലത്തു രാജ്യം പല ഖണ്ഡങ്ങളായി തിരിച്ചു ഓരോ ഖണ്ഡത്തിൻെറയും ആധിപത്യം നാടുവാഴുന്ന രാജാവിൻെറ സഹോദരന്മാരോ ഭാഗിനേയന്മാരോ ഭരിച്ചുപോരുന്നതു നടപ്പായിരുന്നു. അപ്രകാരമുള്ള വിഭാഗങ്ങളാണു് കൊല്ലവും മാവേലിക്കരയും. മുഹമ്മദീയചക്രവത്തികളും ഉത്തരഇൻഡ്യയിൽ ഇപ്രകാരം തങ്ങളുടെ പുത്രന്മാരേ ഓരോ ദേശങ്ങൾ ഭരിക്കുന്നതിനു ഏല്പ്പെടുത്തിയിരുന്നുവല്ലൊ.

എൻെറ ഈ ചെറുകൃതിയിൽ ആ പുരാതനകാലത്തെ കഥകൾ വിസ്തരിച്ചിട്ടില്ല.

ഉമയമ്മറാണിയുടെ കാലംമുതൽ ഇതുവരെയുള്ള സംഗതികളെ മാത്രമേ ഇതിൽ സംഗ്രഹിച്ചു പറഞ്ഞിട്ടുള്ളു. ഈ രാജ്ഞിയുടെ അഞ്ചു പുത്രന്മാരെ രാത്രിസമയം കളിപ്പാൻകുളത്തിൽ കൊണ്ടുചെന്നു മുക്കിക്കൊന്നുവെന്നുള്ള കഥ കൽക്കത്തായിലെ ഇരുട്ടറയിലെ ക്രൂട്ടക്കൊലപോലെ കബന്ധമാണെന്നു സ്ഥാപിക്കുവാൻ സപ്രമാണം തയാറായവരുണ്ടു്. ഈയപരാധം എട്ടുവീട്ടിൽപിള്ളമാരുടെ മേൽ മററുചിലർ ചുമത്തുന്നു. രാജകുമാരന്മാരെ നിഗ്രഹിച്ചതും കൊട്ടാരത്തിനു തീവച്ചതും ബ്രാഹ്മണരാണെന്നു മിസ്സ് അഗസ്റ്റാ എം. ബ്ളാംഫോർഡ് എന്നൊരു മദാമ്മ എഴുതിയ "The land of the Conch Shell" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതായി മി: വി. നാഗമയ്യായുടെ സ്റ്റേറ്റുമാനുവലിൽ ഉദ്ധരി

ച്ചുകാണുന്നു. എട്ടുവീട്ടിൽപിള്ളമാർ രാജദ്രോഹികളല്ലായിരുന്നു വെന്നു ചരിത്രസത്യാന്വേഷണം ചെയ്തിട്ടുള്ളവർ വാദിക്കുന്നു. ഞാൻ ഈ സംഗതികളെക്കുറിച്ചു അന്വേഷണം ചെയ്തിട്ടില്ല. നടപ്പിലിരിക്കുന്ന ചരിത്രഗ്രന്ഥങ്ങളെ ആധാരമാക്കി ഇതു എഴുതിയിട്ടുള്ളതാണു്. എന്നാൽ ൭-ാം സൎഗ്ഗത്തിൽ ൩൬ മുതൽ ൪൦ വരെയുള്ള ശ്ലോകങ്ങളിൽ സൂചിപ്പിക്കപ്പെട്ട സംഗതികൾ എൻെറ അന്വേഷണത്തിൽ അറിവായതാണു്.

ചെമ്പകശ്ശേരിരാജ്യസ്ഥാപകൻ കുമാരനല്ലൂർ വടക്കേനടയിലുണ്ടായിരുന്ന ചെമ്പകശ്ശേരിയില്ലത്തെ ദേവൻ നാരായണൻനമ്പൂരിയായിരുന്നു. ദരിദ്രനായ അദ്ദേഹം സമാവൎത്തനം കഴിഞ്ഞ ഉടനെ കുമാരനല്ലൂർക്ഷേത്രത്തിൽ സംവത്സരഭജനം നടത്തിയിരുന്നു. അതു കാലംകൂടുന്ന ദിവസം ആ ക്ഷേത്രത്തിൽ വടക്കുനിന്നും ആയുധാഭ്യാസം ചെയ്തിട്ടുള്ള ഒരു സംഘം നായന്മാർ ചെന്നു ക്ഷേത്രാധികാരികളോടു ഭക്ഷണത്തിനു വല്ലതും കൊടുക്കേണമെന്നപേക്ഷിച്ചു. എന്നാൽ ഇതിനു രണ്ടുദിവസം മുമ്പു ഏററുമാന്നൂർ ക്ഷേത്രത്തിൽ കലശം നടന്നസമയം ഇവർ ബലമായി ഊട്ടുപുരയിൽ കയറി ചോറെടുത്തു് ഊണു കഴിച്ചവരെന്നു് അവൎക്കു് അറിയാമായിരുന്നു. കലശലായ വിശപ്പുനിമിത്തം ഇവർ അങ്ങനെ ചെയ്തുപോയതായിരുന്നു. കുമാരനല്ലൂർ ക്ഷേത്രാധികാരികൾ അതിൻെറ അധികാരം മണ്ഡപത്തിൽ ജപിച്ചുകൊണ്ടിരുന്ന നാരായണൻനമ്പൂതിരിക്കാണെന്നു പറഞ്ഞു ധരിപ്പിച്ചുംവച്ചു മാറിക്കളഞ്ഞു. നായന്മാർ കൊച്ചുനമ്പൂരിയെ കാത്തുനിന്നു. അദ്ദേഹം ജപം കഴിഞ്ഞു് ഇറങ്ങിവന്നപ്പോൾ തങ്ങളുടെ അപേക്ഷ അറിവിച്ചു. അവരെ ഇല്ലത്തു കൂട്ടിക്കൊണ്ടുപോയി ഒരു പുലിനഖക്കൂട്ടം എടുത്തുകൊടുത്തു് അതു വിററു വല്ലതുംവാങ്ങി ഭക്ഷണംകഴിച്ചുകൊള്ളുവാൻ പറഞ്ഞു. നായന്മാർ അതു പണയംവച്ചു് അരിവാങ്ങിക്കഞ്ഞിവെച്ചു കുടിച്ചു. നമ്പൂരിയുടെ ദരിദ്രത കണ്ടു ബോധപ്പെട്ട നായന്മാർ അദ്ദേഹത്തെ അവരുടെ നായകനാക്കി. അന്നുമുതൽ ധൎമ്മമില്ലാത്ത ധനികന്മാരുടെ വകകൾ ബലമായി എടുത്തുതുടങ്ങി. നമ്പൂരിയുടെ ഇല്ലത്തെ ചിലവും ഇവർ നടത്തിവന്നു. ഇവരുടെ ശല്യം വൎദ്ധിച്ചപ്പോൾ ക്ഷേത്രാധികാരികൾ തെക്കുംകൂർരാജാവിനെ വിവരം ധരിപ്പിച്ചു ഒരുനേരം ഭക്ഷണത്തിനു വക കൊടുത്ത നമ്പൂരിക്കു കാലക്ഷേപത്തിനു വല്ലതും കൊടുത്താൽ മേലാൽ കലശലു കൂട്ടുകയില്ലെന്നു നായന്മാർ സമ്മതിച്ചു. ഒരാൾക്കു് ഒരുദിവസംകൊണ്ടു് അതുത്തി വെട്ടിത്തിരിച്ചെടുക്കാവുന്ന ഭൂമി നമ്പൂരിക്കു രാജാവു ദാനം ചെയ്തു.

മൂന്നുവശം ആറു ചുററിയിരിക്കുന്ന കടമാമ്പൂർദേശത്തു ശേഷിച്ച വശത്തു് ഒരാറം നെടുകെ കാടുവെട്ടി അതിരു തെളിച്ചെടുത്തു. ആ അതിരിൽ കോട്ട കത്തിയുറപ്പിക്കുവാനായിരുന്നു പിന്നത്തെ ശ്രമം. അതു കുമാരനല്ലൂർ ക്ഷേത്രാധികാരികറം വിരോധിച്ചു. ശംഖു വിളിപ്പിച്ചായിരുന്നു വിലക്കു വച്ചതു്. ശംഖു വിളിച്ച മാരാരെ കൂടെ കോട്ടയിൽ പിടിച്ചുവച്ചു് അവർ മണ്ണിട്ടു കോട്ടകുത്തിക്കളഞ്ഞു. ഇതിൽവച്ചു ക്ഷേത്രാധികാരികളും രാജാവും വിരോധപ്പെട്ടുകയാൽ നമ്പൂരിയും നായന്മാരും അവിടംവിട്ടുപോയി വിജനമായിരുന്ന അമ്പലപ്പുഴെച്ചെന്നു രാജ്യം സ്ഥാപിച്ചതാകുന്നു.

കുത്തിത്തുടങ്ങിയതായിപ്പറയുന്നകോട്ട മുഴുവനാകാതെ ഇപ്പോഴും കടമാമ്പൂരുണ്ടു്. ശംഖുവിളിച്ച മാരാരുടെ ബലിക്കു ദേവസ്വത്തിൽനിന്നും അയാളുടെ കുടുംബത്തേയ്ക്കു് ഇന്നും നെല്ലും പണവും ചെലവെഴുതിക്കൊടുത്തുവരുന്നു.

കുമാരനല്ലൂർ ക്ഷേത്രത്തിൽ അധികാരം കിട്ടുവാൻ ചെമ്പകശ്ശേരി പിന്നെ ശ്രമം ചെയ്തിരുന്നു. ചില ഊരാണ്മക്കാർ അതു സമ്മതിച്ചില്ല. അവരെ നശിപ്പിച്ചു് ഇല്ലം ഇരുന്ന സ്ഥലത്തു വിമതസ്ഥന്മാരുടെ ദേവാലയം വയ്പിക്കയും വസ്തുക്കറം കരമൊഴിവായി കൊടുക്കയും ചെയ്തു. ഈ വിരോധം നിമിത്തം, ദേവസ്വക്കാർ ചെമ്പകശ്ശേരിയോടു വിരോധപ്പെട്ടു തിരുവിതാംകൂറിനോടു് അനുകൂലികളായി നിന്നു. ഒൻപതു പിടിയാനയേയും അമ്പതിനായിരം പണവും യുദ്ധാവശ്യത്തിനു രാമയ്യൻദളവായേഏല്പിച്ചുകൊടുത്തു. ഈ കാരണത്താൽ ആ ദേവസ്വത്തിലേ ആവശ്യത്തിനു സക്കാരിൽനിന്നും ഒരു പിടിയാനയെ മുടക്കം കൂടാതെ നടയ്ക്കിരുത്തിപ്പോരുന്നു. കുമാരനല്ലൂർദേശത്തു ൧൦൧൮-ൽ കണ്ടെഴുതിയ ഒഴുകിൻപടി ചെമ്പകശ്ശേരി പുരയിടം മാത്രമേ പണ്ടാരപ്പാട്ടമുള്ളു. ശേഷം വസ്തുക്കറം ദേവസ്വം തന്നതായിരുന്നു.

31-ാംസഗ്ഗത്തിൽ 1-മുതൽ 7-വരെ ശ്ലോകങ്ങളിൽ പറയുന്ന സംഗതിക്കുള്ള ഐതിഹ്യം താഴെ ചേക്കുന്നു. പൂഞ്ഞാററിൽകൂടെ ഒഴുകുന്ന മീനച്ചലാറു "കുടമുരുട്ടി" മലയിൽനിന്നു പുറപ്പെടുന്നു. ആ ആറിന്നു് അതിന്റെറ പതനസ്ഥലംവരെ സക്കാർ കണക്കിൽ "കവിണാറു" (കവുന്ന + ആറു= കവുണാറു്) എന്നു പറഞ്ഞുവരുന്നു. കുടമുരുട്ടിയപ്പോറം കമന്നു് ആറുണ്ടായി എന്നു കഥ.

ഏററുമാനൂർക്ഷേത്രം ഒരു പാണ്ഡ്യരാജാവു ജീണ്ണോദ്ധാരണം

ചെയ്യിച്ചതായും അവിടെ ഭജനംചെയ്തു താമസിച്ചതായും സ്ഥലപുരാണമുണ്ടു്. പൂജവകയ്ക്കു വകയിട്ടിരുന്നപ്രകാരം ക്ഷേത്രംവക ഗ്രന്ഥവരിയിലും കാണുന്നു. ഒരുകാലത്തു പഴയ ഏററുമാനൂർ താലൂക്കു മിക്കവാറും പാണ്ഡ്യരാജാവിന്റെ ഭരണത്തിലിരുന്നതായും പാണ്ടിക്കാർ അധിവസിച്ചിരുന്നതായും ലക്ഷ്യങ്ങൾ ഉണ്ടു്. കുമാരനല്ലൂർ ഭഗവതിതന്നെ "മധുരമീനാക്ഷി"യെന്നു വിശ്വസിക്കപ്പെട്ടുന്നു. തന്ത്രിയും അവരോധിച്ച പോററിയുമല്ലാതെ ശ്രീകോവിലിൽ കയറുവാനധികാരമുള്ള ഒരു നമ്പൂരിയില്ലക്കാരെ കുമാരനല്ലൂരുള്ളു. ആ ഇല്ലക്കാർ മുമ്പു തമിൾബ്രാഹ്മണരായിരുന്നുവത്രേ. നമ്പൂരിയായിട്ടു 150-കൊല്ലത്തിലധികമായിട്ടില്ലെന്നു വയോധികന്മാർ പറയുന്നു.

കുടവാളൂരടുത്തു് ഇപ്പോൾ സർക്കാർ ഭരണത്തിലിരിക്കുന്ന ഒരു ഭഗവതി മേടവിഷുവിനു പാണ്ടിക്കുപോകുമത്രേ. മേടം മുതൽ കർക്കടകംവരെ അവിടെ പൂജയില്ല. മധുരയിൽ ഈ കാലത്തു ഈ ഭഗവതിക്കു പൂജയുണ്ടു്.

ഇതുകൊണ്ടു് ഊഹിക്കാവുന്നതു് ആ ഭഗവതിയെ പാണ്ടിക്കാർ പൂജിച്ചിരുന്നതെന്നാണു്. കാലവർഷാഗമഭയംകൊണ്ടും ചിത്തിരമാസത്തിൽ പാണ്ടിയിൽ വസ്തുകൈമാററം ധാരാളമുണ്ടാകുന്ന (ചിത്തിരക്കരിന്തല) കാലമാകകൊണ്ടും ഇവിടെ താമസിച്ചിരുന്ന പാണ്ടിക്കാർ അവരുടെ സമ്പാദ്യവും കൊണ്ടുപോകുക പതിവായിരുന്നു എന്നു വിചാരിക്കാം. ഏററുമാനൂരടുത്ത കളത്തൂരിൽ അഗ്രഹാരത്തിന്റെ ശൂന്യശിഷ്ടങ്ങൾ കാണ്മാനുണ്ടു്.

ഏററുമാനൂർ ക്ഷേത്രം ജീർണ്ണോദ്ധാരണംചെയ്ത രാജാവുതന്നെയാണു പൂഞ്ഞാർ കോവിലകം സ്ഥാപിച്ചതു്. അദ്ദേഹത്തിന്റെ മന്ത്രിയും സേനാനായകനും ഒരു മാർവാറിസിംഗായിരുന്നു. സിംഗിന്റെ കീഴിൽ മൂവായിരം നായന്മാരെ യുദ്ധമഭ്യസിപ്പിച്ചു് ഒരു സൈന്യമായി ചേർത്തിരുന്നു. രാജാവു പാണ്ടിക്കുപോകുമ്പോൾ സിംഗായിരുന്നു പ്രതിനിധിയായി ഭരണം നടത്തിയിരുന്നതു്. ഉടമസ്ഥന്മാർ തിരിച്ചുവന്നപ്പോൾ സിംഗ് രാജ്യം വിട്ടുകൊടുത്തെങ്കിലും കുറെ സ്ഥലം കൈവശം വച്ചിരുന്നു. തെക്കുംകൂർ രാജ്യം തിരുവിതാംകോട്ടേയ്ക്കു കീഴ്പെട്ടപ്പോൾ സിംഗിന്റെ കുടുംബത്തിലെ പുരുഷന്മാർ ഒളിച്ചുപോയി. സ്ത്രീകൾ ശേഷിച്ചിരുന്നു. അവർക്കും അവരുടെ സന്താനങ്ങൾക്കും സർക്കാരിൽനിന്നും ഇന്നും അടുത്തൂൺ കൊടുത്തുവരുന്നു. സിംഗെന്ന പേരു സിംഹരെന്നാക്കി അതു മാറാ

ഭപ്പരായിവച്ചു കൈമ്മളെന്നു മുമ്പും കത്താവെന്നു് ഇപ്പോഴും ആ കുടുംബക്കാർ സ്ഥാനം എടുത്തിരിക്കുന്നു.

ഐതിഹ്യങ്ങളെ പറഞ്ഞു് എൻെറ മുഖവുര നീട്ടുന്നില്ല. അച്ചടിച്ചു പരസ്യം ചെയ്യേണമെന്നുദ്ദേശിച്ചു ഞാൻ ഇതു് എഴുതിയതല്ല. മഹാനാടകം മുരാരിയുടെ അനർഘരാഘവം, നാഗാനന്ദം ചില കഥകളികൾ ഇതൊക്കെ എഴുതിവെച്ചിട്ടുണ്ടെങ്കിലും എല്ലാം പരസ്യം ചെയ്തിട്ടില്ല. ആ കൂട്ടത്തിൽ ഇതും വച്ചേയ്ക്കാമെന്നേ ഞാൻ കരുതിയിരുന്നുള്ളു. എന്തെന്നാൽ ശ്ലോകങ്ങളുള്ള മലയാളനാടകം അഭിനയിക്കുന്ന നടന്മാരും അതു കണ്ടുരസിക്കുന്ന ആളുകളും കുറഞ്ഞിരിക്കുന്നു. ഗദ്യനാടകങ്ങളാണു ദൃശ്യരൂപകത്തിനു യുക്തമായിരിക്കുന്നതെന്നാണു ചിലരുടെ മതം.

ഇപ്പോൾ പ്രായേണ കവികളുടെ ദൃഷ്ടി ദ്രാവിഡവൃത്തങ്ങളിലേയ്ക്കു പതിഞ്ഞിരിക്കുന്നു. ലഘുക്കളേയും ഗുരുക്കളാക്കി ചൊല്ലാവുന്നതും മാത്രമാത്രം ആധാരമായിരിക്കുന്നതുമായ ദ്രാവിഡവൃത്തങ്ങൾക്കു ഛാന്ദസവൃത്തത്തിലെ കർക്കശമായ നിബന്ധനയില്ല. അതുകൊണ്ടു കൂടുതൽ സ്വാതന്ത്ര്യമുണ്ടു്. എന്നാൽ എൻെറ ഈ കൃതിയിൽ ഛാന്ദസവൃത്തങ്ങളെയുള്ളു. മലയാളത്തിൽ വളരെ പ്രചാരമില്ലാത്ത ചന്ദ്രലേഖ (ചിത്രലേഖ) ശാർദ്ദൂലലളിത; തൂണകം, കോകിലകം, താമരസം, മേഘവിസ്ഫൂർജ്ജിത എന്നിങ്ങനെയുള്ള വൃത്തങ്ങളിൽക്കൂടി എഴുതിയിരിക്കുന്ന ഈ പുസ്തകം ഇന്നത്തേ രീതിയ്ക്കു ലോകത്തിനു രസിയ്ക്കുമോ എന്നു് എനിക്കു സംശയമുണ്ടു്.

യദൃച്ഛയാ എൻെറ ഒരു മാന്യസ്നേഹിതൻ ഇതു വായിച്ചു കേൾക്കയുണ്ടായി (അദ്ദേഹത്തിൻെറ പേർ ഇപ്പോൾ വെളിപ്പെടുത്തുവാൻ എനിക്കു് അനുവാദം തന്നിട്ടില്ല.) അതിൻെറ ഫലം ഇതു് ഉടനെ പരസ്യംചെയ്യാൻ എന്നെ പ്രേരിപ്പിക്കയായിരുന്നു അത്രമാത്രമല്ല. വേഗത്തിൽ അച്ചടിക്കുവാൻ രാജഭക്തശിരോമണിയും രാജ്യാഭിമാനിയും ഉദാരമനസ്കനുമായ ശ്രീമാൻ കെ. ജി. പരമേശ്വരൻപിള്ള അവർകൾക്കു നിഷ്കൃഷ്ടയായി ഒരു എഴുത്തു അയക്കയും ചെയ്തു. അദ്ദേഹം വിശ്വസിക്കുന്നതു് ഇതു രാജഭക്തിയും രാജ്യാഭിമാനവും വർദ്ധിപ്പിക്കുന്നതാണെന്നാകുന്നു.

അപ്രകാരമായാൽ ഞാൻ കൃതകൃത്യനായി. എൻെറ ആ സ്നേഹിതനോടും ശ്രീരാമവിലാസം മുദ്രാലയാധികാരിയായ ശ്രീമാൻ

കേ. ജി. പരമേശ്വരൻപിള്ള അവർകളോടും ഞാൻ ഈ കാൎയ്യത്തിൽ വളരെ കൃതജ്ഞനായിരിക്കുന്നു.

മഹാജനങ്ങൾ എന്റെ തെററുകളെ സദയം ക്ഷമിക്കേണമെന്നു് ഒരിക്കൽകൂടി അപേക്ഷിച്ചുകൊള്ളുന്നു.

ഏററുമാന്നൂർ.
12-5-111. } കമ്മനം കെ. ഗോവിന്ദപ്പിള്ള.

ഗ്രന്ഥകൎത്താ.

അനുക്രമണിക.

(വൃത്തം).

1-ാംസർഗ്ഗം വസന്തതിലകം.

പൂർവ്വചരിത്രം	1 മുതൽ 10 വരെ ശ്ലോകങ്ങൾ.	
ക്രിസ്തുമതം	11	17
മലയാളബ്രാഹ്മണാധിപത്യം	18	19
ആദിശങ്കരാചാര്യർ	20	29
ശ്രീ വീരകേരളവർമ്മ	30	31
ഭാസ്കരരവിപ്പെരുമാൾ	32	34
കൊല്ലവർഷം	35	36
ബുദ്ധമതം	37	40
ശൌൎയ്യമാരുപാതിരി	41	43
നായന്മാർ	44	60
എട്ടുവീട്ടുകാർ	62	64
ആദിത്യവർമ്മ	66	67
ഉമയമ്മറാണി	68	85
മുകിലപ്പട	86	99

2-ാംസർഗ്ഗം ഇന്ദ്രവജ്രാ.

ഗാമായുടെ ആഗമനം	1	19
മററു യൂറോപ്യന്മാർ	18	22
ഈസ്റ്റിൻഡ്യാക്കമ്പനി	22	24
രവിവർമ്മരാജാ	25	30
കോലത്തുനാട്ടുനിന്നു ദത്ത്	31	32
മാർത്താണ്ഡവർമ്മയുടെ അവതാരം	33	35
ഉണ്ണിക്കേരളവർമ്മ	36	39
രാമവർമ്മരാജാ	40	45
മധുരനായ്ക്കന്മാരുമായി സഖ്യം	46	48
വിരോധികളുടെ പരാജയം	49	62
രാമവർമ്മരാജാവിന്റെ ചരമം	63	64

3-ാംസഗ്ഗം അനുഷ്ടുപ്പ്.

മാർത്താണ്ഡവർമ്മ		
എട്ടരയോഗം	19	
തമ്പിമാരുടെ വഴക്ക്	51	70
ഭരണപരിഷ്കാരം	71	80
രാജദ്രോഹാലോചന	81	90
രാജദ്രോഹികളുടെ ശിക്ഷ	91	117

4-ാംസർഗ്ഗം ഉപേന്ദ്രവജ്ര.

യുദ്ധോദ്യമം		
കൊല്ലത്തുയുദ്ധം	23	26
കായംകുളംയുദ്ധം	27	44

ഏളയടത്തുസ്വരൂപം	45	61
ഡച്ചുകാരുടെ പരാജയം	62	75
പട്ടാണികളുടെ ആക്രമം	76	81
വീണ്ടും കൊല്ലത്തുയുദ്ധം	82	89
കിളിമാനൂർകോട്ട നിരോധനം	89	100

5-ാംസർഗ്ഗം വംശസ്ഥ.

വീണ്ടും കായംകുളയുദ്ധം	1	4
കൊല്ലത്തെക്കലാപം	5	6
കായംകുളംരാജാവുപോയി	7	11
പിന്നെയും അവിടെ യുദ്ധം	12	18
ഡച്ചുകാരുമായി സഖ്യം	19	
ചെമ്പകശ്ശേരിയുദ്ധം	20	48
തെക്കുംകൂറും വടക്കുംകൂറും	49	58
പിറക്കാട്ടുയുദ്ധം	59	73
കോട്ടയത്തേയും ഏറവുമാനൂരേയും മത്സരം	74	76
മുഫൂസ്ഖാന്റെ വരവു്	77	81

6-ാംസർഗ്ഗം രുചിരാ

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ഭരണം	1	20
സ്വർണ്ണധ്വജപ്രതിഷ്ഠ	21	22
ഹിരണ്യഗർഭം	23	25
തുലാപുരുഷദാനം	26	28
സാഹിത്യപരിപോഷണം	29	33
സ്വഭാവഗുണങ്ങൾ	34	37
യുവരാജാവിന്റെ ദാനശീലം	38	55

7-ാംസർഗ്ഗം ഇന്ദ്രവംശാ.

മാർത്താണ്ഡവർമ്മയുടെ ചരമദശ	1	2
ശ്രീപത്മനാഭന്നു രാജ്യസമർപ്പണം	3	5
രാമയ്യൻദളവായുടെ മരണം	6	8
മരണശാസനം	9	12
നാടുനീക്കം	13	

8-ാംസർഗ്ഗം രഥോദ്ധത.

കാർത്തികതിരുനാൾ രാമവർമ്മ	1	16
കൊച്ചിയുമായുള്ള ഉടമ്പടി	11	20
സാമൂതിരിയോടുയുദ്ധം	21	32
സാമൂതിരിയുമായി ഉടമ്പടി	33	40
അതിർത്തിത്തർക്കം—കളക്കാട്ടു	41	73
ഹൈദരാലി	74	101

9-ാംസർഗ്ഗം സ്വാഗതാ.

ടിപ്പുസുൽത്താൻ	1	6
ധർമ്മരാജാവിന്റെ ഭരണരീതി	7	17
രാമേശ്വരയാത്ര	18	40

കേശവപിള്ള	41	53
കൃഷി, കൈത്തൊഴിൽ, കച്ചവടം	54	70

10-ാംസർഗ്ഗം മഞ്ജുഭാഷിണി.

യാഗം

11-ാംസഗ്ഗം ദ്രുതവിളംബിതം.

അപവാദം	1	6
ടിപ്പുവിന്റെ നമ്പൂരിമാരോടുള്ള വിരോധം	7	10
ഭൂപ്രകൃതിവർണ്ണനം	11	82

12-ാംസഗ്ഗം രഥോദ്ധത.

ഗിരിനിവാസികൾ	1	2
മലമ്പണ്ടാരം	3	6
മുതുവാൻ	7	20
മന്നാൻ	21	22
മലയൻ	23	24
പളിയൻ	25	
ഊരാളി	26	30
വേട്ടുവൻ, കാട്ടുളയൻ	31	
കാട്ടുജാതിക്കാരുടെ സ്ഥിതി	32	38
കാണിക്കാർ	39	49
(വംശസ്ഥ) താഴ്വരയിലെ കൃഷിസ്ഥലങ്ങൾ	55	60

13-ാംസർഗ്ഗം പൃഥ്വീ.

കേശവപിള്ളദിവാൻ	1	9
(മന്ദാക്രാന്താ) നായന്മാരോടു കേശവപിള്ളയുടെ ഉൽബോധനം	11	18
(പൃഥ്വീ) തലക്കാട്ടുയുദ്ധം	19	28
കൊടുങ്ങല്ലൂർയുദ്ധം	29	54
മൈസൂരിലെയുദ്ധം	56	60
ഈസ്റ്റിൻഡ്യാക്കമ്പനിയും തിരുവിതാംകൂറും തമ്മിൽ ഉടമ്പടി	68	72

14-ാംസഗ്ഗം ചന്ദ്രലേഖ.

ഭരണപരിഷ്കാരം	1	23
ദുർന്നിമിത്തങ്ങൾ	24	28
നാടുനീക്കം	29	32

15-ാംസഗ്ഗം മന്ദാക്രാന്താ.

ബാലരാമവർമ്മ മഹാരാജാവ്	1	17
ദിവാൻ കേശവപിള്ളയുടെ ചരമം	19	21
നമ്പൂരിദളവായും കൂട്ടുകാരും	22	29
വേലുത്തമ്പിയും ജനക്കൂട്ടവും	30	42
വേലുത്തമ്പിദളവാ	43	51

പട്ടാളലഹള	52	56
ഈസ്റ്റിൻഡ്യാക്കമ്പനിയുമായിപുതിയഉടമ്പടി	57	74

16-ാംസഗ്ഗം ശാലിനി.

റസിഡണ്ടും ദളവായുംതമ്മിലുള്ള വിരോധം	3	22
കലാപം	23	40
വേലുത്തമ്പിയുടെ മരണം	41	45
കമ്പിനിസ്സേനയുടെ പ്രതികാരം	46	50
ഉമ്മിണിത്തമ്പിദളവാ	51	56
റസിഡണ്ടു മൺറോ	57	
നാട്ടുനീക്കം	59	

17-ാംസർഗ്ഗം പ്രഹർഷിണി.

റാണിലക്ഷ്മീഭായി		
മൺറോദിവാൻ	6	
ദേവസ്വംഭരണം ഏറെറടുത്തതു്	19	25
അടിമവ്യാപാരംനിത്തി	26	
സ്വാതിതിരുനാൾ തിരുവവതാരം	28	36
ഉത്രംതിരുനാൾ ടി	37	
നാട്ടുനീക്കം	38	39
റാണി പാർവ്വതീഭായി	40	65
രാജകുമാരന്മാർ	66	69
സ്വാതിതിരുനാൾ മഹാരാജാ	70	71

18-ാംസർഗ്ഗം മാലിനി.

സ്വാതിതിരുനാളിന്റെ ഭരണം	1	35
റസിഡണ്ടു കല്ലനും തമ്പുരാനുംതമ്മിൽ പിണക്കം	36	61
തിരുമനസ്സിലെ സമാധി	63	68

19-ാംസർഗ്ഗം തൂണകം.

ഉത്രംതിരുനാൾ തമ്പുരാൻ	1	8
കരിവു്	9	12
വലിയ വെള്ളപ്പൊക്കം	13	16
റാണി പാർവ്വതിഭായിയുടെ നാട്ടുനീക്കം	17	
പാതിരിമാരുടെ പരാതി	20	30
ഇൻഡ്യയിൽ ശിപായിലഹള	32	
ശ്രീമൂലം തമ്പുരാന്റെ അവതാരവും മറ്റും	33	
ഈസ്റ്റിൻഡ്യാക്കമ്പനി ഭരണമൊഴിഞ്ഞു വിക്ടോറിയാ ചക്രവത്തിനി ഭരണമേററു	34	36
രാജാ സർ ടി മാധവരായർ ദിവാൻ	38	39
കയിറൂസായ്പിന്റെ വിമാനം	40	
ക്രിസ്ത്യാനികളായ ചാന്നാന്മാരുടെ ലഹളയും പാതിരിമാരുടെ പരാതിയും	44	46
പള്ളിക്കെട്ടു്	47	
നാട്ടുനീക്കം	48	

20-ാംസർഗ്ഗം കോകിലകം.

ആയില്യംതിരുനാൾ തമ്പുരാൻ
കൃഷിപ്പിഴ 3
ഭൂമിയിൽകുടികൾക്കുശാശ്വതാവകാശംനൽകി 12 13
രജിസ്റ്റർകച്ചേരി 14
വക്കലത്തുറപ്പ് 17
മൈസൂർയുദ്ധത്തിലെ വിരുത് 24 25
മുനമ്പു തിരിച്ചു വാങ്ങി 26
കേരളവർമ്മ വലിയകോയിത്തമ്പുരാനെ ബന്ധനത്തിലാക്കി 31
ശേഷയ്യാശാസ്ത്രി ദിവാൻ 32
ഇൻഡ്യയിലെ ക്ഷാമവും മഹാരാജാവിന്റെ ദാനശീലവും 38 41
വിദ്യാഭ്യാസപരിഷ്കാരം 42
പുനലൂർ പാലം 43
ലിഡിൽധാരയുടെ ശിക്ഷയും യൂറോപ്യൻ ജഡ്ജിയെ വരുത്തണമെന്ന തീർച്ചയും 44 49
പൊൻ നാണയം 50
നാണുപിള്ളദിവാൻ 54
കണ്ണൻദേവൻമലയുടെകാര്യം 57
നാട്ടുനീക്കം 59

21-ാംസർഗ്ഗം താമരസം.

വിശാഖംതിരുനാൾ തമ്പുരാൻ
രാമയ്യങ്കാർ ദിവാൻ 3
പോലീസ് സൈന്യം 7 8
മുദ്രപത്രം 9 10
സർവ്വേയും കണ്ടെഴുത്തും 11 13
മരച്ചീനികൃഷി 15 16
കൊച്ചിയുമായി അതിർത്തിതക്കം 17 21
കിഴക്കേഅതിർത്തിയിൽ തക്കം 22 23
റാണിമാർ മദ്രാസിൽ എഴുന്നള്ളി 25
ഹൈക്കോർട്ടു സ്ഥാപിച്ചു 27
നാട്ടുനീക്കം 31 32
ശ്രീമൂലം തിരുനാൾ സ്ഥാനാരോഹണം 33 34

22-ാംസർഗ്ഗം ഹരിണീ.

ശ്രീമൂലം തിരുമനസ്സിലെ ഭരണം
രാമരായർ ദിവാൻ 10
നിയമനിർമ്മാണസഭ 11 12
പട്ടണപരിഷ്കരണക്കമ്മിറ്റി 13
അടിയറ ഇളവു 14
വനസംരക്ഷണം 17 21
ആയുർവേദവകുപ്പ് 22 32
വേദപാഠശാല }
സംസ്കൃതപാഠശാല } 33

വിദ്യാഭ്യാസപരിഷ്കാരം	34	36
പബ്ളിക്ക് മരാമത്തു	38	
കൊല്ലം തീവണ്ടി	39	40
കോതയാറണ	41	43
ഏറ്റുമാനൂർ മുതലായ ക്ഷേത്രങ്ങളിൽ പൊന്നുംകൊടിമരപ്രതിഷ്ഠ	44	
തുലാപുരുഷദാനം	45	
വൈക്കത്തു സഹസ്രകലശം	46	47
ദിവാൻ ശങ്കരസുബ്ബയ്യർ	48	50
തീർത്ഥാടനം	51	53
ദിവാൻ കൃഷ്ണസ്വാമിരായർ	55	
മഞ്ഞ്	56	
വടക്കോട്ടത്തെക്കം	57	58
പൂഞ്ഞാറുമായി ഉടമ്പടി	59	61
വൈസ്രോയി കഴ്സൻപ്രഭു	62	
വിക്ടോറിയാ ചക്രവർത്തിനിയുടെ ചരമം	64	
ദിവാൻ വി. പി. മാധവരായർ	67	
ശ്രീമൂലംപ്രജാസഭ	68	76
നെൽക്കരം നത്തൽ	71	79
നിയമസഭാപരിഷ്കാരം	80	
പള്ളിക്കെട്ടു	84	85
ശ്രീമൂലം തിരുമനസ്സിലെ ആക്രമരകഥ	86	98
ദിവാൻ എസ്സ്. ഗോപാലാചാര്യർ	98	99
ദിവാൻ പി. രാജഗോപാലാചാരി		
ശ്രീമൂലം പ്രജാസഭാനിയന്ത്രണം	102	
ഊട്ടുപരിഷ്കാരം	103	104
കൃഷിവകുപ്പ	111	116
കിച്ചനർപ്രഭു	117	
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ	118	
ജഗൽഗുരു ശങ്കരാചാര്യർ	119	
ആഴ്വാഞ്ചേരി തമ്പ്രാക്കൾ	120	
ഭൂഗർഭവകുപ്പ്	121	

23-ാംസർഗ്ഗം ശാർദ്ദൂലലളിതം.

ശ്രീചിത്തിരതിരുനാൾ തിരുവവതാരം	6	27
ബാല്യം	28	44
നായർറഗുലേഷൻ	45	
ക്രിസ്ത്യൻ പിൻതുടർച്ചചട്ടം	46	
ദിവാൻ സർ എം. കൃഷ്ണൻനായർ	47	
തിരുവനന്തപുരം തീവണ്ടി		
പമ്പയിലും മൂവാറ്റുപുഴയിലും പാലം	49	50
കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ചരമം	56	
രജതജൂബിലി	58	
ഷഷ്ടിപൂർത്തി		

24-ാംസർഗ്ഗം ദ്രുതവിളംബിതം.

ലോകമഹായുദ്ധം

ദിവാൻ രാഘവയ്യാ

25-ാംസർഗ്ഗം ഉപജാതി.

താലൂക്ക കുറവ്	1	4
ആദായനികുതി	10	11
നിയമസഭാപരിഷ്കാരം	12	
ഉത്രാടംതിരുനാൾ യുവരാജാവ്	13	
ലളിതാംബാബായിതമ്പുരാട്ടി	15	
വൈക്കത്തു സത്യാഗ്രഹം	17	37
ഭയങ്കരവർഷം	39	51
നാട്ടനീക്കം		

26-ാംസർഗ്ഗം ശാർദ്ദൂലവിക്രീഡിതം.

ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ സ്ഥാനാരോഹണം	1	
റീജൻറു മഹാറാണി സേതു ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു ഭരണം തുടങ്ങുന്നു	2	
ജലപ്രളയാർത്തിതക്കു സഹായം	3	
നായർ റഗുലേഷൻ (ഭാഗവ്യവസ്ഥ)	4	
മഹാത്മാഗാന്ധിയുമായി സന്ദർശനം	6	
സത്യാഗ്രഹികളുടെ അപേക്ഷയനുവദിച്ചു	7	
ദിവാൻ എം. ഈ. വാട്സ്		
ബ്രൂക്ക് ബോണ്ഡ് കമ്പനിയുടെ അപേക്ഷ തള്ളി	12	
ജന്തുബലിനിരോധം	13	
ചേർത്തലപ്പൂരംനിർത്തൽ	14	
കാർത്തികതിരുനാൾ ഇളയകൊച്ചുതമ്പുരാട്ടി	15	
തമ്പാനൂരേക്ക തീവണ്ടി	16	
നീണ്ടകരപ്പാലം } ചേർത്തലറോഡു }	17	
തിരുവനന്തപുരത്തു വിദ്യുദ്ദീപാവലി	18	
കുഴൽ വള്ളത്തിനുള്ള പണി	19	
ദിവാൻ വി. എസ്സ്. സുബ്രഹ്മണ്യയ്യർ	21	
വൈസ്രോയി ഇർവിൻപ്രഭു	22	
ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു ഇൻഡ്യയിൽ പലരാജ്യം സന്ദർശിച്ചു രാജ്യഭരണപരിശീലനം	23	26
മഹാരാജാവു രാജ്യഭരണം കയ്യേൽക്കുന്നു	28	29

27-ാംസർഗ്ഗം സ്രഗ്വിണി.

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഭരണപരിഷ്കാരം		
അനാഥമന്ദിരസ്ഥാപനം	1	
ഭൂസ്വത്തുജാമ്യബാങ്കു	2	
ജന്മികുടിയാൻതർക്കനിവാരണം	8	9
നിയമനിർമ്മാണത്തിനു ദ്വിമണ്ഡലസഭ	10	20
ഇൻഡ്യൻ ഭരണപരിഷ്കാരം	21	30
സർ സി. പി. രാമസ്വാമിഅയ്യർ		

	രാജ്യകാര്യാലോചനക്കാരൻ	33	
	സർക്കാർജീവനക്കാരുടെ അകാലനിര്യാണ സങ്കടപരിഹാരം	35	
	ഇംഗ്ലണ്ടിലേക്ക എഴുന്നള്ളത്ത	46	59

28-ാംസഗ്ഗം വസന്തതിലകം.

യൂറോപ്പിലേക്ക എഴുന്നള്ളത്ത		
മധുര	2	5
ആർക്കോണം	6	7
ബൊംബായ	13	
എസ്സ്. എസ്സ്. റാവൽപിണ്ഡി സ്റ്റീമർ	14	24
സമുദ്രയാത്ര	25	
ദിനചര്യ	26	42
ഏഡൻ	43	47
ബാബേൽ മണ്ഡബ്	48	
ചെങ്കടൽ	49	55
സൂയസ്	56	62
പോർട്ടുസെയിസ്	63	66
മെഡിറ്ററേനിയൻകടൽ	67	71
മാർസെയിൽസ്	72	76
റബോറാ	77	
സുഗന്ധദ്രവ്യനിർമ്മാണശാല	79	86
മൊണൊക്കോ	(78) 87	
വിയന്നാ	90	125
കാറത്സ്ബാഡ്	126	129
പാരീസ്	130	157
കലേ	158	162
ഡോവർ	163	166

29-ാംസർഗ്ഗം മേഘവിസ്ഫൂർജ്ജിത.

	ലണ്ടൻ	1	32
	എഴുന്നള്ളത്ത്	32	38
	തിരുമനസ്സുകൊണ്ടുനടത്തിയവിരുന്നു	39	
(ഗീതി)	തിരുമനസ്സിലെ പ്രസംഗം	41	54
(അനുഷ്ടുപ്)	സ്റ്റേററ് സെക്രട്ടറി സർ സാമുവൽ ഹേൻറിന്റെ മറുപടി	55	81
	ചക്രവർത്തിതിരുമനസ്സുമായുള്ള സന്ദർശനം	83	84
	ചക്രവർത്തിതിരുമനസ്സിലെ ഉദ്യാനവിരുന്നു	85	86
	ലണ്ടൻ ഗോപുരം	87	
	രൂപനിർമ്മാണശാല	89	90
	സൈന്യനിരീക്ഷണം	91	
	വില്ലിംഗ്ഡൺപ്രഭ്വിക്ക വിരുന്നു	92	
	നാവികമത്സരം	93	
	ഹെയിസ്റ്റിംഗ്സ് പ്രഭുവിന്റെയും മറ്റും സൽക്കാരം	94	
	പട്ടാളക്കാരുടെ ദീപത്തോടുകൂടിയവേലക്കാരം	95	

	വിമാനസൈന്യമത്സരം	96	
	ജന്തുശാല	97	
	ചക്രവർത്തിതിരുമനസ്സിലെവസന്തസമ്മേളനം	98	
	പ്രദക്ഷപണി	99	
	ഷെഫീൽഡ്	102	
	മാഞ്ചെസ്റ്റർ	103	105
	ബ്രെറാൻ	106	

30-ാംസർഗ്ഗം (പുഷ്പിതാഗ്രാ).

	(1) ബെൽജിയം	1	25
(മഞ്ജുളാംഷിണി)	(2) ജർമ്മനി	1	44
	കാറത്സ്ബാദ്	45	47
(മദനലളിത)	(3) സ്വിററ്സർലണ്ട്	1	24
(ഉപേന്ദ്രവജ്റം)	(4) ഇററലി	1	51
	തിരിച്ചെഴുന്നള്ളത്ത്	1	12
	പള്ളിക്കെട്ടിൻെറ ആലോചന	19	28

31-ാംസർഗ്ഗം ശാർദ്ദൂലവിക്രീഡിതം.

പൂഞ്ഞാർ രാജവംശം	1	13
വരൻ	14	15
പള്ളിക്കെട്ടിനുള്ള ഒരുക്കങ്ങൾ	16	22
വൈസ്രോയി വെല്ലിംഗ്ടൻപ്രഭുവിൻെറ ആഗമം	23	34
പള്ളിക്കെട്ടുകാര്യം	35	
ആറാട്ടുങ്ങൽ പള്ളിഭജനം	38	39
തേവാരത്തുകോയിക്കലേ സല്ക്കാരം	41	45
അതിഥികളുടെ വരവു	46	
മൈസൂർ യുവരാജാവു	47	48
സാണ്ടൂർ രാജാവു	49	
പെരുമ്പടപ്പിലെ തമ്പുരാട്ടിമാരും തമ്പുരാക്കന്മാരും	50	
ചിങ്കംപെട്ടിസെമിന്ദാർ	51	
കൊല്ലംകാട്ടുരാജാവും റാണിയും	52	
ഏററുമാനൂർക്ഷേത്രത്തിൽ വരൻെറ പള്ളിബ്ഭജനം	59	66
തിരുവനന്തപുരത്തു കന്യക കോവിലുകളിൽ		
ദർശനംചെയ്തു കാണിക്കയർപ്പിക്കൽ	67	
മരുതോന്നിച്ചാർത്തൽ	68	
നീരാട്ടുകഴിഞ്ഞുള്ള എഴുന്നള്ളത്ത്	69	
കാപ്പുകെട്ടു	70	71
അയനിപുഴിച്ചിൽ / മരക്കലം ഒഴുക്കൽ	72	74
ജൂബിലിഹാളിൽ സ്ത്രീസമ്മേളനം	75	79
17 വയസ്സുള്ള 17 ബാലികമാർ നിവേദ്യം സമർപ്പിക്കുന്നു	൮0	82

32-ാംസർഗ്ഗം വസന്തതിലകം.

	വരന്റെ പുറപ്പാടു്	1	14
	സ്വീകരണം	15	17
	വിവാഹവേഷാലംകൃതയായ വധുവിന്റെ ആഗമം	18	29
	അക്ഷതവൃഷ്ടി	30	
	വിവാഹഹോമം	31	
	താലിചാർത്തൽ	35	40
	ആഘോഷങ്ങൾ	40	46
	സദ്യ	47	48
	കൈകൊട്ടിക്കളി	51	
	കൺകെട്ടു	52	53
	ശാസ്ത്രക്കളി	54	56
	ഹരികഥ	57	
	പാഠകം	58	60
	സദിരു്	61	
	(റേഡിയോ) പ്രക്ഷേപണിയിൽ പലടത്തു സദിരു്	62	
	സിനീമാ	63	
	സർക്കസ്	64	65
	കഥകളി	66	75
	സംഗീതനാടകം	76	
	ഗദ്യനാടകം	80	
	ബാൻഡ്	81	84
	വാദ്ധ്യന്മാരുടെ ഉത്സവം	85	87
	ഔപാസനം	89	
	അവഭൃതസ്നാനം	90	91
	പട്ടണപ്രവേശം	93	100
	വെടിക്കെട്ടു	101	108
	മംഗളാശംസ	109	

33-ാംസർഗ്ഗം മാലിനി.

	കാലാവസ്ഥ	1	19
	ബീഹാർ ഭൂകമ്പം	20	23
	ദിവാൻ നവാബ് സർ ഹബീബുള്ള	24	26
(വസന്തതിലകം)	പത്രനിയന്ത്രണം	27	35
(മാലിനി)	കാലപ്പിഴ	36	41
	ജ്യോതിഷം	42	46
(ഹരിണി)	ടി	47	49
	ഋണനിവാരണം	50	56
	അഗ്നിബാധ	57	68
(മാലിനി)	ജലവൈദ്യുതശക്തി	69	79
	ചക്രവർത്തിതിരുമനസ്സിലെ രജതജൂബിലി	80	
	തിരുമനസ്സിലേക്കു ജി. സി. ഐ. ഇ. സ്ഥാനം	81	
	റബർ വ്യവസായശാല	82	90
	മലമ്പനി	91	

ഗ്രഹമോക്ഷഫലം	92	95
അബ്സീനിയായിലെ യുദ്ധം	96	98
തിരുമനസ്സിലെ ദീനാനുകമ്പ	100	102
മലമ്പനിനിവാരണമാർഗ്ഗം	103	104
ശുഭകാലാഗമം	105	109
സമസ്യതിലകസ്ഥാനം (ബന്ധശ്ലോകങ്ങൾ)	110	
വിജയപ്രാർത്ഥന	112	114
വിമാനം	115	116
മുറജപം	117	128
മംഗളാശംസ	129	130

ശുദ്ധിപത്രം.

വശം	ശ്ലോകം	പാദം	അബദ്ധം	സുബദ്ധം
30	51	1	സ്വമ്മന്ദിര	സ്വന്മന്ദിര
35	111	2	ളൊട്ടട്ടക്കി	ളൊട്ടക്കി
36	117	4	പരന്തവൻ	പരന്തപൻ
45	64	3	പൃത്ഥി	പൃത്ഥ്വീ
46	69	2	പൊഴിപോലുള്ള	പൊഴിഞ്ഞപോലുള്ള
48	84	1	വയ്യരമ്പോ	വായ്യരമ്പോ
48	85	4	ട്ടരംഗലം	ട്ടോരംഗലം
55	33	2	തിരിക്കവെ	തിരിക്കവേ
67	38	2	ക്ഷതീശ്വര	ക്ഷിതീശ്വര
90	23	3	വസ്തൃത	വിസ്തൃത
93	47	1	ധാന്യ	ധന്യ
104	51	2	നമരോടൊരുമിച്ചു	നമരരോടൊരുമിച്ചു
105	61	1	സുലഭോംത്തമ	സുലഭോത്തമ
127	31	1	തൊട്ട	തൊട്ടു
145	18	1	കുറവു	കുറവു
173	37	1	ശ്രയസ്സു	ശ്രേയസ്സു
180	16	2	വകതിരിവെട്ട	വകതിരിവൊട്ട
183	35	1	സൌഖമായി	സൌഖ്യമായി
185	47	3	സാമാധാന	സമാധാന
195	48	4	സ്വരാജ്യ	സ്വാരാജ്യ
200	36	3	മാഗലേശ്വര	മാംഗലേശ്വര
207	24	1	ഇൻഡ്യയിൽ	ഇൻഡ്യായിൽ
209	2	4	മൃഗത്തിന്നു	മൃഗത്തിനു
214	34	1	വദ്യാഭ്യാസം	വിദ്യാഭ്യാസം
215	39	4	മാഹായസ	മഹായസ
219	69	3	വിനീത	വിനീതി

231	28	1	ശശാങ്കകല	ശശാങ്കകല
237	5	3	പന്തരേ	പരന്തരേ
238	14	3	ഉരുവകന്നിരതാടതി	ഉരുവതിന്നിരതാടക
267	14	1	മാ താവടൊപ്പം	മാതാവൊടൊപ്പം
274	63	3	നാഗരാനഗര	നഗരാനഗര
291	16	2	സംഗത	സംഗീത
301	100	1	വാനരനതി	വാനരനിതി
310	34	3	അന്യേന്യ	അന്യോന്യ
310	30	3	വൈവസായിക	വ്യാവസായിക
322	44	2	പ്രസംഇ	പ്രസംഗ
322	45	3	കാണ്മൻ	കാണ്മാൻ
336	61	3	മൃത്തുഞ്ജയ	മൃത്യുഞ്ജയ
343	18	1	വളന്ന്വരാത്ത	വളൻവരാത്ത
343	19	2	മൂഢപിത	മൂഢപീത
352	80	2	ച്ചൊല്ലാതിരുന്നാടുകിൽ	ച്ചൊല്ലാതിരുന്നീടുകിൽ
373	113	1	നത്രക്ഷജൻ	നക്ഷത്രജൻ

ശ്രീചിത്തിരതിരുനാൾ മഹാരാജാവു.

തിരുമനസ്സുകൊണ്ടു്.

ശ്രീ ചിത്രോദയം

കാവ്യം.

ശ്രീപത്മനാഭപദപത്മപരാഗനിത്യ-
ലേപാപമാർജ്ജിതകളങ്കമണിക്കിരീടം
ആപാണ്ഡുരാത്മയശസാ, ശിരസാ ധരിക്കും
ഭൂപാലകന്റെ പദപങ്കജമാശ്രയം മേ.

പൂർവ്വചരിത്രം.

ശ്രീപാദഭൂഷണനിരന്തര ശിഞ്ജിതത്താൽ
"ശ്രീപാദ"മെന്നു പുകളാർന്ന നരേന്ദ്രഗേഹം
ഭൂപാന്തരത്തിലമരേന്ദ്രഗൃഹം; സ്വകീർത്തി
ധൂപാൽ സുഗന്ധിലത മേദിനിയിൽ പടർത്തി. 1

ദുഷ്ടാക്ഷമാരമണകാനനവാരണൌഘ-
വേട്ടപ്രിയൻ, പരശുരാമമുനിപ്രവീരൻ
സൃഷ്ടിച്ച കേരളനവത്രിദിവത്തി,ലിന്ദ്ര-
പ്പട്ടം കൊടുത്തതു, കുടുംബമിതിന്നുതന്നെ. 2

ശ്രീഭാർഗ്ഗവൻ കലശമാടിയ പുണ്യരാശി
ശ്രീഭാനുവിക്രമമഹീവലയാധിനാഥൻ
ഭൂഭാരമേറ്റു ജനരക്ഷവിധിക്കു ചെയ്തു
ശോഭിച്ചു, "നാരദപുരാണ"കഥാപ്രശസ്തൻ. 3

അന്ധന്റെ മക്കളൊടു പണ്ടു പടയ്ക്കു പോയ
കൌന്തേയസൈന്യനിവഹത്തിനു, സദ്യ നല്കി
ബന്ധുക്കളിൽ പ്രഥിതനാം പെരുമാൾ, പിറന്നോ-
രന്തസ്സിയന്ന തറവാടി,തുതന്നെയല്ലോ. 4

"ധമ്മോസ്മദീയകുലദൈവത"മെന്നമുദ്ര
കമ്മത്തിനാൽ, സതതമങ്ങനെ സാത്ഥമാക്കി
ധമ്മാത്മജപ്രഭൃതിഭൂപതിമാരിലൊക്കെ
ധാമ്മിഷ്ഠരാം, ധരണിപാല,രിതിൽപിറന്നു. 5

വിശ്വംഭരന്റെ കലയോടവതീണ്ണരെന്നു
വിശ്വാസഭക്തികലരുന്ന മഹാജനങ്ങൾ
ഐശ്വര്യമേറുമരചക്കഭിമാനമേകി-
ശ്ശാശ്വൽസുഖത്തൊടുവസിച്ചു വിനീതരായി. 6

കാലത്തിരയ്ക്കടിയിലാണ്ടുകഴിഞ്ഞ പൂവ്വ-
കാലത്തിലേ,ച്ചരിതമെങ്ങനെ നാം ഗ്രഹിയ്ക്കും?
കാലേയകാലകലുഷീകൃതമാം ചരിത്ര-
കോലാഹലത്തിനു ധരിത്രി വിധേയമായി. 7

ഒന്നായ്കിടന്ന മലയാളവിശാലരാജ്യം
ഭിന്നിച്ചനേകമിടനാടുകളായ്ത്തിരിഞ്ഞു
എന്നാ"ലിരട്ടമല"തൊ"ട്ടിടവാ"വരയ്ക്കു
മന്നും ശരിക്കു നിലനിന്നിതു വഞ്ചിരാജ്യം. 8

* "അന്നന്നക"ക്കലിമുഴുത്തളവിങ്ങു ചേര-
മന്നൻ ചമച്ചു "തിരുവഞ്ചികുലത്തു"ഗേഹം
പിന്നെപ്പിറന്ന "കുലശേഖര"പൂവ്വ"നാൾവാർ"
തന്നാൽ ബഹിഷ്കൃതമഹോകലി "നീചദൈത്യം." + 9

? "ന്യൂനം നലം" കലിയിലും വരുമെന്നു "ധീരൻ"
കാണിച്ചു "കേരള" നൃപൻ "തിരുവഞ്ചി" വാണാൻ
ക്ഷോണീശരിൽ പ്രഥിതനാകിയ വിക്രമാക്കൻ ×
നാണിക്കുമാറു, നിജ കീത്തി പരത്തി ഭൂപൻ. 10

ക്രിസ്തുമതവും തോമ്മാശ്ലീഹായും.

"തോമ്മാ"ഭിധാന പരദേശി കടന്നുവന്നു
തൻമാഗ്ഗമിക്കരെ വിതച്ചു മുളച്ചിടുമ്പോൾ

* കലിവഷം 1000. + കലിവഷം 1860.
? കലിവ: 3000. × വിക്രമാദിത്യൻ.

ഹൎഷം കലൎന്ന ജനമാക്കലി "ഗോമയാംബു"*
വൎഷം തുടങ്ങി വളരുന്നതിനെന്നപോലെ. 11

കന്യാകുമാര,നൊരു ഗോകുലജാതനായ
ധന്യൻ, മനുഷ്യസഹജാഘവിഘാതകാരി
തന്നാജ്ഞയാൽ മൃതനു ജീവനേകി, പൊട്ട-
ക്കണ്ണന്നു കാഴ്ചയുളവായി നിരന്തരായം. 12

കുന്നിന്നു തുല്യമുയരും തിരമാലയോടു
മൊന്നിച്ചു കാററു "ഗലിലി"ക്കടലിട്ടിളക്കി
എന്നാലതൊററമൊഴി കൊണ്ടുടനേ ശമിപ്പി-
ച്ചന്യാദൃശാത്ഭുതകരക്രിയ ചെയ്തുകൊണ്ടും. 13

ദ്രോഹിയ്ക്കുമേതൊരു വിരോധി ജനത്തിനേയും
സ്നേഹിക്കവേണ,മരുതേ, പ്രതികാരബുദ്ധി
സൌഹാൎദ്ദമേതു സമസൃഷ്ടിയൊടുംവരേണം
സ്നേഹസ്വരൂപി ജഗദീശ്വരനെന്നുരച്ചും. 14

സാരോപദേശമതുപോലെ മഹാത്ഭുതങ്ങ-
ളോരോന്നുമിങ്ങിനെ നടത്തി നടന്നിടുമ്പോൾ
വൈരം പെരുത്തൊരു യഹൂദപുരോഹിതന്മാർ
ക്രൂരം തറച്ചു കുരിശിൽ; പല പീഡചെയ്തു. 15

എന്നിട്ടുമെന്തു? മൃതനെന്നവരെണ്ണുമേശു-
മൂന്നാം ദിനം നിജശരീരമൊടൊത്തുയൎന്നു
സ്വൎന്നായകൻെറയരികത്തിലണഞ്ഞുവെന്നു-
മെന്നല്ലവൻ പരമദൈവകുമാരനെന്നും. 16

ചൊല്ലൊങ്ങുമേശുവൊരുമിച്ചു നടന്ന ശിഷ്യ-
രാപ്പന്തിരണ്ടു;വരിലുൾപ്പെടുമേഷ "തോമ്മാ"
ഇപ്പാൎത്തലത്തു ചിലടങ്ങളിലേഴപള്ളി-
വയ്പിച്ചു; ക്രിസ്തുമത ഭാവിഗുണാഭിലാഷി. 17

---

* കലി വ: 3153.

മലയാളബ്രാഹ്മണാധിപത്യവം
പെരുമാൾക്കന്മാരുടെ വാഴ്ച്ചയും.

അക്കാലമിക്കരയിലന്തണരും സ്വാതന്ത്ര്യ-
പ്രഖ്യാപനത്തൊടു ചിലേടമടക്കി വാണു
പില്ക്കാലമായതു കുഴഞ്ഞതുകൊണ്ടു രാജ്യ-
രക്ഷയ്ക്കു (1)“തക്കബല”വാൻ നൃപനേ വരുത്തി. 18

ആ“ച്ചേരമാ”നരിയ “കേരള”നന്തണന്മാർ
വച്ചൂകിരീട; മുടവാൾ പെരുമാളെടുത്തു
വീഴ്ചയ്ക്കു സംഗതി വരാതെ ഭരിച്ചു; “രാജ്യ”– (2)
വാഴ്ചയ്ക്കു കാലമുറപോൽ പെരുമാക്കളായി. 19

ആ “ദ്വാദശോത്തരശതദ്വിതയാ”ബ്ദമേവം
വിദ്വൽകിരീടമണിമാർ പെരുമാക്കൾ വാണു.

ആദിശങ്കരാചാൎയ്യർ.

അദ്വൈതവാദിഭഗവാൻ ജഗദൈകവന്ദ്യ-
നിദ്ദിക്കിലന്നവതരിച്ചു ശശാങ്കചൂഡൻ. 20

(3)“താലോലഗാ”നമൊടു മാപ്പെരിയാറെടുത്തു
ലാളിച്ച “കാലടി”യിലുള്ളൊരകായിലമ്മ
ഈലോകചക്രമിരുളിൽ തളരാതിരിപ്പാൻ
ബാലാൎക്കതുല്യശിശുവേ പ്രസവിച്ചതല്ലോ. 21

ശ്രീശങ്കരാഭിധ,നനേക കലാവിദഗ്ദ്ധ,-
നാചാൎയ്യ,നത്ഭുതകരൻ, മലയാളിവിപ്രൻ
വാചാമഗോചരജഗൽഗുരു, ധൎമ്മതങ്ങൾ-
ക്കാചന്ദ്രതാരമുലകിൽ തലതാഴ്ത്തിവച്ചാൻ. 22

വെവ്വേറെയുള്ള ജലരാശിയിലക്കബിംബ-
മെവ്വണ്ണമോ പ്രതിഫലിപ്പു,തതിൻപ്രകാരം
ജീവാത്മകപ്രകൃതിരൂപമഖണ്ഡസച്ചിൽ-
ഭാവപ്രകാശനമിതെന്നു വെളിപ്പെടുത്തി. 23

---

(1) കലി വ: 3316. (2) 12 കൊല്ലം (3) കലിവൎഷം 3336

സർഗ്ഗസ്ഥിതി പ്രളയകാരണ ശക്തിമൂന്നു-
മാക്കുള്ളതെന്നു;മെവനദ്വയനേകനെന്നും
കാണിച്ചുതന്നു കണിശത്തൊടഖണ്ഡസച്ചി-
ദാനന്ദരൂപനവനെന്നതുദാഹരിച്ചു. 24

ആർഷം മതത്തിനുടെ തത്വ മനർഘ ഗീതാ-
ഭാഷ്യാദി, തൽകൃതികളാൽ തെളിവാക്കി യുക്ത്യാ
പാഷണ്ഡ ധർമ്മതമസംഖ്യമിതിൻപ്രകാശേ
വർഷോപലത്തിനു സമാനമഹോ ദ്രവിച്ചു. 25

ആപ്പുണ്യപൂരുഷനുദിച്ചൊരു വഞ്ചിരാജ്യ-
മിപ്പാർത്തലത്തിലവിതർക്കിത പുണ്യതീർത്ഥം
ഇപ്പോലെയാ,രെവിടെ,യെന്നു, ജനിച്ചു? ലോക-
രെപ്പേരുമിപ്പുരുഷനേ സ്തുതി ചെയ്തിടുന്നു. 26

കത്തുന്നൊരാ നിലവിളക്കിനടുത്തടിക്കു
വൃത്തത്തിലുള്ള നിഴലുള്ളതുപോലെ കഷ്ടം!
തത്വപ്രകാശമണിദീപമുദിച്ച ദിക്കിൽ
പാർത്തീടുവോർക്കിരുളു നീങ്ങുകയില്ലയെന്നോ? 27

പോരിന്നുപോയൊരു പദാതി പടക്കളത്തിൽ
ചോരപ്പുഴയ്ക്കു നടുവിൽ പിണമായ് കഴിഞ്ഞാൽ
ആരാധനീയനവനെന്നു ജനം നിനച്ചി-
ട്ടോരോവിധം സ്മരണയേ നിലനിർത്തുമല്ലോ. 28

ചാർവ്വാകധർമ്മതരതോഗ്രരണം ജയിച്ചു
സർവ്വജ്ഞപീഠ മധിരോഹണവും നടത്തി
ഉർവ്വിക്കു വീരജനനി പദമേകിയിട്ടും
നിർവ്വിഘ്നമാ സ്മരണയേ നിലനിർത്തിയോ നാം? 29

ശ്രീവീരകേരളവർമ്മ.

"ശ്രീവീരകേരള"നൃപൻ "രിപുവർഗ്ഗ"(1)കാലൻ
ശ്രീവഞ്ചിനാട്ടുടയകേരളചക്രവർത്തി
ഭൂവാസികൾക്കു ഗുണവാൻ കുലശേഖരേന്ദ്ര
ശ്രീഭാനുവിക്രമകുലാംബുധി പൂർണ്ണചന്ദ്രൻ. 30

ചെമ്മേ "തുലാപുരുഷദാന" "ഹിരണ്യഗർഭ"
കർമ്മങ്ങൾചെയ്തു കലിദോഷമകററിനിത്തി
ഇമ്മേദിനിക്കു പുകളേററി വയോധികത്വേ
സ്വർമന്ദിരത്തിലെഴുന്നെള്ളി മഹാനുഭാവൻ. 31

ഭാസ്കരരവിപ്പെരുമാൾ.

മോക്ഷാർത്ഥി,ഭാർഗ്ഗവ രവിപ്പെരുമാ,ളൊട്ടുക്ക-
മിക്ഷോണികാത്ത പെരുമാ,ളുടലോടുകൂടി
സാക്ഷാന്മഹേശപദം പ്രതി,യാതനെന്നു
കേൾക്കപ്പെടുന്നു കഥ; വാസ്തവമാരറിഞ്ഞു? 32

പെരുമാക്കന്മാരുടെ ഭരണാവസാനം.

ആ "ദാരുണാംഗ"(2) കലിവർഷസമാഗമത്തിൽ
ഭൂദേവസൃഷ്ടപെരുമാൾ ഭരണം നിലച്ചു
ഏതെങ്കിലും തദനു തത്ര പെരിമ്പടപ്പു
ബാധിച്ചു കുക്കുടപുരത്തിനു "കുന്നലക്കോൻ." 33

സാമന്തഭൂമിപതിമാർ ചിലരും സ്വതന്ത്ര-
രീമന്നിടത്തു ചിലടത്തു കടന്നുറച്ചു
ഈമട്ടിലായതിനു, കേരളചക്രവർത്തി
നാമാങ്കിതൻെറ ബലഹീനത, ഹേതുവല്ലൊ. 34

കൊല്ലവർഷം.

കല്യബ്ദ മുജ്ഝിതചതുഷ്ക ചതുസ്സഹസ്രം
ചെല്ലുന്ന ചിങ്ങരവിസംക്രമ സന്മുഹൂർത്തേ
കൊല്ലത്തുവച്ചുദയഭാസ്കരവർമ്മരാജൻ
ചൊല്ലാർന്ന കൊല്ലവരിഷം പുതുതായ്തുടങ്ങി. 35

അദ്യാപി സൌരഗണിതം ശരിയായ്നടത്തും
വിദ്വച്ഛിരോമണികളുള്ളൊരു കേരളത്തിൽ
ഉദ്യൽപ്രഭാകരഗതിക്കു കണക്കെട്ടപ്പാ-
നാദ്യിക്കു കേന്ദ്രമതുകൊണ്ടിതു ചെയ്തപോലും 36

ബുദ്ധമതം.

"എല്ലാമനുഷ്യനുമൊരേനില; ജാതിഭേദ-
മില്ലാർക്കു,മാരുമൊരു ഹിംസ്രമൃഗത്തിനേയും

(1) 3412 (2) 3528.

കൊല്ലൊല്ല, ഹിംസ മനസാ വചസാപി ചെയ്താൽ
വല്ലാത്തപാപ;മതിനില്ല നിവൃത്തിനീക്കാൻ. 37

പുണ്യം പരോപകൃതി; പാപകരം പ്രവൃത്തി-
യന്യന്നു ചെയ്തിടുമുപദ്രവ;മായ്ഗണിയ്ക്കും
പുണ്യങ്ങളാലൊഴികയില്ലൊരുപാപകൎമ്മ-
മെന്നെങ്കിലും ഫലമശിച്ചു നശിച്ചിടേണം. 38

കൎമ്മങ്ങളാശവഴിവന്നു വലിഞ്ഞുകേറി-
ജ്ജന്മങ്ങളിൽ പലഫലം തരുമെന്നമൂലം
നിൎമ്മൂലമാശകളയേണ;മതൊന്നുകൊണ്ടേ
മേന്മയ്ക്കു സംഗതിവരൂ നരനായ്പിറന്നാൽ. 39

"നിൎവ്വാണ"മാണു പരമംപദ;മന്യമല്ല
ദുൎവ്വാരജന്മദുരിതത്തിനിതാണുമോക്ഷം"
എവംപറഞ്ഞുമിഹ ബുദ്ധമതപ്രസംഗം
ചെയ്താ"നശോകനൃപപുത്രതരണഞ്ഞിരുന്നു. 40

ശെരൗയ്യൂഗുരുപാതിരി.

"ശെരൗയ്യോ"രിതി പ്രഥിതനായൊരു "കാത്തോലിക്ക-"
നൈരോപ്യപാതിരി കടൽക്കരെവന്നുചേൎന്നു
ധൈൎയ്യാബ്ധി മുക്കി ബഹുമുക്കവരേ മതത്തിൻ
സ്വാരംകലൎന്നു തെളിവാനൊരു "മാമുദീസാ." 41

ആ പ്പാതിരിക്കിതരമാൎഗ്ഗിനൃപൻെറനേരേ
താല്പൎയ്യമെന്നു ചില സംഗതിയാൽ തെളിഞ്ഞു
മുൽപാട്ടുതൻെറ കുരിശ്ശും കൊടിയും വഹിച്ചു
നില്പായി പാണ്ഡ്യരൊടു ഭപാരിനു നേരിടുമ്പോൾ. 42

തുങ്ങുന്ന രൂപമൊടുമാക്കുരിശ്ശും ചുമന്നു
നീങ്ങാതെനിന്ന പരദേശിയെ നോക്കിയപ്പോൾ
തങ്ങൾക്കുതോൽവി പിണയുന്നൊരു വിദ്യയെന്നു
ശങ്കിച്ചു പാണ്ഡ്യഭടരന്നു തിരിച്ചുമണ്ടി. 43

നായന്മാർ.

ആപ്പൂർവ്വകാലമിഹ നാട്ടിനു നായകത്വം
കെല്ലാന്നു നായരുടെ കയ്യിലിരുന്നിരുന്നു
എപ്പോഴുമായുധമെടുത്തു പടയ്ക്കിറങ്ങാ-
നാപ്പൂരുഷക്കു മടിയില്ല മടങ്ങുകില്ല. 44

ആണായ്പിറക്കിലവനായുധ വിദ്യ വേണ്ട-
താണെന്നു നായരുടെ ജാതി ധരിച്ചിരുന്നു
വേണാട്ടിലാ ക്കരതിരിഞ്ഞവിടത്തിലൊക്കെ-
ക്കാണാമനേകകളരിസ്ഥലമിന്നുപോലും 45

കെട്ടുന്നുകച്ച ചെറിയന്നു തുടങ്ങി,യാഞ്ഞു
വെട്ടും, തടുക്കു,മതുപോലെ മറിഞ്ഞുനില്ക്കും
ഒട്ടുക്കു തന്നുടലൊരേ, പരിചയ്ക്കുകത്തു
പെട്ടെന്നൊതുക്കുമതിനില്ലൊരു ക്രൂസലേതും. 46

ഞാണിൻതഴമ്പിരുകരങ്ങളിലും തിളങ്ങി
ക്കാണാത്ത നായരപഹാസ്യ,നന്നായരത്രേ
ബാണാസി ചമ്മ ഗദ കുന്ത മുഖായുധൌഘ
പാണിയ്ക്കു, പോരിലസുവും തൃണവും സമാനം 47

പോരിന്നു പോകുമൊരു നായ,രവൻെറ പൂർവ്വ-
ന്മാരേ സ്മരിച്ചു, പരദേവതയേ നമിച്ചു
നേരേ സ്വമാതൃപദമൻപൊടു കുമ്പിടുമ്പോഠം
സൈ്വരം കുമാരകനൊടിങ്ങനെ ചൊല്ലുമമ്മ 48

"പോരിൽ ജയിച്ചു വിരുതോടു തിരിച്ചുവന്നു
ചേരുന്നതിന്നു, പരദേവതമാർ തുണയ്ക്കും
പോരായ്കയാണു മകനേ! പുറകും മറിഞ്ഞു
പോരുന്നവൻെറ തറവാട്ടിനതോർത്തുകൊഠംക." 49

പ്രാണപ്രിയൻ പടനിലത്തു ഗമിച്ചിടുമ്പോ-
ളേണാക്ഷിമാരരുമയാം മകനേയെടുത്തു
"മാനം കെടുത്തരുതു കുഞ്ഞിനെ, വീരപത്നി
ഞാ"നെന്നുചൊല്ലി വിജയാർത്ഥിനി യാത്ര ചൊല്ലും. 50

ക്ഷോണീശനംഗപരിപാലകനായ നായ
രാണത്തമോടരികുലത്തെയരിഞ്ഞു തള്ളും
പ്രാണൻ കളഞ്ഞിടുമവൻ നൃവരൻെറ രക്തം
കാണപ്പെടുന്നതിനു സംഗതിവന്നുപോയാൽ 51

സ്വാമിക്കു സംഗരശിരസ്സിലിരിപ്പു നാക-
മാമെങ്കി,ലപ്പൊഴുതു വൈരികളോടു നേൎത്തു്
സാമൎത്ഥ്യമോടു പൊരുതിട്ടവരേപ്പൊടിച്ചും
ക്ഷേമപ്രദം ത്രിദിവലോകമണഞ്ഞുകൊള്ളും. 52

രാജാംഗരക്ഷകനവൻെറ നൃപൻ മരിച്ചാ-
ലാ,ജന്മമപ്പൊഴുതുതന്നെ തുലച്ചിടാഞ്ഞാൽ
ആ ജാതി, തള്ളുമവനേ വെളിയിൽ ക്ഷണത്തി-
ലാ ജീവനാന്തമപമാന, മിതാൎക്കുസഹ്യം? 53

ഓരോകരയ്ക്കുമൊരു മുന്നിലനായരുണ്ടു
പോരിന്നു മുന്നണിയിലേക്കു മുറയ്ക്കു നില്ക്കാൻ
ചേരിക്കു മാനമുളവാക്കിയ "ചേരുമാന-
ക്കാരൻ" പടയ്ക്കു ഭടരേ ക്രമമോടു ചേൎക്കും. 54

എപ്പോഴും പടയ്ക്കുവിടെയെത്തണ,മെന്നു മന്നൻ
കല്പിയ്ക്കുമപ്പൊഴുതു ശസ്ത്രമെടുത്തൊരുങ്ങി
ക്ഷിപ്രം പുറപ്പെടുവതിന്നു മുതിൎന്നു നായ-
രിപ്പാൎത്തലത്തെവിടെയും കുടികൊണ്ടിരുന്നു. 55

ചോദിച്ചതില്ലിതിനു ശമ്പള;മന്നു നായർ
ജാതിയ്ക്കുചേൎന്ന തൊഴിലെന്നു നിനച്ചിരുന്നു
ബോധിച്ചപോലെ കൃഷിചെയ്തു കഴിച്ചിലിന്ന-
ന്നാദായമുള്ളവയെടുത്തു നടന്നിരുന്നു. 56

ഭൂപാലനും ഭുവനനായകനായ പത്മ-
നാഭന്നുമുള്ള ചിലവിൻെറ വകയ്ക്കുദാരം
ഗവ്യാജ്യഭോജ്യവിഭവങ്ങളെ മുൻനിലക്കാർ
ദ്രവ്യങ്ങളോടിഹ പിരിച്ചുകൊടുത്തുപോന്നു. 57

കരകളിലെ ഭരണരീതി.

ഏതെങ്കിലും കരയിലക്രമമാം പ്രവൃത്തി
ചെയ്താൽ പിടിച്ചു കരനായകരാക്ഷണത്തിൽ
നീതിയ്ക്കു ചേൎന്നപടി പാതകികൾക്കു പക്ഷ-
പാതം വരാതെ പലശിക്ഷ കൊടുത്തുപോന്നു 58

ചെയ്യും കരാറനുസരിച്ചു നടത്തിടാതെ
പോയാലതിന്നു പരിഹാരമുടൻ വരുത്തും
ന്യായാനുസാര മൃണബാദ്ധ്യത തീൎത്തിടാഞ്ഞാൽ
ചെയ്യാ,മരിക്കമളവിൽ ശവദാഹകൎമ്മം 59

ഓരോവക ത്തൊഴിലിനും കരതോറുമന്നു
നേരുള്ളതായ തൊഴിലാളികൾ പാൎത്തിരുന്നു
സാരജ്ഞരായ കരനായകരായവൎക്കു
ദാരിദ്ര്യദുഃഖമണയാതെ തടുത്തിരുന്നു 60

സമ്പൂൎണ്ണമായ കരശാന്തതയോടു നല്ല
സമ്പൽസമൃദ്ധിയിലിരുന്നു നിരന്തരായം
മുമ്പുള്ളൊരീക്കരയിണങ്ങിയ നാട്ടുക്കൂട്ടം
മുമ്പിട്ടുനിന്നു നൃപതിക്കു സഹായമായി. 61

എട്ടുവീട്ടുകാർ

ശ്രീപത്മനാഭനുടെ കോവിലിലുള്ളകാൎയ്യം
ഭൂപാലരന്നധിക ജാഗ്രതയോടു നോക്കി
രൂപാന്തരത്തിലതു യോഗജനാധികാര
ലോപത്തിനെന്നു ചിലരന്നു കുറിച്ചുവച്ചു. 62

രാജാധികാരമനിയന്ത്രിതമായിരിപ്പാൻ
ഭൂജാനികൾക്കു പുനരാഗ്രഹമങ്കുരിച്ചു
ആജ്ഞാനസംഘ മറിവിപ്പതനാദരിച്ചു
യോജിച്ചുനിന്നവരെ വൈരികളായ് ഗണിച്ചു. 63

ദേവൻെറ കാൎയ്യഭരണാൎഹതയുള്ളതെന്നു
ഭാവിച്ചൊരഷ്ട ഗൃഹനായകരൊത്തു ചേൎന്നു
സേവിച്ച മൂൎത്തിയൊരു മാരണമായ് ഭവിപ്പാൻ
ഭൂവല്ലഭൻെറ കുലവൈരികളായിപോലും. 64

തൊണ്ടയ്ക്കകത്തു കുരുവെന്നതുപോലെ രാജ-
കണ്ഠീരവക്കിവരുപദ്രവമായി വന്നു
ഉണ്ടാമിരട്ടിമധുരം കലരും വിശുദ്ധ-
സ്നേഹങ്ങളാൽ ശമനമെന്നിവരോർത്തതില്ല. 65

ആദിത്യവർമ്മ

ആദിത്യവർമ്മനൃവരൻ ബഹുശാന്തശീലൻ
നീതിജ്ഞനീശ്വരസമർപ്പിതശുദ്ധചിത്തൻ
ഈ ദുർഘടസ്ഥിതിയിലൊട്ടു കുഴഞ്ഞു; ജാത-
വേദസ്സയൻ സദനഗ്രസനം നടത്തി. 66

ശുദ്ധം നിവേദ്യമമൃതേത്തിനു കൊണ്ടുപോകും
മദ്ധ്യേ കലർത്തി വിഷമെന്നൊരു കേൾവിയുണ്ടു
ശുദ്ധം കബന്ധമിതു; വൃദ്ധതയിൽ സ്വഭാവ-
സിദ്ധം മൃതിയ്ക്കു നൃപമൗലി വിധേയനായി. 67

ഉമയമ്മറാണി.

ആറാൺകിടാങ്ങളൊരുമിച്ചുമയമ്മറാണി
പാരാണ്ടു; രാജകുല വൈരികളെട്ടുവീടർ
വൈരം വെടിഞ്ഞ നിലയിൽ ഫലമായടുത്താ-
രാ രാജ്ഞിയോടു വിഷഗർഭിതമോദകം പോൽ. 68

ആപ്പൂതനാരജനി, പാലൊളിവെണ്ണിലാവു
തപ്പിച്ചുടുത്തളവു രാജകിശോരകന്മാർ
ഒപ്പം ചിരിച്ചു വിഹരിച്ചു ശശാങ്കബിംബ-
ദർപ്പം കുറച്ചൊരു സരസ്സിനടുത്തു ചെന്നു. 69

തേററാമ്പരൽസ്ഫടികണക്ക സുധാംശുതേജ-
സ്സേററെത്രയും തെളിവിയന്ന പയോധിപോലെ
ഏററം പ്രശാന്തതയിലങ്ങിനെ കണ്ടു; ചന്ദ്രൻ
മറെറാന്നു മുങ്ങിയതിനുള്ളിലൊളിച്ചതായും. 70

തേനിററിടുന്നൊരരളിക്കുസുമത്തിനൊപ്പം
ന്യൂനം ഖലാഗ്ര്യനൊരുവൻ മധുവാണിതൂകി
"ഈ നില്ക്കുമമ്പിളിയെ മുങ്ങിയുടൻ പിടിക്കാം
ഞാനെന്റെക്കൂടെയിഹ നിങ്ങളുമൊത്തുവന്നാൽ" 71

എന്നുംപറഞ്ഞവനിറങ്ങി; കുമാരകന്മാ
രൊന്നിച്ചു മുങ്ങി; യവരേപ്പിടികൂടി ദുഷ്ടൻ
അന്നഞ്ചു ബാലകരെയും ശിവ! വീർപ്പുമുട്ടി-
ച്ചൊന്നായ്കഴിച്ചു കഥ; ഘാതകനെന്തുമാകാം? 72

വാപീ! നിനക്കു വലുതാം തലയില്ല; ശുദ്ധ-
പാപീതി സംജ്ഞയിനിമേലെഴുതപ്പെടേണം
ഭൂപാലബാലകരിലഞ്ചിനെയും ഗ്രസിച്ച-
നീ പഞ്ചപാപി നരകക്കുഴി നിന്റെ ഗർത്തം. 73

ശ്രീവഞ്ചിപാല കുലബാലരെയഞ്ചുപേരേ
യാ വാപിയിൽ കഥകഴിച്ചതു നോക്കി നിന്നോൻ
നീ, വൻകളങ്കമതി വെണ്മതിയല്ല, പാപ-
മാവിഷ്കരിച്ചതു കളങ്കമിതന്യമല്ല. 74

ആ ബ്രഹ്മഹത്തിയുടയോൻ ശിരസാ വഹിക്കും
നീ ഭ്രൂണഹത്യ ലഘുവെന്നു നിനച്ചിരിക്കാം
ആപ്പെററതല്ലയിതു കേൾക്കകിലീപ്രപഞ്ച-
മെപ്പേരുമപ്പൊളിരുളേറി മറഞ്ഞുപോകും. 75

പ്രാണങ്ങളഞ്ചുമൊരുപോൽ കളയുന്നപഞ്ച-
ക്ഷോണീകുമാരരുടെ വീർപ്പു തടഞ്ഞനേരം
ക്ഷോണീരുഹങ്ങളിലയൊന്നിളകാതെനിന്നു
വേണാട്ടിലാററിലുമൊഴുക്കു നിലച്ചിരിക്കാം. 76

താൻ, ക്രൂരകർമ്മമിതു കണ്ടറിയുന്നുവെന്ന
സങ്കല്പമോട്ടടനുലൂകമിരുന്നു മൂളി
ശങ്കിച്ചു ഘാതകനവൻ കരയേറിയോടി-
പ്പങ്കം പുരണ്ടിതു തദാ പരിശുദ്ധഭൂമി. 77

ശ്രീവഞ്ചിപാല കുലതന്തു മതീ! മതിഭ്രാ-
ന്തിവാർത്ത കേട്ടു ഭവതിക്കു വരൊല്ല തെല്ലും
ഏവം ഭവിയ്ക്കുമതിദുഃഖമപേതദുഃഖ-
ഭാവം കലർന്നു; പിതാമഹദുഷ്ടനീതി. 78

ലോകങ്ങളൊക്കെ നിജ കുക്ഷിതലേ വഹിക്കും
ശ്രീകൃഷ്ണനേ നിജ വയററിനകത്തൊതുക്കി
സ്ത്രീകൾക്കുമേന്മയരുളുന്നൊരു ദേവകിക്കു-
ചാകാൻ ജനിച്ചിതു കുമാരകരേഴുമുന്നം. 79

പെററിട്ടകുട്ടിയെ, യനിത്യത, മുമ്പെടുത്തു
നെററിക്കു നൽകുമൊരു ചുംബനമിമ്പമോടേ
ഉറേറാക്കെടുത്തു പരിലാളന ചെയ്തു നന്നായ്
പോററുന്നതിൻെറയവകാശമഹോ ദ്വിതീയം. 80

സർവ്വം സഹാഭരണനിർവ്വഹണൈകചിത്തെ!
ദുർവ്വാരദുസ്സഹവിപൽക്കരദിഷ്ടദോഷം
സർവ്വം സഹിക്ക കഴികുന്നുകളാൽ പരീതം
ദർവീകരോത്തമശയാനനനുഗ്രഹിക്കും. 81

വെള്ളത്തിലാണ്ടു മരവിച്ചു മരിച്ചുനാട്ടാ-
ക്കുള്ളത്തിലന്നു വലുതായൊരു തീകരേറി
പൊള്ളിക്കുമാറഹഹ! പള്ളിയടക്കുമുക്കിൽ
കൊള്ളിക്കിടക്കകളിലായി കുമാരരഞ്ചും. 82

പഞ്ചാത്മജാപമൃതിയാൽ പരിതാപഭാര
ചഞ്ചന്മനസ്വിനി ചതിപ്പണിയേബ്ഭയന്നു
പിഞ്ചാംകുമാരനൊരുമിച്ചകലെത്തപസ്സു
താൻചെയ്വതിന്നു "നെടുവൻഗഹനേ"*ഗമിച്ചു. 83

അഞ്ചാൺകിടാങ്ങളൊരുമിച്ചു കുളത്തിൽ വീണു
പഞ്ചത്വമാർന്ന കഥയിങ്ങനെ കേൾവിപോലെ
ഞാൻ ചൊല്ലിനേ,നിതു വെറും പൊളിയെന്നുതന്നെ
കിഞ്ചിൽ തിരിച്ചറിവുവച്ചവരോർക്കുമല്ലോ. 84

പുത്രൈകചിത്തയുടെ ഭൂഭരണപ്രസക്തി
യത്യർത്ഥമന്നു കുറവായതു കാരണത്താൽ

---

* നെടുവങ്കാട്ട് = നെടുമങ്ങാട്ട്.

ശത്രുക്കളഷ്ടഗ്രഹനായകരൊന്നുചേൎന്നു
ശക്തിപ്പെട്ടന്നതിന്നു സംഗതിവന്നപോലും. 85

മുകിലപ്പട.

എന്നാലിതിന്നിടയിലാമുകിലന്റെ സേന
തെന്നിൻഡ്യവിട്ടുടനനന്തപുരത്തുവന്നു
അന്നാരുമില്ല പടവെട്ടുവതിന്നു; സുംഭൻ
തന്നെ, ബ്ഭയന്നു സുരരൊപ്പമൊളിച്ചു കാട്ടിൽ. 86

തീവച്ചു വീടുകളനേക;മസംഖ്യമായി
ദ്രവ്യം കവൎച്ചയിലെടുത്തു തുരുഷ്കസൈന്യം
കാർവേണിമാരുടെ ചരിത്രമശുദ്ധമാക്കാൻ
ഭാവിച്ചവൎക്കഹഹ! കീചകയോഗമായീ 87

ശ്രേഷ്ഠം മഹമ്മദുമതം ശരിയായറിഞ്ഞ
പട്ടാണിമാർ പൃഥിവിപാലകസേവകന്മാർ
പെട്ടെന്നു ചെന്നു മുകിലപ്പടനായകന്റെ
യിഷ്ടം പിടിച്ചു മതബന്ധമിരിക്കമൂലം. 88

അദ്വൈതവാദി നിബി സൎവ്വസഹോദരത്വ-
മത്രേ വിധിച്ചതു സമത്വവുമപ്രകാരം
സത്യവ്രതൻ നിജമതത്തെ ബലം പ്രയോഗി-
ച്ചി"ദ്ദുന്നിയാബി"ലൊരിടത്തുപരത്തിയില്ല. 89

തിന്നുന്നചോറിന്നെതിരായ് ചതിയായ് മതത്തി-
ലൊന്നിച്ചുചേൎക്കുക നമുക്കു നിഷിദ്ധമത്രെ
എന്നുള്ളതൊക്കെയുമുറച്ചറിവിച്ചു സർദാർ
തന്നന്തികത്തു സദയം വിനയാനതന്മാർ. 90

"ക്ഷേത്രങ്ങളിൽ കയറൊലാ, ബലമായ്പിടിച്ചു
ചേൎത്തീടൊലാ വിമതരേ സ്വമതത്തിലേക്കു
പുത്രാപമൃത്യുപരിതപ്തമനസ്കു റാണി
പാൎത്തീടുമാവഴി കടക്കരുതേ ഭടന്മാർ." 19

അത്ഥിച്ചതാസകലവും ശരിവച്ചു സർദാ-
രാട്ടിക്കുകൾക്കധിപനെന്ന നിലയ്ക്കിരുന്നു
ആസ്ഥാനമാക്കി,യവനന്നു വെറും "മണംകാ"-
ടിലോത്രിനാഥസദനങ്ങളിലേറിയില്ല. 92

എന്നാൽ തുലുക്കരുടെ മാതിരി ചേല ചെയ്യാൻ
സന്നദ്ധരാകണമശേഷരുമൊന്നുപോലെ
പെണ്ണുങ്ങൾ ചുററിയുടയോടഥ പച്ചകുത്തും
നന്നായ് നടത്തി മുലമൂടി നടന്നിടേണം. 93

തോമ്പാളവക്കലെയിവയ്ക്കിടയിൽകിടക്കും
ഭൂവാസികൾക്കഖിലമിങ്ങനെ വേഷമാക്കി
ആ വീരനായ മുകിലൻ കുടികൊണ്ടു; പൂച്ച-
പോവാത്തിടത്തെലികുലം വിളയാട്ടമല്ലോ. 94

റാണിക്കു രാജ്യമിതുപോലെ കിടപ്പതോത്തും
ക്ഷീണിച്ച തൻെറ ബലവും നിലയും നിനച്ചും
ഊണില്ലുറക്കവുമൊട്ടുക്കമെഴത്തയച്ചൊ-
രാണത്തമുള്ള നിജബന്ധുവിനേ വരുത്തി. 95

ശ്രീകോട്ടയത്തരചനാകിയ പൂവ്വബന്ധു
ശ്രീ"കേരള"ക്ഷിതിവലാരി ബലിഷ്ഠനഗ്രൻ
വൈകാതെ ചെന്നു "ഉല്പതവാഹിനിതൻ കരയ്ക്കു"-
ന്നാകൃഷ്ടചാപഭടനായകരേയിണക്കി. 96

വാണീകടാക്ഷമിയലും നൃപനോട്ടുചേന്നു
ബാണപ്രയോഗവിരുതേറിയ നായർസൈന്യം
കാണപ്പെട്ടുന്നളവിലാ മുകിലൻെറ സേന
പ്രാണൻകൊതിച്ചഥ പലായനമാചരിച്ചു. 97

തെക്കാ"ദികേശവമഹായതനാ"ന്തികത്തു
പുക്കോരു വീരമുകിലപ്പട നേത്തനേരം
ചിക്കെന്നു വഞ്ചിഭടശസ്ത്രവിലൂനകണ്ഠൻ
തൽക്കൂട്ടരോട്ടു യമലോകമണഞ്ഞു സർദാർ. 98

മുകിലഭടരൊഴിഞ്ഞു നാട്ടു; വൻകാർ-
മുകിലൊഴിയുന്ന നഭസ്സുപോൽ തെളിഞ്ഞു
സുകൃതിനിയുമയമ്മറാണി വീണ്ടും
സകലസുഖേന തുടങ്ങി രാജ്യഭാരം. 99

രണ്ടാം സർഗ്ഗം.

ഗാമായുടെ യാഗമനം.

പ്രാചീന ചീനത്തൊട്ടു പൂർവ്വപുണ്യ
പ്രാചുര്യമേറും ഭരതോർവ്വിയെങ്ങും
ശ്രീചക്രമോടിത്തരസാ പ്രതീചീ-
വീചീകുലാസ്ഫാലിത ദിക്കണഞ്ഞു. 1

പോരാടി വൈരിപ്പടയെപ്പൊടിക്കും
വീരാവനീ പാലകരം പിടിയ്ക്കും
ശ്രീ, രക്തയെന്നാലലസേ വിരക്താ
ചാരിത്രശുദ്ധാ, സ്ഥിരസൽപ്രവൃത്ത. 2

ഏലം ലവംഗം മരിചം തുടങ്ങി
ഭൂലോകവശ്യോത്തമ സാധനങ്ങൾ
നീലാപഗാ സംഗതസിന്ധുവിൻെറ
കൂലങ്ങളിൽ കച്ചവടം നടന്നു. 3

ഇൻഡ്യായിൽനിന്നിവക സാധനങ്ങൾ
കൊണ്ടങ്ങുചെല്ലുന്ന മഹമ്മദന്മാർ
ഉണ്ടാക്കി യൂറോപ്പു നിവാസികൾക്കു
കണ്ടെത്തുവാൻ കൌതുകമിപ്രദേശം. 4

ഔൽസുക്യമേറി ബ് ഭരതോർവ്വികാണ്മാ-
നത്സാഹപൂർവ്വം ചിലരൊത്തുകൂടി
വാസ്ക്കോ-ഡി. ഗാമാ നിജകപ്പലേറി
ബിസ്സെ്റ്റാ കടൽതീരപുരത്തെവിട്ടു. 5

"എമ്മാനുവേൽ" പോർട്ടുഗലിൻ കിരീടം
തൻമൌലിയിൽ ചാർത്തിയ പാർത്ഥലേശൻ
സമ്മാനവും, തന്നുടെ കയ്യെഴുത്തും
സമ്മോദമേകിപ്പിച്ചതെടുത്തിരുന്നു. 6

ആഫ്രിക്ക ചുററിപ്പലബ്ധിമുട്ടി-
ലേപ്പെട്ടതെല്ലാം വിഗണിച്ചു ഗാമാ
കപ്പൽപ്രയാണത്തിനു "സാധുവാക്കി"- *
യിപ്പാതയിൻഡ്യയ്ക്കിനിയുള്ളകാലം. 7

ആഴിപ്പരപ്പിൽ ഗിരിപോലെ പൊങ്ങി-
ത്താഴും തരംഗങ്ങളിലാടിയോടി
ഊഴിപ്രദേശത്തിഹ കുന്നലക്കോൻ
വാഴുംപുരേ കപ്പലടുത്തിറങ്ങി. 8

സാമൂതിരിപ്പാടവർകൾക്കു, കാഴ്ച-
സ്സാമാനവും, തൻെറ നൃപൻെറ കത്തും
ഹാ! മുട്ടുകുത്തിബ്ഭത തൊപ്പിയൂരി-
ഗ്ഗാമാ സമർപ്പിച്ചു സലാംകൊടുത്തു. 9

യൂറോപ്യനിൻഡ്യാക്കരയിൽ ചവിട്ടും
നേരത്തവൻ കുപ്പിയ നാട്ടുവാഴി
ആ രാജ്യഭാരത്തെയൊഴിഞ്ഞെടുത്തുൺ-
കാരൻെറമട്ടായതു കാലശക്തി. 10

ഔദാര്യവാരാന്നിധികുന്നല,ക്കോൻ
വൈദേശികന്മാർ ദയയോടുകൂടി

---

* ക്രിസ്തുവർഷം 1497,

ചോദിച്ചുമുമ്പേ കുശലം; നൃപൻെറ
ദൂതന്നു സല്ക്കാരവുമാശുചെയ്തു. 11

എന്നാൽ ചിരം കച്ചവടം നടത്തി
വന്നോരുമുസ്ലിം പരദേശിവൎഗ്ഗം
ഒന്നിച്ചൊരാലോചനചെയ്തു,ചെന്നു
വന്ദിച്ചു സാമൂതിരിയോടുണൎത്തി. 12

"ഇക്കണ്ടഭാവം കരുതേണ്ട, ലാക്കു
നോക്കിക്കടൽ കൊള്ളയിടുന്നവന്മാർ
തൃക്കാൽപിടിക്കുന്നു ചതിക്കു; കാക്ക
ചേക്കേറിയാൽ മ്രാലുമരംകെടുത്തും." 13

ഏവം ശ്രവിച്ചിട്ടു നൃപാലനല്പം
ഭാവം പകൎന്നിട്ടുമനാദരിപ്പാൻ
ഭാവിച്ചതില്ലെങ്കിലുമെന്തു? നാട്ടാ-
രാവന്ന പാശ്ചാത്യരെ നിന്ദചെയ്തു. 14

മാഹമ്മദന്മാരൊരുമിച്ചുനിന്നും
ദ്രോഹിച്ചു; വാണിജ്യവിഘാതദൂനൻ
സാഹായ്യമൎത്ഥിച്ചു ഗമിച്ചുശീഘ്രം
സ്നേഹാൎദ്ര "ഗോശ്രീ" പതിയേ നമിച്ചു. 17

ആ മാടഭൂപാല കൃപാവലംബി
ഗാമാ,സ്വവാണിജ്യ വിശാലമാൎഗ്ഗം
സാമൎത്ഥ്യമോടന്നു തുറന്നു കൊച്ചി-
ശ്ശ്രീമയ്ക്കു സീമാതിഗ കീൎത്തിപൊങ്ങി. 18

ഇക്കേരളത്തിൽ സുലഭങ്ങളായ
ചുക്കും വിശിഷ്ടം മുളകും നിറച്ചു
പാക്കപ്പലോടിച്ചൊരു പോൎത്തുഗീസ-
ന്മാൎക്കന്നു ശുക്രോദയമായിരുന്നു. 19

ഇതര യൂറോപ്യൻ കമ്പനിക്കാർ

ആപ്പോൎട്ടുഗൽ കച്ചവടപ്രശസ്തി
തൽ പാൎശ്വദിഗ്വാസികളേയുണൎത്തി
ഒപ്പംജനം കമ്പനിചേൎന്നു, പൂൎവ്വ-
ദിഗ്പാടനോദ്യോഗികളായ് ചമഞ്ഞു 18

ഹോളണ്ടു ഡെൻമാൎക്കു പരന്ത്രരേന്ദ്ര
മിംഗ്ലണ്ടുമോരോ വലുതായസംഘം
സ്ഥാപിച്ചുകൊണ്ടിൻഡ്യയുമായ് ക്രമേണ
വ്യാപാരബന്ധം ദൃഢമാക്കിവന്നു. 19

ഏകാമിഷത്തേ നിജകൊക്കിലാക്കി-
പ്പോകും പരുന്തിന്നുടെ ചുററുമെത്തി
ചാകുംവരെശ്ശണ്ഠയിടും ദ്വിജന്മാ-
രാകാമിവററക്കിഹ ദേശികന്മാർ. 20

അന്യോന്യശണ്ഠയ്ക്കു മുതിൎന്നു, കപ്പ-
ലൊന്നിച്ചു സേനാ ബലമോടുകൂട്ടി
വന്നിൻഡ്യയിൽ തമ്മിലിടഞ്ഞിരുന്ന-
മന്നൎക്കു സഖ്യത്തിനു മുഖ്യരായി 21

"ഈസ്റ്റിൻഡിയാക്കമ്പെനി"യെന്നപേരു
പെററാംഗലന്മാൎക്കുദയം ലഭിപ്പാൻ
ഈററില്ലമാകുന്നതിനഞ്ചുതെങ്ങ-
ന്നാററിങ്ങലേ രാജ്ഞികനിഞ്ഞുനൽകി. 22

ഈസ്റ്റിൻഡ്യാകമ്പനി.

* "ധീമോദ"വൎഷാവഹ മഞ്ചുതെങ്ങിൽ
സാമാന്യമായുള്ളൊരു കോട്ടകെട്ടി
ആ മാന്യരാം കമ്പിനിയാരിരുന്നു
ക്ഷേമപ്രദം കച്ചവടംതുടങ്ങി. 23

* കൊല്ലവൎഷം 859.

ശ്രീവാഴമൂഴിക്കൊഴിയാത്തതായ
ഭാവിപ്രശസ്തിയ്ക്കഭിമാനപൂർവ്വം
സ്ത്രീവാണകാലത്തിതു ചെയ്തു; മേന്മേ-
ലാവത്തകന്മാർ തുണയായിവന്നു. 24

രവിവർമ്മരാജാ.

സന്താപസന്തോഷദസംഭവങ്ങ-
ളന്തർഭവിച്ചും, സ്മരണീയമായും
സ്വന്തംചരിത്രം നിലനിത്തിവഞ്ചി
സന്താനമാം പുത്രനു നൽകിപട്ടം. 25

പൊന്നിൻകിരീടം, പ്രിയ മാതൃവാക്യ-
മൊന്നിച്ചുതന്നേ ശിരസാധരിച്ചു
ഇന്ദ്രപ്രഭാവത്തൊടു വാണുവഞ്ചി-
മന്ദാരമായാ രവിവർമ്മരാജൻ. 26

അന്നാൾവരയ്ക്കും കരയിൽ പ്രമാണി-
തന്നാൽ പിരിക്കപ്പെട്ടമാക്കരത്തെ
സൈന്യത്തിനും ദേവമഹീസുരക്കും
മുൻനിശ്ചയംപോലെ കൊടുത്തൊടുക്കം. 27

ശേഷിച്ചതേ മന്നവനായിരാജ-
കോഷത്തിലേല്പിച്ചു വഴക്കമുള്ള
ഈഷൽ പരിഷ്കാരമതിൽ പ്രഭുത്വം
ശോഷിക്കുവാൻ തക്കതു ചെയ്തുഭൂപൻ. (യുഗ്മകം) 28

സക്കാരിൽനിന്നാക്കിയ ശമ്പളക്കാർ
നിഷ്ക്കൃതവം ചെന്നു കരംപിരിച്ചു
ഒക്കെയുമോരോ ഖജനാവിലാക്കി-
വയ്ക്കേണമെന്നാജ്ഞ കൊടുത്തുധീരൻ. 29

പ്രാജാധിപത്യം കരതോറുമേറി
രാജാധികാരം ലഘുവാക്കിടാതെ
ഭ്രജാനിയേപ്പാടിതു ചെയ്കമൂലം
വ്യാജത്തൊഴിൽകാർ തലപൊക്കിയില്ല. 30

കോലത്തുനാട്ടിൽനിന്നു ദത്തു്.

കോലത്തുനാട്ടേ സ്വകുലത്തിൽനിന്നും
നാലാളെയാബ്ദ്ഭൂപതിദത്തെടുത്തു
ബാലാജനം രണ്ടതിലുണ്ണി രണ്ടു
മേലിൽ കുടുംബം നിലനിന്നുകൊൾവാൻ. 31

ദത്തിന്നുമേ,ലാണ്ടതികഞ്ഞശേഷം
പൃത്ഥ്വീശചരീശ്രീയുമയമ്മറാണി
ദത്തിൽപെട്ടും മൂത്തകുമാരിയോട്ടും
നിത്യാമൃതം വിഷ്ണുപദംഗമിച്ചു. 32

മാർത്താണ്ഡവമ്മയുടെ അവതാരം.

* "പാദാബ്ജ"ഭക്തക്കഭയം കൊടുക്കും
പീതാംബരന്റെതൻ കലയെന്നപോലെ
നേദിഷ്ഠദൃഷ്ടാടവിച്ചുട്ടുകൊള്ളു-
മാദാവതേജസ്സവതീണ്ണനായി. 33

അത്യന്തതേജോമയനാം കുമാരൻ
"മാത്താണ്ഡവമ്മേ"തി യഥാത്ഥനാമാ
പ്രത്യക്ഷശംഖധ്വജചക്രരേഖാ-
യുക്തൻ ക്രമംപോലെ വളന്നുവന്നു. 34

ഉണ്ണിക്കു രണ്ടായി വയസ്സിതപ്പോൾ
വിണ്ണിൽഗമിച്ചു രവിവമ്മഭൂപൻ
പിന്നെക്കിരീടത്തെയണിഞ്ഞ"തുണ്ണി"
മന്നൻ സുഖം "കേരളവമ്മ"ദേവൻ. 35

ഉണ്ണിക്കേരളവമ്മാ.

മാടമ്പിമാരന്നു തളിത്തുശക്തി-
ക്കുട്ടുന്നസൈന്യത്തെ വശീകരിച്ചു
നാടിന്നധീശൻ ബ്ബലഹീനനായാൽ
കൂട്ടം ജനങ്ങൾക്കധികാരശക്തി. 36

---

* കൊല്ലവഷം 881.

ധിക്കാരപൂവ്വം കരവും പിരിച്ചു
മുഷ്കേറുമഷ്ടാലയ നായകന്മാർ
ആ ക്ഷോണിപാലനെതിരായി; ദേഹ-
രക്ഷയ്ക്കു മുവ്വീശനശക്തനായി. 37

നെയ്യാററുതീരത്തഭയാൎത്ഥിയായി-
പ്പോയീനൃപാലൻ സകുടുംബമന്നു
സ്വീയാധികാരം ശരിയായ് നടത്താൻ
വയ്യാതെ വല്ലാതെ കുഴഞ്ഞുപോയി. 38

പ്രായംപതിന്നാലുവയസ്സുമാത്ര-
മായപ്പൊഴേതൊ "ട്ടനരാധ"ജാതൻ
പ്രായേണ,തൻ മാതുലരാജ്യഭാര-
കാൎയ്യങ്ങളിൽ, ശ്രദ്ധപതിച്ചുവന്നു. 39

രാമവൎമ്മരാജാ.

തൊള്ളായിരാമാണ്ടിനൊരാണ്ടുമുമ്പേ
സ്വർല്ലോകമാന്നാൻ; നൃവരൻ സുശാന്തൻ
കല്യൻ തദീയാനുജരാമവൎമ്മാ
വല്ലാത്തകാലത്തു നൃപാലനായി. 40

ശത്രുക്കളെഷ്ടാലയ ദുഷ്പ്രഭുക്ക-
ളൊത്തുള്ള മാടമ്പികളേപ്പൊടിപ്പാൻ
മാൎത്താണ്ഡവൎമ്മായുവരാജനോരോ
സൂത്രങ്ങളുണ്ടാക്കുകയായിരുന്നു. 41

പ്രച്ഛന്നവേഷത്തിലലഞ്ഞരാതി
ദുശ്ചേഷ്ട നേരിട്ടറിവാൻതുടങ്ങി
സ്വച്ഛാശയന്മാർ ചിലരുവ്വിപാല-
നുഛ്റായമിച്ഛിപ്പതുമന്നുകണ്ടു. 41

നായർപ്രഭാവത്തികവുള്ളൊരാ, മാം-
കോയിക്കലേ മൂത്തകുറുപ്പിനേപ്പോൽ
സ്വായത്തശൌൎയ്യാംബുധിമാർ നൃപൻതൻ
ശ്രേയസ്സിനായുസ്സു തൃണീകരിക്കും. 43

അഷ്ടാലയക്കാരുമവക്കടുത്ത
ദൃഷ്ടാവനീദേവരുമല്പമാത്രം
അഷ്ടിപ്രിയന്മാരുമൊഴിച്ചസംഖ്യം
ശിഷ്ടംജനം മന്നവനേത്തുണയ്ക്കും. 44

എന്നുള്ളസൂക്ഷ്മസ്ഥിതി കണ്ടറിഞ്ഞു
ചെന്നിട്ടുതൻ മാതുലനേയുണത്തി
സൈന്യങ്ങളേച്ചേപ്പ്തെളുപ്പമെന്നു
തോന്നായ്കയാൽ കൌശലമൊന്നുചെയ്തു. (യുഗ്മകം) 45

മധുരനായ്ക്കനുമായുള്ള സഖ്യം

അക്കാലമേററം "ത്രിശിരഃപുര"ത്തി-
ലുക്കാന്നിരിക്കും മധുരയ്ക്കധീശൻ
നായ്ക്കന്റെ സഖ്യാത്ഥി, സഭാഗിനേയൻ
സൽക്കാരപൂവ്വം, നൃപനങ്ങു ചെന്നു. 46

ഓരായിരം സാദി, തഥാ പദാതി
യീരായിരം, നായകരൻപതേവം
ചേരുന്ന സൈന്യത്തിനെയിങ്ങയപ്പാൻ
നേരിട്ടുചോദിച്ചതു സമ്മതിച്ചു. 47

ഏവം സഹായിപ്പതിനാണ്ടുതോറും
മൂവായിരം രൂപ കൊടുക്കുവാനും
ശ്രീവഞ്ചിരാജൻ മധുരാധിരാട്ടിൻ
കീഴ്വാഴവാനും സമയം നടത്തി. 48

വിരോധികളുടെ പരാജയം.

വമ്പിച്ച സൈന്യത്തൊടു രാമവർമ്മാ
തൻഭാഗിനേയാന്വിതനെത്തിയപ്പോൾ
കമ്പം പിടിച്ചോടിയൊളിച്ചു മീശ-
ക്കൊമ്പാൻ മുമ്പിട്ട നൃപാഹിതന്മാർ. 49

ദേവസ്വകാര്യങ്ങളെ നോക്കിവന്നോ-
രാ വൻപ്രഭാവിച്ചവരെട്ടുവീടർ
ഭ്രുവാനവന്മാർ ചിലരും ഭയത്തി-
ന്നാവശ്യമില്ലാത്തവരായി നിന്നു. 50

ചാരം മറയ്ക്കും കനലെന്നവണ്ണം
വൈരം മനസ്സിൽ കുടികൊണ്ടിരിക്കെ
മൎയ്യാദഭാവിച്ചിരുപാട്ടുകാരും
കാൎയ്യംവിടാതങ്ങിനെ നോക്കിനിന്നു. 51

മാററാർ ചതിക്കാസ്പതിന്നായ് കുടുംബ—
മാററുങ്ങലാക്കി സ്ഥിരമായ വാസം
എന്നാൽ ജഗന്നായകദൎശനാൎത്ഥം
ചെന്നീടുമാറുണ്ടു ഫണീന്ദ്രഗേഹേ. 52

തൻനന്ദനൻ കൊച്ചുകുമാരനോടു-
മൊന്നിച്ചു വഞ്ചീശ്വരി ശേഷഗേഹേ
ചെന്നിട്ടു പോകുന്നതറിഞ്ഞു ഗൂഢം
പിന്നാലെയെത്തീ ചില ഘാതകന്മാർ 53

ആററുങ്ങലേയ്ക്കുള്ള വഴിയ്ക്കിടയ്ക്കു
മാററാർ ഗ്രഹിക്കാതെ നിഗൂഢമായി
കററക്കിടാവോടൊരുമിച്ചു രാജ്ഞി
മററൊട്ടുമാൎഗ്ഗേണ നടന്നുപോയി. 54

റാണിക്കു യാത്രയ്ക്കുതകുന്ന പള്ളി-
മേനാവിലേറിപ്പരിവാരമോടും
യാനംതുടങ്ങീ; വരനായ കിള്ളി-
മാന്നൂരിലേക്കേരളവൎമ്മദേവൻ. 55

മാൎഗ്ഗേ "കഴക്കൂട്ട"മട്ടത്തുവച്ചു
ചിക്കെന്നു മേനാവു വളഞ്ഞു കൂട്ടം
ആശ്ലാതകന്മാരെയരിഞ്ഞരിഞ്ഞു
ഖഡ്ഗത്തിന്നൂണാക്കി നരേന്ദ്രവീരൻ. 46

എന്നാൽ പുരാ രംഗഗതാഭിമന്യു
തന്നോടുതുല്യം സമരാങ്കണത്തിൽ
അന്യായമായ് ശത്രുകരായുധത്താൽ
ഛിന്നാംഗനായ് വീണു വെടിഞ്ഞു ദേഹം. 57

ലക്ഷോപിലക്ഷം ജനരക്ഷ ചെയ്യും
കുക്ഷിത്തുകൾക്കുള്ള കുലൈകതന്തു
സക്ഷീരകണ്ഠം പരിരക്ഷിതാ തൽ
കൌക്ഷേയകക്ഷുണ്ണമരാതിഷണ്ഡം. 58

"ജീമൂത"പൂൎവ്വാക്ഷര"വാഹന"ൻെറ
സാമൎത്ഥ്യമെന്തിന്നു പുകഴ്ത്തിടുന്നു?
ആ മാന്യനായുർബലി "ശംഖചൂഡ"-
നാമാഹിരക്ഷയ്ക്കു നടത്തിപോലും. 59

തൽപ്രാണനെക്കൊണ്ടു പരോപകാര-
മിപ്പോലെ ചെയ്യുന്ന നരോത്തമന്മാർ
എപ്പോഴുമാരാധ്യ;രവൎക്കു വീര-
സ്വഃപ്രാപ്തിയേക്കാൾ ഫലമുണ്ടു വേറേ. 60

സൽകീൎത്തിചന്ദ്രോദയഹേതുവായി
നില്ക്കും തദീയാന്വയവാരിരാശി
കൈക്കൊള്ളുമേററത്തിനു കിള്ളിമാന്തൂർ
ദിക്കും കരാഭാവമധീനമാക്കി. 61

ഔദാൎയ്യപൂൎവ്വം നൃപനന്നു ചെയ്ത
ഭൂദാനസമ്മാൎജ്ജിതശോകരായി
താദൃഗ് പ്രശസ്തിക്കൊടി താഴ്ത്തിടാതെ
മോദേന വാഴുന്നു തദീയവംശം- 52

രാമവൎമ്മരാജാവിൻെറ ചരമം.

ആഭ്യന്തരം മത്സരമൊട്ടൊതുക്കി
സ്വർഭാനുനിൎമ്മുക്തശശാങ്കനേപ്പോൽ
ഇബ് ഭൂമിയേശ്ശ്ശീതളമാക്കി, വാനോ-
ൎക്കഭ്യാഗതൻ പോയിതു രാമവൎമ്മാ. 63

ഭണ്ഡാരം പതിരുകണക്കിരുന്നിരുന്നു
പാണ്ഡ്യന്മാൎക്കഹഹ! കരം മുടക്കുവന്നു
സൈന്യത്തിൻപടി കടമായ്കിടന്നിരുന്നു
മന്നൊട്ടുക്ക ധനഗദം പകന്നിരുന്നു. 64

ശ്രീ വീരമാൎത്താണ്ഡവൎമ്മ.

ദോൎദ്ദണ്ഡശൗണ്ഡ,നരിമണ്ഡലദണ്ഡപാണി
മാൎത്താണ്ഡവൎമ്മനരപാലകുലാവതംസൻ
താർതനപി കൺമുനയെറിഞ്ഞു കനിഞ്ഞിടാനായ്
പ്രാൎത്ഥിച്ചു പാൎത്ഥിവപദത്തെയലംകരിച്ചു.

മൂന്നാം സൎഗ്ഗം.

അരചൻ നാട്ടിനില്ലെങ്കിൽ, നരകംതന്നെയാസ്ഥലം
നരപാലൻ, സമാധാനപര,മാകുന്നു പാൎത്ഥലം 1

മന്നന്റെ ശക്തിയില്ലെങ്കിലന്യായം നടമാടിടും;
എന്നല്ല, ദുരിതംകൂടി വന്നുചേരും ജനങ്ങളിൽ. 2

കൊള്ളയും, കൊലയും നാട്ടിലെല്ലാമന്നു നടന്നിടും
കള്ളന്മാർ പകലും കേറിക്കൊള്ളചെയ്യും ഗൃഹങ്ങളിൽ. 3

മാനം, മൎയ്യാദ, സമ്പത്തു, മാനുഷന്റെ ശരീരവും
ഊനംകൂടാതെ രക്ഷിപ്പാൻ ക്ഷോണീപാലനിരിക്കണം. 4

നീതിയേറും നൃപാലങ്കൽ ഭീതനായിട്ടു വാതവും
കാതരാക്ഷീജനത്തിന്റെ സ്വേദത്തേയും കവൎന്നിടാ 4

സൃഷ്ടിരക്ഷണസംഹാരചേഷ്ട മറെറാരു മാതിരി
വിഷ്ടപാധിപനിൽകൂടി ദൃഷ്ടമാ;മില്ല സംശയം. 6

സാധുലോകത്തിനെപ്പോഴും ബാധയാം ഖലദുർബലം
ഭൂധവൻതൻബലംകൊണ്ടേ സാധിക്കൂ തുള്ളിമാററുവാൻ. 7

ഉന്നതരേ നമിപ്പിച്ചുമുന്നമിപ്പിച്ചുമേഴയേ
മന്നവൻ ഘാതകന്മാരെക്കൊന്നും പാലിക്കുമൂഴിയെ. 8

ആദിത്യൻ ജലബാഷ്പങ്ങളാദാനംചെയ്യതല്ലയോ
കാദംബിനീരൂപമായി; മേദിനിക്കുത്സവപ്രദം. 6

നരപാലൻ ശേഖരിക്കും കരംവക ധനങ്ങളെ
ശരിക്കു ജനരക്ഷാൎത്ഥം തിരികെച്ചെയ്യിടും വ്യയം. 10

ശക്തന്മാർ ശക്തിഹീനൎക്കു ശത്രുവായ് മത്സ്യനീതിയെ
പാൎത്തലത്തിൽ പരത്താഴ്വാൻ പാൎത്ഥിവൻ ശ്രദ്ധചെയ്യണം. 11

പക്ഷപാതം വിനാ ലോകേ ശിക്ഷാരക്ഷ നടത്തുവാൻ
ദക്ഷൻ നീതിജ്ഞനാമുൎവീരക്ഷകൻതന്നെ നിൎണ്ണയം. 12

ധൎമ്മാധൎമ്മവിവേകത്താൽ ശൎമ്മം ലോകൎക്കു നൽകുവാൻ
നിൎമ്മലന്മാർ പുരാ പുണ്യകൎമ്മത്താൽ നൃപരായ്വരും. 13

അവരിൽ ദ്രോഹമാലോചിപ്പവൻ പാതകി കേവലം
അവനേ മർദ്ദനം ചെയ്യതവനിശകുലോചിതം. 14

മാൎത്താണ്ഡവൎമ്മ തൃക്കയ്യിൽ ചേൎത്തു തന്നുടവാളിനെ
തദ്ദീധിതിസടാഭാരയുക്തൻതാൻ നരകേസരി. 15

സിംഹാസനസ്ഥൻതൻ നാരസിംഹതുല്യപരാക്രമൻ
രംഹസാരണരംഗാരിസംഹതിയ്ക്കതിഭീഷണൻ 16

സ്വരാജ്യമകമേയുള്ള സൈ്വരക്കേടു കെടുത്തിയും
പുറമേ ശല്യമായുള്ള ചെറുരാജ്യമടക്കിയും 17

ഭരണം ചെയ്യുവാനുള്ള പരമോത്സാഹമുള്ളവൻ
പരിശോധിച്ചറിഞ്ഞു തൽ പരിപന്ഥിജനങ്ങളേ. (കുളകം) 18

എട്ടരയോഗക്കാർ.

പത്മനാഭന്റെ ദേവസ്വഭരണാൎഹതയുള്ളവർ
യോഗക്കാരവരേപ്പററി യേകദേശമിതോതുവേൻ. 19

ഒരുയോഗം വീതമുള്ള ധരണീദേവരാറുപേർ
സ്വാമിയാരൊന്നിതിന്മണ്ണമേഴപേർ പൂൎണ്ണയോഗികൾ. 20

ശ്രീകാര്യപ്പോററി, കണ്ണത്താക്കുറുപ്പു, നരപാലകൻ
അരയോഗംവീതമുള്ളോരാകെയെട്ടരയിങ്ങനെ 21

എട്ടുവീട്ടിൽപിള്ളമാരുമെട്ടരപ്പൂണ്ണയോഗവും
ദേവസ്വത്തിൽ ചേൎന്ന കൃത്യം ചെയ്യുവാനധികാരികൾ 22

എട്ടായിദ്ദേവകാര്യത്തിൽ പെട്ട ഭൂമിതിരിച്ചവ
എട്ടുവീടക്കതേകൈകം വിട്ടിരുന്നു ഭരിക്കുവാൻ. 23

രാജാ തിരുവിതാംകോട്ടു താമസിക്കുക കാരണം
യോഗക്കാരും പിള്ളമാരും സ്വാധികാരം നടത്തിനാർ. 24

ഇടയ്ക്കു കോവിൽക്കാര്യത്തിലിടപെട്ടു കണക്കുകൾ
അരയോഗക്കാരനോടു പറവാൻ മടികാട്ടിനാർ. 25

യോഗക്കാൎക്കിടയിൽ ഛിദ്രമാകയാലെട്ടുവീട്ടുകാർ
സ്വതന്ത്രന്മാരായി നാട്ടിന്നധികാരികളെന്നപോൽ. 26

ഓരോദേശത്തിനധിപന്മാരാം മാടമ്പിമാർ പുരാ
പോരിന്നു ഭടരോടൊത്തുചേരണം നൃവരാന്തികേ 27

കോവിൽകാര്യത്തിനുംപിന്നെ ബഭ്രുവലാരിക്കുമായ്ക്കുരം
നാമമാത്രം കൊടുത്തിട്ടു ഭൂമിയെത്തനതാക്കിനാർ. 28

മാടമ്പിമാർ ക്രമംകൊണ്ടു മഹാഡംഭികളാകയാൽ
മഹാരാജാജ്ഞയേക്കൂടി മാനിച്ചു ലംഘനങ്ങളാൽ. 29

സ്വന്തംദേശങ്ങളിൽ സ്വേച്ഛാതന്ത്രരാമാ പ്രഭുക്കളാൽ
എന്തുചെയ്യേണ്ടു! സാധുക്കൾ സന്താപപ്പെട്ടിരുന്നുതേ. 30

അധികാരാവകാശങ്ങൾക്കധികം തക്കമിങ്ങനേ
രാജപ്രഭുക്കളേത്തമ്മിൽ യോജിപ്പിക്കാതിരിക്കവേ. 31

പരസ്പരം വൈരമുള്ളിൽ കരുത്തു വളൎത്തുവാൻ
നന്നച്ചു കണ്ണേജപദ്മനശ്ചതുരവാണിയാൽ. (യുഗ്മകം) 32

വേരുന്നിവൈരം വേഗത്തിൽ സൈ്വരമായി വളൎന്നവ
ഹൈരണ്യോന്മത്തിനേപ്പോലെ തരുന്നു കണ്ടകം ഫലം. 33

ആരെന്തുചെയ്കിലും തമ്മിൽ നീരസം മൂത്തിരിക്കവേ
വൈരിപ്രേരണയാലെന്നു തീരുമാനിക്കുമാദ്യമേ 34

വിരോധപ്പൊടിയാൽ മൂടിയിരിക്കും ചിത്തദൎപ്പണം
പരമാൎത്ഥസ്വരൂപത്തേ ശ്ശരിയായ് തെളിയിക്കുമോ? 35

നാട്ടിൽപ്രഭുത്വമിയലുമെട്ടുവീടരനാരതം
ദുഷ്ടകൎമ്മത്തലപ്പാവു കെട്ടപ്പെട്ടവരായിതേ. 36

ധരിത്രീനായകനുള്ള കരത്തിൻ മുതലൊക്കെയും
പിരിക്കുന്നതിനത്യന്തം ഞെരുക്കം സംഭവിക്കവെ. 37

പണമില്ലായ്കയാൽ സേനാഗണത്തിനുള്ള ശമ്പളം
കണക്കിനു കൊടുത്തില്ല തനിക്കതു ബലക്ഷയം. (യുഗ്മകം) 38

കോശം മൂലബലം പൃത്ഥ്വിക്കീശ;ന്നതു നശിക്കുകിൽ
ലേശമില്ല സുഖം ചിന്താക്ലേശ ഗൎത്തേ പതിച്ചുപോം. 39

ബലവാന്മാൎക്കു കീഴ്പെട്ടു തലതാഴ്ത്തേണ്ടതായ്വരും
വിലകെട്ടാൽ മന്ത്രിമാരും കലഹിച്ചിട്ടകന്നുപോം. 40

സായംകാലത്തിലേ വൃക്ഷഛായപോൽ സേവകാവലി
പോയിടുമകലെ ക്ഷോണീനായകൻെറ ധനക്ഷയേ. 41

മൎയ്യാദയേ വിടാതാത്മധൈൎയ്യോത്സാഹങ്ങളാൽ നൃപൻ
ദുൎയ്യോഗമിതു നീക്കുന്നു കാൎയ്യാകാൎയ്യവിചക്ഷണൻ- 42

അനശ്വരം മാനികൾക്കു ധനം മൎയ്യാദയൊന്നുതാൻ
അനതിക്രമ്യമാരാലുമനൎഘമിതിരിപ്പിടം. 43

ഹരിശ്ചന്ദ്രനൊപ്പമോരോ ഞെരുക്കം നേരിടുമ്പൊഴും
വരുക്കപ്പെട്ട പൊന്നിനു ശരിക്കു നൃപനന്നതൻ. 44

കപ്പം കിട്ടുന്നതിന്നായിട്ടാപ്പാണ്ഡ്യനരപാലകൻ
നിർബന്ധിപ്പാൻ വൎത്തകരേ യേപ്പെട്ടുത്തിയയച്ചുതേ. 45

നക്ഷത്രെകന്മാരവരാൽ ഭക്ഷിത്തു വിഷമിക്കവേ
അക്ഷീണം ദളവാ മാനരക്ഷയ്ക്കായ് തേടവേ ധനം 46

തൃക്കണംകുടിയിൽ കഷ്ടം! മുഖ്യരാം പാണ്ഡ്യസേനകൾ
ദളവായേ വിടാതന്നു വളഞ്ഞു ബലശാലികൾ. (യുഗ്മകം) 47

കടംകൊണ്ടും കടംതീൎത്ത ദളവായേ വിടാതവർ
ദുരാശയാൽ വച്ചിരിപ്പതറിഞ്ഞു നരപാലകൻ. 48

രുഷ്ടനായ് ബ്ഭടരേൎശ്ശീഘ്രം വിട്ടു രക്ഷിച്ചു മന്ത്രിയെ
ദുഷ്ടരാം പാണ്ഡ്യസൈന്യത്തെ വിട്ടയച്ചു ദയാനിധി. 49

പാണ്ഡ്യരാജാവുമായ് മുന്നമുണ്ടാക്കിയൊരുടമ്പടി
കണ്ടുപാശമതെന്നോൎത്തു കണ്ഡിച്ചാനിതുകാരണം. 50

തമ്പിമാരുടെ പ്രഴക്ക്.

സ്വമന്ദിരഗതൻ രാമവൎമ്മരാജന്റെ പുത്രരാം
തമ്പിമാർ രണ്ടുപേരുണ്ടു; വമ്പന്മാരായ് നടന്നവർ. 51

തങ്ങൾക്കു പദവിക്കുണ്ടാം ഭംഗമെന്നുള്ള ശങ്കയാൽ
മങ്ങിയോരന്തരംഗത്തിൽ പൊങ്ങീ പക നൃപന്റെമേൽ. 52

എട്ടുവീടന്മാരിവൎക്കു കൂട്ടുകാരായ് തുണയ്ക്കയാൽ
പാണ്ഡ്യഭൂപാലനെച്ചെന്നു കണ്ടുണൎത്തിച്ചു സങ്കടം. 53

"മരിച്ച നരപാലന്റെ മക്കളാം ഞങ്ങളല്ലയോ
മഹീപാലപദത്തിന്നു മൎയ്യാദയ്ക്കവകാശികൾ? 54

പിതാവിൻ ഭഗിനീപുത്രനതിക്രൂരനായവൻ
അതിക്രമംചെയ്തു രാജപദത്തിലതുനീതിയൊ? 55

അന്നവസ്ത്രാദികൾക്കൊന്നും തന്നെയില്ലാതെ ഞങ്ങളെ
അന്യായമായ് തള്ളിവിട്ടു ദൂന്നയക്കാതലാമവൻ. 56

മുന്നമച്ഛൻ ഭവാനോടു നന്ദിയായിട്ടിരുന്നതും
സൈന്യങ്ങളെക്കൊടുത്തച്ഛൻതന്നെ രക്ഷിച്ചുവന്നതും 57

നീതിയേറും ഭവാനല്ലോ താതനെപ്പോലെ ഞങ്ങളും
പ്രീതിക്കു പാത്രമാകേണം മേദിനീനായകോത്തമ! (യുഗ്മകം) 58

കയ്യേററക്കാരനേശ്ശിക്ഷിച്ചീയുള്ളോർക്കു യഥോചിതം
ന്യായാവകാശരക്ഷയ്ക്കു ചെയ്യണം തുണ ഭൂപതേ! 59

അവിടുന്നധിരാജാവായിവർക്കുള്ളോരു രാജ്യവും
അവിതർക്കം രക്ഷചെയ്തു ഭവൽകീർത്തി പരത്തണം. 60

കൃപയോടേ ഭവാൻ ചെയ്യുമുപകാരം മറന്നിടാ
നൃപതേ! രാജ്യഭണ്ഡാരമുപഹാരം സദാ തവ" 61

തൻ പ്രതാപപ്രതിഷ്ഠയ്ക്കു മുൻപിലേ മോഹമുള്ളവൻ
തമ്പിമാരിൽ തദാ സാനുകമ്പനാം പാണ്ഡ്യഭൂപതി 62

പുരാ ചെയ്യപ്പെട്ടിരുന്ന കരാറേ റദ്ദുചെയ്തതും
തിരികെപ്പാണ്ഡ്യസൈന്യത്തെ നരപാലനയച്ചതും 63

അത്ര ബോധിച്ചിടാഞ്ഞുള്ളിൽ വർദ്ധിച്ചൊരു കുശുമ്പൊടേ
പാർത്ഥിവൻ ദൂതനേ വിട്ടു വാസ്തവത്തെ ഗ്രഹിക്കുവാൻ. 64
(വിശേഷകം)

"പുത്രനോ ഭഗിനിക്കുള്ളപുത്രനോ പിൻതുടർച്ചയിൽ
ധാത്രീപാലപദത്തിങ്കലെത്തുവാനർഹനായവൻ?" 65

അഴകപ്പാമുതലിയാർവഴിയേ വാദസംഗതി
പഴമക്കാർ കൊടുത്തോരു മൊഴിയാൽ തീർച്ചയാക്കിനാൻ. 66

മരുമക്കത്തായമെന്നു പറയും സമ്പ്രദായമേ
പുരൈവ വഞ്ചിരാജാവിൻ തറവാട്ടിന്നു ചേർന്നതു്. 67

മക്കൾക്കു രാജ്യവാഴ്ചയ്ക്കു തർക്കിക്കാനില്ല കാരണം
മുഷ്കുകൊണ്ടിതുചെയ്യുന്നു ദുഷ്ക്കൂട്ടം തുണ ചെയ്കയാൽ. 68

തമ്പിമാരിതരക്കേറ്റപമ്പരപ്രായരാകയാൽ
തമ്പുരാനു സഹായാൎത്ഥം തൻഭടന്മാരെയും സ്വയം 69

അഴകപ്പാമുതലിയാരാക്കിപ്പാണ്ടിക്കു പോകയാൽ
അഴലേറിത്തമ്പിമാരുമടങ്ങിപ്പാൎത്തു കൂട്ടരും. (യുഗ്മകം) 70

ഭരണപരിഷ്കാരം.

പത്മനാഭസ്വാമിയുടെ സത്മത്തിനു പരിഷ്കൃതി
പലതും ചെയ്തു ഭൂപാലൻ കുലദൈവപ്രിയംകരൻ. 71

സാളഗ്രാമങ്ങളെക്കൊണ്ടു സംപൂൎണ്ണം വിഷ്ണുവിഗ്രഹം
കടുശൎക്കരയോഗത്തിൽ വടിവോടെ ചമച്ചുതേ 72

ശ്രീകോവിലിൻമുമ്പിലായി ശ്രീകരം മുഖമണ്ഡപം
ഏകാശ്മനിൎമ്മിതം വച്ചാൻ ലോകത്തിന്നത്ഭുതാവഹം. 73

പൊന്മനയ്ക്കരികത്തായും പുത്തനാററിലുമിങ്ങനെ
പണിചെയ്യപ്പെട്ടു നന്നായണ രണ്ടതിമോഹനം. 74

ജലദുൎഭിക്ഷമാം ഭൂമി ഫലഭൂയിഷ്ഠമാക്കുവാൻ
ജലസേചനസൌകൎയ്യമുളവാക്കീ നൃപാലകൻ. 75

കരുണാശീതളസ്വാന്തനരചൻ തജ്ജനങ്ങളെ
പരിരക്ഷിപ്പതിൻ തോതു കുറിക്കുമിവ നിശ്ചയം. 76

നടയ്ക്കാവുകളേ രാജ്യം നെടുനീളെച്ചമയ്ക്കയാൽ
കുടക്കൂടാതെ പാന്ഥൎക്കു നടക്കാം വേനലാകിലും 77

കരംപിരിവിനും മററും ശരിയായുള്ള പദ്ധതി
നരപാലൻ തുറന്നുവീഭരണം ക്രമമാക്കിനാൻ. 78

യോഗക്കാർ ശക്തിഹീനന്മാരാകതാൻ ചെയ്തു കേവലം
ഏകാധിപത്യം ദേവസ്വഭാഗധേയാൎത്ഥമാഗതം. 79

കോകങ്ങളാസ്സുധാബിന്ദുത്തുകും ചന്ദ്രനെയെന്നപോൽ
യോഗക്കാരും പിള്ളമാരും ശോകാൎത്ഥം കണ്ടു ഭൂപനെ. 80

രാജദ്രോഹഗ്രന്ഥാലോചന.

ഉദ്രേവതാകുലത്തേപ്പോലൎദ്ധരാത്രിയിലേകദാ
ഒത്തുചേൎന്നിതു വേങ്ങാന്തൂർ ക്ഷേത്രത്തിൽ പാൎത്ഥിവാരികൾ. 81

ആറാട്ടിൻനാൾ ശംഖുമുഖത്താറാടാനെഴുന്നെള്ളവെ
പാരിന്നീശനെ ഹിംസിപ്പാൻ തീരുമാനിച്ചു വൈരികൾ. 82

അന്നു വേണ്ടുംകരുതലോടൊന്നിച്ചാറാട്ടിനെത്തുവാൻ
വന്നുചേരാത്തകൂട്ടൎക്കു സന്ദേശമെഴുതീടിനാർ. 83

പണ്ടാരനൊരുവൻ കേട്ടുകൊണ്ടുനിന്നാനിതൊക്കെയും
മണ്ടിച്ചെന്നിതു രാജോപകണ്ഠത്തിലുമണത്തിനാൻ. 84

ചാരന്മാർ ദൂതരേ രണ്ടുപേരേക്കണ്ടുപിടിക്കവെ
ഊരിച്ച പാദരക്ഷാന്തൎദ്വാരത്തിൽ കണ്ടു പത്രിക. 85

തൊണ്ടിയോടേ ദൂതരേയും കൊണ്ടുചെന്നു നൃപാന്തികെ
രണ്ടുപേരെയുമുൎവ്വീശൻ കണ്ടു സന്ദേശപത്രവും. 86

ദൂതരേ ഗുപ്തമായിട്ടു മേദിനീശനിരുത്തിനാൻ
ഏതുമിസ്സംഭവം കേട്ടില്ലാതതായികളാരുമേ. 87

ആറാട്ടിന്നെഴുന്നെള്ളുന്ന നേരം ഭൂപാലസേനകൾ
പാരാവാരംപോൽ നിരന്നതാരുമൂഹിച്ചതല്ലഹോ. 88

സന്ദൎഭം നല്ലതല്ലെന്നു വന്നുകൂടിയ വൈരികൾ
തന്നത്താനോൎത്തു ഭക്തന്മാരെന്നപോൽ നിന്നു നിശ്ചലം. 89

അമംഗളം ഭവിക്കാതെ സമാപ്തേ തിരുവുത്സവെ
ക്ഷമാനാഥൻ വൈരികളെയമൎത്താൻ ചെയ്തു കൌശലം. 90

രാജദ്രോഹികളുടെ ശിക്ഷ.

അടയാളംകൊടുക്കുമ്പോളുടനേയെട്ടുവീടരെ
പിടികൂടാനാജ്ഞയശ്വഭടന്മാൎക്കേകി തമ്പുരാൻ. 91

നാഗർകോവിൽസമീപത്തു സ്വാഗാരേ മാളികോപരി
സാക്രുതം തുക്കമഞ്ചത്തിൽ ലോകപാലനിരിക്കവെ 92

പപ്പുത്തമ്പിക്കു മന്നന്റെ തൃപ്പാദം കണ്ടു കൃപ്പുവാൻ
അപ്പോഠം മാളികമേൽ പോകാൻ താല്പര്യപ്പെട്ടുവെങ്കിലും 93

"കല്പിക്കാതെ വിടത്തില്ല നില്പി"നെന്നു തടുത്തിടും
ആ പ്രതീഹാരനേ വെട്ടി ക്ഷിപ്രമാത്തമ്പി നിഷ്ഠുരൻ. 94

(യുഗ്മകം)

ദ്വാരപാലന്റെ വാളിന്റെ ധാരയാലഭിഷിക്തനായ്
നേരേപോയ് ധമ്മരാജന്റെ ചാരേ ചെന്നാൻ നൃപാത്മജൻ. 95

അണ്ണനേക്കൊന്നതിൽവച്ചു വന്ന കോപേന തമ്പിയും
മിന്നൽപോൽ കയറിച്ചെന്നു മന്നവൻതന്നെ വെട്ടിനാൻ. 96

കീഴ്മേൽനോക്കാത്തവൻതന്റെ വാഠം മേൽതട്ടിനു തട്ടവെ
കാണ്മതിന്നൊത്തു മന്നന്റെ വാഠം മിന്നുന്നതു പിന്നെയും. 97

മാറിക്കളഞ്ഞവൻതന്റെ മാറിൽ കുത്തിക്കടത്തിനാൻ
നാരസിംഹനഖംപോലെ ക്രൂരം, ഭൂപൻ കഠാരിയെ. 98

ചത്തുവീണവനേ കൈകഠംകോരത്തെടുത്തു നരാധിപൻ
സത്വരം തള്ളി താഴത്തു രക്തപങ്കിലമാം പിണം. 99

പത്തനത്തിൻപുറത്തെത്തിപ്പാത്തുനിന്ന വിരോധികഠം
ഭീത്യാ പാഞ്ഞിതു കല്ലേറു പാത്ത കാക്കകളെന്നപോൽ. 100

രാജകല്പനയാൽ തത്ര വാജിസേനാഭടാവലി
രാജദ്രോഹക്കൂട്ടുകെട്ടിൽ യോജിച്ചവരെയൊക്കെയും 101

വേട്ടയാടിപ്പിടിച്ചിട്ടു പൂട്ടി ചങ്ങലയാൽ കരം
കൂട്ടത്തോടെ കൊണ്ടുവന്നു കൊട്ടാരത്തിന്റെ വേദിയിൽ 102

(യുഗ്മകം)

ഒററയ്ക്കൊററയ്ക്കു ചോദിച്ചു കുററത്തേപ്പററി മന്നവൻ
ഏററില്ല കുററമന്നീയാംപാററപോലെ വിറച്ചവർ. 103

മുന്നം നൃപവധത്തിന്നു സന്ദേശം കൊണ്ടുപോയവർ
അന്നോവരെ ശ്രദ്ധമായി മന്ദിരേ പാൎത്തിരുന്നവർ 104

ആനീതരായിതേ കയ്യിൽ കാണപ്പെട്ടൊരെഴുത്തൊടേ
ക്ഷോണീപാലകനൊപ്പൊക്കെ കാണിച്ചു കയ്യെഴുത്തൊട്ടും 105

ദൂതന്മാർ കുററകൃത്യങ്ങൾ ചെയ്ത ക്രൂരരെയൊക്കെയും
ഭേദംകൂടാതെ കാണിച്ചു നീതിക്കുചിതമാംവിധം. 106

മാററിമാററിപ്പറഞ്ഞെന്നാൽ പററുകില്ലെന്നു കാങ്കയാൽ
കുററത്തെസ്സമ്മതിച്ചുഴിപററെത്താണുവണങ്ങിനാർ. 107

പോററിമാർ നാലുപേർ കുററമേററ രാജവിരോധികൾ
ഊററക്കാരവരെബ്‌ഭൂപൻ്റടൻ നാടുകടത്തിനാൻ. 108

മററുള്ള രാജവിദ്രോഹക്കുററക്കാരെയശേഷവും
ഒററയ്ക്കു കഴവിൽത്തൂക്കി പററലക്കുലാന്തകൻ. 109

തൂക്കപ്പെട്ട നൃപദ്രോഹിവൎഗ്ഗത്തിൻ വസ്തുവൊക്കെയും
ചേൎക്കപ്പെട്ടു കണ്ടുകെട്ടിസ്സൎക്കാരിൽതന്നെ സത്വരം. 110

എട്ടുവീടരിലാണുങ്ങളൊട്ടുക്കിങ്ങനെ ചാകവേ
കഷ്ടം! സ്ത്രീകളിനിപ്പെററു ദുഷ്ടന്മാരുളവായിടും 111

എന്നുശങ്കിച്ചു ഭൂപാലനന്നാ സ്ത്രീകളെയൊക്കെയും
കൊന്നതില്ലാ പാപമുണ്ടാമെന്നു പേടിക്കകാരണം. 112

പ്രാണനേക്കാൾ നരൻ, തൻെറ മാനത്തെ രക്ഷചെയ്യുവെ
മാനക്കേടുവരുത്തീടും നൂനം പ്രാണാതിസങ്കടം. 113

"എന്നുറച്ചാ സ്ത്രീജനത്തേ താഴ്ന്ന ജാതിയ്ക്കു നൽകിപോൽ
എന്നാലിതോ രാജനീതി? യെന്നു ശങ്കിയ്ക്കുവേണ്ട നാം. 114

ശത്രുശേഷം വിഷംപോലെ പേൎത്തനൎത്ഥം വളൎത്തിടും
ശത്രുനിൎവ്വാപണം ധൎമ്മകൃത്യം പാൎത്ഥിവനെപ്പൊഴും." 115

തിങ്കൾക്കു ചേൎന്നിരിക്കുന്നോരങ്കം ഭൂഷണമല്ലയോ?
ചെങ്കോലണിഞ്ഞഭൂപൻെറ വെൺകീൎത്തിക്കിതുമങ്ങനെ. 116

പരമ്പരാ വൈരികുലാലയത്തെ വെൺ-
പറമ്പുപോൽ തട്ടിനിരത്തിയൊക്കെയും
നിരന്തരായം ജനരക്ഷ വേണ്ടപോൽ
പരന്നവൻ ചെയ്തു പരത്തി കീൎത്തിയെ. 117

നാലാം സൎഗ്ഗം.

യുദ്ധോദ്യമം.

ഉദിച്ചു മാൎത്താണ്ഡനുയൎന്നു വിഷ്ണു-
പദാശ്രയത്തേന തെളിഞ്ഞിടുമ്പോൾ
സ്വദീപ്തിയോടേ ദ്വിജരാജരുണ്ടോ
തദുന്നതസ്ഥാനമലങ്കരിപ്പൂ? 1

പടക്കളത്തിൽ പരിപന്ഥി ശസ്ത്ര-
യഷ്ടിടയ്ക്കു കാണാത്ത പുറങ്ങളുള്ളോർ
അടിയ്ക്കടിക്കായുധവിദ്യ നൾകും
കടാക്ഷമാലാങ്കിതകങ്കടന്മാർ. 2

പരമ്പരാസിദ്ധ കുലാഭിമാനം
നരമ്പുതോറും നിറയുന്ന രക്തം
പെരുമ്പറത്താളസമം തിളയ്ക്കും
പരന്തപന്മാർ ഭടനായകന്മാർ 3

നരാധിനാഥൻെറ നയം തുളുമ്പും
സ്വരാജ്യരക്ഷാകരശാസനത്താൽ
ധരാധരാധിത്യകവിട്ടനേകം
സരിത്തുപോൽ ചേൎന്നു പരന്നു സൈന്യം. 4

അസംഖ്യനായർതലവക്കു കീഴിൽ
പ്രസിദ്ധ നായർപ്പട ചേർന്നുകണ്ടു
പ്രസന്നനാം പാർത്ഥിവവീരനപ്പോൾ
സ്വസേനയാക്കിപ്പല ചട്ടമിട്ടു. 5

പോരാത്തൊരായോധനവിദ്യകൂടി
നേരേ പഠിപ്പിച്ചു ഭടാഗ്രഗണ്യൻ
ശ്ലാഘ്യസേനാബലശാലി വഞ്ചി-
സ്വാരാട്ടു പോരാട്ടവിളക്കുവച്ചു. 6

പാട്ടിന്നു രാമയ്യനു നീട്ടനല്കി
നാട്ടിന്നധീശന്നുടെ കേളികൊട്ടി
നീട്ടുന്നൊരാ "മഞ്ജുതര"യ്ക്കു കൊല്ലം
കൂട്ടേണ്ടൊരാസ്സംഗതി വിസ്തരിച്ചു. 7

ദശിംഗനാട്ടിന്നുടയോൻ സ്വഗേഹേ
കൃശാംഗിമാരില്ലതുകാരണത്താൽ
പ്രശസ്തകായംകുളമന്നവന്റെ
വശത്തുചേർന്നിട്ടൊരു ദത്തെടുത്തു 8

സ്വശാഖയിൽപ്പെട്ടൊരു വഞ്ചിരാജാ-
വശേഷമിക്കാര്യമറിഞ്ഞിടാതെ
ദശിംഗ കായംകുള നായകന്മാർ
കുശുമ്പു കാണിച്ചു നിഗൂഢമായി. 9

ദശിംഗകായംകുളരാജസൈന്യം
സുശിക്ഷിതം തങ്ങളിലൊന്നുചേർന്നു
വിശാലവേണാടു പിടിച്ചടക്കാൻ
വിശങ്കമാലോചനയും നടന്നു. 10

ഇതൊക്കെയും കേട്ടു കയർത്തു വഞ്ചി-
ക്ഷിതിക്കധീശൻ നിജ സേനയോടും
അതിക്രമിച്ചു ജയസിംഹനാട്ടി-
ന്നതിർക്കകം കമ്പിതമാക്കി ശീഘ്രം. 11

കുതിച്ചുചാടും കുതിരക്കുളമ്പു
പതിച്ച കൊല്ലത്തിന്നു മുദ്രപോലെ
എതൃത്ത സൈന്യത്തലവൎക്കുപോലും
മതിഭ്രമം വന്നു മടങ്ങി പോരിൽ. 12

ഇതത്ഭുതം ഭീരു ദശിംഗനാഥൻ
കിതച്ചു വഞ്ചീശ്വരനേ നമിച്ചു
അതഃപരം കല്പനപോൽ നടപ്പാ-
നതൃപ്തിയില്ലെന്നറിവിച്ചു നേരേ. 13

അതിന്നു രാമയ്യനമാത്യവീരൻ
ദ്രുതം കരാറൊന്നെഴുതിക്കഴിഞ്ഞു
ക്ഷിതീന്ദ്രനും സമ്മതമായി വായി-
ച്ചതിന്റെ സാരം പറയുന്നു മന്ത്രി. 14

"അടുത്ത ദായാദരറിഞ്ഞിടാതി-
ങ്ങെടുത്ത ദത്തസ്ഥിരമാക്കിടേണം
ഇടിക്കണം കോട്ട; മുറയ്ക്കു കപ്പം
കൊടുക്കണം വഞ്ചിവലാന്തകന്നു- 15

കരാറു കായംകുളവും ദശിംഗ-
നരേന്ദ്രനും ചെയ്തതു റദ്ദുചെയ്തു
പിരിഞ്ഞുകൊള്ളേണ്ടതു; കാലശേഷം
ശരിക്കു വേണാടു ദശിംഗനാടും. 16

മലച്ചിടാതിങ്ങനെ സന്ധിയോല-
ത്തലയ്ക്കലൊപ്പിട്ടു ദശിംഗരാജൻ
അലംഘ്യമാകും വിധിശാസനത്താ-
ലനന്തഗേഹേ നിവസിച്ചുകൊണ്ടാൻ. 17

സ്വാതന്ത്ര്യനെന്നാകിലുമാസ്ഥലത്തെ
ഹിതാനുസാരം വിടുവാൻ ഞെരുങ്ങി
ക്ഷിതീന്ദ്രസൽക്കാരസമൃദ്ധികൈക്കൊ-
ണ്ടതന്ദ്രചിന്താവശനായിരുന്നാൻ. 18

പുകഞ്ഞു കായംകുളരാജനുള്ളം
സ്വകാര്യസാദ്ധ്യത്തിനു കൊച്ചിപുക്കാൻ
സഖാക്കളായ് സന്ധിനടത്തി തമ്മിൽ
സഹായമിച്ഛിച്ചു പെരുമ്പടപ്പും. 19

സ്വതന്ത്രരാജ്യാധിപനാക്കിവയ്ക്ക-
ന്നതിന്നു കായംകുളമേറുവെന്നു
ദ്രുതം ഗ്രഹിപ്പിച്ചു നിഗ്രുഢമായി
ത്തദീയദൂതൻ, ജയസിംഹനേയും. 20

ഒളിച്ചുപോന്നു ജയസിംഹരാജൻ
പുളച്ചു കായംകുളമൊന്നുയൻ്നു
ബലിഷ്ഠസൈന്യം ജയസിംഹരാജ്യം
കുലുക്കിയുകോട്ട പിടിച്ചടക്കി. 21

ദശിംഗനാഥൻ ജയശാലി വീണ്ടും
വിശങ്കമാനാട്ടിനു കോട്ടകെട്ടി
വിശേഷമെല്ലാമഹിതാഹിതാർക്ഷ്യൻ
കൃശാനുചക്ഷുസ്സുടനേ ഗ്രഹിച്ചു. 22

കൊല്ലത്തെ യുദ്ധം.

അയച്ചു രാമയ്യസമർത്ഥമന്ത്രി
നയിച്ച സേനാഭടരേ നരേന്ദ്രൻ
ഒളിച്ചുപോയോരു ദശിംഗനേപ്പോയ്
പിടിച്ചുടൻ കൊണ്ടുവരേണ്ടതിന്നായ്. 23

അടുത്തു രാമയ്യബലം ക്ഷണത്തിൽ
തടുത്തു കായംകുളരാജസൈന്യം
കടുത്ത പോരൊന്നു നടത്തി, പക്ഷേ
മടുത്തു വേണാട്ടരചൻെറ സേന. 24

ജയോദ്ധതൻ തജ്ജയസിംഹരാജൻ
കയത്തുടൻ കല്ലട കീഴടക്കി
അടുത്ത കായംകുളസേനകേറി
പ്പിടിച്ചു മാവേലിപുരത്തിനേയും 25

പരാജയാപശ്രുതികൊണ്ടു ലജ്ജാ-
ഭരാനിലൻ കൂട്ടിയ കോപവഹ്നി
അരാതിവംശാഹുതി പൂൎണ്ണമാക്കി
വരാതെ വഞ്ചീശനടക്കുകില്ല. 26

കായംകുളത്തെ യുദ്ധം.

പരസ്പരംചെന്നു തുണച്ചിടാസ്സാ-
നൊരേ മുഹൂൎത്തത്തിനു വഞ്ചിരാജൻ
നിരോധനംചെയ്തു ദശിംഗനാടും
പുരാതനം കൃഷ്ണപുരത്തിനേയും. 27

വെടിപ്രയോഗത്തിനു തക്കതോക്കും
പടയ്ക്കുവേണ്ടും പലതും വിശിഷ്ടം
കൊടുത്തു വഞ്ചീശപരനഞ്ചുതെങ്ങിൽ
കിടക്കുമാംഗ്ലേയകവൎത്തകന്മാർ. 28

പരിഷ്കൃതം ശസ്ത്ര,മടല്ക്കു ശൌൎയ്യം
പെരുത്ത സൈന്യം, പടനായകന്മാർ
കരുത്തെഴന്നോ,രടവോടുകൂടി
പരസ്പരായോധനശീലമുള്ളോർ 29

ഇതൊക്കെയോണാട്ടുകരബ്ഭടന്മാ-
രെതൃത്തുപോരിൽ സ്ഥിരനിശ്ചയക്കാർ
അതന്ദ്രസംഗ്രാമഫലം തുലാസിൽ
സ്ഥിതം സമം സൂചിയനങ്ങിയില്ല. 30

പെരുമ്പടപ്പുണ്ടു സഹായമെന്നും
പെരുമ്പടയ്ക്കില്ല കുഴപ്പമെന്നും
പരം പ്രതാപത്തെ നടിച്ചു കൃഷ്ണ-
പുരം പ്രകാശിച്ചു കുറച്ചുകാലം 31

മികച്ച വാണിജ്യമൊടന്നു ലന്ത
പ്പുകഴ്ച കൊച്ചിക്കു ലഭിച്ചിരുന്നു
തഴച്ചൊരാക്കമ്പിനി മാടഭൂപൻ
വഴിക്കു കായംകുളമിത്രമാകാം. 32

ഇതോൎത്തു കായംകുളമൎത്ഥനം ചെ-
യ്യുതിങ്ക ലാ ലന്ത കുടുങ്ങിയില്ല
അതൃത്തി വഞ്ചിപ്പട കിഴ്ഴൂട്ടത്താ-
നതീവഘോരം സമരം തുടങ്ങി. 33

തടുക്കുവാൻ നേൎത്ത ഭടൎക്കു ധൈൎയ്യം
കൊടുക്കുവാൻ കൃഷ്ണപുരാധിനാഥൻ
പടക്കളത്തിൽ കുതിരപ്പുറത്തുൽ-
കടപ്രതാപത്തൊടു ചെയ്തു യുദ്ധം 34

സമൎത്ഥവഞ്ചീശചരസാദിസൈന്യം
ക്രമത്തിലൊന്നിച്ചെതിരിട്ടു ശീഘ്രം
തിമിൎത്ത യുദ്ധത്തിലവൎത്തു കായം-
കുളത്തിലേപ്പാൎത്ഥിവവീരകണ്ഠം. 35

കിളൎത്തി വഞ്ചീന്ദ്രപതാക; കായം-
കുളത്തനാഥപ്പട തോററുമണ്ടി
ഇളച്ചതില്ലൊട്ടുമിതെന്തു പൊട്ടി-
ക്കിളൎത്തിതോ കൃഷ്ണപുരേശ ശിഷ്ടം? 36

മരിച്ച മന്നൻെറ സഹോദരൻ വേർ-
തിരിച്ചുകൂടാത്ത സമാനരൂപൻ
ആരക്ഷണംകൊണ്ടണിചേൎത്ത സൈന്യം
തിരിച്ചുവന്നെത്തി യുറച്ചുനിന്നു. 37

ഇളക്കമില്ലാതെ തടുത്തു കായം-
കുളത്തിലേസ്സേന നിരന്നുകണ്ടു.
വളൎത്തി വഞ്ചീന്ദ്രബലം സഹസ്രം
ബലിഷ്ഠവാജിപ്പടയേ വരുത്തി 38

പറന്നപോലേ തിരുനെല്ലിവേലി
ത്തുരംഗസൈന്യം തുണയായി വന്നു
പരംതുപൊൻപാണ്ടിയതേവനാരും
വരുന്നു കാണ്മിൻ മറവപ്പദാതി 39

ധരാസുരൻ ക്ഷത്രിയനല്ല ശൌര്യം
കരസ്ഥമാക്കീടിന യുദ്ധവീരൻ
പരന്ന വഞ്ചീന്ദ്രഭടക്ഷ്യധീശൻ
പൊരുന്നു രാമയ്യനഹോ വിചിത്രം. 40

പുരാ ധരാധീശകുലം മുടിപ്പാൻ
പിറന്ന രാമന്റെ പദാനുവർത്തി
വിരോധിയേക്കൊന്നു കഴിച്ചുമൂട്ടം-
വരയ്ക്കു രാമയ്യനൊഴിക്കയില്ല. 41

സചങ്ങനാശേരിനൃപാലസേനൻ
പ്രചണ്ഡനാക്കോട്ടയപത്തിയുക്തൻ
സ്വചക്രവാളോഗ്രചമൂസമേതൻ
വിചക്ഷണൻകൃഷ്ണപുരാധിനാഥൻ 42

അടുത്തു ഘോരം പടവെട്ടി; യെന്നാൽ
മടുത്തുപോമെന്നൊരു ഭീതി തോന്നി
കൊടുത്തയച്ചാനൊരപേക്ഷ സന്ധി
നടത്തുവാൻ കൃഷ്ണപുരത്തിനിന്ദ്രൻ. 43

രണാങ്കണത്തിൽ ചുണയോടുകൂടി
ഘനംവിടാതേ പൊരുതോരു വീരൻ
ഇണങ്ങുവാൻ ചെയ്തോരപേക്ഷ നോക്കി
ക്കനിഞ്ഞു വഞ്ചീന്ദ്രനൊഴിഞ്ഞു യുദ്ധം. 44

എളയടത്തുസ്വരൂപം.

എളേടരാജാന്വയമൊന്നു മുന്നം
വിളങ്ങി കൊട്ടാരകര പ്രദേശേ
കലീനരി മന്നരിലേകനല്ലോ
സലക്ഷണം തീർത്തു രാമനാട്ടം. 45

ഭരിക്കുവാൻ ശക്തിയശേഷമില്ലാ-
തിരിക്കു മേകാബലമാത്രമായി
സ്വരൂപ; മെന്നാലൊരുമന്ത്രി കാര്യം
ശരിക്കു നോക്കാതെ കുഴപ്പമാക്കി. 46

അമാത്യനേ മാററി യഥേഷ്ടമായി
സ്വമന്ദിരത്തിൽ സുഖമായ്വസിപ്പാൻ
കുമാരിയേക്കണ്ടു പറഞ്ഞു ഭൂപൻ
ക്രമേണ രാജ്യത്തെയധീനമാക്കി. 47

ഇതിന്നിടയ്ക്കാ ജ്ജയസിംഹരാജൻ
കൃതാന്തനഭ്യാഗതനായ് ഭവിച്ചു
തദീയരാജ്യത്തിനു ദത്തുമൂലം
തദൈവ കായംകുളമേററുവെട്ടി 48

സ്വരാജ്യമായിട്ടു ദശിംഗനാടും
ഭരിക്കുവാൻ കൃഷ്ണപുരാമരേന്ദ്രൻ
ഒരുങ്ങി ലന്തപ്പടയോടു ഗോശ്രീ-
പുരേശനും പിൻതുണയുള്ളമൂലം 49

"അനീതി ചെയ്യൊല്ല ദശിംഗനാടി-
യനന്തഗേഹാധിപതിയ്ക്കിരിക്കും
അനിഷ്ടമുണ്ടാക്കരുതെ"ന്നു വഞ്ചി-
പ്രണേതൃ വാക്കന്നു തൃണീകരിച്ചു. 50

വിരുന്നിനായ്വന്നവനെന്തു വീട്ടി-
ലിരുന്ന പെണ്ണിൻ പ്രിയനെന്നപോലെ
വരുന്നു വാണിജ്യപരപ്രവൃത്തി
യ്ക്കിറങ്ങിയിട്ടുള്ള വിദേശി ലന്ത. 51

ഏളേടരാജ്ഞി യ്ക്കവകാശമുള്ളോ-
രിളാതലം വിട്ടൊഴിയേണമെന്നും
വിളിച്ചു ചൊല്ലുന്നിതു ലന്ത; കായം-
കുളത്തിനോടീർഷ്യ വരൊല്ലയെന്നും 52

വിലാളമാസ്സ്വർണ്ണ മുരുക്കിടുമ്പോൾ
വലിഞ്ഞു കേറുന്നതിനെന്തു കാര്യം
ഏലന്തകൾക്കീ മലയാളനാട്ടിൽ
കലാപമുണ്ടാവതിലെന്തു ചേതം? 53

കൊച്ചിക്കരെപ്പാത്തൊരു "വാനിമാഫാം"
"ഡച്ചിൻഡിയാക്കമ്പിനി"യാക്ക് മുമ്പിൽ
പൂച്ചുംപറഞ്ഞെത്തി നൃപൻെറ മുമ്പിൽ
പച്ചിച്ചയച്ചാനവനേ നൃപാലൻ 54

വളൎന്ന കോപത്തൊടു "വാനിമാഫ"-
ന്നെളേടരാജ്ഞിയ്ക്കുൻക്രുദ്ധനായി.
വിളംബരംചെയ്തു മുറയ്ക്കു റാണി
യ്ക്കിളാധിപത്യം നിലനില്പതായി. ൫5

ഇതിന്നു വെച്ചൂരയിരുരു രണ്ടും
സ്വാതന്ത്ര്യയാം രാജ്ഞിയിനാം കൊടുത്തു
ഇതൊക്കെയും വാങ്ങിയ ഡച്ചുകാൎക്ക-
ന്നതുല്യമാം വൈഭവമായിരുന്നു. 56

വിദേശി ലന്തപ്പടയാലുമന്നാ-
സ്വദേശി സേനാവലിയാലുമൊപ്പം
സദൈവ സംരക്ഷിതമാക്കിയാത്മ-
പ്രദേശ മാ ശ്ശക്തിമുഴുത്ത റാണി. 57

അസൂയ ലന്തപ്പരിഷയ്ക്കു പൂക്കം-
വസന്തകാലോദയ വഞ്ചിരാജൻ
അസഹ്യമീസ്സംഗതി കേട്ടു ശീഘ്രം
സ്വസേനയെപ്പോരിനൊരുക്കി വിട്ടു് 58

വഞ്ചീന്ദ്രവാജിപ്പട വൻകടൽകോ-
ളഞ്ചുംപദാതിപ്പടയൊന്നുചേൎന്നു
പഞ്ചാസ്യനാനത്തലയെന്നവണ്ണം
സഞ്ചൂൎണ്ണമാക്കീ പരിപന്ഥിസൈന്യം 59

അനീകിനിവ്യൂഹമിളക്കി നേരി-
ട്ടനേക ലന്തബ്ഭടരേ വധിച്ചു
അനാഥയായ് കൊച്ചികടന്നു റാണി
വനാന്തരം പൂകി പരാജിതന്മാർ 60

പിടിച്ചു റാണിയ്ക്കുടയോരു ദേശം
തടസ്സമില്ലാതെ വളൎന്ന രാജ്യം
തുടൎന്നു കായംകുളദേശമെല്ലാ-
മടക്കുവാനുള്ള കടുത്ത യുദ്ധം. 6

ഡച്ചുകാരുടെ പരാജയം

സിലോണിൽനിന്നും പല കപ്പലേറി
കുളച്ചലിൽ പൂകിയ ഡച്ചുസൈന്യം
വിലാളഹീനാലയ മൂഷികൻപോൽ
വിലാസമാം ദക്ഷിണദിക്കിലേറി. 62

ഗൃഹങ്ങളിൽ കൊള്ള നടത്തി; ശല്യം
ബഹുപ്രകാരം ജനതയ്ക്കു ചെയ്തു
മഹാബ്ധി കോട്ടാറിതുകൾക്കിടയ്ക്കു-
ങ്ങഹംകരിച്ചാപ്പടനൃത്തമാടി. 63

പുരൈവ ചൊല്പൊങ്ങിയ പത്മനാഭ-
പുരത്തെയുംകൂടി വളഞ്ഞെടുത്തു
സരോഷമപ്പോളെതിരിട്ടു പൃത്ഥ്വീ-
പുരന്ദരൻ കോട്ടയെ രക്ഷചെയ്തു. 64

വടക്കു യുദ്ധത്തിനു സേനപോയി
ക്കിടക്കയാൽഭൂപതി, നായരെല്ലാം
പടയ്ക്കു തൻകീഴിലണഞ്ഞു നില്പാൻ
കൊടുത്തു കല്പിച്ചൊരു നീട്ടു ധീരൻ. 65

സശസ്ത്രനായർപടയാളിമാരും
വിശിഷ്ടസേനാപതി വഞ്ചിരാട്ടും
നശിച്ച ലന്തപ്പടകൾക്കു ദുർഗ്ഗം
വശപ്പെടുത്താതെയെതൃത്തുനിന്നു 66

നരേന്ദ്രനന്നുത്തരദിക്കിൽനിന്നും
വരുന്നതിന്നാജ്ഞ കൊടുത്തവണ്ണം
സരാമവിഖ്യാതമനായകശ്രീ-
കരംബിതം വൻപട വന്നുചേൎന്നു. 67

വളൎന്ന വഞ്ചിപ്പട ഘോരസൎപ്പം
പൊളിച്ച വായിൽ തവളയ്ക്കു തുല്യം
വലഞ്ഞ, ലന്തപ്പടയേയമൎത്തി
ക്കളഞ്ഞു ക്രുദ്ധത്തൊടരിഞ്ഞുതള്ളി. 68

ഒഴിഞ്ഞുനിന്നാ ക്കബളത്തിൽനിന്നും
പൊഴിപോലുള്ളവരേപ്പിടിച്ചു
വഴിഞ്ഞ കണ്ണീരൊടിരക്കയാലു.
ള്ളഴിഞ്ഞ രാജാവവരിൽ കനിഞ്ഞു. 69

അരാതിശേഷിക്കുകിലും കടത്തിൽ
കുറച്ചു തീരാതെയിരിക്കിലും മേൽ
വരാം വിപത്തെങ്കിലു മന്നു കൊല്ലാ-
തിരിക്കുവാൻ കല്പന നൽകി മന്നൻ 70

അവൎക്കു മാനത്തൊടു ജീവിതത്തി-
ന്നവസ്ഥപോൽ വേണ്ടതു നൽകുവാനും
വ്യവസ്ഥചെയ്തിട്ടു "ഉദയഗിരിദുൎഗ്ഗേ"
നിവാസമാക്കീ തടവെന്ന പേരിൽ 71

"ഡൊനാഡി"യെന്നും "ഡിലണായി"യെന്നും
ഘനംപെറും പേരുവഹിച്ച രണ്ടാൾ
അനേകധാ മന്നവഭക്തരായി-
പ്പുനസ്സഹായിച്ചു വളൎത്തി കീൎത്തി 72

ഒരംഗുലംഭൂമിയുമന്നു വേണാ-
ട്ടിരിക്കൊലാ ഡച്ചുജനത്തിനെന്നു
നരാധിപാജ്ഞയ്ക്കു വിഘാതമുണ്ടോ
വരുന്നു? സൎക്കാരിലടക്കി സൎവ്വം 73

ഗുണജ്ഞനാം ഭൂപതിതൻെറ സേനാ
ഗണത്തിനെെരോപ്യഭടാനുരൂപം
കണക്കിനഭ്യാസബലം കൊടുപ്പാൻ
നിനച്ചവണ്ണം ഡിലണായിചെയ്തു. 47

പുതുക്കി ദുർഗ്ഗങ്ങളതേവിധത്തിൽ
പുതുപ്പടക്കോപ്പുകളും ചമച്ചു
അതീവമോദം നൃപനേകി; സേനാ-
പതിപ്രഭുത്വം ഢിലണായി വാങ്ങി. 75

പട്ടാണികളുടെ ആക്രമം.

കടന്നു സഹ്യാദ്രി പരന്ന കോട്ടാർ
തുടങ്ങിയോരോ നഗരം പിടിച്ചു
ഒടുങ്ങിടാതുള്ള മഹമ്മദീയ-
പ്പടക്കടൽകോളിളകിക്കഴിഞ്ഞു 76

ഇതാരു? പട്ടാണി"ബഡേ"തിസാഹേ
ബിതന്യസേനാപതി ചണ്ഡസാഹേബ്
സ്വതന്ത്ര രാജ്യത്തിനഹോ നവാബീ-
യതിക്രമത്തിന്നിവരേ യയച്ചു. 77

ശുചീന്ദ്രദേവാലയമിന്ദ്രനേയും
ശുചിപ്പെടുത്തുന്ന പവിത്രതീർത്ഥം
പ്രചണ്ഡമുസ്ലിംപട തത്ര കേറി
സ്സ്വചക്രമാത്തേരിനു തീകൊളുത്തി. 78

കരുത്തനാക്കോട്ടനവാബു; സൈന്യം
പെരുത്ത; തേറെറാന്നെതിരിട്ടുപോയാൽ
തുരത്തണം; കെല്പതിനില്ലപിന്നെ
വരുത്തിവയ്ക്കുന്നു കനത്ത വൈരം 79

ഉപായമാദ്യം പറയുന്ന രണ്ടും
നൃപാലമന്ത്രിക്കറിയാമെടുപ്പാൻ
ത്രപയ്ക്കു രാമയ്യനധീനനല്ല
കൃപയ്ക്കു പട്ടാണികളോ നിധാനം- 80

പ്രകാരമേതെങ്കിലുമാട്ടെ തള്ളി
യകററി കേറീലവർ നാഞ്ചിനാട്ടിൽ
സ്വകാര്യഹേതുക്കളവർക്കു നാട്ടി-
ന്നകത്തു നേരിട്ടു തിരിച്ചുപോയീ. 81

വീണ്ടും കൊല്ലത്തുയുദ്ധം.

കിഴക്കുനിന്നിങ്ങു കടക്കു“മാറാം-
മൊഴി”യ്യൂഹചെയ്തു ബലമായ രക്ഷ
തഴച്ച കായംകുളമാത്തു കുത്തി-
ക്കുഴിക്കുവാൻ ഭൂപനയച്ചു സൈന്യം. 82

അമാത്യരാമയ്യരൊടൊത്തു വേഗം
സമത്ഥസൈന്യം ഢിലണായികീഴിൽ
ഗമിച്ചു കൊല്ലത്തൊരു ഢച്ചുകോട്ട-
യ്യൂമർഷമോടാക്രമണം തുടങ്ങി. 83

സുധീരനാമച്യുതവയ്യരമ്പോ!
യുധിഷ്ഠിരന്മാർ നിജ നായർസൈന്യം
അധഃപതിയ്ക്കാതെ തടുത്തു ദുർഗ്ഗ-
പ്രധിക്കുചുററും വെടിവെച്ചു ഘോരം 84

ഇരട്ടി മൂവായിരമുള്ള പാരം-
കരുത്തെഴും വഞ്ചിമഹേന്ദ്രസൈന്യം
നിരത്തിവച്ചൂ, വെടി;യെന്തിനെന്നി-
ട്ടരംഗുലംകോട്ടയിടിഞ്ഞതില്ല. 85

നിരുദ്ധസേനാപതിവായ്യരുണ്ടോ
മരിക്കിലും കോട്ട വെടിഞ്ഞിടുന്നു?
സുരക്ഷിതം കോട്ടയഭേദ്യമെന്നാ-
പ്പരിഭ്രമം വഞ്ചിഭടക്കു വന്നു. 86

അടർകളത്തിൽ പൊരുവാൻ പഠിച്ചു
മിടുക്കരാം കൃഷ്ണപുരേശപത്തി
അടുത്തു വഞ്ചിപ്പടയോടു യുദ്ധം
നടത്തി ഘോരം; കൊടിയും കിളത്തി. 87

പരാജയം പററിയ സേനയോടും
തിരിച്ചു രാമയ്യനൊതുങ്ങിവാങ്ങി
ഉരത്ത കായംകുളരാജഹർഷം
ധരിച്ചു ലന്തയ്ക്കു മുയന്നു ശീർഷം 88

ജയോദ്ധതൻ കൃഷ്ണപുരൈകനാഥൻ
യുയുൽസു ലന്തപ്പടയോടുകൂടി
പ്രയാസമില്ലാതഥ കിള്ളിമാന്തൂ-
രുയന്ന ദുർഗ്ഗത്തെയധീനമാക്കി. 89

കിളിമാനൂർ കോട്ടനിരോധനം.

അറിഞ്ഞു പെട്ടെന്നിതു; ശൌയ്യമേറും
നരേന്ദ്രനെത്തി നിജസേനയോടും
നിരന്നു കോട്ടയ്ക്കു ചുഴന്നു സൈന്യം
തുരന്നു ഭീരങ്കിമുഖേന ദുർഗ്ഗം 90

കരുക്കളേറും ഢിലണായി, കള്ള-
ക്കുരുക്കുകാണും സചിവദ്വിജേന്ദ്രൻ
ഗുരുത്വമേറും യുവരാജനും പൊ-
ന്നുരുക്കുമാക്കന്നിയിലേ നിദാഘേ 91

പുറത്തു കോട്ടയ്ക്കണിയിട്ടു ചുററും
നിരത്തിവയ്ക്കും നളികപ്രയോഗം
ഒരിത്തിരിക്കും വകവച്ചിടാതേ
കരുത്തെഴും വൈരിയെതൂത്തുനിന്നു. (യുഗ്മകം) 92

പകല്ക്കു നീളം കുറവായി, വൻകാർ-
മുകില്ക്കു സായാഹ്നസവാരിക്കൂടി
തകത്തുപെയ്തു മഴ രാത്രി; കാല-
പ്പകച്ച യോദ്ധാക്കളറിഞ്ഞതില്ല. 93

പുറത്തുനിന്നിട്ടരിചെല്ലുകില്ലെ-
ന്നിരിക്കവേ കോട്ടയിലുള്ള സൈന്യം
സുരക്ഷിതം താ,നരിയില്ലകത്തും
വിരക്തരെന്നിട്ടുമെതൃത്തുനിന്നു. 94

ഇറച്ചി തിന്നുന്നൊരു ലന്ത ചീര-
പറിച്ചുതിന്നും പലനാറും കഴിച്ചു
മരച്ചുമഞ്ഞിൻെറ സമാഗമത്താൽ
മരിച്ചുപോമെന്നതു തീച്ചവന്നു. 95

ഒടുക്കമൊക്കേക്കാട്ടയൊഴിഞ്ഞു ജീവൻ
കൊടുക്കുവാൻ മന്നവനോടിരന്നു
കൊടുത്തു ചോറുംകറിയും സ്വധർമ്മം
നടത്തുമാ വഞ്ചിനൃപാലമൗലി 96

ജയഭേരിമുഴക്കി കിള്ളിമാന്തു-
രയുതാലംകൃതതോരണം നിരന്നു
നിയതം പ്രകൃതിയ്ക്കുമുത്സവത്തിൽ
പ്രിയമെന്നന്നുവെളിപ്പെട്ടുത്തി നേരേ 97

ദളവാദ്വിജനെന്നപോലഗസ്ത്യൻ
തെളിയുന്നു മലിനാംബരം വെടിഞ്ഞും
മുളകിൻകൊടി മുത്തണിഞ്ഞു; പൊട്ട-
ക്കുളവും നിർമ്മലതോയരാശിയായി 98

വിടരും നവകേതകീസുമത്തിൻ
പൊടിയുംകൊണ്ടുവരുന്ന മന്ദവായു
തടവിത്തരളീകൃതാംബുവേണീ-
കുടിലാഗാധനദീകുലം തെളിഞ്ഞു. 99

ശുഭകാർത്തികരാജനിഷ്കളങ്ക
പ്രഭ ലോകക്കു കുതൂഹലം കൊടുത്തു
വിഭവൌഘസമർദ്ധികൊണ്ടു വേണാ-
ട്ടഭിരാമോന്നതി കൈവളർത്തി മേന്മേൽ. 100

അഞ്ചാം സർഗ്ഗം.

വീണ്ടും കായംകുളംയുദ്ധം.

വടക്കു കായംകുളനായകന്റെ മു-
ഷ്കടക്കിവയ്ക്കാൻ കരുതും നരാധിപൻ
പടയ്ക്കു സൈന്യത്തൊടു ചെന്നടുക്കവേ
മടക്കമേററാശു നമിച്ചു സാദരം. 1

"വിടാം പ്രദേശം ചിലതിപ്പൊഴേ കുറ-
ച്ചിടത്തെയെൻകൈവശമിക്കുന്നൽകണം
അടയ്ക്കവേനാണ്ടിലതിന്നൊരാനയും
മുടക്കമില്ലാതെ സഹസ്രരൂപ്യവും- 2

തവാധികാരത്തിലിരുന്നുകൊള്ളുവേൻ
ഭവാൻെറ ശത്രുക്കളെയും വെറുക്കുവേൻ"
ഇവണ്ണമഭ്യർത്ഥനചെയ്തു ലജ്ജയാ-
വിവർണ്ണനാം കൃഷ്ണപുരാധിനായകൻ. 3

നമസ്കരിപ്പോരെയനുഗ്രഹിക്കുവാൻ
സമർത്ഥനൌദാര്യമിയന്ന തമ്പുരാൻ
ക്ഷമിച്ചു മുൻചെയ്തത;പേക്ഷപോൽ ഭവാൻ
നമുക്കുചെയ്താൽമതിയെന്നു ചൊല്ലിനാൻ 4

കൊല്ലത്തെ കോലിളക്കം.

ഇതിന്നിടെക്കൊല്ലമെതൃത്തുനില്ക്കുവാൻ
മുതിൻറ ലന്തപ്പട പിൻതുണയ്ക്കയാൽ
അതന്ദ്രമാദിക്കു പിടിച്ചടക്കിയാൻ
സ്വതന്ത്രസപ്തേന്ദ്രപുരി പുരന്ദരൻ 5

ഇതോടുകൂടിത്തലതാഴ്ന്ന ഡച്ചുകാ-
രതീവ പേടിച്ചു നരേന്ദ്രശക്തിയെ
അതഃ പരം മിത്രതയിൽ കഴിക്കുവാൻ
കൊതിച്ചപേക്ഷിച്ചുതുടങ്ങി മെല്ലവേ. 6

കായംകുളംരാജാവു കാന്ദിശീകനായി.

കുടിശ്ശിഖക്കപ്പമടച്ചുതീർക്കുവാൻ
മടിച്ചു കായംകുളമന്നനാപ്പണം
അടച്ചുതീർപ്പാൻ നൃപമന്ത്രിസാധനം
കൊടുത്തയച്ചാൻ മുനകൂർത്ത ഭാഷയിൽ 7

പ്രജാധിപത്യം പ്രബലം വഹിച്ചവൻ
നിജാഭിമാനക്ഷയഭീതി ഹേതുവാൽ
സ്വജീവനുംകൊണ്ടു കടന്നു രാത്രിയിൽ
സജീവകായംകുളകീർത്തിതോരണം. 8

ശ്രവിച്ചു കായംകുളകാന്ദിശീകനെ
ക്കുറിച്ചു വഞ്ചിക്കുടയോൻ കഥിക്കയാൽ
ഒളിച്ചുസൂക്ഷിച്ചവ കണ്ടെടുക്കുവാൻ
പൊളിച്ചു പൂട്ടീടിന പത്തനാരരം. 9

വലിപ്പമേറും നൃവരൻെറ മന്ദിരേ
വിലപ്പിടിപ്പുള്ളൊരു തുട്ടമില്ലപോൽ
ഫലപ്പെട്ടും വല്ലതുമായുധാലയം
വെളിപ്പെടുത്തുന്നതെടുത്തുനോക്കിയാൽ 10

സ"ദേവനാരായണ"വണ്ണമണ്ഡനം
സദൈവമിന്നും പല വാളു കാൺകയാൽ
അദഭ്രശുഭ്രാത്മയശസ്സപാത്രനാ
യുദാഹരിച്ചു ദ്വിജരാജനേ നൃപൻ. 11

കായംകുളത്തു പിന്നേയും യുദ്ധം.

ഒതുക്കി കായംകുളനാടു വഞ്ചിനാ-
ട്ടതുക്കകെത്തെങ്കിലു;മങ്കജീവിതെ
വിദേശ്യരൊന്നിച്ചവിടെ സ്വതന്ത്രരാ-
യെതൃത്തു നായർപ്പടയാളിമാർ സ്വയം. 12

പടക്കളത്തിൽ പുകളാന്ന വിദ്യയും
മിടുക്കുമേറുന്ന വരിഷ്ഠമന്ത്രിയും
മടുക്കയില്ലാഡ്ഢിലണായിക്കൂട്ടരും
കടൽത്തിരയ്ക്കൊത്ത പെരുത്ത സേനയും 13

പരിഷ്കൃതായോധനസാധനങ്ങളും
കരുക്കളും വഞ്ചിനൃപപ്രതാപവും
ശരിയ്ക്കൊരേട;ത്തിവയോടു തുല്യമാ-
യിരിയ്ക്കുമോ പ്രാകൃതനായകപ്പട? 14

നയിയ്ക്കുവാനില്ലൊരുറച്ച നായകൻ
ധരിയ്ക്കുവാനില്ല പരിഷ്കൃതായുധം
ചുരുക്കമേയുള്ളു ജനം; നിസർഗ്ഗമാം
ചുണയ്ക്കുമാത്രം കുറവില്ലൊരിക്കലും. 15

സ്വരാജനില്ലെങ്കില്വമൊത്തുനിന്നു് തൽ-
സ്വരാജ്യരക്ഷയ്ക്കുമതിന്ന ക്രുട്ടരേ
നരാധിനാഥൻ വിലവെച്ചു; നേർത്തു പോർ
പൊരാതെയെന്നിട്ടുമിരുന്നതില്ലഹോ! 16

തുടർച്ചയായിങ്ങനെ മൂന്നുവത്സരം
പിടിച്ചു പോരാടിയ നായർസേനകൾ
ഒടുക്കമുവീശ കൃപാർദ്രഭാവനം
തടുക്കയാൽ താഴ്ന്നു വണങ്ങി സാദരം 17

സ്വകീയരാജ്യത്തൊടു ചേർന്ന ഭൂമിയിൽ
പ്രകർഷമേറും പടയാളിവീരരെ
അകൈതവം കണ്ടൊരു രാജഭക്തിയാ-
ലകംതെളിഞ്ഞാക്കി നൃപൻ സ്വസേനയിൽ. 18

ഡച്ചുകാരുമായി സഖ്യം.

വണിക്പ്രഭുത്വം കലരുന്ന ഡച്ചുകാ-
രിണക്കമിച്ഛിച്ചതുപോലുടമ്പടി
തുണയ്ക്കുമന്യോന്യമുപദ്രവങ്ങളിൽ;
ഗുണത്തിനും വേണ്ടി നടത്തി പാർത്ഥിവൻ. 19

ചെമ്പകശ്ശേരിയോടു യുദ്ധം.

അരാതി കായംകുളഭൂപതിക്കു ചെ-
യ്തിരുന്നതായ് കണ്ട സഹായഹേതുവാൽ
വിരോധമായംബരവാഹനീപുരം
കരസ്ഥമാക്കാൻ കരുതുന്ന മന്നവർ. 20

ചമൂസമൂഹം സചിവാധിനായകം
സമൂല കാഷംകഷിതാഹിതാന്വയം
ക്ഷമാധിപൻ തൽക്ഷണമമ്പലപ്പുഴ
ക്ഷമാസുരേന്ദ്രന്നെതിരായി വിട്ടതേ. 21

സമർത്ഥമാത്തൂർനിലയൻപണിക്കരാ-
മമാത്യനാൽ നീത മനീകിനീഗണം
ക്രമത്തിലെത്തിപ്പടവെട്ടി സീമയ-
ക്രമിച്ചു വഞ്ചിപ്പടയേ മടക്കുവാൻ. 22

തലയ്ക്കുലുളേളാരു വെടിത്തടിക്കകെ-
ത്തൊളിച്ച ഭീരങ്കികളുള്ള ചുണ്ടനിൽ
കളിച്ചുപാടിപ്പട പക്ഷിപോൽ പട-
ക്കളത്തെയാറാക്കിയട്ടുത്തുദസ്സഹം 23

കരയ്ക്കുചുണ്ടൻ വെടിവെച്ചു തൽക്ഷണം
പറക്കുമെന്നിട്ടു തിരിച്ചുവന്നിടും
തരപ്പെട്ടുന്നേരമിറങ്ങിവന്നുടൻ
ശരപ്രയോഗം തുടരും ഭടാവലി 24

കരയ്ക്കുമെന്നല്ല ജലാശയത്തിലും
നിരക്കെനിന്നംബരവാഹിനിപ്പട
ശരിക്കുചെയ്യുംസമരേ ശരംവിഷം
പുരട്ടിയും വിട്ടതു കഷ്ടമെത്രയും. 25

ഒരിക്കലും പിൻതിരിയാതെ പോക്കളെ
മരിക്കയോ വൈരികളേജ്ജയിക്കയോ
വരയ്ക്കുമൂജ്ജസ്വലമായ സേനയെ
ക്കുറെക്കി ഹാലാഹല ലേപിതം ശരം 26

ധരാസുരേന്ദ്രൻെറ ഭടക്ക്ധീനമോ?
പുരാണനാഗാസ്ത്രവുമെന്ന ശങ്കയും
ശരാഭിഘാതവ്രണതാപവും പിടി-
ച്ചൊരാറുനാളേയ്ക്കു നിറുത്തി സംഗരം. 27

ജലാശയത്തിൽ പല ചുണ്ടനിൽസുഖം
ബലിഷ്ഠസൈന്യം പടവെട്ടിടുംവിധൌ
സ്ഥലാശ്രിതം സൈന്യമെതൃത്തുനിൽക്കുവാൻ
വളൎന്ന വൈഷമ്യമനൌകമാകയാൽ 28

കടൽക്കരെ ത്തോണികളുള്ളതൊക്കെയും
പിടിച്ചതിന്നാളുകളോട്ടുക്രൂടവേ
തിടുക്കമൊായ്കൊണ്ടുവരാതെ കൌശലം
പഠിച്ച രാമയ്യരൊഴിച്ചുപോകുമോ? 29

സജ്ജോനകക്രൈസ്തവമുക്കവവ്രജം
നിജാഭിമുഖ്യം ഡിലണായിവന്നതിൽ
വിജേതുകാമൻ നൃപമന്ത്രി പോരിനാ
യജയ്യസൈന്യത്തൊടടുത്തു പിന്നെയും 30

പരാജയം പററിയൊഴിഞ്ഞതിന്നുമേ-
ലൊരാഹവത്തിന്നു തിരിച്ചുവന്നതിൽ
പുരാണസുഗ്രീവകഥാനുസാരമായ്
വരാമിതെന്നോർത്തു പണിക്കരുന്നതൻ 31

നിനച്ചു തെക്കേടധരാസുരാഢ്യനും
പണിക്കരുംതമ്മിലനേകകൌശലം
ഇനിക്കണക്കല്ല നമുക്കു ശണ്ഠ; മേ-
ലിണക്കമായിക്കഴിയുന്നതുത്തമം. 32

അതിന്നു രാമയ്യനു ദൂതയച്ചുകൊ-
ണ്ടെതുപ്പിനൊന്നും കരുതാതിരിക്ക വ
ക്ഷിതിക്കുനാഥൻ ചതുരംഗസംഗര-
പ്രതിഷ്ഠിതാത്മാശയനായിരിക്കവേ. 33

ഇതാവരുന്നു കടലിൽ തിരക്കുമേൽ
കുതിച്ചു കൈവത്ത സഹസ്രതോണികൾ
അതല്ലഹോ! ജോനകരുഗ്രകായരും
സ്വതന്ത്രവഞ്ചിപ്പടവിൽ ശതംപ്രതി. 34

കടൽകരെത്തൊട്ടുടനേ മനയ്ക്കലേ
പ്പടിക്കലോളം കടലോളമെന്നപേൽ
അടിക്കടിക്കെത്തിയ ശത്രുസേനക_
ണ്ടടിച്ചു നെഞ്ചത്തു മലച്ചു ഭൂപതി- 35

ഇതെന്തു? ദുസ്വപ്നമവാസ്തവം; വ്യഥാ
മതിഭ്രമം; മാമറ നാം മറക്കയോ?
ഇതെൻെറശത്രുക്കളിതെൻെറ ബന്ധുവെ-
ന്നതൊക്കെ മായാകൃതമാം വിവേചനം 36

ചരാചരബ്രഹ്മമയസ്വരൂപനായ്
വിരാൾപുമാനായ് വിലസും മഹസ്സിനെ
ഒരാവൃതിക്കുള്ളിലൊതുക്കുമംബികേ!
പരാപരേ! ശക്തിമയേ! നമോസ്തുതേ- 37

കുമാരനല്ലൂരരികത്തു മന്ദിരെ
കുചേലനേപ്പോലെ കഴിഞ്ഞപൂർവികൻ
ഉമേ! ഭവൽപാദസരോജസേവയാൽ
ക്രമേണഭൂപാലപദത്തിലെത്തിനാൻ. 38

വടക്കുനിന്നോടിയലഞ്ഞു വന്നു നിൻ
നടയ്ക്കു കുമ്പിട്ട വിശന്നിരക്കയാൽ
കൊടുത്തൊരുണ്ണിന്നു കൃതജ്ഞരായ് പുരാ
കൊടുത്തുനായർപ്പട പൂർവ്വനന്നതി. 39

സ്വരൂപമുണ്ടാക്കിയ നീ, രജോഗുണ
സ്വരൂപിണി! താമസമാക്കിയോ ഗുണം?
പരോ രജോ സൽഗുണ ബുദ്ധിസിദ്ധമായ്
വരേണമംബേ! മമ സത്വരൂപിണീ! 40

ഹരേ! കൃപാസാഗര! പാർത്ഥസാരഥേ!
പുരൈവഗീതാമൃത വർഷമേഘമേ!
ദുരാപദംഭോനിധി വേലിയേറുമീ-
ദുരാസദായത്തെയൊഴിച്ചു നിത്തണേ. 41

അവസ്ഥമാറുന്നളവാക്കു മന്ദരാ
ഭവിക്കുമാച്ചൂട ഗണിച്ചുകൂട്ടുമോ?
ദ്രവിക്കവേ സ്വർണ്ണവുമുഷ്ണമാപനീ-
പ്രവർത്തനാഗോചര താപസങ്കുലം. 42

വിധുംതുദഗ്രാസവിധൌ ദ്വിജാധിപൻ
വിധൂനനം ചെയ്തതുകൊണ്ടു കിംഫലം?
വിധിക്കു കീഴ്പ്പെട്ട വിദഗ്ദ്ധമാനസൻ
വിധാനമാന്ദ്രശ്രുവികം നടത്തിനാൻ. 43

പ്രദക്ഷിണംവച്ചു നമസ്കരിച്ചു തൃ-
പ്പദങ്ങളിൽ ഭക്തിഭരേണ കൃഷ്ണനേ
ഉദഗ്രബാഷ്പാകുലലോചനന്നട്ടു-
ത്തിതാ വരുന്തു ദളവാ തമിഠംപിജൻ. 44

രഹസ്യമായിച്ചിലതൊക്കെയോതിയാ-
മഹീസുരാധീശ്വരനേ വിളിച്ചുടൻ
മഹാബ്ധിമാൎഗ്ഗേണ പറഞ്ഞയച്ചു ഭൂ-
മഹേന്ദ്രഗേഹേ ഫണിരാജമന്ദിരേ. 45

യഥൈവ കായംകുളനാട്ടിലേക്കണ-
ക്കഥേഹ നാട്ടാരിളകാതിരിക്കുവാൻ
പ്രധാനി തെക്കേട ധരാസുരാഢ്യനും
തഥാ പണിക്കൎക്കു മുയച്ചുനൽകിനാൻ. 46

സഹായമായ് നിന്നവരീ സ്ഥലത്തിലെ
മഹാജനത്തെസ്സുരിയായ് നയിക്കയാൽ
മഹീശനന്നംബരവാഹിനീപുരം
സഹാനുഭാവം നിജ രാജ്യമാക്കിനാൻ. 47

അനൎഘരാമാനുജ കാവ്യകൃത്തിനും
തനിച്ചു നമ്പ്യാൎക്കുമനല്പമാംവിധം
തുണച്ചൊരാ ചെമ്പകനാട്ടിനീശനും
ഗുണജ്ഞഭൂപൻ ബഹുമാനമേകിനാൻ 48

തെക്കുംകൂറും വടക്കുംകൂറും.

വിരോധിയായ് ത്തീൎന്നിതു കോട്ടയത്തിലെ
നരാധിനാഥന്നു കനിഷ്ഠസോദരൻ
പരംതു വഞ്ചീശ്വരനെബ്ഭജിച്ചതും
പരാഭവം ജ്യേഷ്ഠനു കുട്ടി കേവലം. 49

പിടിച്ചു മാതാവിനു ഭീനമെന്നുടൻ
കൊടുത്തയച്ചു കുറി കോട്ടയാധിപൻ
തിടുക്കമൊട്ടുന്ന സഹോദരന്നിടം
കൊടുത്തു കാണ്മാനഥ ധൎമ്മരാജനേ. 50

മടിച്ചിടാതേ പൊളി തമ്പി പന്നഗം-
കടിച്ചു ചത്തെന്നു പറഞ്ഞു മന്നവൻ
ഇടയ്ക്കിതിൻ സത്യമറിഞ്ഞ വഞ്ചിരാ-
ട്ടടല്ക്കിറങ്ങീ നിജ ഭക്തവത്സലൻ. 51

പടക്കളത്തിൽ ശിവ! കോട്ടയത്തിലേ
ബ്ഭടക്കൾ മുമ്പേ കുശയോടുകൂടവേ
സ്ഫുടദ്വിജശ്രീ കുടവസ്ത്രയോടു മെയ്
തടിച്ചൊരാ ബ്രാഹ്മണരെത്തിനില്ക്കുവാൻ. 52

എടുക്കുമോ ബ്രാഹ്മണനേ വധിക്കുവാൻ
കടുത്ത ശസ്ത്രം തനിനായകപ്പട?
മിടുക്കനാം മന്ത്രി വരുത്തിനിത്തിനാ-
നടല്ക്കഹോ മുക്കവരേ നിരക്കവേ. 53

അശുദ്ധിയുള്ളോരരികത്തിലെത്തിയാൽ
നശിച്ചുപോം ബ്രാഹ്മണശുദ്ധവൃത്തിപോൽ
ശുചിത്വരക്ഷയ്ക്കുടനേ പടക്കളം
ത്യജിച്ചു തൽബ്രാഹ്മണധർമ്മശാലികൾ 54

വെടിക്കൊരാവശ്യവുമില്ല കോട്ടയ-
പ്പടയ്ക്കു വഞ്ചിപ്പടയാട്ടമാനയും
ഇടിച്ചിടാതെ നിജ കോട്ടവിട്ടു മ-
ററിടങ്ങളിൽ പാർത്തു പരാജിതൻ നൃപൻ. 55

സഹോദരന്മാർ കലഹിച്ചു ബാലിയും
കനിഷ്ഠസുഗ്രീവനുമാക കാരണം
ത്രിതീയനാമന്യനു ചേർന്നു രാജ്യവും
പ്രതാപവും താഴ്ന്നു മഹൽകുടുംബവും. 56

അടുത്തുതന്നേ ശുഭചങ്ങനാരിയും
പിടിച്ചു തൽ കോട്ടകളും നൃപാലകൻ
കടുത്തുരുത്തിപ്രഭു മട്ടു കണ്ടുടൻ
വടക്കു സാമൂതിരിയോടടുത്തുതേ. 57

വടക്കു തെക്കിങ്ങനെ ക്രൂരവാഴ്ചയിൽ
പെട്ടും പ്രദേശങ്ങളടക്കി മന്നവൻ
വടക്കതിർത്തിക്കൊടിയാലുവാപ്പുഴ-
യ്ക്കൂടുകാലാശ്ചര്യ്യ! മുയർത്തി കീർത്തിമാൻ 58

പിറക്കാട്ടുയുദ്ധം.

ജയിച്ചു വഞ്ചീശ്വരസേനകേരമീ-
ക്കയററമത്യർത്ഥമസഹ്യമാകയാൽ
കയർത്തുനിന്നു പ്രഭുവർഗ്ഗമെങ്കിലും
നയത്തിലെല്ലാമടിപെട്ടു കേവലം. 59

അനന്തഗേഹേ സുഖമായി വഞ്ചിഭൂ-
മണാളസൽകാരവുമേററു വാഴവേ
കുനഷ്ടരാൽ പ്രേരിതനന്തണാരചൻ
തനിച്ചൊളിച്ചോടിയണഞ്ഞു കൊച്ചിയിൽ 60

തിരിച്ചു തന്നാംബരവാഹിനീപുരം
കരസ്ഥമാക്കുന്നതിലേക്കു സത്വരം
പെരുമ്പടപ്പിൻെറ സഹായഹേതുവാൽ
പെരുമ്പടയ്ക്കുദ്യതനായി ഭൂസുരൻ. 61

മടയ്ക്കകേ പാമ്പു വെളിക്കു പൂച്ചയീ-
യിടയ്ക്കു ചെന്നോരെലിയെന്നമാതിരി
വടക്കു സാമൂതിരി തെക്കു വഞ്ചിപൻ
നടുക്കു ഗോശ്രീപതി ഞെങ്ങി ഭംഗിയിൽ. 62

തനിക്കു നാശം പിണയാതിരിക്കുവാൻ
നിനച്ചു മാടക്ഷിതിനാഥനാദരാൽ
തുണയ്ക്കു വഞ്ചീശ്വരനോടടുത്തുനി-
ന്നിണക്കമാണെന്നു നടിച്ചു പൂച്ചപോൽ. 63

വരുന്നു സാമൂതിരി പോരിനെങ്കിലോ
പെരിമ്പടപ്പിന്നു സഹായമേകുവാൻ
ഒരിമ്പെട്ടും വഞ്ചിനൃപന്നു വൈരിയായ്
വരുന്നവർക്കും തുണ മാടഭൂപതി. 64

മാടക്ഷോണീപാല സൈന്യത്തൊടൊത്താ-
ക്കോടശ്ശേരിക്കയ്മളും കൂട്ടുകാരും
കൂടിച്ചേർന്നു പാലിയം കൂടി വൻപോ-
രാടിക്കൊൾവാൻ വഞ്ചിരാജന്റെ നേരെ. 65

പാക്കപ്പലിൽ പലതരം വെടിയായുധങ്ങ-
ളാക്കിപ്പെരുമ്പട കടൽതിര താണ്ടിവന്നു
ആ കൂട്ടുകാർ കരവഴിക്കുമസംഖ്യമെങ്ങും
നില്ക്കാതെ വഞ്ചിവഴിയും പിഴയാതണഞ്ഞു. 66

എല്ലാംകൂടിത്തൽപിറക്കാട്ടു കേറി-
ക്കൊള്ളാനായിട്ടുദ്യമിക്കുമ്പൊഴേയ്ക്കും
തള്ളിക്കേറീ തത്ര പെട്ടെന്നുമദ്ധ്യേ
വെള്ളംപോലേ വഞ്ചി വൃത്രാരിസേന. 67

പാക്കപ്പൽക്കാർ തീരദേശത്തടുക്കാൻ
നോക്കുമ്പോഴേയ്ക്കുത്തരം കപ്പലേറി
ശീഘ്രം ചെന്നു പിൻതുടൎന്നാർദ്രസൂതാ-
വ്യാഘ്രിക്കൊപ്പം ശൌര്യവേഗങ്ങളോടെ. 68

കപ്പൽസൈന്യം ഭിന്നമായ്പോകകൊണ്ടും
ക്ഷിപ്രം ചുറ്റും ശത്രുവേറുന്നകൊണ്ടും
നില്പാനാകാ മണ്ടുവാൻ മാർഗ്ഗമില്ലാ
കെല്പോടപ്പോൾനിന്നു പോരാടി ഘോരം. 9

ശ്രീ കാർത്തികേയസമനാം പടനാഥനുഗ്രൻ
ശ്രീ കാർത്തിക ക്ഷിതിവലാരിയൊടൊത്തസൈന്യം
തൂകുന്ന ശസ്ത്രമരികണ്ടുമരിഞ്ഞുതള്ളി
ചാകുന്നവൎക്കു സുഖ;മന്യരടിഞ്ഞുപോയി. 70

മാടക്ഷമാ രമണമൂലകുടുംബമുള്ള
നാടാക്കരപ്പുറമതിങ്ങു പിടിച്ചടക്കി
പേടിച്ചു കൊച്ചിമുഴവൻ പൊടിയാകുമെന്നു
കൂടി;ത്തദാ വിനതസന്ധിയപേക്ഷവന്നു. 71

"ഇനിസ്സഹായം തവ വൈരികൾക്കു മൽ-
ജനങ്ങളും മൽ തറവാടുമേതുമേ
അനന്തഗേഹാധിപ! ചെയ്തുകൊള്ളുവാൻ
നിനച്ചിടാ മൽ പിഴയേപ്പൊരുക്കണം." 72

ഇതിൻപ്രകാരം ദൃഢമാം കരാറിനാ-
ലൊതുക്കി ഗോത്രീപതിയിൽ പരാഭവം
സ്വതന്ത്രനാം വഞ്ചിപുരന്ദരൻ തദാ
നിതാന്തകീർത്ത്യാ നിവസിച്ചു നിശ്ചലൻ. 73

കോട്ടയത്തേയും ഏറുമാന്തൂരേയും ജനങ്ങളുടെ മത്സരം.

ഇതിന്നിടെക്കോട്ടയമേറുമാന്തൂർ
മുതൽ ചിലേടത്തിലെഴും ജനങ്ങൾ
അതന്ദ്രരായ് ശണ്ഠ തുടങ്ങിയപ്പോ-
ളതിന്നു സാമൂതിരി തപ്പുകൊട്ടി. 74

രാമയ്യരാക്കൌശലമോടെടുക്കും
സാമപ്രയോഗം വിഫലത്തിലായി
മാഹമ്മദൻ ഹൈദരിനെ ത്തുണയ്ക്കാ-
യാഹന്ത! ഭൂപാലകനും ക്ഷണിച്ചു. 75

എന്നാലവൻ ചെയ്യുമതിക്രമത്തെ
നന്നായ് ഭയപ്പെട്ടുമനേകമട്ടിൽ
മന്നൻ സ്വയം ചെന്നു നയം തുളമ്പി-
ച്ചൊന്നോരു വാക്കോത്തു മടങ്ങി ലോകം. 76

മുഫ്യൂസ്ഖാന്റെ വരവ്.

ഇതെന്തു കണ്ണ്ടാടനവാബയച്ച
മുഭിമിയാവന്നിതു വള്ളിയൂരിൽ?
സ്വതന്ത്രഭാവത്തൊടവൻ തുടങ്ങും
കുതന്ത്രമിങ്ങോട്ടു ഫലിച്ചിടാതെ. 77

പണം കൊടുത്തന്നെഴുതിച്ചു മന്ത്രി
ക്ഷണം "കളക്കാട്ടി"യലും പ്രദേശം
അനർത്ഥമായ് വന്നിതവന്റെ നേരേ
പിണക്കമായ് തീർന്നു നവാബു കഷ്ടം! 78

സഹാംഗലേയപ്പടയാ മുഹമ്മൂസ്ഖാൻ
മഹമ്മദൻ സേനയുമായണഞ്ഞു
അഹോ! മുദീമ്യാ ഗുഹയിൽ കരേറി
മഹിതലം ഖാനു കരസ്ഥമായി. 79

ഒളിച്ചെങ്കിലും സേന പോയെന്നുകേട്ടാ-
പ്പുലിത്തേവനോടും മുദീമ്യാ തിളച്ചു
പുളച്ചു തദാ വഞ്ചി സേനാഭടന്മാർ
കളക്കാട്ടുദേശം തിരിച്ചിങ്ങെടുത്തു. 80

ഇപ്രകാരമതിവിസ്തൃതം മഹാ-
ഭൂപ്രദേശമരിമർദ്ദനൻ നൃപൻ
കീഴ്പെടുത്തി ജനരക്ഷചെയ്യുവാ-
നേപ്പെടുത്തി പല ചട്ടവട്ടവും. 81

൯—ാം സൎഗ്ഗം.

മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ ഭരണം.

നിരന്തരം നിജ ഭുവനേ ജനങ്ങളേ
പരന്തപൻ പരമസുഖം ഭരിക്കവെ
പരാജിത പ്രബലനൃപപ്രജാകുലം
പുരാർജ്ജിതം സുകൃതഫലം ഭുജിച്ചുതേ. 1

ഉണങ്ങവേ, കിണറുകളും കുളങ്ങളും
തുണങ്ങളും പരവശരായ് പശുക്കളും
ഘനങ്ങളന്നമൃതരസം കണക്കിനാ
ജനങ്ങളിൽ കരുണ നൃപൻ ചൊരിഞ്ഞുതേ. 2

കരം, നിലം പുരയിടമുള്ളവൎക്കു ഭൂ—
പുരന്ദരൻ ചെറിയതരം ചുമത്തിയാൻ
സുരക്ഷിതം ജനനിവഹം വനത്തിലും
ചരിച്ചു, വൻകൃഷി പലതും തുടങ്ങിനാർ. 3

പിടിച്ചൊരാപ്പൃഥിവിയിലെ പ്രഭുക്കളേ
യൊട്ടുക്കിയില്ലൊരുവനെയും ക്ഷമാവരൻ
കൊടുത്തു തൽ പദവികളും ധനങ്ങളും
തുടച്ച്യായയവരുടെ സൽകുലത്തിനും. 4

അതിർത്തിയും നിജപുരവും പരാക്രമ
വ്യാഹതിയ്ക്കിടം കിമപി വരാതിരിക്കുവാൻ
സുദൃഢസ്ഥൂരം പരിഘലമൊട്ടും കിളർത്തിനാൻ
മഹത്തരം മതിലുകളേ ഭടാന്വിതം 5

കിഴക്കുനിന്നരികളിനി ക്കരേറുമോ
തടുക്കുവാൻ പ്രബല നവാബിരിക്കവേ?
കൊടുക്കിലെന്തറുപതിനെ ശതത്തിനാൽ
ഗുണിക്കുമാരജതമൊട്ടും ഗജത്തിനേ? 6

അടയ്ക്കയും കുരുമുളകും പെടാവില
യ്ക്കുട്ടുക്കവേ, കുടിവഴിപോസ്സ്വണിക്കുകൾ
മിടുക്കൊടേ പുകയിലയുപ്പിവററവി-
റെറടുക്കുമേ വിലയധികം ഭയങ്കരം. 7

ചരക്കിനേച്ചെറിയ കൃഷിസ്ഥലത്തു വി-
ററഴിക്കുകിൽ കുറവുവരും വിലത്തരം
നിരക്കുവച്ചവ സകലം ശരിക്കു ശേ-
ഖരിക്കുവാനരുളി ജനപ്രിയംകരൻ. 8

ഇതെത്രയും സമുചിതമീ പ്രവൃത്തിയാൽ
പ്രതീക്ഷയിൽ പരമിവിടെപ്പണംവരും
സ്വതന്ത്രരായ്ക്കുടികളിതിന്നൊരുങ്ങിയാൽ
വിദേശികൾക്കുടയ ചതിയ്ക്കുടിഞ്ഞുപോം. 9

പണംവരുംവഴി പലതുംതെളിച്ചുതൽ
ജനങ്ങളേജ്ജനകസമം പുലർത്തുവാൻ
ഇണങ്ങിയന്നരചനുമായ് ധനേശ്വരി
വണങ്ങി വന്നുടയവരും നൃപാലനേ. 10

ധനം വരുന്നതിന്നുസമം വ്യയം നൃപൻ
ഗുണംവരും പലവഴിയേ തിരിച്ചതും
കണക്കുതാ,നണകളിലുള്ള സാരണീ
ഗണാംഭസാ വയലുകളേ നനപ്പതും. 11

ഇരന്നു ഭൂപതിയൊരുനാൾ ഛലേന ചെ
ന്നറിഞ്ഞു തൻ നഗരിയിലെ പ്പിശുക്കനേ
ഇരന്നവന്നരിയരിയും കൊടാഞ്ഞനി-
യ്യിരുന്നൊരാമുതലുകളേക്കവർന്നുപോൽ. 12

അതിന്നുമേൽ ജനമഖിലം നിവൃത്തിപോൽ
മുതിർന്നുപോലഗതികളേപ്പുലർത്തുവാൻ
ഇതല്ലയോ സുകൃതമിയന്ന ധർമ്മഭൂ-
പദം ലഭിപ്പതിന്നിടയായ് ഭവിച്ചതും? 13

ഉദിക്കവേ പ്രതിദിവസം സുഗന്ധിലാ
ഛതോൽഗതാ, പുക, ലതപോലുയർന്നതിൽ
ശതക്രതു, ക്ഷിതിപതിയെബ്ഭയന്നപോൽ
സുദീർഘമാം മഴയിവിടെത്തുടങ്ങിനാൻ. 14

സദാഗതിയ്ക്കുചിതപഥം ജനത്തിനായ്
മുദാ നൃപൻ സുകൃതകരം തുറക്കവേ
സദാഗതി ക്ഷിതിധരനേ നമിച്ചു, തൽ
പദാഗതൻ ജളതയൊടേ ഭയാലസൻ. 15

കരസ്ഥലം ബഹുവിപുലം നൃപന്നഹോ
കരസ്ഥമെന്നറിയുകയാൽ മഹോദധി
തിരിച്ചിനിക്കടലുമിവൻ പിടിക്കുമെ-
ന്നുറച്ചു തൻവിളവു കരം കൊടുത്തുപോൽ. 16

സുദുസ്തരം കടലുകളിൽ തിരയ്ക്കുമേൽ
സ ധീവരപ്രഭൃതി ഗമിച്ചനേകധാ
വിദഗ്ദ്ധരാനൃപനു വലംപിരിഞ്ഞു വെൺ-
മതിപ്രഭം വലിയൊരു ശംഖു നൽകിനാർ. 17

കടൽത്തിരയ്ക്കധിപപദം വഹിച്ച തൽ-
കൊടിക്കുകീഴവനികളേപ്പുലത്തുവാൻ
സ്ഫുടോദ്യമം തുടരുമൊരാംഗലക്ഷമാ-
ഭടാഗ്ര്യരേ നൃപതി സഖാക്കളാക്കിനാൻ. 28

സുദാരുണം ഭരതമഹാ ധരിത്രിതൻ
വിദാരണം രണശിരസി പ്രവൃത്തമാം
വിദൂരഗം ഭവിക്കിലും നൃപാലകൻ
സ്വദൃഷ്ടികൊണ്ടഖിലമറിഞ്ഞിരുന്നപോൽ. 19

അതിക്രമം പ്രബലതരം വരാതെക-
ണ്ടതിത്തികൾക്കധികബലംവരുത്തവേ
അതന്ദ്രമായ് ക്ഷിതിഭരണം നടത്തുവാൻ
സ്വതന്ത്രനായ് ക്ഷിതിരമണൻ വിളങ്ങിനാൻ. 20

സുവർണ്ണധ്വജപ്രതിഷ്ഠ.

സ്വരക്ഷിതാവരിയജഗന്നിവാസനേ-
ക്കുറിച്ചു തൻകരളിലുയന്ന ഭക്തിയാൽ
പരിഷ്കൃതം പണി പലതും ഫണീന്ദ്രസൽ-
പുരിക്കകത്തനവരതം നടത്തിനാൻ. 21

സ്വജൈത്രമാം കൊടിമരവും സുവർണ്ണക
ധ്വജത്തിനാൽ ക്ഷിതിരമണൻ കിളത്തിനാൻ
സജീവമെന്തതിനുപരി പ്രശോഭിതം
ഭജിക്കുവാനുപഗതനാം സുപർണ്ണനോ? 22

ഹിരണ്യഗർഭം.

ഹിരണ്യനിർമ്മിതമധികം വിശാലമാം
സരോരുഹേ പകുതിവരെസ്സുഗവ്യകേ
ഇറങ്ങിയാൻ കുളിയുമതിൽകഴിച്ചു ത-
ന്നാഘലങ്ങളേക്കഴകി മഹാൻ മഹീശ്വരൻ. 23

കിരീടമാക്കനകസരോരുഹത്തിലെ
വിരാജിതം മണിമയകേസരപ്രഭം
ശിരസ്സിലന്നണിയുകയാൽ ധരാധിപൻ
ധരിച്ചുതേ മഹിതപദം മഹാശയൻ. 24

ഹിരണ്യഗർഭൻ കുലശേഖരേന്ദ്രൻ
കിരീടശോഭാഞ്ചിതപുണ്യശീർഷൻ
പരീതവേദസ്തുതിഘോഷഭ്രമീ-
സുരോത്തമാനുഗ്രഹവർഷമേററാൻ. 25

തുലാപുരുഷദാനം.

സുവർണ്ണവും തിരുവുടലും തുലാസിലി-
ട്ടവർണ്ണ്യമാ ദ്വിജനിരയാൽ പരീക്ഷിതം
നിവന്നതില്ലഹഹ നിലത്തടിഞ്ഞു "പൊ-
ന്നു";യന്നതാസ്സുകൃതപരൻ ക്ഷമാവരൻ. 26

തന്നോടു സാമ്യത്തിനു മത്സരിച്ചു
നിന്നോരു പൊന്നങ്ങനെ മഞ്ഞളിച്ചു
എന്നാലിനി ബ്രാഹ്മണരേബ്ഭജിച്ചു
നന്നാക നീയെന്നു നൃപൻ ത്യജിച്ചു. 27

അവസ്ഥപോലനവധി പൊൻപണങ്ങളും
കരസ്ഥമാം ധരണിസുരപ്രമാണികൾ
പുകഴ്ത്തി ഉദ്ഘുഷ്ടതമൊഴിയും നരേന്ദ്രനേ-
യുയർത്തിയാക്കരയുഗളം സമംഗളം. 28

സാഹിത്യപരിപോഷണം.

മനസ്സിലാ മധുമഥനസ്വരൂപവും
നിനച്ചു തൽകുലവിഹിതപ്രവൃത്തികൾ
അനശ്വരം സുകൃതകരം നടത്തിനാൻ
മുനീശ്വരപ്രതിമ നൃപൻ മഹോദയൻ. 26

കുചേലസൽഗതിയധികം മനോഹരം
രചിച്ചൊരാക്കവിവരനേ യഥാ ഹരിഃ
കുചേലനായ്കരുതി ഗൃഹം ധനങ്ങളും
വിചക്ഷണൻ ക്ഷിതിരമണൻ കൊടുത്തുപോൽ. 30

അറിഞ്ഞതില്ലഹഹ! ഗൃഹേ വരുംവരെ
ചൊരിഞ്ഞതാനൃപതി കവിയ്ക്കനുഗ്രഹം
പറഞ്ഞിടാം പരമപുമാൻ മനുഷ്യനായ്
പിറന്നതെന്നതുവിധമിദ്ധരാധിപൻ. 31

പുകഴ്ത്തി ഞാൻ പറയുകയല്ല ഭോജനെ-
ന്തകൃത്രിമം കവിതകളേച്ചമച്ചിതോ?
സ്വകീർത്തനം ഗരുഡരഥപ്രിയംകരം
പ്രകൃത്യനുഗ്രഹകവിതാവിശേഷണം. 33

മനോഹരം കഥകളിയും മഹീധവൻ
വിനോദമായെഴുതി ദയാപയോനിധി
ഗുണോദയം നൃപവരനിൽ സ്വതന്ത്രമാ-
യനോപമം പല കലയാ പ്രദർശിതം. 33

സ്വഭാവഗുണങ്ങൾ.

ചെറുപ്പവും നെറിവുകെട്ടും വിപക്ഷരാൽ
ഞെരുക്കവും കലരുവതാമവസ്ഥയിൽ
ചുരുക്കമായ് ചിലതൊഴികെ പ്രവൃത്തികൾ-
ക്കൊരിക്കലും മലിനതകണ്ടിടാ ദൃഢം 34

അസത്യമില്ലൊരുപൊഴുതും കൃപാനിധി-
യ്ക്കസജ്ജനക്കൊതുക ചെവിക്കടുത്തിടാ
സ്വസേവകപ്രഭൃതികളിൽ ദയാപരൻ
നിസർഗ്ഗമായധിക ഗഭീരമാനസൻ. 35

പ്രവർത്തനം സുകൃതകരം സ്വഭ്രഷ്ടണം
നിവൃത്തിയുള്ളതിലധികം ക്ഷമാഗുണം
അവസ്ഥയേതരികൃതമാം പരാഭവ-
പ്രവൃത്തികൾക്കുചിതമോ പരാക്രമം? 36

സ്വജീവനേ ബലിയുഴിയും നൃപാർത്ഥമാ
ദ്വിജോത്തമൻ സചിവപദപ്രതിഷ്ഠിതൻ
അർജ്ജുനനാം ഭട,നിടയിൽ ശഠൻ, ഹാൽ
സുജാതനാം യുവനൃപനേയകററിനാൻ. 37

യുവരാജാവിന്റെ ദുഃശീലം.

സ്വതന്ത്രതാരഹിതമിതിസ്ഥിതൻ മഹാൻ
ക്ഷിതീശ്വരപ്രകൃതിഗുണം ഗ്രഹിച്ചവൻ
കദാചിദുത്തമനൊരു ഭൂസുരാത്മജയാൽ
ഹൃദന്തരം തകരുമുദന്തമുക്തവാൻ. 38

തിരണ്ട മൽ ഗൃഹനരകക്കുഴിക്കകം
നിറഞ്ഞുപത്ത,റിയുക പെൺകിടാങ്ങളാൽ
നിരാശ്രയസ്ഥിതിയിതിനേയൊഴിച്ചിടാം
നരേശ്വരൻ കനിയുകിലെന്നുറച്ചു ഞാൻ. 39

ഇരക്കുവാനരമനയിൽ കടക്കവേ
തുറിച്ചകണ്ണുടയൊരുവൻ തമിഴ്ദ്വിജൻ
ഇറക്കി മാം കരുമുനയും പറഞ്ഞുവ-
ന്നരക്കനും പറയുക, പേരു രാമനോ? 40

പുരന്ദരപ്രതിഭടപൊന്നുതമ്പുരാ-
നിരുന്നിടും നിജ നഗരത്തിലെത്തുവാൻ
നടന്നു ഞാൻ പെരുവഴി കൊച്ചിവിട്ടിര
ന്നലഞ്ഞു നാൾ പലതു കഴിഞ്ഞു ഭൂപതേ! 41

വിഷണ്ണനായ് വഴിയിലിറങ്ങിയശ്രുവാൽ
നിഷിക്തമെൻ മുഖമിതു കണ്ടറിഞ്ഞൊരാൾ
കഷായിതേക്ഷണനുടനേ പറഞ്ഞുതേ
തുഷാരസൽപദമണവാൻ ദയാനിധേ! 42

ഗുണം വരും തവ, ജഗതീപതേ! ഭവാൻ
കനിഞ്ഞു പെൺകൊട ചിലതാചരിക്കുവാൻ
ധനം തരുന്നതിനു തുണയ്ക്കുകിൽ പ്രഭോ!
ഘനം തരും മഴ;യിതരന്നതൊക്കുമോ? 43

ഒരാളിനേക്കരപരിപീഡനം കഴി-
ച്ചൊരാണ്ടിനപ്പുറ മനുജത്തിയേ മതി
തരേണമേ കഴിയുവതീവകയ്ക്കു മൽ
ധരാപതേ! കരുണയുദിച്ചിടേണമേ. 44

ശ്രവിച്ചിദം ക്ഷിതിവിബുധൻ പറഞ്ഞതും
നിനച്ചു തൻ നിലയുമുടൻ യുവാനൃപൻ
അയച്ചു കത്തവിടെയടുത്തിടങ്ങളിൽ
കളിച്ചു ഭൂസുരനുമുടൻ ക്ഷിതീന്ദ്രനും. 45

കഴിച്ചുതജ്ജപമതുലം മനോഹരം
ഭുജിച്ചു ഭ്രുവലരിപുവും ദ്വിജാതനും
കുറച്ചിരുന്നളവിലിതാ തടിച്ചൊരാൾ
നമിച്ചുകൊണ്ടൊരു കിഴിയേക്കൊടുത്തുതേ. 46

വിളിച്ചു നൽപലകയിലങ്ങിരുത്തിനാ-
നഴിച്ചൊരാക്കിഴിയിലെഴും പണത്തൊടെ
നമിച്ചു ഭൂസുരവരനെ നരാധിപൻ
സ്രവിച്ച കൺകണമൊടനുഗ്രഹിക്കവേ. 47

മനം തെളിഞ്ഞവനിസുരൻ കുറച്ചിരു-
ന്നനന്തരം ധനിയൊരുവൻ സമാഗതൻ
ഘനംപെറും കിഴിയുമവൻ കൊടുത്തു; തൽ
ക്ഷണം ദ്വിജന്നതുമതുപോൽ സമർപ്പിതം. 48

അകക്കളം കുതുകഭരം വഹിക്കയാൽ
സഗൽഗദം സഹനയനസ്രവജ്ജലം
സ്വകൈത്തലദ്വിതയമെടുത്തനുഗ്രഹം
ദ്വിജോത്തമൻ നരവരനിൽ ചൊരിഞ്ഞുതേ. 49

അതുംകഴിഞ്ഞരനിമിഷം കടന്നതി-
ല്ലതിന്നിടയ്ക്കിനിയുമൊരാൾ നൃപാന്തികെ
ഇതാ പണക്കിഴി കഴലിൽ സമർപ്പണം
നതൻ കഴിച്ചതു;മതുപോൽ കൊടുത്തുതേ. 50

സമർപ്പണം പുനരുടനേയനുഗ്രഹം
ക്രമത്തിലിപ്പടി ദശകം നടക്കവേ
പ്രമത്തനായ് ക്ഷിതിവിബുധൻ സ്വപാണ്ഡരം
കമൎത്തി കൈ നൃപനെയനുഗ്രഹിക്കുവാൻ. 51

ധർമ്മമിങ്ങനെ നടത്തി മന്നവൻ
ധർമ്മരാജനിതി കീർത്തി നേടിനാൻ
വൻമഴയ്ക്കു സമമായ് ഗ്രഹിച്ചുതേ
നിർമ്മലൻ പുളകമാർന്നനുഗ്രഹം 52

കുന്നായ് ക്രുടിയൊരാപ്പണം ചുമട്ടകെട്ടിബ് ഭൃത്യരൊത്താദരാൽ
ചെന്നാൻ മന്നവസന്നിധൌ തിരുവനന്താഖ്യേ പുരേ ഭൂസുരൻ
എന്നിട്ടത്ഥനചെയ്തു കൊച്ചിവരെയും ചോരാപഹാരംവിനാ
തന്നോയും ധനവും നൃപാലകനയപ്പിക്കാൻ പ്രസാദിക്കുവാൻ. 53

മരുമകൻെറ മനോഗുണമിവിധം
തിരുമനസ്സറിവാനിടയാകയാൽ
ത്വരിതമാളെയയച്ചു വരുത്തിയി-
ട്ടൊരുമയോടമിരുന്നു മഹാശയൻ 54

ഓതിക്കളിജമന്ദിരേ പണമയച്ചെന്നല്ല കെങ്കേമമാം
രീതിക്കങ്ങിനെ പത്തു പെൺകൊടകളും ചെയ്യിച്ചു ഭൂപാലകൻ
നീതിക്കൊത്തവിധം നിജാവനിതലേ നാനാജനങ്ങൾക്കമും-
പ്രീതിക്കും പ്രബലോന്നതിയ്ക്കുമിടയുണ്ടാക്കിസുഖിച്ചീടിനാൻ. 55

ഏഴാം സൎഗ്ഗം.

മാൎത്താണ്ഡവൎമ്മമഹാരാജാവിൻെറ ചരമദശ.

തേരാളിയായി സ്വയമന്തരാത്മനാ
തേരായിരിക്കും സ്വശരീരപഞ്ജരേ
സാരഥ്യമാബ് ബുദ്ധിവഹിക്കെയിന്ദ്രിയം
വാറിട്ടതിൽ കെട്ടിയ വാജിസഞ്ചയം. 1

സാരജ്ഞനാം ഭൂപതിയുന്നതങ്ങളാ-
മോരോ പദം പൂകി പവിത്രകീൎത്തിമാൻ
പോരാ നിജം വിഷ്ണുപദം പിടിക്കുവാൻ
പോരാട്ടവാനോ തുനിയുന്നു പിന്നെയും 2



ശ്രീ പത്മനാഭസ്വാമിക്ഷേത്രം

ശ്രീപത്മനാഭനു രാജ്യസമപ്പണം.

ശ്രീപത്മനാഭന്നഥ വഞ്ചിരാജ്യവും
ഭൂപൻ സമപ്പിച്ചു നിജം ശരീരവും
ശ്രീ,പൊല്ക്കരംകൊണ്ടു കൊടുത്ത നാന്ദകം
സോപാനമേറിക്കരതാരിലേന്തിനാൻ 3

ധർമ്മം മനുഷ്യന്നുചിതം; നടത്തുമാ-
ക്കർമ്മം തു കൃഷ്ണാപ്പണമായിരിക്കണം
നൈർമ്മല്യമേറും നൃപനീപ്രവൃത്തിയാൽ
നിർമ്മുക്തനാശാമയപാശബന്ധനാൽ. 4

ഭൂഖണ്ഡമൊട്ടുക്കു പരന്ന കീത്തിയോ-
ടാഖണ്ഡലപ്രാഭവമാന്ന തമ്പുരാൻ
പാഖണ്ഡരല്ലാത്ത മഹാജനാർച്ചിതൻ
വൈകുണ്ഠദൈത്തകമനസ്സനന്നാതൻ. 5

രാമയ്യൻദളവായുടെ മരണം.

സാമത്ഥ്യമേറും നൃപമന്ത്രിപുംഗവൻ
സാമാന്യനോ? ഭാഗ്യപയോധിയല്ലയോ?
സ്വാമിക്കു നിത്യം വിജയാത്ഥി; ഭക്തിയി-
ന്നാമട്ടിലാക്കുള്ളു നരാധിനായകേ? 6

അത്ഥത്തിലത്യാഗ്രഹിയല്ല ഭൂപന-
ന്നത്ഥിച്ചു വേണ്ടുന്നവ,യൊന്നു ചൊല്ലുവാൻ
ആ ധാത്രിദേവന്നൊരു വസ്തു വേണ്ടയെ-
ന്നത്രേ കഥിച്ചു മരണാന്തികത്തിലും 7

മാടക്ഷിതീശൻ രണഭീരുവെന്നുറ-
ച്ചാടിക്കുവാൻ നോക്കി; ഫലപ്പെടായ്കയാൽ
തേടിക്കഴിഞ്ഞൂ പദമവ്യയം മഹാൻ
പാടിക്കഴിഞ്ഞൂ ദളവാ ധനാശിയും. 8

മഹാരാജാവിൻെറ മരണശാസനം.

രാമയ്യരേച്ചുട്ടതുകാരണം ക്ഷണം
ഭൂമീശ്വരനുള്ളു പുകഞ്ഞു കേവലം
ശ്രീമജ്ജഗന്നാഥ പദാംബുജാച്ചനം
ക്ഷേമപ്രദംചെയ്തു കഴിച്ചു വാസരം 9

കാരുണ്യവാൻ തൽപ്രിയഭാഗിനേയനോ-
ടോരോന്നു മേൽവേണ്ടതു ചൊല്ലി മെല്ലവേ
"നീ രക്ഷചെയ്യേണ്ടതു പത്മനാഭനാ-
യിരാജ്യമപ്പിച്ചതുപോലെ മേലിലും 10

ധമ്മം പിഴയ്ക്കൊല്ല; കുടുംബമെപ്പൊഴും
നിമ്മത്സരം നല്ലനിലയ്ക്കിരിക്കണം
ആയത്തിനേക്കാൾ ചിലവേററിവയ്ക്കൊലാ
കായംകുളത്തിൻകഥ വിസ്മരിക്കൊലാ 11

വാണിജ്യലാഭത്തെയെട്ട,ത്തതൊന്നിനാൽ
വേണം വ്യയം നമ്മുടെ മന്ദിരങ്ങളിൽ
ഊനം വരുത്തൊല്ലൊരുനാളുമാംഗല-
ശ്രേണീവണിക്ശ്രേഷ്ഠവിശിഷ്ടമൈത്രിയിൽ 12

ഏവം തന്നവതാരകാര്യമഖിലം സാധിച്ചു തോവാളതൊ-
ട്ടീവഞ്ചിക്ഷിതിയാലുവാപ്പുഴവരെയ്ക്കെത്തിച്ചു ശത്രുഞ്ജയൻ
ശ്രീവർദ്ധിച്ചുവരുന്നതിന്നു പലതും ചെയ്തിട്ടു ധാത്രീതലം
കൈവിട്ടാത്മപദം ഗമിച്ചു ഭഗവാൻ മാത്താണ്ഡവമ്മാമഹാൻ. 13

എട്ടാം സർഗ്ഗം.

ശ്രീ രാമവമ്മാ.

കാത്തികക്ഷിതിവലാരിയെത്രയും
കീത്തനീയഗുണശാലി തമ്പുരാൻ
പാത്ഥലാധിപതിയായി; തൃക്കരേ
ചേത്തു ശോഭകലരുന്ന നാന്ദകം. 1

മാതുലൻെറ ഭരണത്തിലുള്ളൊരാ
രീതിയൊക്കെയുമടുത്തറിഞ്ഞവൻ
നീതിമാൻ നിജ ജനത്തിനൊക്കെയും
പ്രീതിനൽകി ഭരണക്രമത്തിനാൽ. 2

പൂർവ്വികൻെറ വിജയക്കൊടിക്കു കീ-
ഴുർവ്വി വിസ്തൃതമിരിക്കകാരണം
സർവ്വദിക്കുമൊരുപോലെ രക്ഷണം
നിർവ്വഹിപ്പതിനു കൂട്ടി സേനയേ. 3

ആംഗലപ്പട നവാമ്പുസേനയും
വാങ്ങിനിന്നൊരു സലാം കൊടുക്കണം
അങ്ങിനെസ്സമരവിദ്യയഭ്യസി-
ച്ചിങ്ങു നായരൊരുമിച്ചുകൂടിയാർ. 4

ദോർദ്ദണ്ഡൊജ്വലനാകിയ
മാർത്താണ്ഡപ്പിള്ള വലിയ സർവ്വാധി
പാർത്ഥിവസേനാനായക-
നാസ്ഥീർന്ന ശക്തിയുള്ള ദളവായും. 5

നാടു മൂന്നുമുഖമാക്കിയൂർജ്ജിതം
കൂട്ടമാളുകളധീശരാകവേ
വീണ്ടുമാമുഖമനേകമണ്ഡപം
കൊണ്ടുതന്നെ വിഭജിച്ചു മന്നവൻ 6

മണ്ഡപംപ്രതി "പിടാക"യെന്ന പേർ
കൊണ്ടറിഞ്ഞ പല "കേൾവി" വസ്തുയാൽ
വേണ്ടവണ്ണ"മധികാര"ശക്തി ഭൂ-
മണ്ഡലത്തിലൊരുപോൽ "പ്രവൃത്തി"തം. 7

"കേൾവി"തോറു"മധികാരി" കാരിയ-
ക്കാരനും തദനു മണ്ഡപംപ്രതി
നീതിന്യായഭരണം നടത്തിയും
ചെയ്തു വേല കരമൊക്കെ വാങ്ങിയും. 8

രാജ്യമാസകലമിപ്രകാരമ-
ന്നൂർജ്ജിതത്തൊടു ഭരിച്ചു മന്നവൻ
ദുർജ്ജനം വിപിനമേറി, വഞ്ചിഭൂ-
വജ്രപാണിയിലെഴും ഭയത്തിനാൽ. 9

മാനവിക്രമപരാക്രമത്തിനാൽ
ദൂനനാമരിയ മാടഭൂപതി
ദീനവത്സലനെയാശ്രയിച്ചു തൻ
മാനരക്ഷണമിരന്നു സാദരം. 10

കൊച്ചിയുമായുള്ള ഉടമ്പടി.

"കൊച്ചിരാജ്യപരിധിക്കകത്തു ത-
ന്നിശ്ചരപോൽ കയറി മാനവിക്രമൻ
കീഴ്പെടുത്തിയവിടം വിടുത്തുവാ-
നേർപ്പെടുത്തുക ഭവാന്റെ സേനയേ. 11

മൽധരിത്രിയിലെഴും കരം പിരി-
ച്ചർദ്ധഭാഗവുമെടുത്തുകൊള്ളണം
യുദ്ധവേളകളിലാബ്ഭടാവലി-
ക്കാദ്ധനം ചെലവുചെയ്ക ഭൂപതേ! 12

തീർത്തൊഴിഞ്ഞു തവ നാട്ടിലേയ്ക്കു, മുൻ-
ചേർത്ത ചേർത്തല മനസ്സൊടേ വയം
അത്രയല്ല പറവൂരുമാലുവാ-
പ്പാർത്ഥിവന്റെ പുരവും തരാമഹം. 13

ആപ്പദായുധപുരാധിപന്റെ കീ-
ഴുംപെടും ധരണിയേപ്പിടിക്കുകിൽ
അല്പവും തരികവേണ്ട സമ്മതി-
ച്ചൊപ്പുവച്ചു തരുവേനിതൊക്കെയും." 14

ഏവമോതിയൊരു മാടഭൂപനോ-
ടാവിധത്തിലെഴുതിച്ചു സമ്മതം
പൂർവ്വകാലകഥയേ സ്മരിക്കയാൽ
ഭൂവലാന്തകനടിച്ചു സംശയം. 15

മാടഭൂപനഥ ഭാഗിനേയനേ
ക്കൂടെയത്ര നികടേ വരുത്തിനാൻ
നാട്ടുവാഴിയുമതേകുടുംബവും
കൂടിയത്ഥന തുടങ്ങി പിന്നെയും. 16

"ഇന്നുതൊട്ടൊരിടപാടിനും വയം
ചേന്നിടാ തവ വിരോധിമാരുമായ്
എന്നുമെൻെറ തറവാട്ടു വഞ്ചിരാ-
ജാന്വയത്തിനെതിരായിരുന്നിടാ". 17

സത്യമിങ്ങിനെ ശുചീന്ദ്രമാം മഹാ-
ക്ഷേത്രസന്നിധിയിലന്നു ചെയ്കയാൽ
മിത്രമായി പരമേശസാക്ഷികം
തത്ര രണ്ടു നൃപവംശമെന്നുമേ. 18

ശ്രീരാമസുഗ്രീവകൃതം കരാറുമാ-
യീരാജസഖ്യത്തിനു സാമ്യമില്ലഹോ!
ശ്രീരാമവമ്മാവൊളിയമ്പയക്കുമോ
പോരാടി നേരിട്ടരിയെപ്പൊടിച്ചിടും. 19

ശൂരനായ ദളവാ, പടക്കളേ
പേരെടുത്ത ഡിലണായിനായകൻ
വാരിരാശി സദൃശാത്തസേനയും
പോരിനായ് വിടവഴങ്ങി ഭൂപനെ. 20

സാമൂതിരിയോടു യുദ്ധത്തിനുള്ള പുറപ്പാട്.

ശ്രീപതിപ്രണതിചെയ്തു തേജസാ
ധൂപിതപ്രതിഭടൌഘമാനസൻ
ഭൂപതി, സ്ഫുരിതദക്ഷിണം ഭുജം
ജ്ഞാപിതാത്മജയമൊന്നുയത്തിനാൻ. 21

"മാനമാക്കി കുലദൈവ, മാ മഹാ
മാനിഭൂപ,രവരോടു നേരിടും
മാനവിക്രമനെ വെന്നുവന്നു മാം
കാണുവിൻ, വിജയഭേരി കൊട്ടുവിൻ. 22

രാജകല്പന മുടിക്കണിഞ്ഞു നി-
വ്യാജഭക്തിയൊടുകൂടിയേവരും
വാജിസേനകളനേകമായിരം
രാജപാതയിലിറങ്ങി ഭംഗിയിൽ. 23

അഗ്രലക്ഷിതപതാകയോടുമ-
ത്യുഗ്രകുന്തവുമണിഞ്ഞ സാദികൾ
ഒക്കെയിങ്ങിനെ നിരന്നു കാഹളം
കേൾക്കവേ കുതിര ചാടിയോടിയാർ. 24

വല്ലരിപ്പറയടിച്ചു താളമോ-
ടുല്ലസിച്ചുടി മുറയ്ക്കു വച്ചുടൻ
നല്ല തോക്കൊടു പദാതിസൈന്യവും
മെല്ലെ യാത്രയണിയായ് തുടങ്ങിനാർ. 25

സംഭരിച്ച വലുതായ തോക്കുമായ്
കൊമ്പനാനയുമനേകമങ്ങിനേ
പിൻപിലാ നിര നിരന്നു; കേൾക്കുമാ-
ക്കൊമ്പുപോൽ ശ്രുതിപിടിച്ചു താളവും. 26

ഭാരവാഹികളുമായുധാദി സം-
ഭാരവാഹികളുമുണ്ടു പിന്നെയും
നൂറിലേറിയ സഹസ്രസംഖ്യയിൽ
സൈ്വരമായനുഗമിച്ചിടുന്നതേ 27

ഉത്തരാഭിമുഖമായ് തിരിച്ചൊരീ-
ശക്തിയേറിയ മഹീന്ദ്രവാഹിനീ
ദുഗ്ദ്ധവാരിധി കടഞ്ഞ പാശമെ-
ന്നോർത്തുപോകുമൊഴുകിഗ്ഗമിക്കവേ. 28

സേനപോം വഴിയിലൊക്കെ വീരരെ-
ക്കാണുവാൻ വനിതമാരുമെത്തിനാർ
മാനമായ വിജയാർത്ഥനാനചിതം
പാനകത്തൊടു കരിക്കുമേകിനാർ. 29

നീണ്ട സേന പറവൂരിലെത്തവേ
കണ്ടു ശണ്ഠയിലെതൃത്തു തൽക്ഷണം
മണ്ടിഭീതിയൊടുകൂടി ജീവനും
കൊണ്ടു കുക്കുടപുരേശസേനകൾ. 30

പിൻതുടൎന്നു ദളവാ കരുപ്പട-
ന്നാന്തികംവഴി ശിവാലയംവരെ
ചാവകാട്ടു ഢിലണായി ചെന്നു നി-
ൎജ്ജീവമാക്കിയെതിരിട്ട കൂട്ടരേ. 31

രണ്ടടിക്കിലുമണഞ്ഞുചെയ്തൊരാ-
ശ്ശണ്ഠയിൽ പൊടിതകൎന്നു വൈരികൾ
വീണ്ടുമാവിജയമാൎന്ന സേനയും
കൊണ്ടുകേറി മലബാറടക്കുവാൻ. 32

സാമൂതിരിയുമായുള്ള ഉടമ്പടി.

ഭീരു കുക്കുടപുരാധിനായകൻ
പോരിലുള്ള കൊതിതീൎന്നു സത്വരം
വീര വഞ്ചിനൃപനോടു സന്ധിയായ്-
ത്തീരുവാൻ സ്വയമിരന്നു നിൎജ്ജിതൻ. 33

താണുവീണപണിയുന്ന പേരെഴും
മാനവിക്രമനിലാൎദ്രമാനസൻ
മാനശാലി പട നിൎത്തിവയ്ക്കുവാൻ
സേനകൾക്കെഴുതി നീട്ടു നീതിമാൻ. 34

"കൊച്ചിയേയിനിയുപദ്രവിച്ചിടാ-
നിശ്ചയം; കിമപി ഞങ്ങൾ തങ്ങളിൽ
മേൽ ചികഞ്ഞൊരു വഴക്കു കൂട്ടിയാൽ
തീൎച്ചയാക്കിയിവിടുന്നൊതുക്കണം. 35

ലക്ഷമൊന്നര തികഞ്ഞ രൂപ്യകം
തൽക്ഷണം തവ തരുന്നതുണ്ടു ഞാൻ
രക്ഷ ചെയ്ക തിരുവഞ്ചിരാജനേ-
രക്ഷിതാവു മമ മേലിലും വിഭോ!" 36

ഇപ്രകാരമറിവിച്ചതിൽ സ്വയം
തൃപ്തനായ നൃവരൻെറയാജ്ഞയാൽ
ആപ്പരാജിതനനേകരാറിന-
ന്നൊപ്പുവ,ച്ചഭയമന്നു വാങ്ങിനാൻ. 37

കൊച്ചിരാജനധികം കൃതജ്ഞനായ്
വച്ചു കാഴ്ച നിജ നാടു കിട്ടവേ
നിശ്ചയപ്പടി കൊടുത്തു രണ്ടു നാ-
ടിശ്ഛരപോലതു ഭരിച്ചുകൊള്ളുവാൻ. 38

പുത്തൻചിറയാട്ടുളവാ
മാൎത്താണ്ഡപ്പിള്ള വാങ്ങുവാൻ ചൊന്നാൻ
വിത്താഗ്രഹിയോ ദളവാ?
ചേൎത്തു സൎക്കാരിലേക്കു മടിയെന്ന്യേ. 39

മാടഭൂപനുടെ രക്ഷ മേലിലും
കൂടെവേണമതിലേയ്ക്കപേക്ഷ പോൽ
ധാടിയുള്ള പൃതനാവിഭാഗമാ-
നാട്ടു കാത്തിതു കലാപമെന്നിയേ. 40

അതൃത്തിതക്കം.

നീട്ടിയോരു നിജ നാട്ടിനേ നെടും-
കോട്ട കെട്ടി, പരിരക്ഷ ചെയ്യുവാൻ
കൂട്ടമായ് മുള വളൎന്നെഴും ചിറ-
പ്പേട്ടുതൊട്ടഴിവരയ്ക്കു ശക്തിയിൽ 41

കരുക്കാട്ടുവഴക്ക്.

ഇൗടെഴും കനകരത്നനിൎമ്മിതം
പ്രൌഢകാന്തി ചിതറുന്ന ഭൂഷണം
നാട്ടുവാഴിയുടെ നൽകിരീടം; മാ-
ച്ചൂടുവോൎക്കു ബഹുച്ചൂടു നൽകിടും 41

മന്നവൻ വിജയി താനുടിച്ചയിൽ
പിന്നെയെന്തു തല ചൂടടിക്കുവാൻ
ഉന്നതം നെടിയ സഹ്യപൎവ്വതം
തന്നെയും തപനതപ്തശീൎഷനാം 43

ആ മലയ്ക്കുഥ കിഴക്കു മുന്നമേ
ഭ്രമി വാങ്ങിയതു താപകാരണം
സീമവിട്ടു വെളിയിൽ കിടക്കയാൽ
ക്ഷേമമായതു ഭരിക്ക ദുർഘടം. 44

ആധിപത്യമിയലും നവാബു തൻ-
പ്രാതിനിധ്യമൊട്ടു വന്നനന്തരം
ഏതു തൊന്തരവിനും സ്വതന്ത്രരായ്
ബാധയാകുമവിടെ പ്രമാണികൾ 45

കൊള്ളചെയ്തു തനിയേ സ്വതന്ത്രരാ-
യുള്ള പാളയമുറച്ച കൂട്ടരും
സൊല്ലചെയ്യുമൊരുദിക്കൊരിക്കലും
നല്ലതല്ല സുഖമായ് ഭരിക്കുവാൻ. 46

പാലുനൽകിയ കരം കടിക്കയേ-
ശീലമുള്ളു വിഷമുള്ള പാമ്പിനു.
കാലവൈഭവമഹോ "മുഫൂസുഖാൻ"
മാലുചേർത്തിതു നവാബിനെത്രയും 47

മുഷ്കുകൂട്ടമവനേയമർത്തുവാൻ-
തക്കതായ ബലമുള്ള സേനയേ
തെക്കുദിക്കിനു നവാബയച്ചപോൽ.
മുഖ്യനായകനതിന്നു 'യൂസഫാം'- 48

ആംഗലക്കിഫ നവാബിനെ സ്വയം-
താങ്ങുവാൻ കരുതലുള്ളകാരണം
സംഗരത്തിനു മുഫൂസുഖാനുമാ-
യിങ്ങു കമ്പിനി തുണയ്ക്കു വന്നതേ. 49

ഏവമീ വരവു കണ്ടുടൻ "പുലി-
ത്തേവരേ" നിജ സഹായിയാക്കിനാൻ
ഭാവുകത്തെ യറിയാമുഫൂസുഖാൻ
ഭൂവരൻെറ കരുണയ്ക്കുപേക്ഷകൻ. 50

തക്കതാം പ്രതിഫലം തരാമിതെ-
ന്നൊക്കെ ദൂതനുരചെയ്തുവെങ്കിലും
ആക്കരുക്കൊരു വിവേകി ഭൂപനേ
ക്കോക്കുവാനവനെട്ടത്തതത്ഭുതം.! 51

യൂസഫെന്തുപറയുന്നു? മുഷ്കുമു-
ഫ്യൂസിനുള്ളതുടനേയൊതുക്കുവാൻ
ത്രാസമററ പടയോട്ട വഞ്ചിഭൂ-
വാസവൻെറ തുണവേണമെന്നുതാൻ. 52

ആയതിൻപ്രതിഫലം കരാറു ചെ-
യ്താായുധത്തോട്ടമയച്ചു സേനയെ
ആയിരം ഭടരു മന്യക്രൂട്ടരും
പോയി പോരിനിഫ ഖാൻ മടങ്ങിനാൻ. 53

പ്രൌഢരാംഗലരറിഞ്ഞു താൻ കള-
ക്കാട്ടവിട്ടെഴുതി യൂസഫും സ്വയം
മോടിയോടവിടവും സുഖേന തൻ-
നാട്ടപോൽ നൃപതി ചെയ്തു രക്ഷണം 54

നേരുകേടഥ നവാബിനോട്ട ചെ-
യ്തേറി യൂസഫിനു മുഷ്കു കേവലം
ആരറിഞ്ഞു പകരുന്ന രോഗമായ്
തീരുമെന്നവിടെ വഞ്ചനാദികൾ? 55

യൂസഫിൻെറ തല താഴ്ത്തുവാൻ നവാ-
ബാംഗലപ്പടയൊടൊത്തു സത്വരം
ഘോരമായ പടയേയയച്ചതും
പോര, വഞ്ചിനൃപനും തുണയ്ക്കണം. 56

ന്യായമെന്നറികകൊണ്ടു മന്നവൻ
സ്വീയ സൈന്യമവിടേയ്ക്കയക്കയാൽ
ആയുധം ഝടിതി താഴെവയ്ക്കുമാ-
റായി യൂസഫടിപെട്ടു വഞ്ചകൻ. 57

തുക്കിലിട്ടവനെ നിഗ്രഹിച്ചു, ത-
ട്ടിക്കിലേബ്ഭരണരീതി വയ്ക്കുവേ
തക്കമററിവിടെയുള്ള ഭൂമിയും
കൈക്കലാക്കി വെറുതേ നവാബഹോ! 58

എത്രവിത്തമതുമല്ല ശണ്ഠചെ-
യ്യേത്രയെത്ര ജനവും നശിച്ചിടം
ഈത്തരത്തിന നവാബെടുത്തതോ
മിത്രകൃത്യ,മിതു കേൾപ്പതാരിനി? 59

ഗവ്ശാലി വിജയോദ്ധതൻ നവാ–
ബുവ്വിപാലകനയച്ച പത്രിക
സർവവാസ്തവ നിദശ്മെങ്കിലും
നിവ്വിശങ്ക മപഹാസ്യമാക്കിനാൻ. 60

അന്നയന്ന മദിരാശിയിൽ ബലം
ചേന്ന കമ്പിനിയിലുള്ള കൂട്ടരേ
മന്നവൻ വിവരമായിതൊക്കെയും
തന്നെ വീണ്ടുമറിവിച്ചു വേണ്ടപോൽ. 61

തക്സംഗതി തടസ്സരെന്നപോൽ
തീക്ഷവാനമൊരപേക്ഷചെയ്കയാൽ
മുഖ്യരാംഗലരിതിൻെറ സംഗതി-
യ്യൊക്കെ വേണ്ട തെളിവന്നൊടുക്കവെ. 62

ശക്തിയേറിയ നവാബുരച്ചോരാ-
വാക്കുതന്നെ നിലനിന്നു തീർച്ചയിൽ
ഭൃത്യനോടു വില തീറുവാങ്ങിയാ-
ലെത്രയുണ്ടുവില? സത്യമോക്കണം (യുഗ്മകം) 63

തീപ്പുകേട്ടൊരു നവാബു പിന്നെയും
ദപ്പമാന്നു പറയുന്നു സംഗതി
"ഭൂപ്രദേശ മതിലേക്കരങ്ങളെ
യപ്പടിക്കിഹ തിരിച്ചടയ്ക്കണം. 64

രണ്ടുലക്ഷമിതമായരുപ്യകം
കൊണ്ടുസംഗതിയൊതുക്കിവയ്ക്കുവേൻ
വീണ്ടുമെന്നൊടു പിണങ്ങിനിന്നിടും
കണ്ടകർക്കു തുണചെയ്യുപോകൊലാ. 65

എന്നുമല്ല തിരുനെല്ലുവേലിയിൽ
തന്നെയോ മധുരനാട്ടിലോ രണം
വന്നുവെങ്കിലവിടെത്തുണയ്ക്കുവാൻ
സൈന്യമോടുവരണം നരാധിപൻ 66

മന്നവൻെറ ധരണിയ്ക്കുമാവിധം
വന്നു രക്ഷ ശരിയായ് നടത്തുവേൻ
ഒന്നുകൊണ്ടുമൊരു ശത്രുഭീതിമേൽ
വന്നിടാതെ തുണചെയ്തുകൊള്ളുവേൻ 67

ആ"കുമാരി"യൊടു "ശോണദുർഗ്ഗ*"വും
തർക്കമില്ല തരുവേൻ നൃപന്നു ഞാൻ
ഒക്കമായിര ഗുണത്രയോദശം
വയ്ക്കണം കരമതിന്നു രൂപ്യകം 68

ചൊല്ലിയിങ്ങനെ നവാബതേല്പതേ
നല്ലതെന്നു കരുതീ മഹീപതി
അല്ലിലുള്ളിരുളുറക്കമേകുമെ-
ന്നുള്ളതാണു പകലിന്നു മേൽഗുണം 69

ആംഗലപ്രമുഖരാനവാബിനേ-
സ്സംഗരോദ്യമമൊഴിച്ചിണക്കവെ
ഈയക്കരാറിനിടയാകകാരണം
തക്കതാം പ്രതിഫലം കൊടുക്കണം .0

അഞ്ചുതെങ്ങിലമരുന്ന കമ്പനി-
യ്ക്കഞ്ചിടാതെ മുളകെത്ര നൽകിയോ?
കൊഞ്ചമാത്സരികയില്ല നിർണ്ണയം
വഞ്ചിവാസവനുദാരനല്ലയോ? 71

---

* ചെങ്കോട്ട.

പൂർവ്വദിക്കിനു നവാബു മുന്നതം
പർവ്വതപ്രകൃതിദുർഗ്ഗവും ബലം
ഉർവ്വിപാലനു സമുദ്രവീഥിയിൽ
സർവ്വശക്തിയെഴമാംഗലൻ ബലം. 72

ഉത്തരാശയിലുയന്ന കോട്ടയേ-
ത്തിത്തതിന്നു ബലമായിരിക്കുവാൻ
മിത്രമാകിയ പെരുമ്പടപ്പിനോ-
ടൊത്തു ഡച്ചുകുലവും തുണച്ചിടും. 73

ഹൈദരാലിഖാൻ.

ഹൈദരാലിയൊരുവൻ മഹമ്മദൻ
ഭീതിദായകനൊരുഗ്രവിക്രമൻ
ഏതുമട്ട മിവിടെക്കടക്കുവാൻ
ഹേതുനോക്കി മരുവുന്ന മന്നവൻ. 74

ചൊല്ലെഴുന്ന മയിസൂരിലേനൃപ-
നുള്ളരാജ്യമടവേ പിടിച്ചവൻ
അല്ല,പിന്നെ മലബാർ പിടിച്ചിട്ടു-
ത്തുല്ലസിച്ചു ജയഭേരികൊട്ടിയോൻ. 75

വഞ്ചിനാട്ടിനെയടക്കിവയ്ക്കുവാൻ
വാഞ്ഛയോട്ടു മുതിരുന്ന സംഗതി
ചഞ്ചലത്തൊടുമറിഞ്ഞു കൊച്ചിയിൽ
സഞ്ചരിച്ച ചില ഡച്ചുകാരുടൻ. 76

“ലന്തകൾക്കരിയ വഞ്ചിവാസവൻ
ബന്ധുവെന്നുമവിടത്തെയൂഴിയിൽ
എന്തുകൊണ്ടു മവിടുന്നു കേറുവാൻ
ചിന്തയെങ്കിലൊഴിയേണ”മെന്നുമായ് 77

സാന്ത്വനങ്ങളരചെയ്തിരുന്നൊരാ-
ലന്തനായകനൊടേവമോതിനാൻ.
“ഹന്ത! ഞാൻ പടയുമായ്വരും വിധൌ
ലന്തമാർ വഴിതരേണമാദരാൽ (യുഗ്മകം) 78

മുപ്പതാന, പതിനഞ്ചുലക്ഷമാം
രൂപ്യകം മമ രണവ്യയത്തിനായ്
മല്പടേ നൃപതി കാഴ്ചവച്ചു മാം
കൂപ്പിയാൽ പടയൊഴിച്ചുകൊള്ളുവേൻ" 79

ഏവമോതിയതു ഡച്ചുകമ്പനി
ഭൂവലാരിയൊടുണർത്തി സത്വരം
ആ വഴിക്കു കൊതിനിത്തിവയ്ക്കുവാൻ
സാവധാനമുരചെയ്തു ഭൂപതി. 80

ആയവസ്ഥകളെ ഹൈദരോടുടൻ
ന്യായമായ് പറകവേണ്ട ഡച്ചുകാർ
സ്വീയദേശപരിരക്ഷചെയ്യുവാ-
നായതിന്നവധിചൊല്ലി മെല്ലവേ. 81

ആനയേ വെടികൊടുത്തു വീഴ്ത്തുവാൻ
കാനനത്തിലൊരു തോക്കു നീട്ടിയോൻ
ഹാ! നിലത്തു നിപതിച്ചു പാമ്പുത-
ന്നാനനത്തിലിടപെട്ട കാലൊടേ. 82

ഹൈദരാപദപുരാധിനാഥനും
താദൃശോല്ക്കടവിദർഭരാജനും
ആദിമം നിജപദം ഗ്രസിക്കവേ
ഹൈദരോടിയിവിടുന്നു തൽക്ഷണം. 83

ആംഗലപ്രഭൃതി ഹൈദരാലിയെ
സ്സംഗരത്തിലടിയററു നിത്തവേ
തങ്ങളിൽ ചില കരാറുചെയ്കയാൽ
മങ്ങി ഹൈദരുടെ കീത്തി കേവലം. 84

എങ്കിലും ചിലദിനം കഴിഞ്ഞവൻ
ഹുംകൊടെത്തി മലബാറിലുന്നതൻ
തൻകുടുംബമൊടു കുന്നലപ്പുരാൻ
വൻകടല്ക്കുപരി വഞ്ചിയേറിനാൻ. 85

നാട്ടുവിട്ടു സകുടുംബമെത്തുമാ
നാട്ടുവാഴിയിലലിഞ്ഞു തമ്പുരാൻ
ആടലാറുമൊരനുജ്ഞനൽകിനാൻ
കൂട്ടമാപ്പദവിയിൽക്കഴിക്കുവാൻ. 86

കേട്ടുവാർത്തയിതു ഹൈദരാലി,യി-
നാട്ടിലേയ്ക്കു പടകൊണ്ടുപോരുവാൻ
കിട്ടണം വഴികളെന്നു ഡച്ചുകാ-
ക്കൊട്ടുകോപമൊടു വിട്ടു കത്തുകൾ. 87

“ബട്ടേവിയാ”യിലെയെഴുത്തു വരാതെകണ്ടു
കിട്ടുന്നതല്ല വഴിയെന്നവരോതി;യെന്നാൽ
വട്ടങ്ങൾ കൂട്ടിയവനോടെതിരിട്ടുകൊൾവാൻ
കൂട്ടായ് തുണപ്പതിനു ഭൂപതിയോടിരന്നു. 88

കൂട്ടുചേരുവതസാദ്ധ്യമെങ്കിലും
കോട്ടകാക്കുവതിനൊത്തുകൂടുവാൻ
വിട്ടുകൊൾവതിനനുജ്ഞനൽകിനാൻ
ധൃഷ്ടരായ ഭടരേ നരാധിപൻ. 89

ഡച്ചുകാർ വഴിതടുക്കകാരണം
കൊച്ചിയിൽ കയറി ഹൈദരുദ്ധതൻ
വാച്ചസേനകളതിക്രമിക്കയാൽ
താഴ്ച്ചവന്നിതു പെരുമ്പടപ്പിനും 90

നാലുകൊമ്പനുമതിൻെറകൂടവേ
നാലുലക്ഷമിതമായ രൂപയും
ആലിതന്നുടയ കാല്ക്കൽ വച്ചുകൊ-
ണ്ടാലിലയ്ക്കു സമനായ് വിറച്ചു തെ. 91

* “നമിക്കാം” സഹസ്രം, തരാം രൂപ്യകം തേ
സമക്ഷം ക്രമംതെററിടാതാണ്ടുതോറും
നമുക്കെന്നുമേ രമ്യമായിട്ടിരിക്കാം
സമീക്ഷിക്ക മാം താവകാധീനനായി” 92

---

* 150

മാടഭൂപതി പറഞ്ഞതൊക്കെയും
പ്രൌഢനാലിവകവച്ച കീർത്തിമാൻ
കൂടിയില്ല തിരുവഞ്ചിഭൂമിയിൽ
കൂടിയൊന്നവനു കാലുകുത്തുവാൻ. 93

ഹൈദരോടു പടവെട്ടുവാനുടൻ
ജാതമായ ചില കാരണങ്ങളാൽ
ആംഗലപ്പടയടുത്തു ധീരമായ്
താങ്ങി വഞ്ചിനൃവരൻെറ സേനയും 94

കോഴിക്കോട്ടും പിന്നെ
പാലക്കാട്ടും തഥൈവ പാണ്ടിയിലും
പോരിൽ കാട്ടിയ വിരുതൊടു
കേറിക്കെട്ടുന്നു വഞ്ചിസേന കൊടി. 95

ഢിലനായി മരിച്ചു വഞ്ചിരാജ്യം
വിലപിക്കാതെ കൃതജ്ഞയാകയില്ല
വിലയേറിയ യുദ്ധവീരനെന്നും
നിലനില്ക്കും ശുഭകീർത്തിശേഷനായി. 96

കമ്പിനിപ്പടയൊടൊത്തു വഞ്ചിനാ-
ട്ടമ്പർകോൻെറ വിരുതാർന്നസേനയും
കമ്പമററു പടവെട്ടി; യാലിയ-
ന്നമ്പരന്നു കഥതീൻ കഷ്ടമേ. 99

താനേകൻ ചുണകൊണ്ടുതന്നെ വലുതാം മൈസൂർപിടിച്ചെത്രയും
മാനത്തോടു ഭരിച്ചു വമ്പരരചന്മാരേ വിറപ്പിച്ചവൻ
ഊനംപററി നയത്തിനല്പമതിനാൽ സർവ്വത്ര ശത്രുക്കളേ
ക്കാണാറായി മരിച്ചു ഹൈദരധികൻ യുദ്ധൈകദത്താശയൻ. 100

രാഹുവിൻെറ വദനത്തിൽ നിന്നെഴും
രോഹിണീരമണബിംബമെന്നപോൽ
ആഹവവ്യഥയൊഴിഞ്ഞു ഭൂമിയിൽ
സ്നേഹചന്ദ്രിക ചൊരിഞ്ഞു മന്നവൻ. 101

ഒൻപതാം സർഗ്ഗം.

ടിപ്പു സുൽത്താൻ.

തൽപിതാവിനുടെ വാളുമെടുത്താ
ടിപ്പുവന്നു നരപാലകനായി
പുഷ്പകാലവിലയേ വലുതാകും
കയ്യെഴുന്ന ഫലമെന്നതുപോലെ. 1

ധൂമകേതു തെളിയുന്നവിധത്തിൽ
ഭീമവിക്രമനുയർന്നു കഴിഞ്ഞു
താമസം ഗുണമവൻ പരപീഡാ
പ്രേമമോടു കളയുന്നു വിചിത്രം. 2

ഏതുകൊണ്ടു ഗുരുഭക്തിവരാമാ–
ത്താതപാദഗതിനോക്കിനടക്കും
ഭീതിലോകരിലിയററിയ താത-
പ്രീതിനോക്കിയതുതന്നെ തുടർന്നു. 3

ആംഗലപ്രവരവർത്തകസംഘം
തങ്ങളാൽ കഴിയുമുഗ്രത കാട്ടി
മംഗലാപുരകൃതാനവമൈത്രീ
ശൃംഖലയ്ക്കു വശനായിതു സുൽത്താൻ. 4

കൂട്ടിലിട്ട കടുവായൊടു തുല്യം
പെട്ടുപോയി ഭടവീരകുമാരൻ
ഒട്ടുമില്ലയവുടമ്പടി കൂച്ചി-
ക്കെട്ടി താദൃശനിബന്ധനമൂലം. 5

പല്ലെടുത്ത ഫണിയെന്നതുപോലെ
ശല്യഭാവഭയദായകനായി
കള്ളവക്രഗതികാട്ടി നിജാത്തു-
ക്കുള്ളിലങ്ങിനെ കഴിഞ്ഞിതു സുൽത്താൻ. 6

ധർമ്മരാജാവിന്റെ രാജ്യഭരണരീതി.

ശാന്തമായ നിജ മണ്ഡലരക്ഷാ-
സ്വാന്തനായി വസുധാധിപവീരൻ
ഹന്ത! ദാശരഥി രാമസമാനം
സ്വന്തനാടിതു ഭരിച്ചു സുശീലൻ. 7

കൊള്ളയില്ല, കൊലയില്ലൊരിടത്തും
കള്ളമില്ല, പരദൂഷണമില്ല
നല്ലരീതി ഭരണത്തിനു വന്നി-
ട്ടുള്ള നാട്ടിലിതു വിസ്മയമല്ല. 8

ഏല്പെട്ടത്തി കരതോറുമുദാരൻ
കെല്പെഴുന്നപടി കാവലിനാളേ
ആപ്രദേശഗതമാനവരക്ഷ-
യ്ക്കെപ്പൊഴും കരുതലോടവർ നിന്നു. 9

ചോരണത്തിനിടയാകുകിലന്നേ
ധീരരായ കരനായകസംഘം
ചോരനേസ്സകലതൊണ്ടിസമേതം
തീരുമാനമിഹ കൊണ്ടുവരേണം. 10

കുററവാളിയെയൊഴിച്ചുകളഞ്ഞു
മറെറാരാളിനെ വൃഥാ പിടികൂടി
തെററുകള്ളമൊഴികൊണ്ടുളവാക്കാൻ
പററുകില്ല പരമാൎത്ഥമുദിക്കും. 11

ഏതുദിക്കിലൊരു മോഷണമുണ്ടാ-
യേതുമില്ല തെളിവെന്നു വരുന്നു?
ഹേതുവെന്തതിലജാഗ്രതയല്ലേ?
ചെയ്തിടേണമതിനായ്പിഴനാട്ടാർ. 12

ചോരണാദിതടയാത്തൊരുകാവൽ-
ക്കാരതിന്റെ പരിഹാരമിവണ്ണം
ഗൌരവത്തിലിഹ ചെയ്തതുമൂലം
ചൌൎയ്യവൃത്തി മറുനാടു കടന്നു. 13

ദൂരെവന്നൊരധികാരിയിരുന്നും
നേരുകെട്ട ചില സാക്ഷികൾ കേട്ടും
കാൎയ്യസാരമറിയാതെ വിധിച്ചാൽ
തീരുകില്ല ജനസങ്കടമേതും. 14

പത്തുനൂറു ഗൃഹമുള്ളവിടത്തിൽ
പാൎത്തിടുന്ന ജനമൊത്തൊരുമിച്ചാൽ
സത്യമേതു തെളിയാതെ വരുന്നു?
കൃത്യബോധികരനാഥനിരിക്കെ. 15

വീടു വീടരു മനേകഗൃഹക്കാർ
കൂട്ടമാക്കരയെ നാഥനമെന്യെ
ആടലാററുമധികാരികളെത്തി
ക്കൂട്ടമെന്നു പറയുന്നതബദ്ധം. 16

ചട്ടവട്ടമിതു പണ്ടു നടത്ത-
പ്പെട്ടമാതിരി തുടങ്ങി നൃപാലൻ
ദിഷ്ടദോഷമണയാതഥ "ശാന്തി
പൌഷ്ടിക" ക്രിയ നടത്തി യഥേഷ്ടം. 17

രാമേശ്വരയാത്ര.

രാമസേതു പരിപാവനതീൎത്ഥം
രാമവൎമ്മനൃപധൎമ്മസമൃദ്ധം
ഭൂമിയുള്ളവരെയും നിലനില്ക്കാ-
നാമഹാപുരുഷനങ്ങെഴുന്നെള്ളി. 18

ധൎമ്മഭൂമിയതിരങ്ങുകഴിഞ്ഞാൽ-
ക്കാണ്മതെന്തൊരു വിലക്ഷണദേശം
മൎമ്മരധ്വനി മുഴക്കിയടുക്കും-
ഘൎമ്മവാതമതിദുസ്സഹമാക്കും 19

വെള്ളിമുള്ളൊട്ടുഞെരിഞ്ഞിലുമേററം
കള്ളിമുള്ളു മിടതിങ്ങിയദേശം
നല്ലവേപ്പു പുളി താലമിതല്ലാ-
തില്ല വൃക്ഷമിതു സൈകതഭൂമി. 20

ചൂടെഴും വെയിലടിച്ചുതെറിപ്പി-
ച്ചീടുമുഗ്രമൃഗതൃഷ്ണകളാലെ
മൂടിയോരു മരുഭൂമിയെ നോക്കി
ക്കൂട്ടമോ? ഝടിതി കണ്ണുകൾ മഞ്ചും 21

താലവൃക്ഷനികരത്തൊടടുത്തി-
ട്ടോലയൊക്കെയുമടിച്ചു പൊളിച്ചു
ചൂളമിട്ടുഴറിയെത്തുവതോ? തീ-
ച്ചൂളവിട്ടു വരുമൂഷ്മളവാതം. 22

സ്വേദനത്തിനിതു നല്ലതുതന്നെ
ശീതളത്വമിതിനെങ്ങിനെ കിട്ടും?
ഭൂതലം വളരെ വസ്തൃതമെന്നാൽ
പൂതമായൊരു ജലാശയമില്ല. 23

കാററടിച്ചു പൊടിപൊങ്ങി ഞെരുങ്ങി-
പ്പററിയംബരമടഞ്ഞുകഴിഞ്ഞാൽ
ഊററമില്ല തപനന്നു മുഖത്തും
പററുമാപ്പൊടികളെന്നിഹതോന്നും. 24

ചൂടുകൊണ്ടുമിനനംബരമെല്ലാം
കൂടിയാപ്പൊടിയടിഞ്ഞതുകൊണ്ടും
വാടിയോരു മുഖമോടവിടം വി-
ട്ടോടിയാഴിയിലൊളിച്ചു കളിക്കും. 25

തീപിടിച്ച വെയിലേററുകഴിഞ്ഞാൽ
താപമില്ല ബലശാലി ജനങ്ങൾ
ഹാ! പരം കറുകറത്തവരെങ്ങും
വ്യാപരിക്കുമുചിതജ്ഞതയോടും. 26

താദൃശപ്രമുഖരായ ജനങ്ങൾ
വേദമന്ത്രകലശത്തൊടു കൂടി
മേദിനീപതിയെ വന്നു വണങ്ങി-
സ്സാദരം പെരിയ താപമുണർത്തി. 27

"ധൎമ്മരാജകുലശേഖരനാറംവാർ
തൻമഹാകുലപയോനിധിചന്ദ്ര!
ഇമ്മഹിക്കു ചരിതാൎത്ഥത നൽകീ
നിൎമ്മലം തവ പദാബ്ജപരാഗം. 28

ദിഷ്ടദോഷമൊഴിയാത്തതുമൂലം
വൃഷ്ടിയില്ല കൃഷിയൊക്കെയുണങ്ങി
കഷ്ടകാലമിതൊഴിച്ചരുളേണം
ശിഷ്ടനാം നൃപ! ഭവാനിതു സാധ്യം." 29

ഈ മുഖസ്തുതി രസിക്കുകയില്ലെ-
ന്നാമഹീന്ദ്രമുഖഭാവമുരച്ചു
ഭൂമിദേവരുടെ കൃത്യവിലോപം
ക്ഷേമഹാനികരമെന്നുരചെയ്തു. 30

പരദേശത്തു മഴ പെയ്യിയ്ക്കുന്നു.

വന്നുകണ്ട ധരണീവിബുധന്മാ-
ൎക്കന്നവസ്ത്രധനദാനസമേതം
നന്ദിചൊല്ലി മഴ വേണ്ടതുതന്നെ-
യെന്നുരച്ചു പരസങ്കടദുഃഖീ. 31

അന്നുരാത്രി യിടിവെട്ടിയുദാരം
മന്നിടത്തു മഴ പെയ്തുതുടങ്ങി
നിന്നതില്ല മഴയെന്നതുമൂലം
പിന്നെയും നൃപനെ വന്നുവണങ്ങി. 32

"പോരുമീ മഴ മഹാഗുണരാശേ!
പാരിനിന്ദ്രപരിപാവനമൂൎത്തേ!"
പാരമാദരവൊടീ വിളി കേട്ടു
മാരിനിന്നു ബഹുവിസ്മയമല്ലൊ. 33

അന്നുതൊട്ടു നൃപപാദപവിത്രം
മണ്ണു തൊട്ടുതൊഴ മത്രയുമല്ല
മണ്ണതിട്ടു കൃഷിചെയ്തിടുമെന്നാൽ
പിന്നെ നഷ്ടി കൃഷികൎമ്മകൾ ഭവിക്കാ. 34

അത്ര ഭക്തി ജനതയ്ക്കു ധരിത്രീ-
വൃത്രവൈരിയുളവാക്കി മഹാത്മാ
തത്ര സേതുവിലസംഖ്യവിശിഷ്ടം
കൃത്യമൊത്തരിയതീൎത്ഥവുമാടി. 35

ധൎമ്മശാലി കുലശേഖരമന്നൻ
തൻമഹത്വമറിയാത്തവനേവൻ?
ഘൎമ്മകാലപരിതപ്തവിദേശേ
വൻമഴയ്ക്കിടകൊടുത്തതു ഭവ്യം. 46

നിൎമ്മലൻെറ ഹൃദയത്തിലിരിക്കും
ചിന്മയന്നു കഴിയാത്തവയുണ്ടോ?
ധൎമ്മകൎമ്മഫലദായകനല്ലോ
നിൎമ്മമൻ നിഗമശാഖിനിയന്താ. 37

ആശരേശനിധനത്തിനുശേഷം
കോസലേശനെഴുനെള്ളിയപോലെ
ശാസിതാരി സകലാൎച്ചിതനുൎവ്വീ-
വാസവൻ തിരികെയിങ്ങെഴുനെള്ളി. 38

യാത്രയിൽ സഹകരിച്ച ജനത്തെ-
പ്പാൎത്ഥിവൻ കരുണയോടു വിളിച്ചു
തത്തദാഗ്രഹമറിഞ്ഞു കൊടുത്തു
വിത്തവസ്ത്രപദഭൂഷണമെല്ലാം. 39

കേശവൻെറ യഭിവാഞ്ഛയിവണ്ണം
പേശലം തിരുമനസ്സറിവിച്ചു.
"ദീൎഗ്ഘകാലമെഴുനെള്ളിയിരുന്നി-
ദിക്കു കീൎത്തിയൊടു കാത്തരുളേണം." 40

ഏതു കേശവനിതെന്നു കഥിക്കാം
ജാതി നായരൊരു കൊച്ചുമിടുക്കൻ
ജാതനായ തറവാടു ദരിദ്രം
സൂത ദേവകിയൊടൊത്ത കൃശാംഗി 41

ഭാസ്കരോച്ചനിലകൊണ്ടു ജനിച്ചു
ഭാസ്കരപ്രഭ സഹിച്ചു വളൎന്നു
അക്ഷരത്തൊടു കണക്കു പെരുക്കം
വാക്യമെന്നിവ പഠിച്ചു തെളിഞ്ഞു. 42

കൂട്ടിവായന പഠിച്ചു കണക്കും
കൂട്ടമോലയെഴുത്തും വടിവോടേ
കിട്ടിവേല;യൊരു കച്ചവടത്തിൽ
പെട്ടമേത്തന്റെ കണക്കെഴുതേണം. 43

ആ മഹാൻ മരതകം നിധിവയ്ക്കും
ധാമമെന്നവിധമൎത്ഥസമൃദ്ധ്യാ
കേമനായി ദിവസംപ്രതി ബാലൻ
ശ്രീമയൻ കടയിലായമുതൽക്കെ. 44

പാൎത്ഥിവന്റെ സദനത്തിലൊരിക്കൽ
മേത്തരോടുമൊരുമിച്ചുഗമിച്ചു
രാത്രിയന്നു ചെറുബാലനുറങ്ങി
പത്തനത്തിലറിയാതൊരു കോണിൽ. 45

ഏഴരയ്ക്കു നരപാലനെണീററു
താഴെ നോക്കി കണി നഗ്നശരീരം
ഏഴയേതഥ ജടിതി രാജഭടന്മാർ
ചൂഴവേ തടവിലാക്കി വിശേഷം. 46

അന്നു കപ്പലതിധാന്യമടിഞ്ഞു
വന്നു ശംഖമുഖസീമയിലെന്നു
മന്നവന്നറിവു വന്നു കണിക്കീ-
വണ്ണമോ ഫലമതെത്ര വിശിഷ്ടം! 47

കൊച്ചുകേശവനെ വീണ്ടുവരുത്തി-
ക്കാഴ്ച പൂൎണ്ണകുതുകത്തൊടു കണ്ടു
വച്ചു ശമ്പളമവന്നതു വാങ്ങാ-
നിച്ഛയില്ല മുതലാളിവരാതെ. 48

പാൎത്ഥിവാജ്ഞയെവെടിയാതെ, വിഷാദം
മൂൎത്ത, മേത്തരുടെ ശാസനപോലെ
കീൎത്തനീയഗുണശാലി നൃപൻ തൻ-
ഭൃത്യനായി വിരുതേറിയബാലൻ. 49

കച്ചകെട്ടി രണവിദ്യപഠിക്കും
കൊച്ചനോട്ടു ഝിലനായി തെളിഞ്ഞു
കൊച്ചുകേശവനു വച്ചുകൊടുത്തു
കൃച്ഛ്രലഭ്യമുപദേശമനേകം. 50

ആയുധത്തൊഴിലൊടൊപ്പമുദാരം
രായസത്തൊഴിലവൻ വശമാക്കി.
ന്യായമായ്ക്കുയറിവന്നുരണത്തിൽ
പോയിരുന്നുമിവനന്നതിവന്നു. 51

കേശവന്റെ മൊഴികേട്ടു, തെളിഞ്ഞോ-
രാശയത്തെ വിലവച്ചു മഹീന്ദ്രൻ
"ഈശനങ്ങനെ തുണയ്ക്കുകിലാകാം
നീ ശരിക്കതിനു ചെയ്യുക യത്നം". 52

രണ്ടുപേരുമൊരുപോൽ സ്മൃതബാഷ്പം
കൊണ്ടു വത്സലത ഭക്തിയുമേവം
കണ്ടു തങ്ങളിലറിഞ്ഞു ഗഭീര-
ക്കുണ്ടു മാനസവികാരതരംഗം. 53

പുണ്യകൎമ്മനിരതൻ തടവെന്യേ
ധന്യമായ പല സംഗതി ചെയ്തു
മന്നിലന്നു ജനതയ്ക്കതിസൌഖ്യം
തന്നെ, നല്ല കൃഷി നാട്ടിലശേഷം. 54

നാളികേരമരിചങ്ങളസംഖ്യം
നാളിൽനാളിലഭിവൃദ്ധിയിലായി
ഏലധൂപസരളാദികളെല്ലാം
ശൈലഭൂമികളിൽനിന്നു ലഭിക്കും. 55

കമ്പിനിക്കു മരിച്ചാദി കൊടുത്താൽ
പൊൻപണങ്ങളിഹ വന്നാടിയുന്ന
മുൻപിലുള്ളതിലുമേറെ നിലങ്ങൾ-
ക്കിമ്പമായ നില നെൽകൃഷി നൾകും. 56

പഞ്ഞിന്തുലഴകിനോടുമെടുത്താ-
ക്കഞ്ഞിനൾകി ദൃഢമാക്കി വളൎത്തി
അഞ്ജസാ വസനമൻപൊടു നെയ്യും
കഞ്ജനേർമിഴികൾ ചാലിയഗേഹേ. 57

ഓരുവെള്ളമതിലിട്ടു കുതിൎക്കു-
ന്നോരുതൊണ്ടുകളടിച്ചു ചതച്ചു
നാരെടുത്തു കയറാശു പിരിക്കും
നാരിമാർ പല തടാകസമീപേ. 58

പാണ്ടിദേശമതിൽനിന്നു ചരക്കും-
കൊണ്ടുവന്നു തമിഴന്തണവൃന്ദം
വേണ്ടവൎക്കു ഗൃഹംപ്രതി വിററും
കൊണ്ടു ലാഭമവരേറെയെടുക്കും. 59

ജോനകപ്പരിഷ, മാപ്പിളമാരും
മാനമുള്ള പല കച്ചവടത്താൽ
മാനനീയത വളൎത്തി ധരിത്രി
ജാനിചെയ്തു പല രക്ഷനിമിത്തം 60

ഉപ്പളത്തിലധികം വിളയുന്നോ-
രുപ്പു കുത്തതകൊടുത്തുവിററാൽ
ഒപ്പമൂഴിപതികൾക്കുമതേക്കൊ-
ണ്ടല്പമല്ല ഗുണമാൎജ്ജനതയ്ക്കും. 61

വെട്ടിയൊട്ടലുകളീറകളാലേ
കുട്ട വട്ടി പലമട്ടു പരമ്പും
കെട്ടിനെയ്തുമതുവിററു കഴിക്കും
കൂട്ടരൊണ്ടു കരതോറുമനേകം. 62

കൈതയോലകളെടുത്തു പുഴുങ്ങി
ശ്വേതമാക്കി മൃദുലത്വമിണക്കി
നെയ്തപായകളതീവ മനോജ്ഞം
ചെയ്തവേല വിലയുള്ളതുതന്നെ 63

യക്ഷികൾക്കു കുടിപാർപ്പിനു നിൽക്കും
വൃക്ഷമുന്നതകരിമ്പനയല്ലോ
ദക്ഷരാം ചിലരതിൻകുല ചെത്തീ-
ട്ടിക്ഷുനീരസമമദ്യമെടുക്കും. 64

മൺകലത്തിലതൊഴിച്ചു കുറുക്കി-
ത്തങ്കവർണ്ണ്നുര പൊങ്ങിവരുമ്പോൾ
കങ്കണധ്വനിമുഴക്കിയിളക്കും
മങ്കമാരതിനു താഴ്ച്ചവരുത്തും. 65

പൊങ്ങനെന്നു പരിഹാസമുരച്ചാ-
മംഗലാംഗികളിളക്കിവിടുമ്പോൾ
അങ്ങു താന്നു കുറുകിച്ചുഴികണ്ടാൽ
വാങ്ങിനിന്നതിനു താപമകററും. 66

ചൂടൊടായതു ചിരട്ടയിലാക്കി-
ക്കൂട്ടമപ്പൊഴുതു കട്ടിപിടിക്കും
ഈട്ടക്കൂട്ടമതു കുത്തിയെടുത്താ-
പ്പേടമാൻമിഴികൾ ചക്കരയാക്കും. 67

പൊൻപണിക്കുമതുപോലെ മിടുക്കായ്
ചെമ്പിരുമ്പുപണികൾക്കുമനേകം
മുമ്പരുണ്ടു; പല ശില്പവിധാനം
തമ്പുരാനുടയ നാട്ടിനു രമ്യം. 68

നല്ലനല്ല മരവേല നടത്താ-
നുള്ള തച്ചരിവിടെക്കുറവല്ല
കല്ലുകൊത്തിയൊരെറുമ്പു കരേറീ-
ട്ടുള്ളമാതിരി ചമപ്പവരുണ്ടു്. 69

കലാസാമർത്ഥ്യത്തിൻ തികവു, മികവേറുന്ന കൃഷി പു-
ഷ്കലം, വാണിജ്യം കൈത്തൊഴിലുകളസംഖ്യം സുഖകരം
കലാപത്തിൽ ശത്രുക്ഷയകരമഹാസേന,യിവയാൽ
തുലോമുല്ക്കൃഷ്ടത്തിൽ ക്ഷിതിപതി വരുത്തീ ജനപദം. 70

പത്താം സർഗ്ഗം.

യാഗം

അനുഭൂതമായ ഗുണവും പ്രഭാവവും
ജനമൊപ്പുകൊള്ളുമതിനില്ല സംശയം
മണിമന്ത്രമൌഷധമിവററകൾക്കെഴും
ഗുണവും പ്രഭാവവുമവർണ്ണ്യമല്ലയോ? 1

ചിലരത്നമെത്രജനതയ്ക്കു സങ്കടം
പലതും വരുത്തി ചിലതാഗ്ഗുണങ്ങളും
ഫലമെത്രയെത്രമൃദുലം മരുന്നിനാ-
ലുളവാകുമെന്നതറിയാതെയാരുവാൻ? 2

അതുപോലെ മന്ത്രമുരുവിട്ടുചൊല്ലിയാ-
ലതുലപ്രഭാവമുളവായിടുന്നതോ?
അതിനേക്കുറിച്ചു ചിലതൊക്കെയെങ്കിലും
വിദിതൻ നിനച്ചു പറയേണമുത്തരം. 3

ശിലകൊത്തി നല്ല പണിചെയ്തിടുന്നവൻ
വിലയുള്ള രത്നമറിവാൻ മിടുക്കനോ?
കുളമൊന്നുമാത്രമറിയുന്ന മീനിനെ
ജ്ജലധിപ്രഭാവമറിവിപ്പതെങ്ങനെ. 4

വിപരീതശക്തമതബോധവാതമേ-
ററുപയോഗശൂന്യജളമസ്തുളുംഗവാൻ
അപവാദമെന്തുപറയട്ടെ; മന്ത്രമി-
നാപഹാസ്യമെന്നു കരുതേണ്ടതല്ല നാം. 5

സ്വരമെത്രശക്തമൊരു രാഗമൂർത്തിയാ–
ലുരഗത്തിനേയുമരികേ വരുത്തിടാം
ഒരുബോധഹീനഹരിണം തൃണാശനം
കരുതാതെ പാട്ടിലധികം ലയിച്ചുപോം 6

സ്വരമപ്പടിക്കു ഗഗനസ്ഥലങ്ങളിൽ
തിരതല്ലുമെന്നു തിരിയാതെയാരുവാൻ?
പറയുന്നവാക്കു ജലധിക്കുമക്കരെ-
സ്സുരിയിട്ടുകേൾക്കുമതു നേരുതന്നയോ? 7

സ്വരമന്തരീക്ഷചലനം വരുത്തുകിൽ
ശരി! രാഗതാളലയമൊത്തുചേരവേ
ഒരുപാട്ടന്തുരുപരിവൃത്തിപാടിയാ-
ലൊരുപോലനന്തചലനസ്വരൂപമാം. 8

പലവട്ടമോതുമൊരുവാക്കുഭേദമാം
ചലനസ്വരൂപമുളവാക്കുമെങ്കിലോ
ഇളകാത്തരൂപമതുപിന്നെ വല്ലതും
ഫലഹേതുവായി വരികില്ലയോ സ്വയം? 9

പലവേദശാസ്ത്രജലരാശി മൌക്തികം
തലയിൽ കിരീടമണിയായണിഞ്ഞവൻ
കുലശേഖരേന്ദ്രനൊരു യാഗദീക്ഷയിൽ
ബലമായുറച്ചു ഹൃദയം സുനിർമ്മലം 10

അതിനാ“ലുവായി”ലൊഴുകും പുഴയ്ക്കുട്ട-
ത്തതിരമ്യഭൂമിയുടനേയെടുക്കണം
അതുമല്ല കോപ്പു പലതങ്ങു കൂട്ടണം
മതിയായ യോഗ്യനതിലേയ്ക്കു പോകണം. 11

അതിനാരുയോഗ്യനിഹ കേശവേതരൻ?
മതിമാൻ മഹീന്ദ്രനവനേയയച്ചുതേ
ഇതു നല്ലക്രുത്തു പടവെട്ടിനായരോ
ശ്രുത സിദ്ധയാഗവിഭവങ്ങൾ കൂട്ടുവാൻ? 12

ഹനുമാനെത്തുല്യമവനേതുകാൎയ്യവും
ചുണയോടുചെയ്യുമതിനില്ല സംശയം
വിനയത്തൊടെത്തി "ചെറുമുക്ക"വൈദിക-
ക്കണിമൌക്തികത്തിനരികത്തു ചൊല്വരെ. 13

നിജകൂട്ടുവൈദികസഹായമോടുമാ-
ദ്വിജനേകി ചാൎത്തു വലുതായതാദരാൽ
യജമാനയോഗ്യമജിനത്തിനാശുപിന്നേ
വിജയാൎത്ഥി നമ്പിടിയടുക്കലെത്തിനാൻ. 14

ശുഭസോമവല്ലിയസിതൈണകൃത്തിയും
പ്രഭുവിങ്ങു വേണ്ടസമയത്തു നല്കുവാൻ
അഭിലാഷമുള്ളതറിവിച്ചു കാൎയ്യവ-
ച്ചഭിമാനി നല്കിയതിലേയ്ക്കു സമ്മതി. 15

അരശും പിലാശുമതുപോൽ വടാഭിധം
മരവുംമുറിച്ചു പല ഭാജനങ്ങളെ
പരിശുദ്ധ കൎമ്മസമയോപയോഗ്യമായ്
കരുതിച്ചമച്ചു നരപാലസേവകൻ. 16

കുശദൎഭമേലെരിസമിത്തസംഖ്യവും
നിശവാക തണ്ഡുലമഹൌഷധങ്ങളും
ദശപുഷ്പമാദി പലസാധനങ്ങളും
വിശദാജ്ഞനല്കി സമയത്തു കിട്ടുവാൻ. 17

ഘൃതകുംഭമെത്ര കരുതുന്നു നാട്ടിലെ
ങ്ങിതുപോലെയുള്ള വിഭവൌഘസംഭൃതി?
ക്രതുവിന്നു നാളു പലതുണ്ടു പോകുവാ-
നിതിനിത്രമുമ്പു ധൃതിയെന്തു കൂട്ടുവാൻ? 18

ഇവനെത്രലുബ്ധനിഹ മണ്ണുകൊണ്ടു താൻ
വിവിധം ചമച്ചു പലപാത്രമത്ഭുതം
നൃവരന്റെയാഗസമയത്തെടുക്കുവാ-
നിവയൊക്കെയെന്തു കനകത്തിലാക്കിയാൽ? 19

നദിതൻ വടക്കുകരയിൽ പരപ്പെഴും
മൃദുമൃത്സമൃദ്ധപരിശുദ്ധദേശമേ!
ഉദയം നിനക്കു കവിരാജനീവിധം
സദയം തരട്ടെ; തവ താഴ്ച്ചനീങ്ങുമോ? 20

നെടുനീളമെമ്പൂന്നു വലുതായയശാലയെ
പ്പടവീടുപോലെ പണിയുന്നുമോഹനം
ഇടയേറെയിട്ടു ചുഴലുന്നവേദിക-
യ്യുടവാക്കിനാലു മറനാന്മറക്രമം. 21

വെറുമോലവാരി മുളയെന്നിവററയാൽ
പുരകെട്ടിയിട്ടു മതുവൈജയന്തിപോൽ
തിരുമുററമൊക്കെ മണലിട്ടുഭംഗിയിൽ
കുറിയിട്ടുമട്ടു തിരുവഞ്ചിമാനിനി. 22

യജനക്രിയയ്ക്കു നിജധർമ്മപത്നിയെ
യജമാനനൊപ്പു മരികത്തിരുത്തണം
നിജകാന്തയാഗ സമയോചിതംസ്വയം
സ്വജനത്തൊടൊത്തു തെളിയുന്നുമേദിനി 23

കൊടുവേനലേററു പൊടിയാർന്നുപച്ചയാ
മുടയാടമങ്ങി വശമായലജ്ജയാ
ചുടുവീർപ്പുവിട്ടു തിരുവഞ്ചിമേദിനി
യ്ക്കുടയോന്റെതൃപ്തി കരുതുന്നുവാസവൻ 24

"ഇടിവെട്ടി, രാജപദവിക്കുതക്കപോൽ
വെടിവച്ചപോലെ, കരിമേഘസഞ്ചയം
ഇടവിട്ടു മാരിചൊരിയട്ടെ, യാലുവാ-
ത്തടിനിക്കിളക്കു മുളവാക്കിടാതെയും." 25

"ക്രതുശാലതീരതടദേശശോഭിതം
വിതതം നമുക്കുമവിടെഗ്ഗമിക്കണം"
അതിഥിപ്രിയന്റെ ഹിതമാചരിക്കുവാൻ
ശതകോടിപാണിയിതുപോലെചൊല്ലിനാൻ. 26

മഴപെയ്തുവെള്ള മൊഴുകിദ്രുമങ്ങളെ
കഴുകിത്തെളിച്ചു; തളിരിട്ടുസത്വരം
പിഴകാട്ടിമാവതൊഴികെദ്രുമാവലി
യ്ക്കുഴകേററിവച്ചു പുതുപുഷ്പമഞ്ജരി. 27

കടലിൻകരയ്ക്കു മുതലദ്രിയോളവും
തടശൈലപോത നിബിഡസ്ഥലങ്ങളിൽ
ഇടതിങ്ങിയെങ്ങു മൊരുപോലെനിന്നിടും
വിടപിയ്ക്കുപുഷ്പ വനലക്ഷ്മിവന്നുതേ. 28

പെരുതായസംഘ മൊരുമിച്ചൊരാംഗല
പ്പരിഷയ്ക്കുതുല്യ മിളകുന്നൊരീച്ചകൾ
ത്വരിതംപറന്നു വന്യപുഷ്പമൊക്കെയും
തിരയുന്നുചെന്നു മകരന്ദലോപികൾ 29

ജലദാവലിക്കു വഴിയമ്പലങ്ങളാ-
മിലവിൻെറക്കൂട്ട കവരസ്ഥലങ്ങളിൽ
വലിയോരുക്കൂട്ടിലറകൾക്കകെത്തുതേ-
നൊളിവായ്നിറച്ചു കരുതുന്നുമക്ഷികൾ 30

വിടരെന്നപോലെ മുരളുന്നപാട്ടുമായ്
വിടിരുന്നപൂവിലുടനേകരേറവേ
പൊടിയുംപുരണ്ടു ചിറകുംതളൻവീ-
ണടിയുന്നവണ്ടു തലചുററിയങ്ങനെ. 31

മരുതിൽകരേറി മധുവുണ്ടുമത്തനാ
യരികത്തിരിക്കു മിണയേയുണർത്തുവാൻ
ചെറുകമ്പുലച്ചു പൊടിതൂകിയെത്രയും
സരസംസരാഗ മിഹപാടിപെൺകുയിൽ. 32

മനകൾക്കടുത്തു വളരുന്നമാവിലേ
ക്കനിതിന്നുനിത്യ മവിടെസ്സുഖിക്കവേ
തനിയേശ്രുതിക്കു വിഷയീഭവിക്കയാ-
ലനുവേലമോർത്തു കിളിചൊല്ലിസുസ്വരം. 33

മധുമാസമായി സിതപക്ഷമല്ലയോ
വിധി,യാഗദീക്ഷ ശരിയായ് നടത്തുവാൻ
മധുകൈടഭാരി പദഭക്തനാലുവാ-
സ്സദനത്തിലെത്തി യവിടെഗ്ഗമിക്കനാം. 34

ഇരുവക്കിലുള്ള ഫലവൃക്ഷ;മിക്ഷുവിൻ
നിരയുംശരിക്ക നിഴലിച്ചുകോമളം
അരയിൽകവിഞ്ഞ ജലവേണിയോടുമാ-
സ്സുരഗംഗവന്നു ശിവസേവചെയ്യുയോ? 35

ഖലകാളിയൻെറ വിഷദുഷ്ടമായിട്ടും
ജലമുള്ളകാളി യമുനയ്ക്കധീനമാം
വലിയോരുഗംഗ യിതിനോട്ടുതുല്യയോ?
മലിനതപമററ ജലമേതിതെന്നിയേ.? 36

തെളിയുന്നചാരു പുളിനങ്ങളഭ്രനിർ-
മ്മലസൈകതങ്ങളൊളിചിന്തിയങ്ങിനെ
കുളിർകാററുമന്ദമുളവാക്കുമോളമൊ
ന്നിളകിപ്പവിത്രമൊഴുകുന്നുവാഹിനി. 37

അവതാരമൂർത്തി യതിപൂജ്യശങ്കര
നൊവിടെക്കുളിച്ചു വളരാൻകഴിഞ്ഞുവോ?
അവിടംവിശുദ്ധമതുകൊണ്ടുമീനദി-
ക്കവിതക്കതീർത്ഥ പദവിക്കുയോഗ്യത. 38

സ്ഫടികപ്രകാശമമൃതപ്രവാഹമു-
ള്ളിടമത്രരാജ സദനത്തിനന്തികം
വെടിയുംക്ഷണത്തിലിവിടെക്കുളിക്കുവാ
നിടയാകുമെങ്കിലവനേനസാപകന്മഷം. 39

അതുകൊണ്ടുതന്നെയിവിടെക്കുളിക്കുവാൻ
ക്ഷിതിദേവരെത്തി പലടത്തുനിന്നഹോ!
പതിനായിരത്തി ലധികംജനംകുളി-
ച്ചതിരാവിലേ ജപതപംതുടങ്ങിനാർ. 40

ക്രതുശാലമൂന്നു മതിനന്തികങ്ങളും
വിധിപോലെതന്നെ സമലംകരിച്ചുതേ
ഇതിലല്പസദ്യ യതുതെല്ലദൂരെയ-
ത്യധികംവിശിഷ്ട വിഭവാഢ്യമാക്കുമേ. 41

മുറപോൽ വരിച്ച വിരുതോട്ടക്രൂട്ടമാ
മറയോരിൽനിന്നു പലരേയുമാദരാൽ
അറിവിന്നുതക്ക വിധമദ്ധ്വരീണരായ്
ക്കരുതിത്തിരിച്ചു വരണംകഴിഞ്ഞുതേ. 42

ഹോതാക്കളായ് ചിലരെവച്ചുസദസ്യരായി
വേദജ്ഞരിൽ പ്രമുഖരാം ദ്വിജരേവരിച്ചു
താദൃക്ക്രിയാപരിചയം കലരുന്നൊരൃത്വിക്
ഭേദേനവച്ചു പലവേദിയരേയഥാർഹം. 43

ബ്രഹ്മനാക്കി യജമാനസമീപേ
ബ്രാഹ്മണോത്തമനൊരാളിനെമുമ്പേ
കർമ്മകാണ്ഡമറിവുള്ളമഹാന്മാർ
ധർമ്മകൃത്യമിനിയും ചിലതേറെ? 44

ക്രിയതുടങ്ങി ശുഭമായമുഹൂർത്തേ
പ്രിയയുമൊത്തു ഭവനേയജമാനൻ
നിയതമഗ്നി ശരണത്തിലൊഴിഞ്ഞാ
ക്രിയനടത്തുവതു തീരെനിഷിദ്ധം. 45

സമന്ത്രമഗ്നിത്രിതയേ യഥാർഹം
സമർത്ഥനക്കിത്തിരിചെയ്തുഹോമം
ക്രമത്തിലാവാഹന സിദ്ധതേജ
സ്സമിദ്ധമാപ്പൈപ്പലകാഷ്ഠയുഗ്മം. 46

ആവാഹിച്ചു മഹസ്സിരിക്കു മരയാൽകമ്പും കരത്തിൽ ധരി-
ച്ചാവാമാർദ്ധസമേതനായി, മറയോരൊന്നിച്ചു, ശാസ്ത്രോചിതം
ഭൂവാനോർ പ്രമുഖാഗ്നിഹോത്രി, നിജഗേഹം വിട്ടിറങ്ങിത്തദാ
ശ്രീവഞ്ചീശപരരക്ഷകതപമൊട്ടമാശ്ശാലയ്ക്കകം പൂകിനാൻ. 47

ശാലമൂന്നി,ലഗ്നിഹോത്രശാലചുകള വൈദികൻ
ചേലൊടഗ്നികുണ്ഡമത്ര മൂന്നിലും യഥാക്രമം
ജ്വാലമൂന്നിലും വലത്തു ചുററുമാറു, ചെയ്തതെ
ശ്രീലമന്ത്രമോടു, സാജ്യഹോമകർമ്മമഞ്ജസാ. 48

നിജപത്നിയൊടൊത്തു കൃഷ്ണമാനി-
ന്നജിനത്തെപ്പലകയ്ക്കുമേൽ വിരിച്ചു
യജമാനനിരുന്നു, തൻെറ കയ്യാൽ
ഭജമാനം നവ വേണുദണ്ഡമേന്തി. 49

ശ്രുതിനിശ്ചയമുള്ള വേദിയാഗ്ര്യൻ
വ്രതനായി, മറയോർകളാലസംഖ്യം
അഥ മറെറാരു ശാലയിൽ, സവേദ-
ശ്രുതിവിസ്താര കളസ്വരാഭിരാമം. 50

ഹേ! ദേവരാജ! ഗജവാഹന! വജ്രപാണേ!
ത്രാതാഭവാ,നമരോടൊരുമിച്ചു വന്നു
മോദാൽ കിഴക്കു, പരിരക്ഷകനാകയെന്നു
ഭൂദേവ"രിന്ദ്രമനു"ചൊല്ലി യജിച്ചു സാജ്യം. 51

വന്നാലുമഗ്നിഭഗവൻ! തവ മേഷമേറി
സൈന്യത്തൊടൊത്തു തവ ശക്തി കരത്തിലേന്തി
നിൻദിക്കുകാത്തിടുക പൂജകളേ ഗ്രഹിക്ക-
യെന്ന"ഗ്നിമൂർദ്ധാമനു" ചൊല്ലി നടത്തി ഹോമം. 52

"വൈവസ്വതം സംഗമ"മെന്ന മന്ത്ര-
പൂർവ്വം നമിച്ചു, മഹിഷാധിരൂഢം
നീ വന്നു രക്ഷിക്കുക ദണ്ഡപാണേ!
ഭാവല്ക്ക ദിക്കെന്നു യജിച്ചു സാജ്യം. 53

ഹേ നൈരൃതഃ ഖഡ്ഗപാണേ!
കോണം രക്ഷിക്ക താവകം
"ഏഷ തേ നൈരൃതം" ചൊല്ലി-
യർഗ്ഘ്യപാദ്യ സമന്വിതം. 54

നമിച്ചു മകരാരൂഢ-
മാശിയേപ്പശ്ചിമാശയിൽ
ജപി"ച്ചൂരും ഹി രാജേ"തി
യജിച്ചു രക്ഷചെയ്യുവാൻ. 55

"ഓം നമോ വായവേ"യെന്ന
മന്ത്രത്താൽ വായുകോണിലും
ക്ഷണിച്ചു മാരുതൻ തന്നെ
നമിച്ചു, സംഭൃതാഹുതി. 56

"സോമം രാജാന"മെന്നിങ്ങനെ വിശദതരം വേദമന്ത്രം ജപിച്ചു;
സോമൻതന്നെക്കുബേരാനന്ദിതമഖിലബലത്തോടുകൂടി ക്ഷണിച്ചു;
ഹോമിച്ചു; കാത്തുരക്ഷിച്ചളകക, ഗദകൈക്കൊണ്ടു നീയീവടക്കേ-
സ്സീമാവെ,ന്നാദരത്തോടധികതരമപേക്ഷിച്ചുകൊണ്ടേ നമിച്ചു. 57

"ഈശാനമസ്ത്വേ"തി ജപിച്ചു, സാക്ഷാ-
ദീശൻ വൃഷാരൂഢനെയും, നമിച്ചു
ഈശാന ദിഗ്രക്ഷകനായിരിപ്പാൻ
ശ്രീ ശൂലപാണിക്കു നടത്തി ഹോമം. 58

"ഹിരണ്യഗർഭേ"തി ജപേന ഹംസോ-
പരിഷ്ഠനായ് സ്രുക്സ്രുവഹസ്തനായി
വരുന്നതിന്നും, മുകളൊക്കെ രക്ഷി-
ച്ചിരിപ്പതിനും, വിധിയേ നമിച്ചു. 59

"നമോസ്തു സർപ്പേതി" സ ചക്രഭോഗി
പ്രമാണി കൂർമ്മസ്ഥനെയും നമിച്ചു
ക്രമാദധോമണ്ഡലരക്ഷ ചെയ്വാൻ
സമാഗമിപ്പാനിഹ ചെയ്തുഹോമം. 60

സാമഗാനസുലഭോത്തമരാഗം
സാവധാനമിഹ പാടി സ താളം
ആ മനോഹരനിനാദവിശേഷം
വ്യോമമണ്ഡലമടക്കി സുശാന്തം 61

ചിലച്ചതില്ലാ, ചെറുപക്ഷിപോലു,മീ-
സ്ഥലത്തിലേകാന്തമനസ്സരാകയാൽ
ഒലിപ്പുനിൎത്തീ നദിപോലു;മാക്കിനി-
ച്ചലിക്കുമാഹന്ത! മനസ്സു ലോകരിൽ 62

ശാന്തമാം ക്രിയതുടൻ നടന്നു;
സ്വാന്തമാക്കുമിളകാതെയിരുന്നു
അന്തിയിൽക്കുളികഴിഞ്ഞുമിതെന്തീ-
യന്തണൎക്കു ജപമേ തൊഴിലുള്ളു! 63

എന്തി! ഋൿസംഹിതയ്ക്കുള്ളിൽ കിടക്കുന്ന
മന്ത്രങ്ങളോതുന്ന തത്തൽസ്വരത്തോടെ
അന്തരീക്ഷത്തിലാഹവ്യത്തിലേ നല്ല
ഗന്ധം നിറഞ്ഞുള്ള ധൂമം പരന്നതേ 64

വേദമൂൎത്തി ഭഗവാനമിതുങ്കൽ
പ്രീതനായി നിജ രാഗമുയൎത്തി
ആദരത്തൊടു കുളിച്ചുതുടങ്ങി
സാഗരത്തിലുടനന്തിപിടിക്കാൻ 65

ദ്വിജരാജോദയംകൊണ്ടു
രജനിക്കും തമോഗുണം
കുറവായീ; രാജധൎമ്മം
നിറവേറേണമിങ്ങനെ. 66

പാപമെന്നതിനൊരന്തമണയ്ക്കും
യൂപദണ്ഡമുയരുന്നതു കണ്ടു
ഭൂപതിപ്രവരകീൎത്തി വളൎത്തും
ദീപതുണമിതിലോകരറിഞ്ഞു. 67

ദിവസംപ്രതി,യീക്രിയകൊണ്ടിവിടം
ദിവ സന്നിഭമായ്ക്കരുതീ വിബുധർ;
അവിടെക്കുടികൊണ്ടതുപോലതുലം
നവ ദിവ്യതയാ വിലസീ പവനൻ. 68

വെളുത്തപക്ഷംപ്രതി മാത്രമെന്ന്യേ
കിളുക്കയില്ലാത്ത ദലങ്ങളോടും
കുളുത്ത പച്ചപ്രഭയുള്ള വള്ളി
കിളുത്തി വന്നെത്തിയൊരുത്തനുള്ളിൽ. 69

ഫാലത്തിന്നരികത്തിടത്തഹിഫണംപോലേ ശിഖാബന്ധനം
തോളത്തുണ്ടൊരുവേഷ്ടി;മുണ്ടടിവരയ്ക്കെത്തുന്ന തൂവെണ്മയിൽ
നീളത്തിൽ കുറവില്ല; വിസ്തൃതമുരോഭാഗം; മുഖം സുന്ദരം
നീലക്കണ്ണുകളുജ്ജ്വലങ്ങ,ളിവനാളുജ്ജ്വലൻ കാഴ്ചയിൽ- 70

രാമരാജഹിതകാരി ഹനുമാ-
നാമരുന്നുകളൊടെത്തിയപോലെ
രാമരാജനുടെ കല്പനയാലേ
സോമവല്ലിയിതു കൊണ്ടുവരുന്നു. 71

വാട്ടമില്ലിതിനു തെല്ലു;മിതെപ്പോൾ
കിട്ടി? ദിവ്യമിതു സംശയമില്ല
കിട്ടുവാൻ വിഷമ; മിങ്ങുതരാമോ?
കേട്ടുകൊൾക വില നല്ലതു നൽകാം- 72

എന്നോതി നമ്പൂതിരിമാരിലൊരാളു മുമ്പേ
വന്നു ക്ഷണം തദനു കൂട്ടരുമൊത്തുകൂടി
അന്നേരമാപ്പുരുഷനാവദനം ചുകന്നു
നിന്നൊന്നു നോക്കി;യവരാശു ഭയന്നുമാറി. 73

അധ്വരീണഭയ വാർത്തയറിഞ്ഞു
ക്രുദ്ധനായി മഖരക്ഷകനെത്തി
ബദ്ധപഞ്ചനിജപുച്ഛനകന്നി-
ട്ടാദ്ധരിത്രിയൊടു താണുവണങ്ങി 74

"എന്തു കേശവ! ഭയം വരുവാനി-
യന്തണർക്കു മഖശാലയിലേവം"
"ഹന്ത! സോമലത വിററതു വാങ്ങാൻ
ചന്തപോലെയടിയങ്ങലടുത്തു" 75

“സാരമില്ല; വില പേശിയെടുത്തേ-
തീരു, വിക്രിയയിലങ്ങനെവേണം”
“ആരിതിന്റെവിലവാങ്ങണ?” “മന്യ-
ന്മാരിലാരുമതു വാങ്ങുകയില്ല” 76

“അടിയൻ വിലനൽകിവാങ്ങി; വിററി-
ട്ടിടലാഭത്തിനു കൊണ്ടുവന്നതല്ല”
“മറയാ! ക്രിയയൊന്നു വേദമന്ത്ര-
ത്തൊടുമീസ്സോമലതാക്രയം ധരിക്ക” 77

ഇതി, രക്ഷകസേവകൎക്കു തൎക്കം
ദൃതമുണ്ടായതു തീൎന്നതിന്റെശേഷം
ക്ഷിതിവാനവരെത്തി രണ്ടുഭാഗ-
ത്തഥ, വീണ്ടും വിലപേശി വാശിയോടെ 78

അതു സംസ്കൃതഭാഷ, വേദഭാഗം
ക്രതുയോഗ്യം ലതതൻഗുണപ്രസംഗം
ഇതു വാങ്ങുവതിന്നു ചൊന്നതോരോ-
ന്നിതിനേക്കാൾ വില താഴ്ന്നതെന്നു വാദം. 79

ഒരുക്രൂരരടുത്തു കേശവന്ത-
ന്നരികത്തിൽ തരകിന്നു ചേൎന്നപോലെ
പറയുന്നു “സുരക്കിതിൻ പ്രഭാവം
തിരിയാതേ കടലന്നുപോയ്ക്കുടഞ്ഞു 80

ഇതിലേ നീരു പിഴിഞ്ഞു പാലുകൂട്ടി
മഥനംചെയ്തു ലഭിച്ചിടുന്നവസ്തു
സുധ നിൎവ്വ്യാജ,മതാസ്വദിച്ചുവെന്നാൽ
മതി, കിട്ടാനമരത്വമസ്തഖേദം. 81

മദമുണ്ടാമിതു സേവചെയ്കിലെന്നു-
ള്ളതുഭോഷ്ക്കെന്നു ധരിച്ചുകൊൾകവേണം
മതിവിഭ്രമഹാരിയാം പ്രഭാവം
പുതുതായിന്നു പറഞ്ഞിടുന്നതല്ല. 82

മറയോർകളറിഞ്ഞിടേണ്ണ,മോത്തിൻ-
മുറതെററാതെ,പിഴച്ചിടാതെ,ചൊല്ലാം
മറവിയ്ക്കു മഹൌഷധം മതിയ്ക്കാ-
ക്കറതീൎന്നിട്ടു വെളിച്ചമേകുമല്ലൊ. 83

കനകപ്പൊടിവേണ്ട സാരമില്ല
മണികൾക്കെന്തുവിശേഷ മൊമ്പതിന്നും
ഇനിയെന്തു പറഞ്ഞിടുന്നു? ധാന്യം
തൃണമേ കേവലമെന്നു തുച്ഛമാക്കി. 84

ഫണിലതാദല പൂഗസമേതമായ്
പണമെട്ടത്തൊരു ദക്ഷിണചെയ്യവേ
കനിവിനോടു കൊടുത്തിതു കേശവൻ
ഗുണമിയന്നൊരു സോമലതാനവം 85

"അഗ്നീഷോമീയം"ക്രതു-
വപ്പോൾതന്നേതുടങ്ങി ബഹുകേമം
പിന്നെ ശുബ്രഹ്മണ്യം
പൂൎണ്ണതയോടേ വിളങ്ങി വേദത്താൽ. 86

ആറായീദിവസങ്ങളിങ്ങനെ കഴിഞ്ഞീടുന്നു;ശേഷിച്ചതൊ-
ന്നാറാട്ടാണു; പവിത്രമാംനദിയിലിന്നാൾക്കൂട്ടമൊട്ടല്ലഹോ
തീരെത്തിക്കുമഹോതിരക്കു;മധുനാ നാഗസ്വരം മോഹനം
പോരാ ചെണ്ടതകൎത്തുമംബരതലം പൊട്ടും മുഴക്കത്തിനാൽ 87

ആച്ഛോമാതിരി പത്തനാടിയൊടുമാപ്പൂൎണ്ണാഹുതിക്കപ്പുറം
സ്വച്ഛാത്മാ പരിശുദ്ധമഗ്നിയുടനാവാഹിച്ചെടുത്താദരാൽ
പശ്ചാൽ ദൃഷ്ടിപതിച്ചിടാതെ തിരികെപ്പോകുന്നു ഗേഹംപ്രതി
വച്ചു കൊള്ളി;മുറയ്ക്കു ശാലയഖിലം സ്വാഹാകരിച്ചു ജനം. 88

തീ ചുററിപ്പടരുന്നു, ലങ്കമുഴവൻ പണ്ടെന്നപോൽ ശാലയാ-
രോചിഷ്ക്കേശനഹോ ഗ്രസിച്ചു; ബഹളജ്വാലാവലീസംകുലൻ
നിചാരാതിമനസ്സുചുട്ടു നൃവരൻ തേജസ്സയത്തീടവേ
ശ്രീ,ചക്രംതിരിയാതെ രാജസദനേ നിൽക്കുന്നു മേല്ക്കാലവും. 89

ഭൂദാനംചെയ്തു പുത്തൻസദനസഹിതമായ് പൊന്നുകെട്ടിസ്സഹസ്രം
ഗോദാനംചെയ്തു പൊന്നും പണവുമിനിയിരിപ്പില്ല ദാനാവശേഷം
ആദാനംചെയ്തോരാശിസ്സുധകളിലഭിഷേകാർദ്രനായ് കാത്തികാഭൻ
ഭൂദേവേന്ദ്രപ്രതാപൻ വിജയതു സുചിരം പൂൎണ്ണപുണ്യാഭിരാമൻ. 90

അവഭൃതസേവനം കഴിയുമ്പൊഴേ-
യ്യൂവിടെയുള്ള മഹാജനമൊക്കെയും
അവതരിച്ചിതു പീതദുകൂലരായ്
ശിവ!മഖം ശുഭമോക്ഷവിധായകം 91

അന്നവസ്ത്രധനധാന്യമൊരാൾക്കും
തന്നെയന്നു ലഭിയാതെവരാതെ
മന്നവൻ കരുതിയാക്കിതുപോലെ
ധന്യമാകിയ മനസ്സു വരുന്നൂ? 92

ധൎമ്മപുത്രകൃതരാജസൂയവും
ധൎമ്മരാജനുടെ സോമയാഗവും
തമ്മിലില്ലകിട ദുഷ്ടബുദ്ധികൾ-
ക്കിമ്മഖത്തിലെവിടെ പ്രവേശനം?

പതിനൊന്നാം സൎഗ്ഗം.

അപവാദം.

ക്രതുകഴിഞ്ഞദിനം നിജ നന്ദനൻ
മൃതിയടഞ്ഞിതു ഠിപ്പുവിനാകയാൽ
ഇതു തനിക്കൊരു മാരണകൎമ്മമായ്
ചതിപറഞ്ഞതു കേട്ടു മഹമ്മദൻ. 1

പ്രജകളേതുമതത്തിലിരിക്കിലും
നിജ ധരിത്രിയിലുള്ളവരേസ്സമം
സ്വജനമെന്നു ഗണിച്ചു ഭരിച്ചവൻ
വിജിതനായി ചതിപ്പണിയൊന്നിനാൽ. 2

സാമൂതിരിയുടെ പരാജയകാരണം.

പരശുരാമമഹൎഷികൊടുത്തൊരാ-
പ്പെരിയശംഖൊടു വാളുമിരിക്കവെ
പൊരുതു കുന്നലകോനുടയോനെ, യേ-
തൊരുവനും തലതാഴ്ത്തുക ദുൎഘടം. 3

ഒരുദിനം നിജ സേവകനന്തണൻ
ഗുരുതരം പിഴ കാട്ടുക കാരണം
ചരണശാസ്ത്രപുരാധിപനാക്കിനാൻ
പരുഷമോടവനെ ദൃഢബന്ധനെ. 4

തടവിൽനിന്നുമിറങ്ങിയഭൂസുരൻ
കടലിലിട്ടുകളഞ്ഞിതു ശംഖിനെ
അടലിലന്നുമുതല്ക്കു ജയിക്കുവാ-
നിടവരാതെ ഖലഞ്ഞു നൃപാലകൻ 5

ക്ഷിതിസുരൻ പ്രതികാരപരൻ,പുരാ
കഥയിതുന്നത ഹൈദരോടോതവെ
ദ്രുതമെടുത്തു പടയ്ക്കു, പരാജയ-
വ്യഥയിലാണ്ടു പടായുധദിക്പതി. 6

ടിപ്പുവിനു നംപൂതിരിമാരോടുള്ള വിരോധം.

ഗണിതശാസ്ത്രവുമത്ഭുതമായിട്ടും
പണിയിണങ്ങിയ തച്ചുമതേവിധം
ഗുണമെഴും പല വിദ്യകളഭ്യസി-
ച്ചനവധി ദ്വിജരുള്ളൊരു കേരളെ. 7

വലിയമാന്ത്രികവിദ്യ നടത്തിയാൽ
തുലയുമെന്നു ഭയന്നിതു വിപ്രരേ
അലഘുവിക്രമനാരണരിൽ സമു-
ജ്വലിതമായി സദൈവ പരാഭവം. 8

കലശലിന്നവനെത്തിയ കേരളെ
നിലയില്ലുള്ളവരോടിയൊളിച്ചുപോയ്
വലിയ വഞ്ചിനൃപാശ്രിതരായ് ക്രതു-
ഫലമൊടേ ക്രിയചെയ്തു മാരണം 9

ഇതി നിനച്ചു നിജാശ്രിതചാരരെ
ദ്രുതമയച്ചിതു വഞ്ചിധരിത്രിയിൽ
ക്ഷിതിവിലാസമനോജ്ഞതകണ്ടു ചെ-
ന്നിതു പറഞ്ഞറിവിച്ചു നൃപാന്തികെ. 10

പ്രകൃതിവൎണ്ണനം.

അരിയഭാരതപുണ്യധരിത്രിതൻ
നിരൃതികോണിനടുത്ത കടൽക്കരെ
തരളസാഗരസാരസനന്ദിനീ
ചരണപാംസുലമുണ്ടൊരുവിണ്ടലം. 11

അല വളൎന്നിരുഭാഗമടിപ്പതും
മല കിളൎന്നു കിഴക്കതടുപ്പതും
എല്ലുകയായിതു വാനവനാട്ടിനാ-
വലിയൊരാറു വടക്കു കിടപ്പതും 12

ജലകണങ്ങളിണങ്ങിയ കാററിനാൽ
തലകുലുങ്ങിയതെങ്ങുകളങ്ങിനെ
കുലനിറഞ്ഞ ഫലങ്ങളുമൊത്തു ഭൂ-
വലയലക്ഷ്മി വളൎത്തിവരുന്നതെ. 13

കനികളല്ല വഹിപ്പതു, കാഴ്ചയിൽ
കനകകുംഭമസംഖ്യമസംശയം
ജനമനോഹരമാമമൃതം മഹ-
ദ്ധനമിതൊക്കെ നിറച്ചതു നിൎഭരം. 14

കടലടുത്തകരയ്ക്കുതുടങ്ങിയി-
ട്ടടവിമൂടിയ മേടുവരെസ്സുഖം
ഇടതുടൎന്നുനിരന്ന മരങ്ങളോ-
ടിടയുകില്ലൊരു കല്പകവൃക്ഷവും. 15

മരതകപ്രഭ തിങ്ങി വിളങ്ങിടും
മരമനേകതരം പല വള്ളിയും
ചെറുതരം ചെടിയും നിറയുന്നൊരീ-
ധരണിയോടു കിടയ്ക്കുവിടെ സ്ഥലം? 16

വെറുമസത്തുജനത്തിനു തുല്യമുൾ-
ക്കറയുമല്പകമപ്പുമടക്കവെ
പുറമതീവപഴത്തു മിനുത്ത ചെ-
ന്നിറമെഴും ഫലമാർന്നു കവുങ്ങുകൾ. 17

പരിമളപ്രസരേണ നിരന്തരം
ചൊരിയുമുന്നതചൂതമരങ്ങളിൽ
പരമകർണ്ണമനോഹര പഞ്ചമ-
സ്വരമിടുന്നു മദാലസകോകിലം 18

ഇല നിറഞ്ഞുപരന്നു, ശിഖാവധി
പലവിധം വിടപങ്ങളിണങ്ങിടും
വലിയതായ പിലാവു വനസ്പതി-
ത്തലവനാതപമേറ്റുതരും തണൽ. 19

പരുഷകണ്ടകകഞ്ചുകിയെങ്കിലും
തുരുതുരെച്ചുളകൊണ്ടു നിറഞ്ഞകം
പരിണതസ്ഥിതിയിൽ പനസം ഫലം
തരുമുദാരസുഗന്ധിലമാധുരി. ?0

തളരുവോർക്കു പഴത്തഫലത്തിലെ-
ച്ചുള സുധാരസതുല്യമശിക്കുവാൻ
വളരെയുണ്ടു; ഭുജിച്ചു സുഖിക്കിലും
ജളനു വീടുപണിക്കു മുറിക്കണം 21

പലതരം മൃഗപക്ഷികുലങ്ങളും
വലിയ ഭൂവലവൈരികളും സുഖം
ഫലമശിച്ചു പുകൾത്തുകിലെന്തതിൻ
ഫല?മതിൻതടിവെട്ടുവതോ ഖലൻ? 22

അനലതപ്തസുവർണ്ണസമപ്രഭം
മിനുമിനുത്തുബലത്തൊടിരുന്നിടും
പനസഭൂരുഹസാരമെടുക്കമാ-
ജ്ജനതയേഗ്ഗുണശാലികളോർക്കണം. 23

ലകുചരക്തഫലാവലികൊണ്ടു ത-
ച്ഛിഖരമൊക്കെ വളഞ്ഞിടുമാഞ്ഞിലി
പകപിടിച്ചു പിലാവിനോടാകയാ-
ലകലെ നില്പതു ദുഷ്ഫലദായകൻ 24

അടിമുതൽക്കരളിട്ടണിമുത്തുവീ-
ണടിതൊഴം മുളകിൻമണി തിങ്ങിടും
കൊടികരേറി ശിഖാവധി ചുററിലും
വിടപികൾക്കു വിശേഷവിഭൂഷണം 25

ഉരഗവല്ലിയിലുള്ള ഛലത്തിലും
പെരിയനീലിമപൂണ്ട ദലങ്ങളിൽ
മരിചതന്തുനിരന്നു നിരന്തരം
മരതകോപരി മൌക്തികമാലപോൽ 26

നെടിയ നീലദലോല്ലൂർരംഭകൾ-
ക്കുടയ പാടലമാകിയ ചുണ്ടുകൾ.
വിടിരവേ വിടരെന്നതുപോലതിൻ
മട്ടു കുടിച്ചു മദിച്ചു മധുവ്രതം 27

തുട്ടുതുട്ടത്ത പഴങ്ങളിണങ്ങിടും
പടലയേറിയ തേൻകദളിക്കുല-
ളിടയിടെ കിളി കൊത്തുകയാൽ നിറം
കെട്ടവതിന്നിടയാക്കി കൃഷീവലൻ. 28

നിരനിരന്നു വളൎന്നവരും മനോ-
ഹരതരങ്ങളിലുള്ളൊരുവാഴകൾ
പുരയിടങ്ങളിലുള്ള ഗൃഹങ്ങളിൽ
ചിരമിരുന്നുവരുന്നു ധനേശ്വരി. 29

ചെളി നിറഞ്ഞു പരന്ന നിലങ്ങളിൽ
കിളയലങ്ങിനെ തിങ്ങിയ നെല്ലിലെ
വളരെനീണ്ടുവളഞ്ഞകതിൎപ്പെഴും
കുലകുളൂർമ്മമിഴിക്കുളവാക്കുമെ 30

കറവയുള്ള കരുത്തപശുക്കളും
പിറകിലോട്ടമതിൻെറ ശിശുക്കളും
കറുക തിന്നു കിടന്നയവന്നു, പുൽ-
ത്തറകളിൽ, തണലുള്ളവിടങ്ങളിൽ. 31

നെട്ടനെടുംപന പാദതലാശ്രിത-
ക്കടയതാപമൊഴിക്കുകയില്ലപോൽ
പൊട്ടപൊടെന്നു കനത്തപഴം പൊഴി-
ച്ചിട്ടുകയാൽ തലയോട്ട തകക്കുമേ. 32

കുടകളും കുടിയും വടിവോട്ട മേ-
ഞ്ഞിട്ടമോരോലതരുന്ന കുടപ്പന
കുടിലനല്ല, വിശന്നു വലഞ്ഞവ-
ക്കുടലുമേകിട്ടമുള്ളു പൊടിഞ്ഞവൻ. 33

പരശുരാമമഹഷി തെളിച്ചൊരീ-
ക്കരയിടിച്ചു കവച്ചു നടത്തുവാൻ
തിരയടിച്ചുവരും വരുണാലയേ
നരവരുന്നു പതപ്പു ചതഞ്ഞപോൽ. 34

പ്രളയവാരിധിയിൽ ദ്രവഭൂതമാ-
യുലകുവീണ്ടുളവായ ദശാന്തരെ
വിളയുമുപ്പുകണക്കു വളന്നിട്ടും
ശിലകളുണ്ടു മഹാഗജസന്നിഭം. 35

മധുമഹാസുരപഞ്ചമധാതുവിൻ
വിധമുയന്നു തടിച്ചശിലോച്ചയം
അധിഗമിക്കുമുട്ടമ്പൊരു ജന്തുവ-
ത്യധികദുർഗ്ഗമടന്തുരമാകയാൽ. 36

ഗിരിവരോന്നതമേട്ട വെടിഞ്ഞു താഴ്-
വരയിലേ,യ്ക്കുരനാഴിക താഴ്ചയിൽ
"ഝരഝര"ധ്വനിയിൽ ധുനി വീണു ശീ-
കരഗണം ചിതറുന്നിതു മുത്തുപോൽ. 37

ഇടിമുഴക്കമൊട്ടും മഴപെയ്തിട്ടും-
പടി സരിൽപതനശ്രുതികാരണം
നടനമാടിവരുന്ന മയൂരമാ-
ത്തടതലേ നിജ പീലി നിവൃത്തവൻ. 38

ഇടവമാസസമാഗമശങ്കപൂ-
ണ്ടിടവിടാതെ സരിൽപതനാന്തികെ
* "കുടജ"വൃക്ഷമതിൻെറ വെളുത്തപൂം-
പൊടി ചൊരിഞ്ഞു വരുന്ന സുഗന്ധിലം 39

അരുവിപാഞ്ഞവഴിക്കിരുവക്കിലും
പെരുകമീററവനങ്ങളിലങ്ങനെ
കരികുലം കൊലകൊമ്പനുമായ് സദാ
മരുവിടുന്നു മദിച്ചു മനോഹരം. 40

വഴിനടന്നു വലഞ്ഞു പിപാസകൊ-
ണ്ടുഴലുമാന ജലാന്തികമെത്തിയാൽ
കഴലുമാത്മ ശരീരവുമാംവിധം
കഴകിടാതൊരുതുള്ളി കുടിച്ചിടാ. 41

കുടലു ചൂടുപിടിച്ചു വികാസമാ-
ന്നിടുകകൊണ്ടു തണുത്തജലത്തിനാൽ
ത്ധടുതിവീണ്ടു ചുരുങ്ങുകിലുൾക്കലെ-
യ്യുകടവു നേരിടുമെന്നു നിനയ്ക്കയാൽ 42

വലിയ പാറയടിച്ചുപൊടിക്കുവാൻ
ബലമെഴും നിജ കൊമ്പുകളുള്ളവൻ
തലയെടുത്തു പിടിച്ചൊരു സൈരിഭ-
ത്തലവനന്തക വാഹനസന്നിഭൻ. 43

മുളകിളുത്തു വളൻറു വളഞ്ഞതിൻ
തലകളോടിടതിങ്ങിയ കാനനം
വളരെദുർഘട ദുസ്തര,മബ്ഭിപോ-
ലിളകിടുന്ന,തിളംപവനാഹതം 44

* കുടകപ്പാല.

മുകിലുമാലമുടിയ്ക്കണിയുന്ന, കാ–
രകിലു,മഞ്ചിതചന്ദനവൃന്ദവും;
ബകുളവും, കുളവും,സുരദാരുവും,
ബഹുലമായവനം ബഹുശോഭനം. 45

അലകടിച്ചുതറച്ചു ശിഖാന്തമു–
ള്ളിലവുനാകപുരാവധികോവണി
ഉലകുവിട്ടുടലോടിതിലേറിയാ–
ലലഘു തുമധുവുണ്ടു സുഖിച്ചിടാം 46

നെടിയവാലി വലീമുഖിതൻവയ–
ററടിയിലൊട്ടിയ കുട്ടിയുമായ് സുഖം
വിടപി ചാടിവരുന്നു മരുന്നര–
ച്ചിടുകകൊണ്ടു ചുകന്നമുഖത്തൊടും 47

കരടി വൻകടുവാ കരിമന്തിയും
കരികിരിപ്രകരം പുലിവർഗ്ഗവും
ഗിരിതടാടവിഭ്രമികളിൽ സ്വയം–
ഭരണരീതി നടത്തുകയാം സുഖം 48

തൃണമശിച്ചൊരുപദ്രവമെന്നിയെ
തണലുപുക്കയെറുന്ന മൃഗങ്ങളെ
കണിയിലാക്കുവതിന്നതികൌശല-
പ്പണിയെടുക്കു മടുത്തു വൃകവ്രജം. 49

അരുവിതന്നൊത്തുവക്കിന്നു കാവലി–
ട്ടിരുവരൊട്ടകലത്തിലിരിക്കവേ
തുരുതുരെന്നവിടുന്നിരുസംഘമായ്
വരുകയായി സമാന്തരരേഖപോൽ 50

തവണവച്ചവരോടി മൃഗംകിട-
പ്പവിടമൂർജ്ജിതമോടു വളഞ്ഞമേൽ
അവരിൽനിന്നൊരുസംഘമകത്തുപോ-
യവിടമൊക്കെയിളക്കുമസംശയം. 51

ശുനകനാസികപോലതിസൂക്ഷ്മമായ്
മണമിവയ്ക്കറിവാൻ കഴിയായ്കയാൽ
വനതലം പരിശോധനചെയ്തുചെ-
യ്തുണയണം മൃഗമീക്ഷണലക്ഷ്യമായ്. 52

ഇവ വളർത്തി, മൃദുസ്വരമെങ്കിലും
ശ്രവണദുസ്സഹമായൊരു ക്രൂജനം
അവിടെയുള്ള മൃഗത്തെ വിരട്ടിയാൽ
പവനവേഗമൊടെത്തുമടുത്തഹോ 53

മരണഭീതിയൊടോടിവലഞ്ഞു, നി-
ഷ്ഠുരഗണദുഷ്ടവൃകാവൃതരായ് ദ്രുതം
ഹരിണസന്തതിയാററിലൊളിക്കവേ
പെരിയവൻ, മുതുകിൽ കരയേറിടും 54

ശ്രീകവിസാരിസിരാമുഖശോണിതം
വൃകമതീവ കടിച്ചു കുടിക്കവേ
പ്രകൃതി സാധുമൃഗം വെടിയുന്നതേ
സകല സങ്കടകാരണമാമുടൽ. 55

നിജവിശപ്പു കെടായ്കിലുമാവൃക-
വ്രജമുടൻ വ്യസുവാമിരവിട്ടുപോം
സ്വജനരഞ്ജന കൌശലബുദ്ധിയും
വിജയഹേതു വൃകത്തിനു സർവ്വദാ 56

വലിയവേനലകപ്പെടവേ മഹാ-
ഖലനഹോ കടുവാ ബലവാൻ സ്വയം
ഒളിവിലെത്തി ജലാശയസീമയിൽ
ഛലസുഷുപ്തിയിലാണ്ടു കിടന്നിടും. 57

എളിയ ജീവികളത്ര പിപാസയാ-
ജലസമീപമണഞ്ഞിടുമപ്പൊഴേ-
ഖലനെണീററൊരടിക്കു ഹനിച്ചുതി-
ന്നലഘുദർപ്പമിയന്നു നടന്നിടും. 58

അടികളേററതു തെക്കുവടക്കുവീ-
ണിടുകിലൊ തല തെക്കു വരുംവിധം
തൊടുകയില്ലതു പൈ പെരുകുമ്പൊഴും
കടുകിടക്കുവിടാ കടുവാ വ്രതം. 59

ഖലമൃഗങ്ങളുമേവമഭംഗമായ്
കുലപരമ്പര കാത്തൊരുരീതിയെ
കളയുവാൻ വിഷമസ്ഥിതി നേരിടു-
ന്നളവിലും മുതിരാത്തതു നോക്കണം. 60

ഇവിടെയുണ്ടു ഫണോൽബണചക്രമു-
ള്ളവരതീവ ഭയങ്കരഭോഗികൾ
എവിടെയും കുടിലംഗതിയാൽ ജഗ-
ദ്വിവശകാരികളാം വിഷധാരികൾ 61

കിരണമാലികൃതാന്തദിഗാശ്രിതൻ
പരുഷരൂക്ഷകരം ചൊരിയുമ്പൊഴും
വരികയില്ല വെളിച്ചമൊളിച്ചുമീ-
ത്തരുലതാദലസംകുല കാനനേ 62

വെയിലുകൊണ്ടു പഴുത്ത ശിലാതല-
ത്തിയലുമൂഷ്മളമാകിയ മാരുതൻ
സ്വയമിതിൻകുളിരൊട്ടു കുറയ്ക്കയാൽ
പ്രിയതരം ജനതയ്ക്കു വനാന്തരം 63

കൊടിമരത്തിനു നാവികമുഖ്യരും
കുടിപണിക്കു കൊഴുത്ത ജനങ്ങളും
പിടിവലിയ്ക്കിടയാക്കിയ തേക്കുകൾ
കുടിലരല്ല കുലീനത കാരണം. 64

ഇതിനെഴുന്ന കുരുന്നു കുരങ്ങുകൾ-
ക്കതുലകൌതുകദായകമൌഷധം
അതു പറിച്ചുരസും ദയിതാമുഖേ
പുതിയമാതിരി രാഗമുദിച്ചിടും. 65

കൊടിയവേനലകപ്പെട്ടവേ ഫല-
ത്തുടനവേല തുടന്നു നടത്തിടും
* "കടമരം" കടുവാ പുലി കൂട്ടരെ
വെടികൊട്ടത്തു വിരട്ടിവിടുന്നതോ? 66

അരുവികൾക്കരികത്തു വളർന്ന നീർ-
മരുതുതൻ മധുരിച്ച പുറന്തൊലി
തരുമുരഃക്ഷതരോഗനിവൃത്തി;യെ-
ന്തരുമതൻ പനിനീർകുസുമക്കുല? 67

ദലവിശാലതയുള്ളൊരുപുന്നതൻ
ഫലവിശേഷതയാലതുവീഴവേ
കലിതകൌതുകമേണഗണം ഭുജി-
ച്ചുലസരായ് മരുവുന്നു മനോഹരം. 68

സുരകുലോചിതധൂപരസം പയിൻ-
മരമതിൻതൊലി പൊട്ടിയൊഴുക്കവേ
അരികണഞ്ഞതെടുക്കരുതേ; തല
യ്ക്കേറിയുമുഗ്രനരുണ്ടഫലങ്ങളെ. 69

സരളമായ് സമവൃത്തുളമൌക്തികം
നിറകെവച്ചു പതിച്ചൊരു പന്തുപോൽ
പരിലസിച്ച ഫലത്തൊടു ചൂരലിൻ
നിരകരേറി വിഴുങ്ങി മരങ്ങളെ. 70

പടുദവാഗ്നിപിടിച്ചു ദഹിച്ചു വൻ-
തടിയടിഞ്ഞു നടുങ്ങിയ ഭൂമിയിൽ
പിടിപെടുന്നു ദിഗന്തസുഗന്ധിലാ-
+ "ത്രുടി"ലതാ ബഹുലാനലകൃൽഫലാ. 71

---

* ഈരപ്പൂൾ.

+ ഏലം

കുറമൊഴിക്കു സുമോപമ കോമളം
പരിമളം ചിതറും മലർമാലകൾ
നിറക തൊട്ടുനിറഞ്ഞ ലതാകുലം
പരിലസിച്ചു പരപ്പൊടു കാപ്പികൾ 72

തരുണിമാരു തൊഴിക്കുകിലും പരം
കരുണയോടുമവക്കു രുജാപഹൻ
അരുണപുഷ്പലതാപരിശോഭിതൻ
ധരണിയിങ്ക"ലശോക"യശോധരൻ. 73

നലമെഴുന്ന(1)"ഹരീതകി"തന്നധഃ-
സ്ഥലമണഞ്ഞ മൃഗങ്ങളരക്ഷണാൽ
മലമൊഴിഞ്ഞു വിശുദ്ധതയാന്നിടും
ഫലമിതാണു കുലീനസമാഗമെ. 74

നരയുമാച്ച്യവനൻെറ വപുസ്സിലെ
ജരയുമൊക്കെയൊഴിച്ച രസായനം
നരനുപഞ്ചരസാഢ്യഫലാകുലം
മരമസംഖ്യമെഴുന്നു വനങ്ങളിൽ. 75

ഇലവുപോലെ കിളൻറു തടിച്ചൊരാ-
(2)"ക്കലിയുഗാലയ"നാമകശാഖികൾ
അലിയുമേററ(3)"മരുഷ്കര"തപ്തരായ്
വലയുവോർ വലമിട്ടുവണങ്ങിയാൽ. 76

മിനുമിനുപ്പു കടുപ്പമനല്പമാം
ഘനമിരുണ്ട കറപ്പിവയുള്ളകം
ജനമറിഞ്ഞുകഴിഞ്ഞതു വെള്ളകൊ-
ണ്ടിനിയു മീട്ടി! വൃഥാ പരിവേഷ്ടനം. 77

സിതസിതാരി ശതാവരി ലാംഗലി
ലതകരേറി മരങ്ങളിലങ്ങനെ
പതിവുപോലെ പടന്നു പൂത്തുനി-
ന്നതനു കാന്തി വളത്തി വനങ്ങളിൽ. 78

(1) കടുക്കാമരം. (2) താന്നി. (3) ചേരു.

അതുലമോഹനരാഗമുയൎത്തിയാ
മൃദുലകോമളവല്ലികളാടവേ,
അതനു പാവകകാരി, * "വികംകതം"
സതതകണ്ടകനിഷ്ഠുരനെട്ടവൻ. 79

ഇവിടെനേക്കു നിവൎന്നുനടക്കയി-
ല്ലെവനുമീയവനീധരസന്നിധൌ
അവനിമുട്ടെയതീവഫലം വഹി-
ച്ചവനമിച്ചുവരുന്നു മരങ്ങളും. 80

ക്ഷിതിധരത്തെ വെടിഞ്ഞു തടങ്ങളെ
യതിഗമിച്ചു തടാകസമാഗമേ
"ദ്രുത,വിളംബിത,"വൃത്തമനുക്രമം
ഗതിവിശേഷണമാക്കി സരിത്തുകൾ. 81

ഭൂഗോളം പ്രളയത്തിലാഴ്മളവും താഴാ, പുനസ്സൃഷ്ടമായ്
ഗോകൎണ്ണം മുതലാക്കുമാരിവരെയും നീളുന്നൊരീക്കേരളം
ലോകേശൻ പ്രളയം കഴിഞ്ഞളവനേ വീണ്ടും കൃഷിക്കിസ്ഥലെ
പാകിപ്പോററിവരുന്ന നല്ല തരുവല്ലീ സസ്യജാലങ്ങളെ. 82

൧൨-ാം സൎഗ്ഗം.

ഗിരിനിവാസികൾ.

ഇപ്രകാര മരവിന്ദ മന്ദിരാ
സൽപ്രഭാവ ഫല പുഷ്കല സ്ഥലം
ഷഡ്പദാകലിത പുഷ്പവാടികാ
കല്പമാക്കി കുടിയേറിയാളുകൾ. 1

---

* വൈയ്യംങ്കത.

വെള്ളിമുള്ളു ബഹ്ഹുവേപ്പു ഗോക്ഷുരം
കള്ളിമുള്ളിവ നിറഞ്ഞഭൂമിയെ
തള്ളിവന്നു ജനമിങ്ങു നല്ല പു-
ല്ലുള്ളിടത്തു പശുവൃന്ദമെന്നപോൽ. 2

മലംപണ്ടാരം.

ആരറിഞ്ഞു തരുകോടരത്തിലും
പാറകൾക്കിടയിലുള്ളൊരള്ളിലും
കേറിയങ്ങിനെകിടന്നിടുന്ന പ-
ണ്ടാരനാദിമനിവാസിതന്നെയോ? 3

നീളമില്ലിവനു രോമമൊക്കെയും
കാളിമാവൊടു ചുരുണ്ടിരുന്നിടും
വാലുമാത്രമിവനില്ല വാനരൻ
കാലുരണ്ടൊടുനടക്കയാസ്സുരാം. 4

ആടകാട്ടിലയിവന്നു, തിന്നുവാൻ
കാട്ടുനൾകുമൊരു കായ് കിഴങ്ങുകൾ
ആടിവേട്ട,യടവീമൃഗങ്ങളെ
ക്കൂടെയാർത്തിയൊടു ചുട്ടുതിന്നണം. 5

സാൎത്ഥശബ്ദ മറിയാതിരിക്കവെ
വാർത്തതമ്മിലുര ചെയ്യുതെങ്ങിനെ?
ഹസ്തസംജ്ഞയറിയുന്നപോലിവൻ
നൎത്തകോപമ; മിതാദിഭാഷയോ? 6

മുതുവാൻ.

കാട്ടുപോത്തു കൊലകൊമ്പനാനയീ
ക്കൂട്ടരാലുമനതിക്രമസ്ഥലെ
നോട്ടമുള്ള "മുതുവാൻ" ചമയ്ക്കുമാ
വീട്ടിനീററയില കെട്ടിമേയുവാൻ. 7

ഏറുമാടമിവനുണ്ടുപൊക്കമൊ-
ട്ടേറെയുള്ളതരുവിൻ കവട്ടയിൽ
ഏറിയോരുകൃഷിതാഴെയുള്ളതിൽ
കേറുമാവന മൃഗം ശരവ്യമാം 8

കുന്നുതോറുമധികോന്നതദ്രുമേ
തേൻപെരുത്തപല കൂട്ടിലേയ്ക്കവൻ
അമ്പു, നീണ്ടചരടിട്ടയച്ചതിൻ
തുമ്പിലേയ്ക്കു മധുവൊക്കെ വാർത്തിടും. 9

സൂര്യനേത്തൊഴുതു തൻെറപൂർവിക-
ന്മാരെയാദരവൊടും സ്മരിച്ചവൻ
കാര്യമായതിനിറങ്ങു മൈത്രയും
ധൈര്യപൂർവമകളങ്കമാനസൻ. 10

ഊനമററവിധ മീററമുററിവൻ-
തേനൊഴിച്ചു തിനയിട്ടു ചുട്ടവൻ
തീനൊരുക്കു മതിഥിക്കു മാന്യരേ
മാനിയാതെ വരികില്ലൊരിക്കലും 11

ഉപ്പുമിത്തിരികറപ്പുമേകിയാ-
ലല്പമല്ലവനനന്ദി മാനസെ
ഇപ്പദാർത്ഥമൊടു ചെന്നാവൻെറ നെ-
ല്ലപ്പടിക്കു മവകാശിയാം ഖലൻ. 12

പത്തിലേറിയൊരു സംഖ്യയെണ്ണിടാ
സത്യഹീനവചനം പറഞ്ഞിടാ
ഇത്തരം നിലയറിഞ്ഞവൻെറ സ-
മ്പത്തു വഞ്ചകരടക്കിടുന്നതേ 13

കഷ്ടമേ! വിളവെടുത്തനാൾ മുത-
ല്ലെട്ടുപത്തുദിവസം ഗമിക്കവെ
തട്ടി വഞ്ചകരെടുത്തു സർവവും
പട്ടിണിക്കിവനു ചീട്ടുമേകിടും 14

ചൂണ്ടയിട്ടിരമുറയ്ക്കുനക്കവേ
കണ്ടു കൊത്തിയൊരു മീൻകണക്കവൻ
ഇണ്ടലിൽപെടുമഹോ! പരിഷ്കൃതൻ
കണ്ടകൻ കഠിനനായ വഞ്ചകൻ. 15

പക്കണത്തിനകലത്തുകൂട്ടമായ്
നില്ക്കുമില്ലിയുടെ മേല്പടപ്പുകൾ
ഒക്കെവെട്ടമരിയുന്നു; നിർഭയം
വയ്ക്കുവാനുപരി സൂതികാലയം. 16

ആത്തവത്തിലുമവൻെറഭാമിനി
പാത്തിടേണ്മിതിലേകയായ്സ്സുഖം
എത്രനിഷ്ഠനിജവംശശുദ്ധിയേ
കാത്തുകൊള്ളുവതിനുള്ളതെപ്പൊഴും. 17

കാടുയന്നമലമേടു, പാറമേൽ
ചാടിടും സ്ഫടികനിർമ്മലംജലം
ആടലാററുമൊരുകാററുമുള്ളിടം
തേടിടുന്നു, ഭയമററ താവളം. 18

ചാരുവാമളകമൂലസീമയിൽ
ചൂരലിൻപൊളി വളച്ചുകൊണ്ടുപോയ്
നാരിമാർ പുറകിലോട്ടു കെട്ടുമാ
ത്താരണിഞ്ഞ ചികുരം മനോഹരം 19

ഇല്ല സോദരിയൊരുത്തനെങ്കിലോ
വല്ലഭാജനമവന്നു ദുർല്ലഭം
നല്ലരീതിയതുനാരിയോടുക്രൂ-
രുല്ലസിപ്പതിനനല്പമാംവിധം. 20

മന്നാൻ

അന്യപൂരുഷമുഖേന്ദുമണ്ഡല-
ത്തിന്നു പത്മിനികളായ്ത്തിളങ്ങിടും
സന്നതാംഗിജനമുണ്ടു തണ്ടലർ-
കന്നിപാലരിയ "മന്നാ"ജാതിയിൽ. 21

മന്നനുണ്ടു നിജമന്ത്രി ഖഡ്ഗവും
മിന്നിടും പരിചയും പുരാതനം
ഉന്നതൻ നിജകുലത്തിലുള്ളവ-
ർക്കൊന്നുപോലെയരശാണ്ടിരിപ്പവൻ. 22

മലയൻ.

വില്ലെടുത്ത "മലയൻ" വനേചര-
ക്കുള്ളതിൽതലവനായിരിക്കുമോ?
ഇല്ല കില്ലവനൊരമ്പയയ്ക്കുകിൽ
കൊള്ളുമേതൊരിളകുന്ന ലാക്കിലും. 23

കാടുവിട്ടു മറു കാടണഞ്ഞു, തൻ
വീടുകെട്ടി മലവെട്ടി വാണിടും
വീടുവിട്ടു വെളിയിൽ ഗമിക്കുവാൻ
പേടി നാട്ടിലമരുന്നവർക്കുതാൻ. 24

പളിയൻ.

പേത്തമിഴ്പ്പദമുരച്ചു പാണ്ടികൾ-
ക്കൊത്തപോലെയുടയും നടപ്പുമായ്
പാൎത്തിടുന്ന പളിയന്റെ കൂട്ടരിൽ
ചീത്തയായ് കപടവൃത്തരും വരും. 25

ഊരാളി.

വേലചെയ്തു ദിവസംകഴിക്കു"മൂ-
രാളി" സുസ്ഥിര നിവാസതല്പരൻ
കാളസൎപ്പവിഷബാധ നീക്കുവാൻ-
പോലുമുണ്ടവനു നല്ല പാടവം. 26

കെട്ടിനിന്നു മലിനപ്പെടും ജലം
തൊട്ടിടുന്നതുമവനു സങ്കടം
ഇഷ്ടമാണു രുചിരം ശിലാതലം
തട്ടിവീണൊഴുകിവന്നിടും ജലം. 27

കിട്ടിയില്ല കടുവേനലാലവ-
ന്നിഷ്ടമുള്ള ജലമെങ്കിലന്നവൻ
വെട്ടിവച്ചു * "സുഷവീ" ലതാജലം
ശ്രേഷ്ഠമാജ്വരഹരം കുടിച്ചിടും. 28

വിണ്ണവൎക്കുമധിവാസയോഗ്യമാം-
വണ്ണമിററമുള ചൂരലാദിയാൽ
കണ്ണിനും കരളിനും സുഖംതരും
പൎണ്ണശാല പണിയുന്നു പാവനം. 29

---

* പുല്ലാഞ്ഞി.

ഏററവും മൃദുമനോജ്ഞമായ മ-
ട്ടീററതൻ പൊളി യെടുത്തു നെയ്യുവൻ
മററൊരീററയിലടയ്ക്കുമാപ്പുര
നൂററവക്കു തവിചെയ്തുകൊള്ളുവാൻ. 30

വേട്ടുവൻ, കാട്ടളയൻ.

തൊട്ടു,കാട്ടളയ വേട്ടവാദിയാം
കൂട്ടരെങ്കി,ലതുകൊണ്ടു "മൂഢരായ്
കെട്ടമന്നമലയാദി നാലരും
കെട്ടി ജാതിയുടെ കോട്ടകാട്ടിലും. 31

കാട്ടുജാതിക്കാരുടെ സാമാന്യസ്ഥിതി.

ഏതുകൊണ്ടിരുളകന്നുപോകുമാ
ജ്യോതിരുജ്ജ്വലമുണച്ചുനൽകവേ
വേദമന്ത്രമറിവില്ലയെങ്കിലും
വേദമൂർത്തിയവനക്ഷിഗോചരൻ. 32

ഓടലിൻകുരുവരച്ചു വെന്തെടു-
ത്തിടുമെണ്ണയുടെ നിത്യശീലനം
മോടിചേർത്ത മുടികെട്ടി നാരിമാർ
ചൂടിടുന്നു വനപുഷ്പമാലകൾ. 33

ആടചുററിയരയും സ്തനങ്ങളും
മൂടിയും, വനസുമങ്ങൾ ചൂടിയും
പാടിയും, കിമപി ചന്ദനേന്ധനം
തേടുമേ "മലയ"കോമളാംഗികൾ. 34

ആഴമെന്ന പന ചെത്തി നിത്തവേ
വീഴമൂരി മദമേറുമാസവം
ഊഴിചുററുവതവന്നു കാണുവാൻ
കോഴിചുട്ടു കുടിച്ചുനോക്കണം. 35

ചൂർണ്ണമാമവനു ചുട്ടുനീററിയാൽ
വെണ്ണപോൽ വെളുവെളുത്ത കല്ലുകൾ
പിന്നെ വെററില യടയ്ക്ക * "കയ്യു"നാൽ
തന്നെയാം തൊലി കുറച്ചു ചെത്തിയാൽ. 39

---

* കരയ്യാൻമരം.

ചർവ്വണത്തിനിവശേഖരിച്ചു തൻ
പാർവ്വണേന്ദുമുഖിയോടുകൂടവേ
നിർവ്വിഷാദമനുരാഗപൂർണ്ണരായ്
സർവ്വസൌഖ്യമൊടു വാണിടുന്നുതെ. 37

മിക്കവാറുമിതുപോലെ ജീവിതം
പോക്കിടുന്ന വനവാസിജാതിയെ
മർക്കടാനുജനിയെന്നു ചൊല്ലിയാ-
ലൊക്കുമൊട്ടു പരിണാമവാദികൾ. 38

കാണിക്കാർ.

വാണിരുന്നിതു മഹേന്ദ്രപർവ്വതം
കാണുമാറകലമുള്ളിടങ്ങളിൽ
കാനനത്തിനധിനാഥരായ് പുരാ
"കാണി"യെന്നു പുകഴുന്ന ജാതികൾ. 39

മുട്ടമുട്ടിയ മുഷിഞ്ഞ മുണ്ടുടു-
ത്തിട്ടു കത്തി തിരുകീട്ടു തീററകൾ
കുട്ടയിൽ പുറകിലിട്ടു, പിൻവശം
കെട്ടു,മാമുടി, കറുത്ത കാണികൾ. 40

മൂത്തകാണിമുതലായൊരഞ്ചുപേ-
രൊത്തുചേർന്ന സഭ കാണിജാതിയെ
കാത്തിടുന്നു കുടിമത്സരങ്ങളെ-
ത്തീർത്തു സത്യപര ചിത്തവൃത്തികൾ. 41

നിസ്വരും ചിര നിരക്ഷരജ്ഞരും
നിസ്സഹായികളുമായ കാടരും
ഈ സ്വയംഭരണരീതിവെച്ചു; നാ-
മാസ്വഭാവമിനിയും പഠിക്കണം. 42

ചാററുപാട്ടിവനടന്നിയാമയം
മാററു;മെന്തിനു മരുന്നു തിന്നണം
ഏററവും സുധ കുടിച്ച രോഗിയിൽ
പററുമോ ഗുണമവിശ്വസിക്കുകിൽ? 43

കാട്ടുജന്തു കയറാത്ത ദുർഘട-
പ്പെട്ട ദുർഗ്ഗമമായ ഭൂമിയിൽ
ക്കൂട്ടമായ് കുടിചമച്ചു കാനനം
വെട്ടിവാണു കഴിയുന്നു കാണികൾ. 44

പാരദേശികധനാഢ്യകർഷക-
ന്മാരടുത്തു കൃഷിവേല ചെയ്യുകിൽ
ദൂരവേ കുടിവെടിഞ്ഞുപോം; പണം
സാരമോ? പരനു കാണി കീഴ്പ്പെടാ. 45

ഏതുമേപ്രതിഫലേച്ഛയെന്നിയേ
ചെയ്തുകൊള്ളുമുപകാരമാക്കുമേ
നീതിയും നിലയുമുണ്ടു നേരുകേ-
ടേതുമില്ല ചതി കാണി ചെയ്തിടാ. 46

കാട്ടുപന്നി കടുവാതുടങ്ങുമാ-
ക്കൂട്ടരോടുപൊരുമേകനായ്‌വനെ
വേട്ടനല്ലൊരുവിനോദമമ്പവൻ
വിട്ടുവെങ്കിലതു രാമബാണമാം. 47

മുണ്ടഴിച്ചു കരെ വച്ചു നിത്യവും
വേണ്ടപോൽകുളികഴിഞ്ഞകാണികൾ
വീണ്ടുടുക്കുമതു;പൂഴിപിന്നെയും
പൂണ്ടപോൽ കുളികഴിഞ്ഞ കുഞ്ജരൻ. 48

വേണുനാളഭൃതമായകാട്ടുപൂ-
ന്തേനുമൊത്തവെരുകിൻെറ ചട്ടവും
ആനമുത്തുമരചന്നു കാഴ്ചയായ്
"കാണി"കൊണ്ടുവരുമാണ്ടിലേകദാ. 49

താഴ്‌വരയിലുള്ള കൃഷിസ്ഥലങ്ങൾ.

കടൽകരെത്തൊട്ടു മലത്തടങ്ങളോ-
ടടുത്ത നിമ്നോന്നത ചാരുഭൂമിയെ
ഇടയ്ക്കിടയ്ക്കൊക്കെ മുറിച്ചു പങ്കിടും
പടിയ്ക്കു പായുന്നു കുഴിഞ്ഞു മാറുകൾ. 50

ഇവയ്ക്കു തീരങ്ങളിലുണ്ടു കാഴ്ചക-
പ്രവൃത്തികൂട്ടുന്ന കരിമ്പുമാലികൾ
പവിത്രപാഥഃ പരിഷേചനത്തിനാൽ
ഭാവിച്ചതോ സ്വാദ്ഗുളമായ് കരിമ്പുകൾ? 51

പുറന്തൊലിക്കിന്ദ്രധനുസ്സു തോററിടും
നിറം തെളിഞ്ഞുള്ള കരിമ്പുയർന്നതിൽ
നിരന്തരം നീണ്ടുവളഞ്ഞു വാളുപോൽ
പരന്നു നീലത്തഴ തോല്ക്കുമോലകൾ. 52

കുടന്തപൊങ്ങിക്കുലവന്നു താഴിക-
ക്കുടംകണക്കെ ക്കുതുകപ്രദായകം
വിടിർന്നപൂവൊത്ത കതുപ്പുചാമരം
മടങ്ങുമാറേറെ വിളങ്ങി ഭംഗിയിൽ. 53

ഇളംകുളിക്കാററടിയേററു കൌതുകം
തുളുമ്പി മന്ദം കളിയാടിയങ്ങിനെ
വിളങ്ങിടും നല്ല കരിമ്പു നീളവെ
വളർന്നുനില്ക്കുന്ന വനം ധനാകരം. 54

പടർന്നുകേറി പ്പലപന്തലിന്നുമേൽ
പടോലവല്ല്യാകൃതികൾ പെററപോൽ
അടിക്കു തൂങ്ങുന്നു പുറത്തു പുള്ളിയും
പിടിച്ചു ഭോഗിപ്രതിമം ഫലം പരം. 55

കടിച്ചു കണ്ണാടി പൊടിക്കുവാൻ പറി-
ച്ചെടുക്കുമാപ്പാവലിലയ്ക്കിടയ്ക്കിടെ
കിടക്കുമാക്കായ്ക്കുളറക്കവാൾമുന-
യ്ക്കൊത്തമുള്ളുള്ളൊരുചട്ടയിട്ടതൊ? 56

വിശാലകേദാരമുദാരമായ്പ്പട-
ർന്നശേഷമാച്ഛാദിതമാക്കി വെള്ളരി-
നിശാഭമഷ്ഠീലസമം ഫലം തരും
വിശാലവംശത്തിനു കീർത്തിവല്ലരി. 57

ചലത്തുലായന്ത്രമുഖത്തുനിന്നുമുൽ-
ഗളിച്ചിടും നിൎമ്മലമായിടും ജലം
ഒലിച്ചിടുന്നു ധമനീ സമാനമായ്
നിലത്തിലുണ്ടാക്കിയ ചാരുകുല്യയിൽ. 58

നിരന്നു വെണ്ടച്ചെടി പൂത്തു കായുമായ്
വരുന്നു മേല്പോട്ടു വളഞ്ഞു ഭംഗിയിൽ
നരന്നു വാജീകരണൌഷധോപമം
തരുന്നു സൌഖ്യം തരുണായതം ഫലം. 59

കരിമ്പുനീർ കാഞ്ഞു പതഞ്ഞു പാടയായ്
വരുന്നമാലിന്യമരിച്ചു നീക്കിയാൽ
പരം തു ശുദ്ധീകരണത്തിനുത്തമം
മരുന്നു, പൈശ്ചില്യമെഴുന്ന "തിണ്ഡിഷാ". × 60

ചാരന്മാരിതുപോലനേകമറിവിച്ചാഹന്ത! "ഭന്യാബി"ലി-
ന്നാരാജ്യം പുതുതാം "സ്വരാജ്യ"മതു ഞാൻ കീഴാക്കുമെന്നിങ്ങനെ
വീരാഹംകൃതിയോടു റിപ്പുവുടനേ പോരാടുവാൻ വാളെടു-
ത്താരംഭിച്ചു കരുത്തെഴുന്ന നിജ സന്നാഹങ്ങളെക്കൂട്ടുവാൻ.

൧൪-ാം സൎഗ്ഗം.

കേശവപിള്ളദിവാൻ.

ദിവാനിശമനാകുലം നിജ ജനാവനം ചെയ്യുവാൻ
സ്വവാങ്മതിശരീരമെന്നിവ സമൎപ്പണം ചെയ്യവൻ
അവാപ്തമവകാശമുള്ളവനെ, യാക്കി ഭൂശക്രനാ-
ദ്ദിവാൻപദമലങ്കരിപ്പതിനു കേശവാഭിഖ്യനെ. 1

× വെണ്ട.

ഇദം പ്രഥമമിപ്പദം സചിവസംജ്ഞയാ വാങ്ങി,ഢൎ-
മദം പെരുകുമുഗ്രരാമരികളേത്തകൎന്നവൻ
അദംഭി,യരചാജ്ഞയെ യനുസരിച്ചു നാട്ടിൽ സുഖ-
പ്രദം പല പരിഷ്കൃതിക്കധികവേല ചെയ്തീടിനാൻ. 2

"വടക്കതിരു ദുർബലം ബലമെഴുന്ന സുൽത്താൻ ക്ഷണം
പൊടിക്കുവതിനാഞ്ഞു തൽപടകളേ വളൎത്തുന്നവൻ
കടക്കരുതു കേശവാ! മടപൊളിഞ്ഞു വെള്ളംകണ-
ക്കടെല്ലൂരി; തടുക്ക'യെന്നരുളി സത്തമൻ പാൎത്ഥിവൻ. 3

പടയ്ക്കുമധിനാഥനായ് സചിവനേ നിയോഗിച്ചു; നാ-
ടടക്കമഥ നായരേ മുഴവനാക്കി സൈന്യങ്ങളിൽ
മിടുക്കുനവ സംഗരക്രമവഴിക്കവെക്കേകുവാ-
നിടയ്ക്കെഴുതി കുമ്പിനിക്കിഹ വിദഗ്ദ്ധരേക്കിട്ടുവാൻ. 4

നിനച്ച വഴിതെററി; കുമ്പിനിയിലേ ബ്ഭടാഗ്രേസര
ക്കനുജ്ഞയതിനില്ല; രണ്ടരിയ കപ്പിണിസ്സേനയേ
തുണയ്ക്കിവിടെ വിട്ടിടാം; ചെലവു നൽകണം; മേൽവരും
രണത്തിനു വൃഥാ വിടാം പടകളെന്നു വന്നു കുറി. 5

തറച്ചിതു മനസ്സിലെങ്കിലുമതിർത്തി രക്ഷിക്കുവാൻ
വരുത്തിയതുപോലെ കുമ്പിനി പറഞ്ഞ സൈന്യങ്ങളേ
ഗുരുതപമൊടു ഡച്ചുകാൎത്തിരിലുള്ളതാം കോട്ടര-
ണ്ടുരച്ചവിലവച്ചെടുത്തതുമധീനമാക്കീ നൃപൻ. 6

തനിയ്ക്കടിമ കൊച്ചിതന്നുടയ കോട്ടവാങ്ങിച്ചതായ്
ഗണിച്ചതുകൊടുക്കുവാനെഴുതി റിപ്പുസുൽത്താൻ വൃഥാ
"പുനശ്ചമലബാറുകാരഭയമൎത്ഥനം ചെയ്തവ
ൎക്കിനിപ്പൊറുതി നൽകൊലാ സമരമന്യഥാ ചെയ്യുവേൻ." 7

വിനീതമിതിനുത്തരം നൃപനുരച്ചു "ബന്ധുക്കളെ-
യനീതിവിടുകെന്നതിങ്ങഭയമാൎന്നിരിപ്പോർകളേ
അനേകസമഢച്ചുകൈവശമിരുന്നതേ കോട്ടമൻ-
പനോപമപരാക്രമം പെരിയഭൂപതേ! തേ സലാം." 8



രാജാകേശവദാസ്

* "സ്വതേസ്ഥനു" ധനുസ്സിലെ മകയിരത്തിലേച്ചന്ദ്രനും
കുതൂഹലദനാകുമോ? നൃപവിനീതമാം വാചികം
മദാന്ധനറിതെളിഞ്ഞിടാ; പടയുമായവൻ വന്നട്ട-
ത്തതിർത്തി പൊടിയാക്കുവാൻ നിരനിരത്തി ഭീരങ്കികൾ. 9

നായന്മാരോടു കേശവപിള്ളയുടെ ഉൽബോധനം.

അരാതിയുടെഘോരമാംവരവുകണ്ടു കുണ്ഠേതരം
നരാധിപതി മന്ത്രിമാർ മകുടരത്നമാം കേശവൻ
കരത്തിലൊരുവാളുമായ് ത്ധടുതി കൈനിലയ്ക്കുള്ളിലാ
ക്കരുത്തുടയ സേനയോടിതുപറഞ്ഞു താരസ്വരം. 10

"നായന്മാരേ! നരകസദൃശൻ, ഠിപ്പുസുൽത്താൻ പടയ്ക്കി-
ങ്ങായാതൻ, തൽ ഭടകുലമൊട്ടും ഭീമഭീരങ്കിയോട്ടും
ആയുസ്സുള്ളപ്പൊഴതി,ലവനേക്കാലുകുത്തിച്ചിടാമോ
ശ്രേയസ്സേറി ശ്രുതിപെരുകുമീ ധർമ്മരാജ്യത്തു നമ്മൾ? 11

ദൈത്യന്മാരേ ത്വരിതമരിയും ചക്ര,മാത്തൃക്കരത്തിൽ
ചാർത്തിക്കൊണ്ടിട്ടുരഗതളിമേ പള്ളികൊള്ളും മുരാരി
പൃത്ഥ്വിക്കെല്ലാമധിപതി; വയം പോരിനായ് നേരിടുമ്പോ-
ളെത്തിക്കൊള്ളും സദയമരികേ സച്ചിദാനന്ദമൂർത്തി. 12

ത്തുപ്പാദത്തിൽ ധരണിയിതിനേ വീരമാർത്താണ്ഡവർമ്മാ-
വർപ്പിച്ചില്ലേ? തദനുഗുണവാൻ, പത്മനാഭന്റെ ദാസൻ
ഇപ്പോൾ ധർമ്മപ്പെരുമതിരളും തമ്പുരാൻ നാടുവാഴ്കെ
സ്വല്പംപോലും കുറവു സുകൃതത്തിന്നു വന്നെത്തുകില്ല. 13

നമ്മേക്കാളും വളരെയധികം സൈന്യമുണ്ടപ്പുറത്തെ-
ന്നോർമ്മിക്കേണ്ടാ തടിയരവരെന്നുള്ളതും തെല്ലുപോലും
കാർമേഘത്തിൻ നിവഹമൊരുമിച്ചെങ്കിലും കാററടിച്ചാ-
ലെമ്മട്ടെല്ലാമൊഴിയു; മതുപോൽ നാമെതൃത്താൽ തുരത്താം. 13

നായർക്കുള്ളാച്ചുണ സഹജമായുള്ളതല്ലേ? പടയ്ക്കായ്
പോയാൽപിന്നെ പ്പുറകരിഭടൻ കാണുമോ വീണിടാതെ?
ജായാപുത്രപ്രഭൃതികളെയും വീട്ടുമോർത്തിട്ടു യുദ്ധം
ചെയ്യാൻ വയ്യാത്തൊരു പുരുഷനീ ജാതിയിൽ ജാതനാമോ? 14

* കൊല്ലം 964.

ഉണ്ടായപ്പോൾ മരണമൊരുനാളുള്ളതായ് തീൎച്ചയായി
വേണ്ടാപിന്നെ സ്സമരസമയേ ചാകുവാൻ ഭീതിയേതും
ശത്രുക്കൾക്കൂത്തും ശഠനെയിവിടെത്തോററു നാം കേററിയെന്നാ-
ലുണ്ടാ മാപത്തഹഹ! മൃതിയേക്കാട്ടിലും കഷ്ടമല്ലേ? 15

മാൎഗ്ഗംക്രൂട്ടും, മഹിതമതവും ധൎമ്മവും നഷ്ടമാക്കി
ദുൎവ്വിഷ്ഠൻ ദുരയൊടുകടന്നമ്പലം കൊള്ളചെയ്യും.
ഉഗ്രാടോപത്തൊടു മവനതിൽ ഗോവിനെക്കൊന്നതിന്നും
വ്യഗ്രിച്ചോടുന്നവരെ യവനാ മാംസവും തൊട്ടുതീററും. 16

വീടെന്നല്ലാ കളരികളെയും കൊള്ളിവയ്ക്കും, ഭയപ്പെ-
ട്ടോടിപ്പോകും വനിതകളെയും തൊട്ടശുദ്ധപ്പെടുത്തും
നാട്ടും വീട്ടും കുലവുമിതുപോലാവതും കണ്ടിരിപ്പാൻ
പാടുണ്ടോ നാം? പടയിലധുനാ ചാകിലും ശോകമില്ല. 17

പ്രാണൻ പോയാൽ തൃണ!മിവിടെ നാം ധൎമ്മരക്ഷയ്ക്കുവേണ്ടി
ക്കാണിക്കേണം കളരിവിരുതും ശൌൎയ്യവും ധൈൎയ്യപൂർവം
ആണത്തത്തോടരികളെ യരിഞ്ഞപ്പുറംതള്ളി വഞ്ചി-
ക്ഷോണീജൈത്ര ക്കൊടികളുയരെ ക്കെട്ടുവിൻ കൊട്ടിയാൎപ്പിൻ. 18

പെരുമ്പറയടിച്ചു വൻപടയെതൃക്കുവാൻ ശക്തിയോ-
ടൊരുമ്പെട്ടവതേക്കുറിച്ചറിവു കിട്ടുമിസ്ലാംനൃപൻ
പരം ഭയമിയന്നു, നേൎത്തവിടെനിന്നു പോരാടിയാൽ
വരും പിഴകളെന്നവൻ കരുതി കൌശലംക്രൂടിയോൻ. 19

* "ശിരോവന" തലത്തിലേ വലിയപാളയത്തുങ്കലാ-
പ്പെരുംപടകിടക്കവേ, ചതിപെരുത്ത സുൽത്താൻ നിശി
അറിഞ്ഞൊരു വളഞ്ഞതാം വഴിതിരിഞ്ഞു ദുഷ്പ്രാപമാ-
യിരുന്നവിടമെത്തിനാൻ സഭടമേഴരണ്ടായിരം. 20

കിടങ്ങുകളിടിച്ചതിൻകുഴി നികത്തിനാനൊട്ടിടം
പടങ്ങുകളുമിട്ടുതേ തടിമുറിച്ചിടയ്ക്കൊട്ടിടം
കടന്നു പരിഘം ക്ഷണം നെടിയ കോട്ട കുത്തിത്തുര-
ന്നിടിഞ്ഞവഴിയുള്ളിലേയ്ക്കുലികണക്കു കേറീടനാൻ. 21

---

* തലക്കാട്.

ചതിപ്പണിയറിഞ്ഞു ചെന്നവിടെ രാത്രിയിൽ ഗൂഢമായ്
പ്പതുങ്ങിയുമൊതുങ്ങിയും മറവിലെത്തി വഞ്ചിപ്പട
എതിർപ്പുകരുതാത്തവൻ കയറിവന്ന നേരത്തിതാ
കുതിച്ചെതിരിടുന്ന വൻപടയവൻ ഞെട്ടുംവിധം. 22

പരസ്പരമടുത്തു പോരവിടെവച്ചു ചെയ്യേത്രയും
കരുത്തൊടു കരാകരം, തലയരിഞ്ഞു തള്ളീടവേ
പരിഭ്രമമൊടോടിയാരരികൾ പിന്തിരഞ്ഞപ്പൊഴാ-
ത്തുരപ്പിനരികത്തുമാള,രികളേ യരിഞ്ഞീടുവാൻ. 23

പുരോഭുവികടക്കുവാനരുതു, പിന്തിരിഞ്ഞോടിയാൽ
നിരോധ; മിതുരാത്രി; ചന്ദ്രികനിഴൽക്കധീനം പരം
തിരിച്ചറിക ദുർഘടം ശധുടുതി ശത്രു മിത്രങ്ങളേ-
ക്കുറച്ചു സമയത്തിലാത്തുമുലയുദ്ധമൂർജ്ജസ്വലം. 24

അരിക്കുടയ സേനയൊട്ടുവൃതിയാകവേ, ഘോരമാം
തിരക്കിലടിപെട്ടുതേ, ഭടജനം കിടങ്ങിൽ സ്വയം
നിരക്കെ മറിയും ശവം നിറയവേ യൊളിച്ചോടിയ-
ക്കരെയ്ക്കുതിനിടയ്ക്കു കാലൊടിയുമാറു സുൽത്താൻ മഹാൻ. 25

കരാളകരവാളവും കൊടികളും കളഞ്ഞു; നിജം
കരാംഗുലവുമില്ല; കാലിനി നിവൃത്തു കുത്താവതോ?
പരാജിതനവൻ ശിരോലിഖിത വൈപരീത്യത്തിനാൽ
ദുരാഗ്രഹി, നിജാശ്രിതാശ്രയമൊടെത്തിയാൻ പാളയം. 26

ഭയത്തൊടു പലായനം പ്രബലശത്രുചെയ്തീടവേ
ജയക്കൊടി കിളത്തിയാർ കൊടിയ വഞ്ചിസേനാഗണം
പ്രയത്നമൊടെടുത്തു തഢിജയചിഹ്നമായ് റിപ്പുവിൻ
പ്രിയംകര കരാളവും കൊടിയു മന്യവസ്തുക്കളും. 27

തെളിഞ്ഞു തുഹിനാംശുപോൽ തെളുതെളെന്നുമാനത്തിലു-
ള്ളലിഞ്ഞു മണിബാഷ്പസിമ്മിളിതമായി രാജാനനം
കിളന്നു വിജയാരവാകലിതവാഹിനീ, മോഹിനീ
കുലങ്ങളുടെ യാതിരക്കുളിയുടിച്ചിളക്കുംവിധം. 28

കൊടുങ്ങല്ലൂർ യുദ്ധം.

എറിഞ്ഞു മുറിവേററവൻ, പുളവ,നുഷ്ണഭോഗ്രം വിഷം
നിറഞ്ഞു പകവീട്ടുവാൻ പ്രബലമുദ്യമിക്കും വിധം
അറിഞ്ഞു നരപാലകൻ പ്രജകളൊക്കെയുൽബുദ്ധരാ-
യിറങ്ങിയെതിരിട്ടു നില്പതിനു നൽകിനാൻ കല്പന. 29

വടക്കതിരുകോട്ടയേ ത്ധടുതിയൊന്നുകൂടി ബ്ബല
പ്പെടുത്തി പടവിട്ടുകൊണ്ടവിടമൊക്കെ മൂടീ ക്ഷണം
എടുത്തു പലകുന്തവും കവണിയും തഥാ വില്ലുമാ-
പ്പടയ്ക്കു കഴിയുംവിധം കിഴവരും നടന്നെത്തിയാർ. 30

വരാഹനൊരു നാല്പതിൽപര സഹസ്രവും വാങ്ങിയു-
ണ്ടരാതി വരുമപ്പൊഴും സുഖവഴിക്കിറങ്ങീടുവാൻ
കരാറുകരുതാതെ കുമ്പിനിയയച്ച പട്ടാളമേ
നിരായുധമിരിക്കവാ നിവിടെയുള്ളു കൊള്ളാംപണി. 31

പുരാ കുരുകുലാധമൻ കുടിലനായ ദുര്യോധനൻ
പരാക്രമികളായ പാണ്ഡവരൊടേററു പോരാടവേ
ഒരാളരിയപാണ്ഡവക്ക്രിരികിലീവിധം നിന്നപോൽ
നിരായുധ;നിതിൽ സിതാസിതനിറംവരാമന്തരം. 32

കടൽക്കരയിലേ മണത്തരികണക്കു സംഖ്യേതരം
തടിച്ച ഭടസഞ്ചയം, വലിയ തോക്കു രണ്ടായിരം,
പടക്കുതിര കൂട്ടമിട്ടതു, മണഞ്ഞു പാഞ്ഞെത്രയും
തിടുക്കമോടു റിപ്പുവും വിതത"കോടിലിംഗേപുരേ." 33

എരിക്കുമൊരുതീയിലും കഠിന "കുംഭ"ഞായററിലീ
ക്കരയ്ക്കു പതിവുള്ളതാം വെയിലുമൂത്തതിൽ "ഭീതധീ"
* "തര"പ്പിഴവരാതെയാ വെടിമരുന്നു സൂക്ഷിച്ചുകൊ-
ണ്ടുറപ്പൊടു നിരത്തിനാൻ തെരുതെരെന്നു ഭീരങ്കികൾ. 34

* കൊല്ലം ൯൬൫ കുംഭം ൨൫-ാംതീയതി.

ഇടിക്കുമിടരേകിടുംപടി, മുഴക്കമുണ്ടാക്കുമാ-
വെടിക്കു ഭടസഞ്ചയം കുടിലകാഞ്ചികൊത്തിക്കവേ
തടില്ലതിരതിദ്രുതം വലിയകോട്ടയിൽ കൊണ്ടു തീ-
ക്കുടുക്ക ചിതറുന്നു;തീ പ്രളയമായിതദ്ദിക്കുകൾ. 35

അടുക്കരുതു കോട്ടയോടരികളെന്നു, കോട്ടയ്ക്കുമേ-
ലിടയ്ക്കിടെ കിടക്കുമാപ്പഴുതിലുള്ള ഭീരങ്കികൾ
വടക്കുമുഖമാഞ്ഞിട്ടും വെടി പുറപ്പെട്ടും മുന്നമേ
ഞടുക്കമൊടുവാങ്ങിനാ രണിനിരന്നു വൈരിപ്പട. 36

അടുക്കു,മുടനേ വെടിക്കകലെമാറു മോടിക്കിത,-
ച്ചിടയ്ക്കു വെടിവയ്ക്കുമിങ്ങനെ കഴിഞ്ഞു പക്ഷത്രയം
തുടർച്ചയിലടിയ്ക്കുമാ വെടികളേറ്റു, പേടിക്കുവാൻ
മടിച്ചമതിലിൻ്റെ കല്ലിടയിടെത്തകർന്നു സ്വയം. 37

ഒടുക്കമുലയുന്ന കല്ലിടകലർന്ന കോട്ടയ്ക്കുമേൽ
തടുക്കുവതിനാഞ്ഞിട്ടും വെടിയിലും, കുലുക്കത്തിനാൽ
ഇടിച്ചിലുതുടങ്ങവേ നിലവിടാതെ വേഗേന,നെ-
ഞ്ചിടിപ്പൊടവിടംവിട്ടും ഭടരൊഴിഞ്ഞു വാങ്ങീടിനാർ. 38

അടുത്തചിലകോട്ടയും പൊടിതകർത്തു സുൽത്താൻ പറൂ-
രട്ടത്തു ജയഭേരിയും കൊടിയുമായ് പുളച്ചുദ്ധതൻ
ഇടിച്ചു നെടുനീളെയമ്പല;മവൻ വൃഥാ സർവ്വവും
മുടിച്ചു; പലവീടുകൾക്കവനെരിച്ചുതീ;നിർദ്ദയൻ. 39

വിറച്ചു ജനമോടി,യെങ്കിലുമവൻ്റെ കൈക്കെത്തിയാൽ
തിരിച്ചുവിടുകില്ല, തീ ചിതറിടുന്നകണ്ണുള്ളവൻ
മുറിച്ചുകളയും ഗളം, വിനതനെങ്കിലോ ഗോവൃത-
ന്നിറച്ചിയൊടുതൊപ്പിയും ശിഖയറു,ത്തവൻ നൽകിടും. 40

കരുത്തെഴുമൊരുത്തനില്ലവനു നേർക്കിട്ടെതിർത്തുവാൻ
നിരത്തി നിജ കൃത്യമിങ്ങനെയവൻ തുടങ്ങീടവേ
ഉരത്തപടയാലുവാക്കരയിലെത്തി ദേവാലയം
നിരത്തി നിലമാക്കി;യെന്തവനതിക്രമം പുത്തനോ? 41

സുഗന്ധിലത ചിന്തിടും ബഹുമനോഹരം കാണ്ഡുളാൽ
ദിഗന്തമണയിച്ച സൽപ്പുകളെഴുന്നജാതിദ്രുമം
അകം തെളിയുവാൻ ദലാകുലതയാ നമിച്ചീടവേ
ദുഗന്ത,മണിയായിനില്പവയിലേയ്ക്കു വിട്ടിടിനാൻ. 42

സമൂലമവനെപ്പൊഴും സകലജാതിവിധ്വംസന
പ്രമാണമുരുവിട്ടുവച്ചളവു ജാതി വൃക്ഷങ്ങളേ
സമാനമിഹ കണ്ടു; തല്പുരിയിതിന്റെ കാറേറല്ക്കുവാൻ
സമൂലമവയെപ്പറിച്ചവനയച്ചു നിശ്ചഞ്ചലം. 43

സമത്ഥ,നമൃതോപമം തെളുതെളെത്തിളങ്ങിസ്സദാ
ക്രമത്തിലൊഴുകും നദിക്കരികിലെത്തിയാറാട്ടുപോൽ
കിമത്ഥമിതു?സേനയും പിറകിലെത്തി;യീയാറിനെ
സമൃത്തികമെടുത്തു തൽപുരിയിലാക്കുവാൻ നോക്കിയോ? 44

അടുത്തദിനമാലുവാപ്പുഴകടന്നു, തെക്കോട്ടു നാ-
ടടക്കമൊരുകൊള്ളയി,ട്ടതു പിടിച്ചടക്കീടുവാൻ
ഭടക്കവനനുജ്ഞയും പ്രകടമായ്ക്കൊടുത്താൻ;കുളി-
ച്ചുടല്ക്കുടവുതീർത്തുകൊണ്ടവനുറക്കമായീ സുഖം. 45

നനഞ്ഞുടലു കണ്ണുനീരൊഴുകി പട്ടിണിക്കാററാ-
യുണങ്ങി വെയിലത്തലഞ്ഞഹഹ ബാലവൃദ്ധാവധി
ജനങ്ങളണയുന്നു പൊന്നടയവന്റെതൃക്കാക്കൽ, നീർ-
ക്കണങ്ങളിളകുന്നൊരാ തിരുമുഖത്തു നോക്കാവതോ? 46

നിനന്തപടി കുമ്പിനിപ്പട തുണച്ചിടാഞ്ഞിത്തരം
പിണഞ്ഞതിനെയോത്തു തീക്കണമൃതിന്നതൃക്കണ്ണുകൾ
മനംതകരുമാത്തരാം ജനതയിൽ കൃപാർദ്രങ്ങളാ-
യനന്തശയനേശനേ ശരണമെന്നു ക്രപ്പീ നൃപൻ 47

ഇതെന്തുകളി! കേശവൻപ്രജകളീവിധം കേഴവേ
യതന്ദ്രമെതിരട്ടരിപ്രമുഖനേത്തുരത്താത്തവൻ
സ്വാതന്ത്ര്യമൊരു തൂലികാമുനയിലുറവുനോക്കിക്കുറി-
ച്ചിതൊക്കെയെഴുതുന്നതോ നിജ പരാജയസ്മാരകം? 48

ഉറങ്ങിയമഹമ്മദപ്രഭു കിടന്നൊഴുക്കത്തഹോ
കറുങ്ങിശിബിരത്തൊടെന്തിതു വെറും കിനാവല്ലയോ?
തുറന്നുമിഴി; രാത്രിക്രൂരിരുളിലെന്തുകാണുന്നു;ത-
മ്പരന്നു ഭടരൊക്കെയും നിലവിളിച്ചുകേട്ടീടവേ. 49

അഹോ! വലിയവെള്ളമിങ്ങൊഴുകിവന്നുകേറുന്നതേ
മഹാപകടസിന്ധുവിൻ കരയിലെത്തുവാൻ ദുർഘടം
മഹാനദികിളന്നതിൻകരയകററിയേററം സ്വയം
വിഹാരിണി മഹമ്മേദപ്പടകളേ ഗ്രസിക്കുന്നുതേ. 50

കരയ്ക്കുചിലരൊക്കെയും വളരെ നീന്തിയെത്തി;യതിൽ
കരുത്തുടയ റിപ്പുവും വരുമവൻ മുടന്തുള്ളവൻ.
മരുന്നുകളുമായുധാവലിയുമന്യവസ്തുക്കളും
നിരന്നൊഴുകിഭാരമുള്ളവ കയങ്ങളുണ്ടാക്കവേ. 51

"കടന്നുകളയാമിനിക്കടലുപോലെ വെള്ളം പര-
ന്നിടുന്നവഴിവിട്ടുനാ"മിതിനിനച്ചു സുൽത്താൻ ക്ഷണം
നടന്നു; നനവുള്ളവസ്ത്രവുമുടുത്തു;ശേഷിച്ചതായ്
കിടന്നഭടസഞ്ചയത്തൊടു ഭയംപിടിച്ചുന്നതൻ. 52

മസൂരിക വിഷൂചികാപ്രമുഖമാംമഹാ ബാധയും
ഗ്രസിച്ചു ഭടരേ,യതിൽ കമ്പളമുക്തരാംക്രൂട്ടരേ
അസുക്കളൊടയയ്ക്കുവാനനുവദിച്ചിതോ, പിൻതുട-
ന്നസഹ്യത പിണച്ചൊരാമഴയൊടൊത്തു വഞ്ചിപ്പട 53

പറന്നവിധമോടിയങ്ങിനെ കുറച്ചുപേരൊത്തുചെ-
ന്നിരുന്നു നിജ * "ദഗ്ധകാനന"തലത്തു നിശ്വാസവാൻ
വരുന്നു നിജ പട്ടണേ വലിയ കമ്പിനിസ്സേനപോയ്
നിരന്നതറിവിക്കുവാനുഴറി ദൂനനായ് ദൂതനും. 54

കരാറിനെതിരായ്; സുഹൃന്നൃപനു രക്ഷചെയ്യായ്കയാൽ
പരാതി നൃപമന്ത്രികമ്പിനിയിലഗ്ര്യനെത്തിക്കയാൽ
സ്വരാജ്യമഹിമാവിലേ മലിനതയ്ക്കു നീക്കത്തിനായ്-
വരാം, വലിയ പോരിനായണിനിരന്നതാസ്സേനകം 55

---

* പാലക്കാട്.

നൃപാലനുടെസേനയും സചിവകേശവാഭിഖ്യനും
വിപക്ഷനഗരത്തിലും, വെളിയിലും, പടയ്ക്കെത്തിയാർ
ഉപായമറിയുന്നവൻ വലിയ ടിപ്പുസുൽത്താൻ പട-
യ്ക്കപാരബലമൊത്തുചേൎന്നവിടെ നേൎത്തുനിന്നീടിനാൻ 56

ശ്രീരംഗത്തും പിന്നെ,പ്പാലക്കാടോടു ഡിംഡിഗൽദേശേ
കോയമ്പുത്തൂരുംപോയ് നായന്മാർചെയ്ത സംഗരം ഘോരം 57

ആണ്ടൊരൊന്നരവരയ്ക്കുമിങ്ങനെ തുടൎന്ന ഘോരതരസംഗരം
നീണ്ടുനിന്നു; നിലയില്ലയെന്നവിധമായ ടിപ്പു, നയമാൎന്നവൻ
വേണ്ട യുദ്ധമിനിയെന്നു നിൎത്തി,യൊരുടമ്പടിക്കുടനിരക്കയാൽ
രണ്ടുകക്ഷികളുമൊത്തുകൂടിയൊരു സന്ധിപത്രമെഴുതീടിനാർ 58

കോടി മൂന്നിനൊടു മുപ്പതുലക്ഷം
കൂടിയുള്ളതുക രൂപ്യകമായും
നാടു പാതിയുമൊഴിഞ്ഞുകൊടുത്തേ
കൂടിയുള്ളു നവ സന്ധി നടത്താൻ 59

സന്ധിക്കൊപ്പിടുവോളവും സമരസന്നദ്ധൻ ദിവാനുണ്ടു, നാ
മെന്തിപ്പോളറിയുന്നു? ശത്രുവിനിയും പൊങ്ങുന്നതല്ലെന്നുതാൻ
ചിന്തിച്ചില്ല കരാറു തെററിയതിനാൽ നേരിട്ട നഷ്ടങ്ങളും
സന്താപങ്ങളുമാക്കുവേണ്ടിയവിടെപ്പോരാടി യെന്നുള്ളതും 60

ആസ്സാമൂതിരി, താന്നിയൂര,ഥ ചിറയ്ക്കൽ, പിന്നെയാക്കോട്ടയം
ബേപ്പൂർ, വെട്ട,മൊടേ"കുറുമ്പറ"കളും (1)"ക്ഷീരാടവീനാഥനും"
ചാവക്കാടു, മിടത്തടേ,ത്തടകളും പിന്നെക്കരിങ്ങോടു, മൊ-
ത്തേവംതൽ (2) "കമ്പളാശ്മനായരു"മിരുന്നാരിങ്ങു സംരക്ഷയിൽ

രാജപ്രാഭവമുള്ളകൂട്ടരിവരേക്കൂടാതെ ഭൂദേവരും
നായന്മാരുമനേകമിങ്ങു പടപേടിച്ചെത്തി വാണീലയൊ?
ആയോരേയിവിടുന്നയപ്പതിനപേക്ഷിച്ചിട്ടു വിട്ടീല, തേ
ന്യായം ടിപ്പുവിനിങ്ങുവന്നു പടവെട്ടാനുള്ളതാദ്യംമുതൽ 62

(1) പാലക്കാട്ടുരാജാവു്
(2) കവിളപ്പാറനായർ

നായന്മാരുടെ സേന ചെന്നിതു ദിവാനോടൊത്തു മൈസൂരുമാ-
യായുദ്ധത്തിനു, നേരുതന്നെ പടയീരാജ്യത്തിനായ് ച്ചെയ്തതാം
ഈയുദ്ധങ്ങൾക്കു ജയിച്ചെടുത്തവകയിൽ പങ്കൊന്നു കിട്ടേണ്ടയോ?
ന്യായത്താൽ മലയാളരാജ്യമിവിടെച്ചേരേണ്ടതോർത്തീടുകിൽ 63

എന്നിട്ടെന്തുവരുന്നു?ടിപ്പുവിനിയും കുന്നായ്മവിട്ടില്ല, നാം
മുന്നേ വാങ്ങിയതാം പറൂരുമുതലാത്താലൂക്കു മൂന്നന്നവൻ
തന്നാൽ കുമ്പിനിയാക്കു ദത്തധരണീഭാഗത്തിലാക്കീടിനാ-
നെന്നാലായതു നേരറിഞ്ഞു തിരികെത്തന്നു മഹാകുമ്പിനി. 64

പോകട്ടേ കഥ പറകവേണ്ട;യിനിയും മൈസൂരിലേപ്പോരിനായ്
പ്പോകാൻ സംഗതി വഞ്ചിനാടതിനു നാം ചെയ്യേണ്ടതല്ലോ വ്യയം
ഹാ! കഷ്ടം! പുനരേഴരണ്ടതികയും ലക്ഷംവരാം രൂപ്യകം
നൽകീ കൂടുതലായ്പ്പറഞ്ഞതു തടുക്കപ്പെട്ടു മേലാവിനാൽ 65

വേണ്ടപ്പോൾ തുണ ചെയ്തിടാതെയിവിടെപ്പാർത്തോരു പട്ടാളമേ
വേണ്ടാ, കൂടുതലായ്പ്പണം ചെലവുചെയ്യാവല്ലയെന്നിങ്ങനെ
വീണ്ടുംവീണ്ടുമെഴുത്തയച്ചതു ഫലിച്ചില്ലെന്നുമല്ലപ്പൊഴേ-
യ്ക്കുണ്ടാക്കീ നവമാമുടമ്പടി സമാധാനത്തിനാധാരമായ്. 66

ഇൻഡ്യാസാമ്രാജ്യസൃഷ്ടിപ്പെരുമ തിര-
ളുമീസ്റ്റിൻഡ്യാക്കമ്പനിക്കാ
ക്കുണ്ടോ ശക്തിക്ഷയം? നാമവരുടെ ത-
ണലിൽ ശത്രുതാപം വരാതേ
മിണ്ടാതേ കണ്ടിരിപ്പാൻ കരുതി വിരു-
തനാം മന്ത്രി; ധർമ്മിഷ്ഠഭൂപ
നുണ്ടോ മറെറാന്നുപക്ഷം? പ്രജകളുടെ
സമാധാനസൌഖ്യങ്ങളെന്യേ 67

ഉടമ്പടി.

ശ്രീവഞ്ചിക്ഷോണി,യേതെങ്കിലുമൊരു
ബലവാനാക്രമിക്കുന്നതായാ-
ലാവശ്യപ്പെട്ട സൈന്യത്തൊടുമവരെ വൃഥാ
കുമ്പിനിക്കാരൊഴിക്കും

കാവൽകാരായി രാജ്യത്തവരുടെ വകയായ്
മൂന്നു പട്ടാളമുണ്ടാം
ദ്രവ്യം നൽകേണ്ടതത്രേ നരപതി ചെല-
വിന്നാണ്ടുതോറും ക്രമത്തിൽ. 68

യൂറോപ്യാവനിപാലരോട്ട,മതുപോലിൻഡ്യായിലെപ്പാൎത്ഥിവ
ന്മാരോടും, വിപരീതമായ് പ്രഥമമായ് ദ്രോഹം മുളപ്പിക്കൊലാ
ആരോടെങ്കിലുമുള്ളതക്ക്വിവരം കേൾപ്പിക്കുകിൽക്കമ്പെനി-
ക്കാരേറ്റേറ്റു തീൎത്തുകൊള്ളുമിരുകക്ഷിക്കും പിണക്കംവിനാ. 69

യൂറോപ്യൻജാതിയേതാ,ംഗലനൃപതിയൊടോ കമ്പനിക്കാരുമായോ
പോരാട്ടം?താദൃശന്മാൎക്കൊരുവനുമരചന്നുള്ള ഭൂചക്രവാളേ
കേറിപ്പാറാനിടം നൾകരുതു; കരുതണം യുദ്ധമില്ലാത്തനാളും
യൂറോപ്യക്കാൎക്കുപോലും നൃവരധരണിയിൽ പാൎപ്പിടം നൾകിടൊല്ല.

യുദ്ധാവശ്യം വരുമ്പോൾ നരപതി നിജ സൈ-
ന്യങ്ങളേക്കമ്പെനിക്കു
ള്ളാധ്യക്ഷത്തിൽ കൊടുക്കേണ്ടതു മധുരവരെ-
പ്പാണ്ടിദേശത്തിലേക്കും
പ്രത്യേകം കുന്നലക്കോനുടെ പുരിവരെയും
പോകുവാൻ; കമ്പനിക്കാ-
രത്രേ ചെയ്യേണ്ടതെന്നാൽ ചിലവുകളിതിലേ-
യ്ക്കുള്ളതെല്ലാം വിതക്കം 71

ഈയരാജ്യത്തുള്ള ചട്ടം, ഭരണമുറ,യിവക്കൊന്നിനും കമ്പിനിക്കാർ
വൈരുധ്യം കാട്ടുകില്ലാ നൃപനുടെ ഭരണത്തിന്റെ കാൎയ്യത്തിലൊന്നു
നേരിട്ടേതും പ്രവൎത്തിപ്പതിനുമിടപെടാൻ കൂടിയും കാൎയ്യമില്ലാ
വേറിട്ടൊന്നുള്ളകാൎയ്യം, കരമുളകുകൊടുക്കേണ്ടതേപ്പററിമാത്രം 72

പതിനാലാം സർഗ്ഗം.

ഭരണപരിഷ്കാരം.

സംസ്ഥാപിച്ചു, സകല രിപുവിലുംനിന്നു സംരക്ഷ,യേവം
സംസ്ഥാനത്തിൽ പുതിയതരപരിഷ്കാരകാര്യ്യംതുടങ്ങി
വിസ്താരത്തിൽ, ജനതയുടെ ഗുണത്തിന്നടിസ്ഥാനമിട്ടു
സ്വാസ്ഥ്യാത്മാവായ് സുചിരമവനിയേക്കാത്ത സൽകീർത്തിധാമാ 1

അന്നാളാലപ്പുഴ,യൊരുവിജനം, വെൺമണൽകാടുതന്നേ-
യെന്നാലിപ്പോൾ വലിയ തുറമുഖപ്പട്ടണം നാട്ടിനെല്ലാം
മുന്നേതന്നേ, കടലിനുടെതടം, മിക്കതും നോക്കിയല്ലോ
മന്നോർമന്നനുടയ സചിവനിപ്പട്ടണം സൃഷ്ടിചെയ്തു. 2

കച്ചിക്കാരിൽ പലരുമതുവിധം സിന്ധുദേശത്തുകാരും
കച്ചോടത്തിന്നിവിടെ വരുവതിന്നുള്ളൊരേർപ്പാടുചെയ്തു
പിച്ചക്കാരല്ലവരതിധനികന്മാര,തല്ലോ തുറയ്ക്കീ-
മെച്ചംകിട്ടി; വലിയവലിയ വാണിജ്യമുണ്ടാകമൂലം 3

ആനക്കൊമ്പും, മെഴുകു, മുളകു, കച്ചോല,മേലം,ലവംഗം,
തേനും,മററും പലവക വിലകിട്ടുന്നതാം സാധനങ്ങൾ
നാനാഭാഗത്തരചനുടയ ഭൂമണ്ഡലത്തുള്ളതെല്ലാം
കാണാമൊന്നിച്ചിവിടെ വിപണിയിൽ ശേഖരിച്ചാജ്ഞമൂലം. 4

വള്ളത്തിന്മേലവ പല വഴിയിൽ കൂടിയിങ്ങാപണത്തി-
ന്നുള്ളിൽ ചെല്ലും ലഘുതരമതിനായ് തോടു വെട്ടിച്ചു മന്ത്രി
ഉണ്ടാക്കിച്ചു, നെടുകെ നെടുകെയങ്ങെത്രയോരാജമാർഗ്ഗം
കണ്ടാൽ തോടോടിരുകരകളിലും മത്സരിച്ചെന്നുതോന്നും 5

സർക്കാരിന്നന്നിവിടെ വലിയതായ് മൂന്നു പാക്കപ്പലുണ്ടെ-
ന്നോർക്കുംനേരം പുളകമിളകിടും മന്ത്രിയാരായിരുന്നു!
പില്ക്കാലത്താപ്പടഗതി തുടരാൻ സാധ്യമായെങ്കിലോ, ഭൂ-
ചക്രത്തുങ്കൽ പ്രബലജനതയായ് നാമിരിക്കുന്നതല്ലേ? 6

തെക്കൻദിക്കിൽ കടലിനുടെ കിടപ്പൊത്തിരിക്കും"വിഴിഞ്ഞ-"
ത്തിക്കൂട്ടത്തിൽ പലപലപ്പണിയും ഭംഗിയായ് ചെയ്തിരുന്നു
ഇക്കാലത്തും തുറമുഖമതിനന്നേററിവച്ചോരുമെച്ചം
നില്ക്കുന്നുണ്ടാം ചിലത,തു വിപുലപ്പെട്ട നാമെന്നു കാണ്മൂ? 7

വ്യാപാരത്തിൽ ജനതതി ധനമാർജ്ജിക്കവേ കൈത്തൊഴിൽകാർ
വ്യാപിക്കേണ്ടുന്നതിലുമുപരിയായ് ദൃഷ്ടിവച്ചു ദിവാൻജി
ഔപമ്യംവിട്ടഹഹ ബഹുതരം പട്ടുനൂൽനെയ്ത്തുമൂലം
പ്രാപിച്ചില്ലേ വിലയിടിവുവരാത്തുള്ള സൽകീർത്തി കോട്ടാർ? 8

തീർപ്പിച്ചു"പൂന്തുറ," തുറമുഖമായാ"കൊളച്ചൽ"പ്രദേശം;
പാർപ്പിച്ചു, മുക്കുവരെ വളരെയിരണ്ടിടത്തും നിരക്കെ
തീർപ്പിച്ചു ഭൂനികുതി "നിലവരി"പ്പേരൊടേ; രാജകോശം
വീർപ്പിച്ചു ദുഷ്കരതരകരമൊന്നേൽപ്പെടുത്താതെതന്നെ. 9

അക്കാലത്തിൽ, ധനിയൊരു "തരകൻ മാത്തുവേ,"കുത്തകയ്ക്കാ-
യാക്കിക്കൊണ്ടിട്ടിവിടെ വിലപിടിക്കുന്നവൃക്ഷങ്ങൾവെട്ടി
വില്ക്കാനാലപ്പുഴയിലധികമായ് ശേഖരിപ്പിച്ചിരുന്നു
നോക്കാത്തുണ്ടോ വലിയ മുതലെടുപ്പുള്ള മാർഗ്ഗങ്ങൾമററും? 10

കോട്ടയ്ക്കെല്ലാം പുനരപിബലമാം വേലചെയ്യിച്ചുപിന്നെ-
ക്കൊട്ടാരത്തിൻ പണികളുമധികം ചെയ്തുവേണ്ടുംവിധത്തിൽ
കെട്ടപ്പെട്ടു കരമനനദിയിൽ കല്ലുകൊണ്ടുള്ളപാലം
വെട്ടപ്പെട്ടു പലവഴി,യതുപോൽ തോടൊടുല്ക്കർഷമാർഗ്ഗം 11

സ്യാനന്ദൂരം, നരവരനഗരം ശ്രീനിവാസാഭിരാമം
കാണുന്നേരം കലിമലമകലെപ്പോക്കുമാപ്പുണ്യതീർത്ഥം
ആനന്ദത്തിൻനിലയനമതിലിക്കാണുമൈശ്വര്യമെല്ലാം
താനേവന്നു, വിളവിനു സദൃശം വിത്തുതന്നിട്ടുമൂലം 12

സ്വർണ്ണംപൂശീ ഗരുഡരഥനികേതത്തിലേക്ഷേത്രദണ്ഡേ
ജീർണ്ണക്ഷേത്രം ജനഹിതകരനാം പാർത്ഥിവൻ പുത്തനാക്കി
എന്നല്ലന്നാ വിബുധപരിവൃഢപ്രൌഢമാം വാഹനം ഭൂ-
വിണ്ണോർനാഥൻ വലിയ ചെലവുചെയ്തിട്ടുമുണ്ടാക്കിവച്ചു 13

അൻപോലും ഭ്രമണകരുണയാ ചാലവേ തത്ര“ചാല”
ക്കമ്പോളത്തേ നടയുടെയിരുഭാഗത്തുമായിത്തുറന്നു
മുൻപാരേവം കരുതി വിരുതരാം വത്തകന്മാർ നിറയ്ക്കും
സംഭാരത്താൽ സതതമതു ജനാകർഷണംചെയ്യുവന്നു. 14

പൊന്നൊന്നൊന്നേന്ന്യേ വിലനിലയിലിരിക്കുന്നതായില്ല ലോഹം
ധന്യംതന്നേ നൃപതികളതിലാ നാണയം തീർത്തുവിട്ടാൽ
അന്നാച്ചിന്നപ്പണമരിയവരാഹാദിയുണ്ടാക്കിവിട്ടു
മന്നോർമന്നൻ പുനരപി രജതംകൊണ്ടുമുണ്ടാക്കി ചക്രം. 15

വൈകുണ്ഠൻതൻ, വലതുകരലസച്ഛംഖുതന്നങ്കമേകം-
ബ്ഭാഗത്തുങ്കൽ ഗുണനിധിനൃവരച്ഛായമറേപ്പുറത്തും
ആകംമട്ടിൽ ചിലലത,ലിപിയും, കൊത്തിയെന്നൊന്നുകാണാ-
റാകും നമ്മൾക്കരിയ തിരുവിതാംകൂറിലേപ്പൊൻപണങ്ങൾ? 16

പോരാട്ടത്തിൽ, പലപലവിജയംകൊണ്ടു മാർത്താണ്ഡവർമ്മാ,
വീരാജ്യത്തേയതിവിപുലതയിൽ കൊണ്ടുവന്നു യഥാർത്ഥം
ആ രാജാവോ, ചെറിയ ചെറിയ രാജാക്കളോടായിരുന്നു
നേരിട്ടിട്ടുള്ളതു; കുറുനരിയോടേററ കൊമ്പൻകണക്കെ 17

ശത്രുക്കൾക്കും കറവു നെറിവിലുണ്ടായിരുന്നില്ല; റിപ്പു-
സ്സുൽത്താനാരാപ്പടകളുടെ മഹാശക്തിയെന്തോന്നുരപ്പൂ?
ഇത്രത്തോളം വലിയപടനടത്തിച്ചതും കുമ്പിനിക്കാ-
രൊത്താസ്സന്ധിക്കിടയിലിടരകപ്പെട്ടതും ഗണ്യമല്ലോ. 18

നേരംപോക്കാൽ ചിരിയിളകി യഥാശപാസകോപംവരുത്തും
സാരസ്യത്താൽ സകലജനമനസ്സുല്ലസിപ്പിച്ചുകൊള്ളും
സാരജ്ഞാഗ്ര്യൻ കവികുലതിലകൻ നമ്പിയാർ തമ്പുരാൻതൻ
കാരുണ്യത്തിൻ കുളിരിലിളകവേ തുള്ളലുണ്ടായതത്രേ. 19

സാലംകാരം സരസസരസമായക്ഷരപ്പൂക്കളെന്ത-
ത്തോളം കോർക്കും കഥകളിരസികൻ മാലപോൽ തീർത്തവിടാൻ
കാലംകൊണ്ടിക്കവികുലമകുടക്കല്ലിനേക്കണ്ടുകൂപ്പും
ശീലംകൊണ്ടേ,നിജ നില കഴകത്താക്കിയുണ്ണായിവാര്യർ 20

ഓരോക്രൂട്ടം വിഷമത ദിവസംതോറുമുണ്ടായൊരാബ്ഭ്ര-
ഭാരക്ലേശം വലിയപടകളാലുള്ളചേതോദ്ധികാരം
സൈ്വരക്കേടീവക പലതുമിരുന്നിട്ടുമുണ്ടാക്കി ധീമാ-
നീരാജേന്ദ്രൻ കഥകളിവളരെശ്ശോഭനം ശ്ലോകമൂർത്തി 21

ഈരാജ്യത്തേ നരപതിപദമാന്നിപ്രകാരം പ്രശസ്ത-
ന്മാരായിട്ടില്ലിതരരതുവിധം ചെയ്ത ഗംഭീരകാര്യം
കാരുണ്യത്താൽ പ്രജകളുടെപിതാവെന്ന വിഖ്യാതിനേടി
സാരസ്യത്താൽ സകല കവിയെയും കൊമ്പു കുത്തിച്ചിരുന്നു. 22

ധർമ്മിഷ്ഠന്മാർക്കണിമകുടലസൻ മുക്തമായ് മുക്തിമാർഗ്ഗം
നിർമ്മിച്ചീടും നരപതിജരയാ ലല്പമാക്രാന്തനായി
നൈർമ്മല്യത്താൽ സ്ഫടികസദൃശമാം ചിത്തപീഠേ പ്രതിഷ്ഠാ
കർമ്മംചെയ്താപ്ഫണിപതിശയനൻതന്നെ വന്ദിച്ചിരുന്നു. 23

ദുർന്നിമിത്തങ്ങൾ.

ഓജസ്സേറും നൃപനൊടുഭയമാർന്നെന്നപോലേ "ഫലട"ത്തിൽ
തേജസ്സേറും ദിനകരഭഗവാൻ കഷ്ടമേ ചെന്നൊളിച്ചു
രാജിക്കുന്നു കിമപി വിളറിയാച്ചന്ദ്രലേഖാ, പ്രഭാതെ
യോജിക്കുന്നു ജലതുഹിനസംസർഗ്ഗിയാം മാരുതനും. 24

ക്ഷീണൻതന്നോ രജനിയുടെ വിരാമത്തിലാരാജനെന്നാൽ
കാണാനെന്തി ദ്വിജരൊടുമൊരുമിച്ചത്ര ബാലാർക്കബിംബം?
ശ്വാനന്മാരെന്തഹഹ വദനവും പൊക്കിനില്ക്കുന്നുമോങ്ങി?
ക്ഷോണീഭാഗം മലിനമിനിയുമി വാസരം ധൂസരംതാൻ 25

ക്രുത്താടുന്നു കുറുനരിനിരയാർപ്പുന്നഹോ രാജമാർഗ്ഗേ
പാർത്തട്ടപ്പോളിളകിമറിയുമോ യെന്നുതോന്നിത്തുടങ്ങി
എത്തീടുന്നു നിരവധിപുരുഷാരം മഹാരാജഗേഹം
പാർത്തിന്നാവാം ശിവ! ശിവ! ശിവരാത്രിവ്രതം തീവ്രകാലം. 26

മാലോകർക്കിന്നൊടു സുഖകരമാം നാളുപോയ്താപമേറും
കാലംവന്നാൽ കഴിയുവതിനു ശീലിക്കുവാനെന്നപോലെ
കാലത്തേതൊട്ടിവിടെയിനി നിരാഹാരരായിട്ടുറക്കം
പോലുംവിട്ടീ നരപതിസദനേ വന്നുചേരുന്നു ലോകം. 27

മ്ലാനംതന്നേ സകലവദനവും കഷ്ടമെന്തിപ്രകാരം
മൌനം തെക്കേത്തെരുവിലെ വിടെയും കാററുപോലും നിലച്ചു
കാണാമപ്പോളുപരിഗതിതടഞ്ഞെന്നപോലക്കബിംബം
താനേനില്ക്കുന്നതു നിജമുഖവും താപസങ്കീർണ്ണമാക്കി. 28

നാട്ടുനീക്കം.

ധ്യാനിക്കുന്നോ ദൃഢതരമരചൻ കണ്ണടച്ചിപ്രകാരം
കാണിക്കുന്നില്ലൊരു ചെറുചലനംപോലുമാമെയ്യിലെങ്ങും
ആ നൈർമ്മല്യപ്പൊലിമ തിരുമുഖംവിട്ടുമാറില, പക്ഷേ
പ്രാണങ്ങൾക്കാസ്സുകൃതനിധി കൊട്ടത്തീടിനാൻ നിത്യശാന്തി. 29

മണ്ണുംവാരിത്തലയിലിട്ടവൻ കേശവൻമന്ത്രി, വാക്കും
കണ്ണീർകൊണ്ടേ കഴുകിയമുഖമാ പ്രാകൃതാവസ്ഥകാട്ടി
എണ്ണിപ്പാടിക്കരയുവതിനിടയ്ക്കൊക്കെ നെഞ്ചത്തടിച്ചും
വന്നെത്തുന്നു ശിവ! ശിവ! ജനമധ്യത്തിലാക്കിന്നതോക്കാം! 30

കേറിപ്പോയീ കടലിവിടെയുടൻതന്നെയെന്നോർത്തുപോകും-
മാറിൽ പിന്നെജ്ജനമലമുറയിട്ടുള്ള ദീനാരവത്താൽ
ഈരാജ്യത്തെസ്സകലജനവുമീസ്സങ്കടാവസ്ഥ കണ്ണീർ
തോരാതേകണ്ടതുലമനുഭവിച്ചീടിനാർ നാടടക്കം. 31

പുണ്യാത്മാവാം നരപതിയധികം പ്രായമായിട്ടുമാത്രം
വിണ്ണിൽപോയാനമരണമൊരുവന്നുഴിവാഴാവതാണോ?
എന്നാൽപിന്നെ സ്ഥിരതരമിവിടെച്ചെയ്ത സല്ക്കർമ്മധർമ്മാ
നിന്നെന്നേയ്ക്കും നൃപതി നിജ യശോരൂപനായ്വാണുകൊള്ളും. 32

൧൬-ാം സർഗ്ഗം.

ബാലരാമവർമ്മ.

ആരംഭിച്ചൂ തദനുഭരണം "ബാലരാമൻ" വയസ്സ-
ന്നാറും പത്തും തികയുമളവിൽ പാർത്ഥിവൻ ശക്തിഹീനൻ
പോരും പോരും നരപതിദിവാനില്ലയോ രാജ്യരക്ഷാ-
ഭാരം പണ്ടേ ചുണയൊടു നടത്തുന്നവൻ ധന്യശീലൻ. 1

ശാസ്ത്രജ്ഞാനം പരിചയദൃഢം യാതൊരുത്തന്നു കിട്ടാ–
മിത്രത്തോളം? മതി മതി മഹാൻമന്ത്രി സന്ദേഹമില്ല.
ശത്രുക്ഷോഭം പെരുകിയവരാൽ ഗ്രസ്തനാമെന്നുകണ്ടാൻ
ശസ്ത്രംതന്നേ നിജ കരഗതം മന്ത്രി,മാനിക്ക നൂനം. 2

ബാലൻഭൂപൻ, മധുരതരമാ മാവയസ്സിന്നിണങ്ങും
ലീലാലോലൻ, ഗുരുതരധരാഭാര കാര്യാപ്രഗൽഭൻ
കാലക്കേടിൻ കരുമുനകളാൽ പമ്പരത്തിന്നുചേരും
കോലായ്ത്തീർന്നു കുടിലതരരാം കൂട്ടകാക്കന്നു കയ്യിൽ. 3

സേവന്മാരായ് സവിധമണയും കൂട്ടരഷ്ഷിക്ക മുട്ടാ–
താവാൻ നോക്കിപ്പദവികളിലത്യാത്തിവനിട്ടപിന്നെ
പൂവിന്നുള്ളിൽ കയറി മധുപൻചെയ്യിട്ടുമ്പോൾ കരണ്ടി-
ട്ടാവശ്യംപോലരചഹൃദയം കയ്യിലാക്കിത്തുടങ്ങി. 4

ആക്കായാലും മധുരവചനം കേൾക്കവാനിഷ്ടമാ,മാ–
വാക്കോ, കേൾക്കന്നവരുടെ ഹിതം നോക്കിയായാൽ ജയിച്ചു
ലാക്കുംനോക്കിച്ചില വെടി ചെവിക്കാക്കണെക്കിന്നടിച്ചാ–
ലാക്കംകെട്ടാ നൃപഹൃദയവും കയ്യിലാം തക്കമില്ല. 5

ഓരോദോഷം നൃപനിലധികം ഭക്തരായ് സത്യമായി
ക്കാര്യം നോക്കും പുരുഷരുടെമേൽ നേരുകേടായ്ചുമത്തി
സൈരക്കേടായവരൊഴിയുവാൻ തക്കപോലാക്കിവയ്ക്കും
പ്രേരിപ്പിക്കും നൃപനെയപഥേ സഞ്ചരിക്കുന്നതിന്നും. 6

കാര്യാകാര്യത്തിരിവൊട്ടു സദാ നീതിമാർഗ്ഗത്തെമാത്രം
ധൈര്യത്തോടേ കരുതിയടിതെററാതെ നിസ്സ്വാത്ഥരായി
കാര്യംമാത്രം നയമൊടറിവിക്കുന്ന നിഷ്കൃഷ്ടയോടും
ധൈര്യത്തോടും സചിവരരചൻതന്റെ മേന്മയ്ക്കുവേണ്ടി. 7

ഈലോകത്തും, നൃപതി പരലോകത്തു,മുൽകൃഷ്ടനാവാ–
നാലോചിക്കും പെരിയഗുണവാനായിരിക്കുന്നമന്ത്രി
മാലോകൎക്കും നൃപനുമൊരുപോൽ ഭക്തിവാത്സല്യമെല്ലാ-
ക്കാലത്തേയ്ക്കും ദൃഢതരമുദിപ്പിക്കുവാൻ വേലചെയ്യും. 8

നാട്ടാരോടോ, നരപതിയൊടോ, ക്രൂരകൂടാതെ ലാഭം
കിട്ടാൻമാത്രം സചിവപദമേറെറങ്കിലും സാരമില്ല
കൂട്ടായ്ക്കൂടി ക്കറിനമരികൾക്കിഷ്ട സാധ്യംവരുത്തി
ക്കൂട്ടിക്കൊൾവാൻ കരുതുമവനേ ദുഷ്ടരിൽ ദുഷ്ടമന്ത്രി. 9

ആരാകുന്നു ധരണിയിതിനേ ക്രൂരരാം വൈരിസൈന്യം
കേറാതാക്കിപ്പരിചൊടു പരിഷ്കാരമുണ്ടാക്കിവന്നോൻ.
ആ രാജശ്രീനിരുപമദിവാൻ തമ്പുരാനേയുണർത്തി-
ച്ചോരോകാര്യം ശിവ!ശിവ! നടത്താവതല്ലാതെയായീ. 10

കോഴിക്കോടൻ വരവൊരുചരക്കെന്തു ചൊല്ലേണ്ടു!കണ്ടാ-
ലൂഴിദേവൻ, കുമതി ചതുരംഗത്തിലേതാണ്ടറിഞ്ഞോൻ
പാഴാകുന്നു നൃവരസമയം സേവകന്മാരിലഗ്ര്യൻ
കോഴയ്ക്കായിക്കരമെവിടെയും നീട്ടുമാ ദുഷ്ടബുദ്ധി. 11

തോട്ടപ്പായഭിജ,നൊരു സഖാവെത്തിയിട്ടുണ്ടു,കേൾക്കാ-
മട്ടിപ്പേറിൻതുകയുടെ കണക്കെത്രയും ഗൂഢമായി-
കിട്ടിപ്പോയീ വലിയതുകയൊ;ന്നെന്തു വിൽക്കുന്നതിന്നീ
മട്ടിപ്പോഴീക്കുസൃതി തുനിയുന്നെന്നു കാണേണ്ടതത്രേ. 12

എന്തെന്തിപ്പോൾ പടയെവിടെ?യാസ്സാദിസൈന്യത്തൊടൊപ്പം
മന്ത്രിശ്രേഷ്ഠൻ കുതിരകയറിപ്പാഞ്ഞിരിക്കുന്നു രാത്രി
അന്തസ്സാംപം കളക, പരവൂരുട്ടിലുണ്ടൊരുവിപ്രൻ
കുന്തക്കാരാലവിടെ വളയപ്പെട്ടു പെട്ടെന്നുതന്നെ. 13

ആനീതൻ, ഭൂസുരനരശിലയ്ക്കൊപ്പമപ്പോൾ വിറച്ചു
ദീനാരാവത്തൊടു കുടയിലേയോലയല്പം പൊളിച്ചു
ഊനത്തിൽ കൈവിറയൊടുമിടും ബ്രാഹ്മണാകർഷണത്താൽ
കാണാമപ്പോൾ ചതുരമലയാളാക്ഷരത്തോടൊരോല. 14

കണ്ണീരോടും സചിവനതിനെക്കണ്ണിൽവയ്ക്കുന്നു,ഭ്രമീ-
വിണ്ണോൻ പൊയ്യ്ക്കൾവതിനനുവദിക്കുന്നു, ശാന്തസ്വഭാവൻ
പിന്നെപ്പത്രം മുഴവനുമവൻ നോക്കി, മാടക്ഷിതീശ-
നൊന്നേകും ചേർത്തില മുഴവനേ വിട്ടു നീട്ടായിരുന്നു. 15

ആ നീട്ടുംകൊണ്ടരചസവിധേ ചെന്നു കണ്ണീരൊഴുക്കി
ത്താണത്ഥിച്ചാൻ കദനകരമീ നീട്ടിനേ റദ്ദുചെയ്യാൻ
മാനക്കേടോൽ ദ്വിജനു പരുഷം, തമ്പുരാനിച്ഛ്,യാക്കാ-
യാണോ ചെയ്യാൻ പണിയിതു പരം സാഹസപ്പെട്ട മന്ത്രി? 16

അല്ലല്ലാരാ? ത്രിദിവഗതനാം ധമ്മരാജൻെറ പച്ച
പ്പല്ലക്കിന്മേൽ കയറിയെഴുനെള്ളുന്നതെന്നുള്ളകോപം
ഇല്ലാതാക്കീ സചിവനു; ഖിറച്ചന്തണൻ ശോണമായി
ട്ടുള്ളാക്കയ്യാൽ തൊഴുതു പിഴചെയ്യീടവേ നമ്രശീഷൻ. 17

ചാണക്യൻപോൽ കുടിലഹൃദയൻ ശങ്കരൻ ഭൂമിദേവൻ
കാണിച്ചോരാ ക്കപടതരമാം കൌശലംകൊണ്ടുതന്നെ
ക്ഷോണീനാഥൻ നിജ സചിവനേ നീക്കി നിർബ്ബന്ധപൂവ്വം
നാണീയസ്സാമവമതി കിരീടത്തിനും ചേത്തു കഷ്ടം. 18

ബാല്യംതൊട്ടേ പണിപലതിലും വ്യഗ്രനായുഗ്രയുദ്ധേ
കൊല്ലിച്ചല്ലോ പലരെയിനിയീമട്ട നട്ടംതിരിഞ്ഞാൽ
ഇല്ലാതാകും പരഗതി യതോത്താപ്പരീക്ഷിത്തിനേപ്പോൽ
സ്വർല്ലോകാത്ഥം സുചരിതനിരുന്നീടിനാൻ കേശവാഖ്യൻ 79

ഏകാന്തത്തിൽ ചിലദിനമിരുന്നീടവേ,ഗ്രദ്ധമായി
കാകോളത്തേ കഠിനഹൃദയന്മാരശിപ്പിച്ചുപോലും
ആകട്ടേ,ചിൽ പുരുഷഭജനം ചെയ്യുവോനെന്തു?വേഗം
വൈകുണ്ഠത്തിൽപരമപദമാന്നീടിനാനാടലെന്യേ 20

വേണാടേ! നിൻനിലയനമണിത്തൂണിടിഞ്ഞു;സ്വകാര്യം
കാണാനായിപ്പലരുമറയിൽ കേറി നിന്നെക്കെടുത്തും
ആണായിട്ടേതൊരുവനിതുപോൽ നിൻെറ മാനത്തിനായി
പ്രാണൻതന്നോ പണയമെഴുതും? പാഴിലീനിൻെറ ജന്മം 21

ഉൗട്ടിൽക്കേറി പ്രഥമനൊടുമാപ്പപ്പടത്തോടുമങ്കം
വെട്ടിശ്ശീലിച്ചവനു ദളവാപ്പട്ടമായിക്കഴിഞ്ഞു
കൂട്ടായ്ചേർന്നു തരകനൊരുവൻ ചെട്ടിയാരും ത്രിമൂത്തി
പ്പെട്ടു ദുഷ്ടപ്പരിഷയിനിയി നാട്ടിലാക്കുള്ളു രക്ഷ? 22

നംപൂരിക്കെന്തിവിടെ? ജനമൊന്നുച്ഛ്വസിച്ചാൽ കിടയ്ക്കും
സമ്പാദ്യത്തോട്ടടനെ വെളിയിൽ ചാടിയാൽ തിന്നു നാണം
നിൻപേരെന്തേ മലിനതരമാം തോലിട്ടും കീർത്തിദോഷ
ത്തമ്പേറാക്കിക്കളയുവതയേ! തക്കലച്ചെട്ടിയാരേ! 23

അല്ലേ! മാത്തുത്തരക! ധനികന്മാർക്കു ദുഷ്കീർത്തിവന്നാൽ
കൊള്ളാമെന്നോ കരുതലിതിനേ വില്ക്കുവാനേതു ചന്ത?
കൊള്ളയ്ക്കായിച്ചിലരുവരികിൽത്തന്നെയും പംകുവാങ്ങി-
ക്കൊള്ളാം വീതിച്ചതിലുമൊരുപോലുള്ളതെന്നോ വിചാരം 24

നാട്ടാരെല്ലാമിവരു പറയുംമട്ടു പെട്ടെന്നുതന്നേ
കെട്ടേണംപോൽ പണമതിലൊഴിഞ്ഞാക്കുമേ നിന്നുകൂടാ
മുട്ടാളന്മാരൊഴിവുപറയുന്നോർക്കു മുക്കാലിയിന്മേൽ
കെട്ടിക്കൊണ്ടിട്ടടി മുതുകിനിട്ടേട്ടു പത്താഞ്ഞുതട്ടും 25

കൊട്ടാരത്തിൽ കടനമിതുചെന്നാന്നു കേൾപ്പിക്കയേ,ബിം-
ബിഷ്ഠം;കേട്ടാൽ കഴിവതിനുടൻ കിട്ടുവാനും ഞെരുക്കം
കഷ്ടപ്പെട്ടു ജനമിതുവിധം പക്ഷമൊന്നിന്നിടയ്ക്കോ
കിട്ടിപ്പോയീ പണമധിക;മെന്നിട്ടലംഭാവമുണ്ടോ? 26

ആണത്തത്തിൻ വിളനിലമഹോ നാഞ്ചനാടാം,സ്ഥലത്തിൽ
കാണപ്പെട്ടു തലവരുകുളംതമ്പി വേലായുധാഖ്യൻ
വേണം മൂവായിരമുടനത്തും രൂപയായല്ലയെങ്കിൽ
കാണിക്കേണം പുറമടിയുടൻ കിട്ടുമെന്നോങ്ങി ചൂരൽ 27

മേടിച്ചീടാം പ്രഹരമിതു;"നാലു മൂന്നിലേ തന്നുതീർക്കാൻ
കൂട്ടു","വെന്നാൽ മതി"യൊരു കരാറിപ്പൊഴേയൊപ്പിടേണം"
മേടിച്ചോലത്തലയിലെഴുതി തമ്പി, നമ്പൂരി വാങ്ങി
പേടിക്കാനെന്തു?വധികഴിവാൻ പാർത്തു ദുർമ്മൂർത്തിമൂന്നും 28

പത്തായല്ലോ ദിവസമിനിയും തമ്പി രൂപായുമായി-
ട്ടെത്താനല്ലോ ലഹളയുടനേ ഭാവമുണ്ടെന്നുകേട്ടു
അത്യുത്സാഹം പലതു, ദളവാ, തമ്പിയേ ബന്ധനത്തിൽ
സിദ്ധിക്കാൻചെയ്യുതു വിഫലമായ്ക്കണ്ടു ചെയ്തു പരസ്യം 29

കാണാമപ്പോളനവധിജനം കൂട്ടമായ് തമ്പിയോടും
സ്യാനന്ദൂരംപുരിയുടെ കിഴക്കെത്തി കോട്ടയ്ക്കൂട്ടക്കൽ
ക്ഷോണീനാഥൻ വിവരമറികെസ്സംഭ്രമിച്ചു "തരാമെ-
ന്താണെന്നാലും കലശലരുതെന്നേകി * "സന്ദേശ"മാർദ്രം 30

ശ്രീമൻ! വഞ്ചിക്ഷിതിവര! ദയാവാരിധേ! പാരിലെങ്ങും
സാമാന്യത്തിൽ കവിയുമഴലിൽപ്പെട്ടു നാട്ടാരശേഷം
ആമട്ടെല്ലാം തിരുവടിമലക്കപ്പണം ചെയ്തു നാട്ടിൽ
ക്ഷേമത്തിന്നായ് കനിയണമതിന്നത്ഥനയ്ക്കാഗമിച്ചു. 31

അന്യായത്തിൻതികവു! ലവണം കുത്തകക്കാരനിഷ്ടം
തോന്നുംവണ്ണം വിലയിട്ടുകയാൽ കിട്ടുകില്ലെന്നുവന്നു
എന്നാൽ പോരാ ജനമരയി;ലേലസ്സിലെങ്ങാനൊളിച്ചോ-
യെന്നുംക്രുടിക്കറിനനവനന്വേഷണം ചെയ്തിടുന്നു 32

ചോദിക്കുമ്പോൾ പണമതുടനേ കെട്ടിവയ്ക്കാതിരുന്നാൽ
ഭേദിപ്പിക്കും മുതുകുമുഴവൻ വേത്രദണ്ഡാഭിഘാതം
ബോധിപ്പിക്കാനരുതു ദളവാ ചെട്ടി നമ്പ്രാണിബാധ-
യ്ക്കീടിക്കായി വലിയ വിളയാട്ടത്തിനുള്ളോരു രംഗം. 33

പൂണൂൽകാരൻ തിരികെയിനിയും കാലുകുത്താതെ വേഗം
വേണാട്ടിന്നപ്പുറമതിരുവിട്ടോട്ടവാനാജ്ഞവേണം
നാണച്ചെട്ടിത്തരകരുടെ കാതി,ജ്ജനാത്തസ്വരംകേ-
ട്ടാനന്ദിച്ചു; മതിയതു മുറിച്ചിട്ടുതച്ചേ വിടാവൂ 34

എന്നല്ലപ്പിൻനികുതി കുറവാക്കീടണം മൂന്നയംകൊ-
ണ്ടിന്നാട്ടാരേപ്പൊറുതികെട്ടുമാറാക്കൊലാ മുഷ്കരത്താൽ
എന്നൊക്കേയും വിനയമസൃണം തമ്പി മുമ്പിട്ടുക്കൂട്ടം
സന്ദേശത്തിൻമറുപടി മഹാരാജകർണ്ണത്തിലാക്കി 35

ചുററിക്കൂടിപ്പുളയുമുരഗാശ്ലേഷമീയോഷധിക്കാ-
റേററപ്പൊഴേയ്ക്കിളകി വലയംവിട്ട മാലേയവൃക്ഷം
കുററക്കാരേജ്ജനതതി നിയോഗിച്ച കോർട്ടിന്നു ഞായ-
ത്തെററില്ലാതെ തെളിവുകളോടെ തീർച്ചചെയ്യാനയച്ചു 36

---

* സന്ദേശവൃത്തം.

ഗാണരച്ചെട്ടിക്കുടയഗിരിയിൽകോട്ടയിൽ, കൂട്ടുകാരൻ
സ്യാനന്ദൂരേ,തരകനുമിരിപ്പാക്കി കാരാഗൃഹത്തിൽ
കാണാനില്ലാ ചെവി വിഷധരന്മാക്കതെന്ന്യായമാണോ
വേണാട്ടെങ്ങാനിവരുടെ വിഷജ്വാല തട്ടാതെയുണ്ടോ? 37

കുററക്കാരിൽ കൊടിയവനഹോ ശംകു നമ്പൂരി ശിക്ഷ-
യ്ക്കേററംയോഗ്യൻ ചെറുതിരുവിതാംകോട്ട വിട്ടോടി മൂഢൻ
പററിപ്പോയി ത്രിഗുണിതഗുണം പഞ്ചിന്തുലാക്കഴത്തിൽ
ചുററിക്കണ്ടിട്ടവനെയവമാനിച്ചതേയില്ല നേരെ 38

ഉദ്യോഗത്തിൽ ചുമതലവഹിച്ചോററുകൂട്ടത്തിൽനിന്നും
നിർദ്ദേശിച്ചോർചിലരവിരളം ജോലി നോക്കിത്തുടങ്ങി
ഉദ്യൽകീർത്ത്യാ മുളകുടെമടിശ്ശീല സർവ്വാധികാരം
സദ്യോവാങ്ങീ വളരെ നിപുണൻ തമ്പിവേലായുധാഖ്യൻ. 39

വേലുത്തമ്പിക്കനുമതിലഭിച്ചെത്തിയാലപ്പുഴക്കാ
ക്കാലത്തുജ്ജസ്വലനവിടെയാ ജ്ജോലി നോക്കിത്തുടങ്ങി
നീലൻപിള്ളപ്രഭൃതിയിനിയും രാഷ്ട്രകേതുക്കളേപ്പോൽ
കാലംനോക്കി ക്കപടതയൊടേ രാജതേജസ്സൊതുക്കി. 40

ആക്കോക്കാമാക്കരുമുന ദിവാൻ കേശവൻതൻസഗർഭ്യൻ
തൂക്കപ്പെട്ടു മരുമകനൊടുംകൂടി യത്യുന്നതന്മാർ
പേഷ്കാരല്ലോ മരുമകനിതിൽ സൈന്യനേതൃത്വമഗ്ര്യം
കൈക്കൊണ്ടാനന്നിതരനിവരേ യേഷണിപ്പാമ്പുതൊട്ടു 41

ധർമ്മാത്മാവാം ക്ഷിതിപതി പുരാ കേശവൻ ചെയ്തുവേല
യ്ക്കോർമ്മയ്ക്കായിട്ടിടവക കൊടുത്തീടുവാൻ നീട്ടുനീട്ടി
കർമ്മംസ്വാർത്ഥതര മവനതേത്തള്ളിപിൻഗാമികൾക്കെ-
ന്തിമ്മട്ടല്ലോ നരപതി കൊടുക്കേണ്ട സമ്മാനമയ്യോ! 42

വേലുത്തമ്പിക്കരിയദളവാപ്പട്ടമേകി; യൊരല്പം
കാലംകൊണ്ടിട്ടവനിഹ പരിഷ്കാരമോരോന്നുചെയ്തു
നിളെച്ചുററി സ്വയമവനിയിൽ കള്ളവും കൊള്ളയും കൈ-
ക്കൂലിക്കേറും കഠിനതകളും തീരെനിർത്തിക്കളഞ്ഞു. 43

ചാന്നാനേകന്നുടെ പുരയിടം പേരുമാറിപ്പതിച്ചാ-
നെന്നാരോപിച്ചിതു പകുതിയിൽ പിള്ളയിൽ കുററകൃത്യം
അന്വേഷിക്കെ, ത്തെളിവുജനനീപ്രേരിതൻ പിള്ളയെന്നായ്
വന്നു; പക്ഷേ ജ്ജനനിനികടെപ്പിള്ളതൻ കയ്യരിഞ്ഞു 44

നിർദ്ദാക്ഷിണ്യം കഠിനതരമാം ശിക്ഷചെയ്യുന്നതമ്പി-
ക്കുദ്യോഗത്തിൽ ചുണയൊടഖിലം ചെയ്യുവാൻ ശക്തിവന്നു
ശ്രദ്ധിച്ചെല്ലാത്തുറയുമൊരുപോൽ കണ്ടെഴുത്തുംകഴിച്ചു
വർദ്ധിപ്പിച്ചൂ മുതലു; കടമില്ലെന്നുവന്നു ക്ഷണത്തിൽ 45

കൊല്ലത്തെല്ലോ വലിയപണിചെയ്യിച്ചതാലപ്പുഴയ്ക്കേ-
ന്തെല്ലാമുണ്ടോ മഹിമ,യതുപോലാക്കിനാൻ ശീഘ്രമേവ
എല്ലാടിക്കും പെരുവഴികളും തോടുമായ് സംഘടപ്പി-
ച്ചുല്ലംഘിച്ചൂ ജനതയുടെ സഞ്ചാരസൌകര്യവിഘ്നം. 46

ചെങ്കോട്ടയ്ക്കും വലിയതുറയാകേണ്ട കൊല്ലത്തിനുംമേൽ
ചങ്ങാത്തത്തിന്നിട, പെരുവഴിച്ചങ്ങലക്കെട്ടുതന്നെ.
ശങ്കിക്കാതേ വഴിയതുതുറപ്പിച്ചു ചന്തസ്ഥലത്തേ
യങ്ങിങ്ങായിട്ടനവധി യുറപ്പിച്ചു വാണിജ്യകേന്ദ്രം. 47

“മാഞ്ഞാലി”ച്ചന്തയു,മുപരിയാം “ചങ്ങനാശേരി ’യും പേർ
മാഞ്ഞിടാതേ മഹിത“തലയോലപ്പറമ്പും”തുറന്നു.
പാഞ്ഞെത്തിടും തിരയുടെ നടുക്കുള്ളൊരാപ്പാതിരാത്തോ-
പ്പൂഞ്ഞാലാടിട്ടുളവയുടെ സൽകീർത്തി പാടിത്തുടങ്ങി. 48

എന്നാലാലപ്പുഴയുമതുപോൽ ശേഷസൽഗേഹവും താ-
നന്നാളോക്കാതവിടവിടെയോരോന്നു ചെയ്യുന്നതല്ല
ഒന്നാംക്ലാസിൽ പലപണികളും രണ്ടിടത്തും നടത്തി-
ത്തന്നാലാകുംവിധമതുകളേയുന്നമിപ്പിച്ചു മന്ത്രി. 49

മുന്നം വഞ്ചിക്ഷിതിപതിയുമാക്കമ്പിനിക്കാരുമായി-
ച്ചേർന്നുണ്ടാക്കി പ്രബലതവരും സന്ധിപത്രപ്രകാരം
സൈന്യത്തിന്നാച്ചെലവുവകയിൽ ചെല്ലവേണ്ടുംപണത്തി-
ന്നൊന്നാവശ്യപ്പെട്ടുമുടനതും കെട്ടിവയ്ക്കേണ്ടതല്ലോ. 50

പട്ടാളക്കാരിവിടെ വളരെപ്പേരിനായ് മുമ്പുകൂട്ട-
പ്പെട്ടോരുണ്ടെന്നറിയണ, മവർക്കിഷ്ടി നൽകേണ്ടതല്ലേ?
വെട്ടാനില്ലാ പട, ചിലവിനിക്കൂട്ടിയിട്ടെന്തുകാര്യം?
വിട്ടാലെന്തീ ബ്ഭടരിലൊരുകൂട്ടത്തെയെന്നോർത്തു മന്ത്രി. 51

അക്കാലത്തിൽ പ്രതിനിധി മഹാകമ്പിനിക്കിങ്ങു മേജർ-
മേക്കാളിക്കും പ്രിയതരമിതെന്നുള്ളതും കണ്ടറിഞ്ഞു
ഇക്കാര്യം കേട്ടളവു ദളവായോടു ശത്രുത്വമുള്ളോ-
രൊക്കെക്കൂടിപ്പടലഹളയുണ്ടാക്കമാറാക്കിവച്ചു 52

അപ്പോളാലപ്പുഴയിലമരും മന്ത്രി കൊച്ചിക്കുപോയി
ക്കേറംപ്പിച്ചിംഗ്ലീഷ് പ്രതിനിധിയോടീ വർത്തമാനങ്ങളെല്ലാം
ഒപ്പം പാണ്ടിപ്പടയുമതുപോൽ കൊല്ലമാനുള്ള വെള്ള-
ത്തൊപ്പിക്കാരും ഝടിതി വരവേ ക്ഷുബ്ധരോടിക്കഴിഞ്ഞു. 53

പ്രക്ഷോഭത്തിൻ തലവരെയുടൻ ബന്ധനംചെയ്തു മേജർ-
മേക്കാളിസായ്പവർകളുടെയും സാഹചര്യേണ മന്ത്രി
തൂക്കിക്കൊന്നു തെളിവു ശരിയായ് വാങ്ങിയിട്ടന്നു ശിക്ഷാ
കാർക്കശ്യത്താൽ ഖലരഖിലവും കൊമ്പുകുത്തിക്കഴിഞ്ഞു. 54

വീണ്ടും കാര്യക്ഷമത കുറയാതൂർജ്ജിതത്തോടുകൂടി
ബ്ഭണ്ഡാരത്തിൻ പൊലിമ ദളവാ ശ്രദ്ധയാ നോക്കിടുമ്പോൾ
ഉണ്ടാക്കേണം പുതിയൊരുകരാറെന്നു നിർബന്ധമോടേ
കണ്ടുതൽകുമ്പിനിയുടെയെഴുത്തൊന്നു ഗംഭീരമായി. 55

പട്ടാളത്തിൻലഹള, നൃപനും കുമ്പിനിക്കും വിരോധ-
പ്പെട്ടാണെന്നും, കലശലിതുപോലുത്ഭവിക്കാതിരിപ്പാൻ
പെട്ടെന്നേർപ്പാടതിനുശരിയായ് ചെയ്യുവാനുള്ളതെന്നും,
സ്പഷ്ടം കാണിച്ചതിലെഴുതിയിട്ടുള്ളതാവശ്യമല്ലോ. 56

മുന്നം വഞ്ചിക്ഷിതിരമണനും കമ്പനിക്കാരുമായി
ത്തീർന്നു മൈത്രിയ്ക്കുടയ നിലനില്പിന്റെയാസ്സന്ധിപത്രം
എന്നാലഭ്യന്തരകലഹകാര്യങ്ങളേപ്പററിയൊന്നും-
തന്നേ ചൊല്ലീലതു പരിഹരിക്കേണ്ടതാവശ്യമല്ലോ. 57

പ്രത്യക്ഷത്തിൽ ചിലതു പറവാൻ വിട്ടുപോയാലു,മുദ്ദേ-
ശാൎത്ഥം നോക്കുന്നാളവിലതുമുൾക്കൊണ്ടിരിക്കുന്നു കാൎയ്യം
അത്രയ്ക്കല്ലാ സ്ഥിരതയിലിനിസ്സേനയേ രാജ്യരക്ഷ-
യ്ക്കത്യാവശ്യം വിപുലമതിനും ചെയ്തിടേണം വ്യവസ്ഥ. 58

എന്നൊക്കേയും പറയുവതിനേക്കേട്ട മന്ത്രിയ്ക്കു ബോധ്യം
തന്നേ,യഭ്യന്തരകലഹനിവ്വാപണത്തിൽസഹായം
എന്നാൽ സൈന്യച്ചിലവധികരിപ്പിക്കുവാനുള്ളതൊന്നും
മുന്നത്തേതിൻ മുകളിലെഴുതാൻ സമ്മതിക്കാതിരുന്നു 59

"അമ്മാമൻ ചെയ്തതിൻപരിയായൊന്നുമേ സാധ്യമല്ലാ
നമ്മൾക്കെ"ന്നങ്ങിനെയൊരുപദം ഭൂവരൻ സ്വീകരിച്ചു
ബിംബിഷ്ടപ്പെട്ടൊട്ടു വിലതിനെ സ്സമ്മതിച്ചൊപ്പുവച്ചാ-
നിമ്മട്ടപ്പോളഭിനവകരാറിൻെറ സാരാൎത്ഥമായി. 60

പുതിയ ഉടമ്പടി.

ആരൊക്കെബ്ബന്ധു? വാരാമരി? നരവരനും കുമ്പിനിക്കും ക്രമത്താ-
ലാരീതിക്കോൎത്തിടേണം പ്രബലമിരുവരും ബന്ധുശത്രുക്കളായി
ആരുംതന്നേ വിരോധിപ്പരിനു തിരുവിതാംകോട്ടു കേറാതെ രക്ഷാ-
ഭാരത്തേയേററുകൊള്ളുന്നിതു ചുമതലയിൽ കുമ്പിനിക്കാററരെന്നും.

പോരാടാൻ കമ്പനിക്കാക്കിനി നൃപഭടരേയാരെയും വിട്ടിടേണ്ടാ
ഭാരം തീൎന്നു നൃപാലന്നരിയ തിരുവിതാംകൂറു രക്ഷിപ്പതിന്നും
ഈ രണ്ടിന്നും നൃപാലൻ പകരമൊരു പദാതിപ്പടക്കുപ്പിണിക്കായ്
നേരേ നൾകിടവേണം പണമതിതിനു മുമ്പുള്ളതിൻ മീതെയല്ലൊ.

* "മാനാദായാ"ബ്ദമായാൽ തവണകളൊരുപോ
    ലാറിലായിപ്പണത്തേ
വേണാടേകേണമാണ്ടാലതിനൊരു തവണ-
    ത്തെററുപററായ്കവേണം
ക്ഷോണീപാലൻെറ രാജ്യത്തിനു വിന രിപുവാൽ
    നേരിടും പക്ഷമപ്പോൾ
സേനാസന്നാഹയുദ്ധാച്ചിലവു വലിയ ദു-
    ർഭാരമാം കുമ്പിനിക്കു്.

* ക്രിസ്തുവഷം 1805.

എന്നാലൌവ്വണ്ണമുണ്ടാം ചിലവു പരിഹരിച്ചീ-
ട്ടുവാൻ കമ്പനിക്കാർ
മന്നൻതൻ ഭൂമിനാംകം മുതലിലതുഭരി-
ക്കുന്നതിൻ സംഖ്യനീക്കി
പിന്നെശ്ശേഷിച്ചതും ഭ്രമണനടയ ന।
വാഹവും നോക്കിയെന്തോ
തോന്നുന്നു ന്യായയുക്തം മുതല്പതിലൊരുഭാ -
ഗത്തെമാത്രം ഗ്രഹിക്കും. 64

ഏവം നാംകേണ്ട സംഖ്യയ്ക്കിവിടെയൊരു-
മുടക്കംവരുത്തുന്നതായാ-
ലാവശ്യപ്പെട്ടദേശങ്ങളെയവിടെ-
യടക്കിബ്ഭരിക്കാ,മതല്ല
ഈവേണാട്ടേക്കരത്തിൻപിരിവുകൾ മു-
തലായുള്ള കാര്യ്യങ്ങളെല്ലാം
ചൊവ്വേയാക്കിബ്ഭരിക്കാൻ നിയമമെഴുതു-
വാൻ കമ്പിനിക്കുണ്ടുകോയ്മ. 65

എപ്പോഴാക്കമ്പനിക്കാർ നൃപനുടെ ധരണി-
ഭാഗമേതെങ്കിലും കൈ-
യ്യേല്പാൻ പോകുന്നവെന്നാലതിനു ദശദിനം-
മുമ്പു വിജ്ഞാപനത്തിൽ
താല്പര്യ്യപ്പെട്ടവണ്ണം നരപതിയുടനേ-
ചെയ്യണം; ചെയ്യിടാഞ്ഞാ-
ലപ്പത്താംനാൾ കഴിഞ്ഞാലുടനെയതുകളേ
സ്സതപരം കീഴ്പെടുത്താം. 66

എന്നാലും തൽപ്രദേശത്തിനു വിഹിതപരി-
ഷ്കാരകാര്യ്യംനടത്തി-
പ്പിന്നെശ്ശേഷിച്ചിരിക്കും മുതലുകളെയിതിൻ-
വണ്ണമെല്ലാമെടുത്താൽ

ഒന്നിന്നും ഭേദമെന്യേ ശരിവരെയെഴുതി-
　　ത്തീർത്തതാകുംകണക്കി-
മന്നന്നേകീടുമൊക്കുമ്പിനിയുടെ തലവൻ
　　കയ്യെഴുത്തോടുകൂടി. 67

ഇത്ഥം ഭൂഭാഗമാക്കുമ്പിനിയുടെ ഭരണ-
　　ത്തിന്നൊട്ടത്തെന്നുവന്നാൽ
പൃത്ഥ്വീപാലന്നു ലക്ഷദ്വിതയമൊരിനം
　　രൂപ്യകം നാലുകമാണ്ടിൽ
ധാത്രീരക്ഷയ്ക്കുവേണ്ടും ചിലവു കഴിയവേ
　　മിച്ചമാകും തുകയ്ക്കും
പത്തിൽരണ്ടംശമേകീടണമരചനു നി-
　　സ്തർക്കമായാണ്ടുതോറും. 68

യാതോരാവശ്യമായും നരപതിയിനിയും
　　കുമ്പിനിക്കാരറിഞ്ഞ-
ല്ലാതേ വൈദേശികക്ഷ്മാപതികളൊടിടപാ-
　　ടൊന്നുമേ ചെയ്തുകൂടാ
യൂറോപ്യൻജാതിയേ കേറരുതു തിരുവിതാം-
　　കോട്ടഹോ കുമ്പിനിക്കാ-
രീരാജ്യത്തിൽ കടക്കാനനുമതിയവനേ-
　　കാതെ പോകുന്നപക്ഷം. 69

പിടിച്ചേല്പിക്കേണം വലികെയൊരു യൂറോപ്യനിവിടെ
കടക്കുന്നുവെങ്കിൽ സ്വദ്രഢമനുവാദേനരഹിതൻ
കിടക്കാൻപാടില്ലാ നൃവരഭുവനേ, നാളുമുഴവൻ
കടക്കുംമുമ്പേ താനവനെ വെളിയിൽ തള്ളിവിടണം. 70

നീതിന്ന്യായം നടത്തിക്കുക, നികുതി പിരിപ്പിക്ക,
　　വാണിജ്യകാര്യം
വൈദേശീയം പ്രചാരപ്പെട്ടുവതിനിടയാക്കിക്ക,
　　യെന്നീവിധത്തിൽ

ഈ ദേശത്തേജ്ജനക്ഷേമവുമവനിപനൈശ്വര്യ-
വും രണ്ടുരാജ്യ-
ത്തേയും ശ്രേയസ്സമൂഹംകൊണ്ടതു കൃഷിമുതലായുള്ള-
താകുന്നുവല്ലൊ. 71

ആമട്ടിൽ കൃഷിവാണിഭം തൊഴിലതായൈരാവേലയും മററുമ-
ക്ഷാമം വർദ്ധനമായ്‌വരുത്തുവതിനായന്നന്നഹോ കുമ്പിനി
ഭൂമിപാലനു നൽകിടുന്നൊരുപദേശത്തേസ്സദാ ശ്രദ്ധയാ
സാമാന്യേന സമാചരിപ്പതിനു വാഗ്ദാനം നടത്തി നൃപൻ. 72

ഇത്ഥംചെയ്യുകരാറുതന്നെ നിജമായിപ്പോളിരിക്കുന്നു, നാ-
മത്ഥം രൂപ്യകമെട്ടുലക്ഷമതിനാൽ കെട്ടിക്കൊടുത്തീടണം
ഇത്രത്തോളവുമായതേ കരുണയിരാജ്യത്തെ നോക്കാവതോ
ശത്രുക്കൾക്കു; ശരിക്കു നാട്ടിലിതിനാലൈശ്വര്യമുണ്ടാകണം. 73

പോരിൽ തോററു ധരിത്രിയാക്കുമടിമപ്പെട്ടില്ല വൈദേശിക-
ന്മാരാം കുമ്പിനിയാക്കു മൈത്രി നെടുനാൾ നീണ്ടിങ്ങുനിന്നീടവേ
ഓരോകാലമടുത്തടുത്തതു ദൃഢപ്പെട്ടേവരുന്നു; മഹാ-
ന്മാരുക്കൾക്കകലത്തുനിന്നനിഴലങ്ങുച്ചയ്ക്കുട്ടക്കുംവിധം. 74

൧൬-ാം സർഗ്ഗം.

ഇംഗ്ലിഷുജനവും നൃപേന്ദ്രനും
സംഘടിച്ച കൃതമായ മൈത്രിയാം
തങ്കമിട്ട നവരത്നകങ്കണം
ചെങ്കനൽക്കു നടുവിൽ പതിക്കയോ? 1

ദേവനം തകൃതിയായ് നടത്തവേ
ദേവനീടറവില്ലാകയോ സ്വയം?
ഭാവികാലഗതി പത്മനാഭനേ
ഭാവുകത്തിനിടയാക്കണം പ്രഭു. 2

മുന്നേ ചെയ്യപ്പെട്ടിരിക്കും കരാറാൽ--
തന്നേ ലക്ഷം നാലു നൽകാൻ ഞെരുങ്ങി
അന്നോരത്തിപ്പുത്തനാം മൈത്രി ലക്ഷം
പിന്നേയും നാലോട്ടു കൂടിക്കഴിഞ്ഞു. 3

ഒട്ടുംതന്നെ തൃപ്തി രാജാവിനില്ലാ-
നാട്ടാക്കുണ്ടോ പിന്നെ വേറേ വിചാരം
സൃഷ്ടിച്ചല്ലോ, തമ്പി പാങ്ങങ്ങുനിന്നീ-
മട്ടിൽ കഷ്ടം! കഷ്ട!മെന്നോതി ലോകം. 4

നാട്ടാർ പൃച്ഛിച്ചീടവെ, തമ്പി നാണം-
കെട്ടാൻ പിന്നെ കോപിയായ്ത്തന്നെ തീൻ്റ
ഒട്ടുംതന്നേ തമ്പി നാട്ടാക്കു ദോഷം-
തട്ടാൻ കൂട്ടിൽപെട്ടിരുന്നില്ലതാനും. 5

എന്നാലെന്തീ! തമ്പിയും കൂടിയേവം
തന്നെച്ചുററിച്ചെന്നു മന്നൻ നിനച്ചു
എന്നല്ലേവം പുത്തനായുള്ള ഭാരം
തന്നാൽ താങ്ങാനാവതില്ലെന്നുമോതി. 6

ഇക്കാര്യത്തിൻപോക്കു നോക്കാതെ കണ്ണൽ
മെക്കാളിസ്സായ്പന്ന്യഥാ കത്തയച്ചു
ഉൾക്കാമ്പിങ്കൽ തമ്പുരാനും ദിവാനും
ദിക്കിൽപെട്ടോക്കൊക്കെയും, തൃപ്തിയെന്നായ്. 7

കൽക്കത്തായിൽ കമ്പിനിക്കാരിലഗ്ര്യൻ
ദൃഷ്ക്കാലത്താൽ നേരറിഞ്ഞില്ല തെല്ലും
ആക്കപ്പത്തിൻ കിസ്തു ഭേദപ്പെടുത്തീ
തൽകാലത്തേയ്ക്കിങ്ങു മെക്കാളിതന്നെ 8

നിഷ്കൃഷിച്ചു, തമ്പി; സാർദ്ധൈകലക്ഷം
നീക്കപ്പെട്ടു കപ്പിണിപ്പത്തിയൊന്നും
തീക്ഷ്ണം വീണ്ടും തമ്പിയർത്ഥിച്ചു; മാപ്പായ്
നീക്കീ പിന്നെ കപ്പമീരാണ്ടുകാലം 9

ശ്രീവഞ്ചീശൻ പത്മഗർഭാദികർമ്മം-
ചെയ്യാൻ കാപ്പുംകെട്ടി മേവുന്ന ധന്യൻ
ദ്രവ്യം വാരിക്കോരി വർഷിച്ചിടാതെ
ഭവ്യം കർമ്മം പൂർത്തിയാകുന്നതാണോ? 10

കപ്പം കെട്ടാൻ ദ്രവ്യമുണ്ടാകുവാനാ
യേർപ്പാടപ്പോൾ തമ്പിയോരോന്നു ചെയ്തു
തീർപ്പിക്കുന്നു ബാക്കി നില്ക്കും കരത്തെ
വില്പിക്കുന്നു തെററുകാർക്കുള്ള വസ്തു. 11

ആക്കൂട്ടത്തിൽ കുത്തകക്കാരനേകൻ
തീർക്കാൻ കാണം നീണ്ടൊരാസ്സംഖ്യ കിട്ടാൻ
വില്ക്കപ്പെട്ടു വസ്തു; മെക്കാളിസായ്പി-
ന്നക്കാര്യത്തിൽ തൃപ്തിയില്ലാതെ വന്നു. 12

സർക്കാർജ്ജോലിക്കാർക്കു മേലാവിന്നേപ്പോൾ
മെക്കാളിസ്സായ്പിന്റെ മെക്കിട്ടുകേററം
നില്ക്കാനല്ലാ ഭാവമെന്നായി തമ്പി-
ക്കുൾക്കോപാഗ്നിക്കൂററമാം കാററുപോലെ. 13

കൂട്ടിക്കപ്പം വയ്ക്കുവാൻ സായ്പുമായി
കൂട്ടാണെന്നാ തമ്പിയോടുള്ള വൈരം
കെട്ടിസ്സൂക്ഷിക്കുന്നു ഭൂപാലനെന്നും
കേട്ടാത്തമ്പിയ്ക്കാശയം ചുട്ടുനീറി. 14

കപ്പം കിട്ടാനൂർജ്ജിതത്തോടുകൂടി
ക്ഷിപ്രം ക്ഷിപ്രം വിട്ടിടും ശല്യമേററു
ഉൾപ്പൂവാടിത്തമ്പുരാൻ സ്വാന്തമെയ്യിൽ-
ച്ചേർപ്പാനുള്ളാബ് ഭൂഷണംകൂടി വിററു. 15

കെട്ടി കപ്പം സ്വല്പ;മെന്നിട്ടടക്കം
കിട്ടീ, പക്ഷേ നീണ്ടുനിന്നില്ല ശാന്തി
മുട്ടിപ്പായീ പിന്നെയും; മന്നനുള്ളം-
പൊട്ടിപ്പോയീ; താദൃശാവസ്ഥമൂലം. 16

പണ്ടത്തേക്കാൾ കൂട്ടിവെച്ചോരു കപ്പം
വേണ്ടെന്നാക്കാൻ സത്വരം കത്തയപ്പാൻ
ഉണ്ടായോരാ കല്പനയ്ക്കൊത്തയച്ചു
വീണ്ടും വീണ്ടും കമ്പിനിക്കാക്കപേക്ഷ. 17

സന്ദേശത്തെത്താനയക്കില്ലയെന്നായ്
വന്നു സായ്പിൻ കത്തു രൂക്ഷാക്ഷരത്തിൽ
മന്നന്നല്ലാ സങ്കടം ഹന്ത! തമ്പി-
ക്കെന്നായ് തോന്നീ വൈരമന്നാധ്വരയ്ക്കും. 18

ഏടാകൂടക്കാരനാമപ്പുമാനെ-
ക്കൂട്ടാതാരാനേയുമിങ്ങോട്ടയപ്പാൻ
ഗ്രദ്ധം വിട്ടു കമ്പനിക്കാക്ക മന്നൻ-
കൂടെ,ക്കത്തൊന്നായതും നിഷ്ഫലത്തിൽ. 19

ഊററം കൂട്ടും സായ്പുടൻ തമ്പിയേയും
മാററാൻ മന്നന്നന്തികേ ചെന്നണഞ്ഞി
പററീലന്നൊന്നാകിലും; കാററിനാൽ ഞെ-
ട്ടററിട്ടും കായെന്നപോലായി തമ്പി. 20

എന്തിന്നേറെച്ചൊല്ലണം? നാട്ടിനുള്ളോ
രന്തസ്സുംപോയ് പൌരുഷംകെട്ടിവണ്ണം
എന്തായാലും കമ്പനി പ്രാതിനിധ്യ-
ക്കുന്തക്കീഴിൽ തമ്പി നില്ക്കാൻ വെറുത്തു. 21

അക്കാലത്തിൽ കൊച്ചിയിൽകാക്കമൊപ്പം
മെക്കാളിസ്സായ്പിൻെറ നേരേ വിരോധം
ആക്കൂട്ടക്കാർ തമ്പിയോടൊത്തു ഗ്രദ്ധം
വക്കാണത്തിനുള്ള വട്ടങ്ങൾ കൂട്ടി. 22

സായ്പ്പോ ധീരൻ, ചൊല്പടിക്കിങ്ങു നാട്ടാർ
നില്പാനുഗ്രം ശാസനം ചെയ്തിടുന്നോൻ
എപ്പോളാജ്ഞാപിക്കുമപ്പോൾ പടയ്ക്കായ്
നില്പുണ്ടല്ലോ ശക്തിയേറുന്ന സൈന്യം. 23

കുഞ്ചുക്കുട്ടിപ്പിള്ള സർവ്വാധി, വൈക്ക
ത്തഞ്ചുംവീരൻ പത്മനാഭാഭിധാനൻ
ഈ രണ്ടാളിൻ നായകത്വത്തിലെത്തി
നേരേ ഗോശ്രീപട്ടണേ രാത്രി സൈന്യം. 24

മക്കാളിസ്സായ്പുള്ള ബംഗ്ലാവു ചുററി-
ത്തോക്കും നീട്ടിക്കാഞ്ചി കൊത്തിച്ചു; പക്ഷേ
ദീർഘായുഷ്മാൻ സായ്പൊളിച്ചിട്ടു തോക്കിൻ-
ലാക്കായ്ത്തീരാതന്തരാ കപ്പലേറി. 25

കൊന്നു ബംഗ്ലാവിൻെറ സൂക്ഷിപ്പുകാരെ
ക്കണ്ണിൽ കാണപ്പെട്ടതും കൊള്ളയിട്ടു
പിന്നെബ്ബംഗ്ലാവിന്നു തീയുംകൊടുത്തി-
ട്ടൊന്നിച്ചെല്ലാക്കെപ്പോന്നു തെക്കോട്ടുതന്നെ 26

കൊല്ലത്തുള്ളാക്കമ്പിനിസ്സേനയോടും
മല്ലിട്ടേററംചെയ്തു പോരാട്ടമെന്നാൽ
എല്ലാം തോറേറയുള്ളു കെല്പൊടെത്തുത്താ
വെള്ളപ്പട്ടാളങ്ങൾ നിന്നൊന്നാമൂലം 27

കൊള്ളക്കാരും വഞ്ചകന്മാരുമത്രേ
വെള്ളക്കാരീരാജ്യവും കയ്യടക്കും
ഇല്ലാതാക്കും ക്ഷേത്ര:മാഗ്ഗോവിനേയും
കൊല്ലും ധർമ്മം ദുഷ്ടമായ് നഷ്ടമാകും 28

എന്നുംമററും ചൊല്ലി യാളേയിളക്കി-
പ്പിന്നേയുംചെയ്തോരു പോരും മടങ്ങി
എന്നാൽ തെക്കേയിൻഡ്യയിൽക്രുടിയാളെ
യൊന്നിപ്പിക്കാൻ ചെയ്തിരുന്നു പ്രയത്നം 29

കഷ്ടോദന്തം കേട്ട മദ്രാസ്ഗവണ്ണർ
പെട്ടന്നാജ്ഞാപിച്ചപോൽ ഭീമസൈന്യം
കൂട്ടത്തോ“ടാറാംമൊഴി”ക്കോട്ട ഭേദി-
ച്ചോട്ടും വിഘ്നം തട്ടിടാതിങ്ങു കേറി 30

നേരിട്ടാരും നിന്നതേയില്ല സൈന്യം
കേറിത്തെക്കൻകോട്ടയെല്ലാം പിടിച്ചു
ഭീരങ്കിത്തോക്കത്ഭുതാകാരമൊന്നും
വേറെ യുദ്ധക്കോപ്പുമെല്ലാമടക്കി 31

സ്വാന്തംശക്തിക്കാഴമില്ലെന്ന കാര്യം
ചിന്തിക്കാതെ കുമ്പിനിക്കാരൊടേവം
താന്തോന്നിത്തം ചെയ്ത തമ്പിക്കു വന്നോ-
രന്ധത്വം പോയ് കണ്ണു ചിമ്മിത്തുറന്നു 32

തെററിപ്പോയീ ചെയ്തതെല്ലാ;മെതൃത്താൽ
പററിപ്പോകും നാട്ടിനാപത്തനേകം
മററില്ലാരും താങ്ങുവാൻ, തമ്പുരാനേ
പ്പററിച്ചിന്തിച്ചന്തരംഗം തകർന്നു 34

താനേചെയ്തോരിപ്രവൃത്തിക്കഹോ ഭു-
ജാനിക്കാപത്തുരാഭവിയ്ക്കാതിരിപ്പാൻ
ക്ഷോണീശങ്കൽ,കാര്യമെല്ലാമുണത്തി
ക്ഷീണിച്ചോടീ തമ്പിമാനൈകദൃഷ്ടി 35

കുററിക്കാട്ടിൽ ശ്വാപദംപോലെ ഗ്രുദ്ധം
തെററിത്തെററിദ്ദിക്കനേകം കടന്നു
ഒററയ്ക്കല്ലാ തമ്പി കൂട്ടത്തിലുണ്ട്
ക്രൂററൻഖഡ്ഗം കയ്യിലും കാവലുണ്ട് 36

ചാടിക്കേറിപ്പാപ്പനംകോട്ടു, സൈന്യം
കൂടിസ്കന്ധാവാരമാക്കിക്കഴിഞ്ഞു
ഓടിപ്പോകും തമ്പിതന്നെപ്പിടിപ്പാൻ
കാടൊക്കെയുംകൂടെ നോക്കുന്നു സേന 37

അർദ്ധം ലക്ഷം രൂപ സമ്മാനമായി
സ്സിദ്ധിച്ചീടും തമ്പിയെ ക്കാട്ടിയെന്നാൽ
അത്രത്തോളം ശക്തിയിൽ തൽ പരസ്യം
പൃഥ്വീചക്രത്തുങ്കലൊക്കെപ്പരന്നു 38

താനീക്കാര്യത്തിന്നു പങ്കില്ല തന്നെ-
ത്താനേ ചെയ്തു തമ്പിയെന്നുള്ള സത്യം
ക്ഷോണീനാഥൻ ചൊല്ലി; തൻമന്ത്രിയായി
ക്കാണിച്ചപ്പോളുമ്മിണിത്തമ്പിയേയും 39

വേലുത്തമ്പിക്കാരുമേതും സഹായം
മേലാൽ ചെയ്തീടൊല്ലയെന്നാജ്ഞ നൽകി
ആളേ വിട്ടു തമ്പുരാനും പിടിക്കാൻ
കാലൻ സ്വന്തം ദൂതരേയെന്നപോലെ. 40

മാനംമാത്രം ശ്രേഷ്ഠമായിഗ്ഗണിച്ചാ-
പ്രാണൻ ശുഷ്കം പുല്ലുപോലെണ്ണി തമ്പി
ക്ഷീണൻ നേരേ മണ്ണടിക്കാവിലമ്മ-
യ്ക്കാണത്തത്തോടപ്പണംചെയ്തുതന്നെ 41

"കായാപായേ, രക്തബീജാസ്രശോണ
പ്രായോൽഗച്ഛല്ലേലിഹാനാർദ്രജിഹ്വേ!
മായാമോഹം മേലിലുണ്ടായിടൊല്ലേ
മായേ! നീയേ രക്ഷ ലോകൈകതായേ" 42

എന്നുംചൊല്ലിദ്ദേവിയെത്തൊഴുതു കൂപ്പി
പ്പിന്നെ ധീരൻതമ്പി, തൻതമ്പിയോടായ്
ചൊന്നാൻ ഖഡ്ഗംനീട്ടി വെട്ടുന്നതിന്നാ-
യെന്നാൽ പാവത്തിന്നു കൈ പൊങ്ങിയില്ലാ 43

അന്നേരത്താദ്ധീരധീരൻ കഴുത്തിൽ
തന്നത്താനേ വാളു കുത്തിക്കടത്തി
എന്നിട്ടും തൽകണ്ഠമററില്ല; ശേഷം
പിന്നെച്ചെയ്താൻ ശേഷിയുണ്ടായ തമ്പി. 44

ഈ നാട്ടിന്നാപത്തു മേലാൽ വരായ്വാൻ
താനോ തപ്പിച്ചീടിനാൻ സ്വന്തരക്തം?
ആ നിശ്ശബ്ദപ്രൌഢമാം കാവിലപ്പോൾ
കാണാമെത്തിച്ചേർന്നിതാ സൈനികന്മാർ. 45

പ്രേതത്തോടേ തമ്പിയെക്കൊണ്ടുപോയി-
ജ്ജാതോത്സാഹം കമ്പിനിസ്സേന ശീഘ്രം
നീതിജ്ഞന്മാർ കമ്പിനിക്കാരെടുത്താ-
പ്രേതത്തേയും തൂക്കിലിട്ടാർത്തു കൂകി. 46

കണ്ണൻമൂലപ്പാല സീമാവിലാർക്കും
കണ്ണിൽകാണാൻ തക്കപോൽ പൊക്കമേറും
ദണ്ഡത്തിന്മേൽ തമ്പിതൻ പ്രേതമുള്ളിൽ
കണ്ണില്ലാഞ്ഞാലെന്നപോൽതന്നെ തൂക്കി. 47

ശണ്ഠയ്ക്കേർപ്പെട്ടോരെയെല്ലാം ക്രമത്തിൽ
കൊണ്ടെത്തൂക്കിക്കൊന്നു തത്തൽസ്ഥലത്തിൽ
വീണ്ടും തമ്പിക്കന്നു ശേഷത്തിലുള്ളോ-
ർക്കുണ്ടായ്വന്നു ശിക്ഷയത്യന്തരൂക്ഷം. 48

ദൂരത്തേതോ ദ്വീപിലാക്കിക്കളഞ്ഞൂ
നേരേ ദായാദത്തിലുള്ളോരെയെല്ലാം
പോരാ വീടും തട്ടിയെല്ലാം നിരത്തി
സ്വൈരക്കേടിമട്ടിലെല്ലാമൊതുക്കി. 49

എന്നാൽ പിന്നെത്തമ്പി മുമ്പിട്ട ശല്യം
തീർന്നീടാനായ് സേനയേ വിട്ടതിന്നും
അന്നുണ്ടായിട്ടുള്ള നഷ്ടത്തിലേയ്ക്കും
മന്നൻ ദ്രവ്യം നൽകുവാനാജ്ഞ വന്നു. 50

മുന്നേതന്നേ യാറുവർഷം കഴിഞ്ഞാൽ
പിന്നീടമ്പത്താറുനാൾ വേദഘോഷം
മന്നൻ ചെയ്യിച്ചീടുമാറുണ്ടു; വിഘ്നം
തന്നാലുണ്ടാക്കപ്പെടായെന്നു രാജാ. 51

കപ്പത്തിന്നായ് കമ്പിനിക്കാർ ഞെരുങ്ങീ-
ട്ടപ്പോൾ ദ്രവ്യത്തിന്റെ പോരായ്കമൂലം
ആ പ്രാചീനം വൈദികം കർമ്മ; മേത്തും
തൃപ്തിക്കായിത്തീർന്നതില്ലാ ദിവാനും. 52

ഏതൽ ഗേഹേ ദത്തയാം രാജ്ഞിതന്റെ
ഭ്രാതാ മാവേലിക്കരത്തമ്പുരാന്റെ
സ്വാധീനത്താൽ കാൎയ്യമൊക്കെക്കഴഞ്ഞെ-
ന്നോതീടുന്നു മന്ത്രി സായ്പിൻസമീപേ. 53

ആ രാജാവിൻ പ്രീതനത്രെ നൃപാലൻ
പോരാ, പിൻവാഴ്ചയ്ക്കുമന്നിക്കഴിഞ്ഞു
ആരും രണ്ടാംതമ്പുരാനെന്നുമെണ്ണി
പ്പോരുന്നേരം ധീകൾ വൎദ്ധിച്ചുപോയി. 54

ആ രാജാവിൻ താമസം രാജഗേഹേ
കാൎയ്യങ്ങൾക്കന്നൊന്തരായത്തിനായി
നേരേ മാവേലിക്കരയ്ക്കങ്ങയപ്പാൻ
ധൈൎയ്യത്തോടേ തമ്പുരാനോട്ടുണൎത്തി. 55

എന്നിട്ടെന്താ മന്ത്രിയും തമ്പുരാനും
ഭിന്നിച്ചെന്നേയുള്ളു കാൎയ്യം കഴഞ്ഞു
അന്നും കപ്പം തീൎക്കുവാനുള്ള ശല്യം
മുന്നേത്തേതിൽ പത്തിരട്ടിച്ചു വന്നു 56

കൎണ്ണൽ മെക്കാളിക്കു ദീനം നിമിത്തം
പിന്നെജ്ജോലിക്കിങ്ങിരിപ്പാൻ പ്രയാസം
അന്നേരത്തിൽ കമ്പനിക്കാരയച്ചു
കൎണ്ണൽ മണ്ട്റോ എന്നൊരാളെത്തിരിഞ്ഞു 57

ആയാളെത്തിക്കമ്പിനിപ്രാതിനിധ്യം
കയ്യേററപ്പോൾ മന്ത്രിയും തമ്പുരാനും
ശ്രേയോമാൎഗ്ഗം വിട്ടു തമ്മിൽ പിണങ്ങി
പ്പോയിട്ടെല്ലാം തുമ്പുകേടായിരുന്നു. 58

സൎക്കാരിൽ ചക്രമുണ്ടാം വഴികളഖിലവും
  കാട്ടുകേറിക്കഴിഞ്ഞു
നോക്കാതേ മന്നവൻ ചെയ്യൊരുചിലവു-
  കളാൽ കോശമെല്ലാമൊഴിഞ്ഞു

ആക്കപ്പെക്കാര്യമായ് കുമ്പിനിയുടെ വദനം
നല്ലവണ്ണം പൊളിഞ്ഞൂ
തക്കത്തിൽ തമ്പുരാൻ ദുർദ്ദുരസമ ധരയും
ദേഹവും കൈവെടിഞ്ഞു. 59

൧൦-ാം സർഗ്ഗം

റാണി ലക്ഷ്മീഭായി.

ഓളംകൊണ്ടുദധികളിൽ ഭയങ്കരത്വം
കോളുണ്ടാമളവു വരും സ്വഭാവമായി
കാലംകൊണ്ടതു ശമനം വരട്ടെ; കപ്പൽ-
ചാലും കണ്ടുരുവതിലേ സുഖേന പായും. 1

ശൈലത്താൽ കഠിനതരം മഥിച്ചമൂലം
പാലാഴിക്കലയിളകി ത്തെറിച്ചനേരം
ആ ലക്ഷ്മിക്കതിലുദയം ലഭിച്ചതില്ലേ?
കാലക്കേടപരി ശുഭോദയപ്രഭാതം. 2

ഇക്ഷ്വാകുൽകുലകലശാംബുരാശി; റാണി
ലക്ഷ്മീഭായ് തിരുവടിയോടുയൎന്നുവന്നു
സൂക്ഷ്മത്തിൽ ഭഗവതി വന്നു വാളെടുത്താ
ലക്ഷ്മാവോടരമനയിൽ കടന്നതല്ലീ? 3

ചുമ്മാതേ യുവനൃപനായ് ചമഞ്ഞിരുന്നു
ദുർമ്മോഹിച്ചരചപദം കരസ്ഥമാക്കാൻ
അമ്മാവൻവകയിലൊരാള്; യാൾക്കു കിട്ടി
സമ്മാനം തടവുമുറിക്കകത്തുവാസം 4

അക്കാലം സചിവപദം വഹിച്ച തമ്പി
ധിക്കാരംപെരുകിയവൻ പിരിഞ്ഞുപോവാൻ
ഉൾക്കാമ്പിൽ കരുതിയവൻ കരത്തിലേ വാൾ
വയ്ക്കാനന്നരുളി നയം കലൎന്ന റാണി. 5

അമ്മാവൻ നരപതിയായിരുന്ന കാലം
ദുർമ്മന്ത്രിപ്രബലതയാൽ പിണഞ്ഞദോഷം
ഓർമ്മിക്കും വിദുഷി ദിവാൻപദംകൊടുത്താ-
ളമ്മണ്ട്റോധുരയെ വിളിച്ചുദാരശീലാ. 6

സ്ഥാനംപോയതിലധികം വിദേശിസായ്പ്പീ-
വേണാട്ടിൽ സചിവപദം വഹിച്ചതോർത്തു
ദൂനൻതൽ പഴയദിവാൻ കുഴപ്പമുണ്ടാ-
ക്കാനായിജ്ജനതതിയേയിളക്കിനോക്കി 7

അക്കാലം ഗവർണരടുത്തണഞ്ഞു ജോൺസ്റ്റൻ
വക്കീലാപ്പഴയ ദിവാൻ പറഞ്ഞവണ്ണം
ദുഷ്കർമ്മം പലവകയും ചുമത്തി മണ്ട്റോ-
നീക്കപ്പെട്ടിടുവതിനും വൃഥാ ശ്രമിച്ചു. 8

എന്നാലാപ്പഴയദിവാൻ സ്ഥലത്തിരുന്നാൽ
പിന്നീടും പഴയവിധം കുഴപ്പമെന്നു
തോന്നീട്ടാപ്പുരുഷനെയും വിദേശരാജ്യ
ത്തന്നാക്കിജ്ജയിലിനകത്തടച്ചു മണ്ട്റോ. 9

കൈക്കൂലിക്കുരുതിപിണച്ചനന്തരായം
സക്കാരിൻ പണി ശരിയായ് നടത്തിവന്നു
ദിക്കെങ്ങും ലഹളയൊഴിഞ്ഞൊതുങ്ങി കുററ-
ക്കാർക്കെല്ലാമധികഭയം ജനിക്കുമൂലം. 10

കാര്യക്കാർ സകലവിധം ജനാവലാധി-
ക്കാര്യത്തിൽ തലയിടുമാവ്യവസ്ഥമാററി
ന്യായത്തോടഥ തഹശീൽപദം കൊടുത്തും
ചെയ്യിച്ചൂ നികുതിപിരിച്ചിടുന്നജോലി. 11

ജില്ലാക്കോർട്ടിവിടവിടെ ത്തുടങ്ങിയെല്ലാ-
പ്പൊല്ലാപ്പും ജഡ്ജികളാലൊതുക്കിവന്നു
വല്ലാതേ വിധിവരുകിൽ ക്രമത്തിനപ്പീൽ
ചെല്ലേണ്ടും സദനമതും സ്ഥിരപ്പെടുത്തി 12

അപ്പീൽകോട്ടതിനിപുണ ക്കിരുന്ന കാര്യം
കേൾപ്പാനുള്ളത്; മഹിമാവുയൻവന്ന
കേൾപ്പിക്കാമിരുവശവും പറഞ്ഞു നീതി-
ക്കൊപ്പിച്ചേ വിധിയവിടെപ്പറഞ്ഞുകേൾക്കൂ. 13

സക്കാരാ ത്താലവരിയും തഥാ മരയ്ക്കാൻ-
മാക്കെല്ലാം വലവരിയും ചുമത്തിവന്ന
ആക്കൂട്ടം വിഷമതരം കരങ്ങളെല്ലാ-
മുൾക്കാമ്പിൽ കരുണയൊടേ കുറച്ചു രാജ്ഞി 14

ഉപ്പോടാപ്പുകയിലയും പുരൈവ നാട്ടിൽ
ചൊല്ലൊങ്ങും കുരുമുളകും ക്രമപ്രകാരം
വില്പിച്ചു വിനിഹിതകുത്തകച്ചരക്കാ-
യപ്പോഴോ; വളരെ മുതല്ക്കൂതായിമാർഗ്ഗം 15

സാമാനം പലതുമയച്ചിടുന്നതിന്നും
ശീമക്കാരിവിടെ യിറക്കിടുന്നതിന്നും
സാമാന്യം ചെറിയതരം ചുമത്തി ചുങ്കം
സീമാവിൽ പിരിവിനതിൻ ചവുക്ക വച്ചു. 16

പട്ടാളം ലഹളകഴിഞ്ഞൊഴിഞ്ഞു സവ്വം
നാട്ടിൽ ഭ്രുവരനുതുണസ്ഥിപായിയില്ല
കഷ്ടംതാൻ നിലയിതിതിൻ നിവാരണാത്ഥം
കൂട്ടീവിണ്ടിവിടെമിതം സസാദിസൈന്യം 17

കപ്പത്തിൻകടമഖിലം കൊടുത്തടച്ചു,
നില്പില്ലാ കടമിതരം കൊടുത്തുതീപ്പാൻ
അപ്പോലേ ത്രിതയസമാവധിക്കു കോശം
വീപ്പിച്ചും പുതിയദിവാൻ സമത്ഥനല്ലോ. 18

ശ്രീവഞ്ചിക്ഷിതിയിലെഴും ജനം ഭരിക്കും
ദേവസ്വം പലതിവിടെത്തഴച്ചിരുന്നു
ആ വസ്തുക്കളുമതിലെദ്ധനത്തിലും കിം
കൈവച്ചൂ ധരാ?യവയെപ്പുലത്തുവാനോ? 19

ക്ഷേത്രം ദുൎഭരണവശാൽ നശിച്ചിടാതെ
സ്വത്തെല്ലാ മപഹരണം നടത്തിടാതെ
കാത്തെന്നും പതിവു കുറച്ചിടാതെ രക്ഷാ-
കൎത്തൃത്വം സ്വയമിതിനാലെടുത്തു സൎക്കാർ 20

അന്നെന്നാലിതിനു വിളംബരങ്ങളൊന്നും
തന്നേ തൃക്കരലിഖിതം പുറപ്പെടാതെ
ഹിന്ദുക്കൾക്കുടയമതപ്രചാരകേന്ദ്രം
തന്നത്താൻ ചുമതലയിൽ ദിവാനടക്കി 21

അന്നത്തേക്കരുതലിതിൻ ഗുണത്തിനായി-
ട്ടെന്നല്ലോ പ്രകടതരം പറഞ്ഞിരുന്നു
എന്നാലോ ഫലസമയംവരയ്ക്കു വൃക്ഷം
നിന്നാലാഗ്ഗുണമറിവാൻ പ്രയാസമുണ്ടോ? 22

ഹിന്ദുക്കൾക്കുപരി പണം കൊടുത്തുപോരാ-
മെന്നെന്ന്യേ മതപരമാം പഠിപ്പിനായും
ഒന്നിയ്ക്കുന്നതിനു തരം തരുന്നതായും
തീൎന്നില്ലാ വിഷമഫലം പഴുത്തു വീണു. 23

എന്നാലാ ധ്വര മലിനീകൃതാശയൻതാ-
നെന്നാരും പഴിപറവാൻ മുതിൎന്നിടേണ്ടാ
അന്നത്തെ പ്പതിവെഴുതിക്കൊടുത്തതെല്ലാ-
മുന്നമുപ്രബലമതപ്രമാണിമാർപോൽ 24

ദേവന്മാൎക്കഖിലമൊരാളനന്തതല്പൻ
ദേവൻതാൻ ശരണ;മതേ ജഗന്നിധിക്കായ്
ഈ വഞ്ചിക്ഷിതി മുഴവൻ കൊടുത്തിരിക്കെ
ദേവസ്വംമുതലുമതിൽ കലൎത്തിവയ്ക്കാം 25

കണ്ഠത്തിൽ കയറുകളിട്ടഹോ വലിച്ചും
കൊണ്ടോരോ വിപണികളിൽ ജനത്തെ വിററാൽ
ഉണ്ടാകും കദനമറിഞ്ഞതൊക്കെ നിൎത്തി-
ക്കൊണ്ടോളാ ഗ്ഗുണവതിയാം മഹിമഹേശി. 26

ധമ്മത്തിൻ വ്യതിചലനം വരാതെയാക്കും
നന്മക്കായവനി ഭരിച്ചിരുന്നു റാണി
ദുമ്മന്ത്രും ചെവി മലിനപ്പെട്ടുത്തിയില്ലാ
നൈമ്മല്യം പെരുകി മനസ്സിരുന്നുതാനും. 27

മുത്തേലും മഹതി മഹിതലം ഭരിക്കെ
മുത്തേററം കടലുകളും കൊട്ടത്തുപോന്നു
ഭത്താവിൻ മധുരവച"പ്രഹേർഷിണി" *യ്ക്ക-
ന്നത്ഥ്യത്ഥം ഭഗവദനുഗ്രഹം ലഭിച്ചു 28

വേണാട്ടിൽ ജനമഖിലം കൊതിച്ചിരുന്നാ-
രാണായിട്ടൊരു നൃവരൻ ജനിച്ചുകാണ്മാൻ
കാണായീ വിളറി മുഖം നിതംബഭാര-
ക്ഷീണാദക്ഷിണ നയനസ്ഫുരൽപ്രകാശാ 29

പൂണ്ണം തൽസ്വരമമൃതം നുകൎന്നുകൊൾവാൻ
കണ്ണത്തിൽ കനകമണിക്കിലുക്കമെന്ന്യേ
വണ്ണാലംകൃതി സരസം ശ്രവിച്ചിട്ടുന്ത
വണ്ണിക്കും രഘുപതി സൽകഥാപ്രസംഗം. 30

ശ്രീരാമായണമയദൌഹൃദം ഗ്രഹിക്കും
നേരത്തക്കനുമതേ നുകൎന്നു മോദാൽ
ശ്രീരാമനുടെകലപോൽ വളൎന്നുവന്നു
വീരോദാത്തത തനിയേ പകൎന്നവണ്ണം. 31

ഉച്ചത്തിൽ ദിവസകരൻ തെളിഞ്ഞുനില്ക്കെ
സ്വച്ഛന്ദം സകലജനപ്രമോദമേകീ
ആച്ചന്ദ്രക്കല, സഹജപ്രകാശലക്ഷ്മീ
പ്രഛന്നപ്രതിഭയൊടേ പിറന്നുസൌഖ്യം 32

ഈ രാജ്യം മുഴുവനിലും കറുത്തപക്ഷം
തീരുമ്പോൾ സകലചരാചരം തെളിഞ്ഞു
പൌരന്മാർ സിതചിതരും സ്മിതാർദ്രമായോ-
രാരാജാംകുരമനിശം വണങ്ങിനിന്നു. 33

---

* പ്രഹൎഷിണീവൃത്തം.

നോരത്രേ മധുരരസം ശിഖാന്തമെത്തി-
ച്ചേരാമാത്തരുലതകൾക്കതിൻപ്രകാരം
ആ രാജോദയസമയേ മണൽപ്രദേശം
തീരുന്നു മധുരസിതാവികീർണ്ണമായി. 34

ആരേവം ക്ഷിതിഭരണം നടത്തിടുമ്പോ-
ളാരാജ്ഞിക്കരിയ കുമാരനായ്പ്പിറന്നാൻ
ആ രാജാവമരപതിപ്രഭാവനല്ലോ
പോരെങ്കിൽ സിതകളഭം പിറന്നു നാട്ടിൽ 35

ശ്രീരാമൻ തിരുവടിതൻ പ്രശസ്തനാമം
ചേരും തൻമകനുടനേ കൊടുത്തു രാജ്യം
ആ രാജ്ഞിക്കഥ ഭരണം കുമാരരാജൻ
േ..രാലേ പ്രതിനിധിതൻ നിലയ്ക്കുനിന്നു 36

ശ്രേയസ്സന്നഥമിവിടെപ്പുലത്തി ലക്ഷ്മീ-
ഭായി, ശ്രീഭഗവതിപോൽ ഗൃഹേ വിളങ്ങി
ഭൂയോപി പ്രിയസുതനെ ത്തുണച്ചുകൊൾവാ-
നായിക്കൊണ്ടനുജനെയും കൃശാംഗി പെററാൾ. 37

ആപത്തിൻ മുഖകുഹരേ കിടന്നരാജ്യം
പ്രാപിച്ചു പലവിധവും സ്വാതന്ത്ര്യസൌഖ്യം
ശ്രീപുത്രൻ തിരുമകനായ് പിറന്നു ദീർഘ-
സ്വാപത്തിൽ ശിവ ശിവനെ! ലയിച്ചു രാജ്ഞി 38

കണ്ണീരണ്ണൊഴുകി ജനം വിഷണ്ണരായി
ത്തണ്ണീരററൊരു കുളമാന്നിരുന്നമീൻപോൽ
വിണ്ണിൽപോയ് സദയമിനി സ്സഹായവഷം
പുണ്യശ്രീ നിധിതരുമെന്നുറച്ചു വാണാർ 9

റാണി പാർവതീഭായി.

പ്രായം മൂന്നൊടു ദശവത്സരം കടന്നെ
ന്നായിട്ടുള്ളൊരു കരുണാപയോധികന്യാ
ന്ന്യായാൽ പാവ്വതിയിതിവിശ്രുതാഭിധാനാ
ഭായിപ്പെൺകൊടി, ഭരണംതുടങ്ങി രാജ്യം 40

ശ്രീരാമാഭിധവസുധാപതിക്കുവേണ്ടി
പ്പാരാളുന്നതിനു കരേ ധരിച്ചവാളാൽ
രാരാജദ്ദ്യുതി മഹിമാവിയന്നു പൂൎവ്വ-
ന്മാരേയോൎത്തവനി മുദാ ഭരിച്ചു രാജ്ഞി 41

അക്കാലം സചിവപദത്തെ രാമമേനോൻ
കൈക്കൊണ്ടാൻ നിപുണതയോടു നീതിശാലി
താക്കീതാൽ തുറമുഖജോലിയേററ ഗാർഡൻ
ധിക്കാരത്തിനു വിധിപോൽ പ്രതപ്തനായി. 42

മണ്ട്റോവിന്നിതു വിരസം വരുത്തിയാക്കി-
ന്നുണ്ടാകാ സ്വജനതയിൽ തഥാഭിമാനം.
കണ്ടാലും കഠിനതയാ ഗ്ഗുണജ്ഞമന്ത്രി-
യ്ക്കുണ്ടായീ വിഷമമുടൻ കൊടുത്തു രാജി 43

തക്കത്തിൽ സചിവപദം കരസ്ഥമാക്കി
പേഷ്കാരായിവിടെ യിരുന്ന റസ്സിരായർ
ഇക്കാൎയ്യത്തിനു റസിഡണ്ടിനും പ്രിയംതാ-
നോക്കേണം ധ്വരതനതാംകൾ നന്മചെയ്യും 44

കാൎയ്യത്തേ ച്ചുണയൊടു മാറ്റിവാൻ നടത്തി
സ്വൈരത്തിൽ ഭരണനയം തുടൎന്നുവന്നു
കയ്യേററാൻ ഗുരുപദമാകുമാരകക്ക്-
ന്നായ്യൻ നല്ലൊരു വിരുതാന്ന സുബ്ബരായർ 45

ഡേനിഷ്കാർ മതപരമായ സംഘമൊന്നാ
റാണിക്കുള്ളനുമതിയോടു മിങ്ങു നട്ടു
കാണാമുന്നത നിലയിൽ തുടങ്ങി മിഷ്യൻ-
സ്ഥാനം മററൊരുതര മത്ര നാഗർകോവിൽ 46

അക്കൂട്ടക്കധികപണം കൊടുത്തു പാൎക്കാൻ
തക്കോരസ്സദനമൊടേ കനിഞ്ഞു റാണി
ആക്കീ പാതിരിയെയുമങ്ങു ജഡ്ജിയായി
പ്പിൽക്കാലത്തതു ജനതയ്ക്കു നന്മയായി 47

കാളേജുന്നതനിലയാൻ കോട്ടയത്തി—
ന്നാളും നിന്നധികഗുണം വരുത്തിവയ്ക്കാൻ
മൂലം ശ്രീമതി പണവും കരം കുറച്ചാ-
ക്കാലം ഭൂമിയുമതിനായ്ക്കൊടുത്തതത്രേ. 48

ഈ രാജ്യത്തധികഗുണം വരുത്തിയെന്നും
പേരോക്കുന്നാളവു ജനം കൃതജ്ഞരാമ്പോൾ
ആ രക്ഷാപുരുഷമണിക്കിരീടമണ്ട്റോ-
സാരജ്ഞൻ പദമിതു വിട്ടൊഴിഞ്ഞുപോയി 49

"മാക്ഡോവൽ" തദനുപദം കരേറി,യപ്പോ-
ളാക്കൂടെ ദ്വിജനൊരു വെങ്കിടാഖ്യരായർ
ഉൾക്കാമ്പിൽ കരുതലൊടേ വരുന്നു, ശീഘ്രം
പേഷ്കാരായ് തദനു ദിവാൻപദത്തിനർത്ഥി 50

ആ വിദ്വാൻ ജനഹിതമൊട്ടറിഞ്ഞു പേഷ്കാ-
രായ്നന്നപ്പൊഴുതു ഗുണപ്രവൃത്തിചെയ്തു
പോവുംപോൾ നിജ പദമെന്നു ഭീതനായി-
ട്ടാവുംപോൽ കരുതിയതിന്നു റസ്ഡിരായർ 51

വഞ്ചിക്ഷ്മാരമണിയൊടും ദിവാനൊടുംതൻ
നെഞ്ചത്തിൽ പുതുറസിഡണ്ടിനപ്രിയംപോൽ
നഞ്ചപ്പദ്വിജനിതിനേയൊഴിച്ചു, കൊച്ചീ
തഞ്ചീടും സരസദിവാൻ, ദിവാനുമിഷ്ടൻ 52

രായർക്കുള്ളൊരു പദമന്നുറച്ചനന്ദി-
യ്ക്കായിട്ടക്കരമൊഴിവായ് കൊടുത്തു ദേശം
ന്യായംതാനതു റസിഡണ്ടുമായ്പിണക്കം
പോയല്ലോ ക്ഷിതിരമണിക്കു മാദിവാനാൽ 53

പള്ളിക്കെട്ടുചിതതരം വ്യവസ്ഥചെയ്തി-
ട്ടെല്ലാർക്കും പ്രിയതരമായ് നടത്തിഘോഷം
ഉള്ളത്തിൽ കനിവതിനാൽ ദിവാന്റെപേരിൽ
തെല്ലുണ്ടായതു വഴിയേ കടന്നുകൂടി 54

ശാന്നൂരും വടകരയും ദിവാന്നു കിട്ടീ
സമ്പാദ്യം മഹതിയിനാം കൊടുത്തമൂലം
അമ്പമ്പോ വലിയ ദുരാഗ്രഹംപിടിച്ചോർ
മുമ്പുണ്ടോ സചിവപദം വഹിച്ചിരുന്നു? 55

മാടകമ്പ്പാവലയവുമാക്കുടുംബവും, വേ-
ണാടാണ്ടോന്നുടെ സചിവൻ മഹാനുഭാവൻ
ശൌടീര്യത്തൊടു പൊരുതിജ്ജയിച്ചു രക്ഷി-
ച്ചിട്ടമ്പോളൊരിടമിനാം കൊടുത്തിരുന്നു. 56

ആ ദേശം പുരുഷമണി സ്വരാജനപ്പി-
ച്ചാ,ദാനം നൃപനു രസിച്ചിടാതിരിക്കെ
വാദിച്ചു "ക്ഷിതിതറവാടതിന്നു മൂപ്പൻ
ബോധിക്കുംപടിയൊരിടം കളഞ്ഞുകൂടാ." 57

"ചേർക്കേണം ധരണിയിതും സ്വരാജ്യമാണെ-
ന്നോക്കേണം, വെടിയുകിലോ വിടയ്ക്കുപേക്ഷ
പൊയ്ക്കൊള്ളാം സുരതടിനീതടത്തി"ലെന്നാ-
ച്ചൊല്ക്കൊള്ളും സചിവവരൻ പറഞ്ഞിരുന്നു 58

സുൽത്താനോടിവിടെയുമല്ലയുത്തിവിട്ടും
യുദ്ധംചെയ്തൂരിയ യശസ്സിയന്ന മന്ത്രി
വിസ്തീർണ്ണം പെരിയൊരിടം ജമീൻകൊടുത്തി-
ട്ടാദ്ധാത്രീരമണനതും തിരിച്ചു നൽകി 59

ആ വീരക്കുടയ ജനിസ്ഥലത്തുവന്നി-
ട്ടീവണ്ണം മണിയമഹോ കരസ്ഥമാക്കി
പോവാനോ ധരകളെ യാശ്രയിച്ചുനിന്നി
ശ്രീവഞ്ചിക്ഷിതി മലിനപ്പെടുത്തിടുന്നു? 60

രാമൻമേനവനിതുപോൽ പറഞ്ഞു പേഷ്കാർ
ധീമാൻ വെങ്കിടിയുമിടംപിരിഞ്ഞു നിന്നു
ഈ മട്ടാപ്പുതുറസിഡേണ്ടറിഞ്ഞു ശീഘ്രം
ഗ്രാമം രണ്ടുടനെ തിരിച്ചെടുത്തുതാനും 61

നാണംകെട്ടഹ ഹ ദിവാനൊഴിഞ്ഞുപോയീ
റാണിക്കും കുതുകമിതിൽ ജനിച്ചു പാരം
ആണായിട്ടൊരുവനിതാ വരുന്നു മന്ത്രി-
സ്ഥാനത്തിൽ പൊടിപൊടി വെങ്കിടിദ്വിജേന്ദ്രൻ 62

ഈടാകാൻ വിഷമതരം കരം കുറച്ചു
കൂടാതെ പല കരവും കുറച്ചുതള്ളി
തോടാലേ ഗുണകരമായനന്തഗേഹം
കൂടിക്കായലുകളുമായിണക്കിവച്ചു. 63

ക്ഷേത്രത്തോടിടപെട്ടമാപ്രവൃത്തികൾക്കായ്
കൃസ്ത്യാനിപ്പരിഷയിനിഗ്ഗമിച്ചിടേണ്ട
കൃസ്ത്യന്മാക്കൊഴിവുകൊടുത്തു ഞായറാഴ്ച
ശൂദ്രന്മാർ കനകമണിഞ്ഞിടട്ടെ കൊള്ളാം. 64

വെള്ളാലക്കരണമെഴുത്തിനിക്രമത്തി-
ന്നുള്ളോരച്ചടികലരുന്ന നമ്പരോല
അല്ലാതേ ജനമുപയോഗയോഗ്യമാക്കീ
ടൊല്ലായെന്നരുളി ദയാപയോധിറാണി 65

ഇക്കാലത്തരിയകുമാരകക്കു നാനാ-
ദിഗ്ഭാഷാനിപുണതയോടനേകശാസ്ത്രം
ശുഷ്കാന്ത്യാ പരിചിതമാക്കുഴിഞ്ഞു;നേത്താൽ
തോല്ക്കും പണ്ഡിതനേവനും നൃപന്റെനേരെ 66

ഊഹിപ്പാനരുതു, നൃപൻ കുശാഗ്രബുദ്ധി
സാഹിത്യക്കടലു കടഞ്ഞെടുത്തു സാരം
സ്നേഹാർദ്രം കുചയുഗളം കൊടുത്തു വാണീ
മോഹിച്ചീസ്സുകൃതികളെ വളത്തിവന്നോ? 67

സംഗീതേ സകല കലാവിദഗ്ദ്ധനുണ്ടോ
നീങ്ങുന്നു നിരുപമനാം നൃപാലബാലൻ
എങ്ങാക്കീക്കവനകലാകലാപനൊപ്പം
പൊങ്ങുന്നു കവിതയിലും വെളുത്തകീത്തി? 68

സ്വായത്തം നൃപസഹജം നയം; ജനത്തിൻ
ശ്രേയസ്സിൽ കുതുകി മഹാ ഗഭീരബുദ്ധി
ജ്യേഷ്ഠയാൎത്ഥഗ്രഹണമഹാ സമൎത്ഥനിപ്പോൾ
പ്രായത്താൽ നൃപനണയുന്നു ഷോഡശാബ്ദം 69

തങ്കകോമളമനംഗകാന്തി നരസിംഹവിക്രമഗുണങ്ങളും
തങ്കിയും കുലിശശംഖരേഖകരപങ്കജാങ്കമൊടിണങ്ങിയും
അങ്കമററമുഴതിങ്കളായ് നിഖിലസങ്കടാപഹമഹോദയേ
മങ്കമാർമണിയുടൻ കൊടുത്തു സഹ പൊങ്കിരീടമുടവാം മുദാ 70

ആനന്ദാസ്രസ്രോതാനനേത്രങ്ങളോടും
നാനാജാതി സ്വപ്രജാസഞ്ചയത്താൽ
കാണപ്പെട്ടു രാജചിഹ്നം തിളങ്ങി
സ്ഥാനാരൂഢൻ രാമവൎമ്മാ മഹാത്മാ 71

൧൮–ാം സൎഗ്ഗം.

സ്വാതിതിരുനാൾതമ്പുരാൻ.

മനുജകുലമശേഷം * "മാലിനിത്തട്ടിടാതെ
ജനപദപരിരക്ഷാദക്ഷനാം തമ്പുരാനെ
അനിമിഷവരനേപ്പോൽ കണ്ടു കുമ്പിട്ടു സാക്ഷാൽ
ദിനമണി ഭഗവാനെപ്പോലെ ഭൂപൻ തെളിഞ്ഞു 1

കനകമയതുലാഭാരാദിദാനം സവേദ-
ധ്വനിമുഖരമുഖാശീർവ്വാദഹൎഷം നടത്തി
അനഘനതുലതേജസ്സോടു സിംഹാസനത്തിൽ
ജനഹിതകരനായി ശ്രീകരൻ വാണിരുന്നു. 2

---

* മാലിനീവൃത്തം.

ഗുണനിലയമദിവാൻ വെങ്കിട്ടരായക്കുപോകാ-
നനുമതിയഭിലാഷംപോലെ നൽകീ നൃപാലൻ
കനിവൊടു നിജ മന്ത്രിസ്ഥാനമത്ഭുതസ്ഥനത്താൽ
തനതുഗുരുവുദാരൻ സുബ്ബരായക്കു നൽകീ. 3

അനുദിനമവനീശൻ രാജ്യകാര്യ്യങ്ങളെല്ലാം
സനയമഖില ജോലിക്കാറരോടും ഗ്രഹിച്ചു
പുനരപി പല നാട്ടാരോടുമച്ചാരചക്ഷു-
സ്സിനിയുമഴിമതിക്കാരില്ലയെന്നാക്കിവച്ചു. 4

പലപല നിജ ജോലിയ്ക്കൊക്കെ യോഗ്യർമാത്രം
നില,യവനിയിലുണ്ടാവുന്നു രാജ്യം തെളിഞ്ഞു
നലമൊടഥ ഹജ്ജൂർകച്ചേരി കൊല്ലത്തുനിന്നും
നിലയനമരികത്തിൽശേഷഗേഹത്തിലാക്കി. 5

യുവനൃപതിനടത്തും രാജ്യരക്ഷാക്രമത്തിൽ
ഗവർണരിവിടെവന്നിട്ടേറ്റവും തൃപ്തനായി
അവികലതരയുദ്ധാഭ്യാസനിർബന്ധപൂർവം
നൃവരനുപരിയാക്കി ക്കൂട്ടിനാൻ സ്വന്തസൈന്യം. 6

വിതതതുരഗശാസ്ത്രം നോക്കിയുൽകൃഷ്ടവർഗ്ഗം
കുതിരകളെ വരുത്തിച്ചേർത്തു തൽസാദിസൈന്യം
പുതുതരമൃഗശാലാസൃഷ്ടിയാൽ കാട്ടുജന്തു
പ്രതിനിധിസഭകൂട്ടീ രാജധാനിക്കു യോഗ്യം 7

ദുരിതഹരമമോഘം ദർശനം നല്ലവർഗ്ഗം
സുരഭികളെവരുത്തീ ദൂരരാജ്യത്തുനിന്നും
പെരുകുമവസവർഗ്ഗം പുംഗവന്മാരനേകം
നരപതി ദയയോടും ചേർത്തുതാൻ കൊണ്ടുവന്നു 8

വിവിധതരവിഹംഗങ്ങൾക്കു സങ്കേതമായോ-
രിവിടെ നൃപതി നാനാദിക്കിൽനിന്നുംവരുത്തി
ശ്രവണമധുരമാകും പാട്ടു പാടിച്ചുകേട്ടു
കവിമണി ഗുണമേറും തദ്വിജക്കിഷ്ടി നൽകി. 9

ഗ്രഹനിലയറിവാനായ് നല്ല നക്ഷത്രബംഗ്ലാ-
വിഹനൃപതിയുറപ്പിച്ചീടിനാൻ ജ്യോതിഷജ്ഞൻ
വിഹിതമതുഭവിഷ്യൽകാലദോഷത്തെ നീക്കി
ദ്രുഹിണവിധി മറിക്കാനൊക്കുമോയെന്നു നോക്കാം. 10

നിയമനിപുണനേകൻ കണ്ടർമേനോൻ വടക്കൻ
നിയമിതനിഹ പേഷ്കാരെന്ന പേരോടുകൂടി
നയനിധി വസുധാധീശാജ്ഞയാ പ്രാജ്ഞരെച്ചേ-
ർത്തുയരുമൊരുസദസ്സിൻ സമ്മതത്തോടുകൂടി. 11

നിയമമെഴുതിയെല്ലാം തമ്പുരാൻ നോക്കിയേററം
പ്രിയതരമതു തുല്യംചാർത്തി സത്യപ്രതിജ്ഞൻ
നിയതമിവിടെ നീതിന്യായരക്ഷയ്ക്കു കോർട്ടി-
ന്നുയിരതു; ജനമാഹ്ളാദത്തൊടേ സ്വീകരിച്ചു. 12

പലടവുമിഹ മുൻസീപ്പിൻെറ കച്ചേരി വച്ചൂ
വലിയജഡ്ജിമാരോടൊത്തു ജില്ലക്കുകോട്ടും
നിലപെരുകുമനേകം പ്രാഡ്വിവാകകൾ, ന്യായം
പുലരുമൊരു സദർകോട്ടിട്ടു നീട്ടും കൊടുത്തു 13

ഇതുമുതലിവിടത്തേ നീതിന്യായം നടത്തു-
ന്നതിനു വിപുലമായിട്ടിട്ടതാമസ്ഥിവാരം
പ്രതിദിനമുയരുന്നു ലോകരേ രക്ഷചെയ്യും
സ്മൃതിയുടെ ലിപി തെററിക്കാതെ നോക്കുന്നമൂലം. 14

നിലവുമഥപറമ്പും കണ്ടെഴുത്തായി; വൃക്ഷം
ഫലരഹിതമൊഴിച്ചേ വച്ചുകൂട്ടു കരത്തെ
ഫലസഹിതമരത്തിൻപാട്ടം,മാ നട്ടവന്നാ-
യലിവൊടുമൊരുപാദം നീക്കിയേ വയ്ക്കുയുള്ളു. 15

നികുതിയിതുനിമിത്തംകൂടി; വാണിജ്യരക്ഷ-
ക്കുകെതളിരുതെളിഞ്ഞാത്തിരുവസ്സമ്പ്രദായം
വകതിരിവെട്ടു നിത്തീ ന്തുറന്തുറെറൺപതെണ്ണം
സുകൃതനിധിജനത്തിന്നിഷ്ടമേ ചെയ്കയുള്ളു. 16

കലപലതറിവുള്ളോനിംഗ്ലീഷ് ഭാഷകൊണ്ടേ
വില,നിജ ജനതയ്ക്കുണ്ടാകുവെന്നുള്ള കണ്ടു
കലിതവിശദതന്ത്രംചെയ്തു നാമിന്നുകാണും
വലിയവലിയകാളേജിൻെറ മൂലപ്രതിഷ്ഠ. 17

അതുവരെയിഹ മിഷ്യൻസംഘമാക്കോട്ടയത്തി-
ട്ടതുകഴികെയൊരേടത്തച്ചടിശ്ശാലയില്ല
ക്ഷിതിപതിയതുമൂലം സ്വന്തമുദ്രാലയത്തെ
ദ്രുതമഹിപതിഗേഹേ പ്രീതിയോടേൎപ്പെടുത്തി. 18

പലപണികൃഷിസൌകൎയ്യാൎത്ഥവും മററുമായി-
ബ്ബലമൊടു നിലനില്ക്കുത്തക്കപോൽ തീൎക്കവാനായ്
ഉലകുടെപെരുമാളന്നെഞ്ചിനിയർവകുപ്പിൻ
തലയുമിവിടെനട്ടാനാക്കരിമ്പെന്നപോലെ. 19

വിലലഘുവിലയേറും ദിവ്യദിവ്യൌഷധത്തിൻ
നിലയനമിവിടത്തേയായുരാരോഗ്യവേദം
നലമൊടറികെയിംഗ്ലീഷാശുപത്രികൾ രാജാ-
വലഘുതരധനത്തേ വാരിവൎഷിച്ചുവല്ലോ. 20

ശരിശരി; യതു ശസ്ത്രംകൊണ്ടു ചെയ്യും ചികിത്സാ
പരിചയമിഹ വൈദ്യന്മാൎക്ക കാണായ്കമൂലം
കരുണയൊടു ജനത്തിന്നായുരാരോഗ്യസൌഖ്യം
കരുതിയ നരപാലൻ ധൎമ്മമായ് ചെയ്തതത്രേ 21

കുലവതി മലയാളാന്തൎജ്ജനത്തോടുകൂടി
ഫലരതി കരുതിപ്പോയെന്നു ശങ്കിച്ചുവെങ്കിൽ,
വലിയ വിഷമമുണ്ടാം സ്മാൎത്തമീമാംസകന്മാർ
തെളിവുകളെയെടുത്തുംകൊണ്ടുടൻ ഭ്രഷ്ടരാക്കും 22

ചിലതുതെളിവുപോരാ, സംശയം മാത്രമെന്നാ-
നിലവരുമളവിങ്കൽ ശങ്കിതൻ പമ്പു വാങ്ങി
പലരുമറിയുവാനായാശു ചീന്ദ്രത്തുദേവൻ
നിലയനമണയേണം ദേവനെക്കുമ്പിടേണം 23

അവിടെ വിവിധലോഹംകൊണ്ടു നിമ്മിച്ചിരിക്കും
ശിവവൃഷഭമിട്ടും നൈ നല്ലവണ്ണം തിളച്ചാൽ
അവികലമതിലാക്കെ മുക്കിയാക്കാളയുംകൊ-
ണ്ടവനയരണമപ്പോൾ ക്രൂപ്പുകൈ വച്ചുകെട്ടും 24

ത്രിദിനപരിസമാപ്തേ കയ്യുഴിക്കുന്നനേര-
ത്തതിനു വരികയില്ലാ പൊള്ളലെന്നുള്ളപക്ഷം
വിധിയവനൊരു ജാതിഭ്രഷ്ടനല്ലെന്നുകിട്ടാ
മിതുവിബുധരഹല്യാജാരനായ് പണ്ടുവച്ചു. 25

ദയയൊടുമിനിമേലാൽ പന്വു വാങ്ങിപ്പരീക്ഷാ
നിയമമനുസരിക്കാൻ നോക്കിയാൽ ശിക്ഷ നൽകും
നിയതമിതിമഹാത്മാ രാമവമ്മാ സ്വധർമ്മ
പ്രിയനവനിയിലിന്ദ്രൻ ശാസനംചെയ്തുശസ്തം 26

കുടികളധികമത്ഥം കാണമായിക്കൊടുത്താ-
ക്കുടിയുമതിലുറപ്പിച്ചിട്ടു വാഴുന്നവസ്ഥ
കുടിലത പെരുകീടും ജന്മിമാർ വിട്ടൊഴിപ്പി-
ച്ചിടുവതു നരപാലൻ ശക്തിയായ് നിത്തൽചെയ്തു 27

ഇതിനിടെ റസിഡണ്ടും കുമ്പിനിസ്സേനയും മേൽ
ക്ഷിതിയിലിവിടെ വേണ്ടെന്നുള്ളൊരാ നിശ്ചയത്തെ
അധികൃതരറിവിച്ചു തമ്പുരാനേ; വിചാരി
ച്ചതിനുചിതനയത്തോടിപ്രകാരം പറഞ്ഞു. 28

പ്പടയുടെയൊരുസംഘം നിന്നുകൊള്ളട്ടെ,യെന്നാ-
ല്ലുടനടി റസിഡണ്ടും വിട്ടുപോകേണ്ടയെന്നും
സ്ഫുടമെഴുതിയപോലേ കുമ്പിനിക്കാരുസഖ്യം
തടവിയനുവദിച്ചാത്തിച്ച്യയും വന്നുചേന്നു. 29

കവികുലമണിസംഗീതാബ്ധികുംഭോത്ഭവൻതൻ
വിവിധതരകലാവിജ്ഞാനസമ്പത്തുകൊണ്ടും
അവികലജനരക്ഷാദീക്ഷകൊണ്ടും മഹാന്മാർ
ന്നുവരസവിധമെത്തിക്കൊണ്ടിരുന്നാരസംഖ്യം 30

ഭരതധരണിയെന്നല്ലെത്രയോ ദൂരെനിന്നും
വരുമനവധി വിദ്വാന്മാക്ക് സമ്മാനമേകി
സുരതരു തലതാഴ്ത്തുംമട്ടു ശോഭിച്ചിരുന്നു
പെരിയകഥ വൃഥാ ചൊല്ലുന്നു ഭോജന്റെപേരിൽ. 31

അനുജനൊടൊരുമിച്ചീ നാട്ടിലെല്ലാം നിഗൂഢം
മനുജരുടെ യഥാത്ഥാവസ്ഥ നേരിട്ടുകാണ്മാൻ
കനിവൊടു മെഴുന്നെള്ളി ധമ്മനിഷ്ഠക്കനേകം
ഗുണമിടയിടെ ചെയ്തും ധമ്മസംരക്ഷചെയ്തു. 32

ഇതു നവമവതാരംതന്നെ യെന്നായഥാത്ഥ
സ്ഥിതി ജനമറിയാതേ കണ്ടിരുന്നില്ലനാട്ടിൽ
പ്രതിദിനമഭിവൃദ്ധിപ്പെട്ട രാജ്യത്തിലാശ്രീ-
പതിയുടെ പദപത്മം ഭക്തരെന്നും വണങ്ങി 33

പൃഥിവിയിതു പിടിച്ചിട്ടുള്ള മാത്താണ്ഡവമ്മാ
വ്യഥിതനിടവിടാതേ യുദ്ധമല്ലോ നടത്തി
അഥ നരപതി സാക്ഷാൽ ധമ്മരാജാവുപോലും
പ്രഥിതസമരസന്നാഹത്തിലുദ്യുക്തനല്ലീ? 34

ധരണിയിലിതുപോലേ ശാന്തമായ് സൌഖമായി-
ട്ടൊരുദിവസമിരുന്നിട്ടുള്ളതോ പണ്ടു ലോകം?
പുരുസുകൃതമസംഖ്യം പണ്ടു ചെയ്തിട്ടതിന്റെ
പരിണതഫലമല്ലോ തമ്പുരാനായ് പിറന്നു 35

മഹിതദിനകരനും പൂണ്ണചന്ദ്രനുമില്ലേ
ഗ്രഹണവിഷമകാലം സംഭവിക്കുന്നു ദൈവാൽ
അഹിതകരനൊരുത്തൻ കൃഷ്ണസപ്പോപമാനൻ
സഹ പുതുറസിണ്ടാം കള്ളനോടിങ്ങുവന്നു 36

ശബരിമല വെളിച്ചപ്പാടു വാളോടുക്രൂടി
സുബഹുമതനുദാരം സഞ്ചരിക്കുന്നതില്ലേ?
പ്രബലതയവനെന്തോന്നുള്ളു കള്ളുംകുടിച്ചാ-
ട്ടുബലതയുടരുന്നോ എന്നു നോക്കുന്നതുണ്ടോ? 37

സുദൃഢമരിയൊരിംഗ്ലീഷ് കമ്പിനിക്കാരുമായി
ക്ഷിതിപതി നെടുനാളായ് മൈത്രിയോടൊത്തിരിക്കെ
അതി ബഹുമതിയോടാക്കമ്പിനിക്കാരയയ്ക്കും
പ്രതിപുരുഷനെ യുവ്വീപാലകൻ സ്വീകരിയ്ക്കും 38

അവരിലധിക യോഗ്യന്മാരുമുണ്ടാം; വിധാതാ
വിവിധനിലയിലല്ലൊ മത്ത്യരേ സ്സൃഷ്ടിചെയ്തു
ചെവിനുണപറയുന്നോൻ കൃഷ്ണരായക്കു നൽകി
നവമിഹ റസിഡണ്ടാം മിസ്റ്റർ കല്ലൻവരുന്നു. 39

നൃവരനുടയവൻ ശ്രീ വഞ്ചിരാജ്യത്തിനെന്നാ-
ലിവിടെ നൃപഹിതത്തെ ഗണ്യമാക്കാതെ തന്നെ
ശിവ! ശിവ! റസിഡണ്ടിൻ സേവകൊണ്ടേ ദിവാനാ
യവനിയിതു ഭരിക്കാനേഷണിക്കാക്കു മോഹം. 40

നരപതിയൊരു ചിത്രംപോലിരിക്കട്ടെ, കേറി
ബ്ഭരണരഥതുരംഗത്തിൻ കടിഞ്ഞാൺ പിടിക്കാൻ
വരുമിഹ റസിഡണ്ടിൻ സേവനെന്നുള്ളതൊക്കെ
ക്കരുതി യെഴുതിവച്ചിട്ടുള്ളതോ സന്ധിപത്രം? 41

ക്ഷിതിപതി നയമോടേ നാലുപായത്തിലൊന്നാ-
യധമനു ചിലദാനംചെയ്തു പാമ്പിന്നു പാൽപോൽ
ത്രിതയശതകരൂപ്യം ശമ്പളംവച്ചു പേഷ്കാർ
പദ"മുപ"പദപൂർവ്വം കൃഷ്ണരായക്കു കിട്ടി. 42

അവനവിടെയിരുന്നുംകൊണ്ടു കഷ്ടം! ദിവാനെ
നൃവരഗുരുവിനേ, യോടിക്കുവാൻ ലാക്കു നോക്കി
വിവരമിതു ധരിക്കും തമ്പുരാനീഷ്യതോന്നീ
വിവരമിതിനകത്താ കൃഷ്ണസപ്പം കടന്നു 43

അവനുടെ യജമാനൻ വമ്പു കണ്ണത്തിനുള്ളോൻ
സവിധ മവനണഞ്ഞുംകൊണ്ടു കള്ളം പറഞ്ഞു
നൃവരനു രസമില്ലാ ചെന്നു കാണുന്നതെന്നും
ചെവിയുടെ വികലത്വം താവകം മൂലമെന്നും 44

ഇരുചെവിയറിയാതേ കള്ളമുള്ളത്തിലാക്കി
പ്പുരുഷമൊട്ടുതുടങ്ങീ സ്വാധികാരപ്രയോഗം
ഒരുവനെയുമൊരുദ്യോഗത്തിനും വയ്ക്കുകൂടാ
നരപതി റസിഡണ്ടിൻ സമ്മതം വാങ്ങിടാതെ 45

ഒരുവനു മവനർഹിക്കുന്നതാകും കയററം
വരുതിയൊട്ടു കൊടുത്തില്ലെങ്കിലോ റദ്ദുചെയ്യും
പരമതിരതിലും വിട്ടന്നു കോട്ടാർവിധിക്കും
പരമമൊരധികാരം തന്നിലുണ്ടെന്നു കാട്ടി. 46

തെരുതെരെയെഴുതേണം കോർട്ടുകാർ സായ്പു ചോദി-
ച്ചൊരുവിവരമനേകം കേസുസംബന്ധമായി
ദുരിതമിതു; സാമാധാനങ്ങളും ജഡ്ജിമാരാ-
ധാരയുടെ യരികത്തിൽ ചൊല്ലണം തീർപ്പുചെയ്താൽ 47

അവരവരുടെ കൃത്യം ചെയ്യുവാൻ നേരമില്ലാ-
തിവയെഴുതി ദിനംപോക്കുന്നതായ് ജഡ്ജിമാരും
വിവരമഖിലവും വിജ്ഞാപനം ചെയ്തു രായ-
ക്കവിരള കുരളയ്ക്കാസ്സായ്പു പാത്രീഭവിച്ചു. 48

ഭരണമിവിടെയൊക്കെ ത്താറുമാറെന്നു റിപ്പോ-
ട്ടരചനു ചിലദൂഷ്യം ചൊല്ലി മദ്രാസിലെത്തി
പരമകലെയിരിക്കും കമ്പിനിക്കാരറിഞ്ഞോ
ശരിവരെയിവിടത്തെ സ്സമ്പ്രദായങ്ങളേതാൻ? 49

അരചനു വിപരീതംചെയ്തു റിപ്പോർട്ടുവച്ചാ-
ധാരകളെഴുതി ലണ്ടൻ, കമ്പിനിക്കോട്ടിലേക്കും
പെരിയവരവരീക്കായ്യത്തെ നേരെന്നുചിന്തി-
ച്ചൊരുകുറി നൃപനീഷ്യാ ഹേതുകം വിട്ടയച്ചു. 50

നരവരഗുരുവാകും സുബ്ബരായർ ദിവാനി-
ദ്ദുരിതദശയിലുദ്യോഗത്തെ വേണ്ടെന്നുവച്ചു
ഒരുപൊഴുതു പരിക്ഷിച്ചീടുവാൻ കൃഷ്ണരായ-
ക്കരചനൊരു കയററം നൽകി പേഷ്കാർപദത്തിൽ. 51

പകരമഥ ദിവാനായ് വേലനോക്കുന്നതിന്നാ-
വികൃതിയൊടുപറഞ്ഞൂ തമ്പുരാനിമ്പമോടെ
സുഖമതു റസിഡണ്ടിന്നേകി പിന്നെത്തെറിപ്പോ-
ട്ടകലുഷമെഴുതിക്കൊണ്ടീടിനാൻ പ്രൌഢമായി. 52

കരുതിയവരിദാനീം കൃഷ്ണരായർക്കു കിട്ടും
സ്ഥിരസചിവപദം സന്ദേഹമില്ലാതെയെന്നു
നരപതിയിതിനേതും സമ്മതിച്ചില്ല വേറേ-
യൊരുപഴയ ദിവാനെസ്ഥീരമിങ്ങാനയിച്ചു 53

അതു പരിചിതനാകും റെഡ്ഡിരായർ ദിവാൻതാ-
നതുമഥ റസിഡണ്ടിന്നിഷ്ടമില്ലാതെയായി
സുതരൊടുമൊരുമിച്ചാ മന്ത്രി വന്നു ഹജൂരിൽ
പദമുടനെ കൊടുത്താനെന്നതാക്ഷേപമായി. 54

അവരെ നൃപതിമാററി; വീണ്ടുകൈക്കൂലിവാങ്ങു-
ന്നവരനുചരരുണ്ടായെന്നു ദുഷ്കീർത്തിവന്നു
അവമതിവരുമെന്നാശ്ശങ്കയാൽ റെഡ്ഡിരായ-
ർക്കിവിടമുടനുപേക്ഷിക്കേണ്ടതായ് വന്നുകൂടി. 55

പകരമുടനെയപ്പീൽകോർട്ടിലേ പ്രാഡ്വിപാക-
പ്രഥമനു നരപാലൻ മന്ത്രിയായ് നീട്ടുനൽകി
ഇതിനിടയിലവസ്ഥയ്ക്കൊക്കെയും കുമ്പിനിക്കാ-
ർക്കതിവിശദമയച്ചു, തമ്പുരാൻ സ്വന്തലേഖം. 56

അതിനഥ റസിഡണ്ടാക്കൃഷ്ണരായർക്കുവേണ്ടി
ക്ഷിതിപനൊടു വിരോധപ്പെട്ടതിൽ ശങ്കകൂടി
അഥ നൃപനെതിരായിപ്പാർക്കുവാനൊക്കുകില്ലെ-
ന്നതുകരുതിയൊഴിഞ്ഞങ്ങോടിനാൻ കൃഷ്ണരായർ. 57

അവമതിയിതുതന്നോടെന്നു ചിന്തിച്ചു കല്ലൻ
നൃവരനു ഹിതമല്ലാതുള്ളതിൽ ദൃഷ്ടിവച്ചൂ
ഇവിടെയിനിയിരുന്നാൽ സുബ്ബരായൻ വഴക്കി-
ന്നവിരളമിടയാക്കും പോലിതെന്നായി തക്കം. 58

അതിനെഴുതിയയച്ചിട്ടാവിധം കമ്പിനിക്കാ-
രഥമറുപടി വിട്ടു രായരും നാടുവിട്ടു
ഇതുപരമപമാനം തന്നെയെന്നെണ്ണി മന്നൻ
ക്ഷിതിയുടെ ഭരണത്തിൻ ക്ലേശമെല്ലാമറിഞ്ഞു. 59

പരുഷമലിനമായിക്കൂട, കണ്ണാടി തോല്ക്കും
തിരുഹൃദയമിതോർത്താ രായരേയാനയിച്ചു
തിരികെയിനിയുമാ പ്പേഷ്കാരുജോലിക്കിരിപ്പാൻ
കരുണയൊടു കൊടുത്തു കൃഷ്ണരായർക്കു നീട്ടും. 60

“അറിയുമഖിലവും ഞാൻ; വിസ്മരിക്കുന്നു സർവ്വം;
കരുതണമിനിമേലാലെൻറയാളെന്നുതന്നെ
അരുതു തവവിചാരം കല്പനുള്ളാളുതാനെ-
ന്നൊരുമയൊടു ദിവാനും ചേർന്നുപോയ് ജോലിചെയ്യൂ.” 61

കരുണ ചിതറിയേവം ചൊല്ലുമാ വാക്കുകേട്ടു
വിറയലൊടു മുതിർന്നീടുന്ന ബാഷ്പങ്ങളോടും
“തിരുവടി! യടിയാനാം ദാസനേ രക്ഷരക്ഷേ”
ത്ത്യൊരുവിധമുരചെയ്തു രായരപ്പോൾ തെലുങ്കിൽ. 62

നളനു കലിനിമിത്തം ക്ലേശമുണ്ടായതില്ലേ?
കലിമലമരചന്നപ്പോളെയുണ്ടോ ഭവിച്ചൂ,
സ്ഫടികഫലകഭാഗേ പട്ടുരയ്ക്കുമ്പൊളുണ്ടാം
തടിദിവ തിരുവുള്ളം ദിവ്യചൈതന്യമാന്നു. 63

അനുജനു കൃപയോടേ നൽകി തൻഭാരമേററം
ഗുണകരമുപദേശാനുഗ്രഹത്തോടുകൂടി
മുനികളുമറിവാനായാഗ്രഹിക്കും പദത്തേ
മനസി ദൃഢമുറപ്പിച്ചീടിനാനാടലെന്യേ. 64

സകലനിഗമസാരം മുക്തിപന്ഥാവുകാണ്മാ-
നകമൊരു മുകുരംപോൽ ഭക്തിയോടെത്തിടേണം
അഖിലരുമിതുകാണ്മാൻ * “മഞ്ജരീ” മഞ്ജുളശ്രീ
സ്വകൃതിയെ വിരചിച്ചൂ നവ്യനാരായണീയം 65

---

* ഭക്തിമഞ്ജരി എന്ന പുസ്തകം.

പരുഷതരശിലയ്ക്കും കൂടിയാർദ്രത്വമേകും
സ്വരയതിലയതാളത്തോടിണങ്ങുന്ന ഗീതം
തിരുമുഖഗളിതം സങ്കീർത്തനം പുത്തനായി-
പ്പരമപുരുഷഭക്തിസ്തോമമാം സാമവേദം 66

ആശാപാശമകപ്പെടാതഖിലവും ശ്രീപത്മനാഭാർപ്പണം
ചെയ്താദ്ദിവ്യമഹസ്സമേയപരമം ജ്യോതിസ്സിലൊന്നിക്കവേ
ആശാന്തസ്ഥചരാചരങ്ങളഖിലം ബാഷ്പാംബുബിന്ദുക്കളെ
ക്ലേശത്തോട്ടമൂതുത്തുകൊണ്ടു ദിവസം പോക്കീ തപിച്ചെത്രയും. 67

സ്നാനം മാനസതീർത്ഥസത്യസലിലേ രാഗാദിപങ്കാവലീ
ഹീനേ, ജ്ഞാനമയാഗ്നിയെത്തിലെവനാൽ ചെയ്യപ്പെടുന്നു സ്വയം
ആ നൈർമ്മല്യമിയന്നവർക്കു സുലഭം ബ്രഹ്മൈക്യമപ്പോളവ-
ർക്കീനിസ്സാരജഗത്തിലെന്തു പെരുമാളായാലുമല്ലെങ്കിലും. 68

൨൪-ാം സർഗ്ഗം

ഉത്രംതിരുനാൾ തമ്പുരാൻ

ഉത്രതാരജാതപൂർണ്ണഭാഗ്യരാശി തമ്പുരാൻ
പൃത്ഥ്വിഭാരമേററു പത്മനാഭദാസനാദരാൽ
അത്യുദാരബുദ്ധി ലോകരക്ഷചെയ്തു നിത്യമാം
കീർത്തി പാരിലൊക്കെയും പരത്തി പൂർവ്വരീതിയിൽ. 1

ശ്രീനിവാസരായരെ തിരിച്ചയച്ചു ജഡ്ജിയായ്
മാനമോടുയർത്തി മന്ത്രിയാക്കി കൃഷ്ണരായരെ
സ്ഥാനയോഗ്യമാം നിലയ്ക്കു ഭാരമേററു താങ്ങിയാൻ
പ്രീണിതാന്തരംഗനായകല്പകല്പ×"തൂണകം" 2

നിർത്തലാക്കി സത്വരം കുടിപ്പിരിക്കരങ്ങളെ
കൃത്യമായി രാജ്യരക്ഷ വേണ്ടപോൽ നടത്തവെ

× തൂണകം വൃത്തം.

കുത്തകച്ചരക്കു * "ധൎമ്മപത്തനം" സ്വതന്ത്രമാ-
യത്രവില്ക്കുവാൻ കനിഞ്ഞു ശുല്ക്കമേൎപ്പെടുത്തിയാൻ. 3

പൊന്നുതമ്പുരാനുമായ് പിണങ്ങിയിട്ടു തൂക്കവെ
താഴ്ന്നുപോയ പൊന്നെടുത്തു വേദിയക്കു നൽകിനാൻ
ഉന്നതാധികാരിയോടു മത്സരിക്ക കാരണം
വന്നതാഴ്ച; നല്ലതോ ഗുരുത്വമുള്ളവൎക്കിതു? 4

ആംഗലാധിനായികൎക്കു ചിത്രശില്പമെത്രയും
ഭംഗിചേൎത്തിടുന്ന ദന്തനിൎമ്മിതം വരാസനം
അങ്ങയച്ചു കാഴ്ചവച്ചു കാട്ടിലുള്ള കൊമ്പനും
താങ്ങിടുന്നു തന്റെ ശംഖമുദ്രയെന്നു കാട്ടിനാൻ. 5

പൂൎവ്വപൎവ്വതത്തിനും കിഴക്കതിൎത്തികൾക്കെഴും
ചൊവ്വുനോക്കിയൊപ്പമങ്ങുമിങ്ങുമേറിയുള്ളിടം
സൎവ്വസമ്മതേനവച്ചു മാറി കപ്പവും കുറ-
ച്ചാവകൎക്കു കിട്ടി; തൎക്കമററതിൻറു കേവലം 6

വമ്പനാം നവാബുമായുടമ്പടിക്കുചേൎന്നപോൽ
കൊമ്പനാനയും പണങ്ങളും കൊടുത്തിടേണ്ടതും
കുമ്പിനിക്കു ചെല്ലവേണ്ടതായിവന്നുവെങ്കിലും
മുമ്പിലത്തതിൽ കുറച്ചു; കൂട്ടി കപ്പമങ്ങിനെ. 7

ഭൂമിയെത്തിരിച്ചു നാലു ഖണ്ഡമാക്കിയെത്രയും
ക്ഷേമമായ് ഭരിക്കുവാൻ നിയുക്തരായ ശക്തരാൽ
ആ മഹീവിഭാഗമൊക്കെയൊന്നിനൊന്നു പൊങ്ങവെ
ക്ഷാമദേവതാക്രമത്തിനുള്ള ഭാവമായിതെ. 8

തെക്കുദിക്കിലൊക്കെയും കൃഷിയ്ക്കുണക്കു തട്ടുവാൻ
തക്കവേനലായി ഭൂമി ശുഷ്കമായി കേവലം
ആക്കരിമ്പനയ്ക്കുപോലുമാക്കമില്ല നില്ക്കുവാ-
നക്കനെത്ര കൎക്കശൻ; കരംകുറച്ചു തമ്പുരാൻ 9

* കുരുമുളക്.

തൽകരങ്ങളുഗ്രമാക്കി നില്ക്കുമർക്കമണ്ഡലം
മുക്കി; പുഷ്കരേനിറഞ്ഞു തിക്കി മേഘവാരിധി
നില്ക്ക! നില്ക്ക! ശക്തിയുള്ളൊരർക്കതാപമേല്ക്കവെ
നോക്കുവിൻ വടക്കു മേഘമൊക്കെയും കരിഞ്ഞിതോ! 10

തീപിടിച്ചു താപമേററു വാരിദം ഭയങ്കരം
വാ പിളൎന്നു നാക്കു നീട്ടി മിന്നലെന്നമാതിരി
ഹാ! പരം കഠോരഗൎജ്ജനം തുടങ്ങിയെത്രയും
പാപ!മാശു ഘോരഘോരകാലരൂപമായിതെ. 11

ഈയവസ്ഥ കേട്ടറിഞ്ഞു മേഘതാപമാററുവാൻ
വായുവോടിയെത്തവേ വഴിക്കുവീണ മാമരം
പായുമാശുഗൻ സഹായമായി വീശുമപ്പൊഴേ
തോയദം തണുത്തുപോയി വീണു ഭൂധരോപരി. 12

എന്തതിൻഫലം! മലയ്ക്കുപെയ്ത മാരികാരണം
ധിംധിമെന്നുചാടി വെള്ളമുന്തി വൃക്ഷസഞ്ചയം
ദന്തിയും മറിഞ്ഞുരുണ്ടു നീന്തിയാറുമിക്കളും
സിന്ധുവായി ശോണകാന്തി ചിന്തിഹന്ത! ഫേനിലം. 13

തള്ളിവന്ന വെള്ളമാറുവിട്ടുപൊങ്ങി കൂലമെ-
ന്നുള്ളതില്ല വീടുമുങ്ങി കാടുമുങ്ങി പാടവും
വള്ളമെങ്ങു? തോണിയെങ്ങു? മാടുമാളുമന്നതി-
ന്നുള്ളിലായി വീപ്പുമുട്ടിയൊട്ടു ചത്തുപോയിതെ. 14

എള്ളുപോയി നെല്ലുപോയി സൂപ്യവർഗ്ഗവും തഥാ
വെള്ളരിക്കു കായിടുന്ന വേമ്പനാട്ടുകായലിൽ
പുല്ലുപോലുമന്നുചീഞ്ഞു സങ്കടങ്ങളിത്രയെ-
ന്നുള്ളതാക്കറിഞ്ഞുകൂട്ടമീശ്വരൻ തുണയ്ക്കണം. 15

വേനലായ മീനമാസകാലമെത്രയും ക്ഷണം
വാനിരുണ്ടു മാരിപെയ്തു വെള്ളമേറിവന്നതിൽ
ദൂനരാം ജനങ്ങളെത്തുണച്ചു തമ്പുരാൻ സദാ
ദീനവത്സലൻ ഭജിച്ചുകൊണ്ടു പത്മനാഭനെ 16

ന്യായമായ കാലമല്ല ദുർന്നിമിത്തവർഷമെ-
ന്നായിരുന്നു ശങ്കശാസ്ത്രബോധമുള്ളവക്കിതിൽ
ആയതാണു നേര,ട്ടത്തമാസമായി പാർവ്വതീ-
ഭായിതമ്പുരാട്ടി ഭാനുമണ്ഡലത്തിലെത്തിയാം. 17

ക്ഷാമദേവതയ്ക്കു നൃത്തശാലപോലെയാകുമീ
ഭൂമിയിൽ ജനാവനൈകദൃഷ്ടി പൊന്നുതമ്പുരാൻ
ആ മഹാവിപത്തൊഴിച്ചു വംഗരാജ്യതണ്ഡുല
സ്തോമമാനയിച്ചു വാരിവാരി നൽകി നീളവെ. 18

അന്യരാജ്യലബ്ധമായ നെല്ലരിച്ചരക്കിനേ
യന്നുതൊട്ടുമാത്രമാശ്രയിച്ചിടുന്നു നാട്ടുകാർ
അന്നുവന്ന കഷ്ടമൊക്കെ നീക്കി ലോകരൊക്കെയും
നന്ദിയോടു കണ്ടറിഞ്ഞു മന്നവൻെറയാർദ്രത. 19

തമ്പുരാൻ ദയാലുവാണു കമ്പിനിപ്പുമാൻ തനി-
ക്കന്പുചെയ്യുമെന്നു തള്ളലുള്ള കൃഷ്ണരായരെ
കമ്പമാക്കുവാൻതുടങ്ങി പാതിരിപ്രമാണിമാർ
മുമ്പുചെയ്ത പാപമൊക്കെ മൂർത്തിയായി വന്നപോൽ. 20

ഉദ്ധതൻെറ ശിക്ഷയുഗ്രമൂർജ്ജിതം ഭയങ്കരം
ശ്രദ്ധയുണ്ടു വേലചെയ്യുതിന്നിതൊക്കെയെങ്കിലും
ക്രുദ്ധരായ പാതിരിപ്രമാണിമാരനേകരും
ബദ്ധകങ്കണം തുടങ്ങി പത്രലേഖനാഹവം. 21

കല്പനംദിവാനുമൊന്നുചേർന്നുകൊണ്ടു സർവ്വഥാ
നല്ലരാജ്യമെത്രയും കുഴപ്പമാക്കി വയ്ക്കയാൽ
ഇല്ലരക്ഷ നാട്ടുകാൎക്കു തെല്ലുമെന്നടിക്കടി-
ക്കല്ലയോ വരുന്നുചെന്ന പട്ടണോത്ഥപത്രിക? 22

സാരമില്ലിതെന്നുവച്ചു തള്ളി രായരെങ്കിലും
നീരൊലിപ്പുകൊണ്ടുമാ ഭിത്തിലയ്ക്കു പാത്തി വീണുപോം
പോരെയെങ്കിലന്നു കമ്പിനിക്കയച്ചു സങ്കടം
നേരെയും മിനക്കെടാതെ ക്രിസ്തുവേദവിത്തുകൾ. 23

പാതിരിപ്പരാതിമൂത്തു കുമ്പിനിക്കസഹ്യമായ്
നീതികേടിനെക്കുറിച്ചു ചെയ്യുവാൻ വിചാരണം
ഏതുമാതിരിക്കുവേണമെന്നുവന്നു സംശയം
ഭൂതകാലചച്ച്ചെയ്തുനോക്കി സന്ധിപത്രിക. 24

കമ്മിഷൻ വിചാരണയ്ക്കു പത്രികാ നിബന്ധനം
സമ്മതിക്കയില്ല കാര്യമുള്ളിലുള്ളതാകയാൽ
തമ്മിലുള്ളസഖ്യമാ, ഹിതോപദേശവാക്കിനേ
നന്മയെന്നൊടുക്കുവാൻ നൃപാശയം തെളിച്ചിട്ടും 25

എന്നു നിശ്ചയിച്ചധീശശാസനാനുരൂപമായ്
തന്നെക്കുത്തു മൂത്തവാക്കിടയ്ക്കുവച്ചു ഭംഗിയിൽ
മന്നവന്നയച്ചുകത്തു ചെന്നപട്ടണസ്ഥരായ്
മിന്നിടുന്ന കുമ്പിനിപ്രമാണി മുദ്രവച്ചതായ്. 26

മേമ്പൊടിക്കു തേനൊഴിച്ച തിക്തകം കഷായമാ–
ത്തമ്പുരാൻ കുടിക്കവേണമെന്നപോലെ വന്നുതേ
'മുമ്പു പൂർവ്വജൻ പിണങ്ങി കൃഷ്ണരായരോടതും
പിമ്പു ഞാനിണങ്ങി രണ്ടുമൊന്നുപോലെ ദുർഘടം. 27

കാര്യശേഷിയുണ്ടു ജോലിനോക്കുവാനയാൾക്കവൻ
ധൈര്യശാലി, താഴ്കില്ലൊരാളിനോടുമെങ്കിലും
ക്രൌര്യഗർവ്വദുർഗ്ഗുണം നിമിത്തമേഷപത്തിമേൽ
വൈരരത്നമുള്ള സർപ്പസന്നിഭം ഭയങ്കരൻ- 28

ദൂരെയുള്ള കുമ്പിനിപ്രമാണികൾക്കവാസ്തവി-
ധാരണയ്ക്കു പത്രപങ്ക്തി വേദവാക്യമായിതോ?
നേരുകെട്ടൊരാവലാധി കാര്യമായ് ഗണിച്ചതോ?
പോരുമീയവസ്ഥയിങ്ങു ശല്യമന്തരാന്തരാ." 29

എന്നിവണ്ണമുള്ള ചിന്തകൊണ്ടു സന്തപിക്കവെ
മന്നവൻെറ ഭാഗിനേയനുന്നതാശയൻ മഹാൻ
പന്നഗർക്ഷജാത രാമവമ്മതമ്പുരാൻ കുറ–
ച്ചൊന്നു ദൃഷ്ടിവച്ചതിന്നയച്ചുയുക്തമുത്തരം. 30

ചെയ്തുഗാൎഹ്യമായനേകകൎമ്മമുന്നതം മഹാ-
വൈദികം വ്യയാധികം ഹിരണ്യഗൎഭവും നൃപൻ
ഈതിബാധ നേരിടാതെ രാജ്യരക്ഷ ചെയ്കയാൽ
പ്രീതരായ് ഭവിച്ചു സൎവ്വജാതി ലോകരും സുഖം 31

ഭാരതാവനീതലേ ശിപായി മത്സരത്തിനാ
ലേറിയോരുശണ്ഠകൊണ്ടു ദൂനരായി കമ്പിനി
ഘോരമാം വിപത്തതിൻെറയോളമീയതിൎത്തിയിൽ
കേറിടാതെ വേണ്ട രക്ഷചെയ്തുനിന്നു തമ്പുരാൻ. 32

റാണിലക്ഷ്മിഭായി രാജകല്പവൃക്ഷമൂലമാം
ക്ഷോണിപാല ബാലകാവതാരശേഷമാതുരാ
പ്രാണനേ വെടിഞ്ഞു വംശതന്തു വേർപിരിഞ്ഞതിൽ
കേണു ദത്തെടുത്തു രണ്ടു കന്യകാജനങ്ങളെ. 33

കമ്പിനിശ്ശിപായി മത്സരാന്ത മിംഗലാണ്ടിലേ
വമ്പെഴുന്ന റാണിയായി തത്ര ചക്രവൎത്തിനീ
തൻപ്രജയ്ക്കുതുല്യ മിൻഡ്യതന്നിലേ ജനങ്ങളേ
യൻപൊടേ ഭരിക്കുമെന്നു ചെയ്തിതേ വിളംബരം. 34

ജാതിയോ മതങ്ങളോ യഥോചിതം നടത്തുമാ-
രീതിയിൽ കടന്നു കൈയിടാതെ കണ്ടു നിത്യവും
നീതിയായ്ഭരിച്ചു ലോകരക്ഷ ചെയ്യുമെന്നതീ
ഭൂതലത്തിലൊക്കെയും തമുക്കടിച്ചുണൎത്തിയാൾ. 35

കമ്പിനിക്കു കിട്ടിയോരു കോയ്മ ചക്രവൎത്തിനീ
തൻപദത്തിലേക്കു വിട്ടൊഴിഞ്ഞ കാരണത്തിനാൽ
മുമ്പുചെയ്ത സഖ്യബന്ധമപ്രകാരമൊക്കെയും
തമ്പുരാനുമായി രാജ്ഞി ചെയ്തപോൽ ഗണിച്ചിടും. 36

ആറുവത്സരംകഴിഞ്ഞു രണ്ടുമാസകാലമി-
ങ്ങേറിയോരു വേദവിജ്ഞരൊത്തുചേൎന്നു ചെയ്തിടും
സാരമായ വേദമന്ത്രഘോഷപൂൎണ്ണമുത്സവം
തീരുമപ്പൊഴേക്കു ചത്തു കൃഷ്ണരായരാംദിവാൻ. 37

രാമമേനവൻ ക്രമത്തിലഷ്ഠനെന്നിരിക്കിലും
കേമനെങ്കിലും നൃപാലനിഷ്ടമെന്നിരിക്കിലും
ആ മനുഷ്യനല്ലപോൽ ധരാരക്ഷ ഋപ്തനാകയാൽ
ഭൂമണ്ഡലനാക്കി മാധവാഭിധാനരായരെ 38

ആ ദിവാനനല്ലകീൎത്തിനേടി പന്നഗർക്ഷജൻ
മേദിനീശരന്നുമുമ്പു ദേശികൻ വിദേശികൻ
ഈദൃശക്ക വേലനല്കിയെങ്കിലാക്ക സങ്കടം
സ്വാദ്ദളങ്ങളായി രായരാചരിച്ചതൊക്കെയും 39

"കയിററി"തി പ്രസിദ്ധനായ സായ്പു് വന്നു നൂതനം
കയററി വാനിലേക്ക ഗോളരൂപമായ ഖേചരം
ഇയററി കൗതുകം പരം ലഘുത്വമുള്ള വായുവിൻ
പയററുതന്നെയൂതിവിട്ട ബുൽബുദത്തിലെന്നപോൽ 40

പറന്നു ശേഷമന്ദിരേ നൃപാലയാന്തികത്തെവി-
ട്ടയന്നുചെന്നിറങ്ങി യാജ്യവാഹിനീകരസ്ഥലേ
അവന്നു തമ്പുരാൻ കൊടുത്തു പാരിതോഷികം പരം
നവം നവം വിനോദമെത്ര വന്നു വാസരംപ്രതി 41

ഉത്തമനാട്ടമെന്നു ശുദ്ധധൂമകേതു ചൊല്ലിടും
രാമനാട്ടമെന്നു നല്ലപേരുകേട്ട നൎത്തനം
ആ മഹീന്ദ്രനെപ്പൊഴും പ്രിയം തദീയസാഹിതീ
ശ്രീമുദാ തളിൎത്തുപൂത്തു കേരളാവനീതലേ. 42

വൎഷലോപമെങ്കിലും ജലം കൃഷിക്കയെക്കയാൽ
കൎഷകക്ക നിത്യമായ ഹൎഷമുത്ഭവിക്കുവാൻ
വൎഷമൊന്നിലെങ്കിലും കുറഞ്ഞിടാതെകണ്ടു നി-
ഷ്കൃഷ്ടയോടു തോടുവെട്ടി വിട്ടുവന്നിരുന്നതേ 43

നായന്മാരുടെ വേലചെയ്തുകഴിയും ചാന്നാർജനം മിഷ്യനിൽ
പോയി പ്പാതിരിമാർകൊടുത്തൊരുപദേശത്തിൻ പ്രഭാവത്തിനാൽ
ഞായം പൂൎവ്വികമൊക്കെവി,ട്ടുടനടപ്പാചാരവും മാററവേ
പേയായ്ത്തീൻ വഴക്ക രണ്ടുസമുദായത്തിന്നുമുണ്ടാകയാൽ 44

തെക്കൻദിക്കിലശേഷവും ലഹളയുണ്ടായി ശമിപ്പിക്കുവാൻ
പേഷ്കാർ മേനവനും പ്രമാണികളുമുത്സാഹിച്ചു വേണ്ടുംവിധം
അക്കാലത്തുമനേകധാ ഭരണദോഷാപശ്രുതിക്കാഹളം
തെക്കൻമിഷ്യനിലുള്ള പാതിരികളുത്സാഹത്തൊട്ടൂതീടിനാർ 45

ഈ ലോകത്തിലതേവരെയ്ക്കുമുപകാരം ചെയ്തോരാക്ക്രൂട്ടരെ-
ക്കാളും സ്വർഗ്ഗസുഖംകൊടുക്കുമവരേ സ്നേഹിച്ചതിൽ കുററമോ?
ഈ ലജ്ജാകരമാംവഴക്കു മദിരാസിൽ കേട്ടു, ചാന്നാട്ടിമാർ
മേലാപ്പിട്ടു നടപ്പതിന്നു നൃവരൻ കല്പിച്ചു;വന്നൂ ശമം 46

അന്നീക്കേരളഭൂമിയിൽ കവികുലാലങ്കാരമാണിക്യമായ്
മിന്നും കേരളവർമ്മദേവനെ വരിച്ചൂ, ലക്ഷ്മിറാണിമണി
മന്നോർമന്നവനാ മഹോത്സവമതുല്യാ ഘോഷമാക്കി ജനാ-
നന്ദം നിത്യമുയർത്തിയങ്ങിനെ വിളങ്ങുന്നൂ കളങ്കംവിനാ 47

കാരുണ്യം നിറയുന്നൊരാ നരവരൻ ശ്രീപത്മനാഭാച്ചക-
ന്മാരിൽ തത്ര സുപർണ്ണനെന്ന നിലയിൽ സേവിച്ചു മേവീടവേ
ഈരാജ്യം നിജഭാഗിനേയനഹി നക്ഷത്രേശനേകി സ്വയം
സ്വരാജ്യത്തെഴനെള്ളി ധർമ്മനിരതൻ നിർമ്മത്സരൻ നീതിമാൻ.

൨൦—ാം സർഗ്ഗം.

ആയില്യംതിരുനാൾ മഹാരാജാവു്.

തദനു ധരാഭരം ഭരതനൊപ്പമിളംതലയാൽ
മദനമനോഹരൻ സദയമേററു മഹാമതിമാൻ
ഉദയമഹാചലെ ദ്യുമണിപോലേ സരാഗകരം
ചിതറി ചിരന്തനപ്രിയമഹാഫണിതാരകജൻ 1

നരപതി ബുദ്ധിമാൻ നയവിശാരദനുന്നതമാം
കരുതലിയന്നവൻ കരളിന്നുററമെഴുന്നപുമാൻ
കരുണ ജനങ്ങളിൽ കരകവിഞ്ഞൊഴുകുന്നവിധം
ധരണി ഭരിക്കവേ പരമസൌഖ്യമടഞ്ഞുജനം 2

ഭരണമെടുത്തന്നാൾ മുതലൊരാണ്ടുവരയ്ക്കിവിടെ
പ്പെരുകി ദരിദ്രരാക്കൃഷിപിഴച്ചു നശിക്കുകയാൽ
അരചനവർക്കു വേണ്ടവകൊടുത്തു പുലർത്തി പരം
കരവുമിളച്ചതിൽ കരപിടിച്ചു തഴച്ചു ജനം. 3

പുകയില വില്ലോലാ കുടികളെന്നതു മാററി നൃപൻ
പകരമതിന്നു തീരുവചുമത്തി സമർത്ഥതരം
വകതിരിവെന്നിയേ വെളിയിൽനിന്നു വരുത്തിയതിൻ
നികുതി കുറച്ചിട്ടും ഖലരെയൊക്കെയൊതുക്കി തദാ. 4

പെരിയൊരു ദുർഘടസ്ഥിതി ഭവിച്ചൊരു കച്ചവടം
ശരിനിലയാക്കുവാനുടനുടമ്പടി ചെയ്തു നൃപൻ
ഭരതധരാതലം നികടകൊച്ചി,യിവററയിലേ
വരവുചരക്കുകൾക്കിവിടെയില്ലൊരു തീരുവപോൽ. 5

തുറമുഖമിൻഡ്യയിൽ പലതുമാഗ്ഗ്മിറക്കിവരും
നിരവധിസാധനം വെറുതെയിങ്ങു കടത്തിവിട്ടും
വരുമൊരു തീരുവക്കുറവുതീർക്കുവതിന്നിവിടെ-
ത്തരുമൊരുസംഖ്യ; യെന്തിതു പൊളിച്ചെഴുതാത്തതഹോ? 6

ജനതതി സംഖ്യയിൽ കുറവു, മാർഗ്ഗവിലോപമിവ-
യ്ക്കനുസരണം നടന്നതു പുരാതനകച്ചവടം
അനുദിനമെത്രയോ വളരെയായി വരുന്നതിനാൽ
ധനവുമതേവിധം ഗുണിതമിങ്ങു ലഭിച്ചിടണം. 7

ലഹരിപദാർത്ഥമീവകയിലുൾപ്പെടുകില്ല നമു-
ക്കഹിതദമായതിൻ വരവടച്ചുകളഞ്ഞു മഹാൻ
ബഹുലഗുണപ്രദം പുതിയപദ്ധതിയന്നിതിനേ
സഹജവിശാലദൃഗ്ഗുണനയോടു നടത്തിയതാം. 8

നിയമവിശാരദൻ, കറകളഞ്ഞ സുവർണ്ണസമം
പ്രിയതരസൽഗുണോജ്ജ്വലസദാശിവപിള്ളയൊരാൾ
നിയമിതനായിതേ പ്രഥമജഡ്ജിപദത്തിലതേ
ജയമിഹ കോർട്ടിനേ വിലമതിച്ചു മഹത്തരമായ്. 9

ശ്രീ ആയില്യം തിരുനാൾ മഹാരാജാവു
തിരുമനസ്സുകൊണ്ടു്.

കളവു കവച്ച്യും കൊലയുമൊക്കെയമത്തിയിനി
ക്ഖലജനപീഡയേക്കരുതിയെന്തിനു ഭീതി വൃഥാ?
പലവക തക്കവും ജഡ്ജികേട്ടു വിധിച്ചിടവെ
സ്ഖലിതമകപ്പെടാ നിയമപദ്ധതി വിട്ടണവും 10

പലതുറയിൽപെടും പണിയെടുത്തുവരുന്നവരോ
ടലിവൊടു ശമ്പളം പടിപടിക്ക കയററിവിടും
ചിലവിനുകിട്ടവേ യഴിമതിക്കുമതിന്നവിധം
തെളിവുവരുമ്പൊഴേ തുലയുമെന്നുവരുത്തി നൃപൻ. 11

പുരയിടവും വയൽസ്ഥലവുമുണ്ടു ശരിയ്ക്കതിലേ
ക്കരവുമടയ്ക്കിലും, വലിയ വേല നടത്തുകിലും
അർരചനൊഴിഞ്ഞു മറെറാരുവനെങ്കിലുമില്ല പുരാ
സ്ഥിരമവകാശ, മന്നാടകുടിക്കു കിടന്നു ജനം 12

വെറുമൊരു പാട്ടമോടുഴവുവെട്ടഴിവാദികളാ-
ലറിയുമനേകമാമിനവഴിയ്ക്കു പതിഞ്ഞവയേ
സ്ഥിരമവകാശമോടിനി ജനത്തിന്നിരിക്കുകയാൽ
നരവരനെങ്കിലും വിലകൊടുത്തതു വാങ്ങിടണം. 13

അവനവനുള്ളതാം മുതലതെന്നു ധരിച്ചിടണം
വിവിധതരത്തിലും കരണമങ്ങെഴുതാമിനിമേൽ
നൃവരനതിന്നുമേൽ കപടരേഖവരായ്യതിന്നാ-
യിവിടെ രജിസ്റ്റർചെയ്യതിനുവച്ചിതു രീതി നവം 14

വിലയെഴുതീടവേ, തുക ശതത്തിനു രണ്ടുകണ-
ക്കലിവൊടു ഫീസിനും നൃപനു വച്ചുകൊടുത്തിടുവാൻ
അലഘു കുതൂഹലത്തൊടു ജനങ്ങളിതന്നു കൃപാ-
ജലധിയിലാണ്ടതായ് കരുതി നന്ദി പെരുത്തു സദാ. 15

കൃഷിപരിഷേചനപ്പണി നടത്തിയടുത്തതുപോൽ
വിഷമതരസ്ഥലേ ശകടമോടിയ രഥ്യകളും
തൃഷിതജനത്തിനും മൃഗതതിക്കുമമോഘധരാ
വൃഷനഥ കൂപവും കുളവുമെത്ര ചമച്ചു സുഖം! 16

ജലമിടചേൎന്നിടും വഴി തടഞ്ഞഥ വക്കലെയാ-
മലകളിരിക്കയാലതു തുരന്നു തുറന്നു സുഖം
വലരിപു കീൎത്തിമാൻ ചിറകറുത്തു ഗിരിക്ക,തിലും
വളരെ മികച്ചതീപ്പണി തുളച്ചതു ചങ്കുനൃപൻ. 17

അറിവു ജനങ്ങളിൽ പെരുകിവന്നിടുവാനിവിടേ
നിരവധി വച്ചുഭൂ,പതി സരസ്വതി തൻ്റെ മഠം
പരിചൊടു ബീയെയും തദനു ബീയെലിതിശ്രുതമാം
വിരുതുമെടുക്കുവാൻ മഠമുയൎത്തി പരിഷ്കൃതമായ്. 18

പുനരിഹ കൈരളീമയസരസ്വതിയുന്നതിയിൽ
ഗുണമൊടുമെത്തുവാൻ തറയുറപ്പുവരുത്തി മുദാ
അനുചിതമല്ല പെൺകുലവുമഭ്യസനത്തിനതിൽ-
ക്കനിവൊടു ചേരുവാൻ നൃവരനാജ്ഞകൊടുത്തു മഹാൻ. 19

ജനതതി ദൂതരേവിടണമേതൊരു സംഗതിയും
തനതുജനങ്ങളോടകലെയൊന്നു പറഞ്ഞിടുവാൻ
ഇനിയുമതഞ്ചലാൽ കഴിയുമങ്ങിനെ ഭംഗിയോടേ
ഘണഘണനാദമോടെവ്വടയും ക്ഷണമോടുകയാൽ. 20

പ്രജകളിലാതുരക്ഷയദായകശാലകളേ
നിജധരണിതലെ വളരെവച്ചു വിദേശഭവം
വിജയമെഴുന്നഭ്രഭരണകീൎത്തി സുധാംശുവിനാൽ
സ്വജനവുമാംഗലേശ്വരിയുമന്നു തെളിഞ്ഞു പരം. 21

ബിരുദുകളെത്രയും പെരുത്തു ഭാസുരമുദ്രയൊടും
നരപതി വാങ്ങിനാൻ വലിയ രാജ്ഞികൊടുത്തവയെ
വെറുമൊരു രാജനെന്നിനി നിനയ്ക്കരുതത്ര "മഹാ"
പുരുഷനു താദൃശം പദപരം നിജ രാജപദം. 22

സുകൃതവിപാകമായ് ജനനരാശിയിലന്നതുലം
പ്രകൃതി കൊടുത്തതാം വിരുതതക്ഷരമുദ്രദൃഢം
കനകഘടത്തിനോ തിലകമെന്നു നിനച്ചിടൊലാ
കനിവൊടു രാജ്ഞിതൻ ബഹുമതിയ്ക്കിതണിഞ്ഞു നൃപൻ. 23

അറുപതുവത്സരം കഴികെയുണ്ടു വരുന്നു മഹാ-
വിരുതു റിപ്പൂവിൻനഗരി കീഴിലടക്കിടുവാൻ
പൊരുതു സഹായമായവിടെ നമ്മുടെ സേനയതിൻ
സ്മരണ നശിച്ചിടായ്വതിനു കമ്പിനി നൽകിയതാം. 24

സ്മരണയിലീവിധം പഴയ സംഗതിയെത്തിടവേ
തരുവതിനിന്നിയും പലതു കാണുമതൊക്കെവരും
കരുതിയതാരുപോൽ പടയിലന്നു തുണച്ചതിനി-
ത്തരമൊരു പൊന്മയം ബിരുദു കിട്ടുമതെന്നിവിടെ 25

പടയൊടു റിപ്പു വന്നെവിടെവച്ചു തുടങ്ങി രണം
പടുതയൊടാ മുനമ്പതിലിടിഞ്ഞൊരു കോട്ടയൊടും
നെടിയൊരുനാൾ കഴിഞ്ഞതിനു മേലിഹ കിട്ടി, ജയ-
ക്കൊടിയതിലല്ലയോ പടയിലന്നു പറന്നതഹോ? 26

മുറജപമെത്രയും പൊടിപൊടിച്ചു നടത്തിയതിൻ
മുറവരുമപ്പൊഴൊക്കെയുമനുത്തമ ഭക്തിയോടേ
പെരുമയെഴും തുലാപുരുഷദാനമഹോത്സവവും
നിരവധി ദാനവും വിനയമോടു നടത്തി നൃപൻ 27

അഭിനവ, മാംഗലക്ഷിതിവരാനുജജാതനുമാ-
യഭിമുഖദൎശനം നൃപനു ഭാസുരസംഭവമേ
അഭിലഷണീയമീപ്പരിചയം, ദൃഢസഖ്യതയാ-
ലുഭയകുലത്തിനും വിലമതിപ്പു പരസ്പരമാം. 28

പലവുരുവിൻധ്യയിൽ പലമഹാ നഗരങ്ങളെയും
വലിയ കിരീടമുള്ളവരെയും; ബഹുമാനമൊടെ
കലിതരസത്തൊടും നൃപതി കണ്ടു സുരാപഗയിൽ
കലുഷഗണാപഹംസവനമമ്പൊടുചെയ്തു സുഖം 29

മലകളിലേറിടും വലിയകാടു തെളിച്ചവിടെ
നലമൊടു കാപ്പി തേയിലയിതൊക്കെ നടുന്നതിനായ്
വലികെയപേക്ഷയോടരികിലാംഗലരെത്തുകയാൽ
ഫലകരമാക്കൃഷിക്കനുവദിച്ചുകൊടുത്തു മല. 30

ഇണയൊട്ടമൊത്തുചേൻ്റപവനത്തിലിരിക്കെയതിൻ
കണവനെ ലീലയാ വെടി കൊടുത്തു മറിച്ചതിനോ?
പ്രണയിനി കേഴുമാറഹഹ കേരള"കോകിലകം" *
വ്രണിതമനസ്കനായകലെയായതു ഭൂപതിയാൽ. 31

ഭരണരഥത്തിലെക്കുതിര മാധവരായരുടേ
കരഗതരശ്മിയാൽ വഴിവിടാതെ ഗമിക്കുകയോ?
ശരി! നൃപനില്ലയോ വിരുതിതിന്നു? പിരിഞ്ഞു ദിവാൻ
വരുവതു ശേഷനാമൊരു ധരാസുരശാസ്ത്രിയിനി. 32

നിയമവിദഗ്ദ്ധനാം പുതുദിവാൻ വരവിൽ കവിയും
വ്യയമപഹാസ്യമാസ്കരുതി വേല തുടങ്ങുകയാൽ
പ്രിയമതിലെത്രയും നൃപനുദിച്ചു, കുടിശ്ശിഖയായ്
കയറിയിരുന്നതാം കരമിളച്ചു കൊടുത്തു മുദാ. 33

ഒരുകുറവില്ല നല്ലൊരു കരിമ്പനയോലകളിൽ
പെരിയൊരെഴുത്തുകുത്തിഹ നടന്നുവരുന്നതിനാൽ
ഹരി! ഹരി! ശാസ്ത്രികൾക്കെഴുതണം കടലാസിലതെ-
ന്നൊരു കൊതിവന്നുപോലതു നടന്നു നിരന്തരമായ് 34

ശ്രുതിയെഴുമാംഗലക്ഷ്ടയനാട്ടിനധീശചരിതൻ
പ്രഥമകുമാരകൻ വരികയാൽ മദിരാശിപുരേ
ക്ഷിതിപതിചെന്നു കണ്ടതുവിധം പ്രതി ദർശനവും
കുതുകമൊടേകിനാൻ പ്രഭു, ഗൃഹത്തിലെഴുന്നരുളി. 35

വിലപെറുമംഗുലീയ,കമുരത്തൊരുവാളുമിനി
പ്പലതുമനർഘമാ പ്രഭു കൊടുത്തതു വാങ്ങി നൃപൻ
കുലമിതു മാഗലേശചരകുടുംബവുമുന്നതമാം
നിലയിലടുപ്പമാസ്സരുവതിന്നിടയാക്കി സദാ 36

ഭരതധരിത്രിയിൽ പ്രഥിത ഹൈദരബാദധിപൻ
നരപതിമാരിനിപ്പലരു മാദരപൂർവ്വകമായ്
പുരുഷകുലോത്തമന്നതുലസൽകൃതിചെയ്തു ധരാ-
ഭരണവിചക്ഷണൻ ബഹുമതിക്കവകാശി തുലോം 37

---

* കോകിലകംവൃത്തം,

സഹജമഹോജസാ ധരണിപാലകിരീടമണി
ബഹുജനതാച്ഛന്ദാ വിഷയമായി പരാവധിയിൽ
അഹഹ! മഹാജനം വെളിയിലുള്ളവരെന്തിതുപോ-
ലിഹ പിറകെ വരുന്നതു കുടുംബസമേതമഥ 38

രവിതനയാതടേ മദനമോഹനമാധവനെ
യവികലമാശ്രയിച്ചനുഗമിച്ചിതു ഗോപികമാർ
ഇവിടെ വിദേശിമാർ വലിയ ധർമ്മവിഭൂതിയെഴും
നൃവരനെയാശ്രയിച്ചതു വിശന്നു വലഞ്ഞതിനാൽ 39

മഴ ചൊരിയാതെയാ മധുരതൊട്ടു വടക്കുവരെ-
പ്പിഴവിളവാകയാൽ കഠിനപട്ടിണി തട്ടിടവേ
അഴലൊടു കൂട്ടമായിവിടെ വന്നു കൃപാകിരണം
പൊഴിയുമുദാര ഭൂരമണരക്ഷ ലഭിച്ചു സുഖം 40

ദിനമനു, പട്ടിണിപ്പരിഷ മന്നവസന്നിധിയിൽ
ഗണഗണമായ്വരുന്നളവു ധർമ്മപരൻ നൃവരൻ
കനിവൊടു കല്പകക്ഷിതിരുഹത്തിനു തുല്യമഹോ
ധനമധികം കൊടുത്തവരെയൂട്ടി വിശിഷ്ടമതി 41

പകുതിയിലൊക്കെയും പഠനശാല തുറന്നു തഥാ
വകതിരിവോടു പുസ്തകമതിന്നു കൊടുത്തതിനാൽ
അകലുഷ കൈരളീ പ്രകൃതിഭാഷ കിളന്നു പരം
പുകളതുകൊണ്ടുമാനൃപനു നൽകി കൃതജ്ഞജനം 42

പുതിയൊരു പാലമത്ഭുതകരം പുനലൂരിലെഴും
നദിയുടെ ചങ്ങലപ്പണി കഴിന്നിടുമാഭരണം
ഇതര മഹാനദീകുല മസൂയപിടിച്ചിടുമാ-
റിതിനു കൊടുത്തു വൈതരണിനീക്കി വഴിക്കു സുഖം 43

"ലിഡിലി"തി ചൊല്ലെഴും മനുജനാംഗലജാതനവൻ
കുടിലമനസ്കനന്നപഹരിച്ചു നൃപൻെറ പണം
ജഡ്ജികളായതിന്നവനു ശിക്ഷ കൊടുത്തതിനും
പിടിവലിവന്നതിൽ പുതുമിവാൻ തലയിട്ടു വൃഥാ 44

മനുവതി ബുദ്ധിമാൻ സ്മൃതി ചമച്ചതു ജാതിതിരി-
ച്ചനുഗുണശിക്ഷചെയ്യതിനുതന്നെയതോർത്തിടണം
മനുജരനേകരിൽ പ്രഥിതരാംഗലജാതിയിലെ
ജ്ജന; മവരേല്ലുമോ പരജനാർപ്പിതശിക്ഷകളെ 45

എവനരചന്റെ ഭ്രൂ വസതിയാക്കുമവൻ മുറപോ-
ലിവിടെ നടത്തിടും നിയമരക്ഷയിലുൾപ്പെടണം
അവനുടെജാതിയെക്കരുതുകില്ല സുസമ്മതമീ-
വിവരമറിഞ്ഞു മുമ്പനുവദിച്ചതു കമ്പിനിയും 46

അതിനു വിഘാതമായ് തടവിൽനിന്നു ലിഡിൽധപരയേ
വിധി ശിഥിലീകരിച്ചഹഹ വിട്ടതു കഷ്ടതരം
ഇതു നൃപശക്തിയിൽ ക്ഷതിവരുത്തുവതെന്നു മഹാ-
മതിയെഴുതീടിനാൻ സചിവനങ്ങനെ യുക്തിയൊടേ 47

നരവരനാംഗലപ്രജ നടത്തിയ കുററമിനി-
ശ്ശരിവരെ വിസ്തരിപ്പതിനുമാക്കണമാംഗലനേ
അരുതു വിചാരണയ്ക്കിതരജാതിയിലുള്ളവനായ്
വിരുതുകലർന്നവൻ ജഡ്ജിജിയെന്നുവരുന്നളവും 48

അധികൃതരിവിധം സദയമേകിയ സമ്മതമോ-
ടതുമുതലാംഗലൻ ജഡ്ജി കോർട്ടിനലംകരണം
വിധിയെഴുതുന്നവൻ വിവിധജാതിജനങ്ങളുടേ
സ്ഥിതിയറിയുന്നതേ ഗുണമതോടഥ ഭാഷകളും 49

കനകമയം പണം ചിലതടിച്ചു പരത്തിടവേ
ജനമതി കൌതുകത്തൊടുമതൊക്കെയൊളിച്ചുകയാൽ
പുനരതു കാണുവാൻ കൊതി, യിതെന്തിഹ നാണയവും
വിനിമയയോഗ്യമായ് വിടുകയില്ല പുറത്തുജനം? 50

നൃവരനു ജോലിചെയ്യോട്ടവിലാപ്പണി വിട്ടിടവേ
വിവശതതട്ടൊലാ പണമവന്നു കൊടുത്തിടണം
സ്ഥവിരതയിൽ ധനം ബലമിതെന്നു നിനച്ചു മുറ-
ക്കിവിടെ യുപാശനം തരുന്ന നൽകി ദയാജലധി 51

ഋണമൊഴിയാത്തവൻ മരണവേല വെറുക്കുമഹോ
പുനരവനെന്നുമേ നരകമെന്നാഭയം വരവേ
ഇനിയതു വേണ്ടപോൽ തിരികെ വാങ്ങിയൊഴിച്ചിടണം
ജനമവധിക്കകം കടമെവനു കൊടുക്കുകിലും 52

അവധി കടന്നുപോയിടുകിലന്നു കടത്തിനുമാ-
മറുതിയിതെത്രയോ സമുചിതം നവമാം നിയമം
ഒരുമുറയെന്നിയേ കയറിയെപ്പൊഴുമെത്തിയിനി-
പ്പൊറുതികെടുത്തിടാ പൊലികടക്കടൈവാപുലികൾ 53

നിപുണതയേറിടും സചിവനെ ബ്ബഹുമാനമൊടേ
നൃപതിയയച്ചപിമ്പിവിടെ നായരൊരാളുദിവാൻ
ഉപരിപരിഷ്കരിച്ചധിക തൃപ്തി വരുത്തി ചിരം
സുപരിചിതൻ സ്വയം പലവകുപ്പു ഭരിച്ചതിനാൽ 54

പുണ്യ്യാർ ഭൂമീപതികളെഴുതിത്തള്ളി നൂററാണ്ടിലേക്കായ്
കണ്ണൻദേവൻമലകളിടചേൎന്നുള്ള വമ്പിച്ചദേശം
എന്നാലപ്പോളതിനൊരു വഴക്കിട്ടുപോൽ നാണുപിള്ള
പിന്നെത്തീർന്നു നികുതിയിവിടെത്തന്നുകൊള്ളേണ്ടമട്ടിൽ 55

ക്ഷേത്രം നന്നാക്കിയൂട്ടും നരപതി ഭരണാ-
രംഭകാലംമുതല്ക്കേ
പ്രത്യേകം ശ്രദ്ധചെയ്യാൻ നിജകുലസഹജം-
ധർമ്മനിഷ്ഠയ്ക്കുയോഗ്യം
പാർത്തട്ടിങ്കൽസുഭിക്ഷസ്ഥിതി പുതിയ പരി-
ഷ്കാരകോലാഹലത്തോ-
ടെത്തിച്ചേർന്നു ക്രമംകൊണ്ടവനിയിതു മഹാ-
മാതൃകാരാജ്യമായീ. 56

സംഗീതസാഹിത്യകലാവിദഗ്ദ്ധൻ
ശൃംഗാരധാമാ വിമതേ"ന്ദ്രവജ്ര"ൻ
തുംഗപ്രതാപൻ തുഹിനാംശുശോഭ
തിങ്ങുംസ്മിതംകൊണ്ടുലകംമയക്കി. 57

സല്ക്കാരംകൊണ്ടു മാടക്ഷിതിപതി മദിരാശിക്കധീശാദ്യരോടും
സഖ്യം മേന്മേൽ പുലർത്തിസ്സഹജഗുണമൊടേ ശുഭ്രസല്ക്കീർത്തി നേടി
വക്കീലെന്നുള്ളപേരോടിവിടെ നിയമവൈദഗ്ദ്ധ്യമുള്ളോർന്നിറഞ്ഞു
വക്കാണം കാണവസ്ഥപ്രകൃതിഭവമനാവശ്യമൊക്കെക്കുറഞ്ഞു 58

അനന്തഗുണശാലിയാം നൃപതി ലോകബന്ധം വെടി-
ഞ്ഞനന്തശയനാച്ചനാപരവിചാരശുദ്ധാശയൻ
അനന്തരധരാപരം നിജ കനിഷ്ഠനേകിത്തെളി-
ഞ്ഞനന്തയെ വെടിഞ്ഞു പോയമരമന്ദിരം പൂകിനാൻ 59

തോരാത്ത കണ്ണീരൊട്ടുക്കൂടി ലോക-
രാരാജസിംഹന്റെ വിയോഗദുഃഖേ
നേരിട്ട വർഷാഗമമല്ല കണ്ണു-
നീരാണുപെയ്യുന്നതു കാലമേഘം. 60

൨൫-ാം സർഗ്ഗം

വിശാഖംതിരുനാൾ മഹാരാജാവു്.

ഇരുളുനിറഞ്ഞൊരിളാതലമെല്ലാ-
മരുണമഹോദയവേളയിലെപ്പോൾ
കിരണവിലോളിതമായി "വിശാഖം"
തിരുവടി രാജപദത്തിലുയർന്നു 1

കവികുലമൌലി മഹാമണി കീർത്തി-
ഛവിചിതറീടിന കേരളവർമ്മാ
നൃവരസമീപമണഞ്ഞു വണങ്ങി
നവസുഷമാ ഗൃഹലക്ഷ്മി തിളങ്ങി 2

പദമൊഴിയുന്ന ദിവാൻ ബഹുമാന്യൻ
പുതിയൊരുമന്ത്രി സവൈഷ്ണവലക്ഷ്മാ
ക്ഷിതിസുരരാമസുനാമകനേകൻ
തദനു വരുന്നു വിശാലമനസ്കൻ 3

ശ്രീ വിശാഖം തിരുനാൾ മഹാരാജാവു
തിരുമനസ്സുകൊണ്ടു്.

കരമിളവാക്കിയതെട്ടിഹ ലക്ഷം
കരുണ തുളുമ്പിയ പാൎത്ഥിവവീരൻ
പരമഥ ശമ്പളമേററി മുറയ്ക്കാ-
ത്തുറകളിലൊക്കെയുമെത്ര മനോജ്ഞം 4

അഴിമതിയാരിഹ ചെയ്യതു സൎക്കാർ
തൊഴിലിലിരുന്നിട്ടമപ്പൊഴതെന്നാൽ
കഴകന്റ നാണമിയററിയ കണ്ണാൽ
വഴിപിഴയാതതു കണ്ടുപിടിക്കും 5

ഉടനടി നീക്കിയയയ്ക്കുമവരേറെ
പടുകളയങ്ങിനെ നില്പതബാധം
ചൊടിയൊടു ജോലി നടത്തിടുവോരേ
പടിപടിയായഥ കേററി വിടുന്നു 6

പലവക കുററവുമത്ര തെളിച്ചും
കൊലമുതലായവ തീൎത്തു തടുത്തും
ഉലകിന്റ ശാന്തി വരുത്തിന പോലീ-
സലിവൊടു ഭൂപതി വച്ചു നവീനം. 7

അടിപിടി കൊള്ളകളൊക്കെയമൎത്താൻ
ഭടരവരെത്തണമെന്തിന്റമെന്നും
നടപടിയൊന്നു ചമച്ചു വിശേഷാ-
ലടിയിളകാതെ യുറപ്പിന്റവേണ്ടി 8

കരണമെഴുത്തിനിതേവരെയെല്ലാ-
വരുമിഹ മുദ്രിതമോലയെടുത്തു
അരുതിനിയങ്ങനെ; മുദ്രിതപത്രം
നരപതിയിങ്ങു നടപ്പുവരുത്തി 9

നിരവധിയീവക യൊന്നിലിടാനീം
വരവു; ജനത്തിന്റ സങ്കടമില്ല
അരചനിതത്ഭുതമായിഹചെയ്താ-
നറവതെളിച്ചുപണം പ്രവഹിപ്പാൻ 10

പുരയിടവും നിലവും ശരിയായി
വരയിടപോലുമിടാതെയളന്നു
കരുതലൊടേ പടമൊക്കെയെടുത്തു
കരമഥ കണ്ടെഴുതാനിടയാക്കി 11

ഇതുവരെയിങ്ങനെ കണ്ടെഴുതാതേ-
യധികകുഴപ്പമിരുന്നതുമൂലം
പുതിയ കരം വരുമെന്നതിലാരും
വ്യഥിതമനസ്സൊടിരുന്നതുമില്ല 12

മുതലെഴുമിന്നിതുപോലൊരുസൂത്രം
ഹിതകരമമ്പൊടുചെയ്തു നരേന്ദ്രൻ
അതുലമിതിൻഗുണ മാലകളെല്ലാ-
മിതുമൊരനുഗ്രഹമെന്നു നിനച്ചു. 13

തൃഷിതജനത്തിനു കൃപാതടാകം
കൃഷിപരിഷേചന കുല്യകളോടും
വിഷമവിഹീനമനേകമുദാരൻ
വൃഷസമനിങ്ങു ചമച്ചുകഴിഞ്ഞു 14

പലകൃഷിചെയ്തു പരീക്ഷ നടത്തി
പ്ഫലകരമായതു കണ്ടുപിടിച്ചു
ഉലകിനു മേന്മ വരുത്തിയ കപ്പ-
ത്തലയിഹ നട്ടുവളർത്തി വിദഗ്ദ്ധൻ 15

അതു നവകല്പകമെന്നുതെളിഞ്ഞു
ക്ഷിതിയിലതിൻെറ കിഴങ്ങു നിറഞ്ഞു
അതിനുടെ കമ്പു ദരിദ്രതകേറാ-
യ്തിന്നൊരു വേലി നമുക്കിഹ നാട്ടിൽ 16

പെരിയൊരതിത്തിവഴക്കഥ ഗോശ്രീ-
നരപതിയോടുതുടങ്ങി നൃപാലൻ
ഒരു പടവേണ്ടൊരു സംഗതിയിംഗ്ലീഷ്
ധരയിടനിന്നു വിചാരണചെയ്തു 17

ഇരുവശവും പല രേഖകളാകും
ശരവുമെടുത്തു നടത്തിയപോരിൽ
ഒരുകുറവില്ല നമുക്കു കിരീടീ
കരധൃതസായകമെന്നവിധത്തിൽ 18

നെടിയൊരുനാൾക്കിരുഭാഗവുമേററം
പൊടിപൊടിയായൊരു പോരു നടന്നു
ഒടുവിലതിൻെറ ജയക്കൊടി നാമ-
ന്നിടിയെറമേടിനു മേലഥ കെട്ടീ 19

അരിയ മഹായതനം രഘുവീരൻ
ഭരതനെഴുന്നരുളുന്നതു പണ്ടേ
കരഗതമായി നമുക്കിഹ ഗോശ്രീ
പുരനരപാലനു ചങ്കു തകൎന്നു. 20

പെരുമനവും പുന"രന്നനട"ശ്രീ-
കരഗൃഹവും "തരുണാദ്രിസരിത്തും" a
ഒരുവിധമിങ്ങു ലഭിച്ച വിധത്തിൽ
പറയണമിങ്ങനെ വന്നിതു തീൎച്ച. 21

മധുരയൊട്ടു തൊടുന്നോടത്തുമുണ്ടായി പിന്നി-
ടതിരിന്നൊരു വഴക്കന്നായതിൻ തീൎച്ചപോലേ
അതിരു മലയുമാൾവാർക്കുച്ചിയും നല്ല മുത്തു-
ക്കുഴിവയലുമധീനപ്പെട്ടു സന്തുഷ്ടനായി. 22

ചിരമഴലിന്നിടയാക്കിയ തൎക്കം
പരമനുകൂലമിയന്നൊരു തീൎപ്പാൽ
തിരുമുഖ"താമരസം" b വികസിച്ചു
ഭരതനു തച്ചുടയോനെയയച്ചു. 23

ഇൻഡ്യയിൽ പല മുഖ്യമാം നഗരവും സന്ദൎശനം ചെയ്തു ന-
ല്ലിൻഡോർഭൂപതി ചെയ്ത സൽകൃതികളൊടാദിക്കു കണ്ടീടിനാൻ
പണ്ടേ പാവനമെന്നു കീൎത്തിപെരുകം ഗംഗാനദീസ്നാനവും
കൊണ്ടാടിബ്ബഹുമാനപൂൎവ്വകമെഴുന്നെള്ളീ തിരിച്ചുന്നതൻ 24

a ഇളംകുന്നപ്പുഴ. b താമരസം വൃത്തം.

ഇതുവരെയിവിടത്തെ രാജ്ഞിമാരാരുമീനാ–
ട്ടതിരിനു വെളിയിൽ പൊയ്ക്കൂടയെന്നായിരുന്നു
അതു വികസിതചിത്തൻ തമ്പുരാൻ തീൎത്തു വിദ്വൻ-
നിധിയൊടു സകുടുംബം ചെയ്തു മദ്രാസുയാത്ര. 25

സൽക്കാരം ചെയ്തു മദ്രാസധിപരിവിടെവന്നപ്പൊളുൽകൃഷ്ടചിത്തൻ
ദിക്കെല്ലാം തന്റെ കീൎത്തിയ്ക്കുടയ തിരയടിപ്പിച്ചിതേ മേൽക്കുമേലേ
അക്കാലം തുവലേന്തുന്നവരിലുപരിയായ് നിന്നു; പത്രങ്ങളുണ്ടോ
തൂക്കണ്ണോടാത്തതുള്ളു? പ്രമദകരവിശാഖോദയേ കേകിയാടി. 26

ഹൈക്കോട്ടാക്കീ സദർക്കോട്ടിനുമുപരി-
യായ് ധൎമ്മശാസ്ത്രങ്ങളെല്ലാ
മുൾക്കൊണ്ടിട്ടുള്ള കുംഭോത്ഭവനരിയ
മഹാരാജരാജന്റെ മുമ്പിൽ
കേൾക്കുന്നു, തെററുപററും വിധികളുടെ
നിവൃത്തിക്കു ചെല്ലുന്നൊരപ്പീൽ
നോക്കേണം ന്യായരക്ഷാ നിപുണതയിതു–
പോലന്യഭൂപാലനുണ്ടോ? 27

സൎക്കാരിന്റെ പണിക്കു ചേൎന്നു സദാ നീതിക്കു ചെയ്യാതെയാ-
ക്കൈക്കൂലിക്കു കരം മലൎത്തിയ മഹാ പാപിഷ്ഠരാം ക്രൂരരേ
ഒക്കെപ്പൊടെ പിടിച്ചിഴച്ചു വെളിയിൽ ചാടിച്ചു ശിക്ഷിക്കയാൽ
സുഗ്രീവാജ്ഞ നടത്തിവന്നു ജനരക്ഷയ്ക്കായി നിഷ്കൃഷ്ടയാ. 28

മാനംചേൎന്ന നൃപന്റെപേക്ഷ ബഹുമാനാൎത്ഥം മഹാരാജ്ഞിയും
സ്ഥാനാലംകരണത്തിനക്ഷരമനേകം നൽകി മുദ്രാന്വിതം
കാണാകുന്നു പരന്തരേന്ദുജനസമ്മാനങ്ങളാം മുദ്രയും
ക്ഷോണീപാലനിതൊക്കെയെങ്ങിനെ ധരിച്ചീടുന്നതേ ഭൂഭരം. 29

തുലാപുരുഷദാനവും ശ്രുതിവിധിക്കു യോജിച്ചപോൽ
കുലോചിതമനേകസൽക്രിയകളും നടത്തീ നൃപൻ
ത്രിലോകപരിപാലകൻ പെരിയപത്മനാഭന്റെയാ–
ക്കലോദയമിതെന്നു കണ്ടഖിലലോകരും വാഴ്ത്തിനാർ. 30

ക്ഷണഭംഗുരമിപ്രപഞ്ചമുണ്ടോ
ഗുണവാന്മാർ കരുതുന്ന കാൎയ്യമായി?
ഫണിനായകതല്പശായി തൃക്കാ-
ഴിണയിൽചേൎന്നു ലയിച്ചു ഭാഗ്യരാശി. 31

ഇരുളടഞ്ഞു ധരാതലമൊക്കെയും
വിരളമായിതു താരകശോഭയും
കരളുവെന്തു കരിഞ്ഞു കരഞ്ഞു വാ-
ണരുളി നാട്ടിലശേഷജനങ്ങളും. 32

വ്യോമഭാഗേ മഴക്കാറൊഴിഞ്ഞിട്ടതിൽ
സോമബിംബോദയം കാണുമപ്പോലവേ
രാമവൎമ്മാഭിധൻ മൂലഭൂപാലകൻ
ശ്രീമഹാരാജസിംഹാസനേ ശോഭിതൻ. 33

പാരിജാതാദികം യോഗസമ്പത്തൊടേ
പാരിതിൽ ജാതനാം പത്മനാഭാശ്രിതൻ
തീരുമാനം തമസ്സംബന്ധമററവൻ
വാരിളംതൃക്കരേ വാളെടുത്തീടിനാൻ. 34

൨൨-ാം സർഗ്ഗം.

ശ്രീമൂലംതിരുനാൾ മഹാരാജാവു്.

കദനമഖിലം തീൎത്തപ്പോഴും പിതാവിനുതുല്യനായ്
തദനുജനതാ സംരക്ഷാൎത്ഥം ഭരിച്ചുതുടങ്ങിനാൻ
അതനുഗുണവാൻ ശ്രീമൂലക്ഷ്മാപുരന്ദരനിന്ദിരാ
സദനമദൃശം വഞ്ചിക്ഷോണീതലം സുഖശീതളം. 1

സതതമമൃതം ലോകൎക്കേകും സരസ്സു ചമയ്ക്കുവാൻ
പ്രതിനിയതമാ യാണ്ടോടാണ്ടിൽതുടങ്ങി ധനവ്യയം
അതുലസുകൃതം വേനൽക്കാലത്തുണങ്ങിവരണ്ടിനി
ക്ഷിതിയിലൊരിടത്തുണ്ടോ ദുഃഖംമൃഗത്തിനുകൂടിയും. 2

നികുതിപലതും നിത്ത്ീ തീത്ത്ും കുടിശ്ശികവീണതാം
തുകകളെഴുതിത്തള്ളിക്കൊള്ളുന്നതിന്നു കനിഞ്ഞുതേ
വികലതവരാതന്നാം സാധുപ്രജയ്ക്കു കൊടുക്കുവാൻ
സുകൃതകരനാം മന്നൻചെയ്തു വ്യവസ്ഥ ഗുണോത്തരം. 3

കുടികളുടെമേൽ ഭാരംക്കൂട്ടും കരത്തെ വലിച്ചുവ-
ച്ചിടുകിലതിനാലുണ്ടാം ക്ലേശം നിനച്ചു നൃപോത്തമൻ
സ്ഫുടതരമുടൻ, ചട്ടംകെട്ടി കുറഞ്ഞ കരങ്ങളേ
യിടുവതിനുതാൻ സവ്വേത്തീന്നാൽ, കൊടുപ്പൊരുപട്ടയേ. 4

സവിധഗതമാം മാടക്ഷോണീതലത്തൊടു പാണ്ടിയും
വിവിധതരമാ യേററീടുന്നു കനത്ത കരങ്ങളേ
ഇവിടെയതിനേക്കാളും തീരെക്കുറഞ്ഞ കരങ്ങളേ
നൃവരകരുണാപൂരംമൂലം കൊടുപ്പതിനുള്ളു നാം. 5

ഭടരുടെകുലം വൃത്തിയ്ക്കായിട്ടെടുത്തൊരു വസ്തുവിൽ
തൊടുവതിനെവൻ? സക്കാർവയ്ക്കാ കരം; ശരി,യെങ്കിലും
പടകഴിയവേ, നെയ്യേത്തയ്ക്കാ തുടങ്ങിയ കോപ്പൊടും
നടപലതിലും ചെന്നെത്തേണം ക്രമത്തിനതുഴിയം. 6

അതിലധികമായ് ക്ലേശിക്കുന്നു ജനങ്ങളതൊക്കെയും
ക്ഷിതിപതിയറിഞ്ഞപ്പോൾതന്നേ വിരുത്തിനിലങ്ങളേ
അതതുതറവാട്ടേയ്ക്കായിട്ടേ പതിച്ചുകൊടുത്തു്മേ-
ലതിനു മുറപോൽ വയ്ക്കപ്പെട്ടു കുറഞ്ഞ കരങ്ങളും. 7

ഭരതഭുവനം, കൊച്ചീരാജ്യം, തുടങ്ങിയ നാട്ടിലേ
നരരൊട്ടു പണം പററുള്ളോരീധരാതലവാസികൾ
ശരിവരെയടച്ചൊക്കെത്തീക്കാൻ പുറത്തു വിധിച്ച തി-
പ്പ്,രചനുടെ കോർട്ടിങ്ങെല്ലാമേ മുറയ്ക്കു നടത്തിടും. 8

അതിനനുസരിച്ചീ രാജ്യത്തീ നമുക്കു ലഭിച്ചിടും
വിധിവിഹിതമായാരാജ്യത്തും നടത്തിയെടുക്കുവാൻ
ക്ഷിതിപതി മുദാ തമ്മിൽ തമ്മിൽ കരാറു നടത്തിനാ-
നതു ഗുണകരം വ്യാപാരത്തേ പ്പുലത്തുമസംശയം. 9

ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

ബഹുമതിയെഴും രാമയ്യങ്കാരൊഴിഞ്ഞു ദിവാൻപദം
മഹിതനുടനേ രാമാരായക്കേട്ടുത്തു കൊടുത്തുതേ
ഇഹ പുണയൊടേ സക്കാർവേലയ്ക്കിരിപ്പവനല്ലയോ
വിഹിതനുപരി സ്ഥാനത്തിന്നും? നൃപാജ്ഞകൃപാർദ്രമേ. 10

ജനഹിതകരൻ യോഗ്യന്മാരാം ജനങ്ങളെയെത്രയും
കനിവൊടു വിളിച്ചോരോ ചട്ടം നടപ്പുവരുത്തുവാൻ
സനയമിവിടെ യ്യോന്നാമത്തെസ്സദസ്സു തുടങ്ങിയാൻ
മനുജരിതിനായ് പ്രാർത്ഥിച്ചില്ലാ കിനാവിലുമന്നഹോ. 11

ക്ഷിതിരമണരിൽ കെങ്കേമന്മാർ ഭരിച്ചുവരുന്നതാ
മതിവിപുലമാമിൻഡ്യാരാജ്യത്തൊതുങ്ങിയ ഭൂമിയിൽ
ഇതുവിധമഹോ സ്ഥാപിച്ചില്ലാ സദസ്സിതുകണ്ടിനി
പ്പുതിയവഴിയാ രാജാക്കന്മാർ പഠിക്കണമാദ്യമേ. 12

പരിചയമിനിസ്സിദ്ധിക്കേണം സ്വയംഭരണത്തിനും
ചെറുതു ജനതയ്ക്കെന്നോർത്തല്ലോ മഹാമതി ഭൂപതി
പെരിയ നഗരംതോറും വച്ചൂ സദസ്സു സമർത്ഥമായ്
ഭരണമവിടെച്ചെയ്വാനായിജ്ജനാഭിമതത്തൊടേ. 13

അടിയറയിളച്ചാനായന്മാരെട്ടത്തൊരു ദത്തിനാ-
യടിപണിയുവോർക്കാനന്ദമേറ്റം വളർത്തി ദയാനിധി
കുടികളുടെമേൽ പാട്ടപ്പീസും ചുമത്തരുതെന്നിതാ
ഝടുതി നൃവരൻ നൽകീടുന്നു നവീനമനുഗ്രഹം. 14

പഴയകരണം കാണിക്കുമ്പോൾ പിടിച്ചുവച്ചുടൻ
പിഴയിടുകയാൽ കഷ്ടപ്പാടീ ജനത്തിനു വന്നതിൽ
കഴിവതിനുമുണ്ടാക്കീ ശീഘ്രം കനിഞ്ഞു നൃപാലകൻ
പിഴപറയണം കേറിക്കൊണ്ടാപ്പിഴയ്ക്കു വിധിച്ചവൻ. 15

ജനമനുദിനം വർദ്ധിക്കുമ്പോളവർക്കുപജീവനം
തനതു ധരയിൽത്തന്നേയുണ്ടായ്വരുന്നതു ശോഭനം
മനസി കരുതീട്ടേവം കായൽകൃഷിക്കനുകൂലമാ-
യനികുതികമായയ്യാണ്ടോളം പതിച്ചു കൊടുത്തിതേ. 16

കരിനികരവും കാടൻപോത്തും കലാകുലവും തഥാ
* "ഹരിണി"കളു മുല്ലാസത്തോടേ പുളച്ചു കളിച്ചിടും
പെരിയ വനമെല്ലാരും കേറിത്തകൎത്തു കളഞ്ഞിനി
പ്പൊരുതികെട്ടമാ ക്രൂരക്കെന്നും കൃപാനിധിയോൎത്തുവോ? 17

കടലിലെഴുമാ ബ്ബാഷ്പം പൊങ്ങിപ്പറന്നു ഘനങ്ങളാ-
യൊടുവിലവയേ ക്കാറേറാടിച്ചാൽ കടന്നു കിഴക്കുപോം
നെടിയ മലയന്നേരം കേറിത്തടുക്കുകകാരണം
പൊടി തകൃതിയായുണ്ടാമെന്നോ ക്രമത്തിനു മാരിയും? 18

മലകളഖിലം കാടില്ലാതേ കഷണ്ടിപിടിയ്ക്കിലോ
ജലദപടലിക്കുണ്ടാകില്ലാ തണുപ്പതുമൂലമായ്
വളരെ വിഷമം വൎഷാഭാവാൽ വരായ്കതിനോ നൃപൻ
വലിയൊരു വനം സംരക്ഷിപ്പാൻ തുടങ്ങിയതിങ്ങിനേ? 19

നെടിയവനമീ രാജ്യൈശ്വൎയ്യം പുലൎത്തുവതിന്നുതാൻ;
തടിനികളതിൻ സന്താനംതാൻ, ജനത്തിനമങ്ങിനേ
തടികളിതിലുണ്ടായിട്ടുന്നു നമുക്കുപയോഗ്യമായ
കൊടിയ വെയിലിൻ ചൂടില്ലാതേ വരുത്തുവതില്ലയോ? 20

വിവിധതരമാം ദീനം മാററും മരുന്നുകളാലഹോ
നിബിഡമിവിടെക്കാടെന്നാരാനറിഞ്ഞു കഴിഞ്ഞുവോ?
ശിവ! ശിവ! വൃഥാ കണ്ണുംകെട്ടിക്കഴിഞ്ഞുവരുന്നു നാം
ഭുവനമഖിലം രക്ഷിപ്പാനിവനം മതിയായ്വരും. 21

നൃവരനറിയാമായുൎവേദം; മരുന്നുകളെത്രയോ
വിവരമൊടതിൽ ചൊല്ലപ്പെട്ടു മഹഷിവരിഷ്ഠരാൽ
നവനവവനം സൃഷ്ടിപ്പാനും കൊടുത്തൊരു ശാസനം
നവനിധികളേക്കാളും മേലായ് നമുക്കൊരനുഗ്രഹം. 22

വികലതയൊഴിഞ്ഞായുൎവേദം പഠിച്ച മിടുക്കരേ
സകല ഗദവും മാററിക്കൊള്ളുന്നതിന്നു സമൎത്ഥരേ
അകതളിരലിഞ്ഞാക്കിക്കൊണ്ടാൻ പ്രജാൎത്തിശമിക്കുമാ-
റഗദസുലഭം വൈദ്യസ്ഥാനേ വിവേകി മഹീപതി. 23

---

* "ഹരിണീ" വൃത്തം.

അറിവുവിമലം നൽകും സത്വം; രജസ്സു ചലിപ്പിച്ചുകൊ-
ണ്ടരുളു; മറിവിൻ നഷ്ടംതന്നേ തമസ്സുവരുത്തിടും
പെരിയഗുണമീമൂന്നിൻേറയും ക്രിയാക്രമഹേതുവാൽ
നരനു ഗതിയോ നാശത്തേയോ വരുത്തുമനുക്രമം. 24

വരമിതുകളിൽ സത്വം; നിന്ദ്യം തമസ്സു; രജസ്സിനേ
യൊരുവിധമിടയ്ക്കെണ്ണീടേണം മനസ്ഥിതിയിത്തരം
നരനിതു മനോരോഗം സത്വേതരം ഗുണമെന്നതിൽ
കരുതണമഹോ മൂർഛരിപ്പിയ്ക്കും തമസ്സു മഹാഗദം. 25

ഇതിനുവിമലം തത്വജ്ഞാനം മരുന്നഥ പഥ്യമാം
വിധിപറയുവേനാഹാരത്തിൻ പദാൎത്ഥവിവേചനം
അതിനുരസമാമാധാരംപോലതാറുതരംവരും
മധുരമതിലും മുമ്പേനില്ക്കും മനോജ്ഞമിതാൎക്കുമേ. 26

ധരണിയുദകംരണ്ടും സ്വാദു; സ്ഥ്ഥാഗ്നിധരിത്രികൾ
തരുവതു പുളിപ്പുപ്പുണ്ടാക്കും ജലാഗ്നികളൊക്കകിൽ
ഗഗനമനിലൻതിക്തം; തേജോമരുത്തുകളൂഷണം
പവനധരണിസംയോഗത്താൽ തരുന്നു കഷായവും. 27

ഇതുകരുതൊലാ സ്ഥൂലാകാരം ധരിത്രി തുടങ്ങിയു-
ള്ളതുകളിതുപോൽ ചേൎന്നാലത്രേ രസോൽഭവമെന്നിനി
അതുകളുടെയാത്തന്മാത്രയ്ക്കു കലൎപ്പു നിമിത്തമായ്
മധുരിമമുതൽക്കാറും നൽകുന്നതിന്നു കഴിഞ്ഞിടൂ. 28

പവനശമനം; മൂന്നും മുമ്പേപറഞ്ഞ രസങ്ങ;ളെ
ന്നവകഫകരം, ശേഷംമൂന്നും മരുൽകരമായ്വരും
ലവണകടുകാമ്ലത്താൽ പിത്തം കയൎക്കുമൊഴിയ്ക്കുവാ-
നിവിടെ മധുരം തിക്തം പിന്നെക്കഷായവുമോൎക്കണം. 29

ഉടലിനുടെയാസൃഷ്ടിയ്ക്കായും ബലത്തിനുമാം കഫം
വടിവൊടതിനെപ്പിത്തം രക്ഷിച്ചിടുന്നു യഥോചിതം
ഒടുവിലതിനേയില്ലാതാക്കും മരുത്തു; സമങ്ങളാ-
യിടുകിലിവയാൽ നീരോഗത്വം ഭവിപ്പതു നിൎണ്ണയം. 30

ത്രിഗുണമിതുപോൽ ശ്ലേഷ്മം പിത്തം മരുത്തിവയാശ്രയി-
ച്ചൊരുവന്നുളവാം ദോഷം മൂന്നും രസത്തിനധീനമാം
രസജനകമോ ഭൂതം; ദ്രവ്യാശ്രിതക്രമമിവിധം
രസകരമഹോ വൈദ്യം നാട്ടാക്കിണങ്ങിയതെത്രയും 31

ചുവടുദൃഢമാമായുർവ്വേദം പഠിച്ചു സമത്ഥരാ-
യിവിടെയിനിയും ദോഷജ്ഞന്മാർ പരന്നു ജനങ്ങളേ
അവരുടെ ഗദം നീക്കിപ്പാലിപ്പതിന്നു തുടങ്ങിനാൻ
നൃവരനുചിതം വൈദ്യാഭ്യാസം നടത്തുമൊരാലയം. 32

സമുചിതമഹോ വേദാഭ്യാസം ദ്വിജക്കതിനും തഥാ
വിമലതരയാം ഗൈർവ്വാണിക്കും തുടങ്ങിയ മന്ദിരം
ക്രമമൊടുമുയന്നെല്ലാവക്കും പ്രമോദമുദിച്ചു ഭൂ-
രമണനിതുപോൽ മേന്മക്കല്ലോ ശ്രമിപ്പതു നിത്യവും 33

നിരവധി ധനം വിദ്യാഭ്യാസംവകയ്ക്കു നിരന്തരം
നരകുലവരൻ വാരിക്കോരിച്ചൊരിഞ്ഞതു കാരണം
ഭരതധരണീചക്രേ മുമ്പിട്ടെഴത്തറിവേറിയോർ
പെരുകിയൊരിടം മററില്ലെന്നാപ്പുകഴ്ച ലഭിച്ചതേ 34

അനനിമിഷമിങ്ങിംഗ്ലീഷ് ഭാഷാ പ്രചാരമുദിയ്ക്കയാ-
ലിനിയിവിടെയാസ്സായ്പന്മാരും വരട്ടെ പഠിക്കുവാൻ
ജനമിവിടെയെന്താണും പെണ്ണും പഠിച്ചു ജയിച്ചുകൊ-
ണ്ടനവധി നടന്നിംഗ്ലണ്ടാക്കാൻ തുടങ്ങി ഞെരുങ്ങിയും 35

പുലയുവതിമാർ നെല്ലുംനോക്കിക്കരിമ്പിനിടയ്ക്കിരു-
ന്നലഘുതരമാം, പാട്ടുണ്ടാക്കി ക്ഷിതിശ്വരകീത്തനം
കളകളരവം പാടുന്നേരം കുലച്ച കരിമ്പിനും
തലകളിളകി വിദ്യാഭ്യാസപ്രചാരമിതത്ഭുതം. 36

തൊഴിലറിയണം കാലക്ഷേപം സുഖേന കഴിക്കുവാൻ
വഴുതരുതതിന്നെന്നോത്തല്ലോ ജനത്തിനു തമ്പുരാൻ
കഴിവതുമതിന്നുത്സാഹിച്ചാത്തൊഴിൽക്കനുരൂപമാം
വഴികളും പലതും വിസ്താരത്തിൽ തുറന്നിഹ തന്നതും 37

കടലരികുതൊട്ടങ്ങേയററം കിഴക്കു മലയ്ക്കേഴും
കൊട്ടുമുടിവരെക്കാട്ടും മേട്ടും കടന്നു തടങ്ങളും
ഇടയിടെയെഴും റോഡും തോട്ടും ക്രമാൽ ചതുരംഗമാം
പടയുടെ കളിക്ഖണ്ഡംപോലേ ചമഞ്ഞിതു മേദിനീ 38

ഇതുവരയുമീ രാജ്യാതൃത്തിക്കകെത്തൊരയോമയം
കുതിര കയറീട്ടില്ലെന്നുള്ളാക്കുറച്ചിലുതീക്കുവാൻ
അതിനിപുണമായ് ചെങ്കോട്ടയ്ക്കും ദശിംഗപുരത്തിനും
ദ്രുതതരമിതാ പായിക്കുന്നു മാഹായസഘോടകം. 39

ശകടഗതിയേ രോധിക്കാനായസഹ്യമുയന്നതിൻ
നികടഗതനാം സഹ്യാദ്രിക്കും പിണഞ്ഞിതു സങ്കടം
അകമഖിലവും പാതാളംപോൽ തുരന്നുപൃദാകുവിൻ
പ്രകൃതിയിലതിൽക്കൂടി കേറിത്തുടങ്ങി സദാഗതി. 40

തനതുവകയാം മേഘത്തെക്കൊണ്ടു,സൂയമുഴത്തവൻ
ജനഹിതകരം ചെയ്യിച്ചില്ലാ വൃഷൻമഴയെങ്കിലും
ഇനിയിവിടെയീനാട്ടാർ കഷ്ടപ്പെടാതെയിരിക്കുവാ-
നണപണുതുതേ ഗോദസ്രോതപ്രവാഹനിയാമകം 41

കനകമയമാമാറായ്ത്തീർന്നു ക്രമേണ ജനത്തിനീ-
യണയുടെപെരുംകാലായ്ക്കായും സരിത്തുകളൊക്കെയും
ധനമതുലമാവേലയ്ക്കായിപ്പൊടിച്ചതു "വാരി"പോ-
ലനുഭവ;മുയന്നാനക്കൊമ്പൻ വളന്ന നിലങ്ങളിൽ 42

സികതമയമാ;യങ്ങിങ്ങായിട്ടുയന്നകരിമ്പന-
യ്ക്കുകലെ നിഴലായ്പോയിട്ടെന്നും മഹോഷരതുല്യമാം.
പ്രകൃതികലരും ശൂന്യം ദേശം ക്രമാലളകാപുരി-
ക്കകമുരുകുമാറാക്കിത്തീർത്താൻ കുബേരനൃപാലകൻ 43

ഹരിണനഗരംതൊട്ടോരോരോ മഹായതനങ്ങളിൽ
സുരുചിരകരാ സപൎണ്ണസ്തംഭപ്രതിഷ്ഠകഴിക്കവേ
ഭരണവിജയസ്തംഭംപോലേ ധ്വജങ്ങളതൊക്കെയും
നരവരയശസ്സാകാശത്തും പരത്തി പതാകയാൽ 44

തുലിതകനകൻ ദാനംചെയ്യാൻ തുലാപുരുഷാദികം
കുലസഹജമായ് പണ്ടേചെയ്യും ഹിരണ്യകഗർഭവും
പല മുറജപം കെങ്കേമത്തിൽ കഴിച്ചു ശുഭപ്രദം
കലികലുഷമീനാട്ടിൽ തട്ടാതകററി സുഖപ്രദൻ 45

ത്രിപുരഹരനേ മാർക്കണ്ഡേയൻ ഭജിച്ചതുപോലെയോ
നൃപതിയുടരെച്ചെയ്തീടുന്നു ശിവാലയദർശനം?
ജപസുരഭിലം ഗംഗാതീർത്ഥം സഹസ്രസഹസ്രമായ്
സപരികലശം വൈക്കത്തപ്പൻ ശിരസ്സിലൊഴുക്കിനാൻ 46

ഉപരിതിരുനാളാകുംമുമ്പേ തുടങ്ങി മുടങ്ങിടാ-
തപരിമിതമായ് വൈക്കത്തൂട്ടിൽ കഴിച്ചൊരുസദ്യയിൽ
കൃപയൊടുമഹാദേവൻപോലും ഭുജിച്ചു സുഖിച്ചിടും
സപരിജന,മന്നല്ലോ ഭിക്ഷുച്ചിരട്ടകളഞ്ഞതും 47

ദിവാൻ ശങ്കരസുബ്ബയ്യർ.

സ്ഥവിരസചിവൻ രാമാരായർന്നെഞ്ഞകൊട്ടക്കയാ-
ലിവിടെയൊഴിയും സ്ഥാനത്തേയ്ക്കുന്നനന്തര മന്ത്രിയായ്
നൃവരനിവിടെ,പ്പേഷ്കാരായി സ്സ്വദേശിയുമാം ദ്വിജ-
പ്രവരനു ദിവാനുദ്യോഗത്തേക്കൊടുത്തു മഹാശയൻ 48

അടിയിലടിയിൽ സർക്കാർജോലിക്കിരുന്നപുമാൻ ക്രമാൽ
പടിപടികളായ് മേല്പോട്ടേറീ സമർത്ഥതകാരണം
ഒടുവിലധുനാ കാണാകുന്നു നമുക്കു മഹോന്നതം
പടിയിലധികം ശോഭിച്ചീടും ദിവാൻെറ നിലയ്ക്കിതാ 49

സ്വയമഖിലവും നോക്കിച്ചെയ്യാൻ സമർത്ഥതയുംപരം
നയവുമിയലും ഭൂപാലൻതൻ ദിവാനെവനാകിലും
റയിലിനപുറത്തെന്തായാലും, പരിഷ്കരണത്തിലേ
രയമൊടുദിവാനോടിച്ചീടാ ധരാഭരണംസ്വയം 50

പലമുറുവുമിൻഡ്യായിൽപോയി പ്രധാനതയേറിടും
സ്ഥലവുമതുപോൽ സന്ദർശിച്ചു ധരാപതിമാരെയും
വലിയബഹുമാനത്തോടത്രേ വരിഷ്ഠനരേന്ദ്രനേ
നിലപെരുകുമാബ്ദ്ഭൂപാലന്മാർ നമിച്ചെതിരേററതും 51

കലുഷഹരമാം ഗംഗാസ്നാനംകഴിച്ചു; ഗയായിലും
ബലി പിതൃഗതിക്കർപ്പിച്ചു് തൽപ്രയാഗയിലും തഥാ
ഉലകുമുഴവൻ ശ്രീകാശിയ്ക്കായ് പവിത്രതനൽകു;മാ-
നിലയനമതിൽ ഗംഗാചൂഡൻപദത്തെ വണങ്ങിനാൻ 52

അനഘതരമാം തീർത്ഥസ്ഥാനം പലേടവുമുള്ളതും
ഘനതരമനോഭക്ത്യാ ദർശിച്ചനർഗ്ഘതനേടിനാൻ
ഗുണനിധി നൃപൻ പുണ്യംചെയ്താലതിന്റെ ഫലങ്ങളേ
ജനനിവഹവും നിസ്സന്ദേഹം ഭുജിച്ചു സുഖിച്ചിടും 53

വനകരികളേ വേട്ടയ്ക്കായ് വന്നതൃത്തിവനങ്ങളിൽ
കനിവൊടിവിടെ ബ്രിട്ടീഷ് സമ്രാട് കുമാരകനാദ്യമായ്
ഗുണനിലയനാം ശ്രീമൂലക്ഷ്മാപതിക്കു കരംകൊടു-
ത്തനുഗുണമഹൽ സല്ക്കാരം സ്വീകരിച്ചു ഗമിച്ചുതേ 54

ദിവാൻ കൃഷ്ണസ്വാമിരയ്യർ.

മുതലുപെരുകുംമട്ടിൽ കാര്യം ഭരിച്ചു ദിവാൻ നിജം
പദമൊഴിയവേ തത്സുബ്ബയ്യൻ സശങ്കരനാമകൻ
അതിനുപകരം കൃഷ്ണസ്വാമീത്യറിഞ്ഞൊരു രായര
ക്ഷിതിപതി ദിവാനാക്കി മേല്ക്കോർട്ടമന്റൊരുജഡ്ജിയേ 55

ദത്തു്.

സ്വകുലമിനിയും വർദ്ധിപ്പിക്കാൻ കുമാരികളൊന്നുമേ
സുകൃതിനൃപതിക്കില്ലാതായീ ഗൃഹത്തിലതോർക്കയാൽ
അകമുഴറവേ ശേഷക്കാരായ് സ്വകോലകുലത്തിലേ
പികമൊഴികളേ ദത്തായിട്ടിങ്ങെടുത്തു കുലോചിതം 56

അതിർത്തിത്തക്കം.

പുനരപി വഴക്കുണ്ടായ്വന്നു വടക്കതിരിന്നക-
ത്തിനിയുമൊരിടം കൊച്ചിക്കുണ്ടെന്നതെന്തൊരുസങ്കടം?
ക്ഷണമതിനഹോ മദ്ധ്യസ്ഥന്മാർ വിധിച്ചിതു കൊച്ചിമേ-
ലനുഭവമെടുക്കട്ടേയെന്നാ"വടോട്ടു"വാടുംവാധം 57

അരചനുടെ ഭ്രൂചുററി ദ്വീപാന്തസമാനമിരിക്കുമാ-
ചെറിയൊരിടമാ മാടക്ഷോണീപതിക്കു കൊടുക്കയാൽ
ഭരണവിഷമം ചുററും വ്യാജച്ചുരക്കുപരക്കയാൽ
വരുമതിനെന്തും ചിന്തിച്ചെന്തോ വ്യവസ്ഥവരുത്തിപോൽ 58

മലകളധികം പൂഞ്ഞാർഭൂപന്നധീനമിരിക്കിലും
ഫലമതുകളാലാരാജാവിന്നൊരല്പവുമില്ലപോൽ
പലവിഷമമീരാജ്യത്തേയ്ക്കുംവരുന്നതുകാരണം
തെളിവൊടതിലേക്കുണ്ടാക്കിച്ചു നവീനമുടമ്പടി 59

യമതനയനംമററും പണ്ടിവനത്തിലിരിക്കവേ
കുമതി ഹതകൻ പൊട്ടക്കണ്ണൻ നൃപൻെറ കുമാരകൻ
അമിതവിഷമാസ്രോതോമദ്ധ്യേകലക്കിയനശ്വനാ-
ടമലമധുനാ മാലേയത്താൽ പ്രശോഭിതമെപ്പൊഴും 60

അവിടമൊരിടം കണ്ണൻദേവൻപ്രദേശമിതൊക്കെയും
വിവിധവിഭവംകൊണ്ടത്യന്തം വിളങ്ങിയഭൂമികൾ
ഇവിടെമുഴവൻ വാങ്ങീ ലക്ഷംപണം പ്രതിവത്സരം
നൃവരനതിനായ് പൂഞ്ഞാർഭൂമീപതിക്കു കൊടുക്കണം 61

വൈസ്റായി കഴ്സൻപ്രഭു.

വളരെവിരുതൻ കഴ്സൻ സമ്രാട്പ്രിയപ്രതിപൂരുഷൻ
ചില നൃവരരെത്താഴെത്തള്ളിക്കളഞ്ഞ മഹാപ്രഭു
കലിതകുതുകം സന്ദർശിച്ചു ധരിത്രിയിതാദ്യമായ്
നലമൊടരചൻതന്നെപ്പാരം പുകഴ്ത്തി മടങ്ങിനാൻ 62

ഗവർണ്ണരിവിടെ ക്കൂടെക്കൂടെ, ക്രമേണവരുമ്പൊഴും
നൃവരഭരണം ശ്ലാഘിക്കുന്നു യഥാർത്ഥമറിഞ്ഞുതാൻ
നവനവ പരിഷ്കാരം യാഥാസ്ഥിതക്ക്മുടിക്കുമാ-
റവനിപതിയാൽ ചെയ്യപ്പെട്ടു സ്വകൃത്യമനാകുലം. 63

വിക്ടോറിയാചക്രവർത്തിനി.

അഖിലഭുവനശ്രേയോലാഭപ്രഹൃഷ്ടമനസ്വിനീ
സുകൃതനിലയാ സർവ്വാരാധ്യാ മഹാംഗലനായികാ
വിഘടിതജഗൽപ്രാണാ,പ്രാണപ്രയാണമനുത്തമം
സുഖമടയവേ,ലോകം ശോകക്കടൽ കയമെത്തിയാർ 64

വ്യഥിതഹൃദയൻ ക്ഷോണീപാലൻ സ്വകീയജനങ്ങളെ
ക്കടനമറിവിച്ചെല്ലാപേരും കറുപ്പു ധരിക്കവേ
പ്രഥിതഗുണവാനെഡ്വേർഡാഖ്യൻ കിരീടമണിഞ്ഞതായ്
തദനുവിവരം കേട്ടെല്ലാരും വിഷാദമൊതുക്കിയാർ 65

അതിനുപരിയായ് ഡില്ലീഡർബ്ബാർനടന്ന മഹോത്സവേ
ക്ഷിതിരമണനും പങ്കുണ്ടായി പ്രഹർഷണകാരണം
അതിനനുസരിച്ചീരാജ്യത്തും മഹാജനമൊത്തുചേ-
ർന്നധികതരമായാഘോഷിച്ചൂ നൃപന്നതുകൌതുകം 66

വി. പി. മാധവരായർ.

പദമൊഴിയവേ രായർശ്രേഷ്ഠൻ വരുത്തി പുറത്തുനി-
ന്നതിനുപകരം മൈസൂർഖ്യാതൻസു, മാധവരായരെ
ഇതുമൊരുചിതം മൈസൂർനാട്ടിൻപരിഷ്കൃതിയൊക്കെയും
ദ്രുതമിവിടെയും കാണാമല്ലോ നമുക്കു സുഖാവഹം 67

ശ്രീമൂലംപ്രജാസഭ.

അവിടെ വളരെപ്പണ്ടേതന്നെ പ്രജാസഭയുള്ളൊരാ-
വിവരമറിവിച്ചപ്പോൾതന്നേ കനിഞ്ഞു നൃപാലകൻ
ഇവിടെയുമുടൻ "ശ്രീമൂലാ"ഖ്യം പ്രജാസഭ നാട്ടുകാ-
ർക്കവികലസുഖം നൽകാനായിത്തുടങ്ങി സമംഗളം

പ്രതിനിധികളേ,യാദ്യം സർക്കാർതന്നിച്ഛ തിരഞ്ഞെടു-
ത്തതുസമയമാ മന്ത്രിശ്രേഷ്ഠൻ ധരിച്ച ജനങ്ങളേ
വിതതഹൃദയം വിദ്യാഭ്യാസം വിനീത യുദാരതാ
ധൃതി, ചതുരതാസർവ്വംകൊണ്ടും തികഞ്ഞതരീജ്ജനം 69

ഉപരിതരമായെല്ലാവർക്കും നിറഞ്ഞു കവിഞ്ഞതായ്
നൃപതിവരനിൽ ഭക്തിപ്രേമപ്രകാശവിശേഷണം
അപരധരണീഭാഗാലഭ്യം ഗുണാതിശയത്തിനാ-
ലപഹൃതമനസ്സായിപ്പോയി ദിവാനതിബുദ്ധിമാൻ 70

പ്രതിനിധികളാൽ ചൊല്ലപ്പെട്ടോരവസ്ഥകളേക്കുറി-
ച്ചതുസമയം ശ്രദ്ധിക്കാനായ് നൃപാജ്ഞ ലഭിക്കയാൽ
സദസി സചിവൻ പൂജ്യാദ്ധ്യക്ഷൻ നിവേദിതകാര്യനായ്
പ്രതിമുഹുരെണ്ണീറേറാതിട്ടന്ത്യ നിവൃത്തി സഹാദരം 71

പ്രതിനിയതമായാണ്ടോടാണ്ടയ്ക്കിനി "തഹശിൽ" സ്ഥലം
പ്രതി, നികുതിയും മററുംകൊണ്ടും പ്രസിദ്ധജനങ്ങളേ
പ്രതിപുരുഷരായ് ക്കൂട്ടംക്കൂടിത്തിരിഞ്ഞു സഭയ്ക്കുയ-
പ്പതിനു സദയം കല്പിച്ചല്ലോ നരേന്ദ്രശിഖാമണി. 72

പെരിയനദിയിൽ പാഞ്ഞീടുന്ന ജലം നിലവിട്ടതിൻ
കരയിലൊരിടത്തുദ്യോഗസ്ഥപ്രഭുക്കളിരിക്കവേ
മറുകരയിലായ് നിന്നിടുന്ന ജനങ്ങളൊതുങ്ങിയെ-
ന്തരചനവിടെപ്പാലംകെട്ടി പ്രജാസഭരൂപമായ് 73

ഭരണഗുണവും കേൾക്കാം ദോഷംവരുത്തിയതും, ജനം
പറയണമിനിസ്സർക്കാർ മാർഗ്ഗംവെടിഞ്ഞു നടക്കുകിൽ
അരചനറിവാൻ ധൈര്യത്തോടേ പരിഷ്കൃതി വേണ്ടതായ്
വരുവതഖിലം നിർദ്ദാക്ഷിണ്യം പറഞ്ഞു പുലർത്തണം 74

ജനകസവിധേ വാത്സല്യത്തിൽ തഴങ്ങിയമക്കളും
ജനകസദൃശൻ ഭൂപാലങ്കൽ തഥൈവ ജനങ്ങളും
ഗുണകരമുരച്ചെന്നാൽ കേൾക്കും കനിഞ്ഞതു നൽകിടും
വിനയരഹിതം തമ്മിൽ തല്ലിൽത്തരുന്നതുതർജ്ജനം 75

പൊതുഗുണകരം കാര്യംമാത്രം പറഞ്ഞുതുടങ്ങിയാർ
പ്രതിനിധികളാമക്കാലത്തേ വിവേകികളാംജനം
അതിനനുസരിച്ചുണ്ടാകുന്ന നൃപാജ്ഞ ഗുണപ്രദം
സതതമതിനാൽ സന്തോഷിച്ചു സമസ്തജനങ്ങളും 76

കരമളവിനായ് നെല്ലുംകെട്ടിച്ചുമന്നധികാരികൾ
ക്കരികിലണകിൽ കഷ്ടപ്പാടെന്തളന്നു കൊടുക്കുവാൻ?
പറയുമിനിയും മങ്കുണ്ടെന്നും കുറച്ചിതുണങ്ങിയേ
പറയിലിടുവാൻപാടുള്ളെന്നും പ്രവൃത്തിയിലുള്ളവർ 77

പറയുവതിനെക്കേട്ടില്ലെങ്കിൽ തിരിച്ചുചുമക്കണം
പറയിലിടുവാൻ കൈ പൊക്കുന്ന തലയ്ക്കുകവിഞ്ഞഹോ
കുറയുമളവിൽ; പാലം പോയിക്കിടക്കുവതല്ലയോ
പറയളവുകാരാരെന്നാലെന്തമുക്കുമസംശയം 78

ദുരിതമിതിനേത്തീർത്തീടാനായ് പറഞ്ഞു സഭാതലേ
ത്വരിതമതിനേയന്വേഷിച്ചു നൃപൻ കരുണാകരൻ
പെരിയ വിഷമം നേരിട്ടിട്ടും പണക്കരമാക്കി നെ-
ല്ലൊരുവനമിനിക്കെട്ടി ബദ്ധേസിക്കുഴങ്ങുകവേണമോ? 79

നിയമസഭയിൽ കൊള്ളാവുന്നോരിരിക്കണമെങ്കിലേ
നയമൊടതിലുണ്ടാകും ചട്ടം പ്രയോജനമാസ്പത്രു
പ്രിയതരമിതാ കല്പിക്കുന്നു, പ്രജാസഭ യോഗ്യരെ
സ്വയമിനിയയയ്ക്കണം തമ്മിൽത്തിരഞ്ഞു നിരന്തരം 80

അരുതിവരുമോ വാത്സല്യത്താൽ പ്രജാസഭയിൽ ജനം
പറയുവതിനേക്കേട്ടെന്തെല്ലാം വരുത്തി ഗ്ഗുണം നൃപൻ
അറിവനുദിനം വർദ്ധിക്കുന്നു ജനത്തിനു നാട്ടിലേ
ഭരണവിഷയേ വാചാലം താനടുക്കളമൂലയും. 81

കണ്ടെഴുത്തു്.

ത്വരിതഗതിയിൽ തീർപ്പിക്കുന്നു തുടങ്ങിയ കണ്ടെഴു-
ത്തുരഗസദൃശം ചുററിക്കൂടിക്കിടന്നതു കേവലം
കരവുമിനവും മാത്രം നോക്കി കൊടുക്കുക പട്ടയം
വെറുതെയവകാശത്തെപ്പററിച്ചുഴിഞ്ഞിനി നോക്കൊലാ. 82

തറവിലയിലും ഭേദംചെയ്താൻ നൃപൻ തനതായ്‌വരും
തറകളുടെമേലയ്യാണ്ടത്തെക്കരം വിലയാക്കിനാൻ
കുറവുപലതും വീണ്ടുംചെയ്താൽ കുടിസ്സുഖനീക്കുവാ-
നറവകരുണയ്ക്കെല്ലാപ്പോഴും മഹാമതി ഭൂപതി. 83

പള്ളിക്കെട്ടു്

നരവരഗൃഹേ ലക്ഷ്മീറാണീമണിക്കു നടത്തിനാ-
നൊരു സുകൃതിയാപ്പപ്പുക്ഷ്മാപൻ മുദാ കരപീഡനം
പെരിയ മഹമാപ്പള്ളിക്കെട്ടിൽ പ്രജാതതി വഞ്ചിഭൂ-
വരനുടെ മഹൽസൽക്കാരത്താൽ തെളിഞ്ഞു വിളങ്ങിനാർ. 84

തദനുമഹതീ പാർവ്വത്യാഖ്യാകുമാരി ശുകേണഭൂ-
പതിവിരുതനാ, ലത്യാഘോഷം ഗൃഹീതകരാംബുജാ
സദയഹൃദയാ സവൈശ്വര്യപ്രദായിനി ശങ്കരീ
സദൃശസുഷമാസന്തോഷത്തേ വളർത്തി ജനങ്ങളിൽ. 85

ശ്രീമൂലംതമ്പുരാനു നേരിട്ട സങ്കടങ്ങൾ.

അരചപദവിക്കൊക്കുംവണ്ണം സ്വധർമ്മമൊഴിഞ്ഞു മ-
റെറാരുവകയിലും ബന്ധിക്കാതെ തെളിഞ്ഞ മനസ്സോടേ.
സരസിജദലേ വെള്ളത്തുള്ളിപ്രമാണമിരുന്നുതേ
നരപതി മഹാഭക്തന്മാരിൽ കിരീടമണിഞ്ഞവൻ. 86

ഉരപെരുകിടും ഭക്തന്മാരേ പരീക്ഷ നടത്തുവാൻ
വിരുതു ഭഗവാനുണ്ടെന്നല്ലോ പുരാണകഥാഗതി
അറിയണമതിൻ നേരെന്നാകിൽ പഠിക്കുക മൂലഭൂ-
വരസുചരിതം ബാല്യംതൊട്ടേ മഹാത്ഭുതസംഭവം 87

ജനനദിവസം തൊട്ടെണ്ണുമ്പോൾ ദിനേ പതിനൊന്നിലാ
ജ്ജനനിയിരുപത്തെട്ടാമത്തെക്കിളുന്നവയസ്സിലെ
കനകരുചിരം പൂമെയ്യേയും ശിശുക്കളെയും വെടി-
ഞ്ഞനഘയമരീഭാവം പൂണ്ടാൾ കുലൈക മനസ്വിനീ. 88

ഉലകിലെവളാവാത്സല്യത്തിൻ പ്രസന്നത ചേർന്നതാം
മുല,ശിശുവിനാത്തള്ളയ്ക്കൊപ്പം കൊടുത്തു വളർത്തിടും?
മുളയതു വരുംനേരം വിത്താച്ചിതൽക്കിരയാകിലോ
വളരെ വളരെക്ലേശം തന്നേ മുളയ്ക്കു വളർന്നിടാൻ. 89

അരുമയൊടെടുത്താനന്ദത്തിൻ വിഡംബനചുംബനം
തിരുമുഖമതിൽ ചെയ്തിട്ടില്ലാ കനിഞ്ഞൊരു നോട്ടവും
നരകമിതരം തായില്ലാതേ വരുന്നൊരു കുഞ്ഞിനി-
ധരണി; കരുണാപീയൂഷത്തെത്തരുന്നതു തള്ളതാൻ. 90

ഇരുതിരുവയസ്സാകും മുമ്പേ പിതാവു ദിവംഗതൻ
ചെറിയ ശിശുവിന്നാശ്വാസത്തെക്കൊടുക്കുവതാരുവാൻ?
വരുവതിനിയും കഷ്ടംതന്നേ, വളർത്തിയ മാതുലൻ
നരപതി ദിവം പൂകി മൂന്നാംവയസ്സിലുമീശ്വരാ! 91

വിരുതുടയവൻ ജ്യേഷ്ഠഭ്രാതാവിരുന്നു തുണയ്ക്കുവാൻ
പെരിയൊരു സുഖം നൽകിക്കൊണ്ടും കളിച്ചു വളർന്നതേ
ഒരുദിനമിതാ സൂര്യൻപോലും പ്രകാശവിഹീനനാ-
യിരുളടയുമാറയ്യോ കഷ്ടം! വെടിഞ്ഞു ധരാതലം. 92

വലിയ വിരുതന്മാരായില്ല്യം വശാഖവുമീശ്വരാ-
വലമഥനരുംപോയാരെയ്മ്പത്തട്ടത്തൊരുസന്ധിയിൽ
തലയിലതിനാൽകേറി ഭാരം പിതാമഹശാസനം
പലരുമതിനേ നീക്കിക്കൊൾവാനൊരുത്തനു സാധ്യമോ? 93

ഇനിയുമുലകിൽ സന്തോഷത്തേത്തരേണ്ട കലത്തിലും
വിനകളുടനേയാരംഭിച്ചാൻ പിഴച്ച പിതാമഹൻ
ഗുണനിധികളായ് ശ്രീരാമാദിക്കുട്ടത്ത മഹസ്സോടേ
ജനനമിയലും രാജാക്കന്മാർ ഗമിച്ച സുരാലയം. 94

ചതയധരണീശക്രൻ ചന്ദ്രപ്രഭാകരമാംമുഖ-
ത്തതിപുരുഷതയ് ക്രൂർദ്ധശ്മശ്രുപ്രതാപമിയററിയോൻ
ഹതവിധിവശാൽ സ്വർഗ്ഗം പൂകിക്കഴിഞ്ഞു നിവാപമാ
മുദകമിനിയീയമ്മാവൻതാൻ കൊടുപ്പതിനുള്ളവൻ. 95

അഹഹ! കഠിനം കല്ലൻസായ്പിൻ ശുപാർശയിലുള്ളട-
ത്തിഹവിഫലമായ്ത്തീർന്നു രണ്ടും ഗമിച്ചിതു രാജ്ഞിമാർ
മഹിതനൊരുവൻ പുത്രൻ ശേഷിച്ചതും കഴിയുന്നു ദു-
ർവ്വഹമിതു മഹാപാപം നൽകും ഫലം വസുധാതലേ. 96

ഹരി! ഹരി! മഹാരാജാവായാലതെന്തൊരുസാര?മേ-
തൊരു ശിലയുമീദുഃഖം കണ്ടാലലിഞ്ഞു കുഴഞ്ഞുപോം
നരവരനിതാ തീവയ്ക്കുന്നു ചിതയ്ക്കു നമസ്കരി-
ച്ചുരുതുപറവാൻ കണ്ണീരാലേ കഴിച്ചു ജലാഞ്ജലി 97

ചതയമധികം പുണ്യം ചെയ്തോനിതേവരെ മൂത്തോരാം
ചിതയിലിളയോർക്കായിക്കർമ്മം നടത്തിയതില്ലപോൽ
ഇതു പുനരഹോ സ്ഥാനാരൂഢൻ ജഗല്പതി മാധവൻ-
പദമണിയുവോൻ ഭക്ത്യാ കർമ്മം നടത്തിയതുത്തമൻ. 98

ദിവാൻ എസ്സ്. ഗോപാലാചാര്യർ

വിജയതരമായ് സാചിവ്യത്തേ വഹിച്ചൊരു രായരും
നിജ പദമൊഴിഞ്ഞപ്പോഠം പിന്നൊട്ടിവാൻപണി നോക്കുവാൻ
പ്രജകളഖിലംവാഴ്ത്തും ധീരൻ സ്വതന്ത്രമനസ്കനാം
ദ്വിജവരനിതാ ഗോപാലാഖ്യൻ വരുന്നിതു വൈഷ്ണവൻ. 98

ചുണയൊടു ദിവാൻ നാട്ടാക്കിഷ്ടപ്രവൃത്തി തുടങ്ങവേ
കണിശമിവിടെജ്ജോലിക്കൊക്കെ ക്ഷണേന വരുത്തവെ
ഇനിയുമറിവാൻ വൈഷമ്യം താനതിന്നുടെ കാരണം
ക്ഷണമിവിടവും വിട്ടാമാന്യൻ ഗമിച്ചുകളഞ്ഞുതേ. 99

ദിവാൻ സർ പി. രാജഗോപാലാചാൎയ്യർ.

അതിനുപകരം ഗോപാലാഖ്യൻ സരാജപദോപഗൻ
ക്ഷിതിവിബുധനാമന്ത്രിസ്ഥാനം വഹിച്ചു മഹത്തരം
അതനുഗുണമീനാട്ടിൽചെയ്തു പരിഷ്കൃതമാനസൻ
വ്യതിചലനമുണ്ടായാൽ നിത്താൻ ക്ഷിതീശ്വരനില്ലയോ? 100

തലവലിയവൻ മന്ത്രിശ്രേഷ്ഠൻ പ്രജാസഭതന്നിലാ-
പ്പുലയരൊടുചേൎന്നാഢ്യൻപോലും സമത്തിലിരിക്കുവാൻ
കലശലുവരാതേപ്പാടാക്കിത്തുടങ്ങിയിടിക്കുവാൻ
ബലമെഴുവൊരാജ്ജാതിക്കോട്ടയ്ക്കടിത്തറശക്തിയിൽ. 101

നിപുണത ദിവാനേറും, പക്ഷേ നിയന്ത്രിതമാക്കിനാൻ
സഭ; പറയുമാക്കാൎയ്യം നേരം ക്രമങ്ങളിണക്കവേ
അപരിചിതമാം ജാതിദണ്ഡം തുടങ്ങുവതോൎക്കിലെ-
ന്തപനയ?മതീരാജ്യശ്രേയപ്രയോജകമാകുമോ? 102

ഇവിടെവളരും ധൎമ്മത്തിൻപേർപറഞ്ഞു കണക്കുവി-
ട്ടവിഹിതമടുത്തൂട്ടാം സൎപ്പം പിളൎന്നൊരു വായിലായ്
തവളയൊടുനേരാകും സൎക്കാർധനത്തിനു രക്ഷയായ്
വിവരമൊടുമാവിപ്രൻ വിട്ടാനുരത്തശരത്തിനേ. 103

പഴയൊരുദിവാൻ ദേവസ്വത്തേയെടുത്തു ഭരിച്ചൊരാ
വഴിയിലുളവാം നഷ്ടത്തേയും ഗണിച്ചു ഗുണത്തെയും
അഴിമതികളേ നിത്താൻ നോക്കിത്തുടങ്ങി നൃപാജ്ഞയാ
കഴിവതുമതിൽ ശ്ലാഘയ്ക്കൎഹൻ നവീനദിവാനിജി. 104

വളരെവലുതാംപള്ളിക്കൂടം പലേടവുമിട്ടു മേൽ
പുലയരുമതിൽചേരാനായിക്കൊടുത്തൊരു ശാസനം
വലിയ വിജയം; സാഹോദൎയ്യം, സമത്വമിവററകൾ-
ക്കുലകിലിതിനാൽ ജാതിത്തൎക്കം വഴങ്ങിയൊഴിഞ്ഞുപോം. 105

പെരുവഴികളിൽ പോകുന്നേരം കടത്തു കടക്കവേ
ചെറിയൊരുകരം പാന്ഥന്മാരിൽ ചുമത്തിയെടുക്കുവാൻ
കരുതി സചിവൻ മാടക്ഷോണിതലത്തെവിധത്തിലാ-
ക്കരുമനവരാതാക്കി ധൎമ്മക്ഷിതിയ്ക്കധിനായകൻ. 106

അരചധരണീചക്രേ ചക്രം പണങ്ങളിതൊക്കെയും
പരിചൊടുമടിച്ചീടിക്കൊക്കെപ്പുരത്തിവരുംവിധൌ
ചെറുതെവിടെയോ വ്യാജംവന്നിട്ടതിൻപരിഹാരമായ്
കരുതി, സചിവൻ കമ്മട്ടത്തെക്കളഞ്ഞുകളിക്കുവാൻ. 107

പരിഭവമതിൽ തോന്നാതില്ലാ ജനത്തിനൊരുത്തനും
പരമതിനെയും കേട്ടു ശ്രേഷ്ഠൻ ധരയ്ക്കധിനായകൻ
അരുതരുതതെന്നാജ്ഞാപിച്ചാനതിൻഗുണദോഷമൊ-
ട്ടറിയുമളവിൽ പശ്ചാത്താപപ്പെട്ടുന്നു ദിവാനിജി. 108

ജനതതി പണം കൈമാറുമ്പോളതിൻവിലയെത്രയോ
ഗുണമധികമാം ലോഹത്തേക്കാൾ, കുറച്ചിവ തങ്ങളിൽ
ജനിതഫലമോ ലാഭം ഭൂപന്നതും ജനതയ്ക്കുതാൻ
തുനിയരുതു നാം വാങ്ങിപ്പാനായ് വൃഥാ പരനാണയം 109

പരജനവുമായ് വ്യാപാരം ചെയ്തിടുന്നളവെന്നിയേ
പരപണവുമായേപ്പാടില്ലാതിരിപ്പതിലെന്തഹോ?
കരുതലൊടുമീരാജ്യാവശ്യം മുഴുക്കെ നടക്കുവാ-
നരചനുടെയാക്കമ്മട്ടത്തിൽ പ്രവൃത്തി നടക്കണം. 110

കൃഷിവകുപ്പ്.

പലതൊഴിലിലും മുമ്പേനില്ക്കും കൃഷിക്കുപയോഗമായ്
വളരെയറിവുണ്ടായീടേണം ജനത്തിനതോക്കയാൽ
ഫലകരകൃഷിക്കായ്ത്തിന്നായ് ചമച്ചു നവീനമായ്
വിലയെഴുമൊരാൾ മേലാളായിത്തെളിഞ്ഞവകുപ്പിനെ. 111

ചെറുമുളവരുംനേരംതന്നെ ചെടിക്കിലവേരുകൾ
തിരയുമുയരാനാഹാരത്തേ മുറയ്ക്കു ലഭിക്കുവാൻ
കരുതിടുവതോ വിത്തിൽകിട്ടും പദാർത്ഥമെടുത്തുതാൻ
കഴിയുവതിനായ് വീടും വില്ക്കും ജളോപമനായ് ചെടി. 112

ഒരുവനൊരിടം കാടും വെട്ടിത്തെളിച്ചു കിളച്ചതിൽ
ചെറുകൃഷികളേച്ചെയ്തുണ്ടാക്കും മനോജ്ഞലതാദികൾ
കരളിനധികം സന്തോഷത്തെക്കൊടുക്കു;മുന്നക്കിനാൽ
കരിവുവരികിൽ കഷ്ടം കാണുന്നവൻെറ മനം ചുടും. 113

ഇളയപവനൻതട്ടിക്കാലേ കുളുത്തു തഴച്ചതി-
ന്നിലകളിളകിച്ചാഞ്ചാടുമ്പോളതെത്രമനോഹരം!
ഫലസമയമായെങ്കിൽപിന്നെപ്പറഞ്ഞറിവിക്കുവാൻ
വളരെ വിഷമം നട്ടുണ്ടാക്കുന്നവന്റെ കുതൂഹലം. 114

തനതുകൃഷിയീവണ്ണം ചെയ്യുന്നവന്നമൃതത്തിലും
ഗുണമിയലുമാസ്സസ്യം ഭക്ഷിച്ചിടുന്നാളവത്ഭുതം
ദിനമനുഭുജിച്ചീടാനെല്ലാമവന്നു ലഭിക്കുകിൽ
ധനികനവനേനാട്ടിൽ, പിന്നെ—പ്രഭുത്വമവന്നുതാൻ. 115

തൊഴുതു വളയും നട്ടെല്ലോടും നടന്നുപജീവനം
കഴിയുമവനെന്തുദ്യോഗത്തിൽ പ്രഭുത്വമിരിക്കുമോ?
ഉഴവനവനെക്കൊണ്ടല്ലാതിന്നെവന്നു സുഖംവരും?
തൊഴിലിതുചിതം ശീലിപ്പിക്കാൻ കനിഞ്ഞു ധരാധിപൻ. 116

കിച്ചനർപ്രഭു.

പ്രഭുവൊരുമഹാനിൻഡ്യൻസേനയ്ക്കുശേഷമധീശ്വരൻ
പ്രബലസമരംകൊണ്ടാഫ്രിക്കായിക്കമെച്ചുവരുത്തിയോൻ
നൃപനതിഥിയായ്പ്പുന്നു തോഷംകലർന്നു നടത്തുമാ
വിഭവബഹുലം സല്ക്കാരത്തിൻപ്രഭാവമറിഞ്ഞുതേ. 117

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

അതിവിപുലമായ് വേദവ്യാസൻ ചമച്ചൊരു ഭാരതം
പ്രതിപദമെടുത്തെല്ലാം ഭാഷപ്പെടുത്തിയ സത്തമൻ
ദ്രുതകവി മഹാൻ കുഞ്ഞിക്കുട്ടക്ഷിതീന്ദ്രനുമിനൃപ-
ന്നതിഥിപദമാന്നാനന്ദിച്ചു യഥോചിതമാന്നിതൻ. 118

ശങ്കരാചാര്യസ്വാമികൾ.

യതികുലവരൻ, ശൃംഗാദ്രീശൻ, ജഗൽഗുരു ശങ്കരൻ
ക്ഷിതിയിലഴകോടദ്വൈതത്തെപ്പുലർത്തുമൊരുത്തമൻ
അതിഥിപദവുംകൈക്കൊണ്ടുർവ്വീപതീന്ദ്രനു നൽകിനാ-
നതികുതുകിയായെന്നെന്നേയ്ക്കും ഫലിക്കുമനുഗ്രഹം. 119

ആൾവാഞ്ചേരി തമ്പ്രാക്കൾ.

മറയവരിലത്യുച്ചസ്ഥാനം വഹിച്ചിഹ കേരള-
ക്കരയിലഖിലം സമ്രാട്ടെന്നാപ്പുരാതനസംജ്ഞയാൽ

അറിയുമതിപ്രിക്കാഴാഞ്ചേരിഡിജോത്തമനും നമി-
ച്ചുരചനമലർ; വാങ്ങിക്കൊണ്ടാനനർഗ്ഗലമനുഗ്രഹം. 120

ഗ്രേർമവകുപ്പ്.

മനുജരറിയുന്നുണ്ടോ നാട്ടിൻപ്രസിദ്ധി കടപ്പുറം
മണലുമിതരന്മാരാവശ്യപ്പെട്ടുന്നു മണിപ്രഭം
ഇനിയുമതുപോൽ ബ്ഭൂഗർഭത്തിൽ കിടപ്പതുനോക്കുവാൻ
ഖനനവിരുതന്മാരേയാക്കി കനിഞ്ഞു മഹീപതി. 121

ദിനമനുജനം വർദ്ധിക്കുമ്പോളവൎക്കു കഴിക്കുവാൻ
ധനവുമതുപോലുണ്ടാകേണം ക്രമത്തിലനാകുലം
ഗുണനിധിനൃപൻ കൈവേലക്കാർ തഴച്ചു വരുന്നതി-
ന്നനവധി മഹാമാർഗ്ഗത്തേയും തുറന്നു നിരന്തരം. 122

൨൪-ാം സർഗ്ഗം.

ശ്രീവിക്ടോറിയയും തദീയസുതനും തൽപുത്രനുമഹോ
ശ്രീവഞ്ചീശ്വര സൽഗ്ഗുണങ്ങളറികെ സ്ഥാനോന്നതികളേ
മൂവേഴിൽ കവിയാത്ത മാനകരമാം ഭീരങ്കിവെടികൊ-
ണ്ടീവിശ്വത്തെ മുഴക്കുമാറു നൃവരന്നേകീ സകൗതുകം. 1

ആംഗ്ലേയൎക്കഭിമാനമേററിയ പുമാനെഡ്വേർഡ്നൃപതി
ഭംഗ്യാ തന്നുടെ ലോകജീവിതകഥയ്ക്കുണ്ടാക്കിയവൃതി
ഇങ്ങെല്ലാജനവും ക്ഷമാധിപതിയും ഖേദിച്ചു; വരുതി-
യ്യെങ്ങാൻ നില്ക്കുവതോ വരുന്നതറിയാ ശൈത്യപ്രദമൃതി. 2

ആരംഭിച്ചു തദാ തദീയതനയൻ ശ്രീജോർജ്ജു ധരണീ-
ഭാരത്തേ; മുറപോലുയൎന്നനിലയിൽ കൊണ്ടാടിയതിനെ
പോരാഞ്ഞിട്ടെഴനെള്ളി ഡില്ലിനഗരേ ഡർബാറിനുമറി-
ഞ്ഞാരാജാ, നൃപനേയനന്യതരമായ് മാനിച്ചു തനിയേ. 3

കൊച്ചിക്ഷ്മാപതിയെ ക്ഷണിച്ചു ബഹുധാ സൽക്കാരമിവിടെ
സ്വച്ഛന്ദം നൃവരൻ നടത്തിയതുനാറംതൊട്ടേ പറകയാൽ
ആച്ചാരുക്ഷിതിയിൽഗമിച്ച സമയം പൂർവസ്മരണയും
വച്ചുംകൊണ്ടതുലം സഹാഖിലജനം പൂജിച്ചു നൃപനേ. 4

മൂലം പാരമുറച്ച കല്പകമരം നില്ക്കുന്ന ശിഖരം
പോലും പോയതിനാൽ സഹിച്ചനുദിനം സന്താപമതുലം
കാലംകൊണ്ടരികത്തു നട്ടുവളരും സന്താനലതകൾ-
ക്കാലംബം സുദൃഢം; പടർന്നിവ ഫലം നൽകട്ടെ വളരേ. 5

കുമാരോദയം.

ആണായിട്ടൊരുവൻ തനിക്കു സലിലം തൎപ്പിക്കുവതിനായ്
കാണാഞ്ഞിട്ടധികം മനസ്സുരുകിയുംകൊണ്ടുള്ള നിലയിൽ
കേണും തൽകദനം, ഫണീന്ദ്രതളിമേ നിദ്രാലുഭഗവാൻ
കാണത്തക്കതുപോലുണർത്തിയുമഹോ വാഴുന്നു നൃവരൻ. 6

ദേവപ്രീതികരം വിധിച്ചതഖിലം ചെയ്യുന്ന സുകൃതം
ശ്രീവഞ്ചിക്ഷിതിയിൽ സമസ്തജനവും കേണൎത്ഥനകളും
ദൈവത്തിൻ കനിവാക്കനീയസി മഹാറാണിക്കു വെളിവാം
ഭാവംകണ്ടളവിൽ ഭവിച്ചു കുതുകം ലോകൎക്കനുദിനം. 7

തേന്മാവിൻമുകുളം വിരിഞ്ഞ ശിശിരം മാറിക്കഴിയവേ
ഘൎമ്മാതിക്രമവുംകുറഞ്ഞു കുസുമം ചൂടി പരിമളം
നിൎമ്മായപ്രകൃതി പ്രഹൎഷസമയേ പുഷ്പിച്ചു കുടജം
മേന്മേൽ മംഗളമായ് തെളിഞ്ഞുലകിടം ശോഭിച്ചു സകലം 8

ലോകത്തിൻനയനം സദൈവസുകൃതം കായ്ക്കും ലതയിലേ-
യ്ക്കാകൃഷ്ടം കുശലം വരുത്തുവതിനായ് പ്രാൎത്ഥിച്ചു സതതം
പാകാരിപ്രതിമൻ പ്രസന്നവദനൻ ശ്രീമൂലനൃവര-
ന്നേകാഗ്രം ഹൃദയം പ്രജോദയസുഖം കാണ്മാൻ പ്രതിദിനം 9

മാണിക്യം തനിയേവഹിക്കുമബലയ്ക്കന്യാഭരണമോ
മാനിക്കാൻ കുതുകം? വിളൎച്ച വദനേ കാണുന്നു കിമപി
ക്ഷീണിക്കുന്നിതു മെയ് കുറച്ചു; സുധപോലാഹാരമതിലും
കാണുന്നു വിരതി,ക്രമേണ വസുധാ സ്വാദപ്രിയമപി 10

ഗന്ധാഢ്യാ വസുധാ; തദീയഭരണംചെയ്യും പ്രകൃതിയോ-
ടന്തസ്ഥപ്രജയാൽ പ്രചോദിതരസാസ്വാദം സമുചിതം
എന്തന്യം സ്പൃഹയാപ്രകാശിതമതോ രാമായണകഥാ-
ബന്ധത്തിൽ പ്രബലംഗുണം തികയുമാ ശ്രീരാമചരിതം 11

ശാസ്ത്രാംഭോനിധിയിൽകടന്നു സുലഭം മുക്താമണികളേ
ചാർത്തും വൈദ്യകളാൽ നിയന്ത്രിതമപി സ്വീയാഭിലഷിതം
സിദ്ധിച്ചും കുശലം ജഗല്പതി മുദാ ചെയ്യാനനുദിനം
പ്രാർത്ഥിച്ചും സുഖമായ്ക്കഴിഞ്ഞു ചിലനാൾ സത്വോത്തമഗുണാ 12

മന്നൻ പുംസവനം പ്രസന്നമനസാ ചെയ്യിച്ചു പണവും
പൊന്നും വസ്ത്രവുമായ്കഴിച്ചു വളരെദ്ദാനം കനിവോടേ
അന്നം സാധുജനം സുധോപമമശിച്ചാശംസ ചൊരികെ
തന്വംഗീ പൃഥുലാംഗിയായ് ക്രമമൊടേകാണായി മഹതീ 13

അത്യന്തം ശുഭമാംമുഹൂർത്തമന്നയുംനേരത്തു വിധിപോൽ
പൃത്ഥ്വീന്ദ്രൻ സദയം നടത്തി നലമായ് സീമന്തവിധിയും
പാർത്താലും പൃഥിവീഭരം കരതലേ ചേർക്കുന്നനിലയിൽ
സത്വത്തിൻഘനവുംവഹിച്ചു പൃഥുലീഭൃതാകൃശതനു 14

വാമാംഗിക്കധുനാ വലത്തുവശമമ്പാർന്നോരവയവം
സാമാന്യം വലുതായ് പ്രകാശിതമതിൽ ദാക്ഷിണ്യമതുലം
ശ്രീമച്ഛ്ലേഷപുരേ വിളങ്ങിനജഗന്നാഥന്റെ കരുണ-
യ്ക്കാമന്നൻ പതിവായ്നടത്തി ഭജനം ഭക്തർക്കണിമണി 15

സ്നേഹാർദ്രാ സഹ“ദുഃഖതാരിണി” മണി വിശ്വസ്തവനിതാ-
സാഹായ്യം ശുഭമാം മുഹൂർത്തസമയേ സൂതീനിലയനേ
പ്രാപിച്ചു,മനസാ കൃപാജലധിയാം നാരായണനെയും
ധ്യാനിച്ചാ മഹതീമഹോദയകൃതേ പ്രാപിക്കു സദൃശാ. 16

സോൽകണ്ഠം സവിധേഗൃഹേ നരപതി ശ്രീപുത്രജനനം
കേൾക്കാനായ് ക്ഷമയേ വെടിഞ്ഞു കരുണാപീയൂഷനയനൻ
പാർക്കുന്നു കദനം പ്രസൂതിസഹജം കൂടാതെ കഴിവാൻ
കാക്കുംപോലതുപോൽ പ്രജാഹൃദയമാർ നോക്കുന്നു സദയം. 17

വേദത്തിൻനിലയൻ സരാഗമധുനാ സന്ധ്യാഗമഭയാ-
ദാദിത്യൻ മുഴുകിക്കഴിഞ്ഞു സവിധേ കല്ലോലനിരയിൽ
വേദജ്ഞർക്കുചിതംകുളിച്ചു വിധിപോൽ സന്ധ്യാർച്ചനമതിൽ
ഭേദംവന്നിടുകിൽ ഭവിക്കുമരചന്നപ്രീതി നിയതം. 18

ശ്രീകൃഷ്ണൻ ഭഗവാൻ ജനിച്ചസമയം പോലേ വിതതമാ-
മാകാശം മുഴുവൻ നിറഞ്ഞിതു മഴക്കാറത്ഭുതകരം
ആകീർണ്ണം തമസാ ജഗത്തഖിലവും തേജസ്സു തെളിവാ
നാകാമീയിരുളിൻപ്രഭാവ മിവിടെക്കാണിച്ചതധുനാ. 19

നീതിയ്ക്കീധരണീതലേ ജനതയേ നിഷ്പക്ഷമവനം
ചെയ്തീടുന്നതിനായ് തുലാകലിതമാം ചന്ദ്രക്രിയയൊടും
ജാതാനന്ദമിനൻ ദ്വിജാധിപനുമായൊന്നിച്ചസമയേ
ജ്യോതിസ്സിൻനിധിയായ് ജനിച്ചു തനയൻ ചിത്രാസമുദയേ. 20

എൺപത്തെട്ടിനൊടായിരം കലരുമാണ്ടർക്കൻ കുജശശീ
സമ്പർക്കത്തൊടുമാർത്തുലാത്തി; ലുചിതം മീനത്തിലുരഗം
അമ്പോടൊൻപത്തുംപത്തിവയ്ക്കു പതിയാലഗ്നത്തൊടുവൃഷേ
സമ്പ്രാപ്തൻ ഗുരുശുക്രസൌമ്യരൊരുമിച്ചേഴിൽ തെളിയവേ. 21

സൗരഭ്യം ചിതറിത്തണുത്തപവനൻ വിശീ ഹുതവഹൻ
നേരേകത്തി വലംചുഴന്നു വിജയാശംസാന്വിതമുടൻ
ഭീരങ്കിപ്രഹരം മുഴങ്ങി നിതരാം ഘണ്ടാരവമൊടേ
പാരെല്ലാം മുഖരീകൃതം യുവധരാശക്രന്റെ ജനനേ. 22

ആരോമൽശിശുവിൻമുഖം പ്രിയമുഖംപോൽ കണ്ടസമയം
തീരെത്തൽപ്രസവാനുബന്ധകദനംമാറിത്തെളിയവേ
ആ രാജ്ഞിയ്ക്കു സുഖപ്രസൂതികരണാഹങ്കാരമിയലും
നാരീവൃന്ദമുടൻ ഗ്രഹിച്ചു ബഹുസമ്മാനം സകൗതുകം. 23

കാണാകുന്നാജനത്തിനാസകലവും തൃക്കൈമലരുകൊ-
ണ്ടാനന്ദംചിതരും വിധം ബഹുധനം വർഷിച്ചു നൃവരൻ
ഈനാടൊക്കെയുമീവിശിഷ്ടജനനം കേട്ടു പുതിയസ-
ന്താനശ്രീതരുവായ് ഗണിച്ചു കുതുകംപൂണ്ടു ബഹുജനം. 24

ലോകാപൽകരനാം ഖലൻ നരകനേക്കൊന്നിട്ടു ജനത-
യ്ക്കാകെ ക്ഷേമദനാം ജഗൽസ്ഥിതികരൻ ശ്രീകൃഷ്ണഭഗവാൻ
ഏകട്ടേ, കനിവോടുകൂടി യുവഭൂശക്രന്നു നിജമാം
പ്രാഗത്ഭ്യം ഭഗവൽ സുദർശനമഹൽതേജസ്സോടുസമം. 25

മൂലക്ഷ്മാവരനും സ്വഹൃൽപ്രവരനാം മാടക്ഷിതിപനും
മാലോകൎക്കുടനേകൊടുത്തു സിതയാകൈലാസസദൃശം
ബാലോർവീരമണൻ വളൎന്നുവരവേ സൽകീർത്തിസിതയേ
പ്പോലേററംമധുരം പരത്തുവതിനെക്കാണിച്ചു വിശദം. 26

ജാതാമോദസുധാസമുദ്രസവനം ചെയ്തിട്ടു വിധിപോൽ
ജാതന്നമ്പൊടുജാതകൎമ്മമരചൻ ചെയ്താൻ സുവിമലം
പൈതല്ക്കും തനയോത്ഭവാർദ്രമഹതീറാണിക്കുമൊരുതെ-
ല്ലാതങ്കംകലരാതെകണ്ടു കുതുകിക്കത്താൻ നരപതി. 27

ആരോമൽതനയൻ ശശാങ്കകലപോലാനന്ദകരനാ-
യോരോരോദിനവും വളൎന്നു നൃവരന്നാശ്ലേഷസുഖദൻ
നേരംതെററിട്ടുമോ നൃപന്നു? ദിവസം തോറും ശിശുവിനെ
സ്വൈരം കണ്ടു സുഖംവളൎന്നവനിയേ രക്ഷിച്ചു മതിമാൻ. 28

അന്നപ്രാശനവും യഥാവിധി മഹാരാജാവതുലമാ-
യന്നംകൊണ്ടു മഹാജനോത്സവകരം സാധിച്ചു ഗുണവാൻ
അന്നൂഴീതലവും വസന്തസഹജം പുഷ്പാകലിതമായ്
ത്തീർന്നു രാജകിശോരകങ്കലുളവാം സന്തോഷസദൃശം. 29

ശ്രീരാമന്നുസമം പ്രതാപസഹിതം വാഴേണ്ടശിശുവേ
"ശ്രീരാമേ"തിമഹാൻവിളിച്ചു മുനിമാർ ചൊല്ലുന്നമൊഴിപോൽ
ആ രാജർഷി മനം തെളിഞ്ഞുപറയുംവാക്കോ സഫലമായ്
ത്തീരും ചിന്മയനാം ജഗന്നിധികടക്കണ്ണിട്ടു നിയതം 30

"അമ്മാവേതി"മൃദുസ്മിതത്തോടൊരുനാൾ ചൊല്ലും മരുമകൻ
തൻമെയ്യും നൃവരൻ സമം പുളകവും പൂണ്ടാൻ സകൗതുകം
നിർമ്മായം സുധയും ചെവിയ്ക്കിതുവിധം സന്തുഷ്ടികരമോ?
നൈർമ്മല്യം കലരും ശിശുക്കളുടെ വാക്കെപ്പോഴുമമൃതം. 31

സന്തോഷേണനൃപൻ കുമാരകനെയാബ്ഭോഗീന്ദ്രശയനൻ
ചെന്തൃപ്പാദസരോരുഹാർദ്രരജസാ ശോഭിച്ചപടിമേൽ
സ്വാന്താനന്തരഗാമിയായ്‌വരുവതിന്നർത്ഥിച്ചിളയഭ്രൂ-
കാന്തസ്ഥാനമെടേകയററി വിവിധാഘോഷേണസഹിതം 32

വേണാട്ടിൻസുകൃതംതളിർത്തിളയഭ്രൂജാനിക്കു സഹജാ
സ്ഥാനത്തോട്ടുളവായി കാർത്തികയിലാസ്സന്താനലതികാ
ആനന്ദക്കടലിൽകുളിച്ചു നൃപനും നാട്ടാരുമൊരുപോൽ
സ്യാനന്ദൂരപുരാധിനാഥ കരുണയ്യെന്നും തൊഴുക നാം. 33

പിച്ചപ്പിച്ച നടന്നിടയ്ക്കുമറികെദ്ധാത്രിക്കുഭയമാ-
ക്കൊച്ചുണ്ണിക്കുടനേ കുതൂഹലകരം നിൽക്കുന്നു തുണയായ്
ഇച്ഛിക്കുന്നതുപോൽ നടക്കണമതിൻ വിഘ്നം വരുകിലോ
സ്വച്ഛന്നം തനിയേയിരുന്നഥ മുഖംവിപ്പിച്ചു കരയും 34

കുള്ളപ്പൂഞ്ചിരിയാൽ മയക്കുമുടനേ സാധിക്കിലി;തുപോ-
ലുള്ളത്തിൽ കരുതും കളിക്കനുസരിക്കേണം സകലരും
കൊള്ളാമാജ്ഞനടത്തുവാൻ പരിചയം സ്വാഭാവികഗതി-
ക്കുള്ളപ്പോളതിനേമറുത്തൊരുവനും നിൽക്കാൻ കഴിയുമോ? 35

അമ്മാവന്നരികേഗമിക്കുമളവിൽ കാണേണമധികം
നമ്രംതന്നിളതാം ശിരസ്സുമുകുളീഭൂതം കരയുഗം
ഇമ്മട്ടഭ്യസനം വഴിയ്ക്കറിയുവാനായില്ലസമയം
മേന്മയ്ക്കുള്ളതിനേ നിസർഗ്ഗഗുണവാൻമാക്കെന്നുമറിയാം. 36

കാലത്തെട്ടരയാംമണിക്കു കണിശം തൻ മാതുലനെയും
ത്രൈലോക്യാധിപനാം ജഗന്നിധിയെയും വന്ദിക്കു സഹജം
ലീലാലോലുപനായതിന്നുസമയം നീക്കം വരുവതി-
ന്നാലോചിച്ചിട്ടുമോ? മനസ്സു വികസിച്ചീടുന്നു തനിയേ. 37

ചൌളത്തിൻസമയം യഥാവിധിയതും സാധിച്ചു നൃവരൻ
ചേലൊത്തങ്ങിനെ കാകപക്ഷധരനായ്ക്കാണും മരുമകൻ
മൂലക്ഷ്മാവലഭിന്നമനസ്സിനുദിനംതോറും സുഖകരൻ
ബാലാർക്കപ്രഭനായ് വളർന്നുവരവേ തോഷിച്ചു ജനവും 38

അത്യന്തം ശുഭമാംദിനേ ഗുണമെഴും നേരത്തഴകൊടേ
പ്രത്യക്ഷീകൃതയാം സരസ്വതി ജഗന്മാതാവിന്നരികേ
എത്തുന്നു ഗുരുവിന്നു ദക്ഷിണകളും ചെയ്തിട്ടു വിധിപോൽ
തത്വജ്ഞാനകരാക്ഷരങ്ങളെഴുതിച്ചൊല്ലീ യുവനൃപൻ. 39

ശ്രീസാരസ്വതമാം കടൽതിരകളിൽ ചാടും മരുമകൻ
ത്രാസംവിട്ടതിലേയ്ക്കഗാധതലവും നോക്കിത്തിരയവേ
ശ്വാസംക്രുടിയൊതുക്കി ജാഗ്രതയൊടേ മുക്താമണികളേ
നൈസർഗ്ഗപ്രതിഭാവിലാസമൊടെടുത്തുത്തംസമണിയും. 40

ഫൈവണിസംസ്കൃതവാണിമാരുമടിമശ്രീ കൈരളിയുമീ-
ക്ഷോണിപാലകബാലകന്നനുദിനം സന്തോഷമരുളീ
നാനാശാസ്ത്രകലാഭിലാഷമുളവാക്കീടുന്നു; സമയം
കാണുന്നില്ലദിനം ക്ഷണംക്ഷണമഹോ പോകുന്നു വിഷമം.

സത്തായുള്ളവയേക്കരിമ്പിനുടെ നീരെന്നോണമിനിയും
ചിത്തേചേർത്തിടുവാൻ നിനച്ചു; വിരുതന്മാരേ നരവരൻ
പ്രത്യേകം ഗുരുഭൂതരായി നിയമിച്ചപ്പോൾ യുവനൃപ-
ന്നത്യുത്സാഹകരം പഠിച്ചു തനിയേ ശാസ്ത്രം പലതിനേ. 42

മാതാവും പ്രിയതാതനും കനിഷ്ഠിനോടമ്മാവനുമതി-
പ്രീതന്മാരനുവാസരം യുവനൃപൻ തൻ പാഠവിവരം
ചോദിക്കും പുനരെങ്കിലും കളികളിൽ ശ്രദ്ധിച്ചനുദിനം
മേധാവിശ്രമവും കൊടുക്കുവതിനായ് കല്പിച്ചു നൃപതി 43

കായാഭ്യാസഹയാധിരോഹണവിനോദങ്ങൾക്കുമതുപോ-
ലായീശ്രദ്ധ തദാ മികച്ചനിലയേ പ്രാപിച്ചു വിരുതൻ
പായിക്കുന്നു തുലോമുയന്ന വഷളൻവാജിക്കുമുകളിൽ
പോയിക്കേറിയതിന്നഹംകൃതി കുറഞ്ഞീടുന്നതുവരേ. 44

ഇതിനിടയ്ക്കുണ്ടായ പ്രധാനസംഗതികൾ.

നായന്മാർക്കു ചിരപ്രതീക്ഷിതമുണ്ണം വൈവാഹനിയമം
ന്യായംപോൽ നൃവരൻ കനിഞ്ഞനുവദിച്ചുണ്ടായി സരസം
ദായത്തിന്നിതിനാൽ ക്രമേണ തനിയേ മാററം വരുവതി-
ന്നായിക്കൊണ്ടധുനാ നവീനനിയമം സൃഷ്ടിച്ചുമുട്ടവും. 45

ക്രൂസ്ത്യന്മാരിവിടെപ്പുരൈവസുറിയാ വിട്ടാഗതരുമീ-
പൃത്ഥ്വീവാസികളിൽ തദീയമതമുൾക്കൊണ്ടോരുമധികം
പാർത്തീടുന്നതിനാലവർക്കുചിതമാംമട്ടുള്ളനിയമം
ധാത്രീശൻ സദയം 'സമർത്ഥതരമായ് കല്പിച്ചു മതിമാൻ 46

ദിവാൻ സർ, എം. കൃഷ്ണനായർ.

കാര്യങ്ങൾക്കധികം വെടിപ്പൊടു നിജം കൃത്യം സചിവനാ-
ചാര്യൻചെയ്കതിനാൽ ജനങ്ങളുടെ സന്തോഷേണ പിരികേ
ന്യായസ്ഥൻ, നൃപനിൽ സ്വഭാവസുലഭം ഭക്ത്യാദരമെഴും
നായർക്കായ് നൃവരൻ കൊടുത്തു പദമെംകൃഷ്ണാഭിധനഥ 47

സ്യാനന്ദൂരപുരംവരയ്ക്കുമുടനേ തീവണ്ടിയിടുവാൻ
സാനന്ദം തുടരുന്നതിന്നു പരവൂർ കായൽക്കയമഹോ
കാണിച്ചു വളരെത്തടസ്സമതിനാൽ പാതാളനഗരേ
തൂണിട്ടിട്ടുമുടൻ തുടർന്ന പണികൊണ്ടോടിച്ചു ശകടം 48

പമ്പാതീർത്ഥസരിൽപ്രവാഹഗതിയാൽ പാന്ഥക്കു വഴിയേ
മുമ്പാഹന്തഗമിക്കുവാനധികമായുണ്ടായി വിഷമം.
അൻപാറ്റാനദിയിൽ പ്രശസ്തതരമാം പാലംപണി മഹാ-
സമ്പത്തായ് കരുതും ജനാഭിലഷിതം സാധിച്ചു നൃവരൻ 49

മൂവാറും തികയും പ്രവാഹഗതിയാൽ മൂവാറ്റുപുഴയും
പോവാൻ ദുർഘടമായ്ഭവിച്ചവഴിയിൽ പാലം കൃതബലം
ശ്രീവഞ്ചിശയശഃ പതാക സുചിരം പാറിക്കുമതുപോൽ
ചൊവ്വോടേ പണിതു ജനോൽഗതി നൃപൻ നോക്കുന്നു സതതം 50

ആകാശത്തലയും വിഹംഗകുലവും വൻകാട്ടുമൃഗവും
പോകുന്നു തനതാംഗൃഹേ രജനിയിൽ സ്വാതന്ത്ര്യസഹിതം
ഹാ! കഷ്ടം! പുലയൻതുടങ്ങിയജനം കേഴുന്നു കുടിലി.
ന്നാകട്ടേ; തറയില്ലയെന്നതിനെയും തീർക്കുന്നു നൃവരൻ 51

യാതൊന്നും വിലയായ്പുലപ്രവൃത്തിമേൽ നൾകേണ്ട; തറയി-
ങ്ങേതെല്ലാമിതരൻ പതിച്ചതൊഴികെക്കാണാമതുകളിൽ
സ്വാതന്ത്ര്യക്കുറവും സുഖക്കുറവുമുണ്ടാകാതെ കുടിവ-
ച്ചേത്തും നട്ടു ഫലം മുറയ്ക്കനുഭവിക്കാറാക്കിയരചൻ. 52

മൂന്നാറെന്നവിടം വിശേഷതരമാം ഗന്ധർവ്വനഗരാ
തന്നേ; മധ്യഗതം വനങ്ങളഖിലം * "ശാർദ്ദൂലലളിതം"
എന്നാലാനഗരം നമുക്കു സുഗമം; നേരിട്ടുവഴിയാം
പൊന്നിൻചങ്ങലകൊണ്ടു സംഘടിതമീനാട്ടും നഗരവും 53

വന്നാൻ ബോംബിലിഭ്രമണാളനധികം മാന്യാതിഥി മഹാ-
മന്നൻ റാണരുമുളം ധരിത്രിയുടെയീസ്സൗന്ദര്യമറിവാൻ
എന്നാലാനൃപനായുദാരഹൃദയൻ സൽക്കാരമുചിതം
കന്നിയ്ക്കും കുതുകംവരുമ്പടിതദാ ചെയ്താൻ നരപതി- 54

ലോകത്താസകലം നടന്നഥ പരിഷ്കാരം പലതുമു-
ണ്ടാകുംമട്ടു നിജം ബറോഡയവനം ചെയ്യും നരവരൻ
പാകാരിപ്രതിമൻ നൃപന്നതിഥിയായ് വന്നിട്ടിവിടെനി-
ന്നാകുന്നു കൃതകൃത്യനായതു ജനപ്രീതിപ്രതിഭയാൽ. 55

കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

ഈരാജാന്വയപാല്ക്കടൽതിരകളിൽ പൊങ്ങിത്തെളിയുമീ-
രാരാജശ്രീവരാജ്ഞിമാരരുമയാം സന്താനലതകൾ
ആരാലാദരപൂർവ്വവത്സലതയാ സംശിക്ഷിതകളായ്-
ത്തിരാൻ സാംഗതി;യാ മഹാൻ പരഗതൻ ശ്രീ കേരളനൃപൻ. 56

ഓമൽക്കൈരളിയേപ്പുലർത്തിയിതുപോലാക്കിപ്പരിമള-
സ്തോമം ചിന്തിയ സദ്യശസ്സു വിപുലം പൂണ്ടോരു മതിമാൻ
ശ്രീമാൻ കേരളകാളിദാസനവനീചക്രം വെടിയവേ
നാമെല്ലാം വിലപിച്ചു മറെറാരുവനാ സ്ഥാനത്തു വരുമോ? 57

ശ്രേയസ്സത്ഭുതമായ് നമുക്കു ദിവസംതോറും വരുവതി-
ന്നായിക്കൊണ്ടു നൃപൻ ധരിത്രി, ഭരണം കയ്യേററതുമുതൽ
അയ്യഞ്ചായിതു വത്സരം രജതമാം നവ്യോത്സവമതെ-
ന്നീയുള്ളോരുലകം മുഴക്കിയതുലം ഘോഷിച്ചു സുദിനം. 58

അത്യുത്സാഹമതിന്നുമേലിതിനിടയ്ക്കുണ്ടായി നൃവര-
ന്നബ്ദം ഷഷ്ടിതമം പുലച്ചുജനമന്നെല്ലാക്കരയിലും

---

* ശാർദ്ദൂലലളിതം വൃത്തം.

ഒത്തോണം പുത്തുതായ് തുടങ്ങി;യിതുപോലാഹ്ളാദമെവിടെ
ക്കീർത്തിക്കുന്നു ജനം നൃപന്റെ സുഗുണം? സാഹിത്യമത്തുതാൻ. 59

ശ്രീമൂലംതിരുനാൾ വരുന്ന സമയംതന്നേ കവികള-
ന്നീമന്നിൽ പികമായിറങ്ങി മധുരം പാട്ടും മദകളം
ഈമട്ടിൽ കവിതാകടാക്ഷമുതിരും വിദ്യാഭ്യസനമാ-
ശ്രീമാൻ നൾകിയതേ, കൃതജ്ഞജനതയ്ക്കുൽകർഷജനകം 60

അക്കാലത്തധികം ഭയങ്കരമഹായുദ്ധത്തിലുലകം
മുക്കപ്പെട്ടു; രണാങ്കണം പ്രഥമമായൂറോപ്പുമുഴവൻ
ആക്രൂട്ടത്തിലതിൽസമർത്ഥതയോടേ ബ്രിട്ടീഷുജനവും
നേർക്കുന്നു പടയിൽ ക്ഷണം പുനരിതിന്നൊന്നാകമരുതി. 61

൨൪-ാം സർഗ്ഗം.

ഒരുപിറന്തു കടുത്തൊരുജർമ്മനി
പെരിയൊരോസ്ട്രിയ കക്ശെതുക്കിയും
മറുപുറത്തണിയിട്ടിതു ബൽജിയം
ചെറുതടുത്തു തടുത്തു ഭടാഗമം 1

പിറകിലുണ്ടു തുണയ്ക്കു പരന്തരേ-
സ്,രികിലാഗല സൈന്യബലത്തൊടും
പെരിയ റഷ്യ കിഴക്കഥ ജർമ്മനി
യ്ക്കരി, വിടാ, തവിടാക്കിടുമാപ്പുറം 2

കൊടിയ കൈസറവന്റെ ഭയങ്കരം
ഭടഗണം വെടിവച്ചു കരേറവേ
പൊടിതകർത്തിതു ബൽജിയമെന്തു!നേ-
രിടുവതോടുവതൊന്നിനെതുപ്പട. 3

ദ്രുതമരാതി കടന്നു പരന്തരേ
സതിരുകോട്ട തകർത്തു കരേറവേ
എതിരിടാതെയൊഴിഞ്ഞുകളഞ്ഞതാ-
പ്രതിഭടപ്രതിഭയ്ക്കനുകൂലമോ? 4

വലിയ “പാരിസു”കോട്ട പിടിക്കുവാൻ
ബലമടുക്കുമിതെന്നഭയത്തിനാൽ
നിലയുറച്ചു ഫ നിന്നു ന്തരേ
സുലകവാഹിനി വാഹിനിയെന്നപോൽ. 5

അതുലസൈന്യഗണൌഘനിരീക്ഷണേ
ഗതിതിരിഞ്ഞു മഹാനദിയെന്നപോൽ
ചിതലുപോലരിമണ്ണുതുരന്നുകൊ-
ണ്ടതിലൊതുങ്ങി പതുങ്ങിയിരിക്കുവാൻ. 6

അതിനടുത്തതിനൊപ്പമനല്പമാ-
യ്ക്കദനസങ്കലിതം ഭടസംഘവും
വിതതഭൂമി തുരങ്കമിടുന്നു; ചെ-
ന്നതിലൊളിച്ചു കളിച്ചു കഴിക്കുവാൻ. 7

അരിയജർമ്മനി റഷ്യരെ നേർത്തടു-
ത്തരിയുവാനതി ശക്തിയൊടെത്തവേ
നരകുലത്തെയെടുത്തുവിഴുങ്ങി പൈ-
റെ-രുകുമാ,രണമാരണദേവതാ 8

കരയിലിങ്ങനെ ശണ്ഠ നടക്കവേ
തുരുതുരെപ്പലകപ്പലതിദ്രുതം
നിരനിരത്തി സമുദ്രജലാഹവം
തിരിയുമാംഗല മാംഗലരൂപിണി. 9

കുടിലജർമ്മനി പോരിനു തൽക്ഷണം
കടലിലും പലകപ്പലിലെത്തിയാൻ
അടലിനേല്ക്കരുതാഞ്ഞവശാഹിനീ
പടലമജ്ജനമാജ്ജനകൗശലം 10

കടലിലാണ്ടറിയാത്തുരുവിന്റനേ-
ക്കടിയിലെത്തിയടിച്ചുതുമുട്ടവേ
വെടിതകർന്നുരുപള്ള കിഴിഞ്ഞുപോം
പടിവിടുന്നവിടുന്നവഗാഹിനി। 11

അതിനു "മാർഗ്ഗണദീപ"സമാശ്രയം
മതി കടല്ക്കൂടി കാട്ടുമസംശയം
സതതമിങ്ങനെ കപ്പലുകാക്കിലും
ചതിവരാതിവരാരുമിരുന്നിടാ 12

ഇരുപുറത്തുമൊരേതരമാംപട-
ക്കരുവിരിക്കുകകൊണ്ടുകടൽപട-
കരുതിനിന്നിതു; കച്ചവടത്തിന-
ന്നരുവരാതെ വരാ തെളിവാക്കുമേ 13

നെറിവുകെട്ടൊരു ജർമ്മനിയിൻധൃത-
ന്നരികി "ലെംഡനെ" വിട്ടു ഭയങ്കരം
ഉരു,വകന്നിര,താടതിപോൽ കടൽ
കരയടിച്ചുപൊടിച്ചു പൊട്ടുന്നനെ 14

സ്ഥലജലാങ്കണ സങ്കടമീവിധം
പലവിധം പലദിക്കിലുമായിതേ
ഖലജനം ഖഗരൂപമെടുത്തപോൽ
ചിറകുയർത്തി വിയത്തിലുമെത്തിനാർ 15

ഇരുളിലംബരചാരികളെത്തിയാ-
ഗ്ഗുരളഗോളമെറിഞ്ഞു തകർക്കവേ
പുരജനം വിഷവായുവിലാഴമെ-
ന്തരുതു! മൂക്കിനുമൂക്കിനു പറവുമേ 16

ക്രകചമുഖ്യ കരുക്കളിരിക്കകൊ-
ണ്ടകമിരുണ്ടു പുകഞ്ഞിടുമുണ്ടകൾ
അകലെനിന്നു വിമാനമെറിഞ്ഞുടൻ
തകരുമേ, കരു മേനി തകർത്തിടും 17

അരിയപാരിസു ലണ്ടനിതൊക്കെയും
നരകമാക്കിനടന്നു വിഹായസാ
പെരിയപള്ളികളും പൊടിയാക്കിയാ-
നരകുലാകുലകാരി കരുക്കളാൽ 18

അടലിലാംഗലസൈനികമുഖ്യനായ്
കൊടിയകീർത്തി പരത്തിയകിച്ചനർ
കടലിലേയ്ക്കു പടയ്ക്കു ഗമിച്ചു; ചെ-
ന്നിടമഹോ തിരിയാ തിരയാതിനി 19

യുവജനം ഭടവേഷമെടുത്തിടാ-
തെവിടെ?റോപ്പുകളൊപ്പമിറങ്ങിയാർ
അവനവൻെറ ധരാതലരക്ഷണം
പ്രവര;മാമരണം രണമാടണം 20

യുവതിമാർചിലരും പുരുഷോചിതം
വിവിധവേഷമെടുത്തു പടയ്ക്കുഹോ
അവിധവാജനസംഖ്യകുറച്ചുപോ
ലെവിടയും സമരം സമരംഹസാ. 21

ജലധിഭൃതലമംബരമീവക
സ്ഥലമൊരേസമയം രണരംഗമായ്
വലിയസങ്കടമേററി മഹാരണ
ക്കലിയിളക്കി യിളയ്ക്കിളവെന്നിയെ. 22

ഇതരഭൃതലസംഗരസംഗതി-
ക്കിതിനുമുമ്പു നടത്തിയ സന്ധിയാൽ
അതിരുവിട്ടിവടുന്നൊരുവന്നു പോ-
വതിനുകാരണമോരണമോ നഹി. 23

സ്ഥിതിയിതെങ്കിലുമാംഗലമൈത്രിയേ
പ്രതിദിനം ദൃഢമാക്കിവരും നൃപൻ
ഇതരഭാരത ഭൂപരിലും പദോ-
ന്നതികലൻ വളൎന്നവനല്ലയോ. 24

പടയിലാംഗലരെന്നു ജയിച്ചതിൻ
കൊടികിളത്തുമതേവരെ വഞ്ചിപൻ
അടലിനായ് നിജ സവ്വുമേകുവാൻ
ഝടുതി വാക്കുകൊടുത്തു;കടുത്തകൈ. 25

ഇവിടെനിന്നു മുറയ്ക്കു പടയ്ക്കുടൻ
യുവജനങ്ങളസംഖ്യമിറങ്ങിയാർ
ന്നുവരശാസനമാചരിയാതെ ക-
ണ്ടെവനതാ മണിയായണിയാതവൻ. 26

പ്രകൃതിശ്ശൂരതകാട്ടി പടയ്ക്കുപോയ്
സുകൃതിഭൂപതി തൻെറ ജനം പരം
തകൃതിയന്നു കലുക്കിയ സംഗരം
വികൃതമാക്കി ജനാജ്ജനമാർഗ്ഗവും. 7

അരിവരാത്തൊരു വഞ്ചിധരിത്രിയ-
ന്നരിവരാത്തതുകൊണ്ടു കുഴഞ്ഞുതേ
ഒരു ചരക്കു വെളിക്കു വിടുന്നതി-
ന്നുരുവരാതെ വരാതരമേതുമേ. 28

മുളകുണങ്ങി നിറഞ്ഞു പുരയ്ക്കകം
മുളകിളുത്തു വരുന്നിതു തേങ്ങയിൽ
വെളിയിലിട്ടു വൃഥാ കയറെങ്ങുമീ-
യിളയിലേ നിലഫേനില മൂഷ്മളം. 29

റബറുതേയില കാപ്പിയിതൊക്കെയും
ചവറുപോലെ ഗണിച്ചു മഹാജനം
അവനവന്നുപജീവധാന്യമു-
ള്ളവന്നുനല്ലതു നെല്ലതുലം പ്രിയം. 30

തൊഴിലുമറ്റുകകൊണ്ടു ജനം ദിനം
കഴിയുവാൻ കഴിയാതെ കുഴഞ്ഞുതേ
വഴിനിറഞ്ഞിതു ഭിക്ഷുജനങ്ങളാ-
ലഴിമതിക്കു മതില്ലുറവില്ലഹോ. 31

നൃവരനീ നിലകണ്ടു കൃപാലുവ-
ന്നൊവിടെയും ജനതയ്ക്കുരി നൽകുവാൻ
അവധിവിട്ടു പണം ചിലവാക്കിയി-
ട്ടിവിടെമാജ്ജിതമാജ്ജിത സങ്കടം. 32

പലടവും വഴിവെട്ടുക തൊട്ടുമേൽ
ഫലകരം പല വേല നടത്തവേ
അലസനും തൊഴിലൊട്ടു കൊടുത്തുതേ
ചിലവിനാവഴിയും വഴിയും സുഖം. 33

ജനഹിതം നിറവേററി ദിവാൻ സദാ
മനുകുലാധിപതിക്കഭിമാനദൻ
വിന വരാതെ തടുത്തു ഭയങ്കരം
രണദിനം ജനരഞ്ജനയുള്ളവൻ. 34

നിയമസൽസഭയൊന്നു പരിഷ്കരി-
ച്ചുയരുവാനിടയാക്കിയനാമയം
നയവിശാരദനായ ദിവാൻ ജന-
പ്രിയകരൻ നരപാലകൃപാലയൻ. 35

അണിനിരന്നൊരുപോരുനടത്തുവാൻ
പണി തുറന്നു പരന്നൊരുഭൂമിയിൽ
ജനവിപൽകര ജർമ്മനിചെയ്തിതേ
വിന വിമാന വിമാനമമാനുഷം. 36

വെടിവരുമ്പൊളടിഞ്ഞുഗുഹയ്ക്കക-
ത്തുടനെണീറവിട്ടും പകരംവെടി
പടയിതെങ്ങനെ തീരുമൊരങ്കണം
വെടിയുമോ വെടിയുണ്ടയിരിക്കവെ. 37

അകലമേറിയ ലാക്കിലയയ്ക്കിലും
വികലമല്ല ബൃഹന്നളികം വെടി
അകമുലഞ്ഞു ശിലാമയദുർഗ്ഗവും
തകരുമൂജ്ജിത ഗജ്ജിതഗോചരം. 38

സുരപഥം വഴിചെന്നു വിമാനമേ-
തൊരു നശികരവും ക്രിയചെയ്യവേ
ഒരുവിശേഷവുമില്ലൊരുകോട്ടയാൽ
നരകമേ നരകമ്മവിദഗ്ദ്ധത. 39

വലിയസങ്കടമായിതു വൈദ്യുതീ
കലയറിഞ്ഞതു ദുഷ്ടമനസ്സുകൾ
അലഘുകൃത്രിമ മക്കലയാൽ ജനം
തുലയുമാറു സുമാറുവരുത്തിയാർ. 40

അറിവുമൂലമപായകരങ്ങളാം
കരുവസജ്ജനമെത്ര ചമച്ചുവോ?
ശരിവരയ്ക്കുതുകണ്ടു പരീക്ഷയാ
വിരുതെടുത്തു കെടുത്തു കുലത്തൊടേ 41

ഇരവിലർഭകരൊത്തബലാജനം
മരുവിടുന്ന ഗൃഹത്തിനുമേൽ ഖലൻ
ത്വരിതമംബരചാരിയെറിഞ്ഞ തീ-
യുരുളയിത്തുയിരെത്ര വരുത്തിയോ? 42

വെടിയൊടെത്തിടുമുണ്ടതകന്നതിൻ
നടുവിൽനിന്നുവരും പുകയേൾക്കുകിൽ
കെടുതിയാം വലിവും ചുമയും പിടി-
ച്ചുടയുമേ ശമനം ശമനാലയേ 43

ചിരി വരുത്തുവതിന്നൊരു വാതകം
കരുതി വച്ചു വിടും വെടിയുണ്ടയാൽ
അരിഭടർക്കു മരുൽക്ഷയമേററി നിഷ്
കരുണമാമരണം വരണം ഗദം 44

അനുചിതാഹവ കേളി തുടങ്ങവേ
ജനമനേകവിധേന മരിക്കവേ
ഗുണമിയന്നൊരു കക്ഷിയിലിററലി-
പ്രണയമായ് നയമായിടചേർന്നിതേ. 45

വിരുത്തു കൂടിയ വാമനജാപ്പനീ-
സറിയവേ കഥ യാംഗല കക്ഷിയായ്
പൊരുതുകൊൾവതിന്നേററിതു ജർമ്മനി-
ക്കരിശമേറി,യമേരിഗ ചേർന്നതിൽ. 46

ധനികരമ്മരികാജനമാജിയിൽ
തുണ മഹാപടയോട്ട തുടങ്ങവേ
മനമെരിഞ്ഞു കരിഞ്ഞൊരു കൈസറെ
ജ്ജനമെതൃക്കമെതൃക്കമകത്തഹോ. 47

ഇരുളിലോടിയൊളിച്ചൊരു രാത്രിയിൽ
പുരുഷകേസരി കൈസറിതത്ഭുതം
അരവിനാഴിക കൊണ്ടവനേപ്പിടി-
ച്ചരിയുമെന്നതറിഞ്ഞതു കാരണം. 48

സ്വകകുടുംബസമേതമൊളിച്ചുപോ-
യകലെ വാണിതു കൈസറസാരനായ്
മകുടമില്ല മഹോന്നതരാജ്യവും
സ്വകൃതദുഷ്കൃതവല്ലരി പൂത്തുതേ. 49

കൊടിയ പോരുനടത്തിയ ജർമ്മനി-
ക്കിടിവുതട്ടി, ജനം വലയുംവിധൌ
അടലൊഴിഞ്ഞൊരു സന്ധി നടത്തുവാ-
നിടവരാന്നവ രാനതരായിതേ 50

ത്ധടുതിനിത്തി രണം, പലരൊത്തുചേ-
ന്നടനടമ്പടിചെയ്തു യഥോചിതം
ഉടവു തട്ടിയ ജർമ്മനി കൂട്ടരോ
കടമൊട്ടുക്കമൊട്ടുക്കണെ മേഴകൾ. 51

വിലയെഴും പല രാജ്യമൊഴിഞ്ഞതും
തലകുനിച്ചു കടങ്ങൾ ചുമന്നതും
ഫലമഹോ രണനാടകമാടിയി-
ട്ടലമലം, നയമേജയ മേകിട്ടു. 52

മതിമറന്നു ജയക്കൊടികെട്ടി സങ്ക-
ലിതശക്തികളാംഗല കക്ഷികൾ
അതിലതീവ കുതൂഹലി വഞ്ചി ഭൂ-
പതി നടത്തി കടത്തിയൊരുത്സവം. 53

പടനിലത്തു ഗമിച്ച സമർത്ഥരാം
ഭടജനത്തിനു വസ്തുപതിക്കുവാൻ
ഉടനൊരാജ്ഞകൊടുത്തു കൃപാലു ചേ-
വടികളീയടികൾക്കവലംബനം 4

വ്യാപാരപ്രതിബന്ധയുദ്ധവിജയംകൊണ്ടാടി വേണ്ടുംവിധം
ഭൂപാലൻ പ്രതിവാസരം ശുഭതരം ചെയ്യുന്നു കൃത്യങ്ങളേ
പ്രാപിക്കുന്നു നൃപാന്വയം ശുഭപദം സന്താനലാഭോദയാൽ
വ്യാപിക്കുന്നു സുനിർമ്മലം നൃപയശോധാവള്യമെല്ലാടവും. ൫5

മാനമായ് നൃപ നയച്ചു സർവ്വദാ
മാനനീയമതിയാമമാത്യനേ
സ്ഥാനമേററതഥ രാഘവയ്യ ഭൂ-
ജാനി മാനമൊടു നീട്ടു നൾകവേ. 56

൨൭-ാം സർഗ്ഗം.

ദിവാൻ രാഘവയ്യം.

അനേകകാലം നിലനിന്ന താലൂ-
ക്കാദിക്കിലുള്ളോക്കഭിമാനകേന്ദ്രം
അവക്കു നാട്ടിന്റെ ഗുണത്തിനായി-
ട്ടാലോചനാബന്ധമിരുന്നിരുന്നു. 1

അന്യോന്യവിശ്വാസമഭേദ്യമായി-
ട്ടവക്കുപണ്ടേ നിലനിന്നിരുന്നു
ആകെപ്പറഞ്ഞാൽ തറവാട്ടുപോലെ
യകൽച്ചയില്ലാതെ കഴിഞ്ഞിരുന്നു. 2

ദേവസ്വവേർപാടിനുവേണ്ടിയെന്നാ-
ഭാവത്തിലാപ്രാക്തനമായബന്ധം
അഴിച്ചു താല്പൂക്കൊരു നാലുമാത്രം
കുറച്ചുകൊണ്ടാനഥ രാഘവയ്യാ. 3

മുറിച്ചതാല്പൂക്കു പരലേടമായി
ട്ടൊട്ടിച്ചുചേരാത്തതു ചേർത്തപോലെ
അതേക്കുറിച്ചാജ്ജനസങ്കടത്തെ-
യനാദരിച്ചാനധികാരി മന്ത്രി. 4

ദേവസ്വകാര്യം നികുതിത്തുറയ്ക്കായ്
ഭവിച്ചിരുന്നു ഭരണാധികാരം
ആവശ്യമൊന്നല്ലതു വേർതിരിപ്പാ-
നവശ്യമായുന്നതു പാർത്തുകണ്ടാൽ 5

അവർണ്ണഹിന്ദുക്കളെഹിന്ദുവർഗ്ഗ-
മിവേർതിരിപ്പിന്നു കൊതിച്ചിരുന്നു
അവർക്കുജോലിക്കതിലും കടപ്പാ-
നീവിഘ്നമന്നെന്നവരാഗ്രഹിച്ചു. 6

ഹിന്ദുക്കളുണ്ടാക്കിയൊരമ്പലങ്ങ-
ളൊന്നിച്ചുചേട്ടത്തിങ്ങിനെ വച്ചമൂലം
നന്നായ്നടക്കാതെ കുഴഞ്ഞമട്ടിൽ
നിന്നുള്ളവേർപാടവരും കൊതിച്ചു. 7

മണ്ട്റോടിവാൻ ചെയ്തതിനിന്നു മോക്ഷ-
മുണ്ടാകുമെന്നാഗ്രഹമങ്കുരിച്ചു.
രണ്ടും ക്രമംകൊണ്ടു ഫലപ്പെടാനാ-
യുണ്ടാക്കി വേർപാടിതു നല്ലകാര്യം 8

ചുമത്തിയാദായകരം ജനത്തിൽ
ക്രമത്തിലാസ്സംഗതി വേണ്ടതല്ലോ
ഈമന്നിലന്നോവരെയും കൃഷിക്കാർ
ഭൂമിക്കുമാത്രം കരമേകിവന്നു- 9

വാണിജ്യവും മററുമനേകമട്ടിൽ
പണംപെരുംജോലി നടത്തിടുമ്പോൾ
ന്യൂണം ജനത്തിന്നൊരുപോലെകിട്ടും
പണം കൊടുപ്പാൻ കൃഷിയോ പിഴച്ചു? 10

ആദായമുണ്ടാവതു നോക്കിവച്ചാ--
നതിന്നുകൂടിക്കരമെന്നമൂലം
സദാ വളർന്നു മുതലായതെല്ലാം
മുദാ ജനത്തിന്നുപയോഗയോഗ്യം 11

കുറച്ചുകൂടിജ്ജനതാഭിലാഷം
ഫലിച്ചപോലേ നിയമം ചമയ്ക്കും
സദസ്സിനേയൊന്നു പരിഷ്കരിച്ചു
മോദിച്ചു നാനാജനമൊന്നുപോലെ. 12

ദൈവം പ്രസാദിച്ചു നൃപാന്വയത്തി-
ലാവിർഭവിച്ചാൻ ശുഭമുത്തിരാടെ
യുവാവനീനാഥകനീയനായി
ശ്രീവീരമാർത്താണ്ഡസമൻ കുമാരൻ 13

വേണാടശേഷം പരമുല്ലസിച്ചു-
ക്ഷോണീമണാളൻ കൃതകൃത്യനായി
അനേകധാ തൽപ്രജകൾക്കു മേന്മ-
യ്ക്കനുരക്ഷണം വേണ്ടതു ചെയ്തുപോന്നു 14

വ്രതോപവാസാദതികശിതാംഗീ
സതീഗൃഹോത്ഭാസിനി ലക്ഷ്മിഭായി
ക്ഷിതീശനേകീ, ലളിതാംബഭായീ-
സുതാമുഖാലോക സുഖാനുഭൂതി 15

തപോധനന്മാർക്കുചിതങ്ങളാകും
ജപോപവാസാദികമാചരിക്കും
നൃപന്നു മോക്ഷാർത്ഥനയൊന്നിലല്ലോ
പ്രാപിച്ചിരിക്കുന്നു മനസ്സു പണ്ടേ 16

ചിരം ധരിത്രീഭരണം നടത്തും
നരാധിനാഥന്റെ വിയോഗകാലം
കുറിച്ചു സത്യഗ്രഹമെന്ന പേരി-
ലോരോവഴക്കങ്ങു തുടങ്ങി നാട്ടിൽ 17

വൈക്കത്തു ദേവാലയസന്നിധാന-
മാക്കി വഴക്കിന്നതികഞ്ഞകേന്ദ്രം
സക്കാർവഴിക്കൊക്കെ നടന്നുകൊൾവാ
നാക്കും വിരോധം പറയേണ്ടതില്ലാ 18

തീണ്ടൽപിശാചിന്റെയുപദ്രവത്താ-
ലുണ്ടാകുമാ സങ്കടവാർത്ത ചൊൽവാൻ
ഉണ്ടായി തൽ ഗോപുരവാതിലെത്തി
ക്കൊണ്ടീടുവാൻ തജ്ജനതയ്ക്കു മോഹം 19

കുളിച്ചു ഭസ്മക്കുറിയിട്ടു ചെമ്മേ
വെളുത്ത വസ്ത്രങ്ങളണിഞ്ഞുകൊണ്ടു
വിളിച്ചു "ശംഭോ പരമേശ്വരേ"തി
വേലിക്കടുത്തായ് നിലകൊണ്ടു നാലാൾ 20

ക്ഷേത്രത്തിനെച്ചുററിയ വീഥിതോറും
മാത്രം നടക്കുന്നതിനാഗ്രഹിക്കും
മർത്ത്യക്കതിന്നും പ്രതിബന്ധമാക്കി-
ത്തീർത്തു വൃഥാവേലിയതാരു കെട്ടി? 21

ജാതിക്രമംപോലെ കുറിച്ചു തീണ്ടൽ
തോതിട്ടിരുന്നാരെവരോ പുരൈവ
അതിൻപ്രകാരം പുനരമ്പലത്തി-
ന്നരുത്തി കല്പിച്ചതുമാത്രമല്ലോ 22

ഇതേവരെത്തീണ്ടലതാചരിക്കും
സ്ഥിതിക്കു പെട്ടെന്നൊരു മാററമായാൽ
ഹിതത്തിനാകാ ജനതയ്ക്കുതോത്തി-
ട്ടരുത്തിയിൽ കെട്ടിമുറുക്കി വേലി 23

നടപ്പു മാററുന്നതിനമ്പലത്തോ-
ടടുപ്പമുള്ളോക്കനുകമ്പയില്ല
അടുക്കുകിൽ തമ്മിലടിക്കുമെന്നും
ക്രുടിമ്പ്ഭയപ്പെട്ടു ചമച്ചു വേലി 24

വഴക്കുകൂടാതെ കഴിക്കുവാനാ-
യിടയ്ക്കുനില്ക്കേണ്ടതുതന്നെ സക്കാർ
വഴിക്കു വന്നാ ലവരെത്തടുപ്പാൻ
പാഴിൽ കഴിച്ചൂ മനുജപ്രയത്നം 25

പുലക്കിടാത്തൻ പുനരീഴവന്മാർ
വിലക്കമുണ്ടെന്നു വിളക്കമുള്ളോർ
വഴക്കിനെത്തുന്നതു നല്ലതെന്നാൽ
നായക്കിതിന്നെന്തൊരു ബന്ധമുള്ളു? 26

അധഃകൃതന്മാക്കനുകൂലരായി
ട്ടുതുക്കകെത്തേക്കു കടന്നുപോകാൻ
തുണയ്ക്കു നില്ക്കുന്ന പുലക്കിടാത്ത
ന്നിണയ്ക്കുതേവേഷമെടുത്തു നായർ 27

തടുക്കുകിൽ പിൻതിരിയാതെ നില്ക്കും
നടയ്ക്കുനേരേ തൊഴുകയ്യുമായി
അടിക്കുകിൽ കൊണ്ടുസഹിക്കുമല്ലാ-
തെടുക്കയില്ലാ കരമെന്നുമല്ല 28

ശകാരവാഗ്വഷവുമേററു നില്ക്കും
വികാരമില്ലാതുരിയാടിടാതെ
പ്രകാരഭേദേന തപസ്സിതുഗ്രം
പ്രകാശമേകുന്നു മനസ്സിനാക്കും യുഗ്മകം 29

വെളുക്കുമപ്പോഠംമുതലന്തിയോളം
തെളിഞ്ഞു തീവ്രാംശുകരങ്ങളേററും
കുളുത്ത മഞ്ഞും മഴയും സഹിച്ചും
വേലിക്കലെന്നും ഭജനം ഭടന്മാർ 30

നടയ്ക്കു കൈകൂപ്പിയുമീശനാമം
ജപിച്ചുമേവം നിലകൊള്ളുവോരേ
അടിച്ചു ചുണ്ണാമ്പു മിഴിക്കു തേച്ചും
ഉപദ്രവം ചെയ്തുതുടങ്ങി ദുഷ്ടർ യുഗ്മകം 31

മരിക്കുവാൻകൂടി മടിച്ചിടാതെ
ശരിക്കു സത്യാഗ്രഹി നിന്നിടുമ്പോൾ
പാരൊക്കെയും കീർത്തിപരന്നു കാണ്മാ—
നാരൊക്കയോ വന്നതവർണ്ണനീയം 32

ലാഹോറിനേപ്പോലകലത്തിലുള്ള-
മഹീതലത്തും പ്രസൃതി ചെന്നുചേർന്നു
മഹാമനസ്സോടവിടത്തുകാരും
സഹായമായിട്ടിഹ വന്നുചേർന്നു 33

വൈക്കത്തു സദ്യപ്രിയനായ ദേവ-
നൊക്കുന്നപോൽ നിത്യമനേകനാളിൽ
"അക്കാലി" വർഗ്ഗം പൊടിപൂരമായി-
ട്ടാൾക്കൊക്കെയും സദ്യ കഴിച്ചുകൊണ്ടാർ 34

വൈക്കംമഹാക്ഷേത്രമനേകലോക-
ർക്കിക്കാരണത്താലറിയപ്പെട്ടുന്നു
അക്കാലമിക്ഷേത്രമണഞ്ഞു നാനാ-
ദിക്കുകൾനിന്നും ജനമെന്നുമെന്നും 35

ദേവാർച്ചനത്തിന്നു കുളിച്ചു ശുദ്ധൻ
ദേവാലയോപാന്തമണഞ്ഞിടുമ്പോൾ
ഏവൻ തടുക്കാനവകാശി? ശാസ്ത്ര-
മേവം തടുക്കാൻ പറയുന്നതില്ല 36

ശാസ്ത്രം ഗ്രഹിക്കാതെ, യഥാർത്ഥശാസ്ത്ര-
തത്വം ധരിക്കാതെ സവർണ്ണഭാവാൽ
സ്വാർത്ഥപ്രിയന്മാരെതിരിട്ടതന്നെ
സത്യാഗ്രഹാത്യുഗ്രതപസ്സു നീണ്ടു 37

തീണ്ടൽകളങ്കം കഴുകിക്കളഞ്ഞി-
ട്ടുണ്ടാക്കണം കേരളമൊന്നു ശുദ്ധം
വേണ്ടാ വഴക്കെന്നു നിനയ്ക്കുകൊണ്ടോ
കണ്ടാലുമെന്തിങ്ങിനെ ഘോരമാരി? 38

ആകാശമെല്ലാ മൊരുപോലിരുണ്ടു
മേഘങ്ങളാലാവൃതമായ് കഴിഞ്ഞു
ഏകാന്തസൂര്യന്റെ മുഖം കറുത്തു
പോകുമ്പൊഴുണ്ടോ പകലെന്നഭാവം 39

ഭയങ്കരം കാററടിയേററടന്നു-
പോയീ മഹാപർവതശൃംഗഭാഗം
പായുന്ന കാററത്തു മരം പറന്നു-
പോയാൽ ഗൃഹങ്ങൾക്കുടവെന്തു പററും? 40

ഇന്ദ്രായുധം കാണ്മതിനുണ്ടു കേൾക്കാം
മന്ദ്രങ്ങളായിട്ടിടിവെട്ടി നാദം
മിന്നൽപിണക്കില്ലിളവേതുമൊപ്പം
മന്നൊക്കെയും കമ്പിതമെന്നു തോന്നും 41

തോരാതെ പെയ്യുന്നൊരു ഘോരമാരി
പാരിൽ ശരംപോലെ പതിച്ചിടുന്നു
ആറൊക്കെയും പൊങ്ങിവഴിഞ്ഞ വെള്ളം
കേറിക്കരെബ്ഭൂമികളൊക്കെ മുങ്ങി 42

മുമ്പിട്ടു ഞാൻ ഞാനിതി തള്ളലോടും
പമ്പാദി നാനാനദി പൊങ്ങിടുമ്പോൾ
അമ്പോ കടല്ക്കേററമിതെന്നുതന്നേ
കമ്പം പിടിച്ചന്നു ജനം കുഴങ്ങി 43

കിഴക്കുനിന്നില്ലി മരങ്ങളേയും
പുഴക്കിയുംകൊണ്ടു വരുന്ന വെള്ളം
വഴിക്കു വീടും കുടിയും തകർത്തി-
ട്ടൊഴുക്കുകൊണ്ടൂഴി കുഴിച്ചു പാഞ്ഞു 44

കാട്ടാനയും പോത്തുമനേകവെള്ള-
ച്ചാട്ടങ്ങളിൽപെട്ടു മറിഞ്ഞു ചത്തു
കൂട്ടത്തൊടേ പാഞ്ഞുവരും നദിക്ക
നാട്ടാരിലുണ്ടോ കനിവല്പമുള്ളിൽ 45

വീടിന്റെ മേൽക്കൂരകവിഞ്ഞു വെള്ളം
കൂടുംപ്രദേശത്തൊരു ജീവിയുണ്ടോ!
കൂടില്ല പക്ഷികളമിരുന്നുകൊൾവാൻ
പാടില്ല മാനത്തു പറക്കുവാനും 46

കായൽക്കു മോഹിച്ചതുപോലെകിട്ടി-
പ്പോയീകയററം, കടലായ്ക്കഴിഞ്ഞു
പായാതെയായീ പുകവണ്ടിവെള്ള-
ക്കായൽ ക്കിടയ്ക്കുണ്ടലു മോട്ടമില്ല 47

കമ്പിത്തപാൽ മുട്ടിയ കേരളത്തി-
ലമ്പോ കുഴപ്പം പറയേണ്ടതുണ്ടോ?
മുമ്പെങ്ങുമീ മാതിരി നീണ്ടുനിന്ന
വമ്പാന്ന വെള്ളപ്രളയങ്ങളില്ല- 48

കുന്നിന്നുമേൽ ചെന്നു ചുരുണ്ടുകൂടി-
യന്നെത്രയോപേർ ദിവസം കഴിച്ചു!
അന്നംകഴിക്കുന്നതിന്നില്ല തീയ്യു-
മന്നാരു കത്തിക്കുമൊരിന്ധനത്താൽ? 49

വെള്ളം, കുടിപ്പാൻ കഴിയാത്തവണ്ണം
വല്ലാത്ത ദുർഗ്ഗന്ധിലമായിരുന്നു
എല്ലാം കലങ്ങിക്കയറുന്നവെള്ള-
മല്ലാതെ കാണ്മാൻ വളരെ പ്രയാസം- 50

തോരാത്ത കണ്ണീരൊടുകൂടിയന്നു്
പാരിൽ ജനം ദുഃഖിതരായിരിയ്ക്കേ
ആ രാജസിംഹൻ വിലപിച്ചു ദുഃഖ-
ഭാരത്തിനാൽ മേനി തളർന്നുപോയി. 51

പേരാലിലയ്ക്കുള്ളിലൊളിച്ചു കല്പ-
വാരാശിയിൽ പൊങ്ങിയൊതുങ്ങിനില്ക്കും
നാരായണൻതന്നുടെ പാദപത്മേ
ചേരാനുറച്ചാത്തിരുമെയ് വെടിഞ്ഞു. 52

ശ്രീകൃഷ്ണദേവൻ നിജ മെയ് വെടിഞ്ഞു
വൈകുണ്ഠലോകത്തെഴുന്നള്ളിയപ്പോൾ
ശോകാകുലാ ദ്വാരകയെന്നപോലെ-
യാകുന്നിതേ കേരളമാകമാനം. 53

ആപൽകരംസന്ധിയിതിൻപ്രകാരം
പ്രാപിച്ചതായിട്ടൊരു കേൾവിയില്ലാ
താപപ്രണാശപ്രദനായ സാക്ഷാൽ
ശ്രീപത്മനാഭൻ പദമേ ശരണ്യം. 54

ഓണത്തിൻ മൂന്നനാൾമുമ്പമൃതകരനുദിച്ചെത്രയും ശോഭയോടൊ-
ത്താനന്ദംനൽകി ലോകക്കിരവിലൊട്ടുവിനോടൊട്ടടുത്തസ്തമിയ്ക്കെ
ഭാനുശ്രീപൂർണ്ണബിംബോദയസമയമവേക്ഷിച്ചുഷസ്സിങ്കലല്ലോ
സ്ത്രീനക്ഷത്രം പ്രകാശിപ്പതിനൊരവസരം താദൃശീ ലോകരീതി. 55

൧൰-ാം സർഗ്ഗം.

മഹാറാണിറീജൻറു സേതു ലക്ഷ്മീഭായി.

ആവൎത്തിച്ചുവരും ചരിത്രമൊരു നൂറാണ്ടിന്നിടയ്ക്കെന്നചൊ-
ല്ലീവഞ്ചിക്ഷിതി സാൎത്ഥമാക്കിയിനിയും കാണിച്ചുതന്നു സ്വയം
ശ്രീവിശ്വംഭരപാദഭക്തനമലൻ ശ്രീചിത്രതാരോത്ഭവൻ
പൂവഞ്ചും മൃദുതൃക്കരത്തിലധുനാ ചേൎക്കുന്നു കൌക്ഷേയകം. 1

പ്രായം ദ്വാദശവത്സരം തികയുമാറായപ്പൊഴേ മൂപ്പുവ-
ച്ചീയുർവീതലപാലനുള്ള മകുടം ചൂടിക്കഴിഞ്ഞെങ്കിലും
ന്യായത്താൽ പ്രിയമാതൃസോദരി മഹാരാജപ്രതിച്ഛായപോ-
ലായിക്കൊണ്ടുതുടങ്ങി രാജ്യഭരണം ശ്രീലക്ഷ്മിറാണിമണി. 2

റീജൻറു മഹാറാണി തിരുമനസ്സുകൊണ്ടു്.



മാരീമാരി യിടിഞ്ഞു വെള്ളമതുപോലുള്ളം കൃഷിക്കാക്കു;മൊ-
ട്ടേറെ,ച്ചീഞ്ഞുകഴിഞ്ഞു ചേനമുതലായിട്ടുള്ള കന്ദങ്ങളും
തീരെപ്പട്ടിണിതട്ടുമെന്നനിലയിൽ കഷ്ടപ്പെട്ടും ലോകരിൽ
കാരുണ്യത്തൊടനല്പമാകിയ സഹായംചെയ്തു വഞ്ചീശ്വരി. 3

എത്രനാ നായരുജാതി കേരളധരാചക്രേ വസിക്കുന്നവ-
ന്നന്നേയുള്ളതു നീണ്ടുനിന്ന മരുമക്കത്തായമെന്നാകിലും
ഒന്നായിക്കഴിയുന്നതായ തറവാടങ്ങളോഹരിക്കായ് പക-
ത്തന്നേയ്ക്കും സുതദായമാക്കുവതിനായ് നിർമ്മിച്ചു ചട്ടങ്ങളേ. 4

ഹിന്ദുക്കൾക്കകലത്തുനില്ക്കണ മതുംവിട്ടിട്ടു ക്രിസ്ത്യാനിയായ്
ചെന്നാൽ ഗോപുരവാതിലോളമെവനും കേറുന്നതാമമ്പലം
എന്നിട്ടും വെറുതേ സവർണ്ണപദവും കൈയ്യേറ്റു തക്കിക്കുവാൻ
നിന്നു ക്രൂരിതെങ്കിലും സഫലമാ വൈക്കത്തു സത്യഗ്രഹം. ൫

ലോകത്തിന്നഭിവന്ദ്യനായ് കരുണകൊണ്ടാറാട്ടുമാർഗ്ഗാന്ധിയേ-
യാകർഷിച്ചു തപസ്സുകൊണ്ടു തനിയേ സത്യാഗ്രഹായോധനം
സാകം ചിത്തസമാദരേണ മഹതി ശ്രീവഞ്ചിരാജേശ്വരി
ശ്രീഗാന്ധിക്കു നടത്തി സൽകൃതി; തദാ സന്ദർശനം നൽകിയാൾ 6

ആ മാന്യാതിഥി ദേവിയായ് പരിഗണിക്കും റാണി വയ്ക്കത്തെഴും
ശ്രീമൽക്ഷേത്രമതില്ക്കുചുററി വഴിയേ സ്വാതന്ത്ര്യമായ് പോകുവാൻ
സാമാന്യാധികധൈര്യമോടനുവദിച്ചെല്ലാജനത്തിന്നുമാം-
ക്ഷേമംനൽകി മഹാജനസ്തുതിരവം വ്യാപിച്ചു ദിക്കൊക്കെയും. 7

ശ്രീമൂലംസഭയും ദിവാനുമതുപോൽ ഭിന്നിച്ചു നിന്നപ്പൊഴേ-
യ്ക്കാമാന്യപ്രതിപൂരുഷാഭിലഷിതം സാധിച്ചു വഞ്ചീശ്വരി
ഈമട്ടിൽ സ്വജനങ്ങളോടു വളരും വാത്സല്യവിശ്വാസമ
ത്യാമോദപ്രദമായിവന്നു; സചിവൻ സ്ഥാനം വെടിഞ്ഞീടിനാൻ. 8

ദിവാൻ എം. ഇ. വാട്സ്.

വീണ്ടും പൂർവ്വചരിത്രസാമ്യമിവിടെ സ്ഥാപിക്കുവാനെന്നപോ-
ലുണ്ടായീ പുതുതായിവന്നൊരുദിവാൻ ക്രിസ്ത്യാനി വാട്സെന്നവൻ
മൺട്രോസായ്പു ദിവാൻപദത്തെ, റസിഡണ്ടെന്നുള്ളൊരന്ത-(സ്സിനാൽ
പണ്ടങ്ങൊണ്ടുവഹിച്ചു ക്രിസ്ത്യനിതുതാനൊന്നാമതാകും ദിവാൻ. ൯

ആ മാന്യൻ ജനനത്തിനാൽ തിരുവിതാംകോട്ടുള്ളവൻ ശ്രദ്ധാമേ
റോമാക്കാരനനേകജോലി വെളിയിൽ ചെയ്തീടിനാൻ ശീമയിൽ
കേമത്തിൽബ് ഭരണംതുടങ്ങി വിരസം കാണിച്ചു മുൻപെങ്കിലും
സാമാന്യാധികനെന്നു ലോകരഖിലം പിന്നെ സ്തുതിച്ചീടിനാർ. 10

കല്ലാറെന്നവിടം പതിച്ചിതരദേശീയൎക്കു നൽകുന്നതി-
ന്നെല്ലാംവന്നൊരെഴുത്തുകുത്തു; വഴിയിൽ ചുങ്കങ്ങളേ വച്ചതും
പള്ളിക്കൂടവഴക്കു ഫീസധികമാക്കിച്ചെച്ചതിൽ ബാലരെ-
ത്തല്ലിച്ചെന്നിവ രാഘലവയ്യരുടെമേൽ മുന്നേ ജനാരോചകം. 11

ബാലിയ്ക്കും കയറുന്നതിന്നു വിഷമം നേരിട്ട ശൈലത്തൊടാ-
ച്ചേലേറുന്ന വനപ്രദേശമിനിയും വൈദേശികൎക്കേകുവാൻ
ആലോചിച്ചുവരുന്നുവെന്നറിയവേ നാട്ടാരെതൃത്താരതിൻ
മേലും കൽപനതൽപ്രജാഭിലഷിതംപോലൊക്കെ നൾകീടിനാൾ.

കാളിയ്ക്കായ് കുരുതിക്കഴിഞ്ഞുവിട്ടമാക്കോഴിക്കുമാടിന്നുമീ-
ക്കാലംതൊട്ടു സുഖം;കനിഞ്ഞതുകളേക്കൊല്ലൊല്ലയെന്നാജ്ഞയാൽ
കാലേയം കലുഷം കലൎന്നു കരളിൽ കാരുണ്യമില്ലാതെയീ-
ബ്ബാലേയക്രിയചെയ്തിടും ഖലജനം പേടിച്ചൊതുങ്ങീടിനാർ. 13

ചീത്തബ്ഭാഷയിടിച്ചുവെന്തതിലെഴും സത്തത്രയും ഭംഗിയായ്
ചേൎത്താച്ചേൎത്തലയുള്ളവൎക്കിനിയുമാപ്പൂരം നടത്താവതോ
നിൎത്തീ ശക്തിയൊടേ തമോമയമഹാമന്ത്രപ്രയോഗങ്ങളേ
കൃത്യാകൃത്യവിവേചനത്തിനു തലച്ചോറുള്ള വഞ്ചീശ്വരീ. 14

അത്യന്തം വ്രതകശിതയ്ക്കിതിന്നിടയ്ക്കുണ്ടായിതാരോമന
പ്പുത്രീ കാൎത്തികനാളിലാൎദ്രജഗതീനാഥൻ കടാക്ഷിക്കയാൽ
അത്യാനന്ദമിയന്നു ലോകരഖിലശ്രേയസ്സുമുണ്ടാകുവാൻ
പ്രാൎത്ഥിച്ചു, പ്രജകൾക്കു നന്മപലതും ചെയ്യുന്ന രാജാന്വയേ. 15

തമ്പാന്നൂൎക്കു തുടങ്ങി വേലയിനിയും തീവണ്ടിനീട്ടീടുവാൻ
മുമ്പേ വണ്ടിവരുന്നതങ്ങു നഗരാന്ത്യത്തിക്കലൊച്ചാക്കയിൽ
അമ്പമ്പോ പടവന്നപോലെ നഗരം ഭേദിച്ചൊരാപ്പാഥയോ
വമ്പിച്ചോരു ധനവ്യയത്തിനിട;യെന്നാലും തുടൎന്നുപണി 16

കൊല്ലം നീണ്ടകരയ്ക്കു നിണ്ടുവല്യതായിട്ടുള്ള പാലത്തിനാ-
ലുണ്ടാക്കീ വഴിയിൽ ഗതാഗതസുഖം നമ്മൾക്കു നന്മയ്ക്കുതാൻ
പണ്ടെങ്ങാനൊരുവണ്ടി ചേർത്തല മണൽദേശേ പ്രവേശിച്ചിതോ?
കണ്ടാലും വഴി; വണ്ടിപാഞ്ഞുടനരുരെത്തുന്നു പുത്തൻപണി. 17

സ്യാനന്ദൂരപുരത്തു വൈദ്യുതവിളക്കുണ്ടാക്കി കണ്ടാലത-
ത്യാനന്ദപ്രദമാം വഴിക്കിരവിലാപ്പൂണ്ണേന്ദു ശോഭിച്ചപോൽ
കാണുന്നു; ഗൃഹമേതിലും പുതുവിളക്കെന്നും പ്രകാശിപ്പതാ
വേനൽക്കാലമറിഞ്ഞിടാതെ കരുതും തത്താലവൃന്ദാനിലൻ. 18

ഏറീടും ജനതയ്ക്കു നിത്യമുപയോഗത്തിന്നു ശുദ്ധാംജലം
പോരാഞ്ഞിട്ടകലത്തിലുള്ളരുവിയേ ബന്ധിച്ചു സിന്ധൂപമം
ഓരോ വീട്ടുപടിക്കലും കുഴലിലാവെള്ളം വിടുംവേലയ-
ന്നാരംഭിച്ചു ജനാവനൈകനിരതാ ശ്രീവഞ്ചിരാജേശ്വരീ 19

നാട്ടിൽ പുഷ്ടികരംപരം പലപരിഷ്കാരം ക്രമാലെത്തുവാൻ
വെട്ടപ്പെട്ടതു മുമ്പുതന്നെയതിവിസ്താരത്തൊടേ പദ്ധതി
വിട്ടാൽ പോരുമതേവഴിക്കു ഭരണത്തേരാക്കടിഞ്ഞാണിനേ
വെട്ടിച്ചിട്ടു തുരംഗമങ്ങളെ മുറയ്ക്കോടിച്ചു നാടൊക്കെയും 20

ദിവാൻ വി. എസ്സ്, സുബ്രഹ്മണ്യയ്യർ.

പൂർവ്വന്മാരുടെ കാലടിയ്ക്കനുസരിച്ചാകുന്ന പോലൊക്കെ ദു-
ർവ്വേലാതെ ജനാവനം കനിവൊടേ ചെയ്യുന്ന രാജേശ്വരീ
ഉർവ്വീദേവനൊരാളിനേ യഥ ദിവാനാക്കി ക്രമാൽ പിന്നെയും
സർവ്വാഹ്ലാദമുദിക്കുമാറു നിജകൃത്യത്തേ നടത്തീടിനാൾ 21

സമ്രാട്ടിൻപ്രതിപൂരുഷൻ സകലരും വാഴ്ത്തുന്നൊരിർവ്വിൻപ്രഭു
സാമ്രാജ്യം ഭരണംനടത്തിവരവേ സാഘോഷമീയൂഴിയേ
സന്ദർശിച്ചു കൃതാർത്ഥനായി മഹതീരാജ്ഞി പ്രഭാവങ്ങളേ
വർണ്ണിച്ചിട്ടു തിരിച്ചുപോയി ബഹുസൽകാരങ്ങളാലാദ്രതൻ. 22

ഇക്കാലത്തതിബുദ്ധിശാലിനി പരിഷ്കാരത്തിരത്തള്ളലിൽ
തക്കംനോക്കിയതിന്നു മേലഴകൊടേ തീക്കപ്പലോടിയ്ക്കുവോൾ
ചൊല്ക്കൊള്ളും ക്ഷിതിപാലബാലജനനീ ശ്രീപാർവ്വതീരാജ്ഞിതൻ
തൃക്കണ്ണേറ്റീജ്ജനനന്മകൾക്കു സതതം പുത്രങ്കലപ്പിച്ചിതേ. 23

ഇന്നിബ്ഭാരതഭൂതലത്തിലധികം ചൊൽക്കൊണ്ട രാജ്യങ്ങളിൽ
ചെന്നു പുത്രസമേതയായ് വിപുലമാ മാരാജ്യരക്ഷാവിധം
ഒന്നുംതന്നെ വിടാതെ കാട്ടി മകനേ രാജ്യാനുയോജ്യങ്ങളായ്
തോന്നീടുന്നവയെക്കുറിച്ചറിവു മേൽ വർദ്ധിക്കുമാറാക്കിയാൾ. 24

എന്നല്ലാബ്ബ്രഹ്മാന്യരായ് മരുവിടും രാജന്യവീരക്ഷ്മി
മന്നൻതന്നൊടു സഖ്യസൗഹൃദപദം മേന്മേലുയർത്തുംവിധം
അന്യോന്യംദൃഢമായിടും പരിചയം സിദ്ധിക്കുമാറാക്കിയാ-
ളന്യൂനം നൃപനൊന്നിനൊന്നിനു മഹാനെന്നുള്ള പേരാന്നുതേ. 25

ഇൻഡ്യാക്കാൎക്കു ജനാധിപത്യഭരണ സ്വാതന്ത്ര്യമുണ്ടാക്കുവാൻ
വേണ്ടിച്ചെയ്തുവരുന്ന നിസ്തുലതരപ്രക്ഷോഭവീചീകുലം
ഉണ്ടാക്കാമിനിയോളമീത്തിരുവിതാംകോട്ടും ക്രമത്താലതും
കണ്ടുംകൊണ്ടുനിവാരണം കരുതുവാൻ ശക്തിപ്പെട്ടുന്നു നൃപൻ. 26

മുന്നം ഷോഡശവത്സരം തികയവേ ഭൂഭാരകാൎയ്യങ്ങളേ
തന്നത്താനിഹ നിൎവ്വഹിച്ചു മതിമാനാ സ്വാതിനാൾ തമ്പുരാൻ
എന്നാൽ പ്രായമതും കടന്നു പരിശീലംകൊണ്ടു മുന്നേതിലും
നന്നായിട്ടുഭരിക്കുവാൻ നിപുണനായ്ത്തീർന്നു സ്വയം ഭൂപതി 27

ഇക്കണ്ടോരുലകത്തിലേബ്ബ്രഹ്മജനം സ്ഥാനാധികാരങ്ങളേ
കൈക്കൊണ്ടൂൎജ്ജിതമോടു രാജ്യഭരണം ചെയ്യുന്നകണ്ടിടുവാൻ
സോൽകണ്ഠം,കരുണാർദ്രനായനൃപനേ നിത്യം പ്രതീക്ഷിക്കവേ
ചൊൽക്കൊണ്ടീടിന ലക്ഷ്മിറാണിഭരണം പൂൎത്തനാൾകിടിനാൾ. 28

അരുണോദയവേളയിങ്കലേപ്പോൾ
ധരണീചക്രമിതാ തെളിഞ്ഞിടുന്നു
കിരണാവലിതൂകി ബാലസൂൎയ്യൻ
കരുണാശാലിയുദിച്ചുവന്നിടുന്നു.

അമ്മമഹാറാണി തിരുമനസ്സുകൊണ്ടു്

൮൭-ാം സർഗ്ഗം.

ശ്രീ ചിത്തിര തിരുനാൾ മഹാ രാജാവ്.

ചൈത്രനക്ഷത്രജ ക്ഷത്രിയോത്തംസഭ്രൂ-
വൃത്രവിധ്വംസകേ, ലബ്ധപൃത്ഥ്വീഭരേ
അത്യുദാരാർത്ഥദാനത്തിനാൽ തീർത്തനാ-
ഥാത്തിനിത്തീട്ടവാനാർദ്രനായീ നൃപൻ 1

വസ്തുവുണ്ടെങ്കിലും വാസ്തവത്തിൽ കട-
ഗ്രസ്തരായുള്ളവർക്കർത്ഥസിദ്ധ്യർത്ഥമായ്
വസ്തുവേ ജാമ്യമായ് വാങ്ങമാബ്ബാങ്കിനാ-
യർത്ഥമത്യർത്ഥമീപ്പാർത്ഥിവൻ നൽകിനാൻ 2

അത്രയല്ലെത്രയും ശ്രദ്ധയും ബുദ്ധിയും
ശക്തിയും യുക്തിയും ചേരുമീ നാട്ടുകാർ
യുക്തരക്ഷാകരം രാജ്യഭാരത്തിലേ-
ക്കൊത്തുനിന്നും സഹായത്തിനർത്ഥിച്ചതേ 3

ഭാരതോർവീതലത്തക്ഷരാഭ്യസ്ഥരായ്
വേറൊരേടത്തിതുപ്പോലെയുണ്ടോജനം?
ഏറിടുന്നു ജനം സംഖ്യയിൽ സത്തുമീ.
പ്പാരിലന്യാദൃശം വർദ്ധമാനം തുലോം 4

വാരിധീതീരമായ് വാണിഭപ്രൌഢമായ്
തീരുമീരാജ്യമുൽകൃഷ്ടതയ്ക്കുഹമേ
പേരുപൊങ്ങാത്തതിൻകാരണം നമ്മളേ
ദ്ദൂരെയുള്ളോരറിഞ്ഞില്ലയെന്നല്ലയോ? 5

നേരറിഞ്ഞിത്തരം കാര്യഗംഭീരമാ
യാരെയും തന്നെയാകർഷണം ചെയ്യതായ്
സാരസമ്പൂർണ്ണമായ് സ്ഥാനമേററപ്പൊഴേ
പാരിതിൻനായകൻ തൂകിനാൻ തൂമൊഴി 6

ധന്യമീ മന്നിടത്തൊന്നിനൊന്നുന്നതി-
ക്കെന്നിയേ മന്നവന്നന്യമില്ലാശയം
എന്നതിന്നനുപഥം കണ്ടുപോരുന്നു; നാ-
മൊന്നുചേരന്നുമേ നിന്നു യത്നിക്കണം 7

കാണവസ്തുക്കളിൻ കൈവശക്കാക്കിനി
ക്ഷീണമുണ്ടായിടാ; ജന്മിഭോഗങ്ങളേ
ക്ഷോണിപാലാജ്ഞ സക്കാർകരംപോൽ പിരി-
ക്കേണമെന്നായിതേ സ്വച്ഛമീ നിശ്ചയം 8

ജന്മികൾക്കില്ലിതിൽ സങ്കടം തെല്ലുമേ
നന്മയായ് തീൎന്നിടും രണ്ടുപേക്കും ദൃഢം
തമ്മിളിൽ തക്കവും കൂട്ടവും നിന്നതേ
മേന്മ, ജന്മിക്കുടുത്തുണ്ടുപോലാസ്സരും 9

ലക്ഷമാളുള്ളൊരാട്ടിക്കിലാക്കൊക്കയും
ലക്ഷണംകാണുമിന്നഞ്ചുരൂപാ കരം
ആക്കണക്കുള്ളവക്കൊക്കെയല്ലെങ്കിലും
മിക്കവക്കും പരം തൃപ്തനാമേകനേ 10

നാലുസംവത്സരക്കാലഘട്ടത്തിലേ-
യ്ക്കാളുകൾക്കുള്ളൊരാപ്രാതിനിധ്യത്തൊടേ
മൂലഭൂപാലകശ്രീസഭയ്ക്കുള്ളസ-
മ്മേളനേ ചേരുവാനായ് നിയോഗിക്കണം 11

ഏതുജാതിക്കതിൽ പ്രാതിനിധ്യംലഭി-
ക്കാതെപോകുന്നുവെന്നാലവക്കപ്പൊഴേ
പ്രാതിനിധ്യത്തിനായാളെടുക്കും ദിവാ-
നേതുകൊണ്ടും ജനം ഭൂരിപക്ഷംവരും 12

ആണ്ടിനാലുള്ളൊരായവ്യയത്തേക്കുറി-
ക്കൊണ്ടഭിപ്രായവും നിശ്ചയംതന്നെയും
വേണ്ടപോൽചെയ്യുവാനീസ്സഭയ്ക്കേകിനാൻ
പണ്ടു കിട്ടാത്തതായുള്ള കത്തവ്യത 13

അന്യവിശ്വാസിയുംപെട്ടസമ്മേളനേ
ഹിന്ദുദേവാലയക്കാര്യവും ചൊല്ലുവാൻ
മന്നവൻ സമ്മതം നൾകിനാൻ പ്രജ്ഞയു-
ണ്ടെന്നു ചിന്തിക്കയാൽ സഭ്യരിൽ താദൃശം 14

ശമ്പളംവാങ്ങിയുദ്യോഗമേറവുള്ളോരാ-
വമ്പരേതെങ്കിലും താറുമാറാക്കിയാൽ,
അമ്പിനോടാസ്സഭാമണ്ഡപേചൊല്ലിയാ-
ത്തുമ്പമെല്ലാമൊഴിക്കാനുമാകാമിനി 15

ഏതുചോദ്യത്തിനും ജീവനക്കാരിനി-
സ്സാദരം ലോകരോടുത്തരം ചൊല്ലണം
നീതികേടേതൊരാൾ ചെയ്യുമെന്നാലവൻ
ഭീതനാമീവിധം ചോദ്യമുണ്ടാകവേ 16

ചട്ടമുണ്ടാക്കുവാനുള്ള കർത്തവ്യവും
വിട്ടിരിക്കുന്നുതേ സൽസഭയ്ക്കിങ്ങനെ
ശ്രേഷ്ഠമാകും പദം നൾകിനാൻ തൽപ്രജ-
യ്ക്കിഷ്ടമായുള്ളതേ ഭൂപതിയ്ക്കാശയം 17

മന്നവൻ തന്റെ പേർ ചേർത്തതിൻമീതെയായ്
പിന്നെയുംവച്ചുതേ സൽസദസ്സുന്നതം
ധന്യരായ് പഞ്ചവിംശൽപരം രൂപ്യകം
തന്നെവേണം കരം സഭ്യനാകാനിതിൽ 18

ആംഗലം പാർലിമെന്റെന്നതിൻതോതിനേ
യിങ്ങു യോജിച്ചപോലുള്ള ഭേദത്തൊടേ
മംഗലം നൾകിടും സൽസഭാസ്ഥാപനം
തിങ്ങുമുത്സാഹമായ് ചെയ്തിതേ ഭൂപതി 19

നാട്ടുരാജ്യങ്ങളിൽ താദൃശസ്ഥാപനം
കേട്ടുകേൾവിക്കുമില്ലിൻഡ്യയിൽകേവലം
ഒട്ടുകാലംമുതല്ക്കുദ്യമം ചെയ്കിലും
ബ്രിട്ടനിൻഡ്യയ്ക്കിനിത്തന്നെനൾകീടണം 20

ഭാരതക്ഷ്മാതലേ ജാനപക്ഷത്തിനും
കാൎയ്യകൎത്തവ്യമുണ്ടാക്കുവാൻ തക്കപോൽ
സാരമാകും പരിഷ്കാരമുണ്ടാക്കുവാൻ
തീരുമാനിച്ചതിൻതോതും മുറിച്ചുതേ 21

നാട്ടുകാരാൽ ക്രമംപോലയക്കപ്പെട്ടും
ശ്രേഷ്ഠരുൾപ്പെട്ടതാം സൽസഭാമണ്ഡലം
കേട്ടുതീൎച്ചപ്പെട്ടും രാജ്യരക്ഷാക്രമം
വിട്ടു ചെയ്തീടൊലാ മന്ത്രിമാരാരുമേ 22

ന്യൂനപക്ഷങ്ങളെ രക്ഷചെയ്തീടുവാൻ
കാണുമേതാനുമന്യാദൃശം സംഗതി
നൂനമാക്കാൎയ്യമേ വൈസറായിക്കിനി
സാൻകമ്പം സ്വയം ചെയ്യുവാനുള്ളപോൽ 23

രണ്ടുകാണുംസഭാമണ്ഡലംപോലതിൽ
രണ്ടിലും കേൾക്കണം രാജ്യകാൎയ്യങ്ങളേ
ഇൻഡ്യയിൽപെട്ടതാം നാട്ടുരാജ്യങ്ങളും
വേണ്ടപോലിസ്സഭാമണ്ഡലേ ചേരണം 24

മുമ്പിലത്തേക്രമം വിട്ടു സ്വൎഗ്ഗ ച്ചിട്ടും
വമ്പെഴും തൽപരിഷ്കാരകാൎയ്യങ്ങളിൽ
തമ്പുരാൻചേരുവാനുള്ളതോയെന്നതാ-
സമ്പ്രദായത്തിനേയാശ്രയിച്ചായ്‌വരും 25

വിസ്തൃതിത്തോതിനേവച്ചു രാജ്യങ്ങളേ
ചേൎത്തിടുന്നെങ്കിലോ താഴെ നാം നില്ക്കണം
ഈസ്ഥലത്തേജനാധിക്യവും വിദ്യകൊ-
ണ്ടെത്തിയിട്ടുള്ളൊരൌന്നത്യവും മാത്രമോ? 26

കപ്പലോട്ടും കടൽത്തീരമിരാജ്യമി-
ങ്ങെപ്പൊഴും വാണിഭം വൎദ്ധമാനം തുലോം
ഇപ്രകാരം ഗുണം നാട്ടുരാജ്യങ്ങളിൽ
സ്വല്പമേ കാണുവാനുള്ളു മററുള്ളതിൽ 27

കമ്പനിക്കാരുമായ്സ്സഖ്യമുണ്ടായതും
മുന്നപിലത്തേച്ചരിത്രങ്ങളും നോക്കവേ
വമ്പരിംഗ്ലീഷുകാർ വഞ്ചിരാജ്യത്തിനേ
യമ്പൊടേ മുൻനിലയ്ക്കാക്കിയിട്ടില്ലയോ? 28

കപ്പമെന്തിന്നു നാം നൾകുവാൻ ബദ്ധരാ-
യിപ്പൊഴത്തേയുപാധിക്കതാവശ്യമോ?
അപ്പുറം കൊച്ചിഹാർബർട്രസ്റ്റുകാര്യവും
സ്വല്പമായ് തള്ളുവാനുള്ളതല്ലേതുമേ. 29

മുല്ലയാർ വെള്ളമങ്ങോട്ടയയ്ക്കുന്നതി
ന്നുള്ളൊരാശ്ശേഖരിപ്പേറിവന്നിടവേ
തള്ളിവിട്ടീടുമാവെള്ളമീനാട്ടിലെ-
നല്ല താലൂക്കുകൾക്കെത്ര ശല്യപ്രദം. 30

പിന്നെയും മററനേകം മഹാകാര്യമീ
മന്നിലേക്കാര്യലാഭത്തിനായുള്ളവ
അന്യസർക്കാരുമായ് ന്യായമായ് ചെയ്യുവാൻ
മന്നവൻ ശേഷിമാനേകനേയാക്കിനാൻ. 31

സി പി. രാമസ്വാമിഅയ്യരത്യുന്നതൻ
താല്പര്യമുള്ളവൻ മൂലഭൂപാലനും
ഏല്പ്പെട്ടുത്തപ്പെട്ടു,തക്കൊരാലോചന-
യ്ക്കാപ്പുമാനായതിൽ പാടവം കൂടിയോൻ.. 32

ഇത്രയും ഗൌരവപ്പെട്ടകാര്യങ്ങളിൽ
പൃത്ഥ്വിപാലൻെറ ഭാഗത്തിലേസ്സംഗതി
തത്തദ്ദച്ചസ്ഥലേചെന്നു വാദിക്കുവാ-
നെത്രയും യോഗ്യനിദ്ദേഹമെന്നോർക്കണം. 33

ബാലസൂര്യൻ കരം വീശിയാലല്ലയോ
കാളിമാവും വെടിഞ്ഞോടുമാശ്ശർവരീ?
ബാലഭൂപാലകൻ ക്ഷത്രതേജസ്സിനാൽ
മാഴ്കലൊഴിയ്ക്കും നമുക്കെന്നു കാണാം ക്ഷണം. 34

ഹന്ത! സക്കാരിലേജ്ജോലി നോക്കുന്നവ-
ന്നന്തമല്പ്രാപ്തകാലത്തു വന്നിടുകിൽ
സന്തപിക്കും കളത്രാദി ബന്ധുക്കളെ
ശാന്തരാക്കും; ധനം മന്നവൻ നൽകിടും. 35

തീണ്ടലുള്ളാളുകൾക്കമ്പലത്തിൽ കട-
ക്കേണ്ടതിന്നാഗ്രഹം കൂടി വന്നീടവേ
വേണ്ടതെന്തെന്നഭിപ്രായമെല്ലാവരെ-
ക്കൊണ്ടുമോതിക്കുമന്വേഷണം ചെയ്തുതേ. 36

ഇൻഡ്യയേബ്ഭാവികാലത്തു നന്നായ്ഭരി-
ക്കേണ്ടകാര്യ്യങ്ങളെപ്പററിയിംഗ്ലണ്ടിലേ
പണ്ഡിതന്മാരുമീനാട്ടിലേ യോഗ്യരും
ലണ്ടനിൽ ചേൎന്നടൻ ചെയ്യുമാലോചന. 37

നാട്ടുരാജ്യങ്ങളെക്കൂടെബന്ധിപ്പതും
തിട്ട;മെന്നാൽ നമുക്കുള്ള കാര്യ്യങ്ങളേ
വിട്ടുപോകാതുറപ്പിക്കുവാനുള്ളതിൽ
ദൃഷ്ടിവച്ചീടിനാൻ നിഷ്ഠയാ ഭൂപതി 38

ഘോരയുദ്ധംകൊണ്ടു പീതസാരേക്ഷുപോൽ
തീരുമുവ്വീതലോദ്ധാരണാത്യാശയാ
പാരിലേവീരരാം വിത്ത തത്വജ്ഞരും
ചേരുമാലണ്ടനിൽ ചിന്തനംചെയ്യുവാൻ. 39

ഭാവി ലോകോൽഗതിക്കുള്ള മാർഗ്ഗങ്ങളേ-
യിവിധം ഗാഢമാലോചനം ചെയ്യവേ
ഭാവുകം മേല്ക്കുമേലീനമുക്കും വരാ-
നാവതും ചെയ്യുവാൻ ഭൂവരന്നാഗ്രഹം. 40

ശീമരാജ്യത്തുചെന്നീട്ടുശാസന്ധിയിൽ
ഭൂമിപാലൻ നമുക്കുള്ള കാര്യ്യങ്ങളേ
ക്ഷേമമാക്കുന്നതിന്നാഗ്രഹിച്ചെങ്കിലും
സാമവാക്കോതിനാളമ്മറാണീമണി. 41

"മുമ്പുഞാൻ ശീമയിൽചെന്നു തത്താദൃശം
വമ്പെഴും നാട്ടമാചാരവും കണ്ടതിൽ
പിമ്പുപോകാം നമുക്കെന്നു് കല്പിച്ചതി-
ത്തമ്പുരാൻ മാതൃഭക്തന്നു ബോധിച്ചതേ. 42

കാൎയ്യസാരജ്ഞയാം രാജ്ഞിയും പുത്രിയും
ധൈൎയ്യമായ് "കാളപാണി"ക്കുമങ്ങേക്കരെ
ആൎയ്യരാജ്യങ്ങളെക്കണ്ടെഴുന്നെള്ളിയാ-
ശ്ചൎയ്യസന്തോഷസന്ദ്രായിനീ മന്ദിരെ. 43

കൂപമണ്ഡൂകമായിങ്ങിരിക്കുന്നതേ
പാപമത്യുന്നതസ്ഥാനികൾക്കോൎക്കുകിൽ
രാപകൽഭേദമാമാശയംതങ്ങളിൽ
കാപുമാനും പരിഷ്കാരമുണ്ടായ്വരും. 44

നല്ലകാൎയ്യങ്ങളേ വേണ്ടപോൽചെയ്യുവാ-
നുള്ള തന്റേടവും ബുദ്ധി സാമൎത്ഥ്യവും
തള്ളമാൎക്കുള്ളതിൽ പത്തിരട്ടിക്കുമേ-
പിള്ളമാൎക്കാനിലത്തിട്ട വിത്തെന്നപോൽ. 45

അമ്പെഴും റാണിയും സോദരീ കന്യയും
തമ്പിയുംചേൎന്നു സപ്രാഭവാഡംബരം
തമ്പുരാൻ ദിഗ്ജയംചെയ്തു യൂറോപ്പിലേ
വമ്പരെക്കാണുവാൻ തീൎച്ചചെയ്തീടിനാൻ. 46

നേരുതന്നേ;പുരാ വഞ്ചിഭൂപാലക-
ന്മാരിലാരും, കടന്നില്ല വാരാന്നിധി
കാരണം വന്നതില്ലെന്നതല്ലാതെ ക-
ണ്ടാരുമാചാരമായെണ്ണിയിട്ടില്ലതു്. 47

ശുദ്ധമായ് സാത്മ്യമാം ഭക്ഷ്യപേയങ്ങളേ
മാത്രമല്ലാതൊരാൾ സ്വീകരിക്കുന്നതും
ശുദ്ധിദേഹത്തിനില്ലാതിരിക്കുന്നതും
വാസ്തവത്തിങ്കലാചാരവിദ്ധ്വംസനം. 48

താദൃശന്മാരെയും ശുദ്ധരാക്കീടുവാ-
നാദരാൽ ബ്രഹ്മകൂൎച്ചാശനാദ്യങ്ങളേ
നീതിമാന്മാർ പുരാ നിശ്ചയിച്ചാർ പുന-
ൎജ്ജാതിവിഭ്രംശനം സംഭവിച്ചീടുമോ? 49

കപ്പലിൽ തൊട്ടതിന്നേണ്ടിവന്നീടുമെ-
ന്നല്പനായുള്ളവന്നൊന്നിയേ തോന്നിടാ
എപ്പൊഴും സ്നാനപാനാശനാദ്യങ്ങളേ
തൽപ്രിയാചാരരീതിക്കു സാധിച്ചിടാം. 50

ശൌചനിഷ്കൃഷ്ടയാ തമ്പുരാൻ സ്വന്തമാം
പാചകന്മാരൊടും വ്യഞ്ജനാദ്യത്തൊടും
വാസഗേഹത്തിലേപ്പോലെ മാമൂലിനേ-
യാചരിച്ചീടുമേ നിത്യചൎയ്യാദിയിൽ. 51

*"ദാനകൃത്യാ"ദികം ചെയ്തു "പാരം" മഹാ-
"മീന"രൂപാഖിലാണ്ഡേശപാദാന്തൻ
ബാഹുജോജ്ജ്വലൻ തൽസഗൎഭ്യപ്രസൂ-
സാഹചൎയ്യത്തൊടേ യാത്രയായീടിനാൻ. 52

ബാലവൃദ്ധാവധി, സ്വപ്രജാസഞ്ചയം
നീളെയത്യാദരം നിന്നു കൈകൂപ്പവേ,
നീലനേത്രാഞ്ചലാലോക വാത്സല്യക-
ല്ലോലനിൎല്ലീനമായ് കണ്ടു കൊല്ലം പുരം. 53

ആറാകം സൈനികന്മാരടിച്ചും, "ജയ"
ധ്വാനഘോഷം ജനംകൂട്ടിയും, നിസ്തുലം
ആ നഭോമണ്ഡലം മാറെറാലിക്കൊള്ളവേ
സാനുജാതാലികം വണ്ടിയേറീ നൃപൻ. 54

ചൊല്ലെഴും പുഷ്പകം കപ്പമേകീടുമാ-
റുള്ളൊരാവാഹനത്തോടയോഘോടകം
മെല്ലെമെല്ലെപ്പുറപ്പെട്ടു; പെട്ടന്നതി-
ന്നുള്ള വേഗസ്വഭാവം വെളിപ്പെട്ടുതേ. 55

---

* ൧൦൮൮-മീനം ൨൧-ാംനു

"ഘല്യംഘല്യ"മെന്നൽഗമൽ കൃഷ്ണധൂമോൽകരം
പൊങ്ങവേ, പിൻപുറത്തേയ്ക്കു ചാഞ്ഞഞ്ചെസാ
തിങ്ങിയും, ചൂളമിട്ടും ക്ഷണം പാഞ്ഞതിൽ
തങ്ങളും കൂടെയെന്നോർത്തു നിന്നു ജനം. 56

തങ്ങളിൽ പ്രീതിവാത്സല്യമേറും നൃപൻ
തങ്കലപ്പിച്ചതാമന്തരാത്മാവൊട്ടും
തിങ്ങിനില്ക്കും ജനം പ്രജ്ഞയുണ്ടാകവേ
മംഗളാശിസ്സോടേ പിൻതിരിഞ്ഞീടിനാർ. 57

വണ്ടിനില്ക്കുന്നിടത്തൊക്കെയും, പാരമൽ-
കണ്ഠയോടും ജനംകൂടി വഞ്ചീന്ദ്രനേ
കണ്ടുവന്ദിച്ചു തൽ തൃക്കടക്കണ്ണിലും-
ക്കൊണ്ട കാരുണ്യവഷാർദ്രരായീടിനാർ. 58

പരിപൂർണ്ണസുഖം തിരിച്ചു ധാത്രി-
വരനും തമ്പിയുമമ്മയും സ്വസാവും
വരുവാൻ സതതം ജഗൽപിതാവിൻ-
കരുണയ്ക്കായ് ജനമൊന്നുപോൽ ഭജിച്ചു. 59

൨൯-ാം സർഗ്ഗം.

ചെങ്കോട്ടവിട്ടളവു, തൻ പരദൈവപാദ-
പങ്കേരുഹസ്മരണയോടു കരങ്ങൾ കൂപ്പി
ചങ്കുറമുള്ള നൃവരൻ സ്മൃതകങ്കണാർദ്രം
കൺകൊണ്ടു നോക്കി നിജഭൂമിയെ നിർന്നിമേഷം. 1

എന്നാൽ ക്ഷണേന ശകടം, മരുഭൂമിപോലെ
തോന്നുന്ന പാണ്ടിയിലിറങ്ങിയിരച്ചുപാഞ്ഞു
ചെന്നെത്തിയാ ത്രിപുരസുന്ദരി നൃത്തമാടി
നിന്നീടുമത്ഭുതമെഴും മധുരാപുരത്തിൽ. 2

സോൽകണ്ഠമത്രമലയാളികളും സ്ഥലത്തേ
മുഖ്യസ്ഥരും വളരെയങ്ങനെ നോക്കിനിന്നു
ചൊല്ലുണ്ട ധമ്മധരണീപതി വന്ന വണ്ടി
നില്ക്കുമ്പൊഴേയ്ക്കരികിലെത്തി നമിച്ചു ഭക്ത്യാ· 3

സൌരഭ്യമുള്ള സുമനിമ്മിതമായ ചാരു-
ഹാരങ്ങളേ മധുരമുള്ള ഫലങ്ങളോടും
ആ രാജഭക്തിവഴിയും വിനയാനതന്മാ-
രാരാധനീയനരപാലനു കാഴ്ചവച്ചു. 4

സ്മേരാനനൻ, മധുരവാക്കുപറഞ്ഞൊരല്പ-
നേരംകഴിഞ്ഞിട്ടുമിടയ്ക്കു തിരിച്ചു വണ്ടി
ചാരത്തണഞ്ഞ നെടുതാം ത്രിശിരഃപുര * ത്തെ
ദൂരത്തിലാക്കിയതിവേഗമൊടോടി നീളെ 5

ആക്കോണമല്ല, തിരുവഞ്ചിനൃപാവലോക?–
മാക്കോണമെന്നവിടമെത്തിയ വണ്ടിയിന്മേൽ
നോക്കുന്നു തിക്കി ബഹുലോകരവക്കു മുമ്പു
നില്ക്കുന്ന മുഖ്യരെ നമുക്കറിയേണമല്ലോ 6

കൊല്ലംകോട്ടമരുന്ന നമ്പിടിമഹാൻ, മദ്രാസുമേല്ക്കോർട്ടിലേ
ച്ചൊല്ലേറുന്നൊരു ജഡ്ജിയായ് പരിലസിച്ചിട്ടുള്ളപണ്ടാലയും
ഉല്ലാസത്തൊടു കണ്ടു വഞ്ചിപതിയേ വന്ദിച്ചു, തത്രത്യരാ–
മെല്ലാരോടുമകംകുളത്തു; വിജയാശിസ്സോടെഴുന്നെള്ളിനാൻ 7

അപ്പോൾ ബോമ്പയിലേക്കുപോകുമിതരം തീവണ്ടിരാജോചിതം
ശില്പാലംകരണാഢ്യമത്ര, പരിവാരോപേതനാം ഭൂപനേ
താല്പര്യത്തൊടു സല്ക്കരിച്ചു വിജയാരാവം മുഴക്കി ജനം;
ക്ഷിപ്രം വണ്ടിയിരച്ചുരുകിയിളകിപ്പാഞ്ഞൂ പെരുമ്പാമ്പുപോൽ 8

ലണ്ഡൻപട്ടണമെപ്രകാരമുലകത്തിന്നൊക്കെയും മുഖ്യമി-
ന്നിൻഡ്യക്കങ്ങിനെയുള്ള വമ്പുകലരും ബമ്പാപുരേ ശോഭനേ
വണ്ടി സ്റ്റേഷനിലെത്തി നിന്നു മലയാളിപ്രൌഢരൊത്തന്യരും
കണ്ടൂ കൂപ്പുകരങ്ങളോടു; മെതിരേററ,മ്പോടെഴുന്നള്ളവേ 9

* തൃശ്ശിനാപ്പള്ളി.

തത്രാത്യുജ്ജ്വലമായ സൌധമെഴുന്നെള്ളിപ്പാൾവാൻ തക്കപോൽ
പ്രത്യേകിച്ചു തയാറുചെയ്തതിലെഴുന്നെള്ളി സഹാഡംബരം
യാത്രാക്ലേശമൊഴിച്ചു മൂന്നുദിവസം പക്ഷേ, മുഖംകാട്ടുവാ-
നെത്തിക്കൂടിയയോഗ്യരെത്ര! സതതം സംഭാഷണത്തിൽ ശ്രമം 10

ബമ്പായിക്കധിനാഥനായഗവർണർ ഫ്രെഡ്രിക്കുസൈക്സാംമഹാൻ
സംപൂർണ്ണാദരപൂർവ്വകം നിജവിശാലൌദ്യോഗികേ മന്ദിരേ,
സമ്പാദിച്ചവിശേഷവസ്തുവിഭവാഢ്യം "ചായസൽക്കാരമ-
ന്നമ്പോടേ തിരുമേനിമാൾക്കുചിതമാംവണ്ണം നടത്തിടിനാൻ 11

വാണിജ്യം, വ്യവസായ,മെന്നിവ തുലോം വമ്പിച്ചൊരാപ്പട്ടണം
കാണാനെത്രമനോഹരം! വിവിധഭാഷാവേഷലോകാശ്രിതം
ക്ഷോണീമണ്ഡലലഭ്യസർവ്വവിഭവാപൂർണ്ണാതിരമ്യാപണ-
ശ്രേണീസൌധവിശാലമാർഗ്ഗബഹുലം ശ്രീലാസ്യരംഗസ്ഥലം 12

ചൊല്ലൊണ്ടുമാനഗരവാസിജനാഗ്രഗണ്യ-
രല്ലേതരാദരമണഞ്ഞു നൃപോപകണ്ഠേ
കപ്പൽപ്രയാണസമയം നവപുഷ്പഹാര-
മർപ്പിച്ചു കൂപ്പി വിജയാർത്ഥന ചെയ്തു വീണ്ടും 13

ആവാത്സല്യാഗാരമാതാവടൊപ്പം
ശ്രീവഞ്ചീശൻ, സാനുജാതാനുജന്മാ-
രാവശ്യത്തിന്നുള്ള ഭൃത്യാദ്യരോടും
"റാവൽപിണ്ടി"ക്കപ്പലേറീ സമോദം 14

നീരാട്ടിനുള്ളജലമുള്ളറയൊ,ന്നിരിപ്പാൻ
വേറൊന്നു,റക്കറ, വിശേഷതരത്തിലന്യം
ചേരുന്ന പള്ളിയിടമൊന്നഥ തമ്പുരാട്ടി-
മാരൊത്തിരിപ്പതിനുമിങ്ങനെതന്നെവേറെ 15

ഏവം തനിക്കുമനുജന്മതേവിധത്തി-
ലാവാസയോഗ്യമനുജാജനയിത്രിമാൾക്കും
ആവശ്യമുള്ളിടമെടുത്തു നിജാധികാരം
ശ്രീവഞ്ചിവാസവനതിൽ സുഖമായ് നടത്തി 16

ആക്കപ്പലിന്നു പതിനേഴുസഹസ്രഭാര-
മുൾക്കൊള്ളുവാൻ കഴിയു;മത്ര വലിപ്പമുണ്ട്
നോക്കുമ്പൊഴീയുരു ജലോപരിസഞ്ചരിക്ക-
ത്തക്കോരുശില്പമിയലും ചെറുപട്ടണംപോൽ 17

പാന്ഥർക്കുവേണ്ട പലമാതിരി വാസഗേഹം
ഗ്രന്ഥാലയങ്ങളൊടു വിശ്രമശാലയുണ്ടു
നീന്തിക്കളിപ്പതിനുതക്ക കുളം, സിനീമാ-
പ്പന്തൽപ്രദേശമതുപോലെ തപാലുമുണ്ട് 18

കമ്പിത്തപാലിവിടെയുള്ളതിനില്ല കമ്പി
സംപ്രാപ്തമാമിവിടെ വാൎത്തകളേതുമെന്നും
അംഭോധിമദ്ധ്യമതിലും ശരിയിട്ടുകേൾക്കാ-
മമ്പാൎന്നഗാന;മതുപോലെ സുഖപ്രസംഗം 19

പ്രത്യേകമായ് പല മഹാനസമുണ്ടു, ജാതി-
വ്യത്യാസമുള്ള ജനതയ്ക്കുപയോഗയോഗ്യം
മൊത്തത്തിലുള്ള വലുതായിട്ടുമൂട്ടുശാല-
യുള്ളോത്തൊരട്ടുക്കളെയുമുണ്ടു വിശാലമായി 20

രോഗാതുരൎക്കു ശയനത്തിനു യോഗ്യമായ
ഭാഗങ്ങളുണ്ടു പരിചാരകരോടുകൂടി
ഏകത്ര ഡാക്ടരഗദാദിസമേതനുണ്ടു
ലോകത്തിലുള്ള വിഭവങ്ങളസംഖ്യമുണ്ടു 21

'സുഗ്രീവശാസന'മിതിന്നധികാരിമാരി-
ലഗ്ര്യൻനടത്തുമതിനില്ലൊരുതെല്ലു ഭംഗം.
വ്യഗ്രിച്ചിടാതെ, ഘടികാരസമം സ്വഭൃത്യ-
വൎഗ്ഗം പ്രവൃത്തിയതിജാഗ്രതയോടു ചെയ്യും 22

കപ്പല്ക്കകം ശുചിവരുത്തി മനോജ്ഞമാക്കു-
മപ്പോലെ ഭൃത്യജനവും ശുചിയായിരിക്കും
എപ്പോഴുമെത്രവിനയാന്വിതരായിനില്ക്കു-
മേല്പ്പെട്ടിടാപരനു നീരസമുള്ളതിങ്കൽ 23

അന്തർന്നിവിഷ്ടനൃവരാദി മഹാശയന്മാർ
സന്തുഷ്ടരായ് നിജനിജം പദമാർന്നനേരം
യന്ത്രാംകുരങ്ങി,യുരുവൊന്നിളകി, ക്രമേണ
പൊന്തുന്ന ധൂമപടലത്തൊടു പാച്ചിലായി 24

ഓടുന്നകപ്പലിനതിൻ ഗതിവേഗമൊന്നു
കൂട്ടുംവിധം പിറകിലൂക്കൊടൊഴുക്കുകുത്തി-
ചാടിഗ്ഗമിച്ചു തിരമാലമുറിച്ചുശീഘ്ര-
മാടോപമോടുമതു പശ്ചിമദിക്കുനോക്കി 25

കാണായി പൂർവ്വതടസീമയൊരോട്ടമോടി
ത്താനേ മറഞ്ഞു കളയുന്നതനന്തവേഗം
ക്ഷോണീപ്രദേശ മൊരിടത്തിലുമില്ല; പക്ഷി
ശ്രേണിവിഹീന മിതൊരണ്ഡകടാഹവൃത്തം. 26

ഗംഭീരമായ് ത്തിരയടിച്ചുരുവിട്ടിളക്കു
മംഭോധിയിൽ പ്രതിഫലിച്ചതുഃപോലെ തോന്നും
മുൻഭാഗമായുപരി വർത്തുളഭാനുബിംബ-
സമ്പന്നമംബരതലം പുരുനീലശോഭം. 27

ആഴിപ്പരപ്പിലുരുവിൻ ഗതിവേഗലക്ഷ്യം
താഴത്തൊഴുക്കെതിരെയെന്നൊരു തോന്നലത്രെ
ഊഴിപ്രദേശരഹിതം വിതതം സമുദ്രം
ചൂഴെക്കിടക്കെയുരുവിൻ ഗതിയെന്തുസാരം? 28

അക്കന്നു നേക്കടനടുക്കുവതിന്നു കപ്പ-
ലൂക്കോടുപാഞ്ഞളവകന്നു ചുകന്നബിംബം
നില്ക്കുന്നവട്ടമതിനേറി വരുന്നു; ശീഘ്രം
പൊക്കത്തിൽനിന്നു മതിറങ്ങി വരുന്നതല്ലീ? 29

അല്ലല്ല ദൂരെയതുമാറിയിരുണ്ടതായ
കല്ലോലമാല യിലിറങ്ങുകയോ ക്രമേണ?
വല്ലാത്തതീവ്രകരനെങ്കിലുമിപ്പൊഴത്രേ
നല്ലോരുരാഗകരനി യുലകത്തിലക്കൻ. 30

കപ്പൽചൊരുക്ക പിടിപെട്ടു മനംമറിഞ്ഞു
കെല്പില്ല തെല്ല തലപൊക്കുവതിന്നുപോലും
അപ്പോളെയുള്ള ചിലരും തലപൊക്കിനോക്കി
മുൽപാട്ടു മുങ്ങുവതു കുങ്കുമവർണ്ണബിംബം. 31

പ്രദ്യോതനൻ തിരയിലാണ്ടു; ജഗത്തിരുണ്ടു;
സദ്യോ നഭസ്സിലുഡുപങ്ക്തി മയൂഖചിന്തി;
ഖദ്യോതകാന്തിതരുമോ ബഹുകോടിതാരം?
വിദ്യുൽപ്രകാശ മുരുവിന്നിരുളൊക്കെനീക്കി. 32

സ്വന്തം പാചകരാൽ സമർത്ഥതരമായ്പ്പാകപ്പെടുത്തപ്പെടും
സംതൃപ്തിപ്രദസാത്വ്യസസ്യവിഭവാദ്യാഹാരപേയങ്ങളാൽ
സന്തോഷേണ നടത്തിക്രുടിയമൃതേത്താ ക്ലിപ്തകാലത്തു ത-
ന്നന്തസ്സും കുലവൃത്തിയും കടുകിടെബ്ഭേദംവരുത്താ നൃപൻ. 33

ഓരോദിക്കിലിരുന്ന ഭാരതകവി പ്രൗഢപ്രണീതങ്ങളായ്
സാരസ്യം ചൊരിയുന്നപാട്ടു വിരുതന്മാർ പാടിയെന്നാലുടൻ
നേരേകപ്പലിലുള്ളവർക്ക് മതിനേക്കേറ്റംക്കാമിതിൽതല്പര
ന്മാരായിത്തിരുമേനിമാരനുദിനം കാണപ്പെടുന്നു സുഖം 34

എന്നാലെത്രവിനോദമെങ്കിലുമിരുന്നീടട്ടെ, ശയ്യാതലം
തന്നിൽ പള്ളിയുറക്ക മൊമ്പതു മണിക്കാരാത്രികാലങ്ങളിൽ
എന്നുംചെയ്തുവരുന്ന രാജകുല, മാരീതിക്കു ഭേദം വരാ
മന്നൻതൻ ഘടികാരസൂചിസദൃശം കൃത്യം നടത്തും മഹാൻ 35

കാലത്തെണീററു കൃതശൗചവിധി, പ്രഭാത
വേലാവിനോദ മുരുചുററി നടന്നിടുമ്പോൾ
ആലോകനത്തിനിടയാം പല മാന്യരോടും
കാലോചിതം കുശല വാക്യ മുരച്ചിടുന്നു. 36

"യൂറെ"ന്ന സായ്പു യുവമന്നവനെ പ്പഠിത്ത-
ക്കാര്യത്തിലേക്കുപവൃതാശയനാക്കിടുമ്പോൾ
പാരായണോത്സുകനൃപൻ പലപുസ്തകത്തിൻ
സാരം ഗ്രഹിക്കുമതിനില്ല വികല്പമല്പം. 37

വമ്പാൎന്ന വഞ്ചിവസുധാപതി കമ്പിയില്ലാ-
ക്കമ്പിത്തപാൽവഴി വരും നിജരാജ്യകാൎയ്യം
അമ്പോടറിഞ്ഞുചിതകല്പനയും കൊടുത്തു
സമ്പൂൎണ്ണമോദമെഴനെള്ളിയിരുന്നിടുന്നു. 38

മൂന്നായി നാളിതുവരെക്കരകണ്ടിടാതെ
തന്നേ മഹോദധിയിലോടിയ കപ്പലിൻമേൽ
ഉന്നമ്രലോചനജനം ശകുനത്തെ നോക്കി
നിന്നെത്രയും കുതുകശാലികളായ്ഭവിച്ചു 39

ദൂരത്തിലുള്ളതുകളേ വിശദപ്പെടുത്തി
ച്ചാരത്തു കാട്ടുവതിനായ് ചില ചില്ലുവച്ചു
ചാരുത്വമുള്ളകുഴലൊന്നിനകത്തു കണ്ണ-
ധാരൻെറ ദൃഷ്ടിപതികെക്കരകണ്ടുദൂരെ. 40

എല്ലാടവും തെളുതെളെന്നു മരീചികാഭ
യല്ലാതെ പച്ചനിറമില്ല, കരസ്ഥലത്തിൽ
വല്ലാത്തതായ മരുഭൂമി"യറേബിയാ"യി
തെല്ലോ "മഹമ്മദുനിബി"പ്രഭവപ്രശസ്തം. 41

കുന്നും മണൽപ്പുറവുമേറിയ ഭൂമി കാണ്മാൻ
കണ്ണോടിയെന്തിനതു ഗോചരമായ്ക്കഴിഞ്ഞു
അന്നേരമൊത്തു ജനമാക്കപ്പററിയെന്നു
വന്നോരുകൌതുക നിമജ്ജനമാശ്ശുചെയ്തു. 42

പൊക്കത്തിലുള്ള ബലമേറിയ കോട്ടകെട്ടി
ത്തോക്കംനിരത്തിയതിലെപ്പല കൊത്തളത്തിൽ
ഊക്കുള്ളസൈന്യനിവഹം പരിരക്ഷചെയ്യു
മാക്കണ്ട"ഏഡ"ന്നിതു പാറനിറഞ്ഞദേശം. 43

ബ്രിട്ടന്നധീനമിതു കൽക്കരി കേററുവാനായ്
മുട്ടാതെകണ്ടുരുവടുത്തു വരുന്നകേന്ദ്രം
ഒട്ടല്ല കച്ചവടമുള്ളതുമീ സ്ഥലത്തു
പെട്ടെന്നടുത്തു തിരുമേനികളുള്ള കപ്പൽ. 44

ഉല്ലാസമോടു തിരുമേനികളങ്ങിറങ്ങി
ച്ചെല്ലുമ്പൊഴേയ്ക്കുമെതിരേററു യഥാനുരൂപം
ചൊല്ലാനൊന്നാരാംഗല മഹീശ്വര ശാസനത്തി
ലുള്ളാസ്ഥലത്തിനധികാരികളിൽ ദ്വിതീയൻ. 45

സൽക്കാരപൂർവ്വമഥ കാറുകളിൽ കരേറി
ട്ടിക്കൊന്നു ചുററി, കര, പാരണപോലെ കണ്ടു
തൃക്കൺകുളുത്ത തിരുമേനികളാസ്സവാരി
യാക്കപ്പലിൻെറ സമയംവരെയും തുടൎന്നു. 46

യാമദ്വയം കഴിയവേ കണിശം ക്ഷണത്തിൽ
ധൂമം വമിച്ചു കുഴലൂതിയ കപ്പലിന്മേൽ
ഭൂമീന്ദ്രമുഖ്യരഖിലം കരയേറി,വീണ്ടും
സാമുദ്രയാത്ര സുഖമായ് തുടരുന്നു നൌകം. 47

നേരിട്ടു "കൺകണകവാട"മിതി പ്രസിദ്ധി
ചേരുന്നതാം കടലിടുക്കു കടന്നു ശീഘ്രം
തീരോക്ഷ്മളാനിലവിലോളിതമായി നീള
മേറുന്ന ചെങ്കടലിനേയുഴവാൻതുടങ്ങി. 48

തങ്കത്തിനാൽ തകിടടിച്ചുവളന്നവൃത്ത
സങ്കാശമാക്കിയതിനൊത്ത ദിനേശബിംബം
ചെങ്കുങ്കുമച്ചുവി ചൊരിഞ്ഞതരംഗമാലാ-
സങ്കീൎണ്ണമാം കടലു ചെങ്കടലായി സാൎത്ഥം. 49

മക്കത്തു ഹജ്ജിനു ജനങ്ങളിറങ്ങിടുന്ന
മുഖ്യങ്ങളാം തുറമുഖങ്ങളതിക്രമിച്ചു
നില്ക്കാതെ മൂന്നുദിവസം നെടുനീളെ വേഗ
മക്കപ്പലോടി കടലിൽ, കരയോടടുപ്പാൻ. 50

"ഇസ്രായലെ"ന്നു പുകഴുന്ന ജനങ്ങളൊത്തു
"മിസ്രെം"വെടിഞ്ഞുവരവേ വഴി നൽകുവാനായ്
ഈസ്സിസ്ഥവാരിയിടവിട്ടു കിളൎന്നു നിന്നു
തൽസന്നിധൌ രിപുവണഞ്ഞു; നിരന്നുവെള്ളം. 51

ഏവം വിരോധികളെ മുക്കിയൊടുക്കിയെന്നു
കേൾവിപ്പെട്ടുന്ന, കടലിൻ നികടത്തിലല്ലോ
ഈശൻ സ്വകല്പനകരാംഗുല രേഖയാക്കി
"മോശ"യ്ക്കു കല്പലകനൽകിയ തുംഗശൈലം. 52

കാണായി കാർമുകിലുമാല മുടിക്കണിഞ്ഞ
"സീനായി"മോശയുടെ താദൃശകീർത്തികേന്ദ്രം
പീനോന്നതാദ്രിയിതിലാർദ്രതയാ "യഹോവാ"
ക്ഷോണീതലത്രിദിവ ബന്ധമിയററിപോലും. 53

ഭാരംവഹിച്ചു നെടുതായകഴുത്തുയർത്തി
ദൂരെ ക്രമേളഗണമങ്ങനെ സഞ്ചരിക്കും
തീരപ്രദേശമരുഭ്രൂ മൃഗതൃഷ്ണ നീണ്ട
വാരാശിപോലലയടിച്ചകലത്തു കണ്ടു. 54

പൂക്കാതെകായ്ക്കു മതിമോഹന മത്തിനീളെ
നില്ക്കുന്നിടം തടന്ന താലവനപ്രദേശം
പൊക്കത്തിലുള്ള പല ചൈത്യമിതൊക്കെയൊന്നു
നോക്കിത്തിരിച്ചറിക ദുർഘടം; മോടി കപ്പൽ. 55

പായുന്ന കപ്പലിതുപോൽ പല കാഴ്ചകണ്ടു
സൂയസ്സുതോട്ടിനുടെ പൂർവ്വമുഖത്തിലെത്തി
ആയാമ,മേറുമിതുപുക്കെഴമൂന്നുകാതം
പോയാലിതിൻെറ മറുഭാഗസമുദ്രമായി 56

"ശോണാബ്ധി" "മദ്ധ്യധരണീ" ജലരാശിതമ്മി-
ലീ നീണ്ട തോടിനുടെ സംഘടനം നിമിത്തം
ഘൂർണക്ഷമാഭരതരാജ്യമിവയ്ക്കു നൌകാ
യാനം കുറുക്കുവഴിയേ സുഖസാദ്ധ്യമായി. 57

പണ്ടാബ്ഭഗീരഥപിതാമഹരെന്നപോലെ-
യുണ്ടാക്കി തോടു ഘനകാര്യ്യപരന്തരീസൻ
വേണ്ടുന്നതായ ബഹുകോടി സുവർണ്ണനാണ്യം
കൊണ്ടീവകയ്ക്കു തുണ കമ്പനിയൊന്നുചെയ്തു 58

ആക്കമ്പെനിക്കഖിലരാജ്യവുമോഹരിക്കു-
തിക്കി,ത്തിരക്കി,യതിലാംഗലരഗ്ര്യരായി
ഇക്കാലമായതതിലാഭകരം കിഴക്കൻ
ദിക്കിൻെറ പൂട്ടു,മിതുതന്നെ സമുദ്രമാർഗ്ഗേ 59

ആപ്പേർഡിനൻഡു് ഖനകൻ പ്രതിമാച്ഛലേന
നില്പുണ്ടു തൻെറ പണി കേടുവരാതെ നോക്കി
ഇപ്പോളൊരാണ്ടിനിടയിൽ പതിനായിരത്തിൽ
മേല്പെട്ടു കപ്പലുകളീവഴി വന്നു പോകും. 60

ചുങ്കംപിരിച്ചു വലുതായ ധനം മുറയ്ക്കു
പങ്കിട്ടു കമ്പനിയിലോഹരികാർക്കു നൽകി
കെങ്കേമമായിതുഭരിച്ചു വരുന്നതായ
വൻകമ്പനിക്കു തലകുമ്പിടുമാരുമോർത്താൽ. 61

മന്ദം മഹീന്ദ്രകുലഗർഭിതമായ കപ്പൽ
ചെന്നെത്തി പശ്ചിമമുഖത്തു മഹാബ്ധിയിങ്കൽ
എന്നാൽ തദീയനികടത്തിലെജിപ്തുസുൽത്താൻ
തന്നാജ്ഞയിൽ തുറമുഖത്തിലടുത്തിടേണം. 62

“സെയ്യുദ്ദു” പോർട്ടിലുരുചേർന്ന തപാലിറക്കി-
ച്ചെയ്യപ്പെടുന്നു പരിശോധന; ഭൂപനപ്പോൾ
പോയിക്കഴിഞ്ഞു നാഗരാനഗരസ്ഥലസ്ഥ-
രായുള്ള ലോകരുടെ ജീവിത രീതികാണ്മാൻ 63

ലോകോത്ഭവത്തിനൊടടുത്തു ജഗൽപ്രസിദ്ധ-
രാകാൻ കഴിഞ്ഞവരെജിപ്തുജനങ്ങളെന്നാൽ
ആകല്പമെങ്ങു നിലനില്പതു? കാലചക്ര-
മേകത്ര നിർത്തിടുകയില്ല വലിപ്പമാക്കും. 64

ശില്പപ്രധാനകല തത്ര പുരാതനന്മാർ-
ക്കല്പേതരാത്ഭുതകരം വശമെന്നു കാണ്മാൻ
ഇപ്പോഴുമുണ്ടു പല ചൈത്യ മഹാഗൃഹങ്ങ-
ളാപ്പാർത്തലത്തു ഗഗനംകഷതുംഗചൂഡം 65

യാമദ്വയത്തിനിടയിൽ പലതും ഗ്രഹിച്ചു-
ഭൂമീപുരന്ദരപുരസ്സരമാളുകേറി
ആമാന്ത്യവാഹനമിളക്കിയിരുമ്പുപൊക്കി-
സ്സാമാന്യവേഗമൊടു സഞ്ചരണം തുടങ്ങി 66

തിക്കണ്ണുപോൽ കൊടിയ മാർഗ്ഗണ ദീപശോഭ
മൂക്കൻ ബൃഹന്നളിക വർത്തുള രന്ധ്രകാന്തം
പോക്കപ്പലിൻെറ കൊടിമേൽ കുടികൊണ്ടസിംഹം
കാക്കുന്ന മദ്ധ്യധരണിക്കടലെത്രശാന്തം 67

ആകാരഭൈരവമഹായതയുദ്ധ നൌകാ-
പ്രാകാരപാലിത പയോധിപരീത"മാൾട്ടാ"
ഏകാതപത്രമുദധിക്കു വഹിച്ചിട്ടുമ്പോ-
ളാകാവതല്ല കടലിൽ കലഹത്തിനാർക്കും 68

തെക്കോട്ടു നീട്ടിയൊരു കാലു കണക്കു നീണ്ടു
നില്ക്കുന്നൊരിററലി ചവിട്ടുകിലേററിടാതെ
കാക്കപ്പെട്ടും സിസിലി ഹന്ത! മലംപിശാചു
പൊക്കത്തിലഗ്നി ചിതറുന്നിടമാണപണ്ടേ 69

ദ്വീപാശ്രിതം കടലിടുക്കു കടന്നു നേരേ
പ്രാപിച്ചു, കപ്പലഥ രണ്ടു തുരുത്തുമദ്ധ്യേ
യൂറോപ്യഭ്രമണ ഭാർഗ്ഗവരാമനായ
വീരൻ പിറന്നൊരു തുരുത്തിതിലൊന്നു മുന്നം 70

തത്താദൃഗുജ്ജ്വലമഹാഭടജന്മദേശ-
മാത്താദരത്തൊടു വണങ്ങി ജനങ്ങളെന്നും
വാഴ്ത്തുന്നു; കീർത്തി നിലനിർത്തുമവൻെറ ജന്മം
പാർത്തട്ടിനും പ്രബലമാമഭിമാനഹേതു. 71

ഓരോജനങ്ങളുരുവിൽ പലതും നിനച്ചു
നേരം നയിച്ചളവുമങ്ങിനെ കർണ്ണധാരൻ
വാരാശിയിൽ സുഗമവീഥിപിടിച്ചു പായി-
ച്ചാരാജവാഹനമണഞ്ഞിതു "മാർസെയിത്സി"ൽ 72

യൂറോപ്പിലാദ്യമടിവച്ചു വരിഷ്ഠചിത്രാ
താരോത്ഭവൻ സുമതി വഞ്ചി വസുന്ധരേന്ദ്രൻ
ആരമ്യഹർമ്മ്യനിബിഡാപണജാലയന്ത്രാ-
ഗാരാരവാകലിത പട്ടണ ഭംഗി കണ്ടു 73

കാലസ്ഥിതിക്കനുസരിച്ചു, ധനാർജ്ജനത്തിൽ
ശീലിച്ചു സൌഖ്യരതരാം മുതലാളിമാരും
ജോലിത്തിരക്കിലിടപെട്ടു സദൈവ കൂലി
വേലക്കിറങ്ങുമവരും നഗരത്തിലേറും 74

തൻ മാതൃഭാഷയൊഴികെ പ്പരദേശഭാഷ
നമ്മത്തിനും പറകയില്ല പരന്തരേശൻ
ഇമ്മട്ടിലുള്ളൊരഭിമാനമവർക്കു പണ്ടേ
മേന്മയ്ക്കു കാരണമിതാദരണീയശീലം 75

ചെന്നന്നുതൊട്ടു നൃവരൻ വരസൌധമൊന്നി-
ലന്യൂനവിശ്രമമെടുത്തു സുഖിച്ചിരുന്നു
മൂന്നാംദിനം കടലടുത്തകരയ്ക്കു സൌഖ്യ-
കേന്ദ്രസ്ഥലത്തഴകെഴുന്നൊരു "നിസ്സി"ലെത്തി 76

ദ്രാക്ഷാലതാ ബഹുലമായ് പല നല്ല സസ്യ
വൃക്ഷാദികൊണ്ടു നിബിഡീകൃതമാം "റമ്പോറാ"
അക്ഷാമസൌഖ്യകരസുന്ദരമാം പ്രദേശ-
മീക്ഷ്മാമഹേന്ദ്രനു സുഖപ്രദമായ് ഭവിച്ചു 77

ലോകത്തിലുള്ള വിവിധം ജലജീവിവർഗ്ഗ-
മേകത്ര"നോഹ"യുടെ പെട്ടിയിലെന്നപോലെ
ആകർഷണീയതരമാംപടി ശേഖരിച്ച.
തേകൈകമായ് നൃപതി കണ്ടു കുതൂഹലേന 78

സൌരഭ്യനിർഭര മനോഹരമായ പുഷ്പം
ധാരാളമായ് പലതുമങ്ങിനെ സംഭരിച്ചു
ചാരായമെണ്ണ മുതലായവ കൊണ്ടു പുഷ്പ-
സാരങ്ങളേയപഹരിപ്പതു ചെന്നു കണ്ടു 79

ചാരായമാപ്പരിമളം കവരുന്നതായാൽ
ചോരൻ കവൎന്ന വിലയേറിയ തൊണ്ടിപോലെ
സാരജ്ഞരമ്പിനൊടു താപമിയററിടുമ്പോൾ
സൌരഭ്യമിങ്ങുതരുമേ കൃതബാഷ്പമദ്യം 80

ആവാസനദ്രവമതിൽ കലരുന്ന മദ്യ-
മാവിപ്പെട്ടുന്നതിനു തക്കൊരു ചൂടു ചെന്നാൽ
വൈവശ്യമേതുമണയാതെയിരിക്കുമല-
മീവേല ലാഭകരമായി വരുന്നതത്രെ. 81

പുത്തൻ സുമങ്ങളൊരു ശീലയിലിട്ടുകെട്ടി-
ത്താഴ്ത്തുന്നു ചൂടു കലരുന്നൊരു തൈലമദ്ധ്യേ
സത്തൊക്കെയെണ്ണ കവരുമ്പൊളെടുത്തു മാററു-
മിത്ഥം പുനഃപുനരിതേപണി ചെയ്തിടേണം. 82

ആവൎത്തനം പലതു ചെയ്തു കഴിഞ്ഞിടുമ്പോൾ
പൂവിൻെറ വാസന കലൎന്നു വരുന്നു തൈലം
ഈ വിദ്യകൊണ്ടു വലുതാം വ്യവസായമല്ലോ
ചെയ്യാനവൎക്കു കഴിയുന്നതു നാളുതോറും 83

പൂവിന്നു നല്ലവിലകിട്ടുക കാരണത്താ-
ലാവശ്യമുള്ള പല പൂച്ചെടി വച്ചു നാട്ടിൽ
പാവങ്ങളും ദിവസവൃത്തി കഴിച്ചുപോരു-
മേവം പ്രയോജനകരം വ്യവസായശാല. 84

അഞ്ഞൂറുവത്സരമിരുന്നു കഴിഞ്ഞ തൈലം
സഞ്ജാതമാക്കി നവപുഷ്പമനോജ്ഞഗന്ധം
വ്യഞ്ജിച്ചിടുന്നു നിജ സൽഗ്ഗുണമേവ സത്തിൽ-
ചീഞ്ഞിട്ടു നാറുമതു ചീത്തയിലേ സ്വഭാവം. 85

തത്താദൃശം, സുരഭിലദ്രവതൈലമുഖ്യ-
വസ്തുക്കളേയുലകിലാസകലം പരത്തി
വിത്തേശരായ് വിലസുമീവ്യവസായശാലാ
കൎത്താക്കളീത്തൊഴിലിലീലേയ്യൂതിവാസനക്കാർ. 86

വാരാശിജന്തുകുലസൃഷ്ടിവിചിത്രരീതി
നേരിട്ടുകാട്ടി വിലപെററപുരം "മൊണോക്കോ"
ശ്രീരാമവമ്മനൃപനും സഹചാരികൾക്കും
നേരററ, കാഴ്ചയിതുവച്ചഭിമാനമാർന്നു. 8

തെക്കുദിഷ്ഠലോഗ്രസഹരാമരുഭൂമിവിട്ടു
ചിക്കെന്നു വന്നു കടലിൽ കുളിയും കഴിച്ചു
പൂക്കൾക്കെഴും പരിമളത്തെ വഹിച്ചടിക്കു-
മാക്കാററു മന്ദമലയാനിലനാപ്രദേശേ. 88

ഓരോവിശേഷമിതുപോലെ മുറയ്ക്കു കണ്ടു-
തീരുമ്പൊഴേയ്ക്കു ദിവസങ്ങളൊരേഴുപോയി
ആരോഗ്യകേന്ദ്രമതുമല്ല മനോജ്ഞമാകു-
മാരാമമെങ്കിലു മിനിത്തുടരുന്നു യാത്ര 89

യൂറോപ്പിലേ പ്രബല പൂവികചക്രവത്തി-
മാരാൽ സ്വതന്ത്രഭരണം കൃതമായ രാജ്യം
പേരാന്നൊരോസ്ട്രിയയിലേ നഗരാഗ്ര്യമെത്തി-
ച്ചേരുന്നതിന്നു നൃവരൻ ശകടത്തിലേറി. 90

"കാർപ്പീതിയൻ"മലക "ളാൽപ്സ്" തുടങ്ങിയുള്ള
ചൊല്ലൊങ്ങിടും ഗിരിനിരയ്ക്കു മുകൾപ്പരപ്പിൽ
ആപ്പാത്തലം വിപുലമത്ര കൃഷിപ്രവൃത്തി-
ക്കേപ്പെട്ട ലോകരധികം കുടികൊണ്ടിരിപ്പൂ. 91

അന്യൂനമായ് കടലിൽനിന്നിഹ കപ്പലോടി
വന്നീടുവാൻ വിഷമമററു മഗാധമായും
"ഡാന്യൂബി"തി പ്രഥിതവാഹിനി പാഞ്ഞു തീരം
ധാന്യാകരപ്രകൃതിസുന്ദരമാക്കിടുന്നു. 92

ശ്രേയോഭിവൃദ്ധികരമിത്തടിനീതടത്തിൽ
പായുന്ന ധൂമശകടത്തിനു കേന്ദ്രമായി
"വിയെന്ന"യെന്നനഗരം വിലസുന്നു നിത്യ-
മായുള്ള കച്ചവടമെച്ചമിയന്നു മുഖ്യം. 93

പട്ടാംബരാഭരണയന്ത്രവിശേഷശില്പ-
മൊട്ടല്ല നല്ല കളിമൺപണിയും വിചിത്രം
കൊട്ടാരഗോപുരമനോഹരസൌധഭംഗി
ക്കൂട്ടുന്നു ദീർഘതരവിസ്തൃത രാജവീഥി. 94

ആപ്പട്ടണം സുഖനിവാസഗൃഹാഭിരാമ-
മിപ്പോൾ സ്വതന്ത്രജനതാ ഭരണപ്രശസ്തം
പാർപ്പുണ്ടു ചേർന്നു ധനി നിർദ്ധനമദ്ധ്യമന്മാ-
രുൾപ്പെട്ടലോകരിവിടെപ്പതിനെട്ടുലക്ഷം. 95

ശീതാതപങ്ങളിവിടെക്കഠിനം സ്വതന്ത്ര-
വാതപ്രയാണപഥരോധകമല്ല ശൈലം
ഏതെങ്കിലും, നൃവരനീ നഗരേ വരുമ്പോൾ
ശീതോഷ്ണരൂക്ഷത കുറഞ്ഞൊരു സൌഖ്യകാലം. 96

ആ രമ്യമായ നഗരത്തിലുയർന്ന സൌധ-
മീരാജതുംഗകുലമാത്മനിവാസമാക്കി
ആരാലുമാദരപുരസ്സരദർശനീയ-
ന്മാരായ് നിസർഗ്ഗഗുണപുഷ്കലരായിരുന്നു 97

സായാഹ്നവേളകളിലാപണവീഥി, മന്ദ-
മായിസ്സവാരിയെഴുന്നെള്ളിയടുത്തുകാണ്കെ
സ്വീയാധികാരപരിധിക്കകമെന്നു തോന്നി
പ്രായേണ കൃത്യശതലക്ഷജനാദരത്താൽ. 98

ക്രീഡാതടാക, ജലനിർജ്ഝരഗന്ധപുഷ്പ-
വാടീനികുഞ്ജപരിസേവിതരമ്യഹർമ്മ്യം
സാടോപമോസ്ട്രിയ മഹീതലചക്രവർത്തി-
പ്രൌഢക്കു പണ്ടു മധുമാസനിവാസയോഗ്യം. 99

ധാരാധരോപഗ സമുന്നതശൃംഗസൌധാ-
ഗാരം പുരാതന പരിഷ്കൃതചിത്രശില്പം
ആ രാജധാനിയതിലുള്ള മണിക്കിരീട-
ഹീരാദിയോടു,മവനീപതി ചെന്നുകണ്ടു. (യുഗ്മകം) 100

ആ ച്ചക്രവത്തികളുമമ്പൊട്ട മുട്ടുകുത്തി-
യച്ച്റിച്ച പുണ്യപുരുഷപ്രതിമാ സമേതം
അച്ഛന്നാവേദചരിതാദ്ഭുതചിത്രമെങ്ങും
വച്ചുച്ചമാൎന്നഴകെഴുന്നൊരു പള്ളികണ്ടു. 101

ചന്ദ്രപ്രഭം മിന്നമിന്നപ്പു കടുപ്പമോട്ടു
മൊന്നിച്ച സുന്ദരശിലാഫലകങ്ങളാലേ
നന്നായ്ചമച്ച രമണീയഗൃഹം ഗ്രഹിച്ചു
മന്നന്റെ കോമളകളേബരകാന്തി ഗാഢം. 102

ഔന്നത്യമേറി നിജ ശൌൎയ്യപരാക്രമത്താ-
ലന്യാവനീശ മകുടപ്രഭ കാലിലേറു
മന്നിൽ പ്രശസ്തി നിലനിൎത്തിയ ചക്രവൎത്തി-
വൃന്ദം മറഞ്ഞ മണിമന്ദിരരാജി കണ്ടു. 103

ശങ്കാവിഹീനമഥ വിസ്തൃതമാം വിമാന-
സങ്കേതസീമയിലണഞ്ഞളു കണ്ട നേരം
കൈങ്കൎയ്യഭാവമൊട്ടു ചെന്നു വണങ്ങി വഞ്ചി-
സംക്രന്ദനന്നു, സഹസൈവവിമാനസൂതൻ. 104

വൈമാനികന്റെ വിനയാന്വിത മൎത്ഥനത്തിൽ
ശ്രീമാൻ മഹീപതി കനിഞ്ഞു വിമാനമേറി
ആ മഞ്ജുവാഹന മുരുണ്ടു ചുഴന്നുയൎന്നു
ഭൂമീതലം ഝടുതി താഴ്ന്നുമകന്നുമോടി. 105

ക്രൂകിജ്ജവേന നിജപക്ഷമടിച്ചുപൊങ്ങി-
പ്പോകും വിമാനഗതികണ്ടു ഭയന്നപോലെ
ആകാശവൎത്തുളകടാഹമുടൻ വിശാല.
മാകുന്നു കാഴ്ചയകലത്തു പതിഞ്ഞിടുന്നു. 106

ആഴിയ്ക്കകത്തു വികസിച്ചൊരു താമരപ്പൂ-
താഴാതെ കണ്ടു പവനന്നു വിധിച്ച കോണിൽ
ഊഴിമണാളനതു ചൊല്ലെഴുമാംഗലേശൻ
വാഴുന്ന,വാട്ടമിയലാത്തിടമെന്നറിഞ്ഞു. 107

ആപ്പശ്ചിമാശവരയൻപുലിതന്റെ തോലി-
ന്നൊപ്പം കറുത്ത പല രേഖയിലുണ്ടു കാണ്മാൻ
ആൽപ്സെന്ന പർവ്വതമതിൻ പല ശാഖയോടു
മാപ്പാതലത്തുയരെനിൽക്കുവതാണു രേഖ. 108

അല്ലല്ല! പൊങ്ങിയവിടെച്ചില ഭാഗമുണ്ടു
ചെല്ലുന്നു ഹന്ത! ഗഗനത്തിൻ തുണുപോലെ
ചൊല്ലാന്നൊരാൽപ്സിനുടെ ശൃംഗഗണം തണുത്തി
ട്ടെല്ലായ്പ്പൊഴും തുഹിനവേഷ്ടി പുതച്ചു നിൽപൂ. 109

ആക്കാണു കൃഷ്ണതരരേഖ വനം വളൎന്നു
നില്ക്കുന്ന ഭാഗമതധിത്യകനിത്യനീലാ
നോക്കാം കിഴക്കവിടമാസകലം പരന്ന-
ങ്ങിക്കാണു പൂർവ്വഭുവി നീണ്ടൊരു പൊക്കമുണ്ടു്. 110

"യൂറൽ"ധരാധരനിരയ്ക്കടിവാരമായി
വാരാശിസീമവരെയുള്ള പരന്ന ഭൂമി
ചാരത്തു കണ്ടു രജതപ്രഭ തന്നുപോലെ
യാറൊക്കെയും തെളുതെളെന്നു തെളിഞ്ഞവെള്ളം. 111

ചുററിത്തിരിഞ്ഞഥ വിമാനമതിന്റെവേഗം
ചെറെറന്നൊതുക്കിയൊരുമാതിരി താഴ്ന്നുനിന്നു
ഏററം തെളിഞ്ഞു നഗരത്തിലെഴും വിശേഷ-
മൊററയ്ക്കുകണ്ടറിയുവാൻ കഴിയും പ്രകാരം 112

വിസ്താരമുള്ള നദി നീണ്ടു കിടന്നിടുന്നു
തത്തീരമാപണശതോന്നത സൌധപൂൎണ്ണം
തത്രൈവ വീഥികലരും തെരുവീഥി നീളെ
മർത്ത്യപ്രവാഹമിടതിങ്ങിയതെന്നു തോന്നും 113

സർവ്വത്ര "ഘുംഘു"മിതി കാർമുകിലെന്നപോലെ
ഗർവ്വത്തൊടേ പുക പുറത്തു വിടുന്നു യന്ത്രം
അർവ്വാക്‌പരിഷ്കൃതി ചുരുട്ടു വലിച്ചതിന്റെ
ദുർവ്വാടയുള്ള പുക തള്ളി വിടുന്നതല്ലേ? 114

ഓടുന്ന ധൂമശകടത്തൊടു പാഥവന്നു
കൂടുന്നിടങ്ങളിലുയൎന്ന വിശാലശാല
കൂടാതെ രാജസദനങ്ങളനേകപള്ളി-
ക്കൂടങ്ങളും വലിയ പള്ളികളും വിളങ്ങി. 115

സൌന്ദൎയ്യമുള്ള നഗരത്തെ മുഴുക്കെ നോക്കി-
ത്തന്നുള്ളിലായതു പതിഞ്ഞു യഥാനുരൂപം.
എന്നല്ലതന്റെ ധരണിക്കു തഥാ വിമാന-
കേന്ദ്രങ്ങളോടു ഘടനയ്ക്കു മുറച്ചു ചിത്തേ. 116

മന്ദം വിമാനമതു താഴെയിറങ്ങിയപ്പോൾ
മന്നൻ സുഖേന തിരികെസ്സദനത്തിലെത്തി
പിന്നെ ക്രമേണ ദിവസംപ്രതി ചെന്നു കണ്ടു
തന്നാട്ടുകാൎക്കുപകരിപ്പതിനൊത്തതെല്ലാം. 117

നിഷ്കൃഷ്ടയോടു കളിമൺവ്യവസായശാല
നോക്കിഗ്രഹിച്ചു ജയ സാധകബാധകങ്ങൾ
ഈശക്കൌശലം തൊഴിലുകൊണ്ടുപജീവനത്തിൻ
മാൎഗ്ഗം നിജാവനിയിലെന്നു നിനച്ചു ഭൂപൻ 118

ഓരോതരം കളികളിൽ കുതുകേന ബാല-
ന്മാരേ,യിണക്കി,യതുകൊണ്ടു മുറയ്ക്കുപാഠം
സാരജ്ഞരായ ഗുരുനാഥരവൎക്കു നൽകി-
പ്പോരുന്നരീതി നൃപതിക്കു പതിഞ്ഞു ചിത്തേ 119

തെണ്ടിത്തിരിഞ്ഞിടു മനാഥകുമാരകന്മാ-
ൎക്കുണ്ടാക്കിയോരു, വിലയേറിയ പാഠശാല
കണ്ടാൻ പഠിച്ചുകഴികെത്തൊഴിലും കൊടുത്തു-
കൊണ്ടായവൎക്കുപരിനന്മ വളൎപ്പതായി 120

ഇന്നോസ്ട്രിയക്കധിപനാം പ്രസിഡൻറുതന്നേ,
സന്ദേശപത്രികയച്ചു മുദാ ക്ഷണിച്ചു;
ഔന്നത്യമുള്ള നൃപനേ നിജ മന്ദിരത്തിൽ
മാന്യാതിഥിക്കുചിതമാംപടി സൽക്കരിച്ചു. 121

സാമ്രാജ്യമാസകലമുള്ള മഹാജനങ്ങൾ-
ക്കിമ്മട്ടു തങ്ങളുടെ നായകനായിരിപ്പാൻ
ചുമ്മാതെയുള്ളൊരുവനേ നിയമിക്കയുണ്ടോ?
മേന്മയ്ക്കുതക്ക ഗുണമുള്ളവനാതിഥേയൻ. 122

ആച്ചക്രവത്തികളിലും ജനസമ്മതംകൊ-
ണ്ടുച്ചസ്ഥനായിവിലസും പ്രസിഡൻറുവീണ്ടും
ഈച്ചിത്തിരക്ഷിതിപവാസഗൃഹേഗമിച്ചു
പാശ്ചാത്യജാതി മുറപോൽ പ്രതിദർശനാൎത്ഥം. 123

മാനിച്ചു വഞ്ചിവസുധാപതിയാംഗലേയ-
സ്ഥാനാപതിക്കൊരു വിരുന്നു കൊടുത്തു ചായ
ആനന്ദപൂർവ്വകമിതിൽ ബഹുമാന്യരായി-
ട്ടാനാട്ടിലുള്ള പലയാളുകളൊന്നുചേൎന്നു 124

ആസ്ത്രോയിഡ്യൻസംഘം
തത്രമഹാരാജവംശതിലകക്കായ്
അത്യാദരവോടുചെയ്തു
സ്സൗത്യ്ഹം നല്ല ചായസല്ക്കാരം 125

കാറത്സ്ബാഡ്

വീയന്നായിൽ പ്രബലമാന്യകലാവിദഗ്ദ്ധ-
രായുള്ള ലോകരുടെ സാദരമിത്രഭാവം
സ്വീയസ്സ്വഭാവഗുണമേവകവൎന്നെടുത്തു
പോയാൻ പ്രസിദ്ധ*“കലമാൻപുരി”യിൽക്ഷിതീന്ദ്രൻ. 126

ചൂടുള്ള നീറുറവയുള്ളതു ധാതുസാര-
ത്തോടൊത്ത ദിവ്യതരമൌഷധശക്തമത്രേ
കൂടുന്നു ലോകരിവിടെക്കുളികൊണ്ടു രോഗം
പാടേ നശിച്ചു സുഖമാൎന്നു വരുന്നമൂലം. 127

തത്രാതിരമ്യ സദനത്തിലിരുന്നു മന്നൻ
നിത്യം നടത്തി കുളി ദിവ്യസരിൽപ്രവാഹേ
പ്രത്യക്ഷസൌഖ്യകരമായ് തിരുമേനിമാൎക്ക
മാത്തോയമെന്നു ചിലനാളുകൾകൊണ്ടറിഞ്ഞു. 128

---

* “കാറത്സ്ബഡിനു” മറെറാരുപേരുകൊടുത്തു്.

"സെക്കോസ്ലവേക്കിയ" ധരാതലപട്ടണത്തിൽ
മുഖ്യം പ്രസിദ്ധ കളിമൺവ്യവസായശാല
ഉൽക്കണ്ഠയോടു മതിലേപ്പണിചെന്നു കണ്ടാൻ
തൃക്കൺകൾക്കു നിജ രാജ്യഗുണാഭിലാഷി 129

പാരീസ്.

ആരോഗ്യവർദ്ധനകരം ദിനചര്യയോടു
മാരാജ്യവാസമുചിതം ചിലനാൾ കഴിച്ചു
യൂറോപ്യവേഷചമയപ്പുതുമയ്ക്കുമുഖ്യം
പാരിസ്സിലേയ്ക്കു, തിരുമേനികളാഗമിച്ചു. 130

നൗകാപ്രയാണസുഖദം നദിതൻ പ്രതീരേ
പ്രാകാരരക്ഷിത, മനോഹരഹർമ്മ്യപൂർണ്ണം
ആകർഷണീയഗുണപുഷ്കല സന്നതാംഗീ
ലോകാവലോകനകലാനിലയാഭിരാമം. 131

ആരാമ പുഷ്പസുലഭാഖിലലോകവശ്യ-
സൗരഭ്യനിർഭരസദാഗതി സമ്പ്രഹർഷം
ധാരാഗൃഹോൽഗളിത ശീകരവാഹിയായി
സൈരം നടന്നു സുഖദായകമായദേശം 132

ആശാന്തശാശ്വതയശോധവളാതിരമ്യ-
കൗശേയ കൗതുകകരാഭരണാപണങ്ങൾ
ആശാനുകൂലനവയൗവ്വന പേശലാംഗി
വേശാനുയോജ്യനവശില്പ വിധായകങ്ങൾ. 133

ആതാമ്രകമ്രവദനാ മധുരാധരാർദ്ര
പീതാവശേഷമദിരാസ്വാദനാഭിലാഷം
സാധിക്കുവാൻ വിഷമമെന്തിഹ മുന്തിരങ്ങാ
ബോധിച്ചപോലെ മധുവാക്കി വരുന്ന ദിക്കിൽ? 134

നെപ്പോളിയൻ വിജയകാഹളമൂതി, യൂറോ-
പ്പെപ്പേരുമാധ്വാനിയടിച്ചു വിറച്ചുപോയി
ആപ്പൂരുഷസ്മരണയേ നിലനിർത്തിടുന്ന-
ശില്പാഗ്ര്യമത്ര വിലസുന്നു വളച്ചുവാതിൽ 135

ആകാശമണ്ഡലപദാശ്രയമായി നാലു-
ദിക്കുംകലേയ്ക്കുമൊരുപോലെ പുറപ്പെടുന്ന
ആക്രൂസ്തുദേവനുടെ ശിഷ്യഗണംകണക്കു
ചൊൽക്കൊണ്ടു പന്തിരുമനോഹരരാജമാർഗ്ഗം. 136

എല്ലാവഴിക്കുമിരുവക്കിലുമുള്ള വൃക്ഷ-
മുല്ലാസമാക്കു മുളവാക്കി വളൎന്നിൽപൂ
വെള്ളത്തിനില്ല കുറവെങ്ങുമതിന്നസംഖ്യ-
മല്ലോ വിചിത്രതരനിർഝരവിഗ്രഹങ്ങൾ. 137

കാണാം നിരത്തിനരികത്തു നിരത്തി മാന്യ-
സ്ഥാനത്തലംകൃതവിതാനവികീൎണ്ണമായും
പാനോപയോഗ്യമദിരാപരിപൂൎണ്ണമായും
നാനാവിശേഷതര ഭക്ഷ്യപദാൎത്ഥശാലാ 138

പൊക്കത്തിലുള്ള മണിമാളികയഗ്രഭാഗം
ക്രൂക്കുന്നമാതിരിയെടുപ്പുകളുള്ളതെല്ലാം
വാക്കപ്പെടാതെ പണിചെയ്തവയല്ലയെന്നു
നോക്കുന്നവൎക്കുമത,മത്രപണിക്കിണക്കം 139

ഇമ്പംതരുന്ന പലമാതിരി കൊത്തുവേല-
മുമ്പിട്ടു കാണ്മതിന്നു തക്കവിധം വിളങ്ങും
സ്തംഭങ്ങളെത്ര? സകലത്ര ചരിത്രകീൎത്തി
സമ്പൽപ്രകാശകരമന്ദിരമുണ്ടു കാണ്മാൻ. 140

കെല്പുള്ള ശത്രുധരണീരമണാഗ്രഗണ്യ-
രേപ്പെട്ടു പണ്ടു കൊടുതാം പടവെട്ടിയപ്പോൾ
നെപ്പോളിയൻ വിജയഭേരിയടിച്ചെടുത്തു
വൎപ്പിച്ച നല്ല വിരുതുള്ള ഗൃഹം വരിഷ്ഠം. 141

യൂറോപ്പടക്കി വിജയോദ്ധതനായ്ഭവിച്ച
വീരൻെറ ദേഹിയൊടു വിട്ടുപിരിഞ്ഞ ദേഹം
ആ രാജമാനസദനത്തിനടിക്കു മണ്ണായ്
തീരുന്നതിന്നു ഹഹ! ചേൎന്നു കിടന്നിടുന്നു. 142

പൂംപൊററപോലെ നവയൌവന വേഷഭൂഷാ
സമ്പന്നസുന്ദരശരീരിണിമാർ സ്വതന്ത്രം
ദാമ്പത്യസൌഖ്യ മനപത്യഫലം വഹിയ്ക്കു
മമ്പായ്‌വിടുന്ന പനിനീർകുസുമംകണക്കെ 143

മേൽമീശവെച്ചു മുഖശോഭ വളർത്തി നിത്യ
സൌമുഖ്യവും വിനയവും കലരും യുവാക്കൾ
സാമാന്യരെങ്കിലുമുദാരതയോടുമേററം
സാമർത്ഥ്യമോടുമിവിടെ സ്സുഖമായ്ക്കഴിപ്പൂ. 144

എന്നാലവർക്ഖിലലോക ജയപ്രശസ്ത-
രെന്നുള്ള തള്ളലവിതർക്കമുദിക്കുമാർക്കും
സൌന്ദര്യബോധ സവിശേഷ വിനോദശീല-
മിന്നുള്ളതല്ലതു് പരമ്പരയാ പ്രസിദ്ധം. 145

പ്രായേണ പട്ടുകളണിഞ്ഞു കിരീടശോഭ
മായുള്ളതൊപ്പി ബഹുപൂക്കളെവെച്ചണിഞ്ഞു
സായാഹ്നവേളകളിലംഗനമാർ വളർത്തും
നായോടുകൂടിയഴകാന്നു സവാരിചെയ്യും- 146

അത്യന്തലോലമൃദുലാംബരവും ധരിച്ചു
പ്രത്യേകമായ് പൊടികളിട്ടു മുഖംമിനുക്കി
മദ്യംകുടിച്ചിതരനോടൊരുമിച്ചുപാടി
നൃത്തംനടത്തുവതു സുന്ദരിമാർക്കു മുഖ്യം. 147

ശൃംഗാരയോനിയുടെ നൃത്തകലയ്ക്കു കീർത്തി
പൊങ്ങുന്ന തുംഗനഗരേ പരിവാരമോടും
മംഗല്യധാമമെഴനെല്ലി മനോജ്ഞഗേഹേ
തിങ്ങുന്നമോദമൊടുകൂടി വസിച്ചു ഭൂപൻ 148

അന്നാപ്രധാനനഗരേ മതിമാൻ ബറോഡാ
മന്നൻ കപുർത്തലനൃപാലകനെന്നുവേണ്ടാ
മാന്യാഗ്ര്യനായ മയിസൂർയുവരാജനും വ-
ന്നൊന്നിച്ചുകൂടിയതു മംഗലമെന്നുന്നം 149

എന്നാൽ കപൂത്തലനൃപൻ, തിരുമേനിമാരേ
നന്ദിച്ചു നല്ലൊരു വിരുന്നുനടത്തി ധന്യൻ
അന്യോന്യമൈത്രി നിലനിൎത്തുവതിന്നിതെല്ലാം
നന്നെന്നുതന്നെ നയശാലികളോൎക്കുമല്ലോ. 150

ഭൂപൻ കപൂത്തല ബറോഡനൃപാലകൎക്കും
നേപാളരാജ്യ മയിസൂർ യുവമന്നവൎക്കും
ദുലാപംവരാത്തവിവിധം വിഭവങ്ങളോടു
മാപൂരിത പ്രമദമേകി വിരുന്നുകേമം. 151

ജൎമ്മൻവിമാനനിപതൽ ബൃഹദഗ്നിഗോള
സമ്മർദ്ദഭിന്നമപിവീണ്ടു ബലപ്പെടുത്തി
നിൎമ്മിച്ചപള്ളിമുതലായ് പലചിത്രശില്പ
ഹർമ്മ്യങ്ങളേ നൃപതി കൗതുകമോടു കണ്ടു. 152

വൎണ്ണംകലൎന്ന ശിലയങ്ങിനെ ചേൎത്തുകെട്ടി-
ക്കണ്ണിന്നു കൗതുകമിയററിയ രാജധാനി
വിണ്ണിന്നു കോവണികണക്കു കിളൎന്നസൗധ
മുന്നഗ്രഗോപുരമിതൊക്കെയടുത്തുകണ്ടു 153

മൂവായിരം സമകളായി മുളച്ചുവന്നു
വൈവിധ്യമുള്ള ശിഖരങ്ങളൊടൊത്തുയൎന്നു
ഏവംവളൎന്ന ദൃഢമൂലപരിഷ്കൃതിക്കു
"ലൂവർ"പ്രദർശനമനർഘതരം നിദൎശം 154

നാനാവിചിത്രകലമൂലമമൂല്യമായി
ക്കാണപ്പെടുന്ന പലസാധനശേഖരിപ്പിൽ
ക്ഷോണീമണാളനുടെ ദൃഷ്ടിപതിഞ്ഞു തത്ര
കാണായി കീൎത്തികലരും വലുതായപള്ളി. 155

ഏഴത്ഭുതങ്ങളുടെ സംഗതി തീൎച്ചയായോ
ഊഴീതലത്തിനിയുമൊന്നതിനോടുചേൎപ്പാൻ
പാഴല്ലചെയ്തപണി താദൃശമേന്മയോടു
വാഴുന്നഗോപുരമതും തിരുമേനി കണ്ടു. 156

ആനന്ദദായകമതോടു ചരിത്രതത്വ-
ജ്ഞാനപ്രദായകമിതേവിധമാപ്രദേശേ
കാണേണ്ടകാഴ്ച നൃവരൻ വഴിപോലെകണ്ടു
സാനന്ദമാ“ക്കല”യിലേക്കു തദാ തിരിച്ചു 157

കാലപട്ടണം.

ആപ്പട്ടണം പെരിയൊരാംഗലഭൂപതിക്കു
കീഴപ്പെട്ടിരുന്നു പുനരന്നപരന്തരേസർ
കെല്പാന്നൊരാംഗലഭടാവലിയോടുനേർത്തു
നില്പാൻഞെരുങ്ങി, ഗഹനത്തിലൊളിച്ചുപാർത്തു. 158

എന്നാൽ കൃശാംഗിയൊരു കന്യകയേഴരണ്ടു
ചെന്നുവയ,സ്സവളിളക്കി മഹാജനത്തേ
ഒന്നിച്ചുചേർത്തു കുതിരപ്പുറമേറി നേരേ
മുന്നിട്ടുനിന്നു തുടരെപ്പടവെട്ടി ഘോരം. 159

ആപ്പെൺകൊടിക്കെതിരൊരാംഗലനംതടുത്തു
നില്പാൻപ്രയാസമവളോ രണധീരശൂരാ
ക്ഷിപ്രംകുതിച്ചുകയറും പടയെ ബ്ഭയപ്പെ-
ട്ടാപ്പാർത്ഥിവൻ നഗരദുർഗമൊഴിഞ്ഞുപോയി. 160

രാജ്യാഭിമാനമൊരു ബാലികയായ്ജനിച്ചു
തജ്ജന്യമങ്ങിനെ ജയിച്ചതുകാരണത്താൽ
ആർജ്ജിച്ചു കീർത്തിയവളെന്നതുമല്ലപിന്നെ
യാജ്ജാതിപുണ്യവതിയെന്നവളെപ്പുകഴ്ത്തി 161

അഞ്ഞൂറുകൊല്ലമതിനപ്പുറമിപ്രകാരം
സഞ്ജാതമായ വിജയത്തിനു ലക്ഷ്യമായി
ഭഞ്ജിച്ചിടാതെ നിജകീർത്തി“കലേ”സമുദ്ര
രഞ്ജിപ്പൊടങ്ങിനെ വളർത്തിവരുന്നതല്ലോ. 162

ഡോവർ തുറമുഖം

ആപ്പട്ടണംവഴികടന്നു പുനശ്ചഭൂപൻ
കപ്പൽപ്രയാണമതികൗതുകമോടുചെയ്തു
ഇപ്പാർത്തലത്തു കരയായ്തിരിയുന്നഭൂമി
സപ്താംശമേതു കൊടിതൻ തണലിൽ സുഖിപ്പു. 163

ആവീരസിംഹവിജയക്കൊടി കാററിലാട്ടം
"ഡോവർ"കടൽകരയണഞ്ഞു സുഖേനകപ്പൽ
ആവാഹനാന്തികമണഞ്ഞെതിരേററുവഞ്ചി
ഭൂവാസവാദ്യരെ, യതിന്നു, നിയുക്തസംഘം (യുഗ്മകം) 164

ചുങ്കാധികാരി മുതലായവരോട്ടക്കൂടി
സ്സംഘംതികഞ്ഞു വിനയാനതരായിനിന്നു
ഇൻഡ്യാസ്റ്റെയിററിന്നുടെ കാര്യ്യവിചാരകന്മാ
ലുണ്ടോവിളംബമിവരേയിതിലേശ്ശയച്ചാൻ 165

ലണ്ടന്നുനേക്കുതിരിയും തലവണ്ടിയിന്മേൽ
കൊണ്ടക്കൊളുത്തിയൊരു മോഹനമായിരിയ്ക്കും
വണ്ടിക്കകത്തു തിരുമേനികളേറി ശീഘ്രം
മണ്ടിത്തുടങ്ങി സുഖമാപ്പുകവണ്ടിനേരേ 166

സീമാതിഗപ്രബലകച്ചവടംനടത്തി
ക്ഷേമാഭിവൃദ്ധി യുലകത്തിനു ചേത്തു നിത്യം
ഭൂമണ്ഡലത്തിന്നുടെ മണ്ഡനമായ ലണ്ഡൻ-
നാമപ്രശസ്തനഗരത്തിലണഞ്ഞു ഭൂപൻ. 167

വൻ-ാം സർഗ്ഗം.

ലണ്ടൻ.

അഹോ! ലണ്ടൻ, വിശ്വംമുഴുവനിലെയും സത്തെടുത്തൊന്നുചേത്തീ-
മഹീഭാഗേ 'തിംസാ'നദിയുടെകരേ സ്ഥാപിതം പോലെതോന്നും
അഹോരാത്രം സൂര്യ്യാസ്തമയരഹിതം നാടടക്കിബ്ഭരിക്കും
മഹാശക്തിക്കേവം പെരിയനഗരം മാതൃകാരൂപമല്ലീ. 1

മഴക്കാറെന്നോണം ദിനമനുസദാ വേലചെയ്യുന്ന യന്ത്ര-
ക്കുഴൽക്കഗ്രേപൊങ്ങും പുകകയറിയിട്ടന്തരീക്ഷം മറയ്ക്കും
കിഴക്കത്തേ നാനാ വിളവുകകളെയുംകൊണ്ടു വാണിജ്യമുഖ്യം
പുഴയ്ക്കുള്ളിൽക്കൂടെ ത്തുരുതുരെവരും കപ്പലാൾക്കാടമോട്ടം. 2

പടക്കപ്പൽക്കൂട്ടം പഥികരധികം സഞ്ചരിക്കും വഹിത്രം
കടല്ക്കുള്ളിൽ പായും ദ്രുതഗതിയെഴും ഭീകരം മുങ്ങുകപ്പൽ
തിട്ടക്കത്തിൽ തിംസാനദിയിലിവിടെക്കാഴ്ച്ചമായും കളിച്ചും
നടക്കുമ്പോൾ തീരേ മണലിനുസമം തിക്കിയാൾക്കൂട്ടമാകും. 3

സരിത്തിൻതീരത്തിൽ സമമിരുപുറത്തെത്രയും വീതികൂട്ടും
നിരത്തിൽ പായുന്തു നിരവധി സദാ വാഹനം മോഹനീയം
ഒരല്പം പൊക്കത്തിൽ തെരുവിനരികേ കാൽനടയ്ക്കുണ്ടുമാർഗ്ഗം
നിരോധം വണ്ടിക്കാക്കതു വഴിയൊരാൾ വാഹനം വിട്ടുകൂടാ. 4

സരിൽകൂലേ നീളെപ്പെരുവഴികളേ മുൻപുറത്താക്കിയൊപ്പം
നിരത്തിപ്പൊക്കത്തിൽ പലനിലയെഴും സുന്ദരം മന്ദിരങ്ങൾ
നിറയ്ക്കപ്പെട്ടീടും നിരവധിതരം സാധനം വിററഴിക്കും
തിരക്കെല്ലായ്പ്പോഴും തെരുവുകളിലേ നീക്കമില്ലാത്തരീതി. 5

നദീതീരപാന്ഥ പ്രബലതെരുവിൻ പിൻപുറത്തുംക്രമത്തിൽ
സുദീർഘം കാണാകും നിരനിരകളായാപണ ശ്രേണിതുംഗം
ഇതിന്മണ്ണം നാനാ തെരുവുനിറയും പട്ടണം തിങ്ങിവാഴു-
ന്നതോ മുക്കാൽകോടിപ്പലവിധജനം കൃത്യവൈവിധ്യബദ്ധം. 6

ക്ഷിതിയ്ക്കുള്ളിൽകൂടിക്കുഴലുവഴിയും നീണ്ടതീവണ്ടിയോടി-
ച്ചിതല്ലൊപ്പംപൊങ്ങും ചിലവഴികളിൽ തിങ്ങിയാളോട്ടകൂടി
അതിൽക്കേറിപ്പോകുന്നതിനുമവിടെക്കൂട്ടമീപ്പട്ടണത്തി-
ന്നതുക്കുള്ളിൽ സ്റ്റേഷൻ റെയിലിനറുന്തൂറല്ലതിൽ തെല്ലുകൂട്ടം. 7

അനദ്ധ്യായംകൂടാതവിടെ വിവിധം വേലചെയ്യുന്നയന്ത്രം
കണക്കില്ലാതുണ്ടാമവയുടെരവം വണ്ടിപായുന്നശബ്ദം
ജനക്കൂട്ടം കൂട്ടാം ബഹുതരരവം മററുമോരോപ്രകാരം
ജനിക്കും നാദത്താലിവിടമഖിലം ഹന്ത! ശബ്ദായമാനം. 8

അവിഛിന്നം നാനാവക പണികളെച്ചെയ്തിട്ടും യന്ത്രശാലാ-
പ്രവൃത്തിക്കാർ സായംസമയമിവടം വിട്ടിറങ്ങുന്നനേരം
അവക്കെന്തുത്സാഹം തുഹിനഗിരിയേ വിട്ടുചാടുന്നഗംഗാ-
പ്രവാഹത്തിന്നൊപ്പം തെരുവുകളിനിശ്ശേഷമില്ലാതെമുക്കും. 9



ഇൻഡ്യാചക്രവർത്തി തിരുമനസ്സുകൊണ്ട്.

വടക്കേ ദിങ്ങ്നാഥൻ ധനദനധുനാ ലണ്ടനിൽ തല്പരത്തിൻ
നടുക്കായുത്തുംഗേ മണിമയഗൃഹേ ചെന്നു പാൎക്കുന്നതല്ലീ
ഒടുക്കംകൂടാതേ കനകമിവിടെക്കൂട്ടിയായ് കൂട്ടിവയ്ക്കും
കൊടുക്കും സാമ്രാജ്യത്തഖിലമിതുതാ നാംഗലം ബാംകു നൂനം. 10

ഇവണ്ണം സാമ്രാജ്യത്തിനുബലകരം വൃഷ്യമായുഷ്യമഗ്ര്യം
സുവൎണ്ണം സൂക്ഷിച്ചും സുഖവിനിമയം ചെയ്തുമാബ്ബാങ്കിരിക്കെ
അവൎണ്ണ്യോജസ്സോടും ന“ഗര”മിതു ജഗദ്ദീപിയായ്ത്തീൎന്നതോൎത്താ-
ലെവന്നത്യാശ്ചൎയ്യം ഗുണമിതു സദാ ജാതരൂപസ്വഭാവം. 11

ഇതിൻപ്രാന്തത്തുങ്കൽ പലനിലകളായ് പൊങ്ങിയും ഭംഗിയായും
സ്ഥിതം സൗധാഗാരം പലതു പഥികന്മാൎക്കു പാൎക്കാനൊരുക്കം
ഹിതത്തിന്നൊപ്പിച്ചീ സ്സദനമണയും ധന്യരേൎപ്പൂജചെയ്വാ
നതിപ്രാഗത്ഭ്യത്തോടവിടെ യധികാരസ്ഥയാമാതിഥേയി. 12

വെടിപ്പേറുംഗേഹം വിവിധതരമാ മാസനം വട്ടമേശ-
യ്ക്കുടുക്കൽ തന്നെത്താൻ തിരിയുമധികം ചാരുരൂപം കസേര
കിടപ്പാൻ നൈൎമ്മല്യം പെരുകിയതരം തല്പ,മെല്ലാസ്ഥലത്തും
ഘടിപ്പിച്ചിട്ടുണ്ടാം നയനസുഖദം വൈദ്യുതീദീപരാജി. 13

അകത്തൊക്കെബ്ഭിത്തിക്കനുസരണമായ് ദൎപ്പണംവയ്ക്കമൂലം
സ്വകായച്ഛായയാലംകരണമതിഥിയ്ക്കെപ്പൊഴും കണ്ടിരിക്കാം
പ്രകൃത്യാ സൗന്ദൎയ്യക്കൊടി യുവതിതൻ മഞ്ജുമന്ദസ്മിതാൎദ്രം
മുഖത്താലാകൃഷ്ടൻ സുഖലഹരിയിൽ തത്ര മുങ്ങിക്കഴങ്ങും 14

കിളിക്കൊഞ്ചൽക്കൊപ്പം മൃദുലമധുരം വാക്കൊടേഭക്ഷ്യപേയം
വിളമ്പിത്താല്പൎയ്യത്തൊടുപരിചരിക്കുന്നൊരാസ്സന്നതാംഗി
വളൎത്തും ഭക്ഷിപ്പാൻ പ്രിയമതിനുമേൽ പിംഗലാപാംഗലീലാ
ഗളൽപ്രേമംനൽകും മധു;വതു വൃഥാ മാദകാ മേദുരാംഗി. 15

കുടിച്ചും ഭക്ഷിച്ചും കുതുകഭരിതന്നത്ര നൃത്തംനടത്തു-
ന്നിടത്തോ സംഗേ തല്പ്രവഹമറയിൽത്തന്നെയോ ചെന്നിരിക്കാം
ഇടയ്ക്കുഗ്രം കത്തിച്ചൊരുസുരഭിലം നീണ്ടിരിക്കും ചുരുട്ടിൽ
കുടിച്ചുംക്കൊണ്ടീടാം പുക പുനരതാ മൂക്കുകൊണ്ടേവമിയ്ക്കാം. 16

ചലിയ്ക്കുംചിത്രങ്ങൾക്കഥഹ പറയാറായി നേരിട്ടു വിദ്യുൽ
ക്കലയ്ക്കുന്തോന്നെല്ലാം കഴിയുമതുപോയ്ക്കണ്ടിരിക്കാം രസിക്കാം
വലിപ്പംക്കൂടീടും സദനമിതുപോലെത്രമാത്രം വിനോദ
ത്തിളപ്പോടെപ്പോഴും വിലസു, മിവിടം നാകലോകാഭിരാമം 17

ശിരോലംകാരം പൂങ്കുലകളധികം വച്ചതൊപ്പിക്കെട്ടിയ്ക്കാ-
യരാളംകൃന്താഗ്രം ചികുരരചനം ജാതരൂപപ്രകാശം
സ്ഫുരൽ ശൃംഗാരോജ്ജ്വലമപി ചലൽ പിംഗലാപാംഗയുഗ്മം
ശരച്ചന്ദ്രാകാരം മുഖസുഷമയാ രൂപമാകർഷണീയം. 18

ധനിയ്ക്കാനന്ദത്തേ പരിചരണസംഭാഷണാദ്യങ്ങളാലേ
ജനിപ്പിയ്ക്കും തന്വീമണി ഗുണവതീ കൃത്യസാമർത്ഥ്യയുക്താ
പണത്തിന്നായ്ച്ചെയ്യും പരിചരണമേയുള്ളു ചാരിത്രസമ്പ-
ത്തനർഘം രക്ഷിയ്ക്കുന്നതിനു വിരുതുംകെട്ടിയീമട്ടുകാൺമൂ 19

ധനിയ്ക്കല്ലാതേകണ്ടിവിടെ നിവസിച്ചെത്രയും ഹൃദ്യമായി
ത്തനിയ്ക്കെന്തോ തോന്നാമതുസുഖതരം മദ്യപിച്ചും ഭുജിച്ചും
കണക്കറ്റോരോരോ കളികളവിടെക്കണ്ടുകണ്ടും സുഖിപ്പാൻ
നിനയ്ക്കേണ്ടാ നിത്യച്ചെലവു വളരെക്കൂടിയേനില്ലുയുള്ളൂ. 20

സമീപത്തുത്തുംഗം സദനനികരം സാർവ്വഭൗമാധികാര-
പ്രപ്രമാണംനിർമ്മിയ്ക്കും പ്രഭുജനസഭാമന്ദിരം ധന്യധന്യം
സമാധാനത്തിന്നും സമരസുലഭം സങ്കടാവസ്ഥകൾക്കും
സമർത്ഥം സാമ്രാജ്യത്തിതു സുവിദിതം സ്വതന്ത്രസ്വതന്ത്രം. 21

അടുത്തീലോകത്തിന്നസുലഭതരം പാർക്കിലാശ്ചര്യമാർക്കും
കൊടുക്കുംസാമാനം വളരെയധികം വച്ചിരിക്കുന്നവേശ്മം
അടുക്കായോരോരോതരവുമവിടെ ബ്ഭംഗിയാസ്ഥയ്ക്കുമൂലം
തടസ്സംക്കൂടാതേ ത്രിദിനസമയം കൊണ്ടകംകണ്ടുതീർക്കാം. 22

പുരൈവാംഗ്ലേയോർവീരമണരമണീസ്ഥാനചിഹ്നത്തൊടൊപ്പം
കിരീടം ചൂടീടും ശുഭനിലയമായ് ശ്ലാഘ്യമായുള്ളപള്ളി
പുരത്തിൻ സൽകീർത്തിയ്ക്കുടയമകുടംവച്ചു വമ്പിച്ചതായി-
ട്ടിരിക്കുന്നു നാട്ടിൻ പഴയ ചരിതങ്ങൾക്കു ദൃക്സാക്ഷിയായി. 23

ധരാചക്രത്തുങ്കൽ ധവളതരമായ് കീർത്തിനിർത്തിട്ടു കാല-
ത്തിരയ്ക്കുള്ളിൽ താഴ്ന്നോരരചരതുപോലുന്നതന്മാരനേകം
വരാൻപോകും ലോകപ്രളയസമയം തങ്ങളും നിർജ്ജരന്മാ-
രിരിയ്ക്കും ദിക്കിൽ ചേർന്നമരുവതിന്നീ മന്ദിരേ നിദ്രചെയ്വൂ. 24

പരിഷ്കാരം കൂട്ടും പലപലതരം ചിത്രശില്പങ്ങളേറി-
ദ്ധരിത്രീനാഥന്മാർക്കതിസുഖമൊട്ടും പാർക്കുവാൻ തക്കപോലെ
വരിഷ്ഠം കൊട്ടാരം വളരെവലുതാം തുംഗസൌധങ്ങളിന്മേ-
ലിരിയ്ക്കും കാർമേഘം ചിലപൊഴുതതിൻമട്ടു കാണപ്പെടുന്നു. 25

അനേകം കമ്പിക്കാലതിന്നുമുകളിൽ പാവിടുംപോലെ നീട്ടി-
ക്കണക്കില്ലാതല്ലോ നിരനിരകളായിട്ടിരിക്കുന്ന കമ്പി
ഇനിപ്പക്ഷേ വിദ്യുൽകലയുടെഗതിയ്ക്കംബരം നെയ്തുതീർപ്പാൻ
നിനച്ചിട്ടായേക്കാമിതു പുതിയ മേൽക്കട്ടിയിപ്പട്ടണത്തിൽ. 26

തിരക്കേറുംമാർഗ്ഗംപ്രതി പുണയൊടുംനിന്നു കൈചൂണ്ടി വണ്ടി-
പ്പെരുപ്പത്തിൽപോലും ക്രമമൊടവയേ വിട്ടയയ്ക്കുന്നമന്ദം
നിരത്തിൽക്കൂടെപ്പോമളവിലവനാച്ചക്രവർത്തിക്കുപോലും
കരത്തിന്നഗ്രത്താൽ കണിശമൊടു തന്നാജ്ഞയേ നൽകിടുന്നു. 27

അലംഘ്യംതന്നാജ്ഞയ്ക്കെതിരൊരുപുമാൻചെയ്തുപോയാൽപിടിക്കും
ഫലംപിന്നെശ്ശിക്ഷാവിധി നിയതമായ്ക്കോർട്ടുകല്പിപ്പതത്രേ
കുലംകൊണ്ടും ശ്രേഷ്ഠൻ പുരുഷനിതുപോലുള്ള പോലീസുകാരൻ
കളങ്കംകൂടാതേ, പകലിരവുനിന്നീവിധം വേലചെയ്വൂ. 28

വിദേശക്കാരൻ തൽപുരിയിലൊരുവൻ ചെന്നുപോകേണ്ടതാമാ
പ്രദേശത്തേപ്പററിക്കിമപി ഹൃദയേ സംശയം തോന്നിനിന്നാൽ
തദാ കാണാം പോലീസവിടെയുടനേചെന്നു വേണ്ടുംസഹായം
മുദാ ചെയ്യാൻ നില്ക്കുന്നതു സദയമാ മാനിയാം ദീനബന്ധു. 29

പെരുംകള്ളന്മാർക്കും തൊഴിലിനു തരം കിട്ടുമാപ്പട്ടണത്തിൽ
തുരങ്കംവച്ചാലും കഥയറിയുമോ തിക്കിയാറുംകൂട്ടമല്ലേ ;
പരന്നോരാനാട്ടിൽ പരഹൃദയവും ചാരപോലീസുകാരൻ
തുരന്നീടും തീക്ഷ്ണം നയനമുനയാൽ കട്ടവൻ കൂട്ടിലാകും 30

ഞെരുങ്ങിപ്പാർത്തീടും ജനതതിവിടും ശ്വാസവും, മററുമോരോ
തരം മാലിന്യങ്ങൾക്കുപരി പെരുകും ധൂമവും കൊണ്ടുനിത്യം
പുരാന്തർഭാഗത്തേ മലിനത ജഗൽപ്രാണനും കൂടിവന്നാ-
ലരോഗായുഷ്മാൻമാർ കുറയുമതിന്നേ നീക്കുവാൻ ശക്യമാമോ? 31

കടൽതീരം തിംസാനദിയുടെതടം പൂമരം വച്ചുഭംഗ്യാ
പിടിപ്പിയ്ക്കപ്പെട്ടിട്ടതിവിപുലമായ്ത്തീർത്താരാരാമഭൂമി
ഇടയ്ക്കെല്ലാമുള്ളോരുപവനമിതാശ്വാസകോശം കണക്കേ
വെടിപ്പാക്കിടുന്നു നഗരതനുവിൽ പ്രാണവായുപ്രചാരം. 32

എഴുന്നെള്ളത്തെത്തുന്നളവിലവിടെ പ്രാങ്കണം ഭംഗിയാക്കി-
ക്കഴിഞ്ഞെല്ലാം നോക്കുന്നതിനു നിലകൊള്ളുന്ന പോലീസുകാരൻ
തഴയ്ക്കും സന്തോഷാദരവൊടെതിരേല്ക്കുന്ന സക്കാർനിയോഗം
വഴിക്കൊപ്പാടിക്കാം ധാരയൊടൊരുമിച്ചുള്ള മുഖ്യസ്ഥരെല്ലാം. 33

അമന്ദാനന്ദത്തോടവിടെയണയും വണ്ടിയിൽ തമ്പുരാനേ
സമാതൃഭ്രാതൃശ്രീസദൃശഭഗിനീ സങ്കുലം കണ്ടനേരം
നമിച്ചുകൈകൂപ്പിസ്സവിനയമടുത്താസ്ഥലത്തുള്ളവഞ്ചി-
ക്ഷമാദേവീപുത്രപ്രമുഖമലയാളത്തുകാരൊത്തുകൂടി. 34

പ്രിയപ്പെട്ടോരാത്മപ്രജകളൊരുമിച്ചാദരാൽ പുഷ്പഹാരം
സമർപ്പിച്ചു; പക്ഷേ,കൃതമിഹനൃപൻതന്റെ ചിത്താപഹാരം
ഉയർന്നു സന്തോഷം വളരെയകലത്തന്യരാജ്യത്തുകാണ്മാ-
നയത്നം സാധിച്ചോരളവുനൃവരന്നാ സ്വകീയം ജനത്തെ. 35

പരമ്മാക്കാശ്ചര്യം വരുമതുവിധം ഭക്തിവാത്സല്യബാഹ്യ
സ്ഫുരൽഭാവം കണ്ടു വിനതജനതാ രക്ഷകന്മാരിലൊപ്പം
പുരോഭാഗേ വന്ദിച്ചണിനിരനിരന്നുള്ള ലോകത്തെനോക്കി-
പ്പരം സന്തോഷത്തോടൊരു സുഭഗമാം മന്ദിരേ ചെന്നിരുന്നാൻ 36

വിനോദത്തിന്നല്ലാ നൃവരനവിടെപ്പോയതാത്മാർത്ഥമായി
ജനക്ഷേമൈശ്വര്യപ്രദപഥ സമുൽഘാടനം തന്നെലക്ഷ്യം
ധനാപൽഗർത്താന്തർന്നിപതിത ജഗൽത്രാണനത്തിന്റെ കാര്യം
നിനയ്ക്കും യോഗ്യന്മാരുടെ പരിചയം തത്ര സമ്പാദനാർത്ഥം. 37

അതുംക്രൂടാതിൻഡ്യാ ഭരണഘടനാസമ്പ്രദായത്തെമാററി
പ്രതിഷ്ഠിക്കാനായിക്കരുവവിടെ വച്ചിപ്പൊഴല്ലോ പിടിപ്പൂ
അതിന്നിൻഡ്യാക്കാരും പലനിലയിലാ നാട്ടുരാജ്യാധിപത്യ
പ്രതാപം പൂണ്ടോരും പ്രതിനിധികളേ വിട്ടിരിക്കുന്നുവല്ലോ. 38

ക്ഷണിച്ചിക്ഷോണീന്ദ്രൻ ഭരതധരണിചക്രസെക്രട്ടറിക്കും
ഘനം പേറിട്ടും തൽപ്രട്ടപദമെഴും ചാൻസലർക്കും വിശേഷാൽ
ഇണക്കത്തോടിൻഡ്യാ ഭരണഘടനാസ്ഥാപനത്തിൻെറകാര്യം
നിനച്ചീട്ടന്നോക്കും വിഭവബഹുലം നൽകിനാൻ നല്ലസദ്യ. 39

ആ വിരുന്നുസമയം പ്രസംഗമൊ-
ന്നേവമുജ്ജ്വലതരം നടത്തിനാൻ
സാവധാനമതുകേട്ട ഭംഗിയാ-
യാവലിപ്പമിയലും സഭാജനം. 40

സംയുക്താംഗലരാജക, സംസൽസമിതി പ്രധാനയോഗങ്ങൾ
സമ്പൽ ദുരിതനിവാരണ സംബന്ധാനേകമാന്യജനയോഗം. 41

ഇങ്ങനെയെത്രയുമുന്നതമംഗള സമ്മേളനങ്ങളുള്ളപ്പോൾ
ഇങ്ങുനടാടേവരുവാൻ സംഗതിയായി നമുക്കു ഭാഗ്യത്താൽ 42
(യുഗ്മകം)

എന്നുടെ പൂർവ്വികന്മാരുമുന്നതരാംഗ്ലേയ ചക്രവത്തികളും
അന്യോന്യാദരമൈത്രിയിലന്യൂനം ബദ്ധരബ്ദശതയുഗളം. 43

ഭാരതഭൂഖണ്ഡത്തിൻ നൈരൃത കോണിങ്കലുള്ള മമ രാജ്യം
ആധുനികാശയ ഗുണപരിപൂരിതസുഖമാന്നമൽപ്രജാധ്യുഷിതം. 44

തത്ര ജനാരോഗ്യത്തൊടു വിദ്യാഭ്യാസാദികൾക്കു പദ്ധതികൾ
ഒപ്പം പ്രതിനിധിസഭയൊടു മൽപൂർവ്വികരേപ്പെട്ടുത്തിയാർമുന്നേ. 45

അബലയ്ക്കും സമുദായപ്രബലത ജനതയ്ക്കു വൈദ്യരക്ഷ തഥാ
ഉപരിയെഴുത്തറിവിൻഡ്യയിലപരവിഭാഗത്തിലെങ്ങുമില്ലസമം. 46

പാരമ്പര്യത്തൊടുമയി ചേരാനിടയായതാട്ടശാദർശം
പൂരിപ്പിക്കാനെളുതായ് തീരണമെന്നെന്റെ ബാദ്ധമുദ്ദേശം. 47

അതിനാൽ ഭരണപരിഷ്കൃതിയധുനാ ഞാനൊന്ന് ചെയ്തിരിക്കുന്നു
ഭേിതയം മണ്ഡലമുള്ളാ പ്രതിനിധിസഭയോ വിശാലമാകുന്നു. 48

അധികാരാധിക്യത്തൊട്ടുമധികം ജനതാ നിയുക്തസഭ്യരൊട്ടും
അതുവിഹിതം കൃത്യം നിജമധുനാ ചെയ്യുന്നതുണ്ടു മമപുരിയിൽ. 49

എന്നാലപ്പൊഴുമിൻഡ്യാ മന്നവരുടെയാപ്പുരാതനാദർശം
എന്നാൽ സംരക്ഷിതമായ് തന്നേ കാണപ്പെടുന്നതാകുന്നു. 50

എന്നല്ലിൻഡ്യയിലുണ്ടായ് വന്നേയ്ക്കാമേതു ഭരണഘടനയ്ക്കും
എന്നുടെ ജനതയ്ക്കുണ്ടാം സന്നദ്ധതയാവിധത്തിലെൻശ്രദ്ധ. 51

താദൃശഭരണപരിഷ്കൃതിയേതെല്ലാം മറ്റിലെന്നു വിശദതരം
വാദപ്രതിവാദങ്ങൾക്കേതുമൊരുദ്ദേശമിന്നെനിക്കില്ല. 52

എന്തെന്നാൽ കടലോരം തന്നിലിരിക്കും പ്രധാനരാജ്യത്തു
അന്യാദൃശമവകാശമതിന്നിന്നവയെന്നറിഞ്ഞു വേണ്ടവിധം. 53

ഇൻഡ്യാഭരണപരിഷ്കൃതിയുണ്ടാക്കും ശ്രേഷ്ഠമായ കൃത്യങ്ങൾ
ചെയ്യും യോഗ്യന്മാരതു ന്യായംപോൽ നോക്കുമെന്നു കരുതുന്നു. 54
(യുഗ്മകം)

ആഗതാതിഥി ജനേംഗിതജ്ഞനായ്
സ്വാഗതാദരവചസ്സിനുത്തരം
സാരമായതുരചെയ്തു "സാമുവേൽ
ഹോറി"തി പ്രഥിതനാമപൂരുഷൻ. 55

കൃതജ്ഞന്മാർ വയംതാവ കൌദാര്യത്തിൽ ക്ഷമാപതേ!
ഇദം പ്രഥമമിങ്ങഭ്യാഗത! തേ സ്വാഗതം ശ്രുതം. 56

ഭാവല്കരാജ്യഭരണം ഭവിക്കട്ടേ സമംഗളം
അവിടത്തേയ്ക്കുമുള്ള രാജ്യമവിതക്കും മഹത്തരം. 57

ഭാരതോർവീപാലകന്മാർ ഭരിക്കും പലഭൂതലം
തിരുവഞ്ചിക്ഷിതിക്കൊപ്പം വരുന്നില്ല ഗുണങ്ങളാൽ 58

പല യൂറോപ്പുരാജ്യത്തിൻനില വേണാട്ടിനുള്ളതു
ഇടതിങ്ങിജ്ജനംപാർക്കുന്നിടമെന്നുള്ളതെന്നിയേ 59

സർ സാമുവൽ ഹോർ.

അത്തുവൃക്ഷലതാസസ്യ സമൃദ്ധമതിസുന്ദരം
കരയും കടലും മന്ദസ്മിതംചെയ്തു വരുന്നിടം. 60

തടാകതടിനീജാല ഘടനാ പരിശോഭിതം
പ്രകൃത്യാ കോമളം നിത്യസമൃദ്ധവിഭവാകരം 61

ഇതിന്നുപരിയിംഗ്ലണ്ടിന്നധീന ഭരതോർവ്വിയിൽ
കൃതരക്ഷാ സമ്പ്രദായമതിയായ് നോക്കിവച്ചിടം. 62

ഇന്നുമാരീതിയേത്തന്നേ നന്നായ് ചെയ്‌വൂ പരീക്ഷണം
എന്നാൽ ഭൂമിമണ്ഡലത്തോടൊട്ടമൊന്നിച്ചുള്ള മഹാസഭ. 6 ›

അതിൻെറ ഘടനാബന്ധമധികാരമിവററയാൽ
ബ്രിട്ടീഷിൻഡ്യൻ മാതൃകയേവിട്ടു വൈശിഷ്ട്യമുള്ളതാം. 64

ഇതേ മാതൃകയേത്തന്നേയിതര ക്ഷിതിപാലരും
പരീക്ഷിച്ചാൽ നല്ലതെന്നു നിരൂപിക്കുന്നു ഞാൻ വിഭോ! 65

തിരഞ്ഞെടുത്തയയ്ക്കപ്പെട്ടിരിക്കുന്ന സദസ്യരെ
ഭൂരിപക്ഷംവച്ചു നിർമ്മിച്ചിരിക്കും സഭ ശോഭനം 66

അതിയാമധികാരത്തോടിതുപോൽ സഭവച്ചതിൽ
ക്ഷിതിനാഥ! ഭവാൻ ലോകസ്തുതിക്കു വിഷയീകൃതൻ. 67

അവിടെസ്സാക്ഷരതത്തേ സവിശേഷം വളർത്തുവാൻ
നൃവരന്മാർ ചെയ്തുപുണ്യപ്രവൃത്തിയത്രു മേൽതരം. 68

പരമുൽകൃഷ്ടമായുള്ള പരമ്പരയൊടേററതാം
ഭരണം സവിജയം നൂനം പരിശോഭിയ്ക്കുമെത്രയും 69

ഉലകം ധനദുർഭിക്ഷ വിലയമാണ്ടതുയർത്തുവാൻ
പലരാജ്യക്കാരുമൊത്തു വിലയേറും നിരൂപണം. 70

ചെയ്തുപോരുന്നൊരിക്കാലത്തീദേശത്താഗതൻ ഭവാൻ
ഈ ദശാസന്ധിയിൻഡ്യയ്ക്കും സാദരസ്മരണാവഹം. 71

ഭാരതക്ഷ്മാതലത്തിൻെറ ഭരണത്തിൽ പരിഷ്കൃതി
വരുത്തേണ്ടുന്നകാര്യത്തെക്കുറിച്ചും ഗാഢമാംവിധം 72

തക്ക്വാദം നടക്കുന്നതിക്കാലത്താണു മിക്കതും
ഇക്കാര്യത്തിൽ ഭവാൻ സ്വാന്തമിക്കിത് ചെയ്ത പരിഷ്കൃതി. 73

ഉദാഹരണമാക്കുന്നതതിയായ പ്രയോജനം
അതുമല്ലഭവാൻ രാജപദാദശം പുലത്തിടും. 74

അതിന്നാംഗലരാജാക്കൾ നിദശം താനനുത്തമം
പൊതുവിൽ ജനനന്മയ്ക്കായ് വ്യതിയാനങ്ങളെന്നിയേ 75

അതിയാംശ്രദ്ധ; തന്നെത്താനതിൽചെയ്വൂ സമപ്പ്ണം
അതിനാലാംഗലേശൻെറ പദവിക്കു സമുന്നതി. 76

നിജസ്വാധീനശക്തിക്കൊരതിരില്ലാതെയെപ്പൊഴും
ആംഗലേശനിരിക്കുന്നു തിങ്ങുമീസ്സൽഗ്ഗുണത്തിനാൽ. .7

പുരൈവ വഞ്ചിരാജ്യത്തെപ്പുറരാജ്യ നിവാസികൾ
അറിയുന്നു മഹാലക്ഷ്മി വിളയാടും പ്രദേശമായ്. 78

നീതിയും ധമ്മവും നിത്യം നിലനില്ക്കും മഹീതലം
ശ്രീവഞ്ചിരാജ്യമെന്നുള്ള കേൾവി പണ്ടേ പരന്നതു്. 79

ഇവണ്ണം ശോഭനം കീത്തി ഭവാൻെറ ഭരണത്തിനാൽ
ഭവിക്കും പുഷ്ടമായിട്ടെന്നവിതക്കം മമാശയം. 80

ഭവാനുണ്ടാക്കിയിട്ടുള്ള ഭരണത്തിൻ വ്യവസ്ഥകൾ
ഭവിക്കട്ടേ ഭവൽകീത്തിച്ഛവിചിന്തി ജയപ്രദം. 81

നയംകാക്ഷ്യത്തോടവിരതമുരയ്ക്കുന്ന സേർ സാമുവേൽഹോർ
സ്വയം വഞ്ചിക്ഷോണീവലമഥനനേ വാഴ്ത്തിനാനത്ഥഗഭം
പ്രിയംക്രുടീ ലണ്ടൻതെരുവുകളിലേ ചിത്രവൃത്താന്തപത്ര
ക്രയത്തുങ്കൽ ചിത്രാ നൃവരവിജയസ്തോത്രഗീതപ്രശസ്ത്യാ. 82

അതിപ്രൌഢംകണ്ടാൻ തദനു കുതിരപ്പന്തയം; തത്ര ലോകോ-
ന്നതിയ്ക്കപ്പിക്കപ്പെട്ടൊരു തിരുമനസ്സാന്നിടും ചക്രവത്തി
സ്മിതത്തോടുംക്രുടിക്കുശലമുരചെയ്താത്മപിറോപകണ്ടേ
കൃതാചാരൻ വഞ്ചിക്ഷിതിരമണനേച്ചേത്തു മാനിച്ചിരുത്തി. 83

മറക്കാൻപാടില്ലാത്തൊരു ശുഭദിനംതന്നെയന്നാദ്യമായി-
ദ്ധരിത്രീചക്രേശന്നുടെ പരിചയം തമ്പുരാനൻപൊടാർന്നാൻ
വരിഷ്ഠൻ സമ്രാട്ടീക്ഷിതിരമണനും കൂട്ടുകാർക്കും യഥേഷ്ടം
ഗരിഷ്ഠം സൽകാരം മധുരലഘുഭോജ്യങ്ങളേക്കൊണ്ടുചെയ്തു. 84

ക്ഷണിച്ചു പിന്നെത്തന്നുപവനവിരുന്നിന്നു വഞ്ചീന്ദ്രനേത്തൽ
ക്കനിഷ്ഠൻതന്നോടും ജനനിഭഗിനീറാണിമാരോടുമൊപ്പം.
ഗുണജ്ഞൻ സമ്രാട്ടും നിജ രമണിയും വന്നിരുന്നാദരേണ.
സനിഷ്കർഷംചെയ്തു സുഖമതിഥികൾക്കത്രസല്ക്കാരമഗ്ര്യം. 85

ജയിപ്പൂരുവീന്ദ്രൻ ജനഹിതകരൻ തൽകപൂർത്ഥാലഭൂപൻ
നയജ്ഞന്മാരിൻഡ്യൻപ്രതിനിധികളായാഗതന്മാർ മഹാന്മാർ
ഇയററി സന്തോഷം നൃപനുപരിചയ·പ്പെട്ടു സമ്രാട്ടു പാരം
പ്രിയപ്പെട്ടീമാന്യാതിഥികളെ വിരുന്നിന്നുചേർത്തന്നമൂലം. 86

പുരാ സംഗ്രാമാർത്ഥം വിരചിതമനേകായിരം ശസ്ത്രമിപ്പോ-
ളിരിയ്ക്കും ലണ്ടൻഗോപുരമതിനെഴും ശില്പവൈചിത്ര്യമോടും.
ധരാനാഥൻകണ്ടാൻ പഴയവലുതാം ഖ്യാതി കൈക്കൊണ്ടു ലണ്ടൻ
പുരത്തേനോക്കിക്കൊണ്ടുപരിപരിശോഭിച്ചു നില്ക്കുന്നതായി. 87

നരൻ സ്രഷ്ടാവാകാൻ കരുതുകിലതും സാധ്യമാണെന്നുകാണി-
ച്ചിരിയ്ക്കുന്നു ലണ്ടൻനഗരമെഴകിൽതീർത്തമർത്ത്യസ്വരൂപം
പുരാ കീർത്തിപ്പെട്ടുള്ളവരെയതുപോലിപ്പൊഴുള്ളോരെയുംക-
ണ്ടറിഞ്ഞീടാൻപോയാൻ, തദനുനൃവരൻ, രൂപശാലാന്തരാളേ 88

പ്രവേശദ്വാരത്തിൽ പ്രകൃതിരമണീയാംഗിമാർ ചീട്ടുനൽകും
പ്രവൃത്തിക്കാരായി സ്മിതമൊടുനിരന്നുണ്ടുനില്ക്കുന്നുനേരേ
അവർക്കെല്ലാംവേഷം ശരി;പരിഹസിക്കുന്നതേക്കണ്ടുവേണം
വിവേചിപ്പാൻ,പോയി പ്രതിമയൊടു നാം ചീട്ടുചോദിച്ചിടുമ്പോൾ

നിറം വേഷം ഭൂഷാ പ്രകൃതിഘടനാരൂപഭാവങ്ങളൊക്കെ
ശ്ശരിക്കൊപ്പിച്ചല്ലോ മെഴകിലവിടെ പ്പേരുകേട്ടോരസംഖ്യം
ഇരിയ്ക്കുന്നു സൃഷ്ടിപ്പുതുമ;യിതുകളിൽ ചെയ്തോരാവേല പൂർത്തീ-
കരിപ്പാൻ നിസ്സാരം പണിമതിയിനിപ്രാണനേ വേണ്ടതുള്ളൂ. 90

തതഃശ്രീമാൻ വഞ്ചിക്ഷിതിപതിമുദാ രാജരാജാത്മജന്മാ-
ദിതീയൻ സൈന്യത്തെ ക്രമമൊട്ടു നിരീക്ഷിപ്പതേ ച്ചെന്നുകണ്ടു
പ്രതിദ്വന്ദ്വിക്കൂട്ടക്കൊലലഘുതരം ചെയ്തുസൽകീർത്തിപാട്ടം
ശ്രുതിക്കൊപ്പം രക്തംകയറി മുഖവും നേത്രവും ശോണമായി 91

മഹാരാജൻ സ്വന്തം വസതിയിലതി പ്രീതിയോടൊത്തു നാനാ
മഹാന്മാരോടൊപ്പം ഭരതധരണീ വൈസറോയിപ്രിയയ്ക്കായ്
മഹത്താംസൽക്കാരം സമുചിതതരം ചെയ്തുകൊണ്ടാൻ വിരുന്നിൽ
സഹാപത്യം കാപൂർത്തലനരപതിയും പങ്കുകൊണ്ടാൻസമോദം. 92

തരംഗൗഘത്തേയും ക്രമമൊട്ടുഭരിച്ചാംഗലന്മാർ തഴപ്പോ
ടിരിപ്പാനാക്കപ്പൽപടയുടെമിട്ടുക്കൊന്നു തന്നേ നിദാനം
ശരിക്കൊപ്പംനിന്നാ ബ്ഭടരിരുപുറം ചെയ്തോരാമത്സരത്തെ
സ്സുരിൽകാന്തപ്രാന്തക്ഷിതിപതി മുദാ കണ്ടു സന്തുഷ്ടിപൂണ്ടു. 93

'ഹെയിസ്റ്റിംഗ്സെ'ന്നുള്ളാ പ്രഭു തിരുവിതാംക്രൂമായിട്ടുപണ്ടേ
പ്രിയപ്പെട്ടിട്ടുള്ളോനതിൻസദൃശൻതന്നെ 'ഡേവിഡ്സ'നോത്താൽ
നയത്തോടൊററയ്ക്കീപ്പുരുഷമണിമാ രാതിഥേയാവകാശം
പ്രയോഗിച്ചു വഞ്ചിക്ഷിതിപതികുലം സൽക്കരിക്കപ്പെട്ടപ്പോൾ. 94

അതിൽപിന്നെക്കണ്ടാൽ നരപതിപുരാ ചേർത്തലക്കാർനടത്തു
ന്നതിന്നൊപ്പം ബ്രിട്ടീഷ്ഭടയണിനടത്തുന്നതാം വേലകേററം
ഇതിൽ തെങ്ങിൻചൂട്ടിൻകുറവു കരതലോദ്ദീപ്തദീപങ്ങൾതീർത്തു
സ്വതസ്സിദ്ധൗദ്ധത്യം ശരിയിരുവരിലും പാട്ടുബാൻഡെന്നുഭേദം. 95

ഭവിഷ്യൽ സമ്രാട്ടാലുപചരിതനായ് തമ്പുരാനംബരത്തിൽ
പ്രവൃത്തിക്കും സൈന്യം പടപൊരുവതിൻ ചട്ടവട്ടങ്ങൾ കണ്ടു.
അവക്കുത്തൂറോളം പലവിധവിമാനങ്ങളുണ്ടായിരുന്നു
സവിസ്താരാകാശം സരഭസമടഞ്ഞാഹവപ്രാഭവേണ. 96

സ്വദേശാരണ്യത്തിൽ സുലഭമിഭവും വ്യാഘ്രവും സൌഖ്യമായി
പ്രദർശിപ്പിക്കപ്പെട്ടതിവിപുലമാം ജന്തുസംഘാതശാല.
മുദാ തൃക്കൺപാർത്താൻ നൃപതി മൃഗരാജാധിവാസധ്വജാഗ്ര
പ്രതാപത്തിന്നേവം സകലമൃഗവും കീഴടങ്ങേണ്ടതല്ലോ. 97

വസന്തത്തിൽ സ്വന്തം പ്രഭുകുലമൊട്ടും മററുമൊന്നിച്ചുകൂടി
സ്സസന്തോഷം സമ്രാട്ടഴകൊടുനടത്തുന്ന സമ്മേളനത്തിൽ
അസൂയയ്ക്കന്യന്മാർക്കൊരുവഴി; വലത്താത്മപീഠോപകണ്ഠേ
വസിപ്പിച്ചു സമ്രാട്ടസുലഭപദേ വമ്പനാം തമ്പുരാനേ. 98

സജിജ്ഞാസം പ്രക്ഷേപണിയുടെ പണിപ്രാഭവം,കണ്ടു; തന്ത്രീ-
വ്രജത്താൽ ദിക്ചക്രം മുഴുവനുമിതിൽ കെട്ടുപെട്ടേ കിടപ്പൂ.
നിജാസാന്നിധ്യത്തിൻ കദനമൊഴിവാൻ ഭംഗിയിൽ തൽപ്രസംഗം
പ്രജാലക്ഷം കേൾക്കുന്നതിനതുവഴിക്കൊന്നുചെയ്താൻ നരേന്ദ്രൻ.

നരൻ പണ്ടത്തേ വാനരനതിപരഞ്ഞെത്രയും യുക്തിപൂർവ്വം
ശരീരേ ജന്തുക്കൾക്കുടയപരിണാമങ്ങളേ വേർതിരിച്ചും
പരിഷ്കാരം ലോകേ പടിപടികളായ് കേറിവന്നോരുലക്ഷ്യം
തിരിച്ചും കാണിയ്ക്കും നിരുപമതരം ശാലയേക്കണ്ടുഭൂപൻ. 100

ധരിത്രീചക്രത്തിൽ തരുലതകളേതൊക്കെയുണ്ടെന്നു നേരേ
ധരിയ്ക്കാമെന്നവണ്ണം വളരുമവയേക്കൊണ്ടുശോഭിച്ചതോട്ടം
സരസ്സംബുസ്വച്ഛം സുരഭിലസുമസ്മേര മാർാമമെന്നീ-
ത്തരത്തിൽ കാണേണ്ടുന്നവ നരവരൻ കണ്ടു സന്തുഷ്ടിപൂണ്ടാൻ 101

ഷെഫീൽഡ്.
ഇരുമ്പോററം ചൂടാലുരുകിവരവേ വാർത്തു സാമാനമോരോ-
തരം പണ്ടേ തീർക്കുന്നതിനു പുകഴന്നോടമാ മാഷ ഷെഫീൽഡിൽ.
ധരാശക്രൻപോയിസ്സകലപണിയും വ്യക്തമായ് കണ്ടു; ഹേമാ-
കരംതന്നേ ലോകത്തതു പണുതതോ കൊയ്യുവാനായുധങ്ങൾ. 102

മാഞ്ചെസ്റ്റർ
ധരേശൻ മാഞ്ചെസ്റ്റർ നഗരിയിലെഴുന്നെള്ളിനാൻ തത്ര നാനാ-
തരം വസ്ത്രം നെയ്യും തെരുതെരെ മഹായന്ത്രസംഘാതമൊപ്പം.
പരുത്തിയ്ക്കാപൊട്ടിപ്പതു മുതലലക്കോളവും വേലചെയ്യും
തിരക്കെല്ലായ്പ്പോഴും കലരുമവിടം വസ്ത്രനിർമ്മാണകേന്ദ്രം 103

ഒട്ടക്കംക്കൂടാതീയുലകിലഖിലം കോടിവസ്ത്രംകൊടുത്തി
ട്ടെട്ടുകഴന്തു കോടിപ്പവനനനുദിനം തുല്യമായുള്ളമൂല്യം
മുടക്കംക്കൂടാതേ പണിയതവിടെച്ചെയ്യുവേ ലോകമൊക്കെ-
ക്കടപ്പെട്ടേതിത്ര പെരിയൊരുപകാരത്തിനവ്വണ്ണമല്ലോ. 104

അരക്കോടി സ്വന്തംപ്രജകളുടെ സംരക്ഷകൻ കൃത്യലക്ഷ-
ത്തിരക്കോടീയന്ത്രപ്രകരമവിടെച്ചെയ്യുമാവേലകണ്ടു
തരക്കേടില്ലാതീപ്പണി തിരുവിതാംകോട്ടിനിപ്പുഷ്ടമാമെ-
ന്നറപ്പോടുള്ളത്തിൽക്കരുതി നൃവരൻ പോന്നു സൽക്കാരപൂൎവ്വം 105

നരവരനഥവീണ്ടും വന്നു ലണ്ടൻപുരത്തി-
ന്നരികിലുദധിതീരേ ബ്രൈററനിൽ കാററുമേററു
ഉരുസുഖകരകേന്ദ്രേ വിശ്രമിച്ചിട്ടു ഫേ്ാക്സ്റ്റൻ
തുറമുഖവഴിപോയാൻ ബൽജിയംനാടു കാണ്മാൻ. 106

൩൦-ാം സർഗ്ഗം.

ബൽജിയം.

ചെറിയതരമൊരമ്പെഴുന്നരാജ്യം
ചെരിവൊടുമൊട്ടു പരന്ന ഭൂവിഭാഗം
തരുനിര വളരും വനപ്രദേശം
പെരുകിയ ബെൽജിയമാജിരംഗഭൂമി. 1

ഇവിടെ നിബിഡമായ് ജനം വസിപ്പൂ
വിവിധതരം തൊഴിലോടുകൂടിയെന്നും
അവരിലധികവും കൃഷിപ്രവൃത്തി-
യ്ക്കുവരുടെ കൈയ്ക്കു കിളുത്തഴമ്പണിഞ്ഞോർ. 2

തൃണബഹുലധരാതലത്തിലെങ്ങും
ജനമൊരുപോലെ പശുക്കളേ വളൎത്തി
അനുദിനനവനീത വിക്രയത്താ-
ലനവധിവാങ്ങിവരുന്നു പൊൻപണങ്ങൾ. 3

ഇടയരവിടെയേറു മാടുമേയ്ക്കാൻ
പടുതയവൎക്കു പരമ്പരാപ്രസിദ്ധം
ഇടയിടെയവരാൽ മുറിച്ചെടുക്ക
പ്പെട്ടുമതി സാധുമൃഗത്തിനുള്ളരോമം. 4

അത്തുകളെയിഴയാക്കി നെയ്തെടുക്കു–
ന്നത്തു വിലയേറിയ കമ്പിളിത്തരങ്ങൾ
അതിശിശിരസമീപരാജ്യമൊട്ടു–
ക്കതിനവരോടു കടപ്പെടുന്നു പണ്ടേ. 5

ഖനനനിപുണരുഴിതാഴ്ത്തി "നാഗ"-
ത്തിനു കുഹരത്തിലിരിപ്പുനിർത്തിവയ്ക്കും
പുനരവരിഹ തുത്ഥനാഗലോഹ-
ക്ഖനികളിലുള്ളവ വിട്ടൊഴിഞ്ഞുപോമോ? 6

പണിപലതു നടത്തിടുന്ന യന്ത്ര-
ത്തിനു ചലനത്തിനു ശക്തിയേക്കൊടുക്കും
അനലനഹിതമായ *"കോകിലാക്ഷം"
ജനമവിടെക്കുഴിവച്ചെടുത്തിടുന്നു- 7

സ്ഫടികഫലകയന്ത്രശസ്ത്രജാല-
ത്തൊടു പല തോക്കുകളും ചമച്ചു വില്ക്കും
നെടിയതരമിരുമ്പുപാളസൃഷ്ടി–
യ്ക്കുടയമിടുക്കുമവർക്കനല്പമല്ലോ. 8

അതിനിപുണമനേകശാഖ വെട്ടി-
നദികളെയൊക്കെയൊഴുക്കിടുന്നമൂലം
അതുവഴിയുരുവിൻഗതാഗതംകൊ-
ണ്ടതുലമുയർന്നുവരുന്നു വാണിഭങ്ങൾ. 9

നെടുനെടുകെയനേകവണ്ടി പായു–
ന്നിടമതു പാളമുറച്ച പാതതോറും
ഘടിതമിവമുറയ്ക്കുകൂട്ടുന്ന രാജ്യ–
ത്തൊടു,മതുകൊണ്ടു വളർന്നു പട്ടണങ്ങൾ 10

അരചനിവിടെ രാജ്യരക്ഷചെയ്വാൻ
വിരുതുടയോൻ ജനസമ്മതൻ സ്വതന്ത്രൻ.
കര, കടല,തുപോൽ നഭസ്ഥലത്തും
പൊരുവതിനേറിയ സൈന്യശക്തിയുള്ളോൻ. 11

* കല്ക്കരി.

കൊടിയപടയുമായ് പരന്തരേസി-
ന്നുടയ മഹാനഗരം പിടിച്ചടക്കാൻ
ഝടുതി കയറിവന്ന ജർമ്മനിക്ക-
ന്നുടനടി മാറ്ഗ്ഗമടച്ചെതൃത്തുനിന്നോൻ. 12

അതുപരമുപകാരമാംഗലാദ്യ-
ക്കുതുലമ്പലത്തൊടെതൃത്തുപോരുചെയ്യാൻ
ദ്രുതമൊരു കരുതല്ലു തക്കവെണ്ണം
ധൃതിയൊടുമേററുപടയ്ക്കു ബൽജിയന്മാർ. 13

ഭരതഭുവനസൈന്യമൊത്തുവേണാ-
ട്ടരചജനങ്ങളുമാ സ്ഥലത്തുചെന്നു
അരികളൊടെതിരിട്ടുനിന്നു; പക്ഷേ
വരവതിഘോരമെതൃപ്പുപററിയില്ല 14

മദകരിസദൃശം തകർത്തു ബൽജ്യം
ക്ഷിതിയിലെഴും പല പട്ടണത്തെ ജർമ്മൻ
അധികമഹിമയുള്ളപള്ളികൾക്കും
ക്ഷതി കഴകൻകൊടിയുള്ള കൈസർചെയ്തു. 15

വെടിയുടെ പരിധിക്കകന്നകന്നാ-
യിടെയിടെയുന്നത"മാൻറുവേർപ്പ്"കോട്ട
പൊടിതവിട്ട തരിപ്പണങ്ങളാക്കി
കടുതരമാം വെടിവച്ചു ശത്രുസൈന്യം. 16

അതിനുടെ പരിഘം ഗഭീരമാകും
നദിയൊരു മൂന്നുമയില്ലു വീതികാണും
അതിനവരൊരുരാത്രി പാലമിട്ടാർ
ദ്രുതമവിടെപ്പടകേറുമാറുഘോരം. 17

പഴയമഹിമയുള്ള പട്ടണങ്ങൾ
ക്കഴകിനുകാരണമായതൊക്കെയേവം
വഴിതടയുകകൊണ്ടു നഷ്ടമാക്കി
ക്കഴിവതുമങ്ങിനെ പാഴ്‌ഭൂമിയാക്കി. 18

ഒടുവിലതുതനിക്കുതന്നെനാശം
പിടിപെടുവാനിടയാക്കി സംഗരത്തിൽ
പടുമതി നിജ പൊൽകിരീടവും വി-
ട്ടടവിലൊളിച്ചിതു കൈസറന്യനാട്ടിൽ. 19

സതിയുടെ ചുടുചാമ്പലിൽ പുരാശ്രീ-
മതിമലമങ്ക പിറന്നതിൻപ്രകാരം
പുതിയനഗരമത്ര നഷ്ടശിഷ്ട
സ്ഥിതികളെവിട്ടു കിളൎന്നുവന്നിടുന്നു. 20

ഗുണനിധി തിരുവഞ്ചിഭൂമിപൻ ത-
ന്നനുജജനത്തൊടു മമ്മയോടുമൊപ്പം
മനസികുതുകമോടു ബെൽജിയം പു-
ക്കനെവധി വിശ്രുതമായ ദിക്കുകണ്ടു. 21

പണിയുടെ രമണീയരീതി "പാരീ-
സിനു"സദൃശം വിലസുന്നരാജധാനി
രണനിഹതപുനർ വിരൂഢനാനാ
മണിഗൃഹ സുന്ദരമെന്നു തോന്നുമാൎക്കും. 22

കിസലയമൃദുലാധരീജനത്തിൻ
കസവുപണിത്തര മംബതമ്പുരാട്ടി
സുപ്രസുതരൊടുമടുത്തു കണ്ടറിഞ്ഞാ
ളസുലഭചിത്രതരങ്ങളെന്നുതയ്യൽ. 23

നെപ്പോളിയൻ കടശി ചെയ്തരണംനിമിത്ത
മല്ലേതരപ്രഥിതമാകിയ "വാട്ടർലൂവും"
ആപ്പോരിലേ വലിയ സംഭവമഗ്ര്യചിത്ര
ശില്പങ്ങളാൽ പ്രകടിതങ്ങളുമൊക്കെനോക്കി. 24

നരപതിപരിവാരത്തോടു മാബ് ബെൽജിയത്തിൽ
പെരിയവരുപചാരം ചെയ്തതിനന്ദിപൂൎവ്വം
ത്വരിതഗതിയിലോട്ടം വണ്ടിമാൎഗ്ഗേണ "ബെർലിൻ"
പുരിയിലതിമനോജ്ഞേ മന്ദിരേ ചെന്നുചേൎന്നാൻ. 25

2. ജർമ്മനി.

തരുസഞ്ചയങ്ങളിടതിങ്ങി നീലമാം
നിറമുള്ള നീണ്ട ഗഹന സ്ഥലങ്ങളേ
കരിമേഘപാളി കയറിപ്പരന്നപോൽ
ഗിരിചൂടിനില്ക്കു മത്തു ചാരുജർമ്മനി. 1

മലകൾക്കടുത്ത തടഭൂമിയെത്രയും
ഫലപുഷ്ടമത്ര നിറയുന്നമുന്തിരി
കുലതിങ്ങിയുള്ള ഫലവും വഹിച്ചതിൻ
നിലകൊണ്ടതന്നെവിലസുന്നു സുന്ദരം. 2

ഇതിലേപ്പഴങ്ങളതിരുമ്പൊഴാരസം
ച്യുതമായൊലിച്ചു പുഴയിൽ പതിക്കയാൽ
മധു പാനമത്ത സദൃശാലസങ്ങളാം
ഗതിവന്നുപോയി നദികൾക്കു കേവലം 3

അവിടംകഴിഞ്ഞു വട മേക്കു ചാഞ്ഞുചാ-
ഞ്ഞവനീവിഭാഗ മധികം പരപ്പോടേ
വിവിധങ്ങളായകൃഷികൾക്കുതക്കപോൽ
സവിധത്തിലുള്ള നദികൊണ്ടുപുഷ്കലം. 4

അതിനിമ്നമന്ദഗതിയോടിണങ്ങുമാ
നദികൾക്കകത്തു പലകപ്പലോടവേ
ഇതരപ്രദേശ മതിദൂരെയുള്ളതും
ദ്രുതഗമ്യമായി വളരുന്നു വാണിഭം. ൫

പലടത്തുമാട്ടുകൃഷി ചെയ്തുകിട്ടുമാ
വിലപെററരോമമിഹ ശേഖരിച്ചവ
നലമായിനെയ്തു പലകമ്പിളിത്തരം
ചെലവാക്കിവാങ്ങു മവരെത്രയോപവൻ. 6

ഉരുളക്കിഴങ്ങുകൃഷി ജർമ്മനിയ്ക്കു നേ-
രൊരിടത്തുമില്ല വിളവത്രവർദ്ധനം
അരിയോരുമദ്യമതു വാററിവില്ക്കുമെ-
ന്നരുതാത്തതോക്കിലവിടത്തുകാക്കഹോ? 7

പശുപാലനത്തെ വഴിപോലെചെയ്കയാൽ
കൃശമല്ലഗവ്യവിഭവാർജ്ജിതം ധനം
പശുമേയ്ക്കുവേണ്ട മിടയച്ചെറുക്കനും
വശമാക്കിടുന്നു തൊഴിലിൻെറകൌശലം. 8

ഹയരക്ഷയശ്വഹൃദയം പഠിച്ചപോൽ
നിയമേനചെയ്തു പുകളാർന്നജർമ്മനി
രയമേറിടുന്ന നിജ വാജിരാജിയാ-
ലുയരുന്നുസാദി പടദർപ്പശാലിനി. 9

ഉരമററതായ വെറുമൂഷരസ്ഥല-
ത്തൊരുപോലെനല്ല വിളകൊയ്തെടുക്കുവാൻ
അരുതാത്തതല്ല കൃഷിശാസ്ത്രതത്വമാ-
രറിയുന്നു ജർമ്മനൊടു തുല്യമൂഴിയിൽ? 10

ക്ഷണമേവയന്ത്ര കലിതം കലപ്പയാൽ
കണിശത്തിലേററ മുഴവാക്കിയൂഴിയിൽ
ഗുണമുള്ളതായവളമിട്ടു വൻകൃഷി-
പ്പണിചെയ്തിടുന്നു ഫലദായകം സദാ. 11

അണകെട്ടിയാറു തടയുന്നു, സാരണീ
ഗണമാർഗ്ഗമുള്ള കൃഷിസേചനത്തിനായ്
ഘനവർഷലോപ സമയത്തു കൃത്രിമ-
പ്പണിജർമ്മനുണ്ടു മഴപെയ്യുമാക്ഷണം. 12

വിളവിന്നു മൂപ്പുദിവസം കുറയ്ക്കുവാ-
നെളുതാണു, കമ്പിവല കെട്ടിയിട്ടവൻ
വിളവിന്നു തെല്ലു മുകളത്തു വൈദ്യുതീ
കലവിട്ടു മൂപ്പു ശരിയാക്കിവയ്ക്കുമേ. 13

ധരണീതലത്തിലുപരിസ്ഥലത്തിലേ
പെരുതായനല്ല വിഭവം ലഭിക്കിലും
വരികില്ല തൃപ്തി;യവനൂഴിമാന്തുവാൻ
കരുതുന്നു ഗുപ്തധനമിങ്ങെടുക്കുവാൻ. 14

ഖനനത്തിനേറെ വിരുതുള്ളജൎമ്മനി-
യ്ക്കൂനക്രമമാണു ധരണീതലം നിജം
അനുവേലമിങ്ങു ജനമൊത്തുകല്ക്കരി-
ക്ഖനിവേലചെയ്തു നിധി കയ്ക്കലാക്കുവാൻ 15

ഇരുകോടിഭാരമിതമായ കല്ക്കരി
ക്കൊരുകൊല്ലമുള്ള വരവെത്രയോപവൻ?
പരരാജ്യവാസിജനവും നിരന്തരം
വരുമീച്ചരക്കു വിലവച്ചെടുക്കുവാൻ. 16

കുഴിവച്ചിരുമ്പു പലടത്തെടുത്തതിൻ
പിഴതീൎത്തുരുക്കിയതു വാൎത്തുതീൎത്തിടും
അഴകേറിടുന്ന ബലമുള്ളസാധനം
വഴിയും ലഭിയ്ക്കുമവിടെസ്സുഖാധനം. 17

പല യന്ത്രശസ്ത്രഗൃഹസാധനങ്ങളും
വലുതായ പാലമതുപോലെ കപ്പലും
ഉലകം മുടിക്കുമതിനുള്ള തോക്കുമീ-
സ്ഥലവാസികൾക്കു പണിയാം ക്ഷണം ക്ഷണം 18

കളധൌതതാമ്രരജതാദിലോഹവും
വിളയുന്നഭൂമിയിതു രത്നഗൎഭതാൻ
വളരെ ശ്രമങ്ങളവിടെക്കഴിച്ചതിൻ
ഫലമായ് ഗ്രഹിച്ചു ജനമാപ്പദാൎത്ഥവും. 19

പ്രളയംകഴിഞ്ഞു ജലരാശിവററവേ
വിളവായൊരുപ്പുമലയായ് ചമഞ്ഞതോ?
വലുതായിരിക്കുമൊരു സൈന്ധവം ശിലാ-
തലമുള്ളതെന്നു ബലമായസംശയം 20

മധുരക്കിഴങ്ങു കൃഷിചെയ്യുന്നതമാ
യതു സംസ്കരിച്ചു ചിലരാസവിദ്യയാൽ
സിതയാക്കി ലോകമഖിലം പരത്തുവാൻ
മതിയായ വിജ്ഞരുടെനാടു ജൎമ്മനി 21

സ്ഫടികങ്ങളോടു കളിമൺപണിത്തരം
കടലാസു പട്ടു ജവുളിത്തരങ്ങളും
പലയന്ത്രശാലവഴിയായ് ചമച്ചുകൊ-
ണ്ടുലകത്തിലൊക്കെ യതു വിററിടുന്നതേ. 22

ചതുരംഗഖണ്ഡസദൃശം ധരാപഥേ
ദ്രുതമോടിടുന്ന പുകവണ്ടിയെന്നപോൽ
നദിതോറുമോട്ടമുരുവെത്ര? നിത്യമാ-
യിതു വാണിഭത്തിനധികം പ്രചാരകം. 23

അതിബുദ്ധി യുദ്ധനിപുണത്വമുദ്ധത-
സ്ഥിതി കൃത്യനിഷ്ഠ തുടരെപ്പരിശ്രമം
അതുമല്ല തങ്ങളുടെ നാട്ടിനേക്കുറി-
ച്ചതിരററമട്ടിലഭിമാനമാർജ്ജവം 24

വൃകസംഹതിക്കുസമമായ രഞ്ജന
പ്രകൃതി പ്രശസ്തിയിവ ചേൎന്ന നാസികൾ
ത്രികസന്ധിരക്തമുഖഭാവഭീഷണി
ത്തികവുള്ള നാഥനുടെ ചൊല്ലുകേൾക്കുവോർ. 25

പല ശാസ്ത്രതത്വമറിയുന്ന പണ്ഡിത-
ക്കലസങ്ങളായ സമയങ്ങളില്ലപോൽ
ചിലവിദ്യ മൎത്ത്യനുപകാരമാക്കുവാ-
നിളവററുചെയ്യുമവിടെപ്പരിശ്രമം. 26

ജ്ഞാനപ്രദാന ശുഭകൃത്യസമൎത്ഥമുഖ്യ-
സ്ഥാനാവകിണ്ണ പുരമണ്ഡന"ബർല്ലിന"ത്തിൽ
കാണേണ്ടകാഴ്ച നരകേസരി കൈസറിൻെറ
പീനോന്നതാത്ഭുത മനോഹരമന്ദിരങ്ങൾ. 27

സുധൎമ്മയേക്കവിഞ്ഞ ദിവ്യമായമന്ദിരങ്ങളിൽ
സ്വധൎമ്മവുംനടത്തി വാണിരുന്ന കൈസറുന്നതൻ
അധൎമ്മയുദ്ധകൌശലപ്രയോഗദുഷ്ടയോഗമാ-
ന്നധഃപതിച്ചു ഹന്ത! രാജ്യവിപ്രയോഗദുഃഖിതൻ 28

അതഃപരം സ്വതന്ത്രരാം ജനങ്ങളാത്മനാഥനേ
ഹിതത്തിനൊത്തപോൽ തിരഞ്ഞെടുത്തുയർത്തിവയ്ക്കയാൽ
അതന്ദ്രമായ് ജനാധിപത്യമത്രവേരുറച്ചു; തൽ
ക്ഷിതിയ്ക്കു മേന്മവന്നു സൽഫലങ്ങളോടുകൂടവേ. 29

അനേകധാ പരിശ്രമിച്ചുതിൻ ജന്യജന്യമാ-
മനർത്ഥസങ്കടങ്ങളും കടങ്ങളും നിരന്തരം
ജനങ്ങളൊന്നുചേൻനിന്നു വൈവസായികോന്നതി-
യ്ക്കുനാരതം ഫലപ്രദം പ്രവൃത്തിചെയ്തുനിസ്തുലം 30

വിമാനസേനമാനനീയസാദിയും പദാതിയും
സമാനമാന്യശക്തിയോടു നാവികായുധങ്ങളും
ക്രമേണവൎദ്ധമാനമാക്കി യൂക്കെഴുന്ന "ഹിററലർ"
പ്രമാണിതൻെറ ചൊല്പടിയ്ക്കുയൎന്നിടുന്നു ജർമ്മനി. 31

കാണിക്കാർ മുതലായ കാനനചരന്മാരൊക്കെയീക്കേരളേ
കാണിക്കുന്നു നിസർഗ്ഗ ജീവിതവിധം ദുർമ്മോഹനമ്മേതരം
വാനത്തിന്നടിയിൽ ചരാചര മഹാഭൂതങ്ങളേ കിംകര-
സ്ഥാനത്താക്കിയ പശ്ചിമക്ഷ്മനടുവിൽ ജമ്മൻ സദൈവാഗ്രിമൻ. 32

സ്വർല്ലോകപട്ടണസമത്തിലുയർത്തിവച്ച
ബർല്ലീൻ മഹാനഗരികണ്ടൊരു വഞ്ചിരാജൻ
ചൊല്ലിന്നുനിന്നു മമ ലോകരിവണ്ണമെത്ര
ചെല്ലുമ്പൊഴേയ്ക്കുയരുമെന്നു നിനച്ചു ഗാഢം. 33

ഒന്നിച്ചുനിന്നു പൊതുവിൽ ഗുണമുള്ളകാര്യ-
മെന്യേ വ്യഥൈവ മതവർഗ്ഗവിഭക്തരായി
അന്യോന്യനീരസകര സ്തുതി നിന്ദചെയ്തു
തന്നേ കഴിയ്ക്കുമവരാത്തെ ഴിലെന്നു നിത്യം? 34

എൻനാടു നല്ല ഫലപുഷ്ടമിതിൽ കവിഞ്ഞ
സൌന്ദര്യ്യമാ പ്രകൃതി ദേവികൊടുത്തിരിപ്പൂ
എന്നാൽ ജനങ്ങളൊരുബുദ്ധിയൊടുന്നമിച്ചു
വന്നീടുവാൻ വഴിതുറന്നു കൊടുക്കവേൻ ഞാൻ- 35

ചെന്നായ്ക്കളാടിനുടെ തോലു പുതച്ചുകൊണ്ടു
ചെന്നാടുപോം വഴിതിരിച്ചഥ കാട്ടുകേററി
അന്യായമായ് കഥകഴിച്ചിട്ടുമാത്തരക്കാ-
രെൻനാട്ടിലുണ്ടു ചിലരഗ്രിമകാപുരുഷന്മാർ. 36

ആകട്ടെ, തൽ കപടനേതൃപദം വഹിച്ചു
ലോകത്തിനുന്നതപദ പ്രതിബന്ധമായി
ക്രൂകിതെളിഞ്ഞൊരു പരാശ്രയ ജീവികൾക്കു
വൈകാതെ പക്ഷ വിധൂതിക്കളി നിത്തിവയ്ക്കാം 37

അനന്തരം നിസ്തുല കാഴ്ചബംഗ്ലാ-
വനേക ദൃശ്യോത്തമ സാധനാഢ്യം
മനസ്സിനാനന്ദകരം നൃപന്റെ
മനോജ്ഞദൃഷ്ടിക്കു വിധേയമായി. 38

സമസ്ത മൃഗപക്ഷികൾക്കുടയ മാതൃകാശാലയേ
ക്രമത്തിലവിടെത്തരം തിരിവൊടൊക്കെ നോക്കീടിനാൻ
സമത്ഥ നൃപപുംഗവൻ പ്രകൃതി സൃഷ്ടിവൈചിത്ര്യമോ-
ത്തമർത്ത്യകുലപൂജ്യനാ മഖിലനാഥനേ വാഴ്ത്തിനാൻ. 39

പണ്ടേമുതല്ക്കിതുവരെ പ്പൊരുവാൻ ജനങ്ങ-
ളുണ്ടാക്കിവച്ച പലമാതിരിയായുധങ്ങൾ
കണ്ടാൻ ക്ഷമേന്ദ്രനവയേശ്ശരിയായ് പ്രയോഗി-
യ്ക്കേണ്ടുന്ന രീതിയൊടുകൂടി യഥാഭിലാഷം. 40

മോട്ടോർവണ്ടികളനവധി
സൃഷ്ടിച്ചീടുന്ന ശാലപോയ്ക്കണ്ടു
വിട്ടീടാതേ പണിയുടെ
മട്ടുകളോരോന്നു ദൃഷ്ടിവച്ചു നൃപൻ. 41

ധാരാഗൃഹോപവന രമ്യതടാകവിഭ്രൂൽ-
സ്ഫാരാവദാന മണിദീപവിചിത്രശോഭം
സ്വാരാജ്യദുർല്ലഭ സുഖാസ്പദരാജസൌധ-
മോരോതരം നൃപതിയാദരവോടുകണ്ടു. 42

മുന്നം കിരീടപതി വിശ്രുതകൈസർ വില്യം
തന്നാത്മജാഗ്രജനിയാം യുവചക്രവർത്തി
ഇന്നോ വെറും പ്രജ; തഥാപി കുതൂഹലാത്മാ
മന്നന്നു നൽകി കുതുകം നിജ ദർശനത്താൽ 43

സംസ്കൃതവിദ്വാന്മാരുടെ
സങ്കേതം തന്നെയാ സ്ഥലസ്ഥാനം
സംസ്കൃതചിത്തൻ നൃവരനു
സന്തോഷത്തിന്നു ഹേതുവായ്ത്തീൎന്നു 44

"കാറൽസ്റുബാദി"നഥ തമ്പിയുമായ് വിമാനം
കേറിഗ്ഗമിച്ചു നരപാലകുലാവതംസൻ
ആ രാജ്ഞിമാരിരുവരും പുകവണ്ടിയൊപ്പം
കേറിത്തദേവപുരിയിൽ തരസാ ഗമിച്ചാർ. 45

മന്ദോഷ്ണമഞ്ജുള മഹൌഷധ വീൎയ്യമിശ്ര
മന്ദാകിനീസദൃശമംഗല തീർത്ഥമാടി
മന്നൻ സുഖിച്ചു "കലമാൻപുരി"യെന്ന നാമ-
മന്വൎത്ഥമാക്കുമൊരു വിഗ്രഹമുള്ളദേശേ. 46

രണ്ടാമതും സുഖനിവാസമനോജ്ഞദേശം
കണ്ടിട്ടു വണ്ടികയറി ക്ഷിതിപൻ തിരിച്ചു
പണ്ടേ പ്രസിദ്ധമല കൊണ്ടു നിറഞ്ഞ "സ്വിററ്സർ-
ലാണ്ടെ"ന്നു പേരിലുയരുന്നൊരു നാട്ടിലെത്തി. 47

സ്വിററ്സർലണ്ട്.

ആ രാജ്യത്തെപ്പലമലകളിൽ പൊങ്ങിദ്ധവളമാം
പാറക്കെട്ടിൻ സദൃശമുയരെക്കാണാം ഹിമതതി
ആരംഭിക്കും വെയിലിലിലിലുരികിച്ചാട്ടം മുഴവനും
നീരാകാതാത്തുഹിനമുരുവായ് ശൈലത്തിനു സമം. 1

ഏററം പൊക്കം കലരുമവിടം വിട്ടാഗലനഹിമം
തെററിത്തെററിജ്ഝടുതിയടിവാരത്തേയ്ക്കു വരവേ
ഊററത്തോടേ സകലതിനെയും തള്ളിപ്പൊടിതകർ-
ത്താററിൽ കൊണ്ടെക്കളയുമിതിനേപ്പേടിക്കണമഹോ! 2

വെള്ളച്ചാട്ടം വളരെ വളരെയുണ്ടുക്ക്യാവരുമയ-
ന്നല്ലേ ശൈലം പുനരതിലെഴം വിദ്യുൽകലകളാൽ
എല്ലായ്പ്പോഴും പല പണികളും ചെയ്യാമെവിടെയും
ചെല്ലും; കമ്പിപ്രകരമതിനായ് കേന്ദ്രേ സുഘടിതം. 3

ലന്തക്കാരാപ്പവനഗതിയാൽ ചെയ്യിക്കുമതുപോ-
ലെന്തായാലും പണിയിവിടെയിട്ടുക്തിക്ക സുശകം
സ്വന്തം നാട്ടിൽ സുലഭവിഭവം സ്വിസ്ജാതി പതിവായ്
യന്ത്രംകൊണ്ടേ വ്യവസിതചരക്കാക്കും സമുചിതം. 4

ദ്രാക്ഷാമദ്യം സുലഭമിവിടെത്തെക്കുള്ള പലട-
ത്താക്ഷേപം വിട്ടനവധിഫലം കിട്ടും കൊടികളിൽ
ഭക്ഷ്യം ധാന്യം വിളയുമവിടം നിസ്സാരമിഹ ഗോ-
രക്ഷയ്ക്കൊക്കും തൃണബഹുലമാം ദിക്കുണ്ട വളരെ 5

സാന്ദ്രക്ഷീരം വെളിയിലധികം വില്ക്കുന്നു ഘനമായ്
തന്നേ ദുഗ്ദ്ധം വിരചിതമതും വാങ്ങുന്നു പലരും
എന്നാൽ പട്ടും ജവുളിയുമവർക്കുണ്ടാക്കിവിടുവാ-
നൊന്നുംതന്നേ വിഷമതവരുന്നില്ലെന്നറിയണം. 6

യൂറോപ്യന്മാർ പലരുമവിടെച്ചെല്ലുന്നു പതിവാ-
യാരോഗ്യാർത്ഥം, സരസസരസം കാഴ്ചയ്ക്കുമതുപോൽ
കേറിപ്പോകാം കൊടുമുടികളിൽ ക്രീഡയ്ക്കു; ശുനക-
ന്മാരോടിക്കും വഴവഴെ ഹിമേ തെന്നുന്ന ശകടം. 7

ഉത്തുംഗാദ്രിക്കൊടുമുടികളിൽ കേറുന്ന ശകടം
വിദ്യുച്ഛക്തിയ്ക്കിതിലുമധികം ചെയ്യാൻ വിഷമമോ?
തീർത്തിട്ടുണ്ടാം ബഹുകരുതലായ് ചക്രപ്രധികളിൽ
പ്രത്യേകം പല്ലി,നി വഴുതുമോ കേറുന്ന ശകടം? 8

ഓടിച്ചീടാം മലമുകളിലേക്കായൽത്തിരകളിൽ
ക്രീഡാനൌകം പലതു പരമാനന്ദപ്രദമഹോ!
കൂടെക്കൂടെസ്ഫടികസദൃശം വെള്ളത്തിലിളകി-
ച്ചാടിത്തത്തും തടതരുകുലംപോലും നിഴലുപോൽ. 9

ദൂരം കാതടചിതയമചലം വേധിച്ചു, ശകടം
കേറിപ്പായും വലിയ കുഹരം നിമ്മിച്ചു വളരെ
ആ രാജ്യത്തിന്നിതരധരണീചക്രത്തോടു സമം
ചേരാറാക്കീ സതതമുയരും വാണിജ്യനിലയിൽ. 10

"ലൂസേൺ" നാമാങ്കിതമൊരു പുരേ നല്ലൊരു സദനേ
വാസം ചെയ്താൻ തദനു ഗുണവാൻ വഞ്ചിക്ഷിതിപതി
ഭൂഗർഭത്തിൻ വിഭവബഹുലം കാഴ്ചസ്ഥലവുമാ-
ലോകം ചെയ്താൻ നഗരവുമതിൽ കാണേണ്ട വകയും. 11

പീലാത്തോസെന്നറിയുമചലാത്യുച്ചസ്ഥല;മതിൻ
മേലോട്ടാലക്തികത കയറിപ്പായിച്ച ശകടേ
ബാലൻഭൂപൻ സഹചരരൊടും പുക്കാനവിടെനി-
ന്നാലോകം ചെയ്തിതു ചഴലുമാലോകത്തെയഖിലം 12

ലീലാലോലൻ തരുണപവനൻ നീന്തുന്നതിനിട-
യ്ക്കോളംതള്ളും സ്ഫടികസദൃശം വെള്ളത്തിലരചൻ
നീളെക്കണ്ടാൻ ചെറിയൊരുരുവിൽക്കേറി പ്രതിഫലി-
ച്ചാലക്ഷിക്കപ്പെട്ടവതു തടാകത്തിൻെറ കരകൾ. 13

"ഇൻറർലോക്കൺ" നഗരമചലംകൊണ്ടാവൃതമതും
കണ്ടാനാൽപ്സിൻകൊടുമുടിയുമാത്തിവണ്ടികയറി
പണ്ടേ "ജുംഗ്ഫ്രോ" തുഹിനനിബിഡം തത്രത്യ ശുനക-
ക്കുണ്ടത്യന്തം പുണയവ സദാ വണ്ടിക്കുതിരകൾ. 14

സാരമേയയുഗനീതവാഹനം
കേറി വഞ്ചിവസുധാ പുരന്ദരൻ
സ്ഫാരസന്തതതുഷാരവീഥിയിൽ
ഗൌരവത്തൊടെഴുന്നെള്ളി ലീലയാ. 15

ബ്ലാണേന്ന തസ്കരനെടുത്തൊരു സാധനത്തെ
ക്കോണിക്കുമാക്കപടവൃത്തനെ വിട്ടയയ്ക്കാ
ദിനാന്തകമ്പി ശുനകൻ പഥികൎക്കു മഞ്ഞു-
വീണന്തകാലമണയായ്കതിനാപ്തബന്ധു. 16

തത്താദൃശോത്തമകൃതജ്ഞമൃഗം വിശേഷ-
ബുദ്ധിക്കുമഗ്ഗരവരാദരവോടുകൂടി
പൃത്ഥ്വീന്ദ്രവാഹനമതാത്തുഹിനാചലത്തി-
ലുത്തിഷ്ഠദിക്കുകളിലൊക്കെ നയിച്ചു സൌഖ്യം. 1

ആ മഞ്ഞുകട്ടയുടെ മേൽക്കയറിക്കളിച്ചു
സാമത്ഥ്യമോടുമതിനുള്ള ചെരിപ്പണിഞ്ഞു
വ്യോമംകഷാദ്രിവരശൃംഗവിഹാരശീലം
ഭൂമീപതിക്കിതിനുമുമ്പു ലഭിച്ചപോലെ. 18

യാമംകൊണ്ടൊരുനൂറുകാതമകലെപ്പായുന്ന ബോട്ടിൽ സ്വയം
ശ്യാമാംഭസ്സു നിറഞ്ഞ കായലിലെഴുന്നെള്ളീ മഹീപാലകൻ
സാമാന്യാധികസുന്ദരപ്രകൃതിവൈചിത്ര്യം പ്രകാശിക്കുമാ
സീമാവിൽ കൃതവീക്ഷണന്നതു സിനിമാപ്രായമായ്ത്തോന്നവേ.

അനാവശ്യമായന്യരാജ്യാക്രമത്തി-
ന്നനങ്ങുന്നതായാൽ പിണങ്ങും വിധത്തിൽ
ജനീവാപുരം "സർവ്വരാഷ്ട്രീയസഖ്യം"
ജനിപ്പിച്ച കീർത്തിദ്രുമൈകാലവാലം 20

ആ സ്ഥാപനത്തൊടുലകിൽ തൊഴിലാളികൾക്കു
പ്രത്യേകമായ സഭയുണ്ടു യഥാനുബന്ധം
തത്രൈവ വഞ്ചിനൃവരപ്രജകൾക്കുകൂടി-
യുദ്യോഗമുള്ളതു നമുക്കഭിമാനഹേതു. 21

ഉല്പാദകക്കരവരീത്തിരുമേനിമാരേ-
യല്ലേതരാദരവൊടൊത്തെതിരേറ്റുകൊണ്ടാർ
ആപ്പട്ടണത്തിലതികൌതുകമുള്ളതെല്ലാം
താല്പര്യമോടു നരപാലകദൃഷ്ടമായി 22

ജനീവാത്തടാകാന്തികത്തുണ്ടു വെള്ളം
മനോമോഹനം ഹന്ത! മാലിന്യഹീനം
ജനം തജ്ജലം ശേഖരിച്ചന്യദിക്കിൽ
പണം വാങ്ങി വില്ക്കാനയയ്ക്കുന്നുപോലും. 23

ഘടികാരപ്പണിനിപുണ-
ക്കുടയൊരു രാജ്യം വെടിഞ്ഞണഞ്ഞു നൃപൻ
ഝടിതി പുരാണപരിഷ്കൃതി
പട്ടുമുളയായിക്കിളുത്തൊരിററലിയിൽ. 24

4. ഇററലി.

മിലാൻ ഉക്രുലവ്യവസായകേന്ദ്ര-
സ്ഥലം, കലാവിദ്യകളാൽ പ്രശസ്തം
വിലോകനം ചെയ്തു സുഖേന മന്നൻ
വളന്നോരാപ്പട്ടണഭംഗിയോടും 1

ഇരുമ്പുരുക്കിപ്പല ശസ്ത്രജാലം
നിരന്തരം തീർത്തുവരുന്ന ശാല
പുരത്തിനുൽകൃഷ്ടത മേല്ക്കുമേലേ
വരുത്തിയുംകൊണ്ടു വളർന്നിടുന്നു. 2

അനേകഗൃഹ്യവ്യവസായലബ്ധം
മനോഹരം സാധനമിപ്രദേശേ
പ്രദർശനംചെയ്തതു ചെന്നു കണ്ടാൻ
സ്വദേശനന്മയ്ക്കു കൊതിച്ച ഭൂപൻ. 3

മരത്തിലും ചൂരലിലും വിചിത്രം
പെരുത്ത നാനാഗൃഹസാധനങ്ങൾ
നിരത്തിയാശ്ശാല നിറച്ചു കാണി-
ച്ചിരുന്നു; കൈവേല നമുക്കുമാകാം. 4

അനന്തരം കച്ചവടപ്രസിദ്ധം
മനോഹരം ദ്വീപസമൂഹരൂഢം
കനീയസീദ്വാരകയെന്നു തോന്നും
"വെനീസി"ലെത്തീ വരവഞ്ചിരാജൻ. 5

വെളുത്തു നന്നായി മിനുത്തു തൊട്ടാൽ
കുളുത്തിരിക്കും ശിലകൊണ്ടുതന്നേ
വളച്ചു നിർമ്മിച്ചൊരു നീണ്ട പാലം
വളർത്തി വഞ്ചീന്ദ്രനു കൌതുകത്തെ. 6

വിശേഷമായ്ക്കപ്പലുകൾക്കു പോകാ-
നശേഷവും തത്ര തടസ്സമെന്യേ
വിശാലഗംഭീരതയുള്ള തോട്ടിൻ-
വശങ്ങളിൽ തിങ്ങിയതാപണങ്ങൾ. 7

ക്ഷിതീശ്വരൻ ബോട്ടുവഴിക്കു തോട്ടിൽ
ഗതാഗതം ചെയ്തു കുതൂഹലേന
അതിന്റെ തീരങ്ങളിലേ വിശേഷം
സ്വദർശനത്തിന്നു വിധേയമാക്കി. 8

പുരാണദേവായതനങ്ങളേയും
നരാധിപോന്നമ്രഗൃഹങ്ങളേയും
നിരക്കെയാത്തോട്ടിനകത്തു ബിംബി-
ച്ചിരിക്കുമാസ്സൗധഗണങ്ങളേയും 9

മനോഹരം ചിത്രഗണങ്ങളേക്കൊ
ണ്ടനോപമാലംകൃതശാലയേയും
മണത്തരിക്കൂട്ടമുരുക്കിവാർക്കും
പണിക്കു ചൊല്ലൊങ്ങുമെടുപ്പിനേയും. 10

അതന്ദ്രമായ് ദുർല്ലഭസാധനൗഘം
പ്രദർശനം ചെയ്തൊരു ശാലയേയും
പ്രധാനമായുള്ളവയേയുമെല്ലാം
ക്ഷിതീശ്വരൻ കണ്ടു മനസ്സിരുത്തി. (കുളകം) 11

വെനീസു വിട്ടാ പ്പുകവണ്ടിയേറി
പുനഃ ക്ഷിതീന്ദ്രൻ സുഖയാത്രചെയ്തു
അനർഘറോമാനഗരത്തിലെത്തി
മനോജ്ഞമാം മന്ദിരമാർന്നിരുന്നാൻ. 12

ധരിത്രിയിൽ ക്രിസ്തു പിറന്നതിന്നും
ശരത്തുമുന്നൂറിനു മുമ്പു തന്നെ
ഉരത്ത സാമ്രാജ്യമിരുന്ന റോമാ-
പുരത്തിലാസ്ഥാനമുറച്ചു കീർത്ത്യാ. 13

ധരാതലത്തിൽ ജനമേതുടിക്ക-
ന്നറിഞ്ഞു വെന്നാലതു കീഴ്പെടുത്തി
ഭരിച്ച സാമ്രാജ്യമതന്നു നാട്ടിൽ
പരിഷ്കൃതിക്കററു പരിശ്രമിച്ചു. 14

അടക്കിയാബ്ബർബരരാജ്യമെല്ലാം
നടത്തിയാർ കച്ചവടങ്ങളെങ്ങും
കടല്ക്കുമേൽ നിർഭയകപ്പലോട്ടം
മുടക്കമില്ലാതെ നടത്തിവന്നു. 15

വിദേശരാജ്യത്തൊടു പോരിനായി
സദൈവ സൈന്യങ്ങളെ നിത്തിവന്നു
അതിന്നു മിററാലിയരാം ജനത്തി-
ന്നതീവകീത്തിക്കു നിദാനമായി. 16

നിരന്തരം മുന്തിരി നട്ടു നാട്ടിൽ
പരന്നു മൃദ്വീകവിശേഷമദ്യം
സരിൽപ്രവാഹപ്രമദപ്രദേശം
നിരക്കവേ നെൽകൃഷി പൊങ്ങിവന്നു 17

ഒലീവുവൃക്ഷം കൃഷിചെയ്തതിൻെറ
ഫലത്തിൽനിന്നെണ്ണയെടുത്തുപോന്നു
വിലയ്ക്കൊലീവെണ്ണ പുറത്തു വില്ക്കും
സ്ഥലത്തുവച്ചിററലി മുൻപിലിന്നും 18

ചിരം പരിഷ്കാരനിധാനമായി-
ട്ടിരുന്ന സാമ്രാജ്യമധഃപതിച്ചു
ശരിക്കു പക്ഷേ നിലനിന്നു റോമാ-
പുരത്തിനുൽകൃഷ്ടത മേല്ക്കുമേലേ. 19

അതിപ്രശസ്തോന്നത കത്തോലിക്കാ
മതാധിപാസ്ഥാന മിതാകകൊണ്ടും
സ്വതന്ത്രരിത്താലിയരെ ബ്ഭരിയ്ക്കും
ക്ഷിതീന്ദ്രവാസസ്ഥലമാകകൊണ്ടും 20

ഉരുക്കളോട്ടന്നു കഴിഞ്ഞൊരാററിൻ-
കരയ്ക്കു സപ്താദ്രിപരീതമായി
തിരക്കെഴും കച്ചവടത്തിനേക്കാൾ
ചരിത്രസമ്പത്തു ലഭിക്കകൊണ്ടും 21

നിരന്തരം ലോകമശേഷമിപ്പോൾ
പരന്ന ക്രൂസ്ത്യാനിമഹാജനത്തിൽ
പെരുത്ത സംഖ്യാബലമുള്ള ലോകം
വരുന്ന പുണ്യസ്ഥലമാകകൊണ്ടും 22

സനാതനം പട്ടണമെന്നുതന്നേ
ജനങ്ങളാൽ കീത്തിതമാണു റോമാ
അനേകദേവാലയമുണ്ടു ചിത്ര-
പ്പണിക്കു പണ്ടേ പുകളാന്നതായി. 23

(കലാപകം)

സ്വശിഷ്യരിൽ ക്രൂസ്തു തിരഞ്ഞെടുത്ത
വിശുദ്ധ പത്രോസുമുതൽ തുടന്നു
പ്രശാന്തമായ് ക്രൂസ്തുമതാധിപത്യ
പ്രശസ്തി മാപ്പാപ്പ സദാ വഹിപ്പു. 24

അണിഞ്ഞിരിക്കുന്ന കിരീടമൂരി-
ക്കുനിഞ്ഞുടൻ മുട്ടു നിലത്തു കുത്തി
വണങ്ങിടുന്നു പല ചക്രവത്തി-
ജനങ്ങളും താദൃശനാണു പാപ്പാ 25

ധരിത്രിയിൽ ക്രൂസ്തുവിനേകനായി-
ട്ടിരിക്കുമേഷ പ്രതിപൂരുഷൻെറ
കരത്തിലാ സ്വർഗ്ഗകവാടമമ്പിൽ
തുറക്കുവാനുണ്ടു സുവണ്ണതാക്കോൽ 26

പ്രമാദമൊന്നും വരികില്ലയെന്നും
പ്രമാണമാം ചൊല്ലുവതൊക്കെയെന്നും
അമാനുഷപ്രാഭവമുള്ളതായ് തൽ-
പുമാനെ വാഴ്ത്തുന്നു തദീയലോകം 27

യതിവ്രജത്താൽ പരിസേവ്യനാമാ-
മതാധിനാഥൻെറ നിവാസഗേഹേ
ക്ഷിതീശ്വരൻ ചെന്നിതു കർത്തിനാള-
പ്രധാനിചെയ്തോരുപചാരപൂർവ്വം 28

അനന്തരം പാപ്പയെ വിശ്വസിക്കും
ജനങ്ങളേവം ക്ഷിതിതന്നധീശൻ
ഗുണജ്ഞസന്ന്യാസിഗണാഗ്രഗണ്യൻ
തനിക്കു, സന്ദർശനപാത്രമായി. 29

വരാതിഥേയാതിഥികൾക്കു യുക്തം
പരസ്പരം ചെയ്തു തതോപചാരം
മരന്ദബിന്ദുക്കളെയെന്നവണ്ണം
ചൊരിഞ്ഞു സംഭാഷണവാണി തമ്മിൽ 30

മനോഹരം പള്ളി തുടങ്ങി മേന്മേൽ
ഗുണപ്രദസ്ഥാപനകീർത്തിപൊങ്ങി
തനിക്കു കീഴ്പെട്ടവരായി വേണാ-
ട്ടനേകലക്ഷം ജനമുള്ളതായും 31

അവക്കു രാജ്യത്തു മതം നിമിത്തം
ഭവിക്കുമാറില്ല ഞെരുക്കമെന്നും
അവസ്ഥയാബ്ഭാരതഭൂവിഭാഗ-
ത്തിവണ്ണമല്ലെന്നുമറിഞ്ഞു പാപ്പാ 32

മതസ്വതന്ത്രപ്രജകൾക്കു നന്മ-
യ്ക്കുതന്ദ്രയത്നം മുറപോലെ ചെയ്യും
ക്ഷിതീന്ദ്രനിൽ പ്രീതി കലൎന്നു ചെയ്താൻ
സുദുർല്ലഭം ഭവ്യമനുഗ്രഹങ്ങൾ. 33

ചരിത്രകാലത്തിനുമപ്പുറത്തേ
പ്പരിഷ്കൃതിത്തോതു കുറിച്ചിരിക്കും
പുരാതനം രാജഗൃഹങ്ങൾ കണ്ടാൻ
നരാധിപൻ ചിത്രഗൃഹങ്ങളേയും. 34

യുവാക്കളേക്കായികവിദ്യ ചെയ്തി-
ച്ചുവക്കു പൂർണ്ണം പുരുഷത്വമേകും
വ്യവസ്ഥയുണ്ടാക്കി "മുസോലിനീ"തി
പ്രശസ്തനിററാലിയജാതി നേതാ 35

ഇവണ്ണമഭ്യാസബലം കൊടുക്കും
നവീനമാമാക്കളരിപ്പയററും
നൃവീരനാനന്ദമിയററി; നാട്ടാ-
ക്കവശ്യമാവശ്യമിതെന്നു തോന്നി. 36

'സ്കൗട്ടി'തി ഖ്യാതജനോപകാര-
പ്രവർത്തനപ്രേരിതമായ സംഘേ
യുവാ നൃപൻ ചേർന്നു മുമ്പുതന്നെ
വ്യവസ്ഥ നന്നെന്നു നിനയ്ക്കുമൂലം. 37

യുവാക്കളിററാലിയരീവിധത്തിൽ
പ്രവൃത്തി ചെയ്യുന്നൊരു പാളയത്തിൽ
സ്വവേഷമൗവ്വണ്ണമണിഞ്ഞു ചെന്നി-
ട്ടവസ്ഥയെല്ലാമഴകോടു കണ്ടാൻ. 38

സമൃദ്ധിയായ് മൽബെറിവൃക്ഷമെങ്ങും
ക്ഷമാതലേ കണ്ടു വഴിക്കു മന്നൻ
അമന്ദമാ വൃക്ഷദലം ഭുജിക്കും
ക്രമേണ വർദ്ധിച്ചുവരുന്ന കീടം. 39

അസംഖ്യമേവം പുഴ തിന്നു ചീർത്താൽ
സ്വസൃഷ്ടമാം കൂട്ടിനകത്തുറങ്ങും
വിസത്തിലേപ്പോൾ മൃദുവായ നൂലാൽ
സസൗഖ്യമാക്കൂടു ചമച്ചതല്ലോ. 40

ജനങ്ങളിക്കൂടുകളെപ്പെറുക്കി-
സ്സുനിർമ്മലം നൂലതഴിച്ചു ചുററി
പുനശ്ച നല്ലോരിഴയാക്കി നെയ്യും
മനോജ്ഞ കൌശേയമനർഗ്ഘമത്രേ. 41

നിരന്തരം മൽബെറി നട്ടു പട്ടീ-
ത്തരത്തിലുണ്ടാക്കിയയച്ചു നിത്യം
പരം ധനം വാങ്ങിട്ടമിററലിക്കാർ
പുരൈവ പട്ടാംബരവത്തകന്മാർ. 42

ഇതേമരത്തിന്നരി * "പട്ടകന്നി"ൽ
വിതച്ചപോൽ പണ്ടു വിശാഖമന്നൻ
അതിന്നമേലാകൃഷികാര്യമന്ത്രി-
ക്കിതിൽപ്പരം ദൃഷ്ടിപതിഞ്ഞിരുന്നു- 43

പ്രദർശനംകൊണ്ടുമനേകദിക്കിൽ
പ്രസംഗമോടാ ലഘുലേഖകൊണ്ടും
പ്രയത്നമന്ന്യാദൃശമായ് നടത്തി
പ്രവൎത്തി നാട്ടാൎക്കു കുറഞ്ഞുപോയി. 44

ഇനി സ്വദേശത്തു മുടക്കമെന്ന്യേ
ജനങ്ങളേ വീണ്ടുമുണൎത്തി വേഗം
അനൎഗ്ഘമാം പട്ടുകൾ നെയ്തു കാണ്മാൻ
നിനച്ചു ഗാഢം നൃപവംശരത്നം. 45

"മൂസോലിനി" പറഞ്ഞിട്ടും വചനമാചരിച്ചിററലി-
ക്കസംഖ്യമുണ്ണമൊന്നിനൊന്നവിടെ വന്നുയൎന്നു ജനം
അസൂയബദ്ധനാട്ടുകാൎക്കവരൊട്ടുതഭവിക്കുംവിധം
പ്രസിദ്ധിയൊട്ടു ശക്തിയും ധനവുമൊപ്പമുണ്ടായിപോൽ. 46

നരപതിയഥ "നേപ്പിൾസെ"ന്നു ചൊല്ലൊങ്ങുമോരാ-
ത്തുറമുഖമതിലെത്തിത്തത്ര സൌഖ്യം വസിച്ചു
പെരിയ നഗരമോടാക്കാഴ്ച്ചബംഗ്ലാവുമല്ലേ-
തരമവിടെയടുക്കും കപ്പലും കണ്ടു മോദാൽ. 47

അന്തൎഹിതാഗ്നി പിടിപെട്ടുരുകിക്കിടക്കും
ഗന്ധദ്രവം നിറകെയുള്ള "വിസൂവിയസ്സി"ൽ
പൊന്തുന്നതായ പുക സന്തതമായ് സമന്താൽ
ചിന്തുന്ന ദിക്കിനൊട്ടു രാഗമുദിക്കയുണ്ടോ? 48

* തിരുവനന്തപുരത്തുള്ള ഒരു സ്ഥലം.

മുൻപെത്രയും കീത്തി വളത്തിവന്ന
"പോമ്പേ" പുരം തീരെ വെളുത്തുപോയി
അമ്പോ! ജ്വലൽപാവകഗന്ധകൌഘം
പമ്പാനദിക്കൊപ്പമതൊക്കെ മുക്കി. 49

നശിച്ച നഗരത്തെയും പുക വമിച്ച ശൈലത്തെയും
നരാധിപതി കണ്ടു തൽപ്രകൃതി ശക്തിയേയും സ്വയം
തിരിച്ചു പുനരാമഹൽതുറമുഖത്തിലെത്തിത്തദാ
നിരീക്ഷണരതൻ നൃപൻ പവിഴശാല നോക്കീടിനാൻ 50

വണ്ടിമാർഗ്ഗമഥ വഞ്ചിവാസവൻ
ബ്രിണ്ടിസിത്തുറമുഖത്തിലെത്തിനാൻ
കണ്ടു തൽപുരി; പുനഃ കരേറിനാൻ
"കോണ്ടിവേർഡി"തി പുകഴ്ന്ന കപ്പലിൽ. 51

തിരിച്ചെഴുന്നെള്ളത്ത്.

മുന്നം കേറിയിരുന്ന കപ്പലിതിലും കൊച്ചായിരുന്നു; സുഖം
തന്നെ യാത്രയിതിൽ കുറച്ചധികമെന്നോത്താൻ ധരിത്രീപതി
തന്നുള്ളത്തിലനാരതം തിരുവിതാംകൂറോട്ടു കൂറേറുമാ-
മന്നൻതൻെറ മനോരഥാനുസരണം പോരുന്നതത്രേ സുഖം. 1

ഭൌതികമോഹമയാമയ
ബാധിതദേശം വെടിഞ്ഞു വഞ്ചിനൃപൻ
പൂതാധ്യാത്മികഭാരത
മാതൃപദം കൂപ്പി "മോഹമയി"നഗരെ 2

തിരിച്ചു ബോംബാനഗരത്തിലെത്തും
നരേന്ദ്രനെച്ചെന്നെതിരേറ്റു ഭക്ത്യാ
പുരത്തിലുള്ളോരണിയിച്ചു ഹാരം
മരന്ദനിഷ്യന്ദിസുമോപഹാരം 3

അന്നു രാത്രിയവിടുന്നു തിരിച്ചു
മന്നവൻ നിജകുലത്തൊടു സൌഖ്യം
വന്നുചേർന്നു മദിരാശിയിലപ്പോൾ
ചെന്നു കൂപ്പി ബഹുമാന്യജനങ്ങൾ. 4

പാരമ്പര്യവഴിയ്ക്കു ദാരപരിശുദ്ധാത്മാക്കളായ് വേദിയ—
ന്മാരായ് ധിക്കൃതഭൌതികോന്നതികളായ് യാഥാസ്ഥിതന്മാരുമായ്
സൈ്വരം വാണരുളുന്ന നമ്പൂതിരിമാർപോലും മഹീപാലനേ
പ്പാരം വാഴ്ത്തി മഹാസമുദ്രതരണം ചെയ്തിങ്ങെഴുന്നെള്ളവേ. 5

നമ്പൂരിമാരുടയ മംഗളപത്രമൊന്നു
മുമ്പേ കൊടുത്തു മുറപോലതു മുഖ്യമല്ലോ
പിൻപെത്ര മംഗളവചോമയപത്രമന്നു
വൻപാർന്ന തൽപുരനിവാസിജനം കൊടുത്തു 6

എല്ലാവരോടുമുചിതജ്ഞമഹീമഹേന്ദ്ര
നുല്ലാസമാർന്നു മതിമാത്രകൃതജ്ഞനായും
ചൊല്ലീടിനാൻ മധുരവാക്കു ചെവിയ്ക്കുകത്തു
ചെല്ലുമ്പൊഴെത്ര സുഖദം മധുരാശിപോലെ. 7

മുന്നേ വഞ്ചിവസുന്ധരയ്ക്കു വിരഹംകൊണ്ടെത്രയോ സങ്കടം
തോന്നിത്തന്നെ ദിനം കഴിഞ്ഞു മഴയോ വർഷിച്ചതന്നശ്രുവോ;
അന്നന്നീത്തിരുമേനിമാരുടെ സമാചാരങ്ങളേപ്പററിയീ
മന്നിൽ കിട്ടിയിരുന്ന പത്രികകളേജ്ജീവാതുവായെണ്ണിയാൾ. 8

കാറും‌കോളുമിളക്കിയിട്ടതിരുവിട്ടാക്കിള്ളിയാറും ക്ഷണം
കേറിച്ചാലയിലത്ര രാജവിരഹേ ശ്രീവഞ്ചി മൂകംവിധം
നേരേറിപ്പുവിനേക്കറുക്കി പെരിയാറാം‌വാഹിനിക്കുള്ളതിൽ
പാരം ദർപ്പമിയന്നു കേവലവരട്ടാറിന്നുമെന്തത്ഭുതം? 9

കള്ളക്കർക്കടകം കഴിഞ്ഞു പുനരിങ്ങോണം വരാൻ മൂലമായ്
ചൊല്ലുന്നുണ്ടു മഹാബലിക്കു മലയാളക്കാഴ്ചയെന്നൊന്നഹോ!
കൊള്ളാ! മാരു പഴങ്കഥയ്ക്കു വിലവച്ചീടുന്നു ശീമയ്ക്കു പോ-
യുല്ലാസത്തൊടു വഞ്ചിവാസവനെഴുന്നെള്ളുന്നതോണം നവം. 10

നന്നായ് വാസകസജ്ജികയ്ക്കു സദൃശം ശ്രീവഞ്ചിദേവി സ്വയം
പൊന്നിൻപൂക്കളണിഞ്ഞു നിർമ്മലതരം ചാർത്തീടിനാളംബരം
എന്നല്ലാ നിജനായകാഗമപഥംപോലും സുമാസ്തീർണ്ണമായ്
തീർന്നപ്പോൾ പറയേണമോ പുനരലംകാരപ്രയോഗങ്ങളേ? 11

നവോത്തരശതത്തിനോടൊരുസഹസ്രമാണ്ടാകവേ
നവീനസമ പെററൊരാപ്പുലകഴിഞ്ഞതിൻ പിററനാൾ
അവർണ്ണ്യമഖിലപ്രജോത്സവകരൻ സുധാഭാനുപോൽ
സ്വവഞ്ചിധരണീതലേ തിരികെ വന്നു വഞ്ചീശ്വരൻ. 12

ഗുണശാലിനിയംബതമ്പുരാട്ടി
തനയന്മാരൊടുമാത്മപുത്രിയോടും
കനിവാന്നെഴുന്നള്ളി മൂലശക്തി
തനുരൂപത്രിഗുണത്തൊടൊത്തപോലെ. 13

അവിതർക്കിത സാത്വികൻ നരേന്ദ്രൻ
യുവരാജാവു രജോഗുണപ്രധാനി
നവനീരദനീലകേശപാശ
ഛവിയേ താമസലക്ഷണം സ്വസാവിൽ. 14

റിപ്പുസുൽത്താനെയും കൂട്ടരേയും പുരാ
വീർപ്പുമുട്ടിച്ചതാമാഴുവായാററിലും
മൂപ്പു കാണിച്ചൊരാക്കിള്ളിയാർ കേറിയാ-
ദുഷ്പ്രവാഹാർദ്രിതം കണ്ടു ശേഷാലയം. 15

സാധുലോകങ്ങളിൽ കർക്കശം വഷൾദുർ-
ബാധയേറോർക്കുടൻ നൾകിനാൻ രക്ഷകൾ
സാധുവാകും വഴിക്കല്പമായിക്കരം
നീതിമാൻ ഭൂമിപൻ നിർത്തലാക്കീടിനാൻ. 16

തീണ്ടലെന്നുള്ളവാക്കർത്ഥമില്ലാതെയാ-
ക്കേണ്ടതിന്നാജ്ഞയും നൾകിനാൻ മന്നവൻ
പണ്ഡിതാരെങ്കിലും വച്ചവൻ മൂഢനെ-
ന്നുണ്ടു കാണുന്നു സാമീപ്രകാശത്തിനാൽ. 17

പ്രാഭവോത്സാഹമന്ത്രങ്ങളീമൂന്നിലും
ഭൂപനന്യൂനമാം ശക്തിയുണ്ടാകയാൽ
ശോഭനം ഭാവികാലം നമുക്കെത്രയും
ശോഭയോടേ നൃപൻ നാടുവാണീടവേ. 18

പള്ളിക്കെട്ടിൻ്റെ ആലോചന.

രാജഹംസോല്ലസന്മന്ദസഞ്ചാരിണീ
രാജവംശത്തിലിന്നിന്ദിരാസന്നിഭാ
യോജനീയാ സ്വസാ, സൽഗുണാരാമമായ്
രാജമാനൻതന്നോടെ,ന്നുറച്ചാൻ നൃപൻ. 19

പരസ്പരാകർഷകതുല്യരൂപം
തരപ്പടിക്കുള്ള വയസ്സിണക്കം,
സ്ഥിരാനുരാഗം കുലശുദ്ധി, ശീലം
ശരാശരിക്കുള്ള വധൂവരന്മാർ. 20

വിവാഹബന്ധത്തിനു യോഗ്യരെന്നാ-
ലവർക്കൊരാത്മാവു; യുഗം ശരീരം
ഇവണ്ണമുദ്വാഹമനന്തപുണ്യ-
പ്രവാഹകല്ലോലവിലാസമല്ലൊ. (യുഗ്മകം) 21

ശ്രീവഞ്ചിക്ഷിതിമണ്ഡലാധിപകുലക്ഷീരാബ്ധിലക്ഷ്മീ, നറും
പൂവഞ്ചും മൃദുമേനി, സുന്ദരി, ധരാവൃത്താരിതൽസോദരി
സ്ത്രീവൃന്ദത്തിനു മുത്തുമാലിക, കലാവിദ്യാവിനോദപ്രിയാ
ഗൈർവാണീ വരഹിന്ദിഹൌണിമുഖസൽഭാഷാവഗാഢാശയാ. 22

കൊണ്ടൽകാറണിവേണി, കോമളതരം സർവാംഗ,മുത്തുംഗമായ്
തണ്ടാർമൊട്ടുകണക്കുരോജയുഗളം, താരേശശോഭം മുഖം
നീണ്ടാകർണ്ണമിളക്കമുള്ള നയനം നീലപ്രഭം പക്ഷ്മളം
കണ്ടാൽ കാഞ്ചനവല്ലിപോലെ തരുണീ മത്തേഭസഞ്ചാരിണീ 23

പ്രാലേയാചലസേതുമധ്യധരണീഭാഗത്തെയും, പേർത്തുമാ-
ക്കാളാംഭോധി കടന്നു ഹൂണരമരും യൂറോപ്പുദേശത്തെയും
കാലത്തിന്നനുകൂലമാകിയ പരിഷ്കാരപ്പകിട്ടേറുമാ—
മാലോകർക്കിടയോരു മട്ടു,മവലോകം ചെയ്തു ധീശാലിനി. 24

കൂട്ടിൽ പെട്ട കിളിക്കിടാവിനുസമം കോയിക്കലേ നാലുക-
ക്കെട്ടിൽ തന്നെ വളൻ്റു യൌവനസമാരംഭത്തിനും മുമ്പിലേ
കെട്ടിക്കുന്നിതു താലി; യർത്ഥമതിനെന്തെന്നുള്ളതജ്ഞാത;മാ
മട്ടിൽ ചെല്ലുവതോ സ്വതന്ത്രതരുണീവൃത്താലിചാർത്തുത്സവം? 25

പണ്ടുള്ളോരു നടന്നതായവഴിയേ പോകുന്നതിൽ സംശയം
വേണ്ടെന്നുണ്ടു ചിലൎക്കു പക്ഷ;മവരേ,മാമൂലുകാർ കേവലം
പണ്ടത്തേ വഴിയെക്കഴിഞ്ഞു വളരെസ്സൌഖ്യങ്ങളായുള്ളതും
വേണ്ടെന്നുള്ളൊരു വയ്പുശാഠ്യ;മതിനേ മാനിക്കുവാനാരുവാൻ 26

ദായത്തിന്റെ മുറയ്ക്കു താതഭഗിനീപുത്രന്നു വൈവാഹിക
പ്രായം കൂടിയിണങ്ങിയെന്നു വരികിൽ പക്ഷാന്തരം വന്നിടാ
ന്യായം തന്നെയിതെങ്കിലും വധുവിനിക്കാൎയ്യത്തിലുള്ളോരഭി-
പ്രായം കൂടിയറിഞ്ഞു ചെയ്യണമതേ ശ്രേയസ്കരം മേല്ക്കുമേൽ. 27

പാണ്ഡ്യക്ഷത്രിയരെന്നു പാരിലഖിലം പണ്ടേ പ്രസിദ്ധിപ്പെട്ടും
പൂണ്യാർഭൂപകുലത്തിലുള്ള മതിമാൻ ശ്രീഗോദവൎമ്മാ യുവാ
കൎണ്ണാന്തായതലോലനീലനയനാ രാജാനുജാ തൻ കട-
ക്കണ്ണാൽ കഞ്ചുകമെന്നപോലെ പുളകംപൂണ്ടാൻമഹാപുണ്യവാൻ.

൩൨-ാം സൎഗ്ഗം

പൂഞ്ഞാർ രാജവംശം.

ശ്രീരാമൻ ദശകണ്ഠനേക്കഥകഴിച്ചിങ്ങോട്ടെഴുന്നെള്ളിടും
നേരം, മന്ത്രവിശുദ്ധമാം കലശമാടിക്കേണമെന്നാശയാ
ആ രക്ഷോവരപീഡ മുമ്പനുഭവിച്ചിട്ടുള്ള വൈഖാനസ-
ന്മാരൊന്നിച്ചു പവിത്രതീൎത്ഥകലശം പൂജിച്ചു വച്ചീടിനാർ 1

എന്നാൽ സത്യപരായണൻ ഭരതനീരേഴാണ്ടു തീരുമ്പൊഴേ
ചെന്നില്ലെങ്കിലെരിഞ്ഞ തീയിലുടനേ ചാടിദ്ദഹിക്കും സ്വയം
എന്നോൎത്തിട്ടു വിമാനമാൎഗ്ഗമെഴുന്നെള്ളീയെന്നറിഞ്ഞപ്പൊഴാ-
ധാന്യം തീൎത്ഥമിരുന്നതാം "കുടമുരുട്ടീ"ശൈലപാൎശ്വംപ്രതി. 2

ആവാഹിച്ചുവരുത്തുമംബരനദീതീൎത്ഥം നിറഞ്ഞുള്ളതാ-
യാവൈഖാനസപൂജയേററ കലശം പൊട്ടിക്കവിഴ്ന്നീടവെ
ദിവ്യാംഭസ്സൊഴുകും സരിത്തിനുടെ പേർ പൂഞ്ഞാറ;തിൻ തൽഭവം
ഭവ്യം നാമുരചെയ്യിട്ടുന്നതധുനാ പൂഞ്ഞാറിതെന്നിങ്ങനെ. 3

ഈയാററിൻകര വൃക്ഷസസ്യനിബിഡം സഹ്യാചലത്തിൻതടം
ശ്രീയാറാടിവരുന്നിടം തിരുവിതാംകൂറിന്നു പൊന്നിൻകുടം
സ്വായത്തോൽകടശൌൎയ്യവീൎയ്യബലവാന്മാർ ക്ഷത്രിയന്മാർ പുരാ
കയ്യേറിക്കൊടികെട്ടി കോവിലകവും സ്ഥാപിച്ചു കൊണ്ടീടിനാർ. 4

ആപ്പാണ്ഡ്യക്ഷിതിപാലകൎക്കു പരദൈവം ദേവി മീനാക്ഷിതൻ
തൃപ്പേരിട്ടു ജയിച്ചടക്കിയ പുരം "മീനാച്ചി" മീനച്ചലേ
ആ പൃത്ഥ്വീശനവീകൃതം സുകൃതവായ്പാൎന്നൊരുമാന്തുരു നാ-
മിപ്പോൾ കാണുമഘോരമൂൎത്തി ഭഗവച്ശ്രീകോവിലും കോവിലും. 5

സിന്ധുദ്വീപസമീപമാം മധുരവേലിക്കൽ പുരാ സൈനിക-
സ്കന്ധാവാരവുമിട്ടു പാണ്ടിയൊടു ചേൎത്തിട്ടിക്ക കാത്തെങ്കിലും
പിൻതാങ്ങാൻ പട സഹ്യശൈലമതിലംഘിച്ചിങ്ങു വന്നെത്തുവാ-
നെന്തയ്യോ പണി! ബിംബിലീശരൊരുമിച്ചുണ്ടായൊരാശ്ശണ്ഠയിൽ 6

എന്നിട്ടും പൊരുതേറെനാളൊടുവിലാപ്പൂഞ്ഞാർമുതല്ക്കുള്ളതാ-
മൌന്നത്യംകലരും പ്രദേശമൊഴികെപ്പാശ്ചാത്യദേശങ്ങളെ
അന്നാബ്ബിംബിലിനായകൎക്കൊരു കരാറിന്മേൽ കൊടുത്തെത്രയും
ധന്യന്മാർ നിവസിച്ചു വാഴ്ചയൊടുമാപ്പൂഞ്ഞാറെറഴം മന്ദിരെ. 7

മൂന്നാർ ദേവികുളം പടീരനിബിഡം നല്ലഞ്ചുനാടുന്നതം
കണ്ണൻദേവഗിരിപ്രദേശമതുപോലേലം മലക്കേട്ടകൾ.
ഒന്നായ്ചേൎത്ഥ പീലിമേടു മുതലായിട്ടുള്ള ദേശങ്ങളും
നന്നായിട്ടു ഭരിച്ചുപോന്നു പുകഴും പൂഞ്ഞാർസ്വരൂപം പുരാ. ൮

പില്ക്കാലം ഭരണത്തിനായ് തിരുവിതാംകോട്ടേയ്ക്കു വിട്ടു കുറെ
ദിക്കെന്നാലതിനാണ്ടുതോറുമവിടെച്ചെല്ലുന്നുവല്ലോ പണം
ആൎക്കും കീഴ്പെടുവാനൊരിക്കലുമിടം നൽകാതെ ധൎമ്മിഷ്ഠരായ്
പാൎക്കും ക്ഷത്രിയ വീരരാജകുലമീ രാജ്യത്തിലേയ്ക്കുജ്ജ്വലം. 9

ഇപ്പോഴാ പൃഥിവീശരിൽ ചതയനക്ഷത്രാവതീൎണ്ണൻ മഹാൻ
മൂപ്പേററു മുറപോലെ തൻപ്രജകളിൽ കാരുണ്യവാരാന്നിധി
എപ്പേൎപ്പെട്ട ജനത്തിനും കുതുകമാമ്മാറിൽ സ്ഥിരപ്പാട്ടമായ്
കല്പിച്ചാൻ കുടികൾക്കു കൈവശമിരുന്നിട്ടുന്ന വസ്തുക്കളെ. 10

ശ്രീവഞ്ചിക്ഷിതിപാലവംശതിലകൻ ചിത്രാഖ്യനക്ഷത്രജൻ
ശ്രീവായ്ക്കുംപടി രാജ്യഭാരമഖിലാഹ്ലാദപ്രദം ചെയ്യവേ
അവ്വണ്ണം ഭരണം മുറയ്ക്കിടവകക്കാൎയ്യത്തിലും ഭംഗിയായ്
ചെയ്വാനീച്ഛതയംമഹീപതിയപേക്ഷിച്ചാൻ സഹായിക്കുവാൻ. 11

നീതിക്കും നിയമത്തിനും കടുകിടയ്ക്കേതെങ്കിലും ഭേദമായ്
ചെയ്തീടാത്ത, സമൎത്ഥരായ് വിമലരായൃജ്ജുസ്വഭാവന്മാരുമായ്
ഏതുദ്യോഗവുമേറെറടുത്തു ശരിയായ് നോക്കുന്ന വിശ്വസ്തരെ
പ്രീതാത്മാ നിയമിച്ചു വഞ്ചിനൃവരൻ പൂഞ്ഞാർ ഭരിച്ചീടുവാൻ 12

വിത്താപദ്ദുസ്സുവിശ്വമാസകലവും വ്യാപിച്ചു വെന്നാകിലും
തത്താട്ടക് ഭരണത്തിനാലിടവകയ്ക്കൈശ്വൎയ്യമേറീ ദ്രുതം
ഇത്ഥം പൂൎവ്വകൃതങ്ങളായ സുകൃതങ്ങൾക്കും തപസ്സിന്നുമാ
പൃത്ഥ്വീപാലകുലം ഫലം പരിണതം കൊയ്യുന്നു പെയ്യും മുദാ. 13

വരൻ.

ആരാജന്യകുലാഭിമാനവിജയസ്തംഭം വിശാലാശയൻ
സാരാസാരവിവേകി സജ്ജനസഭാലങ്കാരമുക്താമണി
വീരശ്രീകലരുന്ന ചാരുവദനൻ ശ്രീഗോദവൎമ്മാവിനെ
കാരുണ്യത്തൊടു കന്യകയ്ക്കു വരനായ് കല്പിച്ചു വിശ്വംഭരൻ 14

കാരുണ്യം ക്ഷമ മംഗലപ്രദസദാചാരം
ശുചിത്വം വചോ-
സാരള്യം ഗുരുദേവഭക്തിയനസൂയോ-
ദാരഗംഭീരധീ
മൎയ്യാദാദി ഗുണം തികഞ്ഞ പുരുഷൻ-
വഞ്ചീശവംശത്തിലെ
താരാർമാതിനെ വേൾക്കുമെന്നു സസുഖം-
കേൾക്കുന്നു ദിഗ്വാസികൾ. 15

പള്ളിക്കെട്ടിനുള്ള ഒരുക്കങ്ങൾ.

ആമംഗല്യമഹോത്സവത്തിനുതകും ലഗ്നം കുറിക്കുന്നതി-
ന്നാമന്ത്രിച്ചു നവഗ്രഹസ്ഥിതിഗതിജ്ഞാനാഢ്യരാം ജ്യോത്സ്യരെ
ശ്രീമച്ഛ്ലേഷശയാനപാദകമലം ധ്യാനിച്ചു നോക്കിക്കവെ
തൈമാസത്തിലകൃഷ്ണപക്ഷതിഥിയിൽ കണ്ടു മുഹൂൎത്തം ശുഭം. 16

മീനാക്ഷീപാദപത്മഭക്തനൃവരോദ്പാഹത്തിനത്യുത്തമം
മീനാഖ്യം ശുഭരാശിയെന്നതു് ഗണിക്കാതെ ഗ്രഹിക്കാം സ്വയം
ആനാളിൽ "ഫണി"മന്ദിരേ "തപന"നും "മന്ദാം"ശുവീശിസ്സഖം
കാണിക്കും"ബുധ"മാന്യസൽ"കവി"കളോടൊന്നിച്ചു തൽപ്രാഭവം.

അത്യുത്സാഹമതിന്നു കോപ്പു വിവിധം കൂട്ടിച്ചു കൊട്ടാരമാ-
ച്ചിത്രാഭോജ്വലമത്ഭുതാകൃതി നവം പൂർത്തീകരിച്ചു ദ്രുതം.
മിത്രങ്ങൾക്കു മികച്ച ഭൂമിപതികൾക്കെന്നല്ല തൻനാട്ടിലെ
കീർത്തിപ്പെട്ട ജനത്തിനും നൃപവരൻ വിട്ടാൻ ക്ഷണക്കത്തുകൾ. 18

മാമൂലിന്നനുകൂലമാത്മസഹജാ മാംഗല്യകർമ്മോചിതം
സാമാന്യാധികചിത്രശില്പമിയലും പല്ലക്കു നിർമ്മിക്കുവാൻ
ക്ഷേമാർത്ഥം പരദൈവതാർച്ചന കഴിച്ചെല്ലോ തുടങ്ങിച്ചതും
ശ്രീമൽകാർത്തികമാസശുക്ലതിഥിയിൽ ചാതുർത്ഥികേ പാർത്ഥിവൻ.

പൊക്കത്തിൽ പനസദ്രുമം കൊടിമരംപോലാലുമാവാദിയായ്
ചൊല്ക്കൊള്ളും ശുഭവൃക്ഷപല്ലവമുകുലാലംകൃതം മംഗലം
നൽക്കാൽ നാട്ടി സിതേ ചതുർദ്ദശിയിലാമാസേ മഹാറാണിമാർ
പാർക്കും പ്രാക്തനപത്തനത്തിനടെ തെൻമേക്കങ്കെണാതുത്തിയിൽ.

അന്നേരത്തു തുടങ്ങിയാദരവൊടേ കാണിക്കയർപ്പിക്കുവാൻ
കന്യാരത്നമനുഗ്രഹാർത്ഥനയൊടേ ക്ഷേത്രംപ്രതി ക്ഷ്മാതലെ
ഒന്നേയുള്ളു ജഗൽപിതാവു ശരിതാനെന്നാൽ തദീയം ഗുണം
മൂന്നായിട്ടു തിരിഞ്ഞ മൂർത്തികളെയെന്താരാധനം ചെയ്യുകിൽ? 21

ദേവാരാധ്യശുഭേന്ദിരാഭഗവതി മഞ്ജീരമഞ്ജുസ്വരം
തേവാരത്തുഗൃഹത്തിലെപ്പൊഴുതിലും കേൾക്കുന്നുവെന്നിങ്ങനെ
പൂർവ്വന്മാർ കരുതുന്നു തത്ര സഹജാകല്യാണകാലോചിതം
സ്വവേശ്മോപമമാം നെടുമ്പുരകളെ നിർമ്മിച്ചു സമ്മോഹനം. 22

വൈസ്രോയിയുടെ ആഗമനം:

കല്യാണോചിതകാര്യമൊക്കെ മുറപോൽ ചെയ്യിച്ചിരിക്കുംവിധൌ
വെല്ലിംഗ്ടൻപ്രഭു വൈസറായി ദയിതാസാദ്ധം പ്രബുദ്ധാശയൻ
ഉല്ലാസത്തൊടു തമ്പുരാനതിഥിയായ് വന്നാൻ പ്രകൃത്യാവനീ
സ്വർല്ലോകപ്രതിമപ്രശസ്തിപെരുകും വേണാടു കാണാൻ സ്വയം.



വൈസ്രായിയും പത്നിയും.

ഇൻഡ്യാരാജ്യമടക്കിയാംഗലമഹാസാമ്രാഡ്പ്രതിഛായ കൈ-
ക്കൊണ്ടൂക്കോടു ഭരിക്കുമാ പ്രഭുവിനും പത്നിക്കുമീ യാഗമം
ഉണ്ടാക്കീ ബഹുകൗതുകം നിപുണമാമീ രാജ്യരക്ഷാക്രമം
കണ്ടിട്ടാത്മജനാവനൈകനിരതശ്രീവഞ്ചിഭൂവല്ലഭേ. 24

പണ്ടാക്കമ്പിനിയാരുമായ് തിരുവിതാംകൂർ ചെയ്ത സഖ്യം വഴി-
ക്കുണ്ടായീടിന മൈത്രിയെസ്സുദൃഢമായ് നിർവ്വിഘ്നമായ് നിർത്തുവാൻ
കൊണ്ടാടുന്ന മഹോത്സവേ, ഭരണതന്ത്രത്തിൽ സമർത്ഥൻ പ്രഭു
പണ്ടേതിൽ പരമാദരത്തൊടു മഹാരാജാവിനേ വാഴ്ത്തിനാൻ. 25

സന്ദർഭോചിതമുന്നതാതിഥികളേ പൂജിച്ചു വഞ്ചിക്ഷമാ
മന്ദാരം, വിവിധം വിശിഷ്ടവിഭവോദാരം വിരുന്നേകിനാൻ
മന്ദിക്കാത്ത വചോവിലാസവിനയാവക്രസ്വഭാവങ്ങളാൽ
മന്നോർമന്നവനേ മഹാപ്രഭു മുദാ മാനിച്ചു മന്ദേതരം. 26

നാനാവർണ്ണവികീർണ്ണരാജ്യഭരണം നേരേ നടത്തുംവിധം
കാണിക്കുന്നതിനെന്നപോൽ പലനിറം കോലുന്ന ഗോളങ്ങളെ
സ്ഥാനത്തെററുവരാതെ വച്ചതുകളിൽ ചേർത്തോരു വിദ്യുൽപ്രഭാ
ശ്രേണീനിർമ്മിത ശംഖമുദ്രവഴിയേ കാണിച്ചു ദീപാവലി. 27

സദ്യോഽനന്തപുരം,ഫണായുത ലസദബ്ജങ്ങളായ്ത്തോന്നുമാ
വിദ്യുദ്ദീപവികീർണ്ണവർണ്ണവിലസൻ മാലാവലീ ഭാസുരം
വിദ്യാംപാസ്തതമോമയാശയമഹാലോകാധിവാസത്തിനാ-
ലുദ്യൽപുണ്യമിയന്നതെന്നു തെളിവായ് കാണുന്നിതേ കാണികൾ.

തമ്മിൽ സാമ്യമശേഷമില്ല വെടിയുപ്പിന്നും കരിക്കും തഥാ
നിർമ്മായൌഷധഗന്ധകത്തിനു മിവയ്ക്കുണ്ടായ സംയുക്തത
നന്മയ്ക്കല്ലൊരു തീപ്പൊരിക്കു വശമായെന്നാൽ ക്ഷണം ധൂമമാ-
മിമ്മൂന്നും; ക്ഷണികം വിനോദമിതരക്കേകും വെടിക്കെട്ടിനാൽ. 29

പൊട്ടിപ്പൊങ്ങി വിയത്തിലെത്തുകിലുമെന്താ ക്ഷുദ്രഗോളങ്ങളാ-
മട്ടിൽതന്നെ തകർന്നു താഴെ വരുമേ സങ്കീർണ്ണവർണ്ണോചിതം
പെട്ടെന്നുള്ള കയററവും പതനവും കാണും ജനം ഹന്ത! കൈ-
കൊട്ടുന്നു ഫലമന്തരീക്ഷപരിഹാസാരാവകോലാഹലം. 30

ദുഷ്ക്കുട്ടിന്റെഫലം ദ്രുതം പിടിപെടും നാശം; പ്രകാശം കറ-
ച്ചാക്കൂട്ടത്തിലധോമുഖം വഴിതെളിച്ചുംകൊണ്ടു കാണപ്പെട്ടും
തൽക്കാലത്തു തപിച്ചു രാജവിജയാശംസാപ്രകാശങ്ങളാ-
ലാക്കുണ്ടാമനുകമ്പ? കമ്പമിവിടെ ഗ്ഗംഭീരഭാവാത്മകം. 31

സ്യാനന്ദൂരപുരേ ഗൃഹം പ്രതി സദാ നാനാജനത്തിന്നുമ-
ത്യാനന്ദപ്രദമായി നിമ്മലജലം സിദ്ധിക്കുവാൻ തക്കപോൽ
ഭൂനിക്ഷിപ്തസിരാവലീസദൃശമുൺനാളീസമൂഹാശ്രയ-
സ്ഥാനപ്രസ്രവണം സ്വനാമകരണം ചെയ്തു തുറന്നാൻ പ്രഭു. 32

നാനാജാതിമതാവലംബിത മഹാലോകാഭിലാഷങ്ങളേ
മാനിച്ചാത്മമഹീതലത്തെ യവനം ചെയ്യുന്ന ചിത്രാനൃപൻ
താനുണ്ടാക്കിയ മണ്ഡലദ്വയ സഭയ്ക്കാസ്ഥാനശാലയ്ക്കുമ്ടി-
സ്ഥാനക്കല്ലിടുവിച്ചു തൽപ്രഭുവിനെക്കൊണ്ടിങ്ങു വേണ്ടുംവിധം. 33

മാന്യാഭ്യാഗതരേ മഹീപതി മഹാഘോഷത്തൊടേ സൽക്കരി-
ച്ചന്യോന്യാദരപൂർവ്വമൊപ്പമഭിമാനത്തെപ്പുലത്തിസ്സുഖം
മന്നോർമന്നവനാംഗലാധിപതിയും വഞ്ചീന്ദ്രനും തങ്ങളിൽ
ധന്യാന്യാദൃശപൂർവ്വസഖ്യമൊരുമാറേററിഗ്ഗമിച്ചാൻ പ്രഭു. 34

പള്ളിക്കെട്ടുകാര്യം.

നാടൊട്ടുക്കു വിവാഹമംഗള മഹാഘോഷൈകചിത്തത്തൊടും
കൂടിപ്പാർത്ഥിവഭക്തരാം ബഹുജനം പ്രാർത്ഥിക്കവേ മംഗളം
കോടക്കാറണിവേണിയാൾക്കു തിരുമംഗല്യത്തിനായ് തീരുവാൻ
കൂട്ടും മോഹമൊടേ ദ്രവിച്ചു കനകം തീയിൽ തപസ്സെന്നപോൽ.

അപ്പോളാർദ്രതയോടുകൂടിയമൃതംകോരിത്തളിച്ചഗ്നിയേ-
തോല്പിച്ചിട്ടു ഘനംപിടിച്ച കനകാ കയ്യോടെടുത്താദരാൽ
പൊൽപൂമാനിനി തൃക്കരേണ തൊടുവാൻ താംബൂലവിന്യസ്തമായ്
ശില്പിശ്രേഷ്ഠനെടുത്തുവച്ചു രജതശ്രീഭാജനേ ശോഭനേ 36

നാണിച്ചിട്ടു തൊടുന്നു കണ്ണുകളടച്ചാ സ്വർണ്ണമെന്നോക്കൊലാ
കാണിച്ചില്ല വികാരമേതു മതിലെക്കള്ളം കഥിച്ചീടുവേൻ
ധ്യാനിച്ചു നിജവക്ഷസാ ധൃതമഹാലക്ഷ്മീകടാക്ഷങ്ങളാൽ
പ്രീണിച്ചാപ്ഫണിരാജഭോഗശയനേ നിദ്രാലുവാം ദേവനേ. 37

ആററിങ്ങൽ കുലദേവതാഭജനമാരംഭിച്ചു മാമൂല്യപോൽ
മാററിത്തങ്ങളൊഴിച്ചു മംഗളവരപ്രാപ്തിക്കു ഭക്ത്യാ സമം
ഏററം ദുർഗ്രഹമല്ലയോ പ്രകൃതിശക്തിക്കുള്ള മാഹാത്മ്യമേ-
ത്തുററക്കാരനുമീശ്വരൻെറ തിരുവുള്ളംതന്നെയേകാശ്രയം. 38

ക്രൂരേറും കുലദൈവതങ്ങളുടെയും ശ്രീവഞ്ചിഭൂപാലക-
ന്മാരോടെന്നുമഭംഗഭക്തികലരും നാനാജനത്തിൻെറയും
സ്ഫാരാശിസ്സുധയിൽ കുളിച്ചു തിരികെപ്പോന്നു ഫണീന്ദ്രാലയേ
താരാർമാനിനി വീണ്ടുമിങ്ങവതരിച്ചുണ്ടായ കന്യാമണി 39

അമ്പേറുന്ന സഹോദരൻ സഹജമാം സാമർത്ഥ്യമോടേറെനാൾ
മുമ്പേതന്നെ മുറയ്ക്കുകല്പന കൊടുത്തേർപ്പാടുചെയ്യിച്ചപോൽ
സമ്പൂർണ്ണം സഹജാ വിവാഹ സമയാഘോഷാനുയോജ്യങ്ങളായ്
സമ്പാദിച്ച വിശേഷവസ്തുനിവഹംകൊണ്ടന്നനന്താലയം. 40

തേവാരത്തുനടപ്പുരയ്ക്കിരുപുറത്തായിസ്സുധാധൗതമാ
മാവമ്പിച്ചവിചിത്ര ശില്പവിലസൽസ്തംഭങ്ങളിൽ ഭംഗിയിൽ
ആവിർഭൂതവിശാലശാലകളെ യൊന്നാലോകനംചെയ്യുകിൽ
ദ്യോവിൽ താരകളുള്ളതിങ്ങനെ വിതാനംചെയ്തതെന്നോർത്തുപോം.

വിദ്യുദ്ദീപിത ദീപികാവലികണക്കൊപ്പിച്ചുവയ്പിക്കകൊ-
ണ്ടുദ്യൽകാന്തിപരന്ന പന്തലിനകം പാലാഴിപോൽ ഭാസുരം
പ്രത്യേകിച്ചുതിരിച്ചുയർത്തിയൊരുഭാഗത്തുള്ളൊരാമണ്ഡപം
സത്യം പാർത്ഥസഭാഗൃഹത്തിനുടെയാസ്സൽകീർത്തി നീക്കുന്നുതേ. 42

താനേവീശി വിശുദ്ധവായുവിതരും തൽ താലവൃന്തങ്ങളും
പീനാലംകരണങ്ങളും പ്രിയതരം ദീപപ്രകാശങ്ങളും
മാണിക്യപ്രഭരത്നകംബള സമാസ്തീർണ്ണപ്രദേശങ്ങളും
കാണിക്കുന്നുറപോന്നതാതിഥികളേ മാനിച്ചിരുത്തുന്നിടം. 43

പൂവർഷിപ്പതിനുണ്ടുപന്തലിനുമേൽ ഭാഗത്തുരുണ്ടൊന്നതി-
ങ്ങാവശ്യപ്പെട്ടുമപ്പൊഴൊക്കെയഴകിൽ ചുററിക്കറങ്ങുംപണി
പൂവുംമാലകളും മനോഹരമലംകാരം; വിശേഷിച്ചതിൽ
കൈവേലത്തരഭംഗിയാൽ പ്രകൃതിപുഷ്പംവാടിനാണിച്ചപോൽ. 44

ആകും സ്വാഗതമാലപിച്ചുകവതിനായ് കൈനീട്ടിയൊട്ടല്ലഹോ
നില്ക്കുന്നുന്നിരതെററിടാതെ യനിമേഷൈണീകിശോരാക്ഷിമാർ
ആകന്യാജനമോഹനാംഗരുചിര സ്മേരാനനംനോക്കിനാം
നില്ക്കേണ്ടാ നിലമൊക്കെയിന്നുമെഴുകും പാഞ്ചാലിമാരാസ്സരാം. 45

നാനാരാജ്യസമാഗതാതിഥികളേ നാട്ടിന്നതൃത്തിസ്ഥലേ
കാണുമ്പോളെതിരേററു കൊണ്ടുവരുവാൻ സാമർത്ഥ്യമുള്ളോർകളെ
ക്ഷോണീനായകനാക്കി; യെങ്ങുമതുപോൽ സൽക്കാരമേറെറത്രയും
മാനത്തോടുവരുന്നു മന്നവരുമാരാജ്യത്തിലെ മാന്യരും. 46

സാനൂയംസകലാന്യമാന്യനൃവരശ്ലാഘാവഹം മോഹനം
മൈസൂർവിസ്തൃത മുന്നതം നവപരിഷ്കാര പ്രരോഹസ്ഥലം
ത്രാസംവിട്ടണകെട്ടി വാഹിനിതടഞ്ഞെങ്ങോധി നിർമ്മിച്ചുദിഗ്
വാസിവ്രാതസുഖാത്ഥമത്ഥമധികം വഷിച്ചിരിക്കുന്നിടം. 47

ആരാജ്യം ശരിയായ്ഭരിച്ചുവരുമാ ശ്രീകൃഷ്ണരാജാജ്ഞയാ
സാരജ്ഞൻനരസിംഹരാജവുഡയാർ തൽകൃഷ്ണരാജാനുജൻ
ഈ രാജന്യസഹോദരീ പരിണയാഘോഷത്തിനഭ്യാഗതൻ
പൂരിപ്പിച്ചുനൃപാഭിലാഷ; മിതുപോൽ പണ്ടെന്നുകണ്ടൂവയം? 48

അണ്ണാസാഹേബ്, സാന്തൂർനരപതിമണി
സേനാപതിസ്ഥാനി,ചിത്രാ
മനോർമന്നൻ നടത്തിച്ചിട്ടുമരിയ
വിവാഹോത്സവത്തിന്നു വന്നാൻ
മുന്നംനാം കേരളത്തിന്നതിരിനു വെളിയിൽ
പെട്ട പൃത്ഥ്വീശരുണ്ടോ
വന്നേവം കണ്ടിരിപ്പൂ? നൃവരഗൃഹ
വിശേഷങ്ങളിൽ പങ്കുകൊൾവാൻ. 49

പേരാളുന്ന പെരിമ്പടപ്പിലമരും നല്ലാർമുടിക്കല്ലുകൾ
ക്കീരാജ്യത്തടിയന്തിരത്തിനു വരാമെന്നാദ്യമായ്കണ്ടുനാം
ആരാജന്യവധൂടിമാരു മവിടത്തേരണ്ടുരാജാക്കളും
സൈരംവന്നുനൃപാലയെ പ്രിയജനത്തോടൊത്തു സാഡംബരം.

ചിങ്കംപെട്ടിയിലേ ധനേശപരജമിന്താരും കുമാരാന്വിതം
തങ്കപ്പെൺകൊടിതമ്പുരാട്ടിയുടെ യീതൃത്താലിചാർത്തുത്സവെ
അങ്കംവിട്ടൊരുതിങ്കളായ് തിരുവിതാംക്കൂറിന്നു സംക്രന്ദനൻ
തൻകൽക്കുറൊട്ടുവണഞ്ഞചേർന്ന പരിവാരാഡംബരപ്രൌഢിയിൽ. 51

കൊല്ലംകോട്ടമരുന്നനമ്പിടിയുമാ വംശത്തിലേറാണിയും
സോല്ലാസംപരിവാരമോട്ടു മുറപോൽ സല്ക്കാരമേറെറത്തിനാർ
ചൊല്ലേറുംപലമാന്യരേയുമിവിടെ സ്സാമന്തരാജാക്കളാ
മെല്ലാരേയുമെടുത്തെടുത്തു പറവാൻപോകുന്നതേ സാഹസം. 52

പൂർണ്ണാനന്ദമിയന്നു ഭൂപതിനടത്തിക്കും വിവാഹോത്സവേ
വർണ്ണിപ്പാൻവിഷമിച്ചിടുന്ന വിഭവം കൂടുന്നൊരാസദ്യയിൽ
ഉണ്ണാൻഭാഗ്യമെനിക്കെനിക്കിതിമുദാ ചിന്തിച്ചുവന്നു ധരാ-
വിണ്ണോരും വിവിധാന്യജാതിജനവും തിങ്ങുന്നശേഷാലയേ. 53

വീണാവേണുമൃദംഗതംബുരുഫിഡിൽകിൻജീർഹാർമ്മോണിയം
നാനാവാദ്യവിശേഷ ശേഖരമതിൽ ചേരുന്നനാഗസ്വരം
ചീനക്കാഹള വല്ലരിപ്പറപെരുംതമ്പേറുബാൻറിത്തരം
കാണാംകൊണ്ടുവരുന്നതങ്ങിനെ മിടുക്കന്മാർതിടുക്കത്തൊടെ. 54

ഹിന്ദുസ്ഥാനിതെലുംകു കന്നടതമിഴ് ഭാഷാകവിപ്രൌഢരാൽ
നന്നായിഗ്രഥിതങ്ങളാം പലതരം വൃത്തത്തിലേപാട്ടുകൾ
കർണ്ണാനന്ദകരങ്ങളായ് മധുരകണ്ഠംകൊണ്ടുപാടുന്നതി-
നൊണ്ണംവിട്ടുവരുന്നുനല്ലബിരുദം കൈക്കൊണ്ടപെണ്ണുങ്ങളും. 55

മാനംക്കൂടിയനാടകം ഭരതനാട്യം രാമനാട്ടംധരാ
വാനോർകാട്ടിവരുന്ന ഗോഷ്ഠികലരും പ്രഖ്യാതശാസ്ത്രക്കളി
ഞാണിന്മേൽകളിഗുസ്തിചെപ്പിടിതഥാ വാളേറുമമ്മാനയും
കാണിക്കുന്നതിനഭ്യസിച്ചവരസംഖ്യം സംഘമിങ്ങെത്തിയാർ 56

പാടാനും പരിഹാസരൂപ രസവും കയ്യുംകണക്കിന്നൊടു-
ത്താടാനുംവിരുതുള്ളതുള്ളലുപഠിച്ചിട്ടുള്ള കൂട്ടാളികൾ
കൂടാതെ ചില പാഠകം പറയുവോർ നാനാകഥാപാടവം
കൂടുന്നോരിവരൊക്കെ മുൻകരുതലോടെത്തുന്നു ശേഷാലയേ 57

പള്ളിക്കെട്ടുമഹാമഹത്തിനുചിതം കൂട്ടുന്ന കോലാഹല
ത്തള്ളൽ കോളിളകിക്കഴിഞ്ഞു കുശലം ശ്രീവഞ്ചിനാടൊക്കയും.
കൊള്ളാമെങ്ങുവരൻ?പരംസുകൃതവാൻ പൂഞ്ഞാററിലേതമ്പുരാൻ
വെള്ളക്കീത്തിപരന്ന ബാഹുജകുലശ്രേഷ്ഠൻ വിശിഷ്ടാശയൻ. 58

ആ രാജന്യകുമാരകൻ നിജഗുരുക്കന്മാരെ വന്ദിച്ചുകൊ
ണ്ടാരാധിച്ചുവിധിക്കുതൻ മധുരമീനാക്ഷീ പദാംഭോരുഹം
നേരേപോന്നുശുഭേ മുഹൂത്തസമയേ ചേണാന്നൊരേണാലയെ
ഗൌരീനായകനെബ്ഭജിച്ചു വിടവാങ്ങിപ്പാൻ വിനീതാശയൻ. 59

ഉച്ചപ്പൂജവകയ്ക്കുമന്തണനമസ്കാരത്തിനും പായസം
വച്ചുണ്ടാക്കിനടത്തിടേണ്ടൊരു നിവേദ്യത്തിന്നുമായിപ്പുരാ
വച്ചിട്ടുണ്ടുപിടിപ്പുതത്ഥമിവിടെത്തൽ പൂവ്വികന്മാരതിൻ
മെച്ചംതന്നെകുടുംബമിന്നനുഭവിച്ചുംകൊണ്ടിരിക്കുംഗുണം. 60

ഭൂതപ്രേതപിശാചപീഡയുമപസ്മാരക്കുടുംകൈകളും
ചേതോവിഭ്രമവും വിഷോപവിഷജം ഘോരം വികാരങ്ങളും
ഏതാകട്ടെ മഹാഗദം ക്ഷണമതും മാറുന്ന മൃത്യുഞ്ജയ
പ്രീതിയ്ക്കായ്പുലരേകുളിച്ചുഭജനം ചെയ്യുന്നുഭസ്മാങ്കിതൻ. 61

സവ്വൈശ്വയ്യനിധാനമായ ഭഗവാൻശവ്വൻെറ കോവില്ലുക·
ത്തുവ്വീപാലകുലാവതംസനരുവിട്ടീശാനമന്ത്രംസ്വയം
സവ്വജ്ഞന്നഭിഷേകശേഷമതിദിവ്യം പഞ്ചഗവ്യം മഹാ
ദുവ്വാരാമയ കിൽബിഷാപഹസുധാകല്പം കുടിക്കുന്നതെ. 62

ഊററംകൂട്ടുമഘോരമൂത്തിഭഗവാൻ കോപാഗ്നിയിൽപാത്ഥലം
നീററായ്വാൻനിയമേന സാന്ത്വനകരം മന്ത്രംജപിച്ചന്തികെ
ഏററംഭക്തിയൊടേ ഭജിച്ചഭയമീ ലോകത്തിനേകുംപരൻ
പോററിക്കളജ്ജുനസാരഥിക്കുപതിവായ് ചെയ്യുന്നനാമാഞ്ജലി. 63

പ്രാണപ്രേയസിപാവ്വതിക്കു തിരുമെയ് പങ്കിട്ടുപപ്പാതിയാ
യാണുംപെണ്ണുമൊരൊററമൂത്തി വടിവിൽ കാണപ്പെടുംദേവനേ
ഏണാങ്കാർദ്ധകിരീടിയേ പ്രണിപതിച്ചാശിസ്സിനത്ഥിച്ചിതാ
കാണാകുന്നതെളിഞ്ഞുകാഞ്ചനലതയ്ക്കുഷ്പിച്ചകല്പദ്രുമം 64

കൊച്ചുന്നുരാളിത്തമ്മനസ്സിലെ പള്ളിക്കെട്ടുപുറാണിച്ചു് മുടപടം നമപ്പിക്കാൻ കൊണ്ടുപോകുന്നു".

സത്യത്തിന്നുപിടിച്ചിടേണ്ടൊരു വിളക്കത്യുജ്ജ്വലം ഭംഗിയിൽ
കത്തിജ്ജ്വാലവലത്തുചുററി നടയിൽകമ്പിട്ടിതേതമ്പുരാൻ.
അത്യുത്സാഹമൊടാർപ്പുമാക്കുരവയും മാംഗല്യവാദ്യങ്ങളും
പ്രീത്യാകേട്ടെഴുനേററു ദേവനുവലംവച്ചേ തിരിച്ചീടിനാൻ. 65

ആപ്പോളാദരപൂർവ്വകം ബഹുജനം വന്ദിച്ചുബന്ധുക്കളോ
ടൊപ്പം വാഹനമേറി മംഗലകരം നാഗസ്വരം കേൾക്കവെ
ആർപ്പും മാനിനിമാരിട്ടും കുരവയും നീളെത്തുടർന്നു ദ്രുതം
തൃപ്പാപ്പൂർസദനത്തിലെത്തുമളവെന്താഹ്ലാദമുണ്ടായതും 66

സ്യാനന്ദൂരപുരത്തിലേ സകല ദേവന്മാരെയും സാദരം
കാണിക്കിട്ടു തൊഴുന്നതിന്നു പരിവാരത്തോട്ടുമൊത്തങ്ങിനെ
എഴുന്നീശാംബവിലോലലോചനയെഴുന്നെള്ളുന്നതും കണ്ടുക-
ണ്ടാനന്ദിച്ചു മഹാജനം വിജയമാശംസിച്ചു കൂപ്പീടിനാർ. 67

രാഗദ്വേഷമുഖാഷ്ടദോഷലവലേശംപോലുമേശാത്തൊരാ
യോഗംകൊണ്ടുവതീർണ്ണയായ് കമലയോടൊക്കുന്നൊരിക്കന്യയെ
സ്വാഗാരേ തിരുമൂപ്പുവച്ചമഹതി ശ്രീലക്ഷ്മിറാണി സ്വയം
രാഗോൽപാദകമാം മരുന്നു മരുതോന്നിച്ചോറു ചാർത്തിച്ചതെ 68

നീരാടിപ്പുതുവെള്ള ചാർത്തി യെഴുന്നെള്ളുമ്പോൾ ദ്വിജാകമ്പടി-
ക്കാരാലുദ്ധൃതമായി ദീർഘചതുരശ്രാകാരപട്ടാംബരം
ഓരോ മൂലയിലും തൊട്ടത്തനെട്ടതാം നിലക്കരിമ്പിൽപിടി-
ച്ചാരോമൽകുലകന്യകയ്ക്കു മധുരച്ഛായയ്ക്കു മാർഗ്ഗങ്ങളിൽ 69

സാനന്ദം കളധൗതകാന്തികലരും കന്യാസഹാഡംബരം
സ്നാനംചെയ്തെഴുന്നെള്ളിവന്നസമയം ബന്ധുക്കളെല്ലാവരും
നാനാമംഗലവാദ്യയുക്തമെതിരേററന്തഃപുരേ കൊണ്ടുപോയ്
പ്രീണിപ്പിച്ചഥ കാപ്പുകെട്ടിനവരാലാനീതയായി ശുഭം 70

കക്കാട്ടാരണനാം പുരോഹിതവരൻ പണ്ടേപ്രകാരംയജ്ഞ
സൂക്തത്താൽ രജതാംഗുലീയസഹിതം പൂജിച്ചൊരാക്കങ്കണം
മയ്ക്കണ്ണാൾ മകുടത്തിലേ മരതകക്കല്ലായകല്യാണിതൻ
തൃക്കയ്യിൽ തിരുമംഗലധ്വനിയൊടേ ചാർത്തിച്ചു ചിത്താദരം 71

പിന്നെച്ചെയ്തു നയമ്പൂഴിച്ചി;ലതിനാൽ, ദൃശ്യങ്ങളല്ലാത്തതായ്
വന്നേയ്ക്കാനിടയുള്ളദോഷമകലെത്തള്ളിക്കളഞ്ഞാൻ ദ്രുതം
മുന്നേതന്നെ യഥവ്വേദമിതിനായ് കല്പിച്ചിരിക്കുംവിധം
ധന്യൻ പിന്നെ മരക്കലത്തെയുമൊഴുക്കിച്ചാൻ കളിക്കോപ്പുപോൽ.

വാഴപ്പിണ്ടിയിണച്ചതിന്നുമുകളിൽ പോളപ്പുതം വച്ചതിൽ
ചൂഴെക്കത്തിയ കോൽത്തിരിയ്ക്കിടയിടെപ്പന്തത്തിനഭ്യന്തരെ.
താഴാത്തോരുമരക്കലത്തെ വഴിപോൽ സ്ഥാപിച്ചൊഴുക്കീടിനാ-
ളാഴത്തിൽ ജലമുള്ളതായ വലുതായിട്ടുള്ള നീരാഴിയിൽ. 73

ഓളംതള്ളിയൊടിച്ചുകുത്തിയൊഴുകിപ്പായും മഹാനിമ്നഗാ
കാലംതന്നെ; മരക്കലം നരനതിൽക്കൂടെ ഗമിക്കുന്നവൻ.
ഈലോകസ്ഥിതിയേവമെന്ന പരമാൎത്ഥത്തെ ഗ്രഹിപ്പിക്കുവാ-
നാലോചിച്ചിതുപോൽ ക്രിയാക്രമമിതിൽക്കൂട്ടിഘടിപ്പിച്ചതോ 74

വേളിക്കുള്ള തലേദ്ദിനം പകലെയാ വിക്ടോറിയാജ്ജൂബിലീ-
ഹാളിൽ തോരണഖണ്ഡമണ്ഡലകലാവൈചിത്ര്യമുഗ്ദ്ധസ്ഥലേ
മേളിക്കുന്നു മനോഹരാഭരണവസ്ത്രാലംകൃതസ്ത്രീകുലം
നിളെക്കീൎത്തിയെഴും നിസൎഗ്ഗ മലയാളിപ്രൌഢതേജോജ്വലം. 75

മോട്ടോർവണ്ടിപുരസ്സരം, മഹിമയേറീടും തുരംഗങ്ങളേ
പൂട്ടിക്കെട്ടിയവാഹനം ബഹുതരം സംഖ്യേതരം സത്വരം
ഓട്ടംതന്നെ വഴിക്കു; പൂഴിയെറികിൽ താഴത്തു വീഴാ ജന-
ക്കൂട്ടം താദൃശമെങ്ങുമങ്ങനെ മുദാ തിങ്ങുന്നു മാൎഗ്ഗങ്ങളിൽ. 76

എന്നാലാളുകളാദരത്തൊടിരുഭാഗത്തേയ്ക്കു മാറിക്ഷണം
നിന്നു കൂപ്പുകരങ്ങളോടു; മതിലേ മന്ദംവരും വാഹനം
ചെന്നു ജൂബിലിഹാളിനന്തികമുടൻ നാഗസ്വരാലാപമോ-
ടൊന്നിച്ചിട്ടെതിരേററു താണുപണിയും സന്നദ്ധമുഗ്ദ്ധാംഗിമാർ 77

അപ്പോളാശ്ശകടത്തിൽനിന്നബലമാൎക്കാപ്പേരു ചേരാത്തതായ്
കെല്പോടേ തെളയിച്ച രാജജനനി രണ്ടാംമഹാറാണിയും
തൽപുത്രീതരളായതാക്ഷിതരുണീമാണിക്യവും വേദിയിൽ
തൃപ്പാദങ്ങളെവച്ചുകത്തുകയറി പ്രാപിച്ചു പൂജ്യാസനം. 78

മഞ്ജുസ്വാഗതഗാനവും മധുരസംഗീതങ്ങളും മേദുരം
മഞ്ജീരധ്വനിയോടുകൂടി മലയാളാംഗ്ലേയനൃത്തങ്ങളും
രഞ്ജിപ്പുള്ളൊരുവേഷഭൂഷണവയസ്സൌന്ദര്യസമ്പന്നരാം
കഞ്ജത്താർമിഴിമാർ സമർത്ഥതരമായ് ഭക്ത്യാ നടത്തീടിനാർ 79

പ്രായത്തിൽ പതിനേഴ; സംഖ്യയിലുമപ്പോലുള്ളബാലാജനം
കായത്തിൻകിളരക്രമത്തിനനുനടുക്കായിട്ടൊരാളുന്നതാ
വായിക്കും മുരളിക്കുചേർന്ന പദവിന്യാസത്തൊടമ്പിൻമുഖ-
പ്രായത്തിൽ പുരതോവരുന്നു ശിരസാ ധൃതോപഹാരാംബരം 80

പീനാഡംബരവാദ്യഘോഷമുഖരിഭൂതേ, ത്തദൈവോന്നത
സ്ഥാനാലംകൃതയെങ്കിലും സഖികളൊത്താനമ്രശീർഷത്തൊടേ
ആനല്ലാർനടുനായികാമണിയടുത്തർപ്പിച്ചു പട്ടാംബരം
സാനന്ദം പ്രിയമാതൃശാസനയൊടേ കയ്ക്കൊണ്ടു തദ്ഭാർമകം 81

പിന്നെച്ചെയ്യു കൃതജ്ഞതാവചനപീയൂഷാഭിഷേകത്തിനാൽ
തന്നംഗീകുലമൊന്നുപോലെ പുളകപ്പൂഞ്ചേലചാർത്തീടിനാർ
അന്നേരം പുരുമംഗളം പരിമളംതൂകും പ്രസൂനങ്ങളേ
യന്യൂനാദരപൂർവ്വകം ബഹുതരം വർഷിച്ചു ഹർഷപ്രദം 82

നേരം പോയതറിഞ്ഞതില്ല പരമാഹ്ളാദത്തിലാഴും ജനം
നീരാട്ടിന്നെഴുനെള്ളി ജാതകുതുകം വേദസ്വരൂപൻപ്രഭു
ആരംഭിച്ചു വിളക്കുവയ്പു ശരിയായാകാശദേശത്തിലും
പൌരന്മാർ ദ്വിജരാജസമ്മുഖമിതാ ചെയ്യുന്നു നീരാജനം. 83

ഓരോരോ വഴിവന്നുചേരുമതിഥി വ്യൂഹപ്രവാഹങ്ങളാ-
ലാറായ്തോന്നിയ രാജപാത പലതും ചേർന്നുള്ള കേന്ദ്രസ്ഥലം
ആ രാജാഭ്യുദയാനുകൂലമഖിലാഹ്ളാദപ്രദം കൌമുദീ
ക്ഷീരാംഭോനിധിവേലിയേറിയതുപോൽ ശോഭിച്ചു ശേഷാലയം 84

തത്തൽസ്ഥാനനിയുക്ത കൃത്യബഹുലന്മാരാമനേകായിരം
ഭൃത്യന്മാരുമവർക്കു നായകരുമായുള്ളോരസംഖ്യം ജനം
കൃത്യത്തെറവുവരാതെ ജാഗ്രതയൊടേ കാണപ്പെടുന്നു സദാ
പ്രത്യഗ്രജ്വലിതങ്ങളായ്പുരിലസിച്ചീടുന്നു ദീപാവലി. 85

ആ രാത്രിക്കഹി രാജതല്പശയനൻ ശ്രീപത്മനാഭന്നുമാ-
ദാരങ്ങൾക്കുമുറക്കമില്ല പദഭക്താഗ്രേസരൻ തമ്പുരാൻ
നേരേയാക്കണമൊക്കെയെന്നവിരതം പ്രാർത്ഥിച്ചു വിശ്വാസമോ
ടാരംഭിച്ചൊരു മംഗളക്രിയ വെടിപ്പാക്കാൻ കടപ്പാടിനാൽ. 86

ശ്രീവഞ്ചീശയശഃപ്രകാശമമലം കാണായൊരേണാങ്കന-
ന്നാവിർഭൂതമനോവ്യഥാധികതയാ മ്ലാനാനനൻ മാറിനാൻ
ഈ വൈവാഹമഹോത്സവം തവ കുടുംബക്കാർ നടത്തിക്കെയെ-
ന്തേവം മാനമൊഴിഞ്ഞു നീ മറയുവാൻ? ജാള്യം നിനക്കുള്ളതോ? 87

ശ്രീകണ്ഠേശ്വര പാദപത്മമമലം ഭക്ത്യാ ഭജിച്ചിട്ടുത-
ച്ഛ്രീകോവിൽ പടിതൊട്ടു ഗോപുരപുരോ ഭാഗംവരെ ഭംഗിയിൽ
തിങ്കത്തിച്ചു നിരത്തിവച്ചുബഹുലം കർപ്പൂരഖണ്ഡങ്ങളേ
ശ്രീഗോദക്ഷിതിനായകൻ; സുരഭിലം പൊങ്ങുന്നു ദീപാവലി. 88

ദീപാരാധന ചെയ്യവേ പരിമളം വീശുന്ന ധൂമം സ്വയം
വ്യാപിച്ചു, പല കോവിലിൻ നികടമാമാകാശദേശങ്ങളിൽ
പ്രാപിച്ചില്ല കിഴക്കുഭാനുഭഗവാനെന്നോക്കൊലാ നാം വൃഥാ
ധൂപോൽക്രാന്തസമുദ്ധധൂമമിരുളായ് തോന്നുന്നുവെന്നോവരും. 89

"താരാമന്ദി"രസന്നിധാന വിലസല്ലോരാഗൃഹേ സ്വപ്രജാ
ഭാരക്ലേശമൊഴിഞ്ഞ വീരമൃഗരാജന്മാർ പിണക്കത്തൊടെ
ആരംഭിച്ചു ഗഭീരഗർജ്ജന മഹാഘോഷം ക്ഷണം തന്നെയാ-
പ്പീരങ്കിധ്വനിയും മുഴങ്ങി ഭഗവാനുൽബുദ്ധനായീ രവി. 90

സരാഗം വികാസോന്മുഖീ പത്മിനിക്കായ്
കരം നീട്ടിയുത്തുംഗ പൂർവ്വാചലത്തിൽ
കരേറുന്നുമേൽ പൊൽത്തിടമ്പെന്നവണ്ണം
കരേറുന്ന തേജോമയാദിത്യബിംബം. 91



ഗോദവർമ്മരാജാ അവർകൾ.

൯൨-ാം സൎഗ്ഗം.

വരന്റെ വരവു്.

നാൽ കൊമ്പനാനകനകോജ്ജ്വല മസ്തകത്തെ
പ്പൊക്കിപ്പിടിച്ചു പുരുഹൂത ദിഗംബരാന്തെ-
ഉൽക്കണ്ഠയോടുദമയന്തിയെയെന്നപോലെ
വേൾക്കാൻ വലാരി വരുവാൻ മുതിരുന്നുവെന്നോ? 1

എന്നാലതിന്നു വെറുതേയൊരു മഞ്ഞുകൊണ്ടു
വെന്നേവരു; വരണമാല ഗളേ ധരിപ്പാൻ
പുണ്യം പുരാ കൃതമിണങ്ങിയ ഗോദവൎമ്മാ-
മന്നൻ വരുന്നു കരവാളുമെടുത്തൊരുങ്ങി. 2

പിന്നിൽ തൊടുത്തു കൊടികെട്ടിയ നീണ്ട കുന്ത
മുന്നഗ്രമാക്കി ധൃതകങ്കട സാദി സൈന്യം
ഒന്നിച്ചുവന്നു; നളികായുധ ചൂണ്ടു പൂണ്ടു
സന്നദ്ധരായണിനിരന്ന പദാതിയോടും. 3

ഗംഭീരതാര കളകാഹള താളമൊത്ത
തമ്പേറിനൊപ്പ മിരുകാതൊരുപോലടിക്കും-
കുംഭിപ്രവീരനുടെ മേൽ കനകത്തിലുള്ളൊ-
രമ്പാരിയിൽ കയറി കാമുക ഭൂമിപാലൻ. 4

ഒപ്പം കരീന്ദ്രരിരുപാൎശ്വ മകമ്പടിക്കു
നില്പുണ്ടു നീണ്ട മുസലോപമ ദന്തകാന്ത്യാ
ആപ്പാദമെങ്ങു മിടതിങ്ങി ജനങ്ങൾ;ളേററ
മേപ്പെട്ടു വെൺപത നിറഞ്ഞിടുമാറുപോലെ. 5

ശ്രീകണ്ഠനാഥനടവിട്ടു വടക്കു തുംഗ
പ്രകാര ഗോപുരവഴിക്കു കിഴക്കുകൂടി
പോകുന്ന യാത്ര പുറ്റരൊന്നു തിരിഞ്ഞു തെക്കു-
ഭാഗത്തിലെപ്പെരുവഴിക്കു പയോധിപോലെ. 6

വാതായനം പ്രതിവഴിക്കിരുവക്കിലുള്ള
സൌധങ്ങളിൽ സരസിജാനനമാരസംഖ്യം
കൌതൂഹലേന നൃവരാവരജാവരൻെറ
ചേതോഹരാഗമനമങ്ങനെ നോക്കിനിന്നു. ൭

പ്രാഗത്ഭ്യമോടു പരദേശികളൂതി നാനാ-
രാഗങ്ങളേ പ്രകൃതികൂടി ലയിക്കുമാറിൽ
നാഗസ്വരം തകിലടിച്ചു പെരുക്കി മേള
യോഗത്തൊടങ്ങനെ വിളങ്ങി വഴിക്കുനീളെ. ൮

വാതാശനേശ ശയനായതനാഗ്രഭാഗേ
വാതുക്കലെത്തിയ മഹാജനമൊന്നുപോലെ
ആ ദേവദേവനെ നമിച്ചു സമംഗളാശി-
ർവ്വാദത്തിനർത്ഥനകളും വഴിപോലെചെയ്തു. ൯

ആ ദിവ്യമൂർത്തി സദനാഭിമുഖാഗമത്തി-
ന്നാദിത്യനും കിമപി ശങ്ക ജനിച്ചുപോയി
വേദൈകസാര പരിപാവന പത്മനാഭ
പാദാരവിന്ദ ഭജനത്തിനകന്നു നിന്നാൻ. 10

വക്ഷസ്ഥലാകലിതരത്ന വിഭൂഷിതാത്മ
കൌക്ഷേയകോൽബലിതകോമള കാന്തിപൂരം
ലക്ഷ്മീകടാക്ഷ പരിശോഭിത സുന്ദരാംഗം
ലക്ഷീകരിച്ചവനമിച്ചു സമാനരൂപൻ. 11

കൂട്ടുന്നഘോഷമൊടു യാത്ര തുടൎന്നു കോട്ട
വെട്ടിപ്പൊളിച്ചവഴി പശ്ചിമദിക്കുനോക്കി
കൊട്ടാരവും നടയുമാത്തെരുവും കടന്നു
പെട്ടെന്നു പശ്ചിമപഥത്തെയലങ്കരിച്ചു. 12

കന്യാഗൃഹാഭിമുഖമായിവരും വരൻെറ
സന്നാഹമാത്തെരുവിനേയതി ധന്യമാക്കി
മുന്നേതിലേറിയമടങ്ങു ജനങ്ങളോടു-
മൊന്നിച്ചു യാത്രയിവിടെപ്പൊടിപൂരമായി. 13

യുവരാജാവു തിരുമനസ്സുകൊണ്ടു്.

നീങ്ങും പദം പ്രതികരഞ്ഞുവരും വഴിക്കു
തിങ്ങും ജനങ്ങളെ നയിച്ചു നയം തുളുമ്പി
എങ്ങും സശംഖവര മുദ്ര ധരിച്ചുകൊണ്ടു
തുംഗപ്രഭാവമൊടു നിന്നിതു സൈനികന്മാർ. 14

പ്രത്യുഗ്രഘോഷമൊടു പത്തന സന്നിധാന-
മെത്തും സ്വകീയ ഭഗിനീവരനേ യഥാർഹം
മാർത്താണ്ഡവർമ്മ യുവവഞ്ചി വസുംധരേന്ദ്ര-
നത്യാദരത്തൊടെതിരേററു മൃദുസ്മിതാർദ്രൻ. 15

ആരത്നകംബളസമാസ്തൃതമങ്കണത്തി-
ലേറി ഗൃഹാന്തികമണഞ്ഞതു കണ്ടനേരം
ശ്രീരാമവർമ്മ കുലശേഖരവഞ്ചിപാലൻ
സ്മേരാനനൻ സകുലമമ്പിനോടാദരിച്ചു. 16

തുംഗാനന്ദയോതടവനെ യാദരപൂർവ്വമഷ്ട-
മംഗല്യമോടു മെതിരേററഥ നാലുകെട്ടിൽ
ശൃംഗാരയോനി സദൃശപ്രതിഭാവിലാസം
തിങ്ങുന്നമാതിരിയിരുത്തിവരാസനത്തിൽ. 17

പൊന്നിൻചിലമ്പൊലിവളന്ന വരാത്തപാദ
വിന്യാസമോടു വിനയാനത മോഹനാംഗി
കന്യാവതംസമണികാഞ്ചനകാന്തിചിന്തി
മന്ദാക്ഷഭാവമൊടു കിഞ്ചന ദൃശ്യയായി- 18

വക്ഷത്തു മുത്തുമണികോർത്ത്, സുവർണ്ണതന്തു
പ്രക്ഌപ്ത ചിത്രമൃദുപത്രദുക്കൂലസാരി
മയ്ക്കണ്ണിമാർമണിയണിഞ്ഞതനിചോളമല്ല
കയ്ക്കൊണ്ട കാഞ്ചനലതാപരിവേഷമല്ലോ. 19

സീമന്തരേഖവഴിവന്നളകപ്രരോഹ
സീമയ്ക്കു നെററിയുടെ മേല്ക്കിരുഭാഗമായി
പൂമാലപോലെ വിലസും പലവജ്രരത്നം
ശ്യാമാംബരേ ശശികലോപരിതാരകാഭം. 20

നീലാരവിന്ദ ദലലോല വിശാലനേത്ര
ലീലാപ്രകാശിത സിതാസിതവൎണ്ണകാന്ത്യാ
ആലക്ഷിതസ്ഥലമിടയ്ക്കൊരു പുള്ളിമാനിൻ
തോലിട്ടപോൽ പ്രതിഫലിച്ചു തിരിച്ചുകാണാം. 21

കൎണ്ണാന്തലംബിതമനൎഘസുവൎണ്ണരത്ന
പൂൎണ്ണം പ്രകാശമിയലും ചലകുണ്ഡലങ്ങൾ
ഗണ്ഡസ്ഥലപ്രതിഫല പ്രതിരൂപമോട്ടു-
മെണ്ണപ്പെടുന്നളവു നാലിലുമേറിടുന്നു. 22

രാകാശശാങ്കരമണീയ മുഖപ്രകാശ
മാകാരസൗഷ്ഠവവിശിഷ്ടമനോനിദൎശം
ആകുഞ്ചിതാത്മശിരസാ സരസാ സ്വകീയ
മാകാംക്ഷിതങ്ങളിതരൎക്കറിയാതെയാക്കി. 23

കംബുപ്രകാശഗളശോഭിതരത്നമാലാ
ലംബസ്ഥിതം മരതകം ചിതറും മയൂഖം
ബിംബാധരീ ഹൃദയഗോപിതപത്മനാഭ-
ബിംബത്തിൽനിന്നു മൊളി ചിന്തിയതെന്നുതോന്നും 24

താരുണ്യജന്യമൃദുലാവയവസ്വഭാവം
വേറിട്ടതായ തിരുമാറു മറച്ചു ഭംഗ്യാ
ഹൈരണ്യരത്നമയമാലകളെദ്ധരിച്ചും
ഭാരംവളൎത്തി പുനരങ്ങിനെ സന്നതാംഗി. 25

നീരോട്ടമുള്ള പരികൎഷിതവജ്റരത്ന
മേവുന്ന കങ്കണവിഭൂഷിത തൃക്കരങ്ങൾ
ആരക്തപാണിതല കോകനദപ്രസൂന
ചാരുത്വമാൎന്നു വിലസുന്ന മൃണാളമല്ലോ. 26

ശ്വേതാംബരം ഞൊറിവൊടൊത്തു ശരിക്കുചാൎത്തും
ശാതോദരിക്കുടയ പട്ടുടയാടയിന്മേൽ
പാദാദികേശമൊരുപോൽ പല നല്ലരത്ന
ജ്യോതിസ്സെഴും കനകകാഞ്ചിയണിഞ്ഞിരുന്നു. 27

ശ്രീ കാർത്തിക തിരുനാൾ കൊച്ചുതമ്പുരാട്ടി.

തണ്ടാർമകൾക്കു ശരിയായ് നൃവരാന്വയത്തി-
ലുണ്ടായൊരീ പ്രകൃതികോമള വിഗ്രഹത്തിൽ
പൂണ്ടോരനർഘതര കാഞ്ചനരത്നമെല്ലാം
കൊണ്ടെന്തു? ഭാരകരമാഭരണം വിശേഷാൽ 28

എന്നാകിലും സമുചിതാഭരണാംബരങ്ങ-
ളന്യൂനഭംഗിയുളവാക്കുവതെന്നുറച്ചു
സൗഭാഗ്യതത്വമറിയും ജനയിത്രിതന്നേ
പൊന്നിൻകുടത്തിനുടെമേൽ തിലകം കുറിച്ചു 29

ക്ഷോണീശവംശജരിലന്നു വയസ്സുമൂപ്പു
കാണുന്നസർവരുമിതിൻ പതിവിൻപ്രകാരം
ആനീതയായ വധുവിന്റെനതോത്തമാംഗേ
സാനുഗ്രഹം ക്രമമൊടക്ഷതവൃഷ്ടിചെയ്തു. 30

ദീപം വലം ചുഴലുമാറു കൊളുത്തിവച്ചു
ശോഭിച്ചതാം നിലവിളക്കിനടുത്തുമുമ്പിൽ
പ്രാപിച്ചിരുന്നു വധുവും വരനും യഥാർഹം
ഭൂപാലവംശഗുരുചെയ്തു വിവാഹഹോമം. 31

തിങ്ങിസ്സദിർപ്പുരതുടങ്ങിയ കെട്ടിടത്തി-
ലെങ്ങും നിറഞ്ഞ പലജാതി മഹാജനങ്ങൾ
മംഗല്യവാദ്യ കുരവാരവഘോഷമോടു
സംഗീതവും പലതുകേട്ടു തെളിഞ്ഞിരുന്നു. 32

ചൊല്ലൂമാണ്ടവേദവിധിപോലെ വിവാഹയോഗ്യ
സൽകർമ്മമാദരപുരസ്സരമാശുചെയ്തു
പൊക്കത്തിലാക്കതിരുമണ്ഡപമേറി തത്ര
മുഖ്യാസനങ്ങളിലിരുന്നു വധൂവരന്മാർ. 33

ആമണ്ഡപത്തിലനുജത്തിയിലാർദ്രചിത്ത-
നാമഞ്ജുളാംഗിയുടെ പിന്നിലിരുന്ന ഭൂപൻ
ക്ഷേമപ്രദം ഭുവനനായകപത്മനാഭ
ശ്രീമൽപദം സുദൃഢഭക്തിയൊടേ സ്മരിച്ചു. 34

വേഗേന വായ്ക്കുരവ യാർപ്പുമൃദംഗഭേരീ
നാഗസ്വരാദി പലമംഗലനാദഘോഷം
ആകാശമൊക്കെ മുഖരീകൃതമാക്കിടുമ്പോൾ
ശ്രീഗോദവർമ്മഹൃദയത്തിനിടിപ്പുകൂടി. 35

കക്കാട്ടുപോററിയജുരുജ്ജ്വലമന്ത്രശുദ്ധ
മാക്കിക്കൊടുത്തതിരുമംഗലസൂത്രതാലി
തൃക്കയ്യിലാദരപുരസ്സര മാശുവാങ്ങി
യുൾക്കാമ്പിലംബികയെ വീണ്ടുവരൻ സ്മരിച്ചു. 36

ആത്താലിമംഗളകളധ്വനിയോടുകൂടി
കാന്തസ്വരാംഗിയുടെ കംബുഗളത്തിൽവച്ചു
അത്യർത്ഥകൌതുകമൊടും കുലശേഖരേന്ദ്രൻ
തത്താലിയെത്തദനുകെട്ടി ദൃഢപ്പെടുത്തി. 37

സീതാവിവാഹസമയം ശിവചാപഭംഗ
നാദം നഭഃപ്രതിരവേണ മുഴങ്ങിടുമ്പോൽ
സ്സീതാദരം ഭടജനം വെടിവച്ചശബ്ദം
ഭേദിച്ചു മാറെറാലികലർന്ന ദിഗന്തഭിത്തി. 38

ആമോദമോടവനതാംഗി വരൻെറകയ്യിൽ
പൂമാല നൽകി പുളകോൽഗമ വേപമാനാ
പൂമാത്തുതൻവരണമാലിക മാധവൻപോ-
ലാമന്നവൻ നിജ ഗളത്തിലണിഞ്ഞുനിന്നാൻ. 39

വേദം വേദിയമുഖ്യരാൽ കുരവയാപ്പെണ്ണുങ്ങളാലാർപ്പു സം-
മോദംപൂരുഷരാൽ പെരുമ്പറകളും കൊമ്പും ഭടൌഘങ്ങളാൽ
വാദിത്രം മുഖവീണമദ്ദള മൃദംഗാദ്യങ്ങളോരോന്നിലും
വൈദഗ്ദ്ധ്യം പെരിയോർകളാലിഹ മുഴക്കപ്പെട്ടു സന്മംഗളം. 40

സുരഭിലസുമ വൃഷ്ടിയോടുകൂടി
പ്പരിമളധൂമമുയർന്നു പന്തലെങ്ങും
പരമിതു പനിനീർ തളിച്ചു ഗന്ധം
പെരുകിയ മഞ്ഞു ചൊരിഞ്ഞതല്ലയല്ലീ. 41

സൗരഭ്യനിർഭര സദാഗതിസഞ്ചരിക്കു
മാരാജധാനി രമണീയ കലാഭിരമ്യം
സ്വാരാജ്യവാസസുഖനിർവൃതിപൂർവ്വപുണ്യം
മേറുന്നവർക്കിവിടെ വച്ചനുഭൂതമായി. 42

പഞ്ചേന്ദ്രിയത്തിനൊരുപോലെ സുഖാനുഭൂതി
വഞ്ചീന്ദ്രനാത്മസദനാതിഥികൾക്കു നൽകി
കൊഞ്ചൽമൊഴിത്തിരുമണം മണമാർന്നവാടാ
പ്പൂഞ്ചെണ്ടുപോലെ ജനചിത്തമലംകരിച്ചു. 43

പരായുതം പന്തലുകൾക്കകത്തായ്
നിരന്നിരുന്നോരുജനത്തിനെല്ലാം
നരാധിനാഥന്റെ നിയോഗപൂർവ്വം
നിരന്തരം വെററില പാക്കുനൽകി. 44

തീണ്ടലെന്നൊരു കളങ്കമുള്ളതായ്
കണ്ടിരുന്നപലജാതി മർത്ത്യരും
കണ്ടുവേളിമറയോക്കു മൊപ്പമായ്.
വേണ്ടപോലെ ബഹുമാനപൂർവ്വകം. 45

സ്വരക്ഷണത്തിന്നു വിധേയരായി-
ട്ടിരിക്കുമെല്ലാരെയുമൊന്നുപോലെ
ഭരിക്കുമുർവ്വീപതി ജാതിഭേദം
സ്മരിക്കയില്ലെന്നു തെളിച്ചുകാട്ടി. 46

അന്നംകൊടുപ്പതിനു പണ്ടുമുതല്ക്കു വഞ്ചി-
വൃന്ദാരകേന്ദ്രരുടെ വാസന ജന്മസിദ്ധം
പിന്നെക്കനിഷ്ഠയുടെ വേളിമഹത്തിനുർവ്വീ
മന്ദാരമെത്രപൊടിസങ്കരമാക്കി സത്രം. 47

ദിഗ്ദേശജാതി മതവേഷ വചോവിഭിന്ന
വർഗ്ഗങ്ങളിൽ പെട്ടമസംഖ്യമഹാജനങ്ങൾ
ഉൽഗാരമിട്ടു; മധുരസ്വരമംഗളശ്രീ
വാഗ്വർഷമന്‍പൊടു കൃതാർത്ഥരസജ്ഞ.ചെയ്തു. 48

പുനരേഴുദിനം തുടച്ചയായി
ജ്ജനസമ്മോഹന മുത്സവം നടത്തി
ഫണിരാജപുരം യഥാർത്ഥമായി-
ട്ടനിമേഷക്കു വിനോദരംഗമാക്കി. 49

രതധരാതലസഞ്ചിത
വിരുതുകളധികം ധരിച്ചവിദ്വാന്മാർ
ഒരുമിച്ചിവിടെ നടത്തി
നിരുപമമാകും കലോത്സവാഘോഷം. 50

സന്ദർഭോചിതവേഷഭൂഷണ വയസ്സാരസ്യസാദൃശ്യവും
സൌന്ദര്യപ്രഭവാഭിചാരകലശദ്വന്ദ്വച്ഛദക്ഷാമവും
തോന്നിക്കും തരളാക്ഷിമാർ തരുണിമാർ കൈകൊട്ടി വട്ടത്തിൽനി
ന്നൊന്നിച്ചമ്പൊടു പാട്ടു പാടിയടിവച്ചാടിക്കളിച്ചീടിനാർ. 51

കാൺകെത്തന്നെകുഴിച്ചിട്ടം കുരുകിളുത്തുണ്ടായ് വളന്നാക്ഷണം
പൂങ്കാലത്തൊട്ടയൻ പൂംകലവിടുർന്നു പൂർണ്ണമായീ ഫലം
മാങ്കായൊന്നു പഴുത്തുവീണു പലരുംതിന്നുന്നു നന്നിത്തരം
കൺകെട്ടെന്നു വൃഥാപറഞ്ഞു കളിയാക്കീടുന്നു കാര്യങ്ങളെ. 52

അത്തംനാളിലെട്ടത്തവിത്തു ഘൃതലേപം ചെയ്തു പൈമ്പാലിനാൽ
പത്തോളംദിനമുള്ളഭാവനകഴിഞ്ഞെന്നാലുടൻ ഗോമയേ
പേർത്തുംപേർത്തുമുണക്കിയിട്ടു കിരിമാംസംകൊണ്ടു ധൂപിക്കിലാ
വിത്തങ്കോലജതൈലമേററുമുളവന്നേവം വളന്നിടുമേ. 53

മദ്ധ്യേവച്ചവിളക്കു ചുററിയകലെ പ്പട്ടിൻതലക്കെട്ടൊടും
യോദ്ധാക്കൾക്കുവിധിച്ചമട്ടിലരയിൽ തൽക്കച്ച വാൽതൂക്കിയും
ബദ്ധാടോപമിരുന്നു പച്ചമലയാളപ്പാട്ടു നമ്പൂരിമാർ
ശുദ്ധംതൽശ്രുതിപോൽ സ്വരപ്പെരുമയേക്കാണിച്ചു പാടുന്നതേ

"മാച്ചാനേ"തിപറഞ്ഞുകൊണ്ടുവികൃതം
ഭാവത്തൊടെത്തുന്നവൻ
"മാജാനേ"തിപദേന സമ്പ്രതി വിളി-
ച്ചീടുന്നുമാജാനിയെ

പിച്ചന്മാരുടെ ഗോഷ്ഠിയെന്നിതിനെ നാം
പുച്ഛിക്കൊലാ നോക്കുവിൻ
സ്വച്ഛന്ദം ചിരികൊണ്ടുതന്നെ യഭിഷേകം
ചെയ്ത ശാസ്ത്രക്കളി. 55

ആര്യന്മാർ മലയാളഭൂമി കുടിയേറാൻ വന്ന കാലത്തിലേ
നായന്മാരുടെ ശക്തിയും മഹിമയും കാണിക്കുവാനല്ലയോ?
കാര്യജ്ഞാനവിഹീനനാ യുരിഹസിക്കപ്പെട്ടൊരാര്യന്മമാരേ
ച്ചെയ്യിക്കുന്നതു; വാളുമാപ്പരിചയും കൈക്കൊണ്ടു രംഗാഗമം.

എന്നോ കേൾക്കാതിരിപ്പൂ ഹരികഥ,യതുനാൾ
ദുർദ്ദിനം കാറുകേറി-
ഛന്നം സൂര്യപ്രകാശം പകലിനിതവകാ-
ശപ്പെട്ടും നാമമല്ല
എന്നാൽ പാടിക്കൊഴപ്പിച്ചിടയിടെ യധികം
വിസ്തരിക്കും പ്രസംഗം
തന്നേ പ്രാശസ്ത്യമേറും കഥയിതു തമിഴിൽ
പാഠകത്തിന്റെ രീതി. 57

മാലേയം കുറിയിട്ടു പട്ടു തലയിൽ കെട്ടീ കഴുത്തിൽ ദ്രുതം
മാലാജാലമണിഞ്ഞു, നീട്ടിയരയിൽ പട്ടൊന്നു മേൽചുററിയോൻ
കാലേതന്നെ വിളക്കുവച്ച സഭയിൽ കൈകൂപ്പിയും കണ്ണട-
ച്ചാലോചിച്ചു മുറക്കെയിങ്ങനെതദാ ശ്ലോകം സ്വയം ചൊല്ലിനാൻ.

"ദത്തേന്ദ്രാഭയ വിഭ്രമാത്ഭുതഭുജാ സംഭാര ഗംഭീരയാ
ത്വദ്വൃത്ത്യാ ശിഥിലീകൃതസ്ത്രിഭുവനത്രാണായ നാരായണഃ
അന്തസ്തോഷ തുഷാരസൌരഭമയശ്വാസാനിലാപൂരണ
പ്രാണോത്തുംഗ ഭുജംഗ തല്പമധുനാ ഭദ്രേണ നിദ്രായതേ."

പിന്നെശ്ലോകപദങ്ങളിൽ ക്രിയയെടുത്താകാംക്ഷ ചെയ്യുന്നവയം
നന്നായിട്ടുപറഞ്ഞു പൂർവ്വകഥയും സന്ദർഭവും ചൊല്ലിനാൻ
എന്നിട്ടാശ്ശു പദപ്രയോജനചമൽകാരങ്ങളേ വിസ്തരി-
ച്ചൊന്നായിട്ടു പറഞ്ഞുവച്ചു പരിഭാഷാശ്ലോകമൊന്നിങ്ങനെ. 59

ജംഭാരി,യ്ക്കുഭയഭ്രമാത്ഭുതകരം നിൻബാഹു സമ്പ;ത്തതിൻ
ഗംഭീരത്വവശാൽ ത്രിലോകഭരണക്ലേശംവിനാ കേശവൻ
അമ്പോടുള്ളു തണുത്തുവിട്ട മണമോലും ശ്വാസവായുഗ്രസി-
ച്ചെമ്പാടും നിറകെ ദൃഢാഹിതളിമെ പള്ളിക്കുറിപ്പായിതെ. 60

ഗംഭീരോച്ചകളസ്വരങ്ങളതതിൻ സ്ഥാനത്തെഴം വീണതൻ
കമ്പികളുള്ള നിനാദഘോഷമതിനോടൊക്കും മൃദംഗധ്വനി
അമ്പേറും മധുവാണിമാർ മധുരകണ്ഠംകൊണ്ടു പാടും സ്വരം
മുമ്പിട്ടങ്ങനെ ഗാനമേളമുഖരീഭൂതം നഭോമണ്ഡലം. 61

പാടാനാളുകളില്ല തംബുരുമൃദംഗാദ്യങ്ങളില്ലെങ്കിലും
കൂടെക്കമ്പിതൊട്ടുത്തുവച്ച കനകപ്പൂവൊത്ത കോളാമ്പികൾ
പാടുന്നു സ്ഫുടമായ് സദിർപുരയിലേ സംഗീതമേളങ്ങളേ
നാടൊക്കെപ്പുകരുന്നു; വൈദ്യുതകലാസാമർത്ഥ്യമത്യത്ഭുതം. 62

ഏതോ ശക്തിയൊളിച്ചിരുന്നു നടനം ചെയ്യിക്കയത്രേ മഹാ
ഭൂതം പഞ്ചഗുണം തികഞ്ഞൊരു പടംകൊണ്ടീ പ്രപഞ്ചങ്ങളെ
സാദൃശ്യത്തിനു കണ്ടുകൊള്ളുക സിനിമാതത്ര ചിത്രങ്ങളെ
ചൈതന്യം കലരുന്ന പാത്രസമമായ് പാടിച്ചു മാടിച്ചിടും. 62

മന്ത്രോപാസനയോടു നല്ല ദിവസം ദിവ്യൌഷധത്തെപ്പറി-
ച്ചെന്തെല്ലാംപണി ചെയ്യുമെന്നറിയുവാൻ സക്കസ്സു നോക്കീടണം
കാന്താരോത്ഭവഹിംസ്രസിംഹകരിണി ശാർദ്ദൂലസത്വങ്ങളും
സന്തോഷിച്ചു കളിച്ചിടുന്നു മനുജനെന്താവതല്ലോക്കുകിൽ. 64

ദാരംകൂടുമിരുമ്പുപന്തുകളെടുത്തമ്മാനയാടുന്നതും
പോരാ, പൊക്കിയെറിഞ്ഞു താഴെ വരവേ സ്കന്ധേന താങ്ങുന്നതും
കേറിക്കൊണ്ടു ചവിട്ടുവണ്ടികളിലാം, ഭിത്തിപ്പുറത്തിൽ ചെരി-
ച്ചേറിച്ചുററിവരുന്നതും വലിയൊരത്ഭുതസത്പ്രകാശം ദൃഢം. 65

സോപാനോചിതഗാനരാഗമിടയിൽ ശ്ലോകം സതാരസ്വരം
സ്വാപാപഹൽകരചെണ്ടമേട്ടുളദലത്താളപ്രയോഗങ്ങളും
ദീപജ്വാലവളന്നിടും നിലവിളക്കതോ തിരശ്ശീലയും
പ്രാപിക്കുന്ന സതോടയം കഥകളിക്കാകാം പുറപ്പാടിനി. 66

ഏതോ നായകനാക്കിരീടപതിയും തൽപത്നിയും വന്നു സം-
മോദം കൃപ്പി സദസ്യരേ; നടനവിദ്യാപാടവാഡംബരം
ഏതെല്ലാം വിധമെന്നു നോട്ടമുഖഭാവാദ്യങ്ങളും നൃത്തവും
ചെയ്തുംകൊണ്ടു നിലപ്പദാനുസരണം കാണിച്ചു കൌതൂഹലം. 67

വൃന്ദാകത്തിനിടയ്ക്കു വിഷ്ണുഭഗവാൻ കേറിശ്ശ്രവിച്ചാൻ പുരാ
സന്തോഷത്തൊടു ശാകവിക്രയിണിയാൽ പാടപ്പെട്ടും കീർത്തനം
തൽകർത്താ ജയദേവദിവ്യകവി, തത്താദൃങ്മഹാഭക്തനാൽ
തീർക്കപ്പെട്ട വിശിഷ്ട "മഞ്ജുതര"യേ കേൾക്കുന്നവൻ ഭാഗ്യവാൻ.

ശൃംഗാരപ്പദമാടി പച്ച,ദയിതാസാമ്യം, മുഖത്തെത്രയും
ഭംഗ്യാ താദൃശമാം രസസ്ഫുരണനൈപുണ്യം പ്രകാശിക്കവെ
എങ്ങും ശോഭനമാസ്വരാദയിതയെ ക്കെട്ടിപ്പിടിക്കുന്നതാ
രംഗം മാററണമെന്നു കല്പന വരാനർത്ഥിക്കണം സത്വരം. 69

ധർമ്മാധർമ്മവിവേകശാലി സദയം വന്നു സദസ്സിൽ സദാ
സന്മാർഗ്ഗാനുസൃതങ്ങളാകുമുപദേശം നൽകുവാൻ മാമുനി
ചെമ്മേ ശാന്തരസാനുയോജ്യനടനം കൊണ്ടാസ്സഭാവാസികൾ-
ക്കമ്മട്ടിൽ സുഖമായ ശാന്തത തദാ ചേതസ്സിനും വന്നതേ. 70

വീരൻ "കത്തി"യണിഞ്ഞു മൂക്കിനുടമേൽ പൂ വച്ചവൻ ഗൌരവം
ചേരും വേഷവിഭൂഷണങ്ങളുമണിഞ്ഞെത്തി പ്രഭാവത്തൊടെ
ഓരോമട്ടു തിരയ്ക്കുനോട്ടമവസാനിപ്പിച്ചു രംഗസ്ഥിതൻ
മാരെയൊക്കെയിളക്കി വീരരസഭാവത്തെ നടിച്ചീടിനാൻ. 71

ശൃംഗാരം വിപ്രലംഭം സരസമഭിനയിക്കുന്നു നന്നായ്തിഞ്ഞി-
ട്ടാംഗ്യം കാട്ടുന്നു പാടിപ്പദമനവരതം വീണ്ടുചൊല്ലുന്നുമെല്ലെ
സംഗീതം മേളമാട്ടം സകലതുമൊരുപോൽ ഭംഗിയാകുന്നതിന്നീ
രംഗംതന്നേ വിശേഷം നവരസരസികന്മാർക്കു സംതൃപ്തിഹേതു. 72

കിളർന്നതായ് പൊടിപ്പെഴും കിരീടമൊന്നു ചാർത്തിയും
വളഞ്ഞ ദംഷ്ട്രകാട്ടിയും ചുവന്നതാടി കെട്ടിയും
അലച്ചയോടുകൂടിവന്ന വേഷമാർത്തുരംഗമൊ-
ന്നിളക്കിവച്ചു നർത്തനം സമർത്ഥമായ് നടത്തുവോൻ. 73

വേലൻ കവുങ്ങും പനയും പറിച്ചാ-
ത്തോളിൽ ചുമന്നോടി വരുന്നനേരം
പാളത്തണങ്ങുാക്കുറനാടിപേറും
പോലത്ര ഹാസ്യത്തിന്നു വന്നു ഭീരു. 74

കണ്ടാൽ ചിരിക്കുംപടി വേഷമെന്നാൽ
മിണ്ടാതിരിക്കുന്നതുമല്ലവിഷ്ടി
രണ്ടാളുമീ രംഗതലം വെടിഞ്ഞു
കൊണ്ടാൽ കുറച്ചൊന്നു രസിക്കുമാക്കും. 75

വായിൽ തോന്നിയ പാട്ടുപാടിവരു;മാ ഹാമ്മോണിയക്കാരനോ-
ടായിത്തഛ്ശ്രുതികൂട്ടുവാൻ പറയു;മത്യുച്ചം സ്വയം പാടിടും
ന്യായക്കേടിവ ദൃശ്യരൂപകനിലയ്ക്കുന്നാകിലും പ്രാകൃത-
പ്രായം നാടകമെങ്കിലും ഗുണമതിൽകാണും കഥാബന്ധനേ. 76

ആനന്ദപ്രദമാണുഗാനമെവനും മാധുര്യമേറുംതെലു-
ങ്കാണെങ്കിൽ തമിഴൊട്ടടുത്തു പിറകേചൊല്ലുംസ്വഭാവങ്ങളാൽ
കാണും സംസ്കൃതശുദ്ധശബ്ദനിയമം നമ്മൾക്കുഭാഷയ്ക്കതി
ന്നൂനംതട്ടുകദുസ്സഹം സപരുഷംപാട്ടിന്നുപോം കൈരളി. 77

സേനയ്ക്കുചേനചൊറിയുന്നതുപോലെ തോന്നും
ജ്ഞാനത്തിനുള്ളവിഷമം പറവാൻ ഞെരുക്കം
ഊനംവരാശ്രുതിപഥത്തിനു നാമതിന്നു
വേണംശ്രമിപ്പതിനതേ സുഖവൃത്തനാക്രു 78

ഛന്ദോവൃത്തനിബദ്ധപദ്യഗണവും ഹൃദ്യംപരംഗദ്യവും
ചേർന്നിട്ടുള്ളവിശിഷ്ടനാടകമഹോ ധാരാളമിക്കൈരളി
മുന്നേതന്നെകരസ്ഥമാക്കിയവയേക്കൊണ്ടാടുവാൻപാത്രമാ
യിന്നാരുംതുനിയാത്തതെത്രകഠിനം ഭാഷാഭിമാനക്ഷയം. 79

ഗദ്യത്തിൽചിലനാടകം പൊടിപൊടിക്കുന്നുണ്ടു സഭ്യർക്കതും
ഹൃദ്യംതന്നെ പിഴച്ചു പാട്ടിടയിടെ ച്ചൊല്ലാതിരുന്നാ ടകിൽ
ഖാദ്യംശർക്കരയിൽപുരട്ടിയ വറുത്തുപ്പേരിതിന്നുന്നതി
ന്നുദ്യോഗിക്കുകയില്ല പല്ലു ബലമില്ലെന്നാൽ പൊടിച്ചെന്നിയേ. 80

ആരോഹണങ്ങളവരോഹണമെന്നിതെല്ലാ-
മോരോതരം വരവരച്ചു ശരിപ്പെടുത്തി
ഭാരിച്ചപുസ്തകമെടുത്തു മലത്തിവച്ചു
യൂറോപ്യഗാനമതുനോക്കി മുഴക്കിടുന്നു. 81

കുപ്പായങ്ങളണിഞ്ഞു തൊപ്പി തലയിൽ കോത്തിട്ടു തമ്പേറിനോ
ടൊപ്പം ചുററിവളഞ്ഞു നീണ്ടകുഴലും കൊമ്പും മുഴക്കീടിനാർ
ആപ്പട്ടാളമുറയ്ക്കുതിൻെറതലവൻ തൽപുസ്തകം നോക്കിനി
ന്നപ്പോൾ ശബ്ദനിയന്ത്രണം വടിയിളക്കിക്കൊണ്ടുചെയ്തീടിനാൻ.

നിലത്തടിക്കുമൊച്ചയാൽ ചലിച്ചവായു തട്ടവേ
തളച്ചുവന്നു തൽക്ഷണം പതിച്ചിടുന്നു വണ്ടുകൾ
കുലത്തിനുള്ള കീർത്തിയും ജയിച്ച സംഗരങ്ങളും
വളർത്തിയുള്ളപാട്ടിനാൽ തിളച്ചിടുംഭടാവലി. 83

എതിർത്തുപോരുചെയ്യുവാൻ ഭടക്കുവേണ്ട ധൈര്യവും
കരുത്തുമത്ഭുതാവഹം കൊടുത്തിടുന്നപാട്ടുകൾ
മുറയ്ക്കു പാടി ബാൻഡുമായ് പുറപ്പെടുമ്പൊഴേവനും
മരിക്കുമെന്നപേടിപോയ് പടക്കളത്തിലെത്തുമേ. 84

വാദ്യന്മാർ ക്രമുകത്തിനാൽ കൊടിമരം സ്ഥാപിച്ചു തേവാര സൽ
കോയിക്കൽ പടിവാതിലിന്നുനികടെപ്പൊക്കക്കെണക്കെന്നിയേ
ആദ്യബ്രാഹ്മണനല്ല വാദ്യനനിവാദ്യൻ തന്ത്രിയാകേണ്ടതീ
കാര്യത്തിൽ; ചിരകാലമാസ്സരിചയം വാദ്യക്കിതിന്നില്ലയോ. 85

കോടിതററുടുത്തുമുത്തരീയമിട്ടു മൂർജ്ജിതം
കൂടിയോരുതന്ത്രി വന്നിരുന്നു പൂജചെയ്യവേ
ഓടിയാളുകൂടി; കൊട്ടിയാർത്തുയർത്തി വൻകൊടി
ക്കൂറയാടി യാധ്വജത്തിനഗ്രമെത്തി സത്വരം. 86

ഉല്ലാസേനതുടങ്ങിയുത്സവചടങ്ങാഹന്ത തന്ത്രിക്കതിൽ
ഭള്ളായി പ്രതികാരമായഥ തുറന്നാ "പ്പാണികൊട്ടീട"വേ
അല്ലാ! വാരിഹവിസ്സതിന്നു ബലിതൂകുമ്പോൾ കയർത്താബലി
ക്കല്ലെല്ലാം, വിഷമിച്ചതന്ത്രിയെ വഷൾക്കാരത്തിനാരാഞ്ഞുതേ.

ന്നേരംപോക്കും വിനോദപ്രദവിവിധ കലാവിദ്യയും സദ്യയുംകൊ-
ണ്ടോരോരാത്രിന്ദിവംപോയതുനിമിഷസമം മാത്രമെന്നോത്തുപോയി
പോരെങ്കിൽ പൂൎണ്ണചന്ദ്രദ്യുതിയെ യതിശയിക്കുന്ന വഞ്ചീന്ദ്രകീൎത്തി
ക്ഷീരാംഭോരാശിവേലാ ലഹരിയിലിരവും ഭാസുരം വാസരാഭം. 88

ദിനത്രയം ദമ്പതിമാർ വ്രതം നോ
റ്റനൎഗ്ഘമൌപാസനപാവകങ്കൽ
അനുഗ്രഹാൎത്ഥം ക്രിയചെയ്തു മേലിൽ
ഗുണപ്രദം ശ്രൌതവിധിപ്രകാരം. 89

അവഭൃതസവനം കഴിഞ്ഞു നാലാം
ദിവസമണിഞ്ഞു ദശോഷധീസുമങ്ങൾ
ധവളവസനവുംധരിച്ചു തങ്ക
ഛവിവിതരുന്ന നിസൎഗ്ഗകോമളാംഗി. 90

നവസുരഭിലനാനാ പുഷ്പമാലാകലാപോ-
ത്സവസരസമഹേളാ മേളകേളീ സമൃദ്ധ്യാ
ദിവസമിതുവിശേഷാ ഘോഷസമ്പൂൎണ്ണമായി
ദിവസമസൃഷമയ്ക്കീ പ്പട്ടണം പാത്രമായി. 91

നരവരമിഥുനാവലോകനത്തിൽ
പരമകുതുഹലചിത്തരാം ജനങ്ങൾ
തെരുവിലഖിലവുംനിറഞ്ഞു ക്ലപ്തം
കരമൊടുകണ്ടിതു പട്ടണപ്രവേശം. 92

പരസ്പരാനുരാഗബദ്ധദമ്പതീസമക്ഷമാ
സ്വരങ്ങളെക്കുഴല്ലെഴും വിലംവഴിക്കൊഴുക്കവെ
ചരാചരപ്രപഞ്ചമന്തരാത്മനാ യഥാ സുധാ
ഝരീനിമഗ്നമാം തഥൈവ രാഗമായി മോഹനം. 93

കല്ലോലമാലതിരളും ജന"കാളപാണി"
യുല്ലംഘനേ രമണനേ രസികാഗ്രനാക്കി
കല്യാണഗാത്രി കനകോജ്ജ്വലമായ ദന്ത-
പ്പല്ലക്കിലേറി പരിവാരപരീതയായി. 94

ഈക്ഷത്രദമ്പതികളേത്തൊഴുകയ്യൊടൊത്ത
ലക്ഷോപലക്ഷജന സേവിതരെന്നുകണ്ടു
നക്ഷത്രസന്തതിയസൂയയൊടേ, വെളുത്ത
പക്ഷസ്ഥരാജകരപീഡിതരായിമങ്ങി. 95

ആപ്പക്ഷപാതി രജനീപതിയേവെടിഞ്ഞു
നിഷ്പക്ഷനീതി പരിപാലകനോടണഞ്ഞു
നില്പായതോഭഗണമാദരവോടനന്ത
തല്പാലയേ നിറകെ വൈദ്യുതദീപമായി. 96

ആരോഹിണീരമണനും നിജവംശജാത-
ന്മാരെന്ന വത്സലതയാ മിഥുനാഗമത്തിൽ
ചാരുപ്രസന്നമതിയായ് മതിയാകുമാറു
കോരിത്തളിച്ചു പനിനീർത്തുസരേണുനീളെ. 97

അത്യന്തഘോഷമൊടു മങ്ങിനെ പള്ളിമേനാ-
വെത്തിക്കഴിഞ്ഞിതു കിഴക്കുനടയ്ക്കുനേരേ
ഭക്ത്യാ ഭജിച്ചു പരദൈവത പത്മനാഭ
രക്താംബുജപ്രതിമമേദുര പാദയുഗ്മം 98

സങ്കല്പദൃഷ്ടിവഴി സർവ്വജഗന്നിവാസ
പങ്കേരുഹാക്ഷഭഗവൽ പ്രതിരൂപമുള്ളിൽ
സംക്രാന്തമായി സപുളകോൽഗമ, മാശുവഞ്ചി-
സംക്രന്ദനാവരജ യാത്രതുടന്നു മന്ദം 99

തെക്കെപ്പെരുംതെരുവിലെത്തിയ ഘോഷയാത്ര
തൽക്കാലമൊന്നവിടെ നിത്തിയിറങ്ങിമന്ദം
പൊക്കത്തിലാത്മസദനോപരി സോദരാദി
സൽക്കാരപൂർവ്വകമിരുന്നുമരന്ദവാണീ: 100

കരിമരുന്നിനു വച്ചു ധനഞ്ജയൻ
തെരുതെരെന്നുതുടങ്ങി പരാക്രമം
ചടചടെന്നു പടക്കമിടയ്ക്കൂഴം
വെടിയൊടാശു ഞെട്ടക്കി ദിഗംബരം. 101

അത്യുത്ഥമൂക്കൊട്ട കറങ്ങി യിരച്ചു ചീററി-
ച്ചിത്രാഭമഗ്നിചിതറിപ്പൊടിപൂരമാക്കി
കത്തിജ്ജ്വലിച്ചു വെടിപൊട്ടി ചടേചടേതി
നിൎത്താതെ,യുള്ള തിരികോട്ട നഭസ്സിളക്കി. 102

കൗടില്യമേറു മെലിബാണഗണാളിയാനം
പേടിച്ചു നേൎയ്യുമെടുത്തു തട്ടുത്തുവീശി
ഓടുന്നവക്രിക്കിലേയ്ക്കു തുടൎന്നുചെന്നു
കൂട്ടുന്നു, ചീററമൊട്ട പൊട്ടി നിലംപതിപ്പാൻ. 103

പൂക്കുററികത്തി മുളവന്നു വളൎന്നുയൎന്നു
കായ്ക്കുംഫലാകൃതി നിറം പലതായ് ച്ചൊരിഞ്ഞു
നില്ക്കുന്നു പൂംകുലകണക്കധികം സ്ഫുലിംഗ
മൂക്കാൎന്നചീററലൊട്ട ചിന്തിയനന്തശോഭം. 104

കല്യാണയുക്ത കുരവധ്വനിയോട്ടുകൂടി
യുല്ലാസമായ് മുഹുരുയൎന്നുവരുന്നപൂക്കൾ
നല്ലാൎകുലത്തിനുപദേശ, മുലൂലുശബ്ദ
നിൎല്ലീനതത്വമൊട്ട നൽകുകയായിരിക്കാം. 105

ആകാശത്തേയ്ക്കുചാടിക്കയറി, യടിയിലേ നാളിവിട്ടൊന്നുപൊട്ടി
പ്പോകുമ്പോൾപിന്നെയുഗ്രധ്വനിയൊട്ടുഗഗനേപൊട്ടുമാഗ്ഗോളജാലം
ഏകൈകം വീണ്ടുപൊട്ടിച്ചിതറിബഹുനിറംകൊണ്ടുഗോളൗഘമായി
പ്രാഗത്ഭ്യംകാട്ടിവീഴുന്നളവുചില വിചിത്രപ്പണിപ്രൗഢികാണാം 106

വെള്ളിപ്പൂബാണമെന്നിങ്ങനെചിലതവയിൽ ചിത്രവേലത്തരത്തെ
ക്കൊള്ളിച്ചിട്ടുള്ളതോരോനിറമൊട്ടുതുടരെ ച്ചന്തമായ്ച്ചിന്തികാന്ത്യാ
കൊള്ളാമീവേല,മിന്നൽപിണരൊളിവളരും മട്ടുപൊട്ടിത്തെറിച്ചി
ട്ടെല്ലാദിക്കുംഞെട്ടക്കുംകഠിനവെടിചെവിക്കല്ലിനുംസൊല്ലതന്നെ 107

വൎണ്ണ്യാലങ്കാരവാക്യപ്രകടനമതിലും മേൽത്തരംപാൎത്ഥിവേന്ദ്രൻ
തന്നെകീൎത്തിച്ചുകാണപ്പെട്ടമൊരുവിജയാശംസ സന്ദേഹമില്ല
ഇന്നിക്കാണായവേണാട്ടചരചരജഗത്തൈകകണ്ഠ്യേന ചിത്രാ
മന്നോർമന്നൻചിരായുസ്സുഖമൊട്ടുവിജയിക്കേണമെന്നാഗ്രഹിപ്പൂ.

കമ്പംകണ്ടിമ്പമേറി തദനുസഹമഹാഡംബരം മന്ദിരത്തെ
സ്സംപ്രാപിച്ചു;വിനോദപ്രകടനമിനിയും നിന്നുനില്ക്കുന്നരാത്രീ
അൻപോലുംതമ്പുരാനും,സുകൃതനിലയമാ മന്നായത്തിനുമെന്നും
സമ്പൽസൗഭാഗ്യസൗഖ്യപ്പെരുമകരുണയാ നൽകണംപത്മനാഭൻ.

~~~~~~~~~~

൩൪-ാം സർഗ്ഗം.

ലോകാവസ്ഥ.

ക്ഷണികമഖിലലോകം ശാശ്വതൻ സത്യരൂപൻ
പ്രണിപതിതജനത്തിൽ പ്രീതനാം പത്മനാഭൻ
മനുജനുലകമൊക്കെ കീഴ്പ്പെടുത്തിബ്ഭരിപ്പാൻ
നിനവു, വനഗജത്തേ നെയ്യുരുമ്പെന്നപോലെ 1

വലിയഭുവനഗോളം ഭാസ്കരാകർഷണത്തിൻ
വലയ മതിലൊതുങ്ങിച്ചുററി നില്ക്കുന്ന വസ്തു
എളിയതിതു വിയത്തിൽ കെട്ടിയിട്ടുള്ള ലൂതാ-
വലയുടെയിടയിൽ പോയ് ചാട്ടമാക്കീടതുല്യം 2

തരണികളിതിനേപ്പോലെത്രയോ കോടിയുണ്ടെ-
ന്നറിയുകയൊരു മർത്ത്യന്നാവതല്ലൊന്നുകൊണ്ടും
ഇരുളു ബഹുലപക്ഷത്തേറവേ ദ്യോവിലെല്ലാം
തുരു തുരെ യൊളി ചിന്നും താരകൾക്കന്തമുണ്ടോ? 3

അതുകളിവിടെ നിന്നിട്ടെത്രയോ ദൂരെനിന്നാ-
ദ്യുതി ചിതറി വിളങ്ങിക്കാണ്മതെന്നാരറിഞ്ഞു?
അതിലുപരിതരത്തിൽ സൗരയൂഥങ്ങളുണ്ടാം
ക്ഷിതിസദൃശമനേകം ഗോളവും ചേർന്നിരിക്കാം 4

അവികലഗതിയോടൊത്തത്രയും കൃത്യമായി-
ട്ടവ സകല മിവണ്ണം സൃഷ്ടിചെയ്തും ഭരിച്ചും
അവസരമണയുമ്പോളാശു കോടാനകോടി
ബ്ഭുവനവുമവസാനിപ്പിച്ചു കൊള്ളുന്ന ശക്തി 5
~~~~~~~~~~

വള തരിവള കേയൂരാംഗുലീയാദി രൂപം
പലതു മതിനു ചേരും പേരുമൊക്കും സുവർണ്ണം
ഉലയിലുരുകിയെന്നാൽ നാമരൂപങ്ങളുണ്ടോ?
ഫലമൊട്ടുവിലതൊക്കെ സ്വർണ്ണമാകുന്നതല്ലേ? 6

ഉലകമെവിടെനിന്നിട്ടെന്തിൽനിന്നുത്ഭവിച്ചൂ?
വിലയ സമയമങ്ങാക്കാരണത്തോടു ചേരും
ഫലമിടയിലെടുക്കപ്പെട്ട രൂപാഭിധാനം
നിലയിലഖിലകാലത്തുള്ളതാക്കാരണംതാൻ 7

ജഗദുദയ ലയങ്ങൾക്കൊക്കെയും കാരണത്തെ
നിഗമംപടു പരബ്രഹ്മമെതി വാഴ്ത്തുന്നതത്രേ
പ്രകൃതി,യതിലൊതുങ്ങും ശക്തിയാകുന്ന മായാ-
ഭഗവതിയിതി വാഴ്ത്തപ്പെട്ടുപോരുന്നു ലോകേ 8

മനുജനുടയ ജീവൻ തൽ പരബ്രഹ്മതേജഃ-
കണിക നിഴലിനൊപ്പം വന്നുചേരുന്നതത്രേ
ദിനകരനുടെ ബിംബച്ഛായ കാണാം കുളത്തിൽ
പുനരതു മലിനപ്പെട്ടെങ്കിലോ ദൃശ്യമാകാ 9

മലിനത കലരാതേ മന്ദവാതാഭിയോഗാ-
ലലകളുമിളകാതേ വെള്ളമേറും കുളത്തിൽ
തെളിയുമരുണബിംബച്ഛായപോൽ ബ്രഹ്മതേജ-
സ്സൊളിയുവതു മനുഷ്യനുള്ള ജീവസ്വഭാവം 10

നരനുടയ ശരീരം നശ്വരം ജീവനെന്നും
മരണരഹിതമാമാബ്രഹ്മചൈതന്യമല്ലോ
പരമപദമതുങ്കൽ ജീവനെത്തുന്ന മാർഗ്ഗം
നിരവധി നിഗമത്തിൽ സ്പഷ്ടമായ് കാട്ടിടുന്നു 11

ഒരുവനു തറവാട്ടാലുള്ള വസ്തുക്കളൊക്കെ
പ്പുരനു പണയമാക്കിത്തെണ്ടിയാർത്തിനിന്നിടുംപോൽ
നരനവനവകാശപ്പെട്ട മോക്ഷത്തെയന്തഃ-
കരണവഴിയൊഴിഞ്ഞീടുന്നു പഞ്ചേന്ദ്രിയാർത്ഥം 1

ദയയൊരു ലവലേശം പോലു മില്ലാതെ, ഹിംസാ
ക്രിയയിലൊരു വിരോധം മാനസേ തോന്നിടാതെ
പ്രിയ മനുചിതഭോഗത്തുങ്കലായ് മോഹജാലാ-
ശ്രയമൊട്ടു തുലയുന്നു സത്യധർമ്മാദിഹീനൻ 13

കലികലുഷിത മായിപ്പോയി ലോകങ്ങളിപ്പോൾ
ഫലമതിനനുരൂപം കണ്ടുപോരുന്നുവല്ലോ
വിലയുലകില്ദാനീം സ്വർണ്ണമൊന്നിന്നു മാത്രം
ചലിതഹൃദയമായീ സൽപഥം വിട്ടു ലോകം 14

പണമെവനൊട്ടു ചേരും ഭാഗ്യവാനാപ്പുമാൻ പോൽ
ജനമവനുടെ വാക്യം വേദമായ് സ്വീകരിക്കും
മനമവനു കളങ്കപ്പെട്ടതാകട്ടെ, ലോകം
ഗുണഗണനയിലേററം നന്മയാക്കി സ്തുതിക്കും 15

നുണപറയുകയാകാം കൊള്ളചെയ്യാം ചതിക്കാം
വനിതകളെ ഹനിക്കാം തൊട്ടശുദ്ധപ്പെടുത്താം
തനതു സുഖമൊഴിഞ്ഞിട്ടില്ല മററൊന്നുപോലും
മനനം; മതിനു വിത്തത്തിങ്കലത്യാശയായി 16

ഉലകമിതു ഹിരണ്യാക്ഷത്വമിപ്പോളെടുത്തു
വലിമയെളിമകൾക്കും മാനദണ്ഡം സുവർണ്ണം
കലഹകുതുകമെങ്ങും വന്നിരിക്കുന്നു ലോകേ
കലിയുടെ കഠിനത്വം നീക്കുവാൻ ശക്യമാമോ? 17

ഗഗനപവനതേജോ വാരിഭൂവെന്നിവററിൻ
പ്രകൃതിഘടന നോക്കിക്കണ്ടു ശാസ്ത്രാനുസാരം
ജഗദഖിലമധീനം വയ്ക്കുവാൻ ശസ്ത്രജാലം
വികലത കലരാതേ സംഭരിക്കുന്നതില്ലേ? 18

ചെറുതധഃഷമിരയാകും ശക്തനാം മീനിനെന്നാൽ
പെരിയവനതുപോലാശ്ശുക്തനേക്കൊന്നു തിന്നും
നരകുലമിതുതന്നേ ചെയ്തുപോരുന്നു നേരും-
നെറിവുമെവിടെ? മാത്സ്യം നീതി ലോകത്തു രീതി 19

ആവിടവിടെയൊരേടത്താസ്തികന്മാരിരിക്കാ-
മവരുടെ തണലത്താദിക്കു സന്തപ്തമാകാ.
ഇവിടെ വിപുലഘോഷം വേളി കൊണ്ടാടിയപ്പോൾ
ശിവ! ശിവ! തവിടായിപ്പോയി "ബീഹാർ"പ്രദേശം 20

ധരണിയിളകി വീടും മേടയും കേടുപററി
ത്വരിത മവപതിച്ചു തീകരേറിട്ടഹിച്ചു
ഒരുദിവസമസംഖ്യം മാനുഷന്മാർ മരിച്ചു
പെരിയ പുഴകരേറി തത്ര രാജ്യം ഗ്രസിച്ചു 21

കൊടിയ പവനനാലും ഘോരവർഷത്തിനാലും
പൊടിതകൃതി കലുക്കപ്പെട്ടു പൂർവോത്തരാശാ
തടയതിനു ചമപ്പാൻ മർത്ത്യനാലാവതുണ്ടോ
തടിനികളൊഴുകിച്ചെന്നൂഴിയേയാഴിയാക്കി 22

നരപതിയിതു കേട്ടു നിസ്സപരക്ഷയ്ക്കുവേണ്ടി
കരുണയൊടു തദാനീം രൂപ്യകം നൽകി ലക്ഷം
പുരുസുകൃതമിവണ്ണം ചെയ്യതിൻ മെച്ചമല്ലോ
ധരയുടെ ചലനത്തിൽ കേരളം മാറിനിൽപ്പൂ 23

ദിവാൻ സർ ഹബീബുള്ളം.

സുകൃതി നൃപതിയോസ്റ്റിൻനാമകൃസ്ത്യൻദിവാനേ
യകമലരുതെളിഞ്ഞിട്ടാപ്പദം വിട്ടയച്ചു
പകരമതിനു കല്പിച്ചാക്കിനാൻ ഭാരതത്തിൽ
പുകളെഴുമൊരു മാന്യൻ "സേർ ഹബീബുള്ള"തന്നെ 24

ഇതുവരെയിവിടത്തേ മന്ത്രിയായിട്ടൊരിസ്ലാം
ക്ഷിതിഭരണവിദഗ്ദ്ധൻ വന്നതില്ലെന്നിരിക്കെ
പുതിയ വഴി തുറന്നു രാജ്യതന്ത്രത്തിലെല്ലാ-
മതിപരിചിതനാണെന്നുള്ള വിഖ്യാതിമൂലം 25

തരുണനരചനെന്നാൽ ജ്ഞാനവൃദ്ധൻ സ്വകൃത്യേ
പരിചിതനവിവേകം തെല്ലുമില്ലാത്ത ശാന്തൻ
ഭരണരഥസിതാശ്വ സ്വച്ഛ ശുഷ്ഠ്വനുയോജ്യം
കരുതി പലിതവർണ്ണശ്മശ്രുവാരശ്മിവാങ്ങാൻ 26

വൎത്തമാനപ്പത്രനിയന്ത്രണം

അന്നന്നു ലോകഗതിയെങ്ങനെയെന്ന വാൎത്ത
മന്നിൽ പരത്തുവതു പത്രികകൾക്കു കൃത്യം
എന്നാൽ ജനങ്ങളുടെ നന്മ സദൈവ ലക്ഷ്യം
ധന്യാവനീശ്വരമനസ്സിനുമേവമല്ലൊ 27

പ്രായേണ തദ്വിഷയങ്ങളിലേ ജനാഭി—
പ്രായം ഗ്രഹിച്ചു പറയേണ്ടതു പത്രധൎമ്മം
ജ്ഞേയങ്ങളായ പല സംഗതിയും പറഞ്ഞു
വായിപ്പവൎക്കറിവു നൽകുവതും യഥാൎത്ഥം 28

നല്ലോരു സംഗതികളിൽ ജനതയ്ക്കു ബോധ-
മില്ലെങ്കിലായതു വരുത്തുക പത്രകൃത്യം
ഇല്ലാത്ത സംഗതി പറഞ്ഞു പരത്തിടുന്ന-
തെല്ലായ്പൊഴും വിഷമതയ്ക്കു നിദാനമാകും 29

പത്രം പ്രതിധ്വനി ജനാഭിമതത്തിനെന്നു
മാത്രം നിനയ്ക്കരുതു; മറെറാരു കാൎയ്യമുണ്ടു്
വിത്രസ്തമായ് വിപുലമാശയമങ്കുരിപ്പാൻ
വിത്തായ് ഭവിക്കുവതു പത്രികയാണു നാട്ടിൽ. 30

ഓളത്തിലോട്ടമൊരു വഞ്ചികണക്കു മൎത്ത്യ—
ജാലത്തിനെക്കരുതിയി ട്ടമരം പിടിക്കാൻ
മേലാത്തതല്ല; വഴിതെററി മറിഞ്ഞിടാതെ
പാലിച്ചിടേണ്ടതു നയത്തിനു യുക്തമത്രെ. 31

ചുണ്ടൻ പിണങ്ങുമളവൊന്നു കൊളുത്തി വച്ചാൽ
രണ്ടും കമുന്നു നിലയററ കയത്തിലാഴും
വേണ്ടാത്ത ജാതിമതവൎഗ്ഗവഴക്കടിച്ചു-
കൊണ്ടുള്ള പത്രികകളിങ്ങനെതന്നെ മുക്കും. 32

അന്തസ്സുവിട്ടുപഹസിച്ചു മയുക്തദുഷ്ട-
ചിന്താഫലപ്രകടദുശ്ശ്രവവാക്കുവച്ചും
എന്തെങ്കിലും പറവതിന്നു മുതിൎന്ന പത്രം
ഭ്രാന്തുള്ള പട്ടിയുടെ മാതിരി മാരണാൎഹം. 33

ഈ നാട്ടിലുണ്ടു പലപത്രിക നീതിയായും
മാനം വിടാതെയു മടിച്ചുവിടുന്നതായി
ആ നല്ലവററയുടെ കൂടെ വരുന്നു ശുദ്ധ-
ഹീനങ്ങളും കപടനാണയമെന്നപോലെ 34

എന്നാൽ ജനത്തിനിതിനാൽ ചതിപററിടാതെ
മുന്നേ ചമച്ച നിയമത്തിനു മൂച്ചുകൂട്ടി
അന്യോന്യമത്സരശകാരവിഷം വമിച്ചു
മന്നിൽ പരത്തുവതു ശക്തിയൊടേ തടുത്തു. 35

കാലപ്പിഴ.

ഗ്രഹനിലകളിലുണ്ടാംമാററവും മററുമേററം
ഗഹനമറിയുവാനാ ഹേതുവുംകൊണ്ടു നാട്ടിൽ
ബഹുതരമുളവാകാം സങ്കടാവസ്ഥ മായാ-
മഹിമയതു മനുഷ്യന്നാംവതോ മാററിവയ്പാൻ? 36

ജലദപടലി ലോകത്തുള്ളതെല്ലാമൊരൊററ-
ച്ചിലവിലെഴുതി വെള്ളപ്പൊക്കമുണ്ടാക്കി ഘോരം
വലിയ നദികളിൽ "ബീഹാര"സംഹാരകർത്താ-
വുലകിലിതരഭാഗത്തംബരം ശുദ്ധമാക്കി. 37

ഇവിടെ മഴ ചുരുങ്ങീ വാപിയൊട്ടൊട്ടണങ്ങീ
ദിവി ബഹു പൊടി പൊങ്ങീ ഭാനുമാൻ കൂടി മങ്ങി
വിവശതയൊടു തെങ്ങിൻകൂമ്പുപോലും വഴങ്ങീ
ശിവശിവ! കൃഷി മങ്ങീകർഷകന്മാർ കുഴങ്ങീ. 38

ഒരു പൊഴുതു മൊതുങ്ങാ കോതയാർ കെട്ടിനിർത്തും
പെരിയൊരണയിലേറും വെള്ളമെന്നോർത്തിരുന്നു
വെറുതെയതു വരണ്ടു നാഞ്ചനാട്ടേ കൃഷിക്കും
കരിവിനിട വരുന്നു കഷ്ടകാലം തുടന്നു. 39

മലയരുവികളെല്ലാം ശുഷ്കമായീ കിണററിൽ
ജലമസുലഭമായീ ജന്തുജാലം പിടഞ്ഞു
മുളകുകൊടിയുണങ്ങിത്തണ്ടു കീഴ്പോട്ടു തൂങ്ങി
വിളനിലമിനിയെങ്ങീ നാട്ടിന്നേകുന്നുഭംഗി? 40

വിലയിടിവു നിമിത്തം നാളികേര കൃഷിക്കാർ
ക്കുലയു;മതിനു മീതേ തെങ്ങു കായ്ക്കാതെയായി
വിളവു കെട്ടവിലയ്ക്കും വിൽക്കുവാനില്ലയെങ്കിൽ
ഫലമഗതികളായിത്തീർന്നതല്ലോ കൃഷിക്കാർ 41

ജ്യോതിഷം.

ഋതുനിയമമറിഞ്ഞും നല്ല നേരം കുറിച്ചും
വിതയൊരുവനുമില്ലാ ജ്യോതിഷം പുച്ഛമാക്കും
അതിനുടെ ഫലമായിക്കൊയ്തുകൊള്ളുന്നു കഷ്ടം
ചതിയിതുവിധി ചെയ്യേന്നുള്ള താശപാസഹേതു. 42

മുള,സിത തിഥിയിൽ പോയ് വെട്ടിയാൽ കുത്തു വീഴും
ഫലമിതനുഭവത്തിൽ കണ്ടിരിക്കാം ജനങ്ങൾ
ഉലകമഖിലമാകർഷിക്കു മാച്ചന്ദ്രനല്ലോ
തലവരെ മധുരച്ചാറേററിവയ്ക്കുന്നു ശക്ത്യാ. 43

മധുരരസമതത്രേ ജന്തു സസ്യാദികൾക്കും
മനുജനുമുടലുണ്ടാക്കുന്നതിന്നുള്ള വസ്തു
അതു തടിയിലിരിക്കെ കൃന്തമായാൽ ഭുജിക്കു-
ന്നതിനു തടി തുളച്ചുംകൊണ്ടു കേറുന്നു കീടം. 44

ശശിയുടെ നിലഭേദം നല്ല നക്ഷത്രയോഗം
വിശദമറികവേണം വിത്തിടുമ്പോൾ കൃഷിക്കാർ
അശുഭമണയുമല്ലെന്നാകിലെന്നുള്ള തത്വം
പിശകു പലതു പററിപ്പോകിലേ സമ്മതിക്കൂ. 45

ഫലകരകൃഷിചെയ്യാൻ ജ്യോതിഷത്തിൻ സഹായം
വലിയതു,തു പഠിക്കാറുണ്ടു പണ്ടൊക്കെ നാട്ടിൽ
ചിലരതു മതബന്ധം സംശയിച്ചിട്ടു തള്ളി-
ക്കളവതിനിടയാക്കീ, കഷ്ടമെന്തോന്നു ചൊൽവൂ! 46

എളിയ ജനമെന്നിൻഡ്യാക്കാരേ നിനച്ചു ജയിച്ചു ഭൂ-
വലയ മധികാരത്തിൻകീഴങ്ങമർത്തിയ ശക്തിയാൽ
വലിയ മുനിമാർകാലം മൂന്നിന്നതീതരറിഞ്ഞതിൻ
വിലയറിയുവാൻ പാടില്ലാതേ കളഞ്ഞതു സങ്കടം 47

ഗ്രഹഗതികളേ വേണ്ടുംവണ്ണം ഗണിച്ചറിയുന്ന നാം
ബഹുതരകുഴൽക്കണ്ണാടികളും കവിഞ്ഞ കണക്കൊടേ
ഇഹ പുനരതിൽ ശ്രദ്ധിക്കാതേ ജനങ്ങളിരിക്കയാ-
ലഹിതഫലമുണ്ടാകുന്നേരം വിഷണ്ണമനസ്കരാം. 48

അലഘുതരമാമാപൽക്കാലം കൃഷിക്കു പിണഞ്ഞതിൽ
ചലിതഹൃദയന്മാരായ്തീരും ജനങ്ങളനേകധാ
ഉലകിനുടയോൻ തൃപ്പാദത്തെ ബ്ഭജിച്ചു മനുഷ്യനാ-
നില വരുവതിന്നായേക്കാമീ ബ്ഭയങ്കരസംഭവം. 49

ഋണനിവാരണം
കുറിയിലിടപാടില്ലാതില്ലാ ജനത്തിനതൊക്കെ നീ-
റരുറവു കുറവാം ക്രൂപ്:പോലായ്ഭവിച്ചതു കാരണം
പെരിയ കടമുണ്ടായിത്തീർന്നു ജനത്തിനതെത്രയും
ദുരിതകരമായ് കോർട്ടിൽ കേറി പരസ്പരദുസ്സഹം- 50

പിഴ കൃഷികളിൽ പററിപ്പോയിട്ടിന്നങ്ങും കഴിക്കുവാൻ
വഴിയടയവേ വിററാരുറേറാരണിഞ്ഞൊരു താലിയും
കഴിവതിലുമുണ്ടാകാഞ്ഞപ്പോൾ കടത്തിനു വസ്തുവൊ
ട്ടെഴുതി മുഴവൻ കിട്ടാതത്ഥം ചുമത്തിയനത്ഥമായ് 51

വിലയിടിവിനാൽ വസ്തുക്കൾക്കും പ്രിയം കുറവാകയാൽ
ചിലതു വിലതീറാക്കിപ്പോലും കടങ്ങളൊതുക്കുവാൻ
വളരെ വിഷമം നേരിട്ടപ്പോൾ പെടാവിലവച്ചു കോർ
ട്ടലമലമഹോ! ലേലം ചെയ്തും തുടങ്ങി ഭയങ്കരം. 52

ചില ജഡ്ജിമാർ, ലേലം ചെയ്താൽ വിലയ്ക്കിടിവേതുമേ
കലരരുതതിൻമട്ടേചെയ്യൂ ദയാലുത കാരണം
ചിലരു കഥയെന്തെന്നുംക്രൂടി ഗ്രഹിക്കുക സംശയം
വലിയനിലയിൽചെന്നാൽ താഴെ സദൃഷ്ടി പതിക്കുമോ? 53

കടമൊരു മഹാരോഗംപോലേ പടന്നു ജനങ്ങളിൽ
കെടുമതി വരുത്തീടും കാര്യംഗ്രഹിച്ചു മഹീശ്വരൻ
ദൃഢതരദയാപൂർവ്വംവച്ചാൻ നിവാരണപദ്ധതി-
യ്ക്കുടനടിയടിസ്ഥാനം കാണ്മാൻ മികച്ച സദസ്സിനേ. 54

സമിതിയിതിനേപ്പറ്റിയാലോചിച്ചുറച്ചറിയിക്കുവാൻ
സമയമിനിയും വൈകുന്നെങ്കിൽ ജനാധിയൊഴിക്കുവാൻ
സുമതി നൃവരൻചെയ്യാൻ ശീഘ്രം വിളംബരമെത്രയും
ക്രമമൊടു കടക്കാരേരക്ഷിപ്പതിന്നു കൃപാവശാൽ. 55

കരമിളവുചെയ്തഷ്ടാംശത്തെക്കുറച്ചു; നിലങ്ങളിൽ
കരിവു പിടിപെട്ടേടത്തെല്ലാമൊഴിച്ചു കരങ്ങളെ
കരുണ തനിയേ രാജാവായിട്ടിരിക്കുകയെന്നു നാം
കരുതുമതുപോലല്ലോ ലോകക്കഭീഷ്ടദനീനൃപൻ. 56

അഗ്നിബാധ.

ഇതരധരണീചക്രേ ലോകക്കപായകരങ്ങളാം
ക്ഷിതിചലനവും ഘോരം കാററും ജലപ്രളയങ്ങളും
ദ്രുത മിടയിടയ്ക്കുണ്ടായപ്പോളതിൻെറയൊരോളമായ്
ഹുതവഹനഹോ ദ്രോഹം ചെയ്യാൻ തുടങ്ങി ഭയങ്കരം 57

അവനിയിതുപോലാപൽഗത്തേ പതിച്ചു തപിക്കവേ
ഭുവനമവനംചെയ്യാൻ ഭാരം വഹിച്ച ജഗൽപതി
അവിരളമനന്താഖ്യേ തല്പേ സുഷുപ്തിയിലാണ്ടതെ-
ന്തവിഹിതമിതെന്നുൽബോധിപ്പിച്ചുണഞ്ഞു ധനഞ്ജയൻ. 58

അമരപതിതൊട്ടെല്ലാരേയും ശരിക്കു നയിക്കുവാ-
നമരനിലയേ കൈക്കൊണ്ടീടും ജഗന്നിധി മാധവൻ
അമരുമവിടം തീൎത്ഥസ്ഥാനം; തദീയഗൃഹത്തിനേ-
യമരനിലയിൽ കാണ്മാനല്ലോ കുതൂഹല മാൎക്കുമേ. 59

വിവിധമരവും മററും ജീൎണ്ണിച്ചിരിക്കുമൊരമ്പലം
സവിധഗതനായ് സ്വാഹാകാരംതുടങ്ങി ഹുതാശനൻ
അവിടെയൊരിടം കത്തിപ്പൊങ്ങിപ്പടൎന്നു വളൎന്നതിൽ
ദിവസകരനേക്കാളും തേജസ്സുയൎത്തി നിശീഥയിൽ. 60

അതുലമുയരും ജ്വാലാമാലാവിലോളിതമംബരം
വിതതമുടനേ ദിക്കൊക്കേയും പ്രകാശിതമാക്കവേ
ദ്രുതമിഹജനം പാഞ്ഞെത്തുന്നു പരന്പുരുഷാലയം
പ്രതി, ഭയമൊടും താപംമൂലം ദ്രവിച്ച മനസ്സൊടും. 61

മണിഗണഘണാരാവം നീളെപ്പരന്നിതു; കമ്പിയിൽ
ക്ഷണമഹിതമിക്കാര്യം നേരേ വിളിച്ചറിവിക്കവേ
ദ്രുണിതഹൃദയൻ വഞ്ചിക്ഷ്മാണീപുരന്ദരനശ്രുകം-
കണമണികളേ വർഷിച്ചുംകൊണ്ടണഞ്ഞു മതില്ക്കകം. 62

ഉരുകിയൊഴുകും ചെമ്പോടമ്പോ ഭയങ്കരമമ്പലം
തരളരസനാലക്ഷം നീട്ടി ഗ്രസിച്ചിട്ടമഗ്നിയെ
പുരജന ഭടശ്രേണീയന്ത്രക്കുഴൽ ജലസേചന-
ത്വരയൊടു ശമം പ്രാപിപ്പിച്ചു കൃപാർദ്രനൃപോത്തമൻ 63

അനലശമനാത്യുത്സാഹം കണ്ടലിഞ്ഞ മനസ്സൊടാ-
ജ്ജനതതിയെയും സൈന്യത്തേയും കളത്രവചസ്സിനാൽ
അനഘനൃവരൻ ശ്ലാഘിച്ചെന്നല്ലവർക്കു കനക്കവേ
പണവുമുടനേനൽകീപാരം തെളിഞ്ഞുമുഖാംബുജം 64

പരമപുരുഷക്ഷേത്രം ശീഘ്രം നവീകൃതമാക്കുവാൻ
നരപതി പണം വാരിക്കോരിക്കൊടുത്തു ദയാനിധി
കരുമനയിനിക്കാണിക്കൊല്ലാ ധനഞ്ജയനേവമാ-
ക്കരുതലൊടിതാ ചെയ്തീടുന്നു വിശേഷതരം പണി. 65

ഒരുവനിഹജന്മത്തിൽചെയ്യാൻ വിധിച്ചതിലെത്രയും
പെരിയസുകൃതം വിഷ്ണുക്ഷേത്രം പുതുക്കുവതല്ലയോ?
ദുരിതമതിനാൽ തീരും ജന്മാന്തരങ്ങളിലുള്ളതും
നരവരനിതിൽതന്നേ തീർന്നു ഗ്രഹപ്പിഴ സർവ്വവും. 66

ഉരുകിഹൃദയം ശ്രീമൂലത്തിൻ ജലാഞ്ജലി ചെയ്യവേ
ശരിയതു ശിശുപ്രായത്തുങ്കൽ കഴിഞ്ഞൊരു സംഭവം
വരദസദനം കത്തിപ്പോകും കൃശാനുമനസ്സിനേ
കരുകരെ വരുത്തന്നില്ലാ സ്വചിന്തും കണക്കു ഗുണപ്രദം: 67

ഹൃദയകുഹരേ തൽ തേജസ്സിൻ വലിപ്പമൊതുക്കിയി-
ട്ടതിലഥ തമോ വ്യാപാരത്തിൻപ്രവേശമൊഴിക്കവേ
ക്ഷിതിപതി സദാ കാണപ്പെട്ടു ജഗൽപതി ഭക്തി കൊ-
ണ്ടതുലമഹസാ സതപാധിഷ്ഠപ്രസന്നഗുണത്തൊടെ. 68

ജലവൈദ്യുതശക്തി

ജനതതിയുടെ സമ്പൽസൌഖ്യകാൎയ്യങ്ങളെന്യേ
ദിനമനുനരപാലന്നന്യമാം ചിന്തയില്ല
തനതു ചിലവുപോലും തുച്ഛമാക്കുന്ന രാജ്യം
ഗുണകരഭരണത്താലുന്നമിപ്പിച്ചിടുന്നു. 69

ത്രിജഗദുദയ രക്ഷാനാശകൃത്യാധികാരം
വിജയമൊടു നടത്തും ശക്തിയൊന്നുണ്ടു ദിവ്യം
അതിനുടെ പരിണാമം സ്ഥൂലരൂപപ്രപഞ്ചം
തദിതരമതി സൂക്ഷ്മാണിഷ്ഠവും നാസ്തിവസ്തു. 70

ഇതു വിഘടിതമായി ദ്വൈതഭാവം ധരിച്ചാ-
ലതുകളുടെ ഗുണം കൊണ്ടൊന്നിനന്യം വിരുദ്ധം
അതിലൊരു പിരിവിന്നാകൎഷണം കൃത്യമെന്നാ-
ലിതരപിരിവു വിക്ഷേപത്തിനായ് തീൎന്നുകൊള്ളും. 71

പ്രകൃതിഗുണമിവണ്ണം കാണുമീശക്തിയല്ലോ
സഗുണ;മഗുണമീരണ്ടൊന്നു ചേൎന്നുള്ള ഭാവം
അഗുണമൊരുവികാരംപോലുമില്ലാതെ ലോകേ
സകലതിലുമിരിക്കുന്നോരു നിൎവ്വാണരൂപം 72

മഹിഷദനുജപീഡാവാൎത്ത മുമ്മൂൎത്തികൾക്കും
ബഹുതരമുളവാക്കീ കോപരൂപം വികാരം
മഹിതമഗുണശക്തിക്കാവികാരാഭിയോഗോ-
ദ്ഭവമതിഭയദാത്രീ ശക്തിയുണ്ടായതില്ലേ? 73

ഒഴുകിയൊഴുകിയാഴം കൂടിയിട്ടുള്ളിടത്താ-
പ്പുഴയുടെഗതി കീഴ്പ്പോട്ടൂക്കൊടേ സംഭവിക്കെ
വഴിയിലെതിരിടും തൽചക്രമൊക്കെക്കറക്കും
പൊഴുതിലവിടെനിന്നും താദൃശീശക്തി പൊങ്ങും. 74

മലകളിടയുടന്നും, കാട്ടുജന്തുക്കളേറും
വലിയ ഗഹനഭാഗം ചേൎന്നുമുള്ളോരുദിക്കിൽ
നദിയിലൊരണകെട്ടിപ്പൎവ്വതത്തുരന്നി-
ട്ടതുവഴിയൊഴുകിപ്പോയ് വീഴമാറാക്കി വെള്ളം. 75

അതിഗഹനമഗാധം ഗഹ്വരത്തിൽ പതിക്കും
നദിയുടെ ജലപാതംകൊണ്ടു യന്ത്രം കറക്കി
അതിശയകരമാക്കും പള്ളിവാസൽ പ്രദേശം
ക്ഷിതിപതിയൊരു വിദ്യുച്ഛക്തി തൽകേന്ദ്രമാക്കി. 76

ഇടയിടെവഴിനീളെഗ്ഗോപുരംപോലെ പൊക്കി
ജ്ഝടുതി പണികഴിക്കും സ്തംഭജാലത്തിലൂടെ
ഇടമൊരുനെടുതാകും കമ്പിയാലാത്തുമാഗ്ഗം
വിട്ടമെവിടെയുമേറെത്താമസിക്കാതെ ശക്തി. 77

തടികളുടനറക്കും താലവൃന്തം കറക്കും
പൊടിതകൃതികലക്കിപ്പാടമെല്ലാമിറയ്ക്കും
കഠിനതരമുരുക്കും കാരിരിമ്പോട്ടുരുക്കും
നെടുകെയിതുവിളക്കും രാത്രി നാടൊക്കെ വയ്ക്കും. 78

ഇതിനു കഴികയില്ലാ കൃത്യമൊന്നില്ല, ശക്തി-
പ്രദമിതധികമെല്ലായന്ത്രസാമഗ്രികൾക്കും
പുതിയപണിയനേകം ചെയ്തു ലാഭം വരുത്താൻ
മുതിരുകിലിതു നാട്ടിൽ ശ്രീകരം മൂലശക്തി. 79

ചക്രവത്തി തിരുമനസ്സിലെ രജതജൂബിലി.

ശ്രീചക്രവത്തിയുടെ രാജതജൂബിലിക്കു
ഭൂചക്രമാസകലമുത്സവമാചരിക്കെ
ശ്രീചിത്തിരക്ഷിതിപനാത്മജനങ്ങളോടു-
മൌചിത്യപൂവ്വമിവിടെപ്പൊടിപൂരമാക്കി 80

ജി. സി. ഐ. ഇ. സ്ഥാനം.

ഭാരതസാമ്രാജ്യത്തിനു
പാരം മഹിമാവിയന്ന സേനാനി
ഈ രാജാവെന്നതു, മാ-
സാരജ്ഞൻ ചക്രവത്തി കല്പിച്ചാൻ 81

റബ്ബർവ്യവസായശാല.

റബ്ബറൊരുവകവൃക്ഷം, ശാല്മലീ വംശജാതം
നിബിഡമിവിടെയെങ്ങും നട്ടിരിക്കുന്നു നാട്ടാർ
സുബഹുലമതിലേ തൽക്ഷീരനിര്യ്യാസമെല്ലാം
പ്രബലതിതരദേശക്കാക്കു നാം വിററിടുന്നു. 82

അത്തു കുഴലുകളാക്കി ക്കാററുകേററിട്ടു ഭോഗി-
പ്രതിമമുപരി താദൃക്കഞ്ചുകത്തിൽ കടത്തി
തടന്ന വിവിധ മോട്ടോർവാഹനങ്ങൾക്കു ചക്ര-
പ്രധികളൊടു ഘടിപ്പിച്ചെങ്കിലേ വേഗമുള്ളു. 83

ബലമൊടു മൃദുസ്നിഗ്ദ്ധശ്ലക്ഷ്ണസ്വഭാവവുമെത്രയും
വളരുമതുപോൽ സങ്കോചത്തേ വരിക്കുമവസ്ഥയും
പലപലതരം സാമഗ്രിക്കും പ്രയോജകമാകയാൽ
വലിയ വില യീനിര്യ്യാസത്തിന്നുദിച്ചു ധരിത്രിയിൽ 84

ഒരു മരമതിൻക്ഷീരംകൊണ്ടിട്ടൊരാണ്ടിനകം പവൻ
തരുമിതി ഫലം കാണായപ്പോൾ ധനാശ മുഴുക്കയാൽ
തരുതതികളിൽ ശ്രേഷ്ഠം തെങ്ങും മുറിച്ചുകളഞ്ഞു തൽ-
പുരയരുകിലും നട്ടുണ്ടാക്കീ റബർതരുസഞ്ചയം. 85

ഉലകിലധികംദേശക്കാരും റബർ കൃഷിചെയ്തതിൻ-
ഫലമതു ജനാവശ്യത്തേക്കാൾ ഗുണത്രയമാകയാൽ
വിലയിടിവിതിന്നുണ്ടായ്വന്നു തദീയ കൃഷീവലൻ
തലയിലധുനാ കയ്യുംവച്ചമ്പരന്നു നിരാശ്രയൻ. 86

കറയുടെ വിലയ്ക്കേവം നാശംപിണഞ്ഞ കണക്കിനാ-
ക്കുറവു വിലയിൽ കാണുന്നില്ലാ പണിത്തരമാകവേ
ത്തുരുതുരെവരും മോട്ടോർവണ്ടിക്കസംഖ്യധനവ്യയം
വരുവതു റബർചക്രപ്പട്ടപ്പുതുക്കലിലല്ലയോ? 87

മരമിതു ദിനംതോറും ചെത്തി സ്രവിച്ചൊരു പാലിനേ
പരിചൊടു ദധിപ്രായം സാന്ദ്രം ചമച്ചു ഘനീകൃതം
ഒരു തകടുപോലാക്കാമച്ചിൽപതിച്ചു പുകച്ചു മ-
റെറാരുപണിയതിൽ ചെയ്യാനുണ്ടോ നമുക്കൊരുപാടവം. 88

സുരഭിലതരം മാലേയത്തേച്ചുമന്നു വലഞ്ഞിടും
ഖരസദൃശമീ നമ്മൾക്കുള്ളോരസംസ്കൃതസാധനം
പരന്ന പണമുണ്ടാക്കാൻ കൊണ്ടുക്കൊടുക്കുമതെന്നിയേ
പരിചയമിവക്കില്ലാ കഷ്ടം! പഠിച്ചു മിടുക്കനും. 89

നരപതി മഹാൻ നാനാരാജ്യത്തനേകതരംപണി-
ത്തരമിതുകളാലുണ്ടാക്കിക്കൊണ്ടിരിപ്പതുകാൺകയാൽ
ഉരുതരറബ്ബർ സംസ്കാരാത്ഥം മഹത്തര യന്ത്രനിർ-
ഭരമൊരു മഹച്ഛില്പാഗാരം തുറന്നു ധനാകരം 90

മലമ്പനി.

മഴയുടെകുറവാലും മററുമുണ്ടായകാല-
പ്പിഴഗദമുളവാക്കത്തക്കതല്ലോന്നിദാനം
അഴിമതി പനികേറിച്ചെയ്യു തെക്കൻപ്രദേശ-
ത്തഴലതൊഴിയുവാനും വൈമനസ്യംതുടങ്ങീ 91

"ഏകസ്മിൻ വത്സരേജീവ-
സ്ത്രിരാശ്യാനുഗതോ യദി
തദാ വസുന്ധരാ കീർണ്ണാ
കണപൈസ്സപ്തകോടിഭിഃ" 92

ഏവം ഗുരുഗ്രഹമൊരാണ്ടിനകത്തു മൂന്നു
ഭാവങ്ങളിൽ പകരുമങ്ങിനെയുള്ളകാലേ
ആവശ്യമാണു സമരം നരനെങ്ങു ശക്തി
ജീവഗ്രഹസ്ഥിതിഫലത്തെയൊഴിച്ചുനിത്താൻ? 93

എന്നല്ല സാംക്രമികരോഗവുമിനിലയ്ക്കു
വന്നാളുകൾക്കപകടം പലതും വരുത്താം
എന്നാലദൃഷ്ടദുരിതത്തിനു ശാന്തികർമ്മ-
സന്നദ്ധനായി മുറപോലെ നൃപാലമൌലി 94

ഇന്ദ്രധ്വജത്തിനുസമം ശുഭമാംമുഹൂർത്തേ
മന്നൻ തദാ മുറജപത്തിനു തൂണു നാട്ടി
പിന്നെത്തുടങ്ങി മഴ കാലഗതിക്കുഭേദം
വന്നെന്നസംഗതി നമുക്കനുഭൂതമായി 95

അബിസീനിയായിലെ യുദ്ധം.

എത്യോപ്യയെന്നവിടെയിററലികേറി യുദ്ധ-
മത്യന്തദുസ്സഹമിതാ തുടരുന്നു ഘോരം
മർത്ത്യപ്രയത്നമതുനിർത്തുവതിന്നുവേണ്ടി
വ്യത്ഥം നടത്തി; വിലയുള്ളവരൊത്തുകൂടി 96



റബ്ബർഫാക്ററി.

ദുര്യോധനൻെറചെവി കൃഷ്ണനർച്ചിതായ
കാര്യംവെടിഞ്ഞു ബധിരത്വമിയന്നപോലെ
ആര്യാംഗലാദ്യഖിലരാഷ്ട്രസഭാജനത്തെ
ശൌര്യംകലന്നൊരു മുസോലിനി ധിക്കരിച്ചു 97

പടയിലവിടെലോകം ചത്തൊടുങ്ങുന്ന ഭൂമി-
യ്ക്കുടയ വലിയഭാരം തീക്കുവാനെന്നപോലെ
കുടിലഗതിതുടങ്ങും വ്യാഴമീയുദ്ധരോഗം
പടരുവതിനുകൂടി ദൃഷ്ടിവയ്ക്കുന്നപോലും 98

പ്രകൃതി വികൃതികാണിക്കുന്നകാലത്തുപോലും
സുകൃതി നൃപതിചെയ്യും ധർമ്മകൃത്യംനിമിത്തം
വികലതകലരാതേ ശാന്തമായ് ക്ഷേമമായി
സകലമിഹ വിളങ്ങിക്കൊണ്ടിരിക്കുന്നു രാജ്യം 99

മഹാരാജാവുതിരുമനസ്സിലെ ദീനാനുകമ്പ.

ജ്വരമൊരുവക തെക്കൻദിക്കിനേയാക്രമിക്കും
ദുരിതമിടയിലുണ്ടായ്‌വന്നതിൽ ഖിന്നനായി
നരപതിയെഴുന്നെള്ളീ തത്ര രോഗാതുരന്മാ-
ർക്കരികിലവരിലാർദ്രൻ ഹന്ത! ജീവാതുപോലെ 100

ഘോരം ജ്വരം പകരു, മങ്ങിനെയുള്ളദീന-
ക്കാരുള്ളിടത്തു നരപാലകുലാവതംസൻ
നേരിട്ടുചെന്നു നിജ മാതൃസഹോദരാദ്യ-
ന്മാരോടുകൂടി;യിളകുന്നിതു രോമഹർഷം 101

കാരുണ്യമൂർത്തി നൃവരന്നു ജനങ്ങളോടു
കൂറെത്രയെന്നറിയുവാനിതു മാനദണ്ഡം
ഈരാജ്യവാസിജനതയ്ക്കു പിതാവുതന്നേ
ശ്രീരാമവർമ്മ കുലശേഖര വഞ്ചിപാലൻ 102

ആയുർവ്വേദിയരുള്ളിടത്തു, കൊതുകിൻകൊമ്പിൻെറതുമ്പത്തുനി-
ന്നായാലും ജ്വരമന്യകാരണവശാൽ ബാധിച്ചതെന്നാകിലും
പേയാസക്തുകഷായസംസ്കൃതഘൃതസ്നേഹപ്രയോഗങ്ങളാ-
ലായാസംകലരാതെ മാറുമസുഖം ചത്തുമുണ്ടായ്‌വരാ 103

സിങ്കോണാസ്സത്തു മാത്രാധികമൊരുവിഷമാം ദീപനത്തേക്കെട്ടത്തും
ചങ്കിൽ ബാധിച്ച രക്തപ്രസരമധികമായ് താപമേറവും ശരീരേ
സങ്കോചത്തേവരുത്തും കുടലിനു;മലബന്ധത്തിനും ഹേതുവാകും
ശങ്കിക്കാനില്ല കൊല്ലക്കുടിയിലിവിടെയിസ്സൂചി വിള്ളേണ്ടതില്ല. 104

ഏതായാലും സ്വപ്രജാസൌഖ്യമൊന്നേ
ചേതസ്സുകൽ തമ്പുരാനുള്ളൂ ചിന്ത
ആതങ്കത്തിന്നൌഷധം, പത്മനാഭ-
പ്രീതൻ ഭൂപൻതൻെറ വിശ്വാസമഗ്ര്യം 105

പരമകാരുണികൻ കൃപചെയ്കയാൽ
ജ്വരമഹാഗദമൊട്ടു ശമിച്ചതേ
പെരിയദുർഘടകാലവിപര്യയം
ത്വരിതമൊക്കെയൊഴിഞ്ഞു ധരാതലേ 1 6

മഴയഥാവസരം ചൊരിയുന്നു, നാ-
ടഴകിയന്നു തളിത്തമരങ്ങളാൽ
പിഴ കൃഷിയ്ക്കുവരാതെ വളൎന്നുക-
ണ്ടഴലുനീങ്ങി ജനത്തിനു സർവ്വഥാ 107

ഒരുജാതിഭേദം കരുതാതെ ലോക-
ക്കൊരുമിച്ചു ഘോഷിപ്പതിനായ് തുലാത്തിൽ
തിരുവോണമായ് ചിത്തിരമാറി, മന്ന-
ന്നിരുപത്തിമൂന്നാം തിരുനാളുവന്നു 108

സർവ്വാത്മനാ നിജ ജനത്തിനു നന്മചെയ്യു-
മുർവ്വീശ്വരൻെറ തിരുനാളതിഭക്തിപൂർവ്വം
സർവ്വത്ര നാട്ടിലധികോത്സവമായഭൂത-
പൂർവ്വപ്രബുദ്ധതയൊടേ പൊടിപൂരമാക്കി. 109

മാനിച്ചു നൃവരൻ സദസ്യതിലകസ്ഥാനത്തിനാൽസാൎത്ഥമാ-
യിന്നാട്ടാൎക്കഭിമാനമാംപടി മുദാ വേലായുധൻപിള്ളയേ
ആ നീതിജ്ഞനെയല്ലയോ ജനസഭയ്ക്കദ്ധ്യക്ഷനായ് സഭ്യരാം
നാനാജാതിമതാവലംബികളെടുത്തിട്ടുള്ളതൊന്നാമതായ്? 110

ശ്രീമാൻ വഞ്ചിവസുന്ധരാപതി ജനക്ഷേമാത്ഥമീയൂഴിയേ
സാമത്ഥ്യത്തൊടുമെത്രയും നയമൊടും സംരക്ഷണംചെയ്യവേ
സാമാന്യാധികഭക്തരാകിയജനം ദീർഘായുരാരോഗ്യമോ-
ടീമന്നോർമണി വാഴവാൻ നിയതിയേ പ്രാത്ഥിച്ചിടുന്നു സദാ 111

തിരുവഞ്ചിക്ഷിതിക്ഷീശൻ
സുകൃതി ക്ഷത്രസന്തതി
തിങ്കളോ പ്രകൃതിശ്വേത-
കീത്തിതിങ്ങും മഹാമതി 112

പത്മബന്ധം.

ചിത്രാനത്രക്ഷജൻ ഭൂപൻ
പരം സുകൃതസഞ്ചിതൻ
ഗുണവാനായി വമ്പിച്ച
കീത്ത്യാവാഴട്ടെ നീതിമാൻ 113

രഥബന്ധം.

പ്രജകൾക്കുയിരായ് നിൽപ്പൂ
ചിത്രാതാരൻ സ്വകമ്മണാ
പാരിലത്ഥിയ്ക്കുദേവൻപോൽ
(ജയിപ്പൂതാക പാത്ഥിവൻ) 114

ഗൂഢചതുത്ഥകം.

വിമാനത്തപാൽ.

അത്യന്തം കുതുകപ്രദം നരവരൻ പ്രത്യേകതാല്പയ്യമോ-
ടത്ത്യക്ഷ വിമാനമാഗ്ഗമിനിയും യാത്രാസുഖം നൽകുവാൻ
കൃത്യത്തെററു വരാത്തതായപകടം പററാത്തതായ് ശീഘ്രമായ്
പത്രിശ്രേഷ്ഠസമാന വാഹനവുമിങ്ങെത്തിച്ചു ശേഷാലയേ. 115

മുൻപിൽ കാററുവലിച്ചകത്തുവിട്ടവാൻ തക്കോരിലച്ചക്രമൊ-
ന്നൻപിൽ ചുററുകയായിശീഘ്ര മുടനേ മുമ്പോട്ടുരുണ്ടോടവേ
മുൻഭാഗം കിളരും ക്ഷണം ചിറകടിച്ചാകാശദേശത്തുപോം
പിൻപററത്തമരം പിടിയ്ക്കുമൊരുവാലീവാഹനം പക്ഷിപോൽ

മുറജപം.

നാട്ടിൽ തെല്ലമദൃഷ്ടദോഷമണയാതൈശ്വര്യമുണ്ടാകുവാൻ
ശ്രേഷ്ഠം വൈദികകമ്മമാം മുറജപം മാത്താണ്ഡവമ്മാനൃപൻ
മുട്ടാതിങ്ങു നടത്തിവന്നു; മതിമാനാത്തമ്പുരാനല്ലയോ
കുട്ടിച്ചേർത്തു വളർത്തിവച്ചതു നമുക്കീരാജ്യമേവം വിധം? 117

"വെള്ളം" "വാട്ടർ" "ഉദാക്ക്" "തണ്ണി" "ജല"മെ-
ന്നിത്യാദിനാമങ്ങളാൽ
ചൊല്ലപ്പെട്ടതു വസ്തുവൊന്നു പലതായ്
ക്കൊള്ളട്ടെയാബ്ഭാഷകൾ
വല്ലായ്മയ്ക്കിടയെന്തു? സവ്വമതവും
വിശേശ്വരൻതന്നെയാ-
ണല്ലോ വാഴ്ത്തിവരുന്നു പേരു വിവിധം
ചൊല്ലുന്നുവെന്നാകിലും. 118

ഋഗ്വേദം വളരെപ്പുരാതനമതെന്നുണ്ടായതാണെന്നതിൽ
തക്കം വേണ്ട, വിശാലമാമതു ജഗന്നാഥസ്തവം കേവലം
നിഷ്കർഷിച്ചിതിലേ സ്വരത്തിലണുവും ഭേദം വരുത്താതെ ക
ണ്ടൊക്കെച്ചൊല്ലിയുരുക്കഴിച്ച വിരുതന്മാരുണ്ടു നമ്പൂരിമാർ. 119

വാണിജ്യം, കൃഷിവൃത്തി, കൈത്തൊഴിലിവയ്യൊന്നിന്നുമല്ലാ-ജനം
മാനിക്കുന്ന കനത്തശമ്പളമെഴും സക്കാർപണിക്കല്ലതാൻ
ക്ഷോണീദേവരതി പ്രയത്നമൊടുമീവേദം പഠിക്കുന്നത-
ത്യാനന്ദപ്രദമായിടുന്ന പ- രമജ്ഞാനത്തിനാധ്യാത്മികം. 120

ശീതോഷ്ണസ്ഥിതികൊണ്ടു ശീമയിലെയും യൂറോപ്പുദേശത്തെയും
രീതിയ്ക്കല്ല നമുക്കു ബുദ്ധിവികസിച്ചീടുന്നതെന്നോക്കണം
ഈദേശത്തൊരു ബാലകന്നു പതിനാറോളം വയസ്സിന്നകം
മേധാശക്തിവളുന്നപോ; മുരുവിടാമാക്കാലമേതുംസുഖം. 121

കയ്യിൽകൊണ്ടുനടന്നിടുന്നൊരു പിലാശിൻദണ്ഡു ദിവ്യൌഷധം
ചെയ്യും വൈദ്യുതതന്ത്രിതൊട്ട വിധമാമേധാവികാസംസ്വയം
നെയ്യും പാലുമൊഴിച്ചു പുഷ്ടികരമാമാഹാരമില്ലാതെയാ-
ച്ചയ്യാനിഷ്ഠയൊടും വടുക്കളുരുവിട്ടീടുന്നു വേദങ്ങളെ 122

ഈരാജ്യത്തു മട്ടത്ത കേരളധരാചക്രത്തിലും സാത്വികം-
ന്മാരായോത്തുപഠിച്ചുറച്ചമതിമാൻമാരായ നമ്പൂരിമാർ
ആറാറാണ്ടിനിടയ്ക്കു ശേഷനഗരെ വഞ്ചീന്ദ്രസൽകാരമേ-
റ്റാറോടമ്പതുവാസരം മുറജപംചെയ്യുന്നു പണ്ടേ മുതൽ. 123

കാലത്തിൻഗതികൊണ്ടു ഭൌതികസമുൽകർഷത്തിനായ്കേവലം
ശീലിയ്ക്കുന്ന മനുഷ്യനാത്മിക കഥാവൈമുഖ്യമുണ്ടായ്വരാം
ഈലോകസ്ഥിതിയേവമെങ്കിലുമനാവശ്യത്തിലൊന്നായ്പറ-
ഞ്ഞാലേ സങ്കടമുള്ളു വൈദികമഹൽകർമ്മങ്ങളേ നിന്ദ്യമായ്. 124

രാജ്യസ്ഥാപകനായ പൂർവ്വിക മഹാരാജാവിനാൽ നിശ്ചിതം
പൂജ്യന്മാർ ദ്വിജവര്യരൊത്തു മുറപോൽചെയ്യും ജപം വൈദികം
ത്യാജ്യംതന്നെയിതെന്നു വഞ്ചിവസുധാനാഥൻ വിചാരിക്കുകിൽ
പൂജ്യംപിന്നെവരുംഫലം;പലരുമാവേദം മറക്കും ക്രമാൽ. 125

വേദംഹിന്ദുമതദ്രുമത്തിനടെയാത്തായിത്തടി;സ്സ്വൈരമായ്
ജാതം തച്ഛിഖരങ്ങളായ പതിനെട്ടോളം പുരാണങ്ങളും
ഏതുംതാപമൊഴിച്ചിടുന്ന തിരുനാമം നല്ല വർണ്ണം ദലം
വാദക്കാററിനു ധർമ്മമൂലമിളകാ;മോക്ഷം തദീയം ഫലം. 126

എന്നാൽ ധർമ്മപരായണൻ സകലലോകാനന്ദദൻ മുന്നമേ
തന്നോ പൂർവ്വികരേർപ്പെടുത്തി മുറപോൽ ചെയ്യിച്ചിടും സൽക്രിയ
നന്നായിട്ടതിഭക്തിയോടിഹ നടത്തിക്കുന്നു വേദജ്ഞരാം
വന്ദ്യന്മാർ നിറയുന്നു വന്നു നൃപസൽകാരങ്ങളേററാദരാൽ. 127

അത്യന്തം സാത്വികന്മാരുടെ പരിചയവും വേദമന്ത്രസ്വരത്താൽ
പ്രത്യേകം ശുദ്ധമായീടിന പരിസരവുംകൊണ്ടു മുന്നേതിലേററം
ഭക്തിശ്രദ്ധാലുവായ് ചിത്തിരനൃപതിലകൻ, പത്മനാഭപ്രസാദാൽ
ദീർഘായുസ്സൈശ്വര്യസമ്പൽസുകൃതശുഭയശഃപൂർണ്ണനായ്വാണിടട്ടേ

ചിരായ മലയാളഭൂവലയ ചക്രവർത്തിക്കെഴും
പുരാതന മഹത്വവും നവനവം പരിഷ്കാരവും
സ്വരാജ്യഭരണത്തിലേഗ്ഘടകമാക്കിയുൽകൃഷ്ടനായ്
നരാധിപതിവാഴണം സുകൃതി ചൈത്ര നക്ഷത്രജൻ. 129

ആരാലും കീഴ്പ്പെടുത്തപ്പെട്ടുവതിന്നിടയാകാതെ പണ്ടേ പുരാണ-
ക്കാരാലും ഭൂരി വാഴ്ത്തപ്പെട്ടമമലമഹാ വഞ്ചിരാജേന്ദ്രവംശം
പേരാളും പാർത്ഥിവന്മാരവിരളമുളവായ് പത്മനാഭൻ ശയിപ്പാൻ
പേരാലിൻ പത്രമാകുന്നതുവരെ നിലനില്ക്കട്ടെ സൽകീർത്തിയോടേ.

ശുഭം.

57